
4-ാം പതിപ്പ്
SriM
The Journey Continues
ശ്രീ എം
ജന്മാന്തരയാത്രകൾ

# ജന്മാന്തരയാത്രകൾ

## ശ്രീ എം

ശ്രീ എം തിരുവനന്തപുരത്തു ജനിച്ചു. ഒമ്പതാംവയസ്സിൽ തന്റെ വസതിക്കരികിൽ പ്രത്യക്ഷനായ യോഗിയിൽ ആകൃഷ്ടനായും പത്തൊൻപതാം വയസ്സിൽ ഹിമാലയയാത്രയ്ക്കുള്ള വ്യഗ്രത പിടിച്ചുനിർത്താനാകാതെയും വീടു വിട്ടിറങ്ങി.

ബദരിനാഥക്ഷേത്രത്തിനപ്പുറമുള്ള വ്യാസഗുഹയിൽവച്ച് അദ്ദേഹം തന്റെ ഗുരുനാഥനെ കണ്ടെത്തി. മഞ്ഞുമൂടിയ ഹിമാലയൻ മലനിരകളിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചുകൊണ്ട് ഗുരുവിനോടൊപ്പം മൂന്നര വർഷം കഴിച്ചുകൂട്ടി. ഗുരുനാഥനായ മഹേശ്വർനാഥ് ബാബാജിയിൽനിന്നും പഠിച്ച പാഠങ്ങൾ അദ്ദേഹത്തിന്റെ ബോധമനസ്സിനെ പൂർണ്ണമായും മാറ്റിമറിച്ചു. തുടർന്ന് ഗുരുനാഥന്റെ നിർദ്ദേശാനുസരണം ഹിമാലയത്തിൽനിന്ന് സാധാരണ ജീവിതത്തിലേക്കു മടങ്ങി. ഇന്ന് അദ്ദേഹം ലോകം മുഴുവൻ സഞ്ചരിച്ച് തന്റെ അനുഭവവും അറിവും പങ്കുവയ്ക്കുന്നു.

"ഉൾക്കാമ്പറിയൂ, സിദ്ധാന്തങ്ങൾകൊണ്ട് പ്രയോജനമില്ല" എന്ന് പലപ്പോഴും പറയുന്ന ശ്രീ എം മിക്കവാറും എല്ലാ മതതത്ത്വങ്ങളിലും അവഗാഹമുള്ള ആളാണ്. വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമായ ശ്രീ എം, സത്സംഗ് ഫൗണ്ടേഷന് നേതൃത്വം നൽകുകയും അനേകരുടെ ആത്മീയ അന്വേഷണങ്ങളെ നേർവഴിക്ക് നയിക്കുകയും ചെയ്യുന്നു.
www.satsangfoundation.org, e-mail: ali.misterm@gmail.com

## ശ്രീ എമ്മിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഗുരുസമക്ഷം-ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ
ഹൃദയകമലത്തിലെ രത്നം-സനാതനധർമ്മത്തിന്റെ ശാശ്വതമൂല്യങ്ങൾ
ഋഷീശ്വരൻമാരുടെ ദിവ്യദർശനം
ജന്മാന്തരയാത്രകൾ

## മേഘാ സുധീർ

1982 ഡിസംബർ 21-ന് രാധാകൃഷ്ണൻ നായർ-രാജി ദമ്പതികളുടെ മകളായി ചെങ്ങന്നൂരിൽ ജനിച്ചു. ഇംഗ്ലിഷ് സാഹിത്യത്തിൽ ബിരുദവും ജേർണലിസത്തിൽ ബിരുദാനന്തര ഡിപ്ലോമയും നേടി. ഭാരതീയ ക്ലാസ്സിക്കൽ നൃത്തരൂപങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നു. ഡിസൈനറും ആഡ് ഫിലിം മേക്കറുമായ സുധീറാണ് ഭർത്താവ്. ഡി സി ബുക്സ് പ്രസിദ്ധീകരിച്ച രവീന്ദ്രനാഥ ടാഗോറിന്റെ *യോഗായോഗ്, ഉദ്യാനം*, ജമീൽ അഹ്മദിന്റെ *The Wandering Falcon (അലയും പരുന്ത്)* എന്നിവയുടെ പരിഭാഷകൾ നിർവ്വഹിച്ചു.

ശ്രീ എം

# ജന്മാന്തരയാത്രകൾ

## ഗുരുസമക്ഷത്തിനൊരു തുടർച്ച

വിവർത്തനം
മേഘാ സുധീർ

Malayalam Language

Original English Title
The Journey Continues

Self help
*by* Sri M.

Malayalam Title
Janmānthara Yāthrakal
*Translated by* Megha Sudheer

Rights Reserved
First Published April 2019
This edition - April 2020

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
Customercare: customercare@dcbooks.com, 9846133336

Distributors
D C Books-Current Books
INDIA


D C Books Library Cataloguing in Publication Data
Sri M.
Janmanthara yathrakal / Sri. M;
Malayalam translation / Megha Sudheer.
208 p., 21cm.
ISBN 978-93-5282-576-9.
Malayalam translation of 'The journey Continues'.
1. Self help. 2. Malayalam translation. I. Title. II. Title - English. III. Megha Sudheer.
158.1-dc 22.
No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-93-5282-576-9.


Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

19/20-21-Sl.No. 20259-dcb 7135-(4) 2000-4957-04-20-aahb 16-p st-r(t) sh-d(t) ra



എന്റെ പരമഗുരു ശ്രീ ഗുരു ബാബാജി



എന്റെ ഗുരു ശ്രീ മഹേശ്വർ നാഥ് ബാബാജി




ശ്രീ സദാശിവ ബ്രഹ്മേന്ദ്ര



ശ്രീ രാമകൃഷ്ണ പരമഹംസ



സ്വാമി നിത്യാനന്ദ



സ്വാമി സച്ചിദാനന്ദ

## ഉള്ളടക്കം


മറ്റൊരു യാത്ര തുടങ്ങുന്നു ............................................................ 13

ബാബാജിയും ഒരു അസാധാരണ ഫോട്ടോസെഷനും ........15

ഗണേശ്പുരിയിലെ നിത്യാനന്ദയും
ആ കനത്ത പ്രഹരവും ..........................................................24

അദ്ദേഹത്തിന് കാട്ടാനകളെയും ഇഷ്ടമായിരുന്നു...............30

മഹാസ്വപ്നം ...........................................................................36

എന്റെ ഗുരുവായൂരപ്പദർശനം ........................................... 41

വിദൂരഭൂതകാലത്തിലേക്കൊരു യാത്ര ..................................49

സ്വാമി സച്ചിദാനന്ദ: എളിമയുടെയും ...................................56

പരിത്യാഗത്തിന്റെയും ഉത്കൃഷ്ട മാതൃക

വായുവിലൂടെയുള്ള സഞ്ചാരം .............................................62

ശരീരം വിട്ടുള്ള സഞ്ചാരത്തിന്റെ ചില ലഘുവിദ്യകൾ...........68

സ്വതന്ത്രസഞ്ചാരം: എന്റെ ദേഹരഹിത
യാത്രാനുഭവങ്ങൾ.....................................................................72

ശ്രീഗുരുബാബാജിയുമായുള്ള എന്റെ
കൂടിക്കാഴ്ച: ജയ്സാൽമീർ ബന്ധം...........................................79

ഒരു അജ്ഞാത യോഗി .............................................................84

തന്ത്രയുടെ വിവിധവശങ്ങൾ .......................................................92

ബാബാജിയുമായുള്ള സംഭാഷണങ്ങൾ–1..................................97

ബാബാജിയുമായുള്ള സംഭാഷണങ്ങൾ 2 ............................. 107

മഹാനായ അവധൂതൻ സദാശിവ ബ്രഹ്മേന്ദ്ര......................... 116

രുദ്രപ്രയാഗിലെ കുടീരം ........................................ 123
ദത്താത്രേയൻ: അവധൂതന്മാരുടെ ദേവൻ ........................................ 131
ബുദ്ധനുമായുള്ള സമാഗമം ........................................ 137
സന്ന്യാസിയാകുവാനുള്ള എന്റെ പരിശ്രമം ........................................ 143
ബാബാജിയുമായുള്ള സംഭാഷണങ്ങൾ-3 ........................................ 146
മനസ്സും മറ്റു വിഷയങ്ങളും ........................................ 150
ശ്രീരാമകൃഷ്ണന്റെ കാരുണ്യം ........................................ 166
യോഗ: ദർശനവും പരിശീലനവും ........................................ 174

*ഉപസംഹാരം ........................................ 179*
*അനുബന്ധം ........................................ 185*

നിത്യപ്രയാണം

# മറ്റൊരു യാത്ര തുടങ്ങുന്നു

എന്റെ 'ഗുരുസമക്ഷം ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ' എന്ന പുസ്തകം, 'ഇനി നമുക്ക് യാത്ര തുടങ്ങാം' എന്ന തലക്കെട്ടോടുകൂടി യാണ് ആരംഭിക്കുന്നത്. എന്നാൽ പുസ്തകം അവസാനിക്കുന്നത് 'യാത്ര തുടരുന്നു' എന്ന തലക്കെട്ടോടുകൂടിയാണ്.

അപ്രകാരം നമ്മൾ ഒരുമിച്ച് ജന്മാന്തരങ്ങളിലൂടെ മറ്റൊരു യാത്ര തുടങ്ങുകയാണ്. തീർത്തും അസാധാരണവും അവിശ്വസനീയവും അത്യപൂർവ്വവുമായ ഒരു യാത്ര.

നിങ്ങൾക്ക് ഇതിനെ ഒരു കെട്ടുകഥയെന്നോ, അസാധാരണവും ആശയസമൃദ്ധവുമായ സങ്കൽപ്പമെന്നോ, പച്ചക്കള്ളമെന്നോ മുഴുഭ്രാന്ത് എന്നോ വിളിക്കാം. നിങ്ങളുടെ ധാരണ എന്തായാലും അത് അങ്ങനെ ത്തന്നെ ഇരിക്കട്ടെ, പക്ഷേ, നിങ്ങൾക്ക് ഈ യാത്ര ഇഷ്ടമാകുന്നെങ്കിൽ, ഏതെങ്കിലുംതരത്തിൽ നിങ്ങളുടെ മനസ്സിനെ പ്രചോദിപ്പിക്കുന്നുവെങ്കിൽ, അഥവാ നിങ്ങളുടെ കേവലയുക്തിക്കപ്പുറമുള്ള അവബോധത്തിലേക്ക് ഉയരാൻ പ്രാപ്തിനൽകുന്ന ഒരു ചിന്തയ്ക്ക് തുടക്കമിടുമെങ്കിൽ ഞാൻ കൃതാർത്ഥനായി. സത്യം പലപ്പോഴും കല്പിതകഥകളുടെ ഭാവനാത്മ കതയ്ക്കുമപ്പുറത്തായിരിക്കുമെന്നാണ് അനുഭവം. ഈ ലോകമെന്നത് വെറും തോന്നലാണെന്നും ഒക്കെയും മനസ്സിന്റെ വെറും നിർമ്മിതി മാത്രമാണെന്നും ചില യോഗിവര്യന്മാർ പറഞ്ഞുവെച്ചിട്ടുള്ളത് ഈ അവ സരത്തിൽ ഓർക്കുന്നത് നന്നായിരിക്കും. ഇതിലെ ഓരോ അദ്ധ്യായവും വേറിട്ടതും സ്വതന്ത്രവായനയ്ക്ക് പ്രേരിപ്പിക്കുന്നതുമാണ്. അതിനാൽ സംഭവങ്ങളുടെ കാലക്രമം ഇവിടെ ഒട്ടും പ്രസക്തമല്ല. അതുകൊണ്ട്, പ്രിയവായനക്കാരാ, നമുക്കൊരുമിച്ച് ജന്മാന്തരങ്ങളിലൂടെ യാത്ര തുടങ്ങാം.

ശ്രീ എം.

# ബാബാജിയും ഒരു അസാധാരണ ഫോട്ടോസെഷനും

എന്റെ ഗുരു മഹേശ്വർനാഥ് ബാബാജി ഒരു സാധാരണ മനുഷ്യനായിരുന്നില്ല. ഒരു ശരാശരി മനുഷ്യന് മനസ്സിലാക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ശക്തിവിശേഷങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. എന്റെ ഇരുപതര വയസ്സിൽ, ഹിമാലയത്തിലൂടെ അദ്ദേഹത്തിനൊപ്പം അലഞ്ഞു നടന്ന ആദ്യത്തെ ഒരു വർഷക്കാലംകൊണ്ട് ഞാനതു തിരിച്ചറിഞ്ഞതാണ്. കൂടുതൽ അടുത്തുനിന്ന് കാണുംതോറും മനുഷ്യാകാരം പൂണ്ട ആ 'നിഗൂഢസമസ്യ'യുടെ അതിമാനുഷശക്തിയെയും ജ്ഞാനത്തെയും കുറിച്ച് ഞാൻ കൂടുതൽ കൂടുതൽ വിസ്മയം പൂണ്ടു. ഞാൻ ചോദിച്ചപ്പോഴൊക്കെ, ഒരേ ഉത്തരമാണതിന് അദ്ദേഹം പറഞ്ഞത്: "മഹാത്ഭുതങ്ങളായി ഒന്നുംതന്നെയില്ല. പ്രകൃതിനിയമങ്ങൾ പലതും മനുഷ്യർക്ക് ഇപ്പോഴും അജ്ഞാതമാണ്. ഈ നിയമങ്ങൾ തിരിച്ചറിയുന്നവർ ചിലതു ചെയ്യുമ്പോൾ, അതേക്കുറിച്ച് അറിവില്ലാത്തവർ മഹാത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണെന്ന് ചിന്തിക്കും."

അത്തരമൊരു സംഭവം ഇപ്പോൾ ഞാൻ ഓർക്കുകയാണ്. അതിനുശേഷമുണ്ടായ വളരെ പ്രസക്തമായ സംഭാഷണവും ഞാൻ ഇവിടെ കുറിക്കുന്നു.

ഒരു വർഷത്തിലധികമായി ഞാൻ ബാബാജിയോടൊപ്പം കഴിയാനാരംഭിച്ചിട്ട്. ഞങ്ങൾ അക്കാലത്ത് ഋഷികേശിൽ ഗംഗയുടെ അങ്ങേക്കരയിൽ, ഏകാന്തമായൊരു ഗുഹയ്ക്കുള്ളിലായിരുന്നു കഴിഞ്ഞിരുന്നത്. ഇപ്പോഴത്തെ രാംഝൂലയിലൂടെ ഗംഗാനദി കടന്നശേഷം ഇടത്തേക്കു തിരിഞ്ഞാൽ ലക്ഷ്മൺ ഝൂലയിലെത്താം. വലത്തേക്കു തിരിഞ്ഞ് ഗീതാഭവനും പരമാർത്ഥ് നികേതനും കടന്ന് ബസാറിനെയും പിന്നിലാക്കി വീണ്ടും മുന്നോട്ടു നടക്കുമ്പോൾ ഇടതുഭാഗത്ത് മരങ്ങൾ തിങ്ങിനിറഞ്ഞ ഒരു പ്രദേശത്ത് എത്തിച്ചേരും. ഇത് വനപ്രദേശമാണ്. അതുവഴി മുന്നോട്ടു പോയാൽ മൗനിബാബയുടെ ഗുഹയുടെയും നീലകണ്ഠ മഹാദേവക്ഷേത്രത്തിന്റെയുമൊക്കെ അടുത്തെത്താം. വലതു വശത്ത്, ഗംഗയുടെ കരയിൽ രണ്ടു ഗുഹകൾകൂടി കാണാം.

അക്കാലത്ത് അവിടത്തെ ആശ്രമങ്ങളെല്ലാം തീരെ ചെറുതായിരുന്നു. തെരുവുകളൊന്നും ഇന്നത്തെയത്ര മലിനവും ശബ്ദായമാനവുമായിരുന്നില്ല. കടകളുടെ എണ്ണവും തീരെ കുറവായിരുന്നു. ബീറ്റിൽസിന്റെ വരവോടെയാണ് ഇവയെല്ലാം മാറിയത്. അവർക്കു ധ്യാനിക്കാനായാണ് മഹർഷി മഹേഷ് യോഗി ശീതീകരിച്ച ഗുഹകൾ നിർമ്മിച്ചത്. അങ്ങനെ, വിനോദയാത്രികർക്ക് വാരാന്ത്യം ചെലവഴിക്കുവാനുള്ള സഞ്ചാരകേന്ദ്രമായി ഋഷികേശ് മാറി. അതോടെ ഉപഭോക്തൃസംസ്കാരത്തിന്റെ കടന്നുകയറ്റം ഉണ്ടാവുകയും വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കളാൽ നിറയുകയും ചെയ്തു, ആ ദേവഭൂമി. അന്നൊക്കെ ബദരിയിലും കേദാറിലും ഗംഗോത്രിയിലും യമുനോത്രിയിലും തീർത്ഥാടനകാലത്തുപോലും സാധുസന്ന്യാസിമാർക്ക് ഏകാന്തധ്യാനത്തിനുള്ള ഇടങ്ങൾ കണ്ടെത്താൻ തെല്ലും പ്രയാസമുണ്ടായിരുന്നില്ല.

ഗംഗാനദിക്കരയിൽനിന്ന് അല്പം അകലെയായിട്ടായിരുന്നു ഞാൻ നേരത്തെ പറഞ്ഞ ഗുഹകൾ. വളരെ ഗൗരവമായി ആത്മാന്വേഷണം നടത്തുന്ന ഏതൊരാൾക്കും അനുയോജ്യമായിരുന്നു അവിടം. ഇപ്പോഴും അവിടെ നിങ്ങൾക്കത് കാണാൻ കഴിയും. ഈ അടുത്തകാലത്ത്, ഞാൻ അവിടെ പോയപ്പോൾ, അതിലൊരെണ്ണം വെളുത്ത കുമ്മായം പൂശിയും പച്ചലോഹവാതിലാൽ പൂട്ടിയും കാണപ്പെട്ടു. വികലാംഗനായ ഒരു പഴയ പട്ടാളക്കാരനെ ഞാൻ അവിടെ കണ്ടു. ജീവിതം ആകെ മടുത്തുവെന്നാണ് അദ്ദേഹം വളരെ വിഷമത്തോടെ എന്നോടു പറഞ്ഞത്.

ആ ഗുഹയിലായിരുന്നു ഞാനും ബാബാജിയും ഇടയ്ക്കിടെ താമസിച്ചിരുന്നത്. സായാഹ്നങ്ങളിൽ നദിയുടെ അങ്ങേക്കരയിലേക്ക് വള്ളത്തിൽ പോകുന്നത് ഞങ്ങളുടെ പതിവായിരുന്നു. ഡിവൈൻ ലൈഫ് സൊസൈറ്റിയിലെ സ്വാമി ശിവാനന്ദയുടെ കുടീരത്തിനരികെയുള്ള ഘാട്ടിൽ ഇരുന്ന് പുണ്യനദിക്കരയിലെ പതിവുള്ള ആരതി ആരംഭിക്കുന്ന സമയംവരെ വിവിധ വിഷയങ്ങൾ ഞങ്ങൾ സംസാരിച്ചിരുന്നു.

ബാബാജിക്ക് ഫോട്ടോ എടുക്കുന്നതിനോട് വൈമുഖ്യമുണ്ടായിരുന്നു. ഞാനൊരു ചിത്രകാരനാണെന്ന് അറിയാവുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഛായാചിത്രം വരയ്ക്കുന്നതിൽനിന്നും അദ്ദേഹമെന്നെ വിലക്കിയിരുന്നു. വിലക്കു നിലനില്ക്കെത്തന്നെ, എതിർക്കുവാനുള്ള സ്വാഭാവിക പ്രകൃതം എനിക്കുള്ളതിനാൽ അദ്ദേഹത്തിന് വേണമെന്നില്ലെങ്കിലും എങ്ങനെയെങ്കിലും അദ്ദേഹത്തിന്റെ ഫോട്ടോ എടുക്കണമെന്ന് ഞാൻ തീരുമാനിച്ചു.

അദ്ദേഹത്തിന് ആഗ്രഹം ഇല്ലാത്ത ഒരു കാര്യം എത്ര ശ്രമിച്ചാലും നടത്തിയെടുക്കാൻ മറ്റാർക്കും കഴിയില്ല എന്ന് പൂർണ്ണബോധ്യമില്ലായിരുന്നു അന്ന് എനിക്ക്. എന്റെ അജ്ഞതയും വിഡ്ഢിത്തവും കാരണം ഞാൻ അതിന് ശ്രമിച്ചു എന്നതാണ് സത്യം. പക്ഷേ, ഫോട്ടോ എടുക്കണം എന്ന നല്ല ഉദ്ദേശ്യമാണ് അതിനു പിന്നിൽ ഉണ്ടായിരുന്നത്.

അതിനായി ഡെറാഡൂൺകാരനും ഗഢ്വാളിഭാഷ സംസാരിക്കുന്നവനുമായ പ്രശാന്ത് റാവത്ത് എന്ന ഒരു യുവഫോട്ടോഗ്രാഫറുമായി

ഞാൻ സൗഹൃദം സ്ഥാപിച്ചു. ദിവസവും വൈകുന്നേരം, ഞാനും ബാബാജിയും ധ്യാനിച്ചും സംസാരിച്ചുമൊക്കെ ഇരിക്കാറുള്ള ശിവാനന്ദ ഘാട്ടിലേക്ക് അജ്ഞാതനായ ഒരു സഞ്ചാരിയെപ്പോലെ എത്തി, യാദൃച്ഛികമായി ബാബായുടെ ഫോട്ടോ എടുത്തു പെട്ടെന്ന് അപ്രത്യക്ഷനാകണം എന്നതായിരുന്നു ഞങ്ങളുടെ പദ്ധതി. അതിനായി ഒരു ദിവസവും പറഞ്ഞുറപ്പിച്ചു. താനിപ്പോൾ ഡെറാഡൂണിലേക്കു പോവുകയാണെന്നു നിശ്ചിതദിവസം ഋഷികേശിൽ മടങ്ങിയെത്തി വേണ്ടപോലെ ചെയ്യാമെന്നും ഫോട്ടോഗ്രാഫർ വാക്കുതന്നു. എന്നെപ്പോലെതന്നെ ബാബാജിയുടെ ഫോട്ടോ എടുക്കുവാൻ ആകാംക്ഷാഭരിതനായിരുന്ന അയാൾ അതൊരു വെല്ലുവിളിയായി ഏറ്റെടുക്കുകയായിരുന്നു.

പറഞ്ഞുറപ്പിച്ച ദിവസം വൈകുന്നേരം എന്റെ ഒരേയൊരു പേടി ബാബാജി സായാഹ്നനടത്തം ഉപേക്ഷിക്കുമോ എന്നതു മാത്രമായിരുന്നു. പക്ഷേ, അങ്ങനെയൊന്നും സംഭവിച്ചില്ല: "മധു, നമുക്ക് അങ്ങേക്കരയിൽ പോയി ശിവാനന്ദഘാട്ടിലെ പടിക്കെട്ടിൽ ഇരിക്കാം, നിന്റെ ഇഷ്ട സ്ഥലമല്ലേ." അങ്ങനെ ഞങ്ങൾ ശിവാനന്ദഘാട്ടിന്റെ പടവുകളിൽ ഇരിപ്പുറപ്പിച്ചു. അവിടെയിരുന്ന് ബാബാജി എന്നോട് പഴയ ഋഷികേശിനെക്കുറിച്ച് പറഞ്ഞു. സ്വർഗ്ഗാശ്രമമല്ലാതെ മറ്റുവലിയ ആശ്രമങ്ങളൊന്നുമില്ലാതിരുന്ന പഴയ കാലം അദ്ദേഹം ആ സംഭാഷണത്തിൽ സ്മരിച്ചു.

"അന്ന് സ്വാമി ശിവാനന്ദ ഡിവൈൻ ലൈഫ് സൊസൈറ്റി സ്ഥാപിച്ചിരുന്നില്ല. മറുകരയിൽ സ്വർഗ്ഗാശ്രമത്തിന്റെ അധീനതയിലുള്ള പ്രദേശത്ത് ചെറിയൊരു കുടീരത്തിലാണ് അദ്ദേഹം കഴിഞ്ഞിരുന്നത്. അസുഖബാധിതരായ സന്ന്യാസിമാരെ ചികിത്സിച്ചിരുന്നതുകൊണ്ട് ആളുകൾ അദ്ദേഹത്തെ 'ഡോക്ടർ സ്വാമി' എന്നാണു വിളിച്ചിരുന്നത്."

ഞാൻ ലക്ഷ്മൺ ഝൂലയെക്കുറിച്ചും പുരാണി ഝാദിയെക്കുറിച്ചും ഏതാനും ചോദ്യങ്ങൾ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം അതിന് ഉത്തരം നൽകുകയും ചെയ്തു. പിന്നീട് ഞങ്ങളുടെ ചർച്ച, സാധനയെ സംബന്ധിച്ച ചില വ്യക്തിപരവിഷയങ്ങളെക്കുറിച്ചായി. ഇതിനിടെ ഫോട്ടോഗ്രാഫർ റാവത്തിന്റെ ഒരു വിവരവും ഇല്ലാതായപ്പോൾ ഞാൻ അല്പം അസ്വസ്ഥനായി. ഒരു മണിക്കൂർ കഴിഞ്ഞിട്ടും റാവത്ത് വരുന്നതിന്റെ ഒരു ലക്ഷണവും കണ്ടില്ല. അവസാനം ബാബാജി അർത്ഥഗർഭമായി നോക്കിയിട്ട് എന്നോടു പറഞ്ഞു, "മധു, നീ വല്ലാതെ പരിഭ്രമിക്കുകയും അസ്വസ്ഥനാവുകയും ചെയ്യേണ്ട ഒരു കാര്യവുമില്ല. നിന്റെ ആ ഫോട്ടോഗ്രാഫർ വരില്ല." ഞാൻ ഞെട്ടിപ്പോയി.

"ബാബാജി, ഞാൻ... ബാബാജി, എന്നോടു ക്ഷമിക്കൂ. ഇനി ഞാൻ ഒരിക്കലും ഇതുപോലൊരു തെറ്റുചെയ്യില്ല. ഞാൻ ആലോചിക്കാൻ തുടങ്ങുംമുമ്പേ അതെന്താണെന്ന് അങ്ങറിയും. എന്നോടു ക്ഷമിച്ചാലും... ഞാൻ..." ഞാൻ പൊട്ടിക്കരഞ്ഞുകൊണ്ടാണിത് പറഞ്ഞത്.

പെട്ടെന്ന് ബാബാജി എന്നെ പുറത്തുതട്ടി ആശ്വസിപ്പിച്ചു. "പോട്ടെ സാരമില്ല," അദ്ദേഹം തുടർന്നു: "ആത്മനിയന്ത്രണം പാലിക്കൂ. വലിയൊരു അപരാധമൊന്നുമല്ല നീ ചെയ്തത്. ഏതായാലും വളരെ നല്ലൊരു പാഠം പഠിക്കുവാൻ കഴിഞ്ഞല്ലോ."

"വരൂ, കൂടുതൽ ഇരുട്ടുന്നതിനുമുമ്പ് നമുക്കു മടങ്ങാം."

അധികം വൈകാതെ, ഗംഗയ്ക്ക് അഭിമുഖമായിരിക്കുന്ന ഗുഹയ്ക്കു മുന്നിലെത്തി ഞങ്ങൾ. അപ്പോൾ ആകാശത്തിന്, സുന്ദരമായ പീച്ച് നിറമായിരുന്നു. "ഇനി നീ ആലോചിച്ചുനോക്കൂ, നിന്റെ ആ ഫോട്ടോ ഗ്രാഫർക്ക് എന്റെ സമ്മതമില്ലാതെ എന്റെ ഫോട്ടോയെടുക്കുവാൻ കഴിയുമായിരുന്നുവെന്ന് നീ കരുതുന്നുണ്ടോ? അയാൾക്ക് അത് എടു ക്കുവാൻ പറ്റാത്ത കാരണം ഞാൻതന്നെ പറഞ്ഞുതരാം. നീ എന്റെ മുഖത്തേക്കു നോക്കൂ."

ഒഴുകുന്ന ഗംഗാജലത്തിൽനിന്നും നോട്ടം പിൻവലിച്ച് ഞാൻ അദ്ദേഹത്തെ നോക്കി.

"ഓ!" എന്റെ ആശ്ചര്യം ശബ്ദരൂപത്തിൽ പുറത്തുവന്നു. ബാബാജി യുടെ ശരീരം നിന്നിരുന്ന സ്ഥലത്ത്, ചാരനിറമാർന്നതും സുതാര്യവുമായ ഒരു നിഴൽ മാത്രമായിരുന്നു എന്റെ മുന്നിലുണ്ടായിരുന്നത്. പൊടു ന്നനേ ബാബാജിയുടെ ആ നിഴൽരൂപം എന്നോടു ഇങ്ങനെ പറഞ്ഞു:

"നീ എങ്ങനെയാണ് ഒരു വസ്തുവിനെ കാണുന്നത്? ഒരു വസ്തുവിൽ പ്രകാശം പതിക്കുകയും അതിൽനിന്നും പ്രതിഫലിക്കുന്ന കിരണങ്ങൾ നേത്രഗോളങ്ങളിൽ വന്നുവീഴുകയും ചെയ്യുന്നു. തത്ഫലമായി പ്രതി ബിംബങ്ങൾ ഉണ്ടാകുന്നു. ഇതുതന്നെയാണ് ക്യാമറയുടെ കാര്യത്തിലും സംഭവിക്കുന്നത്. ക്യാമറയുടെ ലെൻസിൽ പ്രകാശം പതിക്കുകയും ഫിലിമിൽ പ്രതിബിംബം ഉണ്ടാവുകയും ചെയ്യുന്നു."

"ഇനി പറയൂ, പ്രകാശകിരണങ്ങളെ പ്രതിഫലിക്കുന്നതിൽനിന്നും തടയുകയും മറിച്ച് ശരീരം അവയെ മുഴുവനായി ആഗിരണം ചെയ്യുകയും ചെയ്താൽ എന്താണു സംഭവിക്കുക? പരംപൊരുളിന്റെ നിതാന്ത നിശ്ച ലതയിൽ വിലയം പ്രാപിച്ച ഒരു പ്രബലമനസ്സിന്, തന്റെ ബോധത്തിന്റെ ഉൾക്കാമ്പുകൊണ്ട് പ്രകാശകിരണങ്ങളെ നിയന്ത്രിക്കുവാനും ആഗിരണം ചെയ്യുവാനും അവയുടെ പ്രതിഫലനത്തിന് തടയിടാനും കഴിയും. അപ്പോൾ, നമുക്കു പരിചിതമായ ശരീരത്തിനുപകരം ചാരനിറമാർന്ന ഒരു സുതാര്യ നിഴൽ മാത്രമേ കാണാൻ കഴിയൂ. വെളിച്ചം തീരെയില്ലാത്ത ഇടമാണെങ്കിൽ, നിഴൽരൂപമായിപ്പോലും നമുക്കതിനെ കാണാൻ കഴിയുകയില്ല."

"അതാണിപ്പോൾ ഞാൻ ചെയ്യുന്നത്. പ്രതിഫലിക്കുന്നതിൽനിന്നും പ്രകാശത്തെ തടയുന്നു. ഞാൻ വിചാരിച്ചില്ലെങ്കിൽ ക്യാമറയിൽ എന്റെ പ്രതിബിംബം പതിയില്ലായിരുന്നു."

"ബാബാജി, അങ്ങു പറഞ്ഞത് എനിക്കു മനസ്സിലായി. ഞാൻ കാണാനിഷ്ടപ്പെടുന്ന ആകാരത്തിലേക്ക് അങ്ങ് ദയവായി പ്രത്യക്ഷനായാലും." ഞാൻ അപേക്ഷിച്ചു.

ഞൊടിയിടകൊണ്ട് അദ്ദേഹം സാധാരണരൂപത്തിലേക്ക് മടങ്ങിയെത്തി.

"ഇങ്ങനെയാണോ യോഗികൾ അപ്രത്യക്ഷരാകുന്നത്?" ഞാൻ ചോദിച്ചു.

"മിക്കവാറും." ബാബാജി തുടർന്നു: "എന്നാൽ, ശരീരത്തിന്റെ മൗലികഘടകങ്ങളെ ഭിന്നിപ്പിച്ച്, താത്കാലികമായി ശിഥിലമാക്കുന്ന മറ്റൊരു മാർഗ്ഗവുമുണ്ട്. പക്ഷേ, പരമോന്നതിയിലെത്തിയ യോഗികൾക്കു മാത്രമേ അതു സാദ്ധ്യമാവുകയുള്ളൂ."

"ബാബാജി ദയവുചെയ്ത് വിശദമായി പറയാമോ?"

"സചേതനവും അചേതനവുമായ വസ്തുക്കളുടെ മൗലികഘടകങ്ങൾക്ക് ക്വാർക്കുകൾ എന്നാണ് പേര്. ന്യൂട്ടോണിയൻ ഭൗതികശാസ്ത്രസിദ്ധാന്തങ്ങളെ അട്ടിമറിച്ച ക്വാണ്ടം ഭൗതികം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രഹേളിക പദാർത്ഥരൂപീകരണത്തിന്റെ മൗലികഘടകങ്ങൾ കണികകളാണോ തരംഗങ്ങളാണോ എന്ന് ഉറപ്പിച്ചുപറയുവാൻ കഴിയുന്നില്ല എന്നതാണ്."

"വിചിത്രമെന്നല്ലാതെ എന്തു പറയാൻ? സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവ കണികകളിൽനിന്നും തരംഗരൂപത്തിലേക്കും തിരിച്ചും പരിവർത്തിക്കപ്പെടാറുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. കണികകളുടെ സ്വഭാവം പുലർത്തുന്നവയെ നിരീക്ഷിച്ചാൽ, അവ പൊടുന്നനേ തരംഗസ്വഭാവം കാണിച്ചുതുടങ്ങുന്നതായും കാണാറുണ്ട്. ചില ഭൗതികശാസ്ത്രജ്ഞർ മുന്നോട്ടുവയ്ക്കുന്ന സിദ്ധാന്തപ്രകാരം മൗലികഘടകങ്ങളുടെ സ്വഭാവം നിരീക്ഷകന്റെ നിരീക്ഷണത്തെ ആശ്രയിച്ചിരിക്കുമെന്നാണ്."

"ഏതായാലും ബോധമാണ് അസ്തിത്വത്തിന്റെ ആധാരമെന്ന് മഹർഷിമാർ പറയുന്നു. അത്യഗാധതലത്തിൽ, അതിന് കണികകളെ തരംഗങ്ങളാക്കുവാനും തരംഗങ്ങളെ കണികകളാക്കുവാനുമുള്ള ശേഷിയുണ്ട്. വജ്രായന ബുദ്ധമതക്കാർ ശൂന്യമായ മനസ്സ് എന്ന് വിശേഷിപ്പിക്കുന്ന അതീവ ശാന്തമായ മനസ്സിന് അസ്തിത്വത്തിന്റെ അകക്കാമ്പുമായി സമന്വയിച്ച് ഏകതാളമായി മാറാൻ കഴിയും. ആ നിലയിലെത്തിച്ചേർന്ന ഒരു യോഗിക്ക് തന്റെ ശരീരത്തെ ഗ്രഹണശക്തിയുടെ അവയവങ്ങളായ കണ്ണുകളിൽനിന്നും മറ്റും അദൃശ്യമാക്കുവാനും ശരീരകണികകളെ തരംഗരൂപത്തിലേക്ക് രൂപാന്തരപ്പെടുത്തുവാനും കഴിയും. വിവിധസ്ഥാനങ്ങളിലേക്ക് സഞ്ചരിക്കുവാനും യോഗിക്കു സാദ്ധ്യമാണ്."

"പക്ഷേ, അതത്ര എളുപ്പമുള്ള കാര്യമല്ല. അത്തരം ഏകീകരണ-ശിഥിലീകരണ പ്രക്രിയകൾ ചെയ്യുവാൻ ശ്രീ ഗുരുബാബാജിയെപ്പോലുള്ള മഹാത്മാക്കൾക്കു മാത്രമേ കഴിയുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, ശരീരത്തെ, അതിന്റെ മൗലികഘടകങ്ങളായി വേർതിരിച്ച് ശിഥിലീകരിക്കുകയും തിരിച്ച് ശരീരാകാരത്തിലേക്ക് പുനസ്സംഗമിപ്പിക്കുകയും ചെയ്യുന്ന

പ്രവൃത്തിയാണത്. ജാലവിദ്യക്കാർ വേദിയിൽ ചെയ്യുന്ന വെറും കൺ കെട്ടു വിദ്യയല്ലത്."

"ബാബാജി, എനിക്കും അതു പഠിക്കാൻ ഇപ്പോൾ കഴിയുമോ?" ബാബാജി ചിരിച്ചു.

"മകനേ, നിനക്ക് ഇനിയും ഒരുപാടുദൂരം പോകാനുണ്ട്. ഇപ്പോൾ നിന്റെ ക്രിയ എന്താണോ അതു ചെയ്യൂ. എന്നിട്ട് കുറച്ചു നേരം ധ്യാനിക്കൂ."

ഞങ്ങൾ മഹാനദിക്കഭിമുഖമായിരുന്ന് ദീർഘനേരം ധ്യാനിച്ചു. ചുറ്റും ഇരുൾ പരക്കുന്നതുവരെ. ആഴത്തിൽ ധ്യാനിച്ച ഞങ്ങൾ പക്ഷേ, അന്തർ ദൃഷ്ടിയുടെ വെളിച്ചത്താൽ സ്വയം പ്രകാശിക്കുകയും പരമാനന്ദമനുഭവി ക്കുകയും ചെയ്തു.

രണ്ടു ദിവസങ്ങൾക്കുശേഷം, എന്താണു സംഭവിച്ചതെന്നറിയാനായി ഞാൻ എന്റെ ഫോട്ടോഗ്രാഫർ സുഹൃത്തിനെ തേടിപ്പോയി. ലക്ഷ്മൺ ഝൂലയിൽവച്ചു കണ്ടപ്പോൾ റാവത്ത് എന്നോട് ഇങ്ങനെ പറഞ്ഞു:

"നിന്റെ ഗുരു എന്റെ വരവ് തടഞ്ഞതായാണ് എനിക്കു തോന്നുന്നത്. ഞാൻ കൃത്യസമയത്തുതന്നെ ഡെറാഡൂണിൽനിന്നും പുറപ്പെട്ടതാണ്. പക്ഷേ, പകുതിവഴി എത്തിയപ്പോൾ ബസ്സിന്റെ മുമ്പിലത്തെ ടയർ പഞ്ചറായി. മറ്റൊരു ബസ്സ് കാത്തു ഞാൻ നിന്നു. അരമണിക്കൂറിനുശേഷം രണ്ടാമത്തെ ബസ്സിൽ കയറിയപ്പോൾ അസഹ്യമായ ഒരു ശബ്ദം. ക്ലച്ചിനോ ഗിയറിനോ എന്തോ തകരാർ ഉള്ളതുകൊണ്ട് യാത്ര നിർ ത്തേണ്ടിവരുമെന്ന് ഡ്രൈവർ പറയുകയും ചെയ്തു."

"സമയം ഒരുപാട് വൈകിയെങ്കിലും ഋഷികേശിലേക്കു പോകുന്ന ഒരു ടാക്സി ഡ്രൈവറെ ഒരു വിധത്തിൽ അനുനയിപ്പിച്ച് എന്നെക്കൂടി കൊണ്ടുപോകണമെന്നു പറഞ്ഞു സമ്മതിപ്പിച്ചു. പറഞ്ഞാൽ നീ വിശ്വസി ക്കുമോ? ആ ടാക്സിയുടെ പിന്നിലെ ടയർ പഞ്ചറായി. അപ്പോഴേക്കും നല്ല ഇരുട്ടായിക്കഴിഞ്ഞിരുന്നു. യാത്ര ഉപേക്ഷിച്ച് തിരിച്ച് ഡെറാഡൂണിലേക്കു മടങ്ങുവാൻ ഞാൻ തീരുമാനിച്ചു. പിറ്റേന്ന് വീണ്ടും യാത്രപുറപ്പെട്ട പ്പോൾ ഒരു മാർഗ്ഗതടസ്സവും ഉണ്ടായില്ല. എങ്കിലും, ഒരു തവണകൂടി പരീക്ഷണം നടത്തുവാൻ എനിക്കു മടിയില്ല."

"അതു മറന്നേക്കൂ. അത് നടക്കില്ല." ഞാൻ പറഞ്ഞു.

ബാബാജിയുടെ ഫോട്ടോ എടുക്കുവാനുള്ള തീരുമാനം ഞാൻ ഉപേ ക്ഷിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ ഛായാചിത്രം ഒരു ദിവസം വരയ്ക്കു മെന്നു ഞാൻ സ്വയം പറഞ്ഞു. പക്ഷേ, ഒരു ദിവസം, "നിനക്ക് എന്റെ ഛായാചിത്രം വരയ്ക്കാൻ അനുമതിയില്ല." എന്ന് ബാബാജി പറഞ്ഞ തോടുകൂടി എന്റെ ആ ആഗ്രഹവും ഞാൻ ഉപേക്ഷിച്ചു. എന്നാൽ

അദ്ദേഹത്തിന്റെ മഹാസമാധി കഴിഞ്ഞ് വർഷങ്ങൾക്കുശേഷം, ബാബാജിയുടെ പ്രതിരൂപത്തെ വരച്ചിടുവാൻ ഞാൻ ഒരിക്കൽക്കൂടി ശ്രമിച്ചു.

അത് മറ്റൊരു കഥയാണ്. അന്നു നടന്നതെന്താണെന്ന് ഞാനിപ്പോൾ വിവരിക്കാം.

ബാബാജിയുടെ സമാധിക്കുശേഷം വർഷങ്ങൾ കഴിഞ്ഞ് ഞാൻ മദനപ്പള്ളിയിൽ താമസിക്കുമ്പോൾ ഒരു പ്രഭാതത്തിൽ ബാബാജിയുടെ ഛായാചിത്രം വരയ്ക്കുന്നതിന് ഒരിക്കൽക്കൂടി ശ്രമിക്കണമെന്ന തോന്നലുണ്ടായി. ആ സമയത്ത് ഭാര്യ അധ്യാപികയായി ഋഷിവാലിയിലാണ്. കുട്ടികളും അവിടെ പഠിക്കുകയാണ്. ഒരു തരത്തിൽ പറഞ്ഞാൽ ഞാൻ അർദ്ധ ബ്രഹ്മചാരിയാണ്. അക്കാലത്ത് ഒരു പ്രഭാതത്തിൽ ബാബാജിയുടെ ഛായാചിത്രം വരയ്ക്കുന്നതിന് ഒരിക്കൽക്കൂടി ഉദ്യമിച്ചാലോ എന്ന് എനിക്കു തോന്നി.

തന്റെ ചിത്രം വരയ്ക്കുന്നതിനുള്ള വിലക്ക് ബാബാജി വർഷങ്ങൾക്കു മുമ്പേ ഏർപ്പെടുത്തിയതാണെന്നും ഇപ്പോഴത് കാലഹരണപ്പെട്ടു പോയിക്കാണുമെന്നും സ്വയം പറഞ്ഞ് ഞാൻ എന്റെ ലക്ഷ്യത്തെ ന്യായീകരിച്ചു. അദ്ദേഹം ആഗ്രഹിക്കുന്നില്ലെങ്കിൽ നടക്കാതെ പോകുന്ന സാഹചര്യം ഉണ്ടായേക്കാം. എങ്കിലും ശ്രമിക്കുന്നതിൽ അപാകമൊന്നുമില്ലല്ലോ. "നിയമം മനുഷ്യനുവേണ്ടിയാണ്, അല്ലാതെ നിയമത്തിനുവേണ്ടിയല്ല മനുഷ്യൻ' എന്ന ക്രിസ്തുവചനം ഉദ്ധരിക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന ബാബാജി, എന്റെ ഈ ആഗ്രഹത്തെ അഭിനന്ദിക്കുമെന്നു ഞാൻ വിശ്വസിച്ചു. വളരെ ആവേശത്തോടെ ഞാൻ അദ്ദേഹത്തെക്കുറിച്ച് സംസാരിച്ചിട്ടുള്ള എന്റെ സുഹൃത്തുക്കൾക്ക് അദ്ദേഹത്തിന്റെ രൂപം കാണിച്ചു കൊടുക്കാൻ ഞാൻ അതിയായി ആഗ്രഹിച്ചു.

അങ്ങനെ നല്ല ചൂടുള്ള ഒരു പ്രഭാതത്തിൽ ഡ്രോയിങ് ബോർഡിൽ പേപ്പർ ഉറപ്പിച്ച് ഏതാനും ബ്രഷുകളുമായി ഞാൻ സജ്ജനായി. ചിത്രവരയിലെ എന്റെ ശൈലിയിൽ കറുത്ത മഷികൊണ്ട് ഞാൻ ബാബാജിയുടെ വളരെ നല്ല ഒരു ഛായാചിത്രം വരച്ചുതീർത്തു. അപ്പോഴേക്കും പന്ത്രണ്ടുമണിയായിരുന്നു. വീടിന്റെ മേൽക്കൂരയില്ലാത്ത വരാന്തയുടെ ചുമരിൽ ഞാൻ ചിത്രബോർഡ് ചാരി ഉണങ്ങാൻ വെച്ചിട്ട് ഊണു കഴിക്കാനായിപ്പോയി. എന്റെ പ്രയത്നത്തിൽ ഞാൻ തീർത്തും സംതൃപ്തനായിരുന്നു.

ഊണുകഴിച്ചശേഷം, ഉച്ചമയക്കത്തിനായി ഞാൻ മുകളിലത്തെ നിലയിലെ എന്റെ കിടപ്പുമുറിയിലേക്കു പോയി. മഴമേഘങ്ങളുടെ ഒരു പൊട്ടുപോലും അപ്പോൾ ആകാശത്തുണ്ടായിരുന്നില്ല. ആകാശം തെളിഞ്ഞ് നല്ല നീലനിറത്തിൽ പ്രകാശിച്ചുനിൽക്കുമ്പോഴാണ് ഞാൻ ഉറങ്ങാൻ പോയത്. ഒരു മണിക്കൂറോ മറ്റോ ഉറങ്ങിയശേഷം ഞാൻ ഉണർന്നത് വലിയൊരു ഇടിമുഴക്കം കേട്ടുകൊണ്ടാണ്. മെയ് മാസത്തിൽ മദനപ്പള്ളിയിൽ മഴ പെയ്യാറില്ലാത്തതുകൊണ്ട് അതൊരു സ്വപ്നമാണെ

ന്നാണു കരുതിയത്. പക്ഷേ, അത് സമൃദ്ധമായി പെയ്ത ഒരു മഴതന്നെയായിരുന്നു.

അപ്പോഴാണ് വരാന്തയിൽ വച്ചിരുന്ന ചിത്രത്തെപ്പറ്റി ഞാനോർത്തത്. പടികൾ ഇറങ്ങി ഓടിച്ചെന്ന ഞാൻ കണ്ടത് ഹൃദയം നുറുങ്ങുന്ന ഒരു കാഴ്ചയായിരുന്നു. മഴ എന്റെ ചിത്രത്തെ മുഴുവൻ നനച്ചുകളഞ്ഞിരുന്നു. മഷി മുഴുവൻ ഒഴുകിപ്പടർന്നിരുന്നു. അവിടവിടെയുള്ള ഒരു രൂപരേഖ മാത്രം ബാക്കിയാക്കി കടലാസ് നനഞ്ഞുകുതിർന്നുപോയി. പത്തു നിമിഷങ്ങൾ കഴിഞ്ഞ് മഴ തോർന്നു. മേഘങ്ങൾ മാഞ്ഞകന്നു. നേരത്തേതുപോലെ ആകാശം വീണ്ടും നീലവർണ്ണമണിഞ്ഞു. ചിത്രം വരയ്ക്കാനുള്ള വിലക്ക് അപ്പോഴും നില നിൽക്കുന്നുണ്ടെന്ന് ഞാൻ അതോടുകൂടി മനസ്സിലാക്കി. വീണ്ടും ശ്രമം നടത്തുന്നത് വിഡ്ഢിത്തമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അതങ്ങനെതന്നെ നിന്നു. വർഷങ്ങൾക്കുശേഷം ഞാൻ ആത്മകഥ എഴുതിയ കാലംവരെ.

ഈ പുസ്തകത്തിലും ആത്മകഥയിലും നിങ്ങൾ കാണുന്ന ചിത്രം ഞാൻ വരയ്ക്കാനിടയായത് പിന്നീടൊരിക്കലാണ്. ആ കഥ ഇനി വിവരിക്കാം.

ബാബാജി സമാധിയാകുന്നതിനുമുമ്പ്, 'ഉചിതമായ സമയത്ത്' എഴുതൂ എന്ന് എന്നോട് കല്പിച്ചിട്ടുപോയ ആത്മകഥ എഴുതിത്തീർത്ത കാലം. ആ പുസ്തകം ബാബാജിയുടെ ചിത്രമില്ലാതെ വായനക്കാരിലേക്ക് എത്തുന്നത് അനീതിയാണ്. എന്തെങ്കിലും ഒരു സൂചന, ഒരു സ്വപ്നം, ഒരു ദർശനം—ഇതിലേതെങ്കിലുമൊന്ന് എനിക്ക് അനുകൂലമായി ലഭിക്കുമെന്നു കരുതി ഞാൻ കാത്തിരുന്നു. ഒന്നുമുണ്ടായില്ല. പക്ഷേ, എന്നിലെ നിതാന്തവിപ്ലവകാരി വീണ്ടുമുണർന്നു. ഒരു ശ്രമംകൂടി നടത്തുവാൻ ഞാൻ തീരുമാനിച്ചു.

ഒരു ദിവസം രാവിലെ ഞാൻ ഇതേപ്പറ്റി ചിന്തിച്ചുകൊണ്ട് മുറിയിലിരുന്നു. ഒപ്പം ബാബാജിയുടെ ഒരു പെൻസിൽ സ്കെച്ച് പൂർത്തിയാക്കുകയും ചെയ്തു. വലിയ കുഴപ്പമൊന്നുമില്ലായിരുന്നു എങ്കിലും എനിക്കു തൃപ്തി തോന്നിയില്ല. അടുത്ത ദിവസം രാവിലെ സത്സംഗ് ഫൗണ്ടേഷൻ നടത്തിവരുന്ന പിപ്പൽ ഗ്രോവ് വിദ്യാലയത്തിൽ എനിക്കു പോകണമായിരുന്നു. അവിടെയെത്തിയ ഞാൻ ആ രേഖാചിത്രം ചിത്രകലാദ്ധ്യാപകനായ ശ്രീ ശരത്തിനെ ഏല്പിക്കുകയും അദ്ദേഹമത് തന്റെ ലാപ്ടോപ്പിലേക്ക് പകർത്തുകയും ചെയ്തു. ഒരുപാട് തിരുത്തലുകൾക്കും മാറ്റങ്ങൾക്കും ശേഷം എനിക്കു തൃപ്തിതോന്നിയ ആ ചിത്രം ഒടുവിൽ രൂപപ്പെട്ടു. അതിന്റെ ഒരു പ്രിന്റൗട്ട് എടുത്തു ഞാൻ

ഫയലിൽ സൂക്ഷിച്ചുവച്ചു. അത് എനിക്ക് അത്രയ്ക്കും പവിത്രമായിരുന്നു.

ആ ചിത്രം അപ്രത്യക്ഷമാകുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ ദിവസവും ഞാനതെടുത്തുനോക്കി. അതിന്റെ അച്ചടിസംബന്ധമായ ജോലികൾ നടക്കുന്ന കാലം ഞാൻ പ്രാർത്ഥനാപൂർവ്വം ചെലവിട്ടു. അവസാനം ബാബാജിയുടെ ചിത്രം ആത്മകഥയുടെ ആദ്യപ്രതിയിൽ പ്രത്യക്ഷമായതുകണ്ട് ഞാൻ ആശ്വാസത്തോടെ നെടുവീർപ്പിട്ടു. എന്നോടുള്ള അതിരറ്റ കാരുണ്യംകൊണ്ടും വായനക്കാരോടുള്ള സ്നേഹം കൊണ്ടുംകൂടിയാണ് ബാബാജി അത് പ്രകാശിപ്പിക്കുവാൻ എനിക്കനുവാദം തന്നത്.

പുസ്തകം പുറത്തുവന്ന ദിവസം ഒരുപാട് കാലങ്ങൾക്കുശേഷം ഞാൻ ബാബാജിയെ സ്വപ്നം കണ്ടു. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് 'മധൂ, നീയത് സാധ്യമാക്കിയിരിക്കുന്നു'വെന്നു പറഞ്ഞ് മേഘങ്ങൾക്കിടയിലേക്കു മറഞ്ഞു.

# ഗണേശ്പുരിയിലെ നിത്യാനന്ദയും ആ കനത്ത പ്രഹരവും

ഒരുപാട് വർഷങ്ങൾക്കുമുമ്പ്, മുംബൈയിൽനിന്നും അധികം അകലെയല്ലാത്ത ഗണേശ്പുരിയിൽ, വിചിത്രമായ രീതികളും അസാധാരണ പെരുമാറ്റവുമുള്ള ഒരാൾ (മഹാദിവ്യനായി അനേകായിരം വിശ്വാസികൾ കരുതിയിരുന്ന) ജീവിച്ചിരുന്നു. നിത്യാനന്ദ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്.

എന്റെ ആത്മകഥ വായിച്ചവർക്ക് അതിൽ അദ്ദേഹത്തിന്റെ ചിത്രം കാണാം, അദ്ദേഹത്തെപ്പറ്റി ഞാൻ ഒരു വാക്കുപോലും എഴുതാതെ പോയതെന്താണെന്ന് നിങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ടാകാം. ആത്മകഥയിൽ അദ്ദേഹത്തെക്കുറിച്ച് ഒരു അദ്ധ്യായം എന്തുകൊണ്ട് ഉൾപ്പെടുത്തിയില്ലായെന്നതിനെക്കുറിച്ചും അദ്ദേഹവുമായി പന്ത്രണ്ടാം വയസ്സിൽ എനിക്കുണ്ടായ തീർത്തും വിചിത്രമായ സമാഗമത്തെക്കുറിച്ചും ഞാനിപ്പോൾ വിവരിക്കാം. കനത്ത, വേദനിക്കുന്ന, അടികിട്ടി എട്ടുവർഷം കഴിഞ്ഞാണ് അതിന്റെ പ്രാധാന്യം എനിക്കു പിടികിട്ടുന്നത്.

ചിത്രം അച്ചടിച്ചിട്ടും ആത്മകഥയിൽ അദ്ദേഹത്തെക്കുറിച്ച് ഒന്നും എഴുതാതിരുന്നതിന്റെ കാരണം ഞാൻ ആദ്യം പറയാം.

കാലഗണനയനുസരിച്ചാണെങ്കിൽ, എന്റെ ജീവിതത്തിന്റെ ആരംഭകാലത്ത് ഉണ്ടായതാകയാൽ, നിത്യാനന്ദയുമായുണ്ടായ സമാഗമം ആത്മകഥയുടെ പ്രാരംഭ അദ്ധ്യായങ്ങളിൽ സ്ഥാനം പിടിക്കേണ്ടതായിരുന്നു. പക്ഷേ, എപ്പോഴൊക്കെ അദ്ദേഹത്തെക്കുറിച്ചെഴുതണമെന്നു കരുതി അതിനുള്ള തയ്യാറെടുപ്പുമായി ഞാൻ ഇരുന്നുവോ അപ്പോഴൊന്നും എന്റെ തലയിൽ ഒന്നും തെളിഞ്ഞുവരികയുണ്ടായില്ല. ഇടയ്ക്കിടെ മിന്നിമറയാറുള്ള അദ്ദേഹത്തിന്റെ രൂപമൊഴികെ മറ്റെല്ലാം എന്റെ തലച്ചോറിൽനിന്നും അപ്പാടെ തുടച്ചുമാറ്റിയതുപോലെ. അദ്ദേഹത്തെപ്പറ്റി എഴുതണമെങ്കിൽ അത് പിന്നീട് ശ്രമിക്കണമെന്നതിന്റെ സൂചനയായി അതിനെ ഗ്രഹിച്ചെടുത്ത് ഞാൻ ബാക്കി അദ്ധ്യായങ്ങളെല്ലാം എഴുതിത്തീർത്തു. കൈയെഴുത്തു മുഴുവൻ പൂർത്തിയാക്കിയിട്ട് ഞാൻ വീണ്ടും ശ്രമിച്ചു. പക്ഷേ, ഒരു പ്രയോജനവുമുണ്ടായില്ല.

ഒരു ദിവസം ധ്യാനിച്ചുകൊണ്ടിരുന്നപ്പോൾ നിത്യാനന്ദയെപ്പറ്റി ഞാൻ എഴുതുന്നതിൽ അദ്ദേഹത്തിനു താത്പര്യം ഇല്ലാത്തതുകൊണ്ടാവാം ഇങ്ങനെ എന്ന വിചാരം എന്റെ മനസ്സിൽ കയറിക്കൂടി. തുടർന്നു ഞാൻ കൈയെഴുത്തുപ്രതി എഡിറ്റർക്ക് കൈമാറുകയും നിത്യാനന്ദയുടെ ചിത്രം ഇതിനകം ഉൾപ്പെടുത്തിയതിനെക്കുറിച്ച് മറന്നുപോവുകയും

ചെയ്തു. അതേപ്പറ്റി എഡിറ്റർ അന്വേഷണം നടത്തിയതുമില്ല. ഒടുവിൽ പുസ്തകം ചിത്രമടക്കം പുറത്തിറങ്ങുകയും ചെയ്തു.

ഒരു വർഷത്തിനുശേഷം, ബന്ദിപ്പൂരിലെ രാജീവ്ഗാന്ധി നാഷണൽ പാർക്കിനോട് അടുത്തിരിക്കുന്ന വനസമീപസ്ഥമായ 'ഹിൽവ്യൂ' എന്ന ഏകാന്തസ്ഥലത്ത് വിദൂരതയിൽ നീലാകാശം പൂണ്ടുനിൽക്കുന്ന നീല ഗിരിശൃംഗങ്ങളെ നോക്കിയിരുന്നപ്പോൾ മിന്നൽപ്രഭപോലെ മുഴുവൻ കഥയും എന്നിലേക്കു തിരിച്ചെത്തുകയും ഇന്നോളം എന്റെ ഉള്ളിൽത്തന്നെ നിലകൊള്ളുകയും ചെയ്യുന്നു.

ആ സംഭവം ഇങ്ങനെയായിരുന്നു:
എന്റെ അമ്മയുടെ കുടുംബത്തിൽ വിചിത്രസ്വഭാവികളായ അനവധി പേരുണ്ടായിരുന്നു. എന്നാൽ എന്റെ അച്ഛന്റെ ഭാഗത്ത് മറ്റുള്ള കുടുംബാംഗങ്ങളിൽനിന്നും വ്യത്യസ്തവും അസാധാരണവുമായ രീതിക്കുടമയുമായ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തീവ്ര മതവിശ്വാസി അല്ലെങ്കിലും ഇസ്‌ലാം പ്രമാണങ്ങൾ പാലിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. —അജ്ജിഭായി എന്നു ബന്ധുക്കളും അജ്ജിമിയാൻ സാർ എന്നു വിദ്യാർത്ഥികളും വിളിച്ചിരുന്ന, നാട്ടുപള്ളിക്കൂടത്തിന്റെ ഹെഡ്മാസ്റ്ററായിരുന്ന അബ്ദുൾ അസ്സീസ്. അദ്ദേഹം എന്റെ അച്ഛന്റെ സഹോദരൻ —കൃത്യമായിപ്പറഞ്ഞാൽ എന്റെ മുത്തച്ഛന്റെ പെങ്ങളുടെ മകൻ—ആയിരുന്നു. പ്രായത്തിൽ അച്ഛനെക്കാൾ വളരെയധികം മുതിർന്നയാളും.

ഇസ്‌ലാംമത വിശ്വാസികളെക്കൊണ്ട് നീരസഭാവത്തിൽ നെറ്റിചുളിപ്പിക്കുംവിധം അദ്ദേഹം അവിവാഹിതനായി ജീവിതം നയിക്കുകയായിരുന്നു. ഒരിക്കൽപ്പോലും പള്ളിയിൽ പോകാതിരിക്കുന്നതും നമാസുകളൊന്നും ചെയ്യാതിരിക്കുന്നതും കാര്യങ്ങളെ കൂടുതൽ വഷളാക്കി. ഹിന്ദുപുരാണങ്ങൾ വായിച്ചിരുന്ന അദ്ദേഹം യോഗ പരിശീലിക്കുകയും ജാപ്പനീസ് ആയോധനകലയായ ജൂഡോയിലും ജു-ജിത്സുവിലും വൈദഗ്ദ്ധ്യം നേടുകയും ചെയ്തിരുന്നു. അക്കാലത്തെ സമാദരണീയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ മധുരയിലെ അമേരിക്കൻ കോളജിലെ പഠനകാലത്താണ് അദ്ദേഹം ഈ ആയോധനകലകൾ അഭ്യസിച്ചത്. അദ്ദേഹത്തിൽനിന്നാണ് *കുണ്ഡലിനി* എന്ന വാക്ക് ഞാനാദ്യമായി കേൾക്കുന്നത്.

ഉയരമുള്ളതും ഉറപ്പുള്ളതുമായ ശരീരവും പറ്റെ വെട്ടിയ വെള്ള നിറമുള്ള തലമുടിയും വെളുത്തതും വെട്ടിയൊതുക്കിയതുമായ മീശയും ചേർന്ന് സ്വതേ ഗൗരവമുള്ള, അദ്ദേഹത്തിന്റെ മുഖത്തിന് കൂടുതൽ കാർക്കശ്യഭാവം നൽകി. കാക്കിനിറമുള്ള അരക്കയ്യൻ കുപ്പായം ധരിച്ച്,

വെള്ളമുണ്ടുടുത്ത അദ്ദേഹത്തെ കണ്ടാൽ ഉദ്യോഗത്തിൽനിന്നും വിരമിച്ച ഒരു പൊലിസുകാരനോ സേവനം പൂർത്തിയാക്കി സ്വദേശത്തേക്ക് മടങ്ങിയെത്തിയ പട്ടാളക്കാരനാണെന്നോ തോന്നും. ക്ഷിപ്രകോപിയായിരുന്ന അദ്ദേഹം ചെറിയൊരു പ്രകോപനത്താൽപ്പോലും ഒരു പോരാട്ടത്തിനു തയ്യാറാകുമായിരുന്നു. ഒരിക്കൽ കൈയിലിരുന്ന കുട ആയുധമാക്കി അദ്ദേഹമൊരു കുടിയനെ നേരിട്ടതിനു ഞാൻ സാക്ഷിയാണ്.

രണ്ടു മാസത്തിലൊരിക്കലേ അദ്ദേഹം ഞങ്ങളെ കാണാനായി എത്താറുള്ളൂ. ഞങ്ങളുടെ നാട്ടിൽനിന്നും നാല്പതു മൈൽ അകലെയുള്ള സ്വന്തം ദേശമായ പുനലൂരിൽനിന്ന് ഏതാനും ദിവസങ്ങൾ ഞങ്ങൾക്കൊപ്പം തങ്ങുന്ന പതിവുണ്ടായിരുന്നു. ആ സന്ദർശനങ്ങൾക്കായി ഞാൻ കാത്തിരിക്കുന്നതിന് ഒരുപാടു കാരണങ്ങളുണ്ടായിരുന്നു. ജു-ജിത്സുവും ജൂഡോയും അദ്ദേഹം എന്നെ പഠിപ്പിച്ചിരുന്നു. എന്നെ പഠിപ്പിച്ചിരുന്ന ആസനങ്ങളും കളരിപ്പയറ്റും ഞാൻ പരിശീലിക്കുന്നതു കാണുന്നതും അദ്ദേഹത്തിന് ഇഷ്ടവുമായിരുന്നു. ഷെർലോക്ക്ഹോംസിന്റെ സാഹസികകഥകൾ അദ്ദേഹം എനിക്കു വായിച്ചുതരുമായിരുന്നു. കുറ്റാന്വേഷണകലയെപ്പറ്റി ഞങ്ങൾ തമ്മിൽ സംസാരിക്കുമായിരുന്നു. യോഗികളെപ്പറ്റിയുള്ള ആകർഷകമായ കഥകൾ അദ്ദേഹം വർണ്ണിക്കുമായിരുന്നു. മനുഷ്യന്റെ ത്വക്കിനെക്കുറിച്ചെഴുതിയ ഒരു കൈയെഴുത്ത് അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നു. അതിൽ കായകല്പശാസ്ത്രം അഥവാ പുനരുജ്ജീവനശാസ്ത്രം വിവരിച്ചിരുന്നു. കൂടാതെ, സാധാരണ മനുഷ്യനെ അസാധാരണക്കാരനാക്കുകയും ഗഹനമായ മാന്ത്രിക സിദ്ധികൾ പകർന്നുതരികയും ചെയ്യുന്ന നിഗൂഢമായ *കുണ്ഡലിനി* ശക്തിയെക്കുറിച്ചും അദ്ദേഹം എനിക്കു പറഞ്ഞുതന്നു.

എന്റെ അച്ഛൻ അവയെല്ലാം പൊങ്ങച്ചക്കഥകളായി തള്ളിയിരുന്നുവെങ്കിലും, പ്രായത്തിൽ മുതിർന്ന ആളായതുകൊണ്ടും പിതൃതുല്യസ്ഥാനം ഉണ്ടായിരുന്നതുകൊണ്ടും താൻ പഠിച്ച വിദ്യാലയത്തിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നതുകൊണ്ടും അതു നേരേ പറയുവാൻ അച്ഛൻ മടി കാണിച്ചിരുന്നു.

ഒരിക്കൽ വിഭവസമൃദ്ധമായ പ്രഭാതഭക്ഷണത്തിനുശേഷം ചാരുകസേരയിൽ ചാരിക്കിടന്ന് ചുരുട്ടുവലിച്ചുകൊണ്ടിരിക്കുന്ന അജ്ജിഭായി എന്നോട് അടുത്തേക്കുവരാൻ ആംഗ്യം കാണിച്ചു. ചുരുട്ടിന്റെ അസഹ്യമായ ദുർഗന്ധത്തെ അവഗണിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കഥകൾ കേൾക്കുവാനുള്ള ആഗ്രഹത്താൽ ഞാൻ അടുത്തേക്കു ചെന്നു.

"നീയൊരു സാഹസികയാത്രയ്ക്ക് തയ്യാറാണോ?" അദ്ദേഹം ശബ്ദം താഴ്ത്തി ചോദിച്ചു. "ആണെങ്കിൽ, അമാനുഷികശക്തികൾ പലതുമുള്ള, നിഗൂഢതകൾ നിറഞ്ഞ, സ്വാമി നിത്യാനന്ദയുടെ അടുത്ത് ഞാൻ നിന്നെ കൊണ്ടുപോകാം."

"അതെ," ഞാൻ വശീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു: "പക്ഷേ, എങ്ങനെ?"

"പുനലൂരിനടുത്ത് ഇടമണ്ണിലുള്ള എന്റെ സുഹൃത്ത് മുല്ലുവിള്ളയുടെ റബ്ബർ എസ്റ്റേറ്റിലേക്ക് ജൂഡോയും കണക്കും പഠിപ്പിക്കാനായി നിന്നെ കൊണ്ടുപോവുകയാണെന്ന് നിന്റെ അച്ഛനോട് ഞാൻ പറയാം. അവൻ എതിർക്കില്ലെന്നാണ് എനിക്കു തോന്നുന്നത്. ഏതാനും ദിവസങ്ങൾ അമ്മയുടെ അടുത്തുനിന്നും മാറിനിൽക്കാൻ നിനക്കു ബുദ്ധിമുട്ടില്ലല്ലോ അല്ലേ?"

"ശരി." ഞാൻ പറഞ്ഞു.

സെൽഫോൺ ഇല്ലാത്ത, ലാന്റ്ലൈനുകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്ത കാലമായിരുന്നതിനാൽ ഞങ്ങളുടെ ഗൂഢാലോചന ഫലം കാണുകയും അതു രഹസ്യമായിത്തന്നെ തുടരുകയും ചെയ്തു.

വലിയ കഥ ചുരുക്കിപ്പറഞ്ഞാൽ, ഞങ്ങൾ നാലുദിവസംകൊണ്ട് ചെന്നൈയിൽനിന്നും ട്രെയിൻമാർഗ്ഗം മുംബൈയിലും അവിടെനിന്ന് ബസ്മാർഗ്ഗം ഒടുവിൽ ഗണേശ്പുരിയിലും എത്തിച്ചേർന്നു. രാവിലെ പതിനൊന്നുമണിയോടുകൂടി ഗണേശ്പുരിയിലെത്തിയ ഞങ്ങൾ നേരേ നിത്യാനന്ദയുടെ വാസസ്ഥലമായ കൈലാഷിലേക്കാണു പോയത്. അപ്പോഴേക്കും ശരിയായ ഉറക്കമില്ലാതിരുന്നതിനാലും വിശപ്പുമൂലവും ചെറിയ തലവേദന കാരണവും ഞാൻ പരിക്ഷീണനായിരുന്നു. കുടുംബത്തോടൊപ്പമല്ലാതെ ആദ്യമായി ദൂരയാത്ര ചെയ്തതിനാൽ ഗൃഹാതുരത്വവും എന്നെ വല്ലാതെ അലട്ടിയിരുന്നു. നീണ്ടനിരയിൽ കാത്തുനിൽക്കുവാനുള്ള ഉപദേശം ഞങ്ങൾക്കു ലഭിച്ചു. സന്ന്യാസിയുടെ ദർശനം ലഭിക്കാനായി അൻപതോളം ആളുകൾ അവിടെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും തുറക്കപ്പെട്ട പടിവാതിലിലൂടെ ഞങ്ങൾ അകത്തേക്കുകടന്നു.

ചാരുകസേരയിൽ പേടിപ്പെടുത്തുന്ന ഒരു രൂപം. തിളങ്ങുന്ന കറുത്തിരുണ്ട ഒരു ആജാനുബാഹു. മുണ്ഡനം ചെയ്ത തലയും മുഖവും ശരീരത്തോട് ഉപമിച്ചാൽ അസാധാരണമാംവിധം ചെറുതാണെന്നു പറയാം; പ്രത്യേകിച്ച് അദ്ദേഹത്തിന്റെ ദൃഢമായതും വീർത്തതുമായ വയറിനോട് ഉപമിച്ചാൽ. ചെറിയ ഒരു വെളുത്ത കൗപീനം മാത്രം ധരിച്ചിരുന്ന അദ്ദേഹം നഗ്നപാദനായിരുന്നു. ഭയാനകരൂപത്തിനൊപ്പം ഭ്രാന്തൻ പെരുമാറ്റം കൂടിയായപ്പോൾ ഞാനാകെ ഭയന്നുപോയി. പരസ്പരബന്ധമില്ലാത്ത വാക്കുകൾകൊണ്ട് അദ്ദേഹം എന്തൊക്കെയോ പുലമ്പുന്നുണ്ട്. കൈകൾകൊണ്ട് വിചിത്രമായ ആംഗ്യങ്ങൾ കാണിച്ചുകൊണ്ട് അദ്ദേഹം ഇടയ്ക്കിടെ പ്രത്യേകിച്ച് കാരണമൊന്നുമില്ലാതെ അടക്കിച്ചിരിക്കുന്നുമുണ്ട്.

ഭക്തന്മാരുടെ നിര അദ്ദേഹത്തെക്കടന്ന് മുന്നോട്ടുപോയി. അവർ മുമ്പിലെത്തുമ്പോൾ സാഷ്ടാംഗം പ്രണമിച്ച് അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾ വാങ്ങി കടന്നുപൊയ്ക്കൊണ്ടിരുന്നു. അവരിൽ ചിലരുടെ ശിരസ്സിൽ അദ്ദേഹം കൈവയ്ക്കുന്നു. മറ്റുചിലരെ നോക്കി വെറുതേ കൈകൊണ്ട് മുന്നോട്ടുനീങ്ങാൻ ആംഗ്യം കാണിക്കുന്നു. എന്നാൽ ഒരാൾ മുമ്പിലെ

ത്തിയപ്പോൾ അദ്ദേഹം ഉറക്കെ അലറി. ഒരുവേള, അദ്ദേഹം മുമ്പിൽ നിൽക്കുന്ന ആളെ കൈയേറ്റം ചെയ്യാൻ പോവുകയാണോയെന്നു പോലും തോന്നി. പക്ഷേ, അടുത്തനിമിഷം അടുത്തയാൾ അദ്ദേഹത്തിന്റെ മുമ്പിലേക്ക് കടന്നെത്തി.

എന്റെ ഊഴമെത്തിയപ്പോൾ ഞാൻ പേടികൊണ്ട് വല്ലാതെ വിറയ്ക്കുകയായിരുന്നു. അതുകണ്ട് അമ്മാവൻ എന്റെ കൈയിൽ മുറുകെപ്പിടിച്ചു. കാഴ്ചയിൽ ഒരു പർവ്വതംപോലെ എനിക്ക് അനുഭവപ്പെട്ട നിത്യാനന്ദയുടെ മുൻപിലെത്തിയപ്പോൾ ഞാനും, മറ്റുള്ള ഭക്തന്മാരെ അനുകരിച്ച് അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. ഞാൻ ശിരസ്സുയർത്തി എഴുന്നേറ്റ് അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കിയപ്പോൾ എന്റെ ഭയാശങ്കകൾ മുഴുവനും മാറി. അദ്ദേഹം എന്നെ നോക്കി പുഞ്ചിരിച്ചു. വാത്സല്യത്തോടെ എന്റെ ശിരസ്സിൽ തലോടിക്കൊണ്ട് താഴ്ന്ന ശബ്ദത്തിൽ അദ്ദേഹം മന്ത്രിച്ചു. അദ്ദേഹം മലയാളത്തിൽ പറഞ്ഞവയിൽനിന്ന് എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞതിതാണ്: 'മല കേറണം. തുറക്കും, തുറക്കും, തുറക്കും പിന്നെ' എന്നു പറഞ്ഞതുപോലെയും തോന്നി.

പറഞ്ഞതെന്താണെന്നു മനസ്സിലായില്ല എന്നു അമ്മാവൻ അദ്ദേഹത്തോട് മലയാളത്തിൽ പറഞ്ഞപ്പോൾ, അദ്ദേഹത്തിന് ദേഷ്യം വരികയും ഇറങ്ങിപ്പോകാൻ അലറുകയും ചെയ്തു. ദേഷ്യത്തോടെ തന്നെ എന്റെ മുഖത്തേക്ക് ഉറ്റുനോക്കുകയും പെട്ടെന്ന് എന്റെ വലത്തെ കരണത്ത് ആഞ്ഞടിക്കുകയും ചെയ്തു. കനത്ത പ്രഹരമായതിനാൽ ഞാൻ താഴെ വീണു. കവിളിൽ അഗ്നി എരിയുന്നപോലെ തോന്നി. ഞാൻ വേദനയാൽ നിലവിളിച്ചുകൊണ്ട് ഞാൻ തനിയെ എഴുന്നേറ്റു. അമ്മാവൻ എന്നെയുംകൂട്ടി പുറത്തേക്കു നടന്നു.

"നിന്റെ ഭാഗ്യമാണ്. അത് അനുഗ്രഹിച്ചതാ. ചുരുക്കം പേർക്കേ അതു ലഭിക്കൂ. നീ പേടിക്കേണ്ട" എന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിച്ചു.

തൂവാലകൊണ്ട് കണ്ണുനീരൊപ്പിയെങ്കിലും അദ്ദേഹം പറഞ്ഞതിനോട് എനിക്കു യോജിക്കാൻ കഴിഞ്ഞില്ല. ഇത് എന്തുതരം അനുഗ്രഹമാണ്. നിഷ്കളങ്കനായ ഒരു ഒൻപതു വയസ്സുകാരനെ കരണത്തടിക്കുകയോ? ആ ദിവ്യന് ഭ്രാന്താണെന്നു കരുതി ഞാൻ ആശ്വസിച്ചു. നീണ്ട യാത്ര അബദ്ധമായി എന്നും ഞാൻ കരുതി. ഹോട്ടലിൽ പോയി ഉച്ചയൂണു കഴിച്ച് ഞങ്ങൾ വേഗം യാത്ര തിരിച്ചു. മടക്കയാത്രയിൽ ഞാൻ അമ്മാവനോട് വളരെ കുറച്ചുമാത്രമേ സംസാരിച്ചുള്ളൂ. നാലു ദിവസത്തെ മടക്കയാത്ര ക്ഷീണിപ്പിക്കുന്നതായിരുന്നു.

തിരുവനന്തപുരത്ത് തിരിച്ചെത്തിയ ഞങ്ങളോട് ആരും അസുഖകരമായ ഒരു ചോദ്യങ്ങളും ചോദിച്ചില്ല. ജൂഡോയും കുറച്ചു കണക്കും പഠിച്ചുവെന്ന് ഞാൻ അച്ഛനോടും അമ്മയോടും കള്ളം പറഞ്ഞു. അമ്മാവൻ പുനലൂരിലേക്കു മടങ്ങിപ്പോയി. "ആ അടിയുടെ പ്രാധാന്യ

മെന്താണെന്ന് എനിക്കറിയില്ല. പക്ഷേ, അതിന്റെ കാരണമെന്തായിരുന്നുവെന്ന് നീ നിന്റെ ഭാവിജീവിതത്തിൽ എന്നെങ്കിലും തിരിച്ചറിയുമെന്നാണ് ഞാൻ കരുതുന്നത്" എന്നുപറഞ്ഞുകൊണ്ടാണ് അമ്മാവൻ എന്നോട് യാത്ര ചോദിച്ചത്.

മാനസികനില തെറ്റിയ ഒരു ഭ്രാന്തന്റെ അതിക്രമമായി ഞാൻ ആ സംഭവത്തെ ഓർത്തുവെച്ചു. പരമോന്നത നിലയിൽ എത്തിയ അവധൂതന്മാർ, സാധാരണ മനുഷ്യർക്ക് മനസ്സിലാക്കാൻ കഴിയാത്ത ചില ലക്ഷ്യപൂർത്തീകരണങ്ങൾക്കായി അത്ഭുതകരവും വിചിത്രവുമായ രീതിയിൽ പെരുമാറാറുണ്ടെന്ന് മനസ്സിലാകുന്നതുവരെ, ഏതാണ്ടൊരു പതിനാറുവയസ്സുവരെ, ആ ചിന്ത ഞാൻ കൊണ്ടുനടന്നു. തീർച്ചയായും ആ പ്രഹരത്തിനു വലിയ പ്രാധാന്യമുണ്ടായിരുന്നു. അതു ഞാൻ തിരിച്ചറിഞ്ഞത്, ഒരുപാടു വർഷങ്ങൾ കഴിഞ്ഞ് ഞാൻ വീട്ടിൽനിന്നും ഓടിപ്പോയി, ബാബാജിക്കു ശിഷ്യപ്പെട്ടതിനുശേഷമാണ്.

ബദരീനാഥിലെ ചരൺ പാദുകയിലെ ഗുഹയിൽ കഴിയുന്ന കാലം. ബാബാജി എന്നെ ശ്വസനവിദ്യയുടെ സങ്കേതങ്ങളെ പരിചയപ്പെടുത്തുകയായിരുന്നു. ശരീരത്തിന്റെ ഇടതുവശത്തുകൂടി പ്രാണൻ അഥവാ ജീവോർജ്ജം പ്രവഹിക്കുന്ന പാതയായ 'ഇഡ നാഡി'യെ സംശുദ്ധമാക്കുവാനായിരുന്നു ആ പഠനം. ഞാനത് സമ്പൂർണ്ണമായി പഠിക്കുകയും ഇഡ നാഡി പരിപൂർണ്ണമായി സജ്ജമാക്കപ്പെട്ടതായി ബാബാജിക്ക് ബോദ്ധ്യപ്പെടുകയും ചെയ്തു. ഇതേ ക്രിയ, വലതുവശത്തും അതായത് പിംഗള നാഡിയെക്കൂടി വൃത്തിയാക്കുവാനായി പരിശീലിക്കേണ്ടതല്ലേ എന്നു ഞാൻ ചോദിച്ചപ്പോൾ ബാബാജിയുടെ ചിരിച്ചുകൊണ്ടുള്ള മറുപടി ഇങ്ങനെയായിരുന്നു: "അത് എത്രയോ കാലംമുമ്പ് നിത്യാനന്ദ നിന്റെ വലതു കവിളത്തടിച്ച് നിർവഹിച്ചുകഴിഞ്ഞതാണ്. അതിപ്പോൾ വൃത്തിയായും സ്പഷ്ടമായും പ്രവർത്തിക്കുകയാണല്ലോ. അതിനാൽ നീ അതോർത്ത് പരിഭ്രമിക്കേണ്ട. അദ്ദേഹത്തെ ഭ്രാന്തനെന്നാണ് നീ കരുതിയതെന്നും എനിക്കറിയാം."

ദിവ്യന്മാരുടെയും സന്ന്യാസിമാരുടെയും വഴികൾ പലതും വിചിത്രമാണ്. നമ്മുടെ ചെറിയ തലച്ചോറുകൾകൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതിനും അപ്പുറമായിരിക്കും പലപ്പോഴുമത്.

# അദ്ദേഹത്തിന് കാട്ടാനകളെയും ഇഷ്ടമായിരുന്നു

ഒറിഗോണിലെ പോർട്ട്ലാന്റിലുള്ള എന്റെ സുഹൃത്ത് ജെറി ജോൺസിന്റെ വീട്ടിലെ സ്വീകരണമുറിയിലിരുന്നാൽ മഞ്ഞുമൂടിയ മൗണ്ട് ഹുഡ് എനിക്കു കാണാൻ കഴിയാറുണ്ട്. വലുതും ചെറുതുമായ ഗിരിശൃംഗങ്ങളെയെല്ലാം എനിക്കെന്നും ഇഷ്ടമായിരുന്നു—ഉത്തുംഗ ഹിമാലയൻ ശ്രേണികളെയും കാറക്കോറത്തെയും ടിബറ്റൻ നിവാസികൾ 'കാങ് റിമ്പോച്ചേ' (അമൂല്യരത്നം) എന്നു വിളിക്കുന്ന കൈലാസപർവ്വതത്തെയും ചിലിയിലെ ആൻഡിസിനെയും ദക്ഷിണേന്ത്യയിലെ പശ്ചിമഘട്ട മലനിരകളെയും തുടങ്ങി ഹിമാലയത്തെക്കാൾ പഴക്കമുണ്ടെന്ന് ഭൂഗർഭശാസ്ത്രജ്ഞർ പറയുന്നതും ഭഗവാൻ വെങ്കിടേശ്വരന്റെ ക്ഷേത്രമിരിക്കുന്നതുമായ തിരുമലയുടെ സോദരപുത്രരെന്ന് വിശേഷിപ്പിക്കുന്ന, അധികം അറിയപ്പെടാത്തതും ആന്ധ്രാപ്രദേശിലെ മദനപ്പള്ളിയിലെ എന്റെ വീട്ടിൽ നിന്നും വലിയ അകലത്തിലല്ലാതെ കാണാൻ കഴിയുന്നതുമായ കൃഷ്ണശിലകളുടെ കുന്നുകളെയുംവരെ എനിക്കിഷ്ടമാണ്.

അതിപ്രാചീനകാലംമുതൽതന്നെ മനുഷ്യർക്ക് പർവ്വതങ്ങളോട് വല്ലാത്തൊരു ഭ്രമമുണ്ട്. സ്വന്തം ജീവൻപോലും പണയപ്പെടുത്തി പർവ്വതാരോഹകർ എവറസ്റ്റുപോലെയുള്ള മഹാശൃംഗങ്ങളുടെ നെറുകയിലെത്തുവാനും അവയെ അളന്നു തിട്ടപ്പെടുത്തുവാനും പരിശ്രമിച്ചിരുന്നു. ചിലർ മരിച്ചുവീണപ്പോൾ, മറ്റുചിലർ ആരും കീഴടക്കിയിട്ടില്ലാത്തവയെ കീഴടക്കിയെന്ന അഹന്തയിൽ വിരാജിച്ചു. ഉയർന്ന പർവ്വതങ്ങളിൽ, ആഴപ്പരപ്പിൽ, ഇരുണ്ട വനാന്തരങ്ങളിൽ ഒഴുകിയൊഴുകിപ്പോകുന്ന നദികളിൽ മർമ്മരധ്വനിയുയർത്തുന്ന അരുവികളിൽ, വർണ്ണോജ്ജ്വല പുഷ്പങ്ങളിൽ നിറച്ചാർത്തണിഞ്ഞ ചിത്രശലഭങ്ങളിൽ, എന്തിന് കണ്ണുകൾ വിടർത്തി പല്ലില്ലാത്ത മോണകാട്ടി ചിരിക്കുന്ന പൈതലിൽ-നാം കാണുന്ന എന്തു കാഴ്ചയിലും നമ്മെ ഇത്രമേൽ ഭ്രമിപ്പിക്കുന്നതെന്താണ്? കടൽത്തീരത്തിരുന്ന് ശാന്തമായ അസ്തമയദൃശ്യം കാണുമ്പോൾ നാമിത്രമാത്രം പ്രശാന്തതയനുഭവിക്കുന്നത് എന്തുകൊണ്ടാണ്? ജാലകത്തിന്നരികിലൂടെ ഞൊടിയിട പറന്നുപോയ നീലപ്പൊന്മാനെ കാണുമ്പോഴും ഒരു മധുര കളനാദം കേട്ടുണരുമ്പോഴും നാമിത്രമാത്രം ആവേശഭരിതരാകുന്നതെന്തുകൊണ്ടാണ്? കാടിനുള്ളിൽ വച്ച് ഒരു ആനയെയോ നഖം നക്കിത്തുടച്ചിരിക്കുന്ന ഒരു കടുവയെയോ നിങ്ങൾ തൊട്ടടുത്തു കണ്ടിട്ടുണ്ടോ? ഭയത്തെ ഉല്ലംഘിക്കുന്ന വിസ്മയത്തിന്റെയും അത്ഭുതത്തിന്റെയും ആ വികാരം നിങ്ങൾ അറിഞ്ഞിട്ടുണ്ടോ?

വർഷങ്ങൾക്കുമുമ്പ്, ഹിമാലയത്തിൽ അലഞ്ഞുനടന്ന കാലത്ത് ഞാൻ ഇതെല്ലാം അറിഞ്ഞിട്ടുണ്ട്. അതേപ്പറ്റി ഞാൻ മഹേശ്വർനാഥ് ബാബാജിയോട് ചർച്ച ചെയ്തിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ചുള്ള എന്റെ ചിന്തകൾ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. ബാബാജിയുടെയും ഒരു കാട്ടാനയുടെയും കഥപറഞ്ഞ് ഞാൻ അത് അവസാനിപ്പിക്കുകയും ചെയ്യാം.

മനുഷ്യമനസ്സാൽ രൂപകല്പന ചെയ്യപ്പെട്ട എല്ലാത്തിനും ചില നിബന്ധനകളുണ്ടാവും. അവയൊക്കെ വിചാരങ്ങളുടെ പരിമിതികളാൽ ദൂഷിതമാവുമായിരിക്കും. സീമകളെ വിസ്തരിപ്പിക്കുവാനുള്ള ശേഷി ഉണ്ടെങ്കിലും മനുഷ്യബുദ്ധി എന്നും പരിമിതവൃത്തത്തിൽമാത്രം നിലനിൽക്കുന്നവയാണ്. പരിശുദ്ധ പ്രകൃതി മനുഷ്യനിർമ്മിതമല്ല. അതിനോട് എത്രയടുത്ത് നാം എത്തുന്നോ അത്രയും ശാന്തമാകും നമ്മുടെ മനസ്സ്. തീർച്ചയായും പ്രകൃതിയോട് അടുത്തുനിന്നാൽ നമ്മുടെ മനസ്സ് ആത്യന്തികമായി വ്യവസ്ഥപ്പെടും. ആത്യന്തികസത്യത്തെ അനുഭവിച്ചറിയുകയും കേവലയുക്തിയുടെ പരിമിതികളെ ഉല്ലംഘിക്കുകയും ചെയ്യുന്ന ഒരാൾക്ക് പ്രകൃതിയുമായി ഇണങ്ങിച്ചേരാൻ എളുപ്പമാണ്.

ആത്മാവിന്റെ ആഴങ്ങളിൽ അത്തരം വ്യവസ്ഥകളെ പാടേ ഉപേക്ഷിക്കുവാനും നിർമ്മലതയും അനന്തസാദ്ധ്യതയുമുള്ള ആ മൂലസ്രോതസ്സിലേക്കു മടങ്ങുവാനുമുള്ള നൈസർഗ്ഗിക അഭിലാഷമുണ്ടാകും. മനുഷ്യനിർമ്മിതമല്ലാത്ത പർവ്വതങ്ങളും നദികളും മരുപ്രദേശങ്ങളും വനങ്ങളും അത്തരം അഭിലാഷങ്ങളെ തൊട്ടുണർത്തുകയും പരംപൊരുളിന്റെ നിരുപാധിക മൗലികതയിലേക്ക് കൂടുതൽ അടുപ്പിക്കുകയും ചെയ്യും. ഒരിക്കൽ അങ്ങുദൂരെയുള്ള ധൗളാഗിരിശ്രേണിയുടെ മഞ്ഞുപുതച്ച ശിഖരങ്ങളിലേക്കു നോക്കിയിരുന്നപ്പോൾ, എന്റെ ഹൃദയത്തിനുള്ളിൽ എന്തോ ഒരു വിചാരം അലയടിക്കുന്നതായും 'ഞാൻ' എന്ന തോന്നൽ അസ്തമിക്കുന്നതായി അറിയുകയും ചെയ്തു. എന്റെയുള്ളിൽ ആ പർവ്വതം മാത്രം. അത് തലയെടുപ്പോടെ, ധവളരൂപത്തിൽ താഴെ പരന്നു കിടക്കുന്ന ലോകത്തേക്ക് കരുണാർദ്രമായി നോക്കി നിൽക്കുകയാണ്.

പുരാണേതിഹാസങ്ങളിൽ പറയുന്ന 'പൂർണ്ണത' നേടിയെടുക്കുവാനുള്ള മനുഷ്യന്റെ അഭിവാഞ്ഛയുടെ പ്രകാശനാളമാണ് അവൻ കൊടുമുടിയുടെ ഉത്തുംഗതയിൽ കയറാനും കീഴടക്കാനും സമൃദ്ധി കൈവരിക്കാനുമുള്ള ആഗ്രഹങ്ങളിലൂടെ നിർവഹിക്കുന്നത്. പക്ഷേ, ദുഃഖകരമെന്നു പറയട്ടെ അവന്റെ ആഗ്രഹങ്ങൾ ഒരിക്കലും പരിപൂർണ്ണമാക്കാൻ കഴിയാതെ വിശ്രാന്തിയിലെത്തുകയോ വെറും ചാരമായി ഇല്ലാതായിത്തീരുകയോ ചെയ്യുന്നു, 'ഭസ്മാന്തം ശരീരം'. 'നീ പൊടിയാകുന്നു, പൊടിയിലേക്കുതന്നെ തിരികെച്ചേരും.' (ഉത്പത്തി 3:19) ധ്യാനത്തിന്റെ മൗനശാന്തിയിലിരുന്ന്, നദി വളഞ്ഞുപുളഞ്ഞു നിർഗമിച്ച് താഴ്വരയിലേക്ക് ഒഴുകുന്നതും കറുത്ത തൂക്കാംപാറയുടെ മുമ്പിൽ ഒരു വെൺമേഘം

വിശ്രമിക്കുന്നതും രാത്രി വാനത്തിൽ വെള്ളിപ്പിണരുകൾ തീർത്ത് മിന്നലിന്റെ പ്രൗഢജ്യോതിസ്സ് മിന്നിമറയുന്നതും കാണുമ്പോൾ ആ സമ്പൂർണ്ണത നിശ്ശബ്ദതയോടെ ഉള്ളിലേക്കെത്തുന്നു. നമുക്ക് അതിനെ ബലമായി അകത്തേക്കു കടത്തുവാൻ കഴിയില്ല. നാം ക്ഷണിക്കാതെ കടന്നുവരുന്നതാണത്, അങ്ങനെ വരുമ്പോൾ നമുക്കതിനെ തിരസ്കരിക്കാനാകില്ല. 'വരൂ നമുക്ക് ത്യജിച്ചുകൊണ്ട് ആനന്ദിക്കാം' എന്ന് *ഈശാവാസ്യോപനിഷത്ത്* പറയുന്നു. നറുമണമുള്ള ഇളംകാറ്റ് വരുന്നതുപോലെ, ഏറ്റവും പരിശുദ്ധമായി അനായാസതയുടെ വിളംബരമായാണ് അതു വരിക. അതെന്താണോ അതുതന്നെയാണത്. വാക്കുകൾകൊണ്ട് അതിനെ വ്യാഖ്യാനിക്കാൻ കഴിയില്ല.

മനുഷ്യർ ഭൂമിയുടെ സ്വാഭാവികതയിൽ ഇടപെടുമ്പോൾ, അനായാസം ഒഴുകുന്ന പുഴയ്ക്കു കുറുകെ കോൺക്രീറ്റ് നിർമ്മിതികൾകൊണ്ട് അതിന്റെ സ്വച്ഛഗതി അണകെട്ടി പ്രതിരോധിക്കുന്നു. അതിന്റെ പ്രകൃത്യാലുള്ള സ്വാതന്ത്ര്യം ചുരുങ്ങിപ്പോകുന്നതുകൊണ്ട് അവയ്ക്കു ചുറ്റും ദുരന്തങ്ങൾ പതിയിരിക്കുന്നു. പ്രകൃതിയുടെ അമർഷം സംഹാരതാണ്ഡവമാടി എല്ലാറ്റിനെയും നശിപ്പിക്കും, അതിനുശേഷം പുതിയൊരു വ്യവസ്ഥ ആവിർഭവിക്കുകയും ചെയ്യുന്നു. ഒരു നദി അതിന്റെ അതിര് സ്വയം നിർണ്ണയിക്കുന്നതാണ്. പ്രകൃതിയെ അറിയുക എന്നാൽ, നമ്മുടെ അതിരില്ലാത്ത അത്യാർത്തി നിയന്ത്രണ രേഖയ്ക്കുള്ളിൽ നിർത്തി, പ്രകൃതിയുടെ താളവുമായി ലയിക്കുകയെന്നതാണ്.

പരംപൊരുളുമായി തൊട്ടുരുമ്മി നിൽക്കുന്ന ശ്രേഷ്ഠാത്മാവിനെ വന്യമൃഗങ്ങൾപോലും തിരിച്ചറിയുമെന്നും അവരോടൊപ്പം ചേർന്ന് പ്രകൃതിയുമായി ഇണങ്ങി ജീവിക്കുമെന്നും തെളിയിക്കുന്ന ഒരു വാസ്തവകഥ ഞാൻ ഇവിടെ വിവരിക്കാം. ആ കാലത്ത് മഹേശ്വർനാഥ് ബാബാജിയും ഞാനും മൗനിബാബയുടെ ആസ്ഥാനത്തായിരുന്നു താമസം. ഋഷികേശിനും നീലകണ്ഠമഹാദേവക്ഷേത്രത്തിനും ഇടയിൽ വനത്തിനു നടുവിലായിരുന്നു ആ ഗുഹ. ഇന്നു കാണുന്നതിനെക്കാൾ ഇടതൂർന്ന വനമായിരുന്നു അന്നവിടെ. പുള്ളിപ്പുലികളും ആനകളുമൊക്കെ അവിടെ സ്വൈരവിഹാരം നടത്തിയിരുന്നു, പ്രത്യേകിച്ചും രാത്രികാലത്ത്. സന്ന്യാസിമാരും തീർത്ഥാടകരും ആ പ്രദേശത്തുകൂടി വളരെ കുറച്ചേ സഞ്ചരിക്കാറുണ്ടായിരുന്നുള്ളൂ. മൃഗങ്ങളെ ഭയപ്പെടുത്തി അകറ്റിനിർത്തുവാൻ അവർ ചെണ്ടകളും ചേങ്ങിലകളും ഉപയോഗിച്ചിരുന്നു. രാത്രി യാത്ര നടത്തുവാനുള്ള സാഹസികത ആരുംതന്നെ കാണിച്ചിരുന്നില്ല. ഗുഹാമുഖത്തു ഞാൻ ഇരിക്കുമ്പോൾ പലതവണ ആനകൾ എന്റെ മുൻപി

ലൂടെ കടന്നുപോയിട്ടുണ്ട്. പക്ഷേ, അവ ഒരിക്കൽപ്പോലും അടുത്തേക്കു വരികയോ വിനാശകരമായി പെരുമാറുകയോ ചെയ്തിട്ടില്ല.

ഒരുദിവസം, മൂന്നു വൈരാഗി സന്ന്യാസിമാർ ബാബാജിയെ കാണുവാനായി വന്നു. കൂട്ടം തെറ്റിനടക്കുന്ന ഒരു കാട്ടാന അക്രമകാരിയാകുന്നുവെന്നും വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു എന്നുമുള്ള വിവരം അവർ ബാബാജിയെ ധരിപ്പിച്ചു. ഇതിനോടകം, രണ്ടു വനപാലകരെയടക്കം ആറുപേരെ ആ ഒറ്റയാൻ വകവരുത്തിക്കഴിഞ്ഞു. ഒറ്റയാനെ പിടികൂടുന്നതിനു മാർഗ്ഗങ്ങളൊന്നും കാണാതെ കുഴങ്ങിയിരിക്കുകയാണ് വനം വകുപ്പുകാർ. അടുത്തിടെ ഒരു സന്ന്യാസിയുടെ കുടീരത്തിൽക്കടന്ന് അദ്ദേഹത്തിനെ ചവിട്ടിയരച്ചുകൊന്നതായും അവർ പറഞ്ഞു. മൗനി ബാബയുടെ ഗുഹയിൽനിന്നും അകലെയല്ലാതെ, ഋഷികേശിനും നീലകണ്ഠ മഹാക്ഷേത്രത്തിനും ഇടയിലുള്ള കാട്ടിൽ മറഞ്ഞിരിക്കുന്ന ആ ഒറ്റയാനെ ഭയന്ന് ആളുകൾ നീലകണ്ഠമഹാക്ഷേത്രത്തിലേക്കുള്ള യാത്രപോലും ഉപേക്ഷിച്ചിരിക്കുകയാണ്. പകൽവെളിച്ചത്തിൽപ്പോലും അവൻ ആക്രമിച്ചേക്കും. ബാബാജിക്ക് എങ്ങനെയെങ്കിലും സഹായിക്കാൻ കഴിയുമോ?

ബാബാജി പുഞ്ചിരിച്ചുകൊണ്ടു മറുപടി പറഞ്ഞു:

"ഇന്ന് എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഇന്ന് ഗജേശ്വരൻ ദേഷ്യത്തിലാണ്. നാളെ പൗർണ്ണമി ദിവസമാകയാൽ, എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നു ഞാൻ നോക്കട്ടെ. നിങ്ങൾ ദയവായി ഇന്നിവിടെ തങ്ങിയാലും പേടിക്കേണ്ട. ഹരി ഓം." ആ സംസാരം അങ്ങനെ അവസാനിപ്പിച്ച് ബാബാജി എന്നോടായി പറഞ്ഞു:

"നാളെ രാത്രി നീയും എനിക്കൊപ്പം വരൂ. നമുക്ക് ഗജനാഥനെ ഒരു നല്ല പാഠം പഠിപ്പിച്ച് ശാന്തമാക്കണം."

പാതിരാത്രിയായപ്പോൾ ബാബാജി എന്നെ വിളിച്ചുണർത്തി. പൗർണ്ണമി ചന്ദ്രിക പ്രഭതൂകി നിൽക്കുന്നു. ഗുഹയിൽനിന്നും പുറത്തിറങ്ങി ഞങ്ങൾ കാടിനുള്ളിലേക്കു കയറി. കുറച്ചുദൂരം നടന്ന് ഒരു പരന്ന പാറപ്പുറത്ത് ഇരിപ്പുറപ്പിച്ചു. അല്പസമയത്തിനുശേഷം, ഞങ്ങളുടെ മുന്നിലുള്ള കുറ്റിക്കാട്ടിൽനിന്നും ഒരു വലിയ പുള്ളിപ്പുലി ഇറങ്ങിവന്നു. ഞങ്ങൾ ഇരുന്നിടത്തേക്ക് നടന്നടുത്ത അവൻ പെട്ടെന്ന് നടത്തം അവസാനിപ്പിച്ചു. ബാബാജി പറഞ്ഞു:

"നിന്റെ രണ്ടു കൈയും കൂപ്പി നമസ്കാരം പറഞ്ഞ് പുലിക്കു മുന്നിൽ ശിരസ്സു നമിക്കൂ. പരമോന്നതനായ ഈശ്വരന്റെ സാക്ഷാത്കാരമാണ് നീയെന്നും, ദുർഗ്ഗയുടെ സന്തതസഹചാരിയാണെന്നും മനസ്സിൽ പറയൂ. ഞങ്ങൾ ഒരു അനർത്ഥത്തിനും കാരണമാകില്ല. ഞാൻ നിന്നെ നമിക്കുന്നു." അദ്ദേഹം കല്പിച്ചതുപോലെ ഞാൻ പ്രവർത്തിച്ചു. ഏറെനേരം ഞങ്ങളെ നോക്കിയശേഷം പുലി നടന്നകന്നു.

പിന്നീട് ഞങ്ങൾ ആ ഒറ്റയാനെ കാത്തിരുന്നു. പെട്ടെന്ന് എവിടെനിന്നോ പ്രത്യക്ഷനായ അവൻ ഞങ്ങൾക്കു പിന്നിൽ അലറി. ചിന്നം വിളിച്ചുകൊണ്ട്

ഞങ്ങളുടെ നേർക്കടുത്തു. ഞാനും ബാബാജിയും തിരിഞ്ഞുനോക്കി. ഭയംകൊണ്ട് ഞാൻ മരവിച്ചുപോയി. അവൻ ഞങ്ങളുടെ തൊട്ടടുത്ത് എത്തിയപ്പോൾ, ബാബാജി വലതുകൈ ഉയർത്തുകയും പൊടുന്നനേ ആന നിൽക്കുകയും ചെയ്തു. അനങ്ങാതെ നിന്ന അവൻ ബാബാജിയെ മാത്രം ശ്രദ്ധിച്ചു. അവൻ മുൻകാലുകളിൽ ഒന്ന് ഉയർത്തുകയും മറ്റു മൂന്നു കാലുകളിൽ ഊന്നി ശരീരം മുമ്പോട്ടും പിറകോട്ടും ചലിപ്പിക്കുകയും ചെയ്തു.

ബാബാജി ഒറ്റയാനോട് സംസാരിച്ചു. ഉറച്ച ശബ്ദത്തിൽ ഹിന്ദിഭാഷയിലായിരുന്നു അദ്ദേഹത്തിന്റെ സംസാരം. ഞാനീ പറയുന്നത് ഭ്രാന്താണെന്ന് ഒരുപക്ഷേ, നിങ്ങൾക്കു തോന്നിയേക്കാം. എങ്കിലും നടന്ന സംഭവം പറയാതെ തരമില്ലല്ലോ.

"പ്രിയ സുഹൃത്തേ ഇങ്ങനെയാണോ പെരുമാറേണ്ടത്? ബഹളം വയ്ക്കുന്ന മനുഷ്യരുടെ സാന്നിദ്ധ്യം നിനക്ക് നീരസമുണ്ടാക്കുന്നുണ്ടെന്ന് എനിക്കറിയാം. ഏകാന്തതയ്ക്ക് ഭംഗം വരുന്നതിനോട് പ്രതികരിക്കേണ്ടത് ഇങ്ങനെയല്ല. നീ മദപ്പാടിലാണ്. എനിക്കതു കാണാൻ കഴിയുന്നുണ്ട്. ക്രമാതീതമായ പുരുഷഹോർമോണുകളാണ് നിന്റെ പ്രവൃത്തികളെ സ്വാധീനിക്കുന്നത്. അതു ഞാനടക്കിത്തരാം. അതോടുകൂടി നീ സാധാരണ നിലയിലാകും. കണ്ടോളൂ." ബാബാജി പറഞ്ഞു.

ബാബാജി ഒറ്റയാന്റെ നേർക്ക് നടന്നടുക്കുന്നത് അത്ഭുതാദരവോടെ ഞാൻ നോക്കി നിന്നു. ബാബാജി തന്റെ വലതുകൈയുയർത്തി ആനയുടെ ശിരസ്സിൽ തൊട്ടു. ഇടതുകൈകൊണ്ട് ബാബാജി അവന്റെ തുമ്പിക്കൈയിൽ തലോടി. ശരീരം ഇളക്കിനിൽക്കുകയായിരുന്ന ആന മുട്ടുകുത്തിനിന്ന്, തുമ്പിക്കൈകൊണ്ടു ബാബാജിയുടെ കാലിൽതൊട്ടു നമസ്കരിച്ചു. അവിടെനിന്നും എഴുന്നേറ്റ് തുമ്പിക്കൈ ഉയർത്തി. സന്തോഷാതിരേകത്താൽ ചിന്നംവിളിച്ചശേഷം അവിടെനിന്നും നടന്നകന്നു. അതോടുകൂടി അവൻ അക്രമാസക്തമായ പെരുമാറ്റം അവസാനിപ്പിച്ചു. തീർത്ഥാടകരും സന്ന്യാസിമാരും സുരക്ഷിതമായി സഞ്ചരിക്കുവാനും തുടങ്ങി.

പിന്നീട് അനുകരണാതീതനായ അക്കൽകോട്ട് മഹാരാജാവ് സ്വാമി സമർത്ഥിന്റെ ഒരു കഥ ഞാൻ കേൾക്കാനിടയായി. ഞാൻ സാക്ഷ്യംവഹിച്ചതിനു സമാനമായ കഥയായിരുന്നതിനാൽ എനിക്കതു വിശ്വസിക്കാൻ ഒട്ടും പ്രയാസം തോന്നിയില്ല. മദപ്പാടുണ്ടായിരുന്ന ഒരു ആനയെ മഹാനായ സ്വാമി മെരുക്കിയെന്നാണ് ആ കഥ. നാശം വിതച്ചുകൊണ്ടിരുന്ന ആനയുടെ നേർക്ക് നടന്നടുത്ത് കവിളിൽ ആഞ്ഞടിച്ചതിനുശേഷം "നന്നായി പെരുമാറാൻ പഠിക്കൂ"എന്നു പറഞ്ഞതായാണു കേട്ടിട്ടുള്ളത്.

നിർത്തുന്നതിനുമുമ്പ്, മുന്നറിയിപ്പിന്റെ ഒരു കുറിപ്പുകൂടി. സ്വയം മഹോന്നതനായ ഒരു യോഗിയാണെന്നോ ആത്മീയജീവിയാണെന്നോ തെറ്റിദ്ധരിച്ച് വന്യമൃഗങ്ങളെ ഇണക്കുവാൻ ശ്രമിക്കരുത്. ഫലം വിനാശകരമായിരിക്കും. വിഖ്യാതമായ കൊല്ലൂർ മൂകാംബികാക്ഷേത്രത്തിനടുത്തുള്ള കുടജാദ്രിമലയിലേക്ക് കഠിനസന്ന്യാസ തപസ്സിനായിപ്പോയ ഒരു യുവസന്ന്യാസിയുടെ അനുഭവം പറയാം. അവിടെയുള്ള ഗുഹയ്ക്കു ചുറ്റും ഒരു പുലി കറങ്ങിനടക്കുന്നുണ്ടെന്ന് മുന്നറിയിപ്പുകിട്ടിയിട്ടും യുവസന്ന്യാസി അതിനെ അവഗണിച്ചു. മഹാനായ രമണമഹർഷി ധ്യാനം ചെയ്ത വിരൂപാക്ഷഗുഹയ്ക്കടുത്ത് ആ വ്യാഘ്രം എപ്പോഴും വരാറുണ്ടെന്നും അദ്ദേഹം കേട്ടിരുന്നു. രമണമഹർഷി ആ ക്രൂരമൃഗത്തെ ഓമനിക്കുന്നത് അകലെനിന്നും താൻ നോക്കിക്കണ്ടതായി ഒരു സ്ത്രീ അദ്ദേഹത്തോട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു.

പുലി വന്നപ്പോൾ രമണമഹർഷി ചെയ്ത പ്രവൃത്തി ആവർത്തിക്കുവാനായി യുവസന്ന്യാസി ശ്രമിച്ചെങ്കിലും നിർഭാഗ്യവശാൽ അദ്ദേഹത്തെ പുലി പിച്ചിച്ചീന്തി. അംഗഭംഗം സംഭവിച്ച അദ്ദേഹത്തിന്റെ ശരീരം ഏറെ ദിവസങ്ങൾക്കുശേഷം കണ്ടെടുക്കുകയായിരുന്നു. അതുകൊണ്ടു സൂക്ഷിക്കുക. എല്ലാവരും ആത്മീയമായ ഉന്നതി നേടിയവരായിരിക്കില്ല. വന്യമൃഗങ്ങളിൽനിന്നും അകലം പാലിക്കുക. നിങ്ങൾ അവയെ ഉപദ്രവിക്കാതിരുന്നാൽ, അവ നിങ്ങളെ വെറുതേവിടും. ഏതു സാഹചര്യത്തിലായാലും കാട്ടാനയുടെ മുന്നിൽച്ചെന്ന് അവയോട് സ്നേഹവചസ്സുകൾ പറയാൻ ശ്രമിക്കാതിരിക്കുക. സ്നേഹവചസ്സുകൾ എപ്പോഴും ഫലപ്രദമാകണമെന്നില്ല.

## മഹാസ്വപ്നം

ഞാനൊരു സ്വപ്നാടകനല്ല. എല്ലാവരെയുംപോലെതന്നെ, വലിയ പ്രാധാന്യമില്ലാത്ത, ചെറിയ, ധാരാളം സ്വപ്നങ്ങൾ എനിക്കുമുണ്ടായിട്ടുണ്ട്. പക്ഷേ, എന്റെ ജീവിതത്തിൽ മൂന്നു തവണ വളരെ ദീർഘവും അന്ത രാത്മാവിനെ സ്പർശിക്കുന്നതുമായ സ്വപ്നങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അവയെ എനിക്ക് യാദൃച്ഛികമായതെന്നോ പ്രാധാന്യമില്ലാത്തവയെന്നോ തള്ളിപ്പറയുവാനും ബുദ്ധിമുട്ടുണ്ട്. ആ മൂന്നു സ്വപ്നങ്ങളിൽ ഒരെണ്ണം ഞാൻ ആത്മകഥയിൽ വിവരിച്ചിട്ടുണ്ട്. സാമാന്യജനങ്ങളോട് ആത്മീ യമായ ഉദ്ബോധനം നടത്തുവാനുള്ള സമയമായി എന്ന സൂചന നൽകിയതായിരുന്നു ആ സ്വപ്നം. മറ്റൊന്ന്, എന്റെ കഴിഞ്ഞജന്മത്തിലെ ജീവിതവുമായി ബന്ധപ്പെട്ടതും സംഭവിച്ചതിന്റെ 'പുനരാവർത്തനം' പോലെ ഉള്ളതുമായ ഒന്നാണെന്ന് ഞാൻ കരുതുന്നതുമായ ഒരു സ്വപ്ന മാണ്. അതാണിവിടെ വിവരിക്കാൻ പോകുന്നത്.

സ്വപ്നം തുടങ്ങുന്നത് പാടലീപുത്ര ദേശത്താണ്. ഇന്നത്തെ ബീഹാറിലെ പാറ്റ്നയുടെ പുരാതനനാമമാണ് പാടലീപുത്രം. സമ്പന്നമായ തിരക്കു പിടിച്ച തുറമുഖനഗരമായിരുന്ന അവിടേക്കു ലോകമാകമാനമുള്ള വാണിജ്യ കേന്ദ്രങ്ങളിൽനിന്നുള്ള ചരക്കുകൾ എത്തിയിരുന്നു. ധന എന്നു പേരുള്ള ആഢ്യധനികനായിരുന്നു അന്ന്. വിഷയസുഖാസക്തനായ ഞാൻ വിനോദോല്ലാസ ജീവിതത്തിന് ധാരാളമായി പണം ചെലവാക്കിയിരുന്നു. കഠിനാധ്വാനത്തിലൂടെ (ഞാൻ അങ്ങനെയാണ് കരുതുന്നത്)യാണ് ഈ സൗഭാഗ്യങ്ങളെല്ലാം നേടിയെടുത്തത്. വെറുമൊരു കൂലിത്തൊഴി ലാളിയിൽനിന്നും ഒരു വൻ വ്യാപാരശൃംഖലയുടെ അധിപതിയായി ഞാൻ മാറിയത് വളരെ പെട്ടന്നായിരുന്നു.

രാജാക്കന്മാരിൽപ്പോലും അസൂയ ജനിപ്പിക്കുവാൻപോന്ന സ്വർണ്ണവും അമൂല്യരത്നങ്ങളുമുണ്ടായിരുന്നു എന്റെ ഖജനാവിൽ. ലോകത്തിലെ എല്ലാ സുഖസന്തോഷങ്ങളും പകർന്നുതരാൻ കഴിയുന്ന അതിസുന്ദരി കളായ നർത്തകിമാർ എന്റെ അന്തഃപ്പുരത്തിലുണ്ടായിരുന്നു. മദോന്മ ത്തമായ ജീവിതം നയിക്കുന്ന എനിക്ക് സാമാന്യജീവിതത്തിന്റെ ഉൺമ

കളെല്ലാം അന്യമായിത്തീർന്നു. സമ്പത്താണ് എല്ലാ സന്തോഷങ്ങളുടെയും നിദാനമെന്നു വിശ്വസിച്ചിരുന്ന ഞാൻ കൂടുതൽ പണം സമ്പാദിക്കാനുള്ള മാർഗ്ഗങ്ങളിൽ മാത്രമാണ് താത്പര്യം കാണിച്ചത്.

വിധി ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ച് എന്റെ ജീവിതത്തെ താറുമാറാക്കുകയും അന്നോളം ഞാൻ കൊണ്ടുനടന്നിരുന്ന വിശ്വാസങ്ങളെ നിഷ്പ്രഭമാക്കുകയും ചെയ്ത ആ ദിവസംവരെ ഞാൻ അതേ മാർഗ്ഗത്തിൽത്തന്നെയാണ് സഞ്ചരിച്ചത്. ഭാര്യ എന്റെ ഉറ്റ സുഹൃത്തായ, ദരിദ്രനായ ഒരു കൂലിത്തൊഴിലാളിയോടൊപ്പം ഒളിച്ചോടിപ്പോയത് എനിക്ക് ആദ്യത്തെ പ്രഹരമായി. ധനത്തെയും വിനോദോല്ലാസങ്ങളെയും ഭാര്യയെക്കാൾ അമിതമായി സ്നേഹിക്കുന്നുവെന്ന തോന്നലാണ് അവളെ എന്നിൽനിന്നും അകറ്റിയത്. അധികം വൈകാതെതന്നെ പ്രാണനു തുല്യം സ്നേഹിച്ച എന്റെ മകനും മകളും എന്നെ ഉപേക്ഷിച്ച് അമ്മയോടൊപ്പം പോയി. ഞാൻ എന്റെ ദുഃഖത്തെ മറച്ചുവയ്ക്കുവാൻ ശ്രമിച്ചു. സമ്പത്ത്, സന്തോഷത്തെ പ്രദാനം ചെയ്യുമെന്ന എന്റെ സിദ്ധാന്തത്തിന്റെ അടിത്തറയ്ക്ക് ജീവനാശകമായ പ്രഹരമേറ്റ് അത് ഛിന്നഭിന്നമായിപ്പോയ ആ ദിവസംവരെ എന്റെ കാപട്യം ഞാൻ തുടർന്നു.

എങ്ങോട്ടു പോകണമെന്നറിയാതെ ഒരു വൈകുന്നേരം ഞാൻ ഗംഗാനദിയുടെ തീരത്ത്, ദുഃഖിതനായി ആത്മഹത്യ ചെയ്താലോ എന്ന ചിന്തയുമായി ഇരിക്കുകയായിരുന്നു. എപ്പോഴും അലഞ്ഞുനടക്കാറുള്ള ജിതേന്ദ്രതപസ്വികളായ ധാരാളം ദിഗംബരന്മാർ തൊട്ടടുത്തുള്ള ഘാട്ടുകളിൽ ധ്യാനനിരതരായിരിക്കുന്നത് ഞാൻ കണ്ടു. പ്രശാന്തമായ അവരുടെ മുഖങ്ങൾ എന്നിൽ വല്ലാത്ത ആകർഷണമുളവാക്കി. അവർ എന്റെ ചിന്തകളെ പ്രചോദിപ്പിച്ചു. വെറും കൗപീനമടക്കമുള്ള എല്ലാ ഭൗതിക സമ്പത്തും ഉപേക്ഷിച്ചാൽ സന്തോഷം കൈവരുമോ? പരിത്യാഗത്താൽ പരമശാന്തി ലഭിക്കുമോ?

ഞാൻ അവരുടെ അടുത്തേക്കു നീങ്ങി. ദീർഘനേരത്തെ ധ്യാനത്തിനുശേഷം അവർ കണ്ണുതുറന്നു. വളരെ താഴ്ന്നതും സൗമ്യവുമായ സ്വരത്തിലാണവർ സംസാരിച്ചത്. അവരുടെ നേതാവെന്നു തോന്നിച്ച ഒരാൾ ഇങ്ങനെ പറഞ്ഞു: "അല്ലയോ പരിവ്രാജകരെ, നമുക്ക് രാജഗൃഹത്തിന്റെ അടുത്തുള്ള പ്രദേശത്തേക്കു നീങ്ങാം. ആദ്ധ്യാത്മിക സമ്പൂർണ്ണതയുടെ ഉന്നതിയിലെത്തിയ ഒരു മഹാഗുരു അവിടെ ഏതാനും ദിവസങ്ങളായി തങ്ങുന്നതായും അദ്ദേഹം ദിവ്യപ്രബോധനങ്ങൾ നൽകുന്നതായും കേട്ടു. ഏറെ വർഷങ്ങളായി എനിക്കു പരിചയമുള്ള പ്രായമായ ഒരു ദിഗംബരനുണ്ട്. അദ്ദേഹമാണ് എന്നോട് ആ മഹാത്മാവിനെപ്പറ്റി പറഞ്ഞത്. പരിവ്രാജക സന്ന്യാസിയായി മാറുന്നതിനുമുമ്പ് അദ്ദേഹം ഒരു രാജകുമാരനായിരുന്നുവെന്നും ഈ യുഗത്തിന്റെ മഹാഗുരു—തീർത്ഥങ്കരൻ—ആണ് അദ്ദേഹം ഇപ്പോളെന്നും ജ്ഞാനിയായ ആ ദിഗംബരനാണ് എന്നോടു പറഞ്ഞത്. അറിവുതികഞ്ഞ അദ്ദേഹം ആ മഹാഗുരുവിന്റെ ധർമ്മവചനങ്ങൾ കേൾക്കുവാൻ നേരത്തേ ഇവിടെത്തിയതാണ്."

"നമുക്കും രാജഗൃഹത്തിലേക്കു യാത്രയാകാം. ഒരുനോക്കു കണ്ട് അദ്ദേഹത്തിന്റെ വചനങ്ങൾക്കായി കാതോർക്കാം. എത്രയോ കാലമായി നാം തേടുന്ന സ്വാതന്ത്ര്യവും ആനന്ദവും പൂർണ്ണരൂപത്തിൽ നമുക്ക് നേടിയെടുക്കാം."

എന്റെ മനസ്സിന്റെ അത്യഗാധതയിൽ എന്തോ കലങ്ങിമറിഞ്ഞു. എനിക്കിപ്പോഴും ധാരാളം സമ്പത്തുണ്ട്. ഒരു മഹാത്മാവിനെ കാണുവാനുള്ള അത്യന്തം വിരളമായ ഒരവസരം ഇതാ എനിക്കു ലഭിച്ചിരിക്കുന്നു. ഞാൻ സന്ന്യാസിമാരുമായി കൂടിയാലോചന നടത്തി. അവരോടൊപ്പം ആ നീണ്ട യാത്ര ചെയ്യുവാൻ എന്നെ അനുവദിച്ചാൽ ഞാൻ അവരുടെ എല്ലാ കാര്യങ്ങളും നിറവേറ്റിക്കൊടുക്കാം എന്നു വാഗ്ദാനം ചെയ്തു. അതിനായി വൻസന്നാഹമൊരുക്കി. അവർക്കായി സ്വർണ്ണശേഖരവും ഭക്ഷണപദാർത്ഥങ്ങളും കരുതിവെച്ചു. നാലു പരിചാരകരെയും രക്ഷകന്മാരെയും ഒപ്പംകൂട്ടി ഞാൻ ആ സന്ന്യാസിമാരോടൊപ്പം യാത്രയാരംഭിച്ചു.

യാത്ര അത്യധികം കഠിനമായിത്തോന്നി എനിക്ക്. നഗ്നപാദരായ ശ്രമണന്മാർ അപകടകരമായ ഭൂപ്രദേശങ്ങളെ അനായാസം താണ്ടി. വെറുമൊരു കൗപീനവും മേൽമുണ്ടും മാത്രം ധരിച്ച് ഞാനവർക്കൊപ്പം നടന്നു. എനിക്കു യാതനയായി തോന്നിയ യാത്രയാണിത്. അരോഗദൃഢഗാത്രരായ ശ്രമണന്മാരിൽ വൈഷമ്യത്തിന്റെ ചെറുസൂചനകൾ പോലും കണ്ടില്ല-ഒടുവിൽ രാജഗൃഹത്തിൽനിന്നും അധികം അകലെയല്ലാതെ ഒരു സ്ഥലത്തെത്തിച്ചേർന്നു. അവിടെ തീർത്തും വിസ്മയജനകമായ ഒരു കാഴ്ച ഞാൻ കണ്ടു.

രാജകീയപ്രൗഢിയുള്ള സുമുഖനും സുന്ദരനുമായ ഒരു മനുഷ്യൻ. അദ്ദേഹം പൂർണ്ണനഗ്നനായിരുന്നു. അശോകമരത്തിനു കീഴിൽ കാലുകൾ ചമ്രംപടിഞ്ഞ് സിംഹതുല്യപ്രൗഢിയിൽ വിരാജിക്കുന്ന ആ മനുഷ്യനു ചുറ്റും അതിസുന്ദരവൃക്ഷപ്പടർപ്പുകൾ അതിരിട്ടുനില്ക്കുന്നു. ആ ദൃശ്യത്തിന്റെ കേന്ദ്രസ്ഥാനം അദ്ദേഹംതന്നെയാണ്. ശ്രമണന്മാർ സാഷ്ടാംഗം പ്രണമിച്ച് അവിടെ ഇരുന്നു. സന്ന്യാസിമാരും ഗൃഹസ്ഥരുമടങ്ങിയ ഒരു വലിയ സംഘം അദ്ദേഹത്തിനു മുന്നിൽ അർദ്ധചന്ദ്രാകൃതിയിൽ വട്ടമിട്ടിരിക്കുന്നു. വ്യാപാരികൾ, യോഗികൾ, രാജാക്കന്മാർ, രാജകുമാരന്മാർ സാധാരണ സ്ത്രീപുരുഷന്മാർ, വൃദ്ധന്മാർ, ചെറുപ്പക്കാർ തുടങ്ങി നായും മാനുംവരെ അദ്ദേഹത്തിനു മുന്നിലിരിക്കുന്നു. പരിപൂർണ്ണ നിശ്ശബ്ദമായ അന്തരീക്ഷം.

മഹാവ്യക്തിയുടെ കണ്ണുകൾ പാതിതുറന്നിരുന്നു. കാറ്റുപോലും നിശ്ചലമായി നിന്നു. ഒരിലപോലും അനങ്ങിയില്ല. അതീവഹൃദ്യമായിരുന്നു അവിടത്തെ നിശ്ശബ്ദത. ആ പവിത്ര സ്വരൂപത്തിൽനിന്നും ഉതിർന്ന അമൃതനാദത്തെ എനിക്കു മറ്റൊന്നിനോടും ഉപമിക്കാനില്ല. ആത്മാവിന്റെ അത്യഗാധതയിലേക്കു മാറ്റൊലികൊള്ളുന്ന മധുരതരവും പ്രശാന്തവും അക്ഷുബ്ധവുമായിരുന്നു ആ ശബ്ദം. ഒരു വാക്കുപോലുമുയർന്നില്ല.

പക്ഷേ, പകരേണ്ട സകല ആശയങ്ങളും മൗനത്തിന്റെ ധ്വനിയിലൂടെ പകർന്നുകഴിഞ്ഞിരിക്കുന്നു.

എനിക്കു മനസ്സിലായത് ഇതാണ്:

"സകലപ്രാണികൾക്കും ജീവൻ പ്രിയപ്പെട്ടതാണ്. എല്ലാ ജീവജാലങ്ങളും സന്തോഷകാംക്ഷികളാണ്. ഒരു ജീവജാലത്തെയും ഉപദ്രവിക്കരുത്. ഒരു ജീവജാലത്തെയും കൊല്ലരുത്. സകല ഗുണങ്ങളിലും ഏറ്റവും പ്രഥമം അഹിംസയത്രേ. നിയന്ത്രണങ്ങളുള്ള ജീവിതമാണ് കരണീയം. ലളിതമായ ജീവിതം നയിക്കൂ. സത്യത്തിന്റെ പാതയിൽനിന്നും കാപട്യത്തിലേക്കു വഴിതെറ്റിപ്പോകരുത്. സത്യം ബഹുമുഖമായതിനാൽ എല്ലാവരുടെയും കാഴ്ചപ്പാടുകളെ അംഗീകരിക്കുക. അഹത്തെ പരിത്യജിച്ച് സ്വതന്ത്രരാകുക. നശ്വരമായ ഈ ശരീരത്തിനും ചുറ്റുമുള്ള ഈ ലോകത്തിനും അപ്പുറമാണ് അക്ഷയമായ നിങ്ങളുടെ ആത്മാവ്. അതിന്റെ പരമസ്വരൂപത്തിൽ അത് അമരവുമാണ്."

"സൈദ്ധാന്തികമായി നിങ്ങൾ ഗ്രഹിക്കേണ്ടത് ഇതാണ്. അത്തരത്തിലുള്ള സാക്ഷാത്കാരം നേടിയെടുക്കുന്ന കാലംവരെ ആ മാർഗ്ഗം പിന്തുടരുക. ആ പ്രയാണം വളരെ ദീർഘമാണ്. അതിനായി നിങ്ങൾ അനവധി ജന്മങ്ങൾ സമർപ്പിക്കേണ്ടിവരും. പരമാനന്ദം പൂകിയതും മോക്ഷം നേടിയതുമായ ആത്മാവായി, ജേതാവായി നിങ്ങൾ മാറുന്നതുവരെ നിരവധി പരീക്ഷണങ്ങളെയും സംക്ഷോഭങ്ങളെയും നിങ്ങൾ നേരിടേണ്ടിവരും."

ഉത്കൃഷ്ടശാന്തി എന്റെ അന്തരംഗത്തിലേക്ക് എത്തുകയും ഞാൻ ആദരവുകൊണ്ട് ശിരസ്സു നമിക്കുകയും ചെയ്തു.

തൊട്ടടുത്ത നിമിഷത്തിൽ ഞാനുണർന്നു. ആ സ്വപ്നം അവസാനിക്കേണ്ടിയിരുന്നില്ല എന്നു ഞാൻ ആശിച്ചു. പോയജന്മങ്ങളിൽ എവിടെയോ വിസ്മൃതമായിപ്പോയ, വിസ്മരിക്കപ്പെട്ട ഒരു ഭാവതലമാണ് ആ നീണ്ട സ്വപ്നം സൂചിപ്പിച്ചത്. ഞാനെഴുന്നേറ്റു മുഖം കഴുകി. ചെന്നൈയിലെ വസന്തനഗറിലുള്ള കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ മുഖ്യകാര്യാലയത്തിലേക്ക് ഞാൻ പോയി. അക്കാലത്ത് ഞാൻ അവിടത്തെ താമസക്കാരനായിരുന്നു. വാർഷിക പ്രഭാഷണങ്ങൾക്കായി ജെ. കൃഷ്ണമൂർത്തി വന്നിരുന്നു അവിടെ. അതിനായി ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ടായിരുന്നു.

ഒരുപാടുതവണ ജെ. കൃഷ്ണമൂർത്തിയുമായി 'സ്വപ്നദർശന'ത്തെപ്പറ്റി ചർച്ചചെയ്താലോ എന്നു ഞാൻ ആലോചിച്ചിരുന്നു. പക്ഷേ,

ഒരിക്കലും എനിക്കതിനു കഴിഞ്ഞില്ല. അദ്ദേഹം മടങ്ങിപ്പോയ ദിവസം, ഞാൻ അദ്ദേഹത്തിന്റെ മുറിയിൽപ്പോയി. കാര്യങ്ങളെല്ലാം നല്ലരീതിയിലാണോ നടക്കുന്നതെന്ന് അറിയാനാണ് ഞാൻ അവിടെ ചെന്നത്. എന്റെ കൈയിൽ മുറുകെപ്പിടിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞകാര്യം കേട്ട് ഞാൻ ഞെട്ടിപ്പോയി: "സ്വപ്നത്തെപ്പറ്റി ആരോടും ഇപ്പോൾ ഒന്നും പറയണ്ട. നിന്റെ ഉള്ളിൽത്തന്നെ ഇരിക്കട്ടെ."

എന്റെ സ്വപ്നത്തെ പരസ്യമാക്കുവാനുള്ള സമയം ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു.

# എന്റെ ഗുരുവായൂരപ്പദർശനം

ഇനി ഞാൻ പറയാൻ പോകുന്നത്, എന്റെ ആത്മാവിനെ ഏറ്റവുമധികം ഉദ്ബോധിപ്പിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്ത ജീവിതാനുഭവങ്ങളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഇത് നടന്നത് വിഖ്യാത ക്ഷേത്രങ്ങളിലൊന്നായ ഗുരുവായൂരിലാണ്. അവിടെയാണ് കുസൃതി കാട്ടുന്ന, മാനസചോരനായ ഉണ്ണിക്കണ്ണന്റെ സ്വരൂപത്തിൽ ഭഗവാൻ ശ്രീകൃഷ്ണൻ ആരാധിക്കപ്പെടുന്നത്. എന്റെ മനസ്സിന്റെ ഉള്ളറകളിൽ ദിവ്യാനുഭൂതിയായി ഞാൻ ഇത്രയും കാലം കൊണ്ടുനടക്കുകയായിരുന്നു ഇത്. അപൂർവ്വം ചില സുഹൃത്തുക്കളോടു മാത്രമേ ഞാനിത് തുറന്നുപറഞ്ഞിട്ടുള്ളൂ. അതിലൊരാൾ, എന്റെ ആത്മമിത്രം—ഉള്ളിന്റെയുള്ളിൽ കമ്മ്യൂണിസ്റ്റായവൻ—ഈ അനുഭവത്തെ എന്റെ 'ഏറ്റവും ഹൃദയസ്പർശിയായ മതിഭ്രമ'മായി ചിത്രീകരിച്ചിട്ടുണ്ട്. പക്ഷേ, അത് അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമാണ്. സ്വന്തം വിശ്വാസങ്ങളെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാ വ്യക്തികൾക്കുമുണ്ടല്ലോ.

ആ സ്വാതന്ത്ര്യത്തെ നിലനിർത്തി ഞാൻ എന്റെ അസാധാരണ അനുഭവത്തെ ഇവിടെ പങ്കുവയ്ക്കുന്നു. ഞാൻ ഒരു ഹിന്ദുവായി ജനിച്ചില്ലായെന്നതും ഇക്കാലത്തുപോലും അഹിന്ദുക്കൾക്ക് പ്രവേശനം നിഷേധിക്കപ്പെടുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നാണ് ഗുരുവായൂരെന്നതും ഈ അനുഭവത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. പഴയ കാലത്ത് ഈ പ്രഖ്യാപിത നിയമം നിലനിന്നിരുന്നതിന് കൃത്യമായ കാരണങ്ങൾ ഉണ്ടായിരുന്നിരിക്കാം. അത്തരം വിഷയങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഞാനൊരു കൃഷ്ണഭക്തനായാണ് ഇതെഴുതുന്നത്—അതിനപ്പുറം ഒന്നുമില്ല.

തെക്കേ ഇന്ത്യയിലെ പ്രസിദ്ധമായ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലൊന്നായ ഗുരുവായൂരിനെപ്പറ്റി പലരും കേട്ടുകാണില്ല. എന്നാൽ കേരളത്തിലും തമിഴ്നാട്ടിലും, ഒരുപക്ഷേ, എന്റെ ജന്മനാടായ തിരുവിതാംകൂറിലെ ശ്രീ അനന്തപത്മനാഭസ്വാമി ക്ഷേത്രത്തെക്കാൾ പ്രസിദ്ധമാണിതെന്നു പറയാം.

അത്ര പരിചയമില്ലാത്തവർക്കായി ഗുരുവായൂരപ്പനെപ്പറ്റി ആമുഖമായി ചിലതു പറയാം.

ചരിത്രസാക്ഷ്യങ്ങളൊന്നുമില്ലെങ്കിലും, ഇവിടത്തെ വിഗ്രഹത്തിന് അയ്യായിരത്തിലധികം വർഷം പഴക്കമുണ്ടെന്ന് ഐതിഹ്യസൂചനകൾ

വെളിപ്പെടുത്തുന്നു. വിഗ്രഹത്തിന്റെ കഥയിതാണ്. ദേവദേവനായ ശ്രീ മഹാവിഷ്ണുവിനാൽ പൂജിക്കപ്പെട്ട, അദ്ദേഹം ബ്രഹ്മാവിന് കൈമാറ്റം ചെയ്ത വിഗ്രഹം പവിത്രമായ പാതാളാഞ്ജനശിലയാൽ നിർമ്മിതമാണ്. യുഗയുഗാന്തരങ്ങൾക്കുശേഷം ശ്രീകൃഷ്ണന്റെ മാതാപിതാക്കളായ വസുദേവരും ദേവകിയും ആരാധിച്ചതും ഈ മൂർത്തിയെയാണ്. പിന്നീട് ദ്വാരകയിൽ പ്രതിഷ്ഠിച്ച് ശ്രീകൃഷ്ണൻ ഉപാസിച്ചിരുന്നതും ഇതേ വിഗ്രഹത്തെയാണ്.

സ്വർഗ്ഗാരോഹണത്തിനുമുമ്പ് ഭഗവാൻ ആ വിഗ്രഹം തന്റെ ഭക്തന്മാരിൽ പ്രഥമഗണനീയനായിരുന്ന ഉദ്ധവർക്ക് നൽകുകയും അത് ദേവഗുരു ബൃഹസ്പതിയെ ഏല്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ദേവഗുരു അനുയോജ്യമായ ഒരു സ്ഥലം കണ്ടുപിടിച്ച് കലിയുഗത്തിൽ ആരാധിക്കുവാനായി പ്രതിഷ്ഠിക്കുമെന്നും ഭഗവാൻ അരുളിച്ചെയ്തിരുന്നു. ദ്വാരക പ്രളയത്തിൽ ആണ്ടുപോയി. എന്നാൽ, ബൃഹസ്പതി തന്റെ മുഖ്യശിഷ്യനായ വായുദേവന്റെ സഹായത്തോടെ പ്രളയജലത്തിൽനിന്നും ഭഗവദ്ബിംബം വീണ്ടെടുത്തു. വിഗ്രഹ പ്രതിഷ്ഠയ്ക്കായി അനുയോജ്യമായ സ്ഥലമന്വേഷിക്കുന്നതിനിടയിൽ വിഗ്രഹാന്വേഷണവുമായി ദ്വാരകായാത്രയിലായിരുന്ന പരശുരാമനെ കണ്ടു.

അതിസുന്ദരമായ തടാകത്തിന്റെയരികിലുള്ള പച്ചപ്പുനിറഞ്ഞ ഒരു പ്രദേശത്തേക്ക് പരശുരാമൻ ഗുരുവിനെയും വായുഭഗവാനെയും ആനയിച്ചു. യോഗീശ്വരനായ ഭഗവാൻ ശിവൻ പാർവ്വതീസമേതനും ധ്യാനനിരതനുമായി ആ പ്രദേശത്തുണ്ടായിരുന്നു. വിഗ്രഹം അവിടെ പ്രതിഷ്ഠിക്കാനുള്ള അനുമതി ശിവപാർവ്വതിമാർ ഗുരുവിനു നല്കി. അന്നുമുതൽ അവിടം 'ഗുരുവായൂർ' എന്ന പേരിൽ പുകൾപെറ്റു. ശിവപാർവ്വതിമാർ തടാകത്തിന്റെ അങ്ങേക്കരയിലേക്കു പോകുകയും മമ്മിയൂരിൽ വാസമാരംഭിക്കുയും ചെയ്തു. മമ്മിയൂരിൽ ശിവക്ഷേത്രത്തിലെത്തി ആരാധന നടത്താതെ ഗുരുവായൂർ തീർത്ഥാടനം പരിപൂർണ്ണമാകുകയില്ല എന്ന് കണക്കാക്കപ്പെടുന്നു.

പുരാവൃത്തങ്ങളുടെ സ്വാധീനം അത്രമേലുണ്ട്. ചരിത്രപരമായി പറഞ്ഞാൽ 'ഗുരുവായൂർ' അഥവാ 'കുറുവായൂർ' എന്ന പ്രയോഗം ആദ്യമായി കാണുന്നത് *കോകസന്ദേശം* എന്ന തമിഴ് കാവ്യത്തിലാണ്. *കൂർവൈ* എന്നാൽ തമിഴിൽ കടൽ എന്ന് അർത്ഥം. അതിനാൽ സ്ഥലനാമം 'കുറുവായൂർ' പതിനേഴാം നൂറ്റാണ്ടുമുതലുള്ള ക്ഷേത്രരേഖകൾ ലഭ്യമാണ്. ആൾവാർമാരുടെ ഗീതങ്ങളിൽ ക്ഷേത്രത്തെപ്പറ്റിയുള്ള സൂചന കാണുന്നുണ്ട്. പതിനാറാം നൂറ്റാണ്ടിന്റെ അന്ത്യപാദംമുതൽ കേരളത്തിലെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നാണ് ഗുരുവായൂർ.

1760-ൽ ഡച്ചുകാർ ഗുരുവായൂർക്ഷേത്രം ആക്രമിച്ചു. അമൂല്യ നിധിശേഖരം കൊള്ളയടിച്ച അവർ ക്ഷേത്രക്കൊടിമരം പൊതിഞ്ഞി

രുന്ന സ്വർണ്ണം കൈക്കലാക്കുകയും ക്ഷേത്രത്തിന്റെ ഒരു ഭാഗം അഗ്നിക്കിരയാക്കുകയും ചെയ്തു. 1766–ൽ ഹൈദർ അലി കോഴിക്കോട് പിടിച്ചടക്കിയപ്പോൾ ഗുരുവായൂരിനെയും തന്റെ കൊടിക്കീഴിൽ ചേർത്തു. മലബാർ ഗവർണ്ണറായിരുന്ന ശ്രീനിവാസ റാവുവിന്റെ അഭ്യർത്ഥനപ്രകാരം ഹൈദർഅലി പാരിതോഷികമായി—ദേവദയയായി—ക്ഷേത്രം ഹിന്ദുക്കൾക്ക് തിരിച്ചുനൽകുകയും ചെയ്തു. 1788–ൽ ടിപ്പുസുൽത്താൻ മലബാറിലേക്കു പടനയിച്ചു. നശിപ്പിച്ചുകളയുമോ എന്ന ഭയത്താൽ ക്ഷേത്രപുരോഹിതർ വിഗ്രഹത്തെ ഒളിപ്പിച്ചുവച്ചു. ടിപ്പുസുൽത്താൻ ചെറിയ ശ്രീകോവിലുകൾ നശിപ്പിക്കുകയും ക്ഷേത്രത്തിന് തീയിടുകയും ചെയ്തു. എന്നാൽ, പെട്ടെന്നു പെയ്ത മഹാവൃഷ്ടി ക്ഷേത്രത്തെ സംരക്ഷിച്ചു.

പിന്നീട്, ചെമ്പകശ്ശേരി നമ്പൂതിരി, ദേശവർമ്മ നമ്പൂതിരി, ഉള്ളനാട് പണിക്കന്മാർ തുടങ്ങിയ മഹദ്വ്യക്തികൾ തങ്ങൾക്കുള്ളതെല്ലാം ക്ഷേത്രഭണ്ഡാരത്തിലേക്ക് മുതൽക്കൂട്ടി. 1900–ാം ആണ്ടോടുകൂടി ക്ഷേത്രാരാധന പുനരാരംഭിച്ചു. 1928–ൽ കോഴിക്കോട് സാമൂതിരി ഗുരുവായൂർ ക്ഷേത്രഭരണാധികാരിയായി വീണ്ടും ചുമതലയേറ്റു. 1970–ൽ ഒരു വലിയ തീപിടിത്തമുണ്ടാവുകയും ജാതിമതഭേദമന്യേ എല്ലാ ജനങ്ങളും ഓടിയെത്തി തീ അണയ്ക്കുവാൻ ഒരുമിച്ചു പ്രയത്നിക്കുകയും ചെയ്തു. വലിയ നാശനഷ്ടമുണ്ടായെങ്കിലും ഗർഭഗൃഹത്തിന് ഒന്നും സംഭവിച്ചില്ല. പുനർനിർമ്മിക്കപ്പെട്ട ക്ഷേത്രം 1973 ഏപ്രിൽ 14–ന് വീണ്ടും ഭക്തർക്കായി തുറന്നുകൊടുത്തു.

ഗുരുവായൂർ എന്ന നാമത്തെ വിഖ്യാതമാക്കിയ മഹത്തുക്കളും വിശുദ്ധാത്മാക്കളുമായ രണ്ടുപേരുണ്ട്—മേല്പത്തൂർ നാരായണ ഭട്ടതിരി (എ.ഡി. 1559–1632), പൂന്താനം (എ.ഡി. 1547–1640) എന്നിവർ.

മഹാവിദ്വാനും ഗണിതശാസ്ത്രജ്ഞനുമായിരുന്ന മേല്പത്തൂർ നാരായണഭട്ടതിരിയാണ് *നാരായണീയ*ത്തിന്റെ കർത്താവ്. ഭാഗവതപുരാണത്തിന്റെ സംക്ഷേപമായ *നാരായണീയം* ഭക്തിരസപ്രധാനമായ ഒരു സംസ്കൃതകാവ്യമാണ്. ദേവസ്തുതിയായ 1036 ശ്ലോകങ്ങളാണതിലുള്ളത്. മേല്പത്തൂരിന്റെ ഗുരുവായ അച്യുത പിഷാരടിക്ക് അസഹ്യവേദനയുള്ള സന്ധിവാതമുണ്ടായിരുന്നു. ഗുരുവിന്റെ വേദനയും പീഡയും കണ്ടു മനസ്സുതളർന്ന ഭട്ടതിരി തന്റെ യോഗശക്തിയാൽ രോഗം ഗുരുവിൽനിന്നും സ്വീകരിക്കുകയും ഗുരുവിന് വേദനയിൽനിന്നും മുക്തിനൽകുകയും ചെയ്തു. എന്നാൽ അതിതീവ്രമായ വേദന കാരണം അദ്ദേഹം ഗുരുവായൂരിലേക്ക് ഒരു തീർത്ഥയാത്രയ്ക്ക് ഒരുങ്ങി, ഗുരുവായൂരപ്പൻ തന്റെ ക്ലേശങ്ങൾ അകറ്റും എന്ന ചിന്തയോടെ.

ക്ഷേത്രത്തിന്റെ നടയ്ക്കൽവച്ച് അദ്ദേഹം അദ്ധ്യാത്മരാമായണത്തിന്റെ രചയിതാവായ തുഞ്ചത്ത് എഴുത്തച്ഛനെ കാണാനിടയായി. യാഥാസ്ഥിതിക ബ്രാഹ്മണനായിരുന്ന മേല്പത്തൂരിനോട് 'മീൻതൊട്ടു

കൂട്ടുക' എന്നുപറഞ്ഞ് എഴുത്തച്ഛൻ അദ്ദേഹത്തെ ഞെട്ടിച്ചതായി ഒരു കഥയുണ്ട്. മത്സ്യം കഴിക്കാനല്ല മറിച്ച്, മഹാവിഷ്ണുവിന്റെ അവതാരമായ 'മത്സ്യം' മുതൽ തുടങ്ങി, ഭാഗവതകഥ രചിക്കുവാനാണ് പ്രതീകാത്മകമായി എഴുത്തച്ഛൻ തന്നോട് നിർദ്ദേശിച്ചതെന്ന് ഭട്ടതിരി മനസ്സിലാക്കി.

അന്നുമുതൽ ശ്രീ ഗുരുവായൂരപ്പന്റെ മുന്നിലിരുന്ന് ഓരോ ദശകം എഴുതി നൂറുദിവസംകൊണ്ട് നാരായണീയം രചിച്ചതായി വിശ്വസിക്കപ്പെടുന്നു. തൊട്ടടുത്ത ദിവസം ഗുരുവായൂരപ്പൻ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷനാകുകയും രോഗപീഡയിൽനിന്നും മോചിപ്പിക്കുകയും ചെയ്തു. വർത്തമാനകാലത്തും, സംസ്കൃതഭാഷയിൽ വിരചിതമായ നാരായണീയം കേരളക്കര സാദരം ഗണിക്കുകയും ഏറ്റവും ഭക്തിയോടെ വായിക്കുകയും ചെയ്യുന്നു.

മേല്പത്തൂരിന്റെ സമകാലികനായിരുന്ന പൂന്താനം പണ്ഡിതനായിരുന്നില്ല. എന്നാൽ തികഞ്ഞ ഗുരുവായൂരപ്പഭക്തനായിരുന്നു. അറിവിന്റെ ഗീതകമായ '*ജ്ഞാനപ്പാന*' എന്ന മഹദ് സൃഷ്ടിയുടെ പേരിലാണ് അദ്ദേഹം സ്മരിക്കപ്പെടുന്നത്. *ജ്ഞാനപ്പാന* മലയാളഭാഷയിലാണു രചിക്കപ്പെട്ടിരിക്കുന്നത്. ഇരുപതാം വയസ്സിൽ വിവാഹിതനായ അദ്ദേഹം ഏറെക്കാലം കുട്ടികളില്ലാതെ വിഷമമനുഭവിച്ചു. കണ്ണീരോടുകൂടി അദ്ദേഹം ഗുരുവായൂരപ്പന്റെ മുന്നിൽ പ്രാർത്ഥനയുമായി നിന്നു. ഒടുവിൽ അദ്ദേഹത്തിന് ഗുരുവായൂരപ്പന്റെ അനുഗ്രഹത്താൽ ഒരു പുത്രൻ ജനിച്ചു. മാലോകരെല്ലാവരെയും ക്ഷണിച്ചുവരുത്തി ഉത്സവംപോലെ ഒരു ആഘോഷം പൂന്താനം നടത്തി. നിർഭാഗ്യവശാൽ ചടങ്ങിന് ഒരു മണിക്കൂർ മാത്രം ശേഷിക്കേ കുഞ്ഞ് പെട്ടെന്ന് മരിച്ചുപോയി.

ദുഃഖാർത്തനായ പൂന്താനം ഇഹലോകസൗഖ്യങ്ങളെല്ലാം വെടിഞ്ഞ് ശ്രീഗുരുവായൂരപ്പനിൽ അഭയം പ്രാപിച്ചു. അദ്ദേഹത്തിന്റെ മനഃസ്ഥിതി കടൽപോലെ മാറി. ഉണ്ണിക്കണ്ണനായ ഗുരുവായൂരപ്പൻ സ്വന്തം കുഞ്ഞാണെന്ന് അദ്ദേഹം കരുതി.

*ഉണ്ണിക്കണ്ണൻ മനസ്സിൽ കളിക്കുമ്പോൾ*
*ഉണ്ണികൾ മറ്റുവേണമോ മക്കളായ്?*

ജ്ഞാനപ്പാന തുടങ്ങുന്നതും അവസാനിക്കുന്നതും താഴെക്കാണുന്ന വരികളിലാണ്:

*കൃഷ്ണ കൃഷ്ണാ മുകുന്ദാ ജനാർദ്ദന*
*കൃഷ്ണ ഗോവിന്ദ നാരായണാ ഹരേ*
*അച്യുതാനന്ദ ഗോവിന്ദ മാധവാ*
*സച്ചിദാനന്ദ നാരായണാ ഹരേ*

"അതാ, കൃഷ്ണൻ ഗുരുവായൂരപ്പൻ എന്നെ വൈകുണ്ഠത്തിലേക്കു കൊണ്ടുപോകാനായി വന്നിരിക്കുന്നു. അദ്ദേഹത്തെ പ്രകീർത്തിച്ചു പാടൂ" ഊർദ്ധ്വൻ വലിച്ചു കിടക്കവേ അദ്ദേഹം മുകളിലേക്കു നോക്കിപ്പറഞ്ഞു–

ഈ ലോകം വെടിഞ്ഞ്, പ്രിയമാനസനായ ശ്രീകൃഷ്ണന്റെ അരികിലേയ്ക്ക് അദ്ദേഹം എന്നെന്നേക്കുമായി യാത്രയായി.

ഇനി ഞാൻ പറയാൻ പോകുന്നത്, ഭഗവാൻ കൃഷ്ണൻ സ്നേഹവാത്സല്യത്തോടെ എനിക്കായി നടമാടിയ അതിശയകരമായ ലീലാവിലാസത്തെപ്പറ്റിയാണ്. ആത്മകഥയിൽ എന്റെ സുഹൃത്തായ അനന്തനാരായണനെപ്പറ്റിയും അദ്ദേഹത്തിന്റെ പിതാവും എൽ.ഐ.സി. ഓഫ് ഇന്ത്യയിലെ ജീവനക്കാരനുമായ വിശ്വനാഥ അയ്യരെപ്പറ്റിയും പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേക്കു സ്ഥലംമാറ്റം ലഭിച്ചു പോയപ്പോൾ, എല്ലാ വർഷവും വടക്കുംനാഥ ശിവക്ഷേത്രത്തിൽ നടക്കാറുള്ള തൃശ്ശൂർ പൂരം കാണുവാനായി ശ്രീ വിശ്വനാഥ അയ്യർ എന്നെ ക്ഷണിച്ചു.

നൂറിലധികം ഗജവീരന്മാർ നെറ്റിപ്പട്ടവും മറ്റ് അലങ്കാരങ്ങളുമണിഞ്ഞ് ക്ഷേത്രപരിസരത്ത് നിരന്നുനിൽക്കുന്നതാണ് തൃശ്ശൂർപൂരത്തിലെ ഏറ്റവും നയനമനോഹരമായ കാഴ്ച. ധാരമുറിയാതെ മുഴങ്ങുന്ന ചെണ്ടമേളത്തിന്റെ അകമ്പടിയോടെ ദേവീദേവന്മാരുടെ പൊൻതിടമ്പുകൾ ആനപ്പുറത്ത് എഴുന്നള്ളിക്കും. അതിഗംഭീരമായ വെടിക്കെട്ടോടുകൂടിയാണ് തൃശ്ശൂർപൂരം സമാപിക്കുക. ആയിരം പീരങ്കികൾ ഒരുമിച്ചു വെടിയുതിർക്കുമ്പോഴെന്നപോലെ പൂരമൈതാനത്തിനു ചുറ്റുമുള്ള വലിയ കെട്ടിടങ്ങളിൽ അതിന്റെ അലയൊലികൾ പ്രതിധ്വനിക്കും.

അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച് ഞാൻ അവിടെയെത്തുകയും ഉത്സവാഘോഷങ്ങൾ സന്തോഷത്തോടെ ആസ്വദിക്കുകയും ചെയ്തു. പാലക്കാട്ട് എൻജിനീയറിങ്ങിന് പഠിക്കുകയായിരുന്ന അനന്തന് ആ ദിവസങ്ങളിൽ അവധിയെടുക്കുവാൻ കഴിയുമായിരുന്നില്ല. പൂരപ്പിറ്റേന്ന് രാവിലെ വിശ്വനാഥ അയ്യർ എന്നെ നേരത്തേ വിളിച്ചുണർത്തിയിട്ട് പറഞ്ഞു:

"വരൂ നമുക്ക് ഗുരുവായൂർക്ക് പോകാം, വേഗം തയ്യാറായി മുണ്ടുടുക്കൂ, എന്നിട്ട് പെട്ടെന്ന് ബസ് പിടിക്കാം."

തൃശ്ശൂരിൽനിന്നും ഗുരുവായൂരിലേക്ക് അധികദൂരമില്ല. ഞങ്ങൾ പെട്ടെന്നുതന്നെ അവിടെ എത്തുകയും ചെയ്തു. സമയം അപ്പോഴും പുലർകാലംതന്നെയായിരുന്നു.

അരക്കെട്ടിനു മീതേ വസ്ത്രങ്ങളൊന്നും ധരിക്കാതെ വേണം പുരുഷന്മാർ ചുറ്റമ്പലത്തിലേക്കു കയറുവാൻ. അതിനാൽ ഞങ്ങൾ ധരിച്ചിരുന്ന ഷർട്ടുകളൂരി അരഭാഗത്തു കെട്ടിവച്ചു. ചുറ്റമ്പലത്തിന്റെ പടിവാതിക്കലുള്ള സൂചനാബോർഡ് കണ്ട് ഞാൻ നിന്നു— 'അഹിന്ദുക്കൾക്ക് പ്രവേശനമില്ല.'

"അങ്കിൾ എനിക്ക് അകത്തേക്കു വരാൻ കഴിയില്ല." ഞാൻ പറഞ്ഞു.

"നീ ഇത്ര ബാലിശമായി പെരുമാറരുത്. ആരു കണ്ടുപിടിക്കാനാ? എന്തായാലും, എനിക്ക് നന്നായി അറിയാം നീ ശ്രീകൃഷ്ണഭക്തനാണെന്ന്. നിന്നെ കണ്ടാൽ ഒരു ബ്രാഹ്മണന്റെ ലക്ഷണവും ഉണ്ട്. അകത്തേക്കു വരൂ."

"ഇല്ല," ഞാൻ പറഞ്ഞു: "എനിക്ക് ആരേയും പറ്റിക്കണ്ട. അങ്ങ് അകത്തുപോയി എനിക്ക് കുറച്ചു പ്രസാദം കൊണ്ടുവന്നു തന്നാൽമതി."

കൂടെ വരാൻ ഒരുപാടുനേരം നിർബന്ധിച്ചെങ്കിലും ഞാൻ വരുന്നില്ല എന്നുറച്ചുനിന്നതിനാൽ അദ്ദേഹം തനിയെ ക്ഷേത്രത്തിനുള്ളിലേക്കു കയറി. ഞാൻ കൊടിമരച്ചുവട്ടിൽ നിന്നു. അവിടെനിന്ന് ശ്രീകോവിൽ കാണുവാനായി ഞാൻ എന്നാൽ കഴിയും വിധമെല്ലാം ശ്രമിച്ചു. എല്ലാവരുടെയും നാവിൽനിന്ന് ഉതിർന്നത് ഒരേ മന്ത്രം: "നാരായണ, നാരായണ ഗുരുവായൂരപ്പാ!" രോമാഞ്ചത്താൽ ഞാൻ ത്രസിച്ചു. അകത്തേക്കുപോയ വിശ്വനാഥനങ്കിൾ നെറ്റിയിൽ ചന്ദനക്കുറിയുമായി തിരിച്ചെത്തി. അദ്ദേഹത്തിന്റെ ചുണ്ടിലും "നാരായണ, നാരായണ." ശ്രീലകത്തുനിന്നും ലഭിച്ച ചന്ദനവും പൂക്കളും എനിക്കു തന്നിട്ട് നമുക്കു മടങ്ങാം എന്നു പറഞ്ഞു.

ഈ ക്ഷേത്രപരിസരം എനിക്ക് ഒരുപാട് ഇഷ്ടമായതിനാൽ കുറച്ചു സമയംകൂടി ഇവിടെ തങ്ങണമെന്നുണ്ട് എനിക്ക്. അതുകൊണ്ട് വൈകുന്നേരംവരെ ഇവിടെ ഇരിക്കുകയാണ് എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

"ശരി." അദ്ദേഹം പറഞ്ഞു: "സൂക്ഷിക്കണം. ഇതാ കുറച്ചു പണം. തൃശ്ശൂരിലേക്കുള്ള ബസ് കേറണമെങ്കിൽ എവിടെ പോകണമെന്ന് നിനക്കറിയാമല്ലോ? രാത്രിയാകുന്നതിനുമുമ്പ് തിരിച്ചെത്തണം."

ക്ഷേത്രമതിൽക്കകത്ത് പല സ്ഥലങ്ങളിലായി ഞാൻ അലഞ്ഞുതിരിഞ്ഞു നടന്നു. തൊട്ടടുത്തുകണ്ട ചായക്കടയിൽ കയറി ഇഡ്ഡലിയും സാമ്പാറും കഴിച്ചു. വിശപ്പിനു ശമനമായപ്പോൾ ക്ഷേത്രക്കുളത്തിന്റെ വശത്തേക്കു ഞാൻ നടന്നു. അവിടെക്കണ്ട അതിപുരാതനമായ, വർഷങ്ങളുടെ കാറ്റും മഴയുമേറ്റ വലിയ മരത്തിന്റെ തണൽപറ്റി ഞാനിരുന്നു. പെട്ടെന്നാണ് പരിതാപകരമായ സന്ദർഭത്തിന്റെ സങ്കടം എന്നെ കീഴടക്കിയത്. ഞാൻ അലമുറയിട്ടു കരയുവാൻ തുടങ്ങി. നിയന്ത്രിക്കാൻ കഴിയാത്ത കരച്ചിലിനോടൊപ്പം എന്റെ ശരീരം നന്നായി വിറയ്ക്കുന്നുമുണ്ടായിരുന്നു.

ചെറിയൊരു ജനക്കൂട്ടം രൂപംകൊണ്ടു. അതിലൊരാൾ 'നിനക്കു വിശക്കുന്നുണ്ടോ? എന്താണു കാര്യം?' എന്നൊക്കെ അന്വേഷിച്ചു.

'പാവം കുട്ടി' എന്നു പറഞ്ഞുകൊണ്ട് വൃദ്ധയായ ഒരു സ്ത്രീ എന്റെ ശിരസ്സിൽ തലോടി. ഏതാനും നിമിഷംകൊണ്ട് ഞാൻ ആത്മനിയന്ത്രണം വീണ്ടെടുത്തു. എനിക്കൊന്നുമില്ല, പേടിക്കാനൊന്നുമില്ല എന്നൊക്കെ പറഞ്ഞ് അവിടെ കൂടിയവരെയെല്ലാം ഞാൻ തിരിച്ചയച്ചു. അതിനുശേഷം

വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടതിനാൽ ഞാൻ മരത്തിനു കീഴിൽക്കിടന്ന് നന്നായി ഉറങ്ങി.

അപ്പോൾ അത്ഭുതകരമായ ഒരു സ്വപ്നദർശനമുണ്ടായി. നിങ്ങളൊരു പക്ഷേ, ഇതിന് സ്വപ്നം എന്നു പറഞ്ഞേക്കാം. പക്ഷേ, എന്നെ സംബന്ധിച്ച് സ്വപ്നം എന്നതിലൊക്കെ ഉപരിയാണത്. ഞാനാ ദിവസത്തെപ്പറ്റി ഓരോതവണ ഓർക്കുമ്പോഴും നിർവൃതിയുടെ ഒരു മഹാസമുദ്രം എന്നിൽ അലയടിക്കാറുണ്ട്. 'നാരായണ, കൃഷ്ണാ കൃഷ്ണാ' എന്ന മന്ത്രം ഞാൻ ജപിക്കുകയോ കേൾക്കുകയോ ചെയ്യുന്നുണ്ട്. എന്റെ സ്വപ്നത്തിൽ, കൊടിമരച്ചുവട്ടിൽ കൈകൂപ്പി ഭഗവദ് വിഗ്രഹം ഒരു നോക്കു കാണുവാനായി നിൽക്കുകയാണ് ഞാൻ. കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്ന എനിക്ക് അരണ്ട ഒരു രൂപരേഖമാത്രമേ കാണുവാൻ കഴിയുന്നുണ്ടായിരുന്നുള്ളൂ. അതും പിന്നീട് തീർത്തും മങ്ങിപ്പോയി.

പെട്ടെന്നു ക്ഷേത്രത്തിനുള്ളിൽനിന്നും ഒരു ശംഖനാദം ഉയർന്നു. എന്റെ ശരീരം ആലിലപോലെ വിറച്ചു. അതിഭയങ്കരമായ കുരുക്ഷേത്ര യുദ്ധത്തിന്റെ പ്രാരംഭത്തിൽ മുഴങ്ങിയതും യോദ്ധാക്കളെപ്പോലും കിടുകിടാ വിറപ്പിച്ചതുമായ, സാക്ഷാൽ ശ്രീകൃഷ്ണന്റെ, മഹത്തായ പാഞ്ചജന്യത്തിന്റെ നാദമാണതെന്ന് ഞാൻ എന്നോടുതന്നെ പറഞ്ഞു. ക്ഷേത്രഗോപുരത്തിനടുത്തേക്ക് അകത്തുനിന്നും എന്തോ നീങ്ങിവരുന്നതായി ഞാൻ കണ്ടു. അടുത്തുവന്നപ്പോഴാണ് അത് ശ്രീകോവിൽതന്നെയായിരുന്നു എന്ന് ഞാൻ തിരിച്ചറിഞ്ഞത്.

അകത്ത് കാർവർണ്ണനായ ഉണ്ണിക്കണ്ണൻ തന്റെ ദിവ്യോദാത്തമായ സുസ്മേരവദനവുമായി, എന്നോട് അടുത്തേക്കു വരുവാൻ ആംഗ്യം കാണിച്ചു വിളിക്കുന്നു. ഞാൻ നടവാതില്ക്കലേക്ക് ഓടി. അദ്ദേഹം ശ്രീകോവിലിൽനിന്നു പുറത്തുകടന്ന് എന്നെ ആഞ്ഞുപുൽകി. ആനന്ദനിർവൃതികൊണ്ട് എന്റെ മനം നിറഞ്ഞു. തുളസിയുടെയും ചന്ദനത്തിന്റെയും ഗന്ധം എന്നിൽ നിറഞ്ഞു. എങ്ങനെയാണ് അതു ഞാൻ വിവരിക്കുക, "കൃഷ്ണാ കൃഷ്ണാ" എന്ന് ഉറക്കെ വിളിച്ചുകൊണ്ട് ഞാൻ ഉറക്കം വിട്ടുണർന്നു.

എന്റെ ശരീരത്തിലുടനീളം ആ നിർവൃതി അപ്പോഴും പ്രവഹിക്കുന്നുണ്ടായിരുന്നു. ക്ഷേത്രക്കുളത്തിലിറങ്ങി കൈകാലുകൾ കഴുകിയിട്ട്, അർദ്ധബോധാവസ്ഥയിൽ ഞാൻ ചുറ്റമ്പലത്തിലേക്കോടി. ശ്രീകോവിലിന് അടുത്തെത്തി ഞാൻ അകത്തേക്കു നോക്കിയപ്പോൾ സ്വപ്നത്തിൽ ഞാൻ കണ്ട, അതേ ചിരിയുമായി നിൽക്കുന്ന എന്റെ കൃഷ്ണനെ നമ്പൂതിരി പുരോഹിതൻ പൂജിച്ചുകൊണ്ടു നിൽക്കുന്നതു കണ്ടു. പ്രസാദമായി എനിക്കു ലഭിച്ച ചന്ദനവുമായി ഇടറുന്ന കാൽവയ്പുകളോടെ ഞാൻ പുറത്തേക്കു നടന്നു. ഏതാനും നിമിഷങ്ങൾക്കകം ഞാൻ എന്റെ വിവേകശൂന്യമായ ബോധത്തിലേക്ക് തിരിച്ചെത്തി. ചന്ദനത്തിന്റെ വളരെ നേർത്തുപോയ സുഗന്ധം മാത്രം ശേഷിച്ചു.

ക്ഷേത്രത്തിനു പുറംവഴിയിലൂടെ പ്രദക്ഷിണംവച്ച് ഞാൻ നേരേ പോയത് ബസ്സ്റ്റാന്റിലേക്കാണ്. അധികം വൈകാതെ ഞാൻ തൃശ്ശൂരിൽ തിരിച്ചെത്തി. വൈകുന്നേരം ജോലികഴിഞ്ഞ് മടങ്ങിയെത്തിയ വിശ്വനാഥ അയ്യരോട് ക്ഷേത്രത്തിനകത്തു പോകുവാനുള്ള ആഗ്രഹത്തെ എനിക്കു ചെറുത്തു തോല്പിക്കുവാൻ കഴിഞ്ഞില്ലായെന്നും എനിക്ക് മഹാദർശനം സിദ്ധിച്ചുവെന്നും ഞാൻ പറഞ്ഞു.

"ഞാൻ പറഞ്ഞതല്ലേ നീ എന്റെകൂടെ വന്നാൽ പോരായിരുന്നോ. എന്തായാലും നിന്റെ മുഖത്ത് വലിയ സന്തോഷം കാണാനുണ്ട്" എന്ന് അദ്ദേഹം പറഞ്ഞു.

"ശരിയാണ്, എനിക്കു വലിയ സന്തോഷമായി. ഒരുപാടു നന്ദിയുണ്ട്."

എനിക്കുണ്ടായ സവിശേഷമായ അനുഭവം ഞാൻ നിധിപോലെ സൂക്ഷിച്ചു. അദ്ദേഹത്തോടുപോലും പങ്കുവച്ചില്ല. അത് ഹൃദയാഴങ്ങളിൽ ഞാൻ ഒളിപ്പിച്ചുവച്ചിരിക്കുകയായിരുന്നു. ഏതാനും ചിലരോട് ഈ കഥയുടെ ചില ഭാഗങ്ങൾ ഞാൻ വിവരിച്ചിട്ടുണ്ടെങ്കിലും ഈ ദിനം വരെ മുഴുവൻകഥ ആരും അറിഞ്ഞിട്ടുണ്ടായിരുന്നില്ല.

പ്രിയ സുഹൃത്തുക്കളെ, എന്റെ ഹൃദയം നിങ്ങളുടെ മുമ്പിൽ തുറന്നിടട്ടെ. മനസ്സിന്റെ വാതായനങ്ങളെല്ലാം ഞാനിതാ തുറക്കുന്നു. വായിക്കുമ്പോൾ കൃഷ്ണസ്നേഹത്തിന്റെ മധുരമുള്ള അനുഗ്രഹത്തെ നിങ്ങൾ നുകരുക. ശ്രീമദ്ഭാഗവതത്തിൽ പറയുന്നതുപോലെ "സത്യം പരമം ധീമഹി"—ഞാൻ അതിശ്രേഷ്ഠമായ പരംപൊരുളിനെയാണു ധ്യാനിക്കുന്നത്.

# വിദൂരഭൂതകാലത്തിലേക്കൊരു യാത്ര

ഈ അദ്ധ്യായം എഴുതുമ്പോൾ അതുണ്ടാക്കാവുന്ന പ്രകോപനാത്മകമായ പ്രതികരണങ്ങളെപ്പറ്റി ഞാൻ ബോധവാനാണ്. എന്റെ വൈചിത്ര്യങ്ങളെയും അസാധാരണ പ്രകൃതങ്ങളെയും കണക്കിലെടുക്കാതെ എന്നെ സ്നേഹിക്കുന്ന നല്ല സുഹൃത്തുക്കൾ, എനിക്ക് ഭ്രാന്തുപിടിച്ചുവെന്ന തീർപ്പിലെത്തും. കരുണയും കരുതലുമുള്ളവരാകയാൽ അവർ പരിശ്രമിച്ചും നിർബന്ധിച്ചും എന്നെയൊരു നല്ല മനഃശാസ്ത്രജ്ഞനെ കാണിക്കുവാനും സാദ്ധ്യതയുണ്ട്. ചിലർ ശുദ്ധ അസംബന്ധം എന്നു തള്ളിക്കളഞ്ഞേക്കാം. മറ്റുചിലർക്ക് ഇത് മതിഭ്രമമായും തോന്നിയേക്കാം. എന്നാൽ എനിക്കെന്റെ ഓർമ്മകളുടെ ചുമടിറക്കിവയ്ക്കേണ്ടതുണ്ട്. അതിനാൽ വായിക്കുമ്പോൾ പഞ്ചേന്ദ്രിയങ്ങൾ സംവേദനം ചെയ്തുണ്ടാകുന്ന സാധാരണ യുക്തിവാദങ്ങളുടെ പരിധികൾക്കപ്പുറം അത്ഭുതകരമായൊരു ലോകമുണ്ടെന്നുകൂടി ദയവായി ഓർക്കുക.

എന്റെ ഭൂതകാലത്തിലെ ആദ്യത്തേതും വ്യക്തവുമായ ഓർമ്മകൾ ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പേ, യാദവവീരനും ദിവ്യാവതാര പുരുഷനുമായ ശ്രീകൃഷ്ണന്റെ കാലത്തോളം പഴക്കമുള്ളവയാണ്. എന്റെ പിതാവായ ഋഷി വിഷ്ണുപാദനൊപ്പം ഞാൻ—അദ്ദേഹത്തിന്റെ ഒരേയൊരു മകൾ ഇന്ദുമതി—ഇന്ദ്രപ്രസ്ഥനഗരത്തിന്റെ പ്രാന്തപ്രദേശത്തായിരുന്നു വസിച്ചിരുന്നത്. യമുനാതീരത്ത്, സുന്ദരപുഷ്പങ്ങൾ പൂത്തുലഞ്ഞ വൃക്ഷങ്ങളും സസ്യലതാദികളും നിറഞ്ഞ വനത്തിനുള്ളിൽ മൺചുമരുകളുള്ള ഓലമേഞ്ഞ കുടിലിലായിരുന്നു ഞങ്ങളുടെ ജീവിതം. മാനുകളും മയിലുകളും സ്വൈരവിഹാരം നടത്തിയിരുന്നയിടം.

എന്റെ അമ്മ രേണുക പ്രസവാനന്തരം മരിച്ചുപോയതിനാൽ, സമീപത്തുള്ള മറ്റ് ആശ്രമങ്ങളിലെ ഋഷിപത്നിമാരുടെ സഹായത്തോടെ അച്ഛനാണ് എന്നെ വളർത്തിയത്. ഒരേയൊരു സന്താനമായിരുന്നതിനാൽ, അച്ഛൻ എന്നെ വളരെയധികം സ്നേഹിക്കുകയും ലാളിക്കുകയും ചെയ്തിരുന്നു. ആൺകുട്ടികളെപ്പോലെയാണ് അച്ഛൻ എന്നെ വളർത്തിയത്. എന്നെ വേദങ്ങൾ പഠിപ്പിക്കുവാനും ഗായത്രീമന്ത്രം ജപിക്കുവാനും യാജ്ഞവൽക്യസൂത്രങ്ങൾ പ്രകാരമുള്ള അഭ്യാസയോഗം പരിശീലിപ്പിക്കു

വാനും അദ്ദേഹം പ്രത്യേക താത്പര്യം കാണിച്ചിരുന്നു. ദ്രോണാചാര്യരുടെ കുലത്തിൽ ജനിച്ചുവെന്നതിനാൽ ബ്രാഹ്മണനായിട്ടും അദ്ദേഹം ധനുർവിദ്യയിലും കുതിരസവാരിയിലും നിപുണനായിരുന്നു. ഋഷിയായി വനത്തിലേക്ക് കുടിയേറുന്നതിനുമുമ്പേ അദ്ദേഹം പഠിച്ചുവെച്ച ഈ വിദ്യകൾ എന്നെ പഠിപ്പിക്കുകയും ഞാൻ കാട്ടുകുതിരകളുടെ പുറത്ത് സവാരി പരിശീലിക്കുകയും ചെയ്യുമായിരുന്നു.

ഋഷിമാരും അവരുടെ കുടുംബങ്ങളും അധിവസിച്ചിരുന്ന ശൃംഗവനത്തിൽ തികച്ചും സമാധാനപരവും സന്തോഷകരവുമായ ജീവിതമാണ് ഞങ്ങൾ നയിച്ചിരുന്നത്. ഋഷിപുത്രിയായിരുന്നതിനാൽ നിഷ്കളങ്കവും അച്ചടക്കവുമുള്ള ജീവിതരീതിയായിരുന്നു ഞാൻ ശീലിച്ചുപോന്നത്. പതിനാറു വയസ്സായപ്പോഴേക്കും വേദങ്ങളും ജ്യോതിശാസ്ത്രവും അനുബന്ധവിഷയങ്ങളും അടങ്ങിയ വേദാംഗങ്ങളിലും ഞാൻ വൈദഗ്ദ്ധ്യം നേടി. പതിനാറാം വയസ്സിന്റെ പിറന്നാൾ ദിവസത്തിൽ, പ്രായംചെന്ന ഒരു ആൽമരത്തിന്റെ അടുത്തിരുന്ന് അച്ഛൻ എന്റെ ജീവിതമപ്പാടേ മാറ്റിമറിക്കാൻപോന്ന ആ വാക്കുകൾ എന്നോടു പറഞ്ഞു. ഇതായിരുന്നു ആ വാക്കുകൾ: "എന്റെ കുഞ്ഞേ, മഹാദേവനായ സാക്ഷാൽ മഹാവിഷ്ണു യദുകുലത്തിൽ കാർവർണ്ണനായ ഒരു ബാലകനായി സ്വയം അവതരിച്ചിട്ടുണ്ട്. വൃന്ദാവനവനികയ്ക്കടുത്തുള്ള ഗോകുലം എന്ന ചെറുപട്ടണത്തിലാണ് അദ്ദേഹത്തിന്റെ ജനനം. ഇപ്പോൾ അവൻ ഗോപന്മാരോടും ഗോപികമാരോടുമൊപ്പം കുസൃതി കാട്ടി നടക്കുന്നുവെങ്കിലും വരുംകാലത്ത് പല മഹാസംഭവങ്ങൾക്കും അവൻ നിദാനമായിത്തീരും. പാണ്ഡവരും കൗരവരും തമ്മിൽ കുരുക്ഷേത്രത്തിൽ മഹായുദ്ധം നടക്കും. കൃഷ്ണനെന്ന പേരിൽ അറിയപ്പെടുന്ന ദിവ്യപുരുഷൻ, പാണ്ഡവസഹോദരിൽ ഒരാളായ അർജ്ജുനന്റെ തേരാളിയായി യുദ്ധക്കളത്തിലെത്തും. അവിടെവച്ച് ഉപനിഷത്ത് സാരങ്ങൾ ലളിതപാഠങ്ങളായി അർജ്ജുനനെ പഠിപ്പിക്കും. അങ്ങനെ അത് ലോകത്തിനു ലഭിക്കും.

"ഭഗവാൻ കൃഷ്ണൻ തന്റെ ദേഹത്തെ ഉപേക്ഷിച്ചുപോയശേഷം കലിയുഗാരംഭമാണ്. കലിയുഗത്തിൽ മനുഷ്യൻ അല്പായുസ്സുകളായും, അപൂർവ്വം ചില സാഹചര്യങ്ങളൊഴികെ, പ്രകൃതിയുടെ നിഗൂഢതകൾ ഗ്രഹിക്കാൻക്ഴിയാത്തവരുംവേദങ്ങൾമനസ്സിലാകാത്തവരുമായിത്തീരും. എന്റെ ജീവിതം അവസാനിക്കാറായി എന്നൊരു തോന്നൽ. അതിനു മുമ്പെ, എനിക്ക് നിന്നോടൊപ്പം വൃന്ദാവനത്തിലൊന്ന് പോകണം. എനിക്കു ചിലപ്പോൾ അവിടെയെത്താൻ കഴിഞ്ഞേക്കില്ല. പക്ഷേ, നിനക്കു കഴിയും. അവിടെ നീ കൃഷ്ണനെ കാണും. അതിനുശേഷം എന്താണു സംഭവിക്കുകയെന്ന് അദ്ദേഹത്തിനുമാത്രം അറിയാം, എനിക്കറിയില്ല. രണ്ടു ദിവസങ്ങൾക്കകം നമുക്കു യാത്ര തിരിക്കണം. തയ്യാറാകൂ. ഇവിടെയാരോടും ഇതേക്കുറിച്ച് പറയണ്ട. രഹസ്യമായിരിക്കട്ടെ."

രണ്ടു ദിവസങ്ങൾക്കുശേഷം, രാവിലെ ഞങ്ങൾ യാത്ര തിരിച്ചു. കുറേ ദിവസങ്ങൾ യാത്ര തുടർന്നു. വഴിമദ്ധ്യേ ഞങ്ങൾ ഏതെങ്കിലും ഋഷി വാടങ്ങളിലോ ഗൃഹസ്ഥന്മാരുടെ ഭവനങ്ങളിലോ തങ്ങുകയും അവിട ങ്ങളിൽനിന്നും ഭക്ഷണം കഴിക്കുകയും ചെയ്തു. മറ്റുചിലപ്പോൾ ഞങ്ങൾ തുറസ്സായ പ്രദേശങ്ങളിൽ മരങ്ങൾക്കു കീഴിൽ ഉറങ്ങുകയും ഫലമൂലാദി കൾ ഭക്ഷണമാക്കുകയും ചെയ്തു. പെരുമഴയെയും തണുത്തുറഞ്ഞ കാറ്റിനെയും രണ്ടു തവണ ഞങ്ങൾ അഭിമുഖീകരിച്ചു.

വൃന്ദാവനത്തിലെത്തുവാൻ മൂന്നു ദിവസം മാത്രം ശേഷിക്കെ, അച്ഛന് തീരെ സുഖമില്ലാതായി. അദ്ദേഹം എന്നോടു പറഞ്ഞു: "ഇന്ദൂ, നാരായ ണന്റെ തിരുസ്വരൂപം കാണുവാനുള്ള സൗഭാഗ്യം ഇത്തവണ എനിക്കി ല്ലായെന്നു തോന്നുന്നു. എന്നാൽ, നീ അദ്ദേഹത്തെ കാണും. ഞാൻ ക്ഷീണിതനാണ്. ഈ അസുഖത്തിൽനിന്നും ഞാൻ മോചിതനാകുമെന്നു തോന്നുന്നില്ല. യമുനാതീരംവരെ എന്നെ എത്തിക്കൂ. നദി എന്റെ ദേഹ മെടുത്ത്, അവൾക്ക് ഇഷ്ടമുള്ളിടത്ത് എത്തിക്കട്ടെ. നീ വൃന്ദാവന ത്തിലേക്കു പോകൂ. അവിടെയെത്തി ഗുണശില എന്നു പേരുള്ള ഗോപാലകനെ കാണണം. അവൻ എന്റെ ശിഷ്യനാണ്. അവനും അവന്റെ ഭാര്യയുംകൂടി നിന്നെ നോക്കിക്കൊള്ളും. പോകാനുള്ള സമയമായി. എന്നെ നദീതീരത്തേക്കു കൊണ്ടുപോകൂ."

വളരെ പ്രയാസപ്പെട്ട് ഞാൻ അദ്ദേഹത്തെ യമുനാതീരത്തെത്തിച്ചു. അദ്ദേഹം ഏറെ ബുദ്ധിമുട്ടി നദിയിലെ വെള്ളത്തിലേക്കിറങ്ങി. ഖേചരി ക്രിയയാൽ ശ്വസനം നിർത്തി പുരികങ്ങൾക്കിടയിലുള്ള കേന്ദ്രത്തിൽ ദൃഷ്ടി കേന്ദ്രീകരിച്ച് പ്രണവമന്ത്രം ചൊല്ലി അദ്ദേഹം ആത്മാവിനെ പരി ത്യജിച്ചു. അദ്ദേഹത്തിന്റെ ശരീരം യമുന കൊണ്ടുപോവുകയും ചെയ്തു.

എനിക്ക് എല്ലാം നഷ്ടപ്പെട്ടു. ആകെ ഉണ്ടായിരുന്നത് അച്ഛനാണ്; അദ്ദേഹം പോയി. ഒരു ഋഷിപുത്രി ആയിരുന്നതിനാൽ, ഞാൻ വളരെ പെട്ടെന്നുതന്നെ എന്റെ ദുഃഖത്തെ മറന്നു, വൃന്ദാവനത്തിലേക്ക് യാത്ര തുടർന്നു. ഗുണശിലയുടെയും ചന്ദ്രികയുടെയും ഭവനം അന്വേഷിച്ചു കണ്ടുപിടിച്ചു. അച്ഛന്റെ മരണമറിഞ്ഞ് അവരിരുവരും ദുഃഖിച്ചു, കരഞ്ഞു. കുട്ടികളില്ലാത്തതിനാൽ അവരെന്നെ സ്വന്തം മകളായി ദത്തെടുത്തു.

കുറെ ദിവസങ്ങൾക്കുശേഷം, ഒരു സായംകാലത്ത്, ഞാൻ ചന്ദ്രിക യോടു പറഞ്ഞു:

"എന്റെ അച്ഛൻ എന്നോടു പറഞ്ഞു, ദിവ്യപുരുഷൻ ഇവിടെയെവി ടെയോ, കാർവർണ്ണനായി യുവകോമളനായി കൃഷ്ണൻ എന്ന പേരിൽ അവതാരം ചെയ്തിട്ടുണ്ടെന്ന്. അദ്ദേഹത്തെ കണ്ടിട്ടുണ്ടോ? അദ്ദേഹത്തെ പ്പറ്റി എന്നോടു പറയൂ. എനിക്ക് അദ്ദേഹത്തെ കാണാൻ കഴിയുമോ?"

ചുണ്ടിൽ വിരൽവച്ചിട്ട് ചന്ദ്രിക പറഞ്ഞു:

"ശ് ശ് ശ്! ഞാൻ അദ്ദേഹവുമായി പ്രണയത്തിലാണെന്ന് ഗുണയ്ക്ക് അറിയില്ല!" അവളുടെ മുഖത്ത് ലജ്ജയുടെയും നിർവൃതിയുടെയും പ്രകാശം പരന്നു.

"ഇവിടെ എല്ലാവർക്കും അദ്ദേഹത്തെ അറിയാം. എന്റെ ഭർത്താവ് അദ്ദേഹത്തെ പരമോത്തമനായ നാരായണനായി കരുതുന്നു. പക്ഷേ, ഞങ്ങൾ ഗോപികമാർക്ക് അതൊന്നും അറിയില്ല. ആരെയും വശീകരിക്കുവാൻ പോന്നവനാണവൻ. വെണ്ണ കട്ടുതിന്നുന്ന, നദിയിൽ കുളിക്കാൻ പോകുമ്പോൾ ഞങ്ങളുടെ വസ്ത്രങ്ങൾ മോഷ്ടിക്കുന്ന, കള്ളക്കാർവർണ്ണനാണവൻ, കാമദേവന്റെ അവതാരമാണവൻ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ദാ നോക്കൂ, എനിക്കുണ്ടായ രോമാഞ്ചം!"

ഞാൻ അവളെ ശകാരിച്ചു:

"എനിക്കു തോന്നുന്നത് നീ മറ്റാരെപ്പറ്റിയോ ആണ് പറയുന്നതെന്നാ. അദ്ദേഹത്തെപ്പറ്റി പറഞ്ഞ ആകാരവർണ്ണനകളും ലക്ഷണങ്ങളും യോജിക്കുന്നുണ്ടെങ്കിലും, അച്ഛൻ പറഞ്ഞ ആൾ ഇതാകില്ല. എനിക്കു കാണാൻ കഴിയുമെങ്കിൽ അന്നുവരെ കാത്തിരിക്കും. അദ്ദേഹത്തിന് ഒരിക്കലും വിവാഹിതകളും നിഷ്കളങ്കരുമായ സ്ത്രീകളെ ഇത്തരത്തിൽ പ്രലോഭിപ്പിക്കുവാൻ കഴിയില്ല. ഞാനൊരു ഋഷിപുത്രിയാണ്. എനിക്ക് അദ്ദേഹത്തെ കാണാൻ കഴിഞ്ഞാൽ ഞാൻ കുറച്ചു സന്മാർഗ്ഗതത്ത്വങ്ങൾ, അദ്ദേഹത്തെ പഠിപ്പിച്ചുകൊടുക്കും. കൃഷ്ണനാണെങ്കിലും കൃഷ്ണനല്ലെങ്കിലും ഇങ്ങനെയൊന്നും ചെയ്യാൻ പാടില്ല."

"വെറുതേയല്ല നിങ്ങൾ ഗോപികമാർ ഇത്രയ്ക്ക് അണിഞ്ഞൊരുങ്ങി നടക്കുന്നത്. മുല്ലപ്പൂക്കൾകൊണ്ട് അലംകൃതമായി ചമയുന്നത്. എന്തോ മായാവിദ്യകൊണ്ട്—കൃഷ്ണജാലത്തിലാകാം—നിങ്ങളുടെ മനസ്സുകളെ അദ്ദേഹം നിയന്ത്രണത്തിലാക്കിയിരിക്കുകയാണ്. ഞാൻ കരുതിയത് ഞാൻ കാണാൻ പോകുന്നത് സാക്ഷാൽ ഈശ്വരനെയാണെന്നാ. പക്ഷേ, എന്റെ അച്ഛന് തെറ്റുപറ്റിയോ?"

ചന്ദ്രിക പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു:

"എന്റെ കുഞ്ഞേ, പൗർണ്ണമിരാത്രിയിൽ അദ്ദേഹത്തിന്റെ മധുര വേണുനാദം കേൾക്കുന്നതുവരെ നീ കാത്തിരിക്കൂ, കാത്തിരിക്കൂ മകളെ."

"നമുക്കു കാണാം" എന്നു പറഞ്ഞ് ഞാനെന്റെ പതിവുധ്യാനത്തിനു പോയി.

ഈ സംഭാഷണം നടന്ന് അനവധി ദിവസങ്ങൾ, വീട്ടുകാര്യങ്ങളിൽ ചന്ദ്രികയെ സഹായിച്ചുകൊണ്ടും ഞാൻ കൂടെ കൊണ്ടുവന്നിരുന്ന പുരാതന ഗ്രന്ഥങ്ങൾ വായിച്ചും കഴിവതും വീടിനകത്തുതന്നെ കഴിഞ്ഞു. തൈരുകടഞ്ഞ് വെണ്ണയെടുക്കുവാനും ഗോക്കളെ കറക്കുവാനും പാകം ചെയ്യുവാനും ഞാൻ പഠിച്ചു.

ഒരു ദിവസം രാത്രി ഏറെ വൈകിയ നേരത്ത്, മേൽപ്പുരയില്ലാത്ത അകത്തളത്തിൽ ഞാൻ ഏകയായിരുന്ന് എല്ലാദിവസത്തെയുംപോലെ

ഗോപികമാർ വർണ്ണിച്ച കൃഷ്ണഗാഥകൾ പരിചിന്തനം ചെയ്യുകയായിരുന്നു. ഞാൻ മാനത്തേക്കു നോക്കി. രജതരൂപരേഖയുള്ള വിമല മേഘങ്ങളുടെ ലോലമേലാപ്പിനു പിന്നിൽ, പൂർണ്ണചന്ദ്ര പ്രഭാവം ഞാൻ കണ്ടു. അപ്പോൾ ഞാനതു കേട്ടു. വിദൂരതയിൽനിന്നും കേട്ടുകൊണ്ടിരുന്ന ആ നാദം എന്റെ അരികിലേക്ക് വന്നു—ആരോ മധുരോദാരമായി ഓടക്കുഴൽ വായിക്കുന്നു. അത്രയ്ക്കും മനോഹരമായിരുന്നു ആ ഗീതം. ഞാൻ എഴുന്നേറ്റു. പാമ്പാട്ടിയുടെ മുന്നിലേക്കു നാഗങ്ങൾ വശീകരണശക്തിയാൽ എത്തുന്നതുപോലെ സ്വാധീനിക്കപ്പെട്ട് ഞാൻ അവിടേക്കു നീങ്ങുകയായിരുന്നു. ആ വേണുഗായകനെ കാണുവാനും അവന്റെ മുന്നിലെത്തുവാനുമുള്ള ആഗ്രഹം എന്റെ ഹൃദയത്തെ കവർന്നു കഴിഞ്ഞിരുന്നു. നിർവൃതിയിൽ സ്വയം നഷ്ടപ്പെട്ട ഞാൻ രോമാഞ്ചപുളകിതയായി.

ഗുണയുടെ കിടപ്പുമുറിയുടെ കതകു തുറക്കുന്ന ശബ്ദത്താൽ ഞാൻ ആ ധ്യാനാവസ്ഥയിൽനിന്നും ഉണർത്തപ്പെട്ടു. ചന്ദ്രിക ഉണർന്ന്, മല്ലികപ്പൂക്കളാൽ തന്റെ കേശഭാരം അലങ്കരിച്ച്, കണ്ണിൽ കരിമഷിയെഴുതി ഒരുങ്ങിക്കഴിഞ്ഞിരുന്നു. വീടിന്റെ വാതിൽ തുറന്ന് അവൾ പുറത്തേക്ക് ഓടിയപ്പോൾ അവളുടെ വെള്ളി കാൽച്ചിലമ്പുകൾ കിലുകിലെ കിലുങ്ങുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകളിൽ ഒരു സ്വപ്നാടകയുടെ സ്നിഗ്ദ്ധഭാവം മുറ്റിനിന്നു. അതിനാൽത്തന്നെ അവളുടെ തൊട്ടു മുന്നിൽ നിന്ന എന്നെ അവൾ കണ്ടതേയില്ല. “കൃഷ്ണാ” എന്നു സ്വയം മന്ത്രിച്ചുകൊണ്ട് അവൾ പുറത്തേക്കുപോയി.

അവളെ പിന്തുടരുവാനുള്ള പ്രലോഭനം ഞാൻ സ്വയം കുടഞ്ഞുകളഞ്ഞു. ആത്യന്തികമായി ഞാനൊരു ഋഷിപുത്രിയാണ്. ആത്മനിയന്ത്രണം എന്റെ സഹജശീലവുമാണ്. ഞാൻ ഗുണയുടെ കിടപ്പുമുറിയിലേക്കു നോക്കി. അവിടെ മയക്കുമരുന്ന് കഴിച്ചവനെപ്പോലെ അയാൾ ഗാഢനിദ്രയിലായിരുന്നു. എന്റെ ഹൃദയപത്മത്തിലേക്ക് ഉറ്റുനോക്കി ഞാൻ ധ്യാനനിരതയായി. അത്ഭുതങ്ങളിലെ മഹാത്ഭുതമെന്നു പറയട്ടെ, ആ സംഗീതം എന്റെ ഹൃദയത്തിനുള്ളിൽനിന്നുമുയർന്നു. എന്റെ ബോധതലത്തിൽ അകക്കാമ്പിൽ ഒരു ചെറിയ നീലക്കാർവർണ്ണരൂപം നൃത്തമാടി. കുറെനേരം ഞാനതാസ്വദിച്ചു. ഒടുവിലെപ്പോഴോ ഉറങ്ങിപ്പോയി.

ദിവസങ്ങൾ കടന്നുപോകുന്തോറും ആ പ്രലോഭനത്തെ ചെറുത്തു തോല്പിക്കുവാനുള്ള ശ്രമവും ഞാൻ തുടർന്നുകൊണ്ടിരുന്നു. ഒരു ദിവസം സന്ധ്യാസമയത്ത് ഞാൻ വെള്ളമെടുക്കുവാനായി നദീതീരത്തേക്കുപോയി. കുടത്തിൽ വെള്ളം നിറച്ചുകൊണ്ടിരിക്കെ, ആരോ എന്റെ പിന്നിൽ നിൽക്കുന്നതായി തോന്നി തിരിഞ്ഞു നോക്കിയപ്പോൾ ഞാനവനെ കണ്ടു, കറുത്തനിറമാർന്ന സുന്ദരനായ യുവാവ്. ഞാൻ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരമായ പുഞ്ചിരിയാണ് അവന്റേത്. എന്റെ വലതുചുമലിൽ തലോടിക്കൊണ്ട് അവൻ പറഞ്ഞു:

"ഇന്ന് പൗർണ്ണമി രാത്രിയാണ്, നീ വരൂ." ഇത്രയും പറഞ്ഞ് അവൻ നടന്നകന്നു.

തിരികെ വീട്ടിലെത്തിയ ഞാൻ നടന്നതെല്ലാം ചന്ദ്രികയോടു പറഞ്ഞു. ചന്ദ്രികയുടെ ഉത്തരം ഇങ്ങനെയായിരുന്നു.

"എനിക്കറിയാമായിരുന്നു ഇങ്ങനെയൊക്കെ സംഭവിക്കുമെന്ന്. വരൂ, അണിഞ്ഞൊരുങ്ങൂ, നമുക്കു പോകാം."

ചന്ദ്രിക എന്റെ കണ്ണുകളിൽ കൺമഷിയെഴുതി, ചുണ്ടുകളിൽ ചായം തേച്ചു. ആടയാഭരണങ്ങൾ അണിയിച്ചു. തലയിൽ മുല്ലപ്പൂ ചൂടിച്ചു. ദേഹമാസകലം ചന്ദനം പൂശി. ചന്ദ്രൻ ആകാശത്ത് ഉദിച്ചപ്പോൾ അവളെന്നെയുംകൂട്ടി വാടികയിലേക്കുപോയി. വേണുനാദം കാറ്റിൽ നിറഞ്ഞു. അതിന്റെ ഉറവിടം അന്വേഷിച്ചുപോയ ഞാൻ ഉദ്യാനത്തിന്റെ നടുവിലെത്തി. ചന്ദ്രിക എവിടെയോ പോയി. ഞാനൊറ്റയ്ക്കായി. പൂർണ്ണചന്ദ്രൻ മാത്രം സകലത്തിനും സാക്ഷി.

ഒരു അശോകമരത്തിന്റെ പിന്നിൽനിന്നും അവൻ പെട്ടെന്ന് പ്രത്യക്ഷനായി—മഞ്ഞപ്പട്ടുടയാടചുറ്റി മുടിയിൽ മയിൽപ്പീലിക്കണ്ണുംചൂടി അതിതേജസ്വി.

താഴ്ന്ന ശബ്ദത്തിൽ അവൻ വിളിച്ചു:

"ഇന്ദൂ, നീ എന്റെ അടുത്തേക്കു വരൂ—നിന്റെ ആത്മാവിനുള്ളിൽ കുടിയിരിക്കുന്നവൻ ഞാനാണ്."

വിശ്രുതയും നിഷ്കളങ്കയുമായ ഒരു മുനിപുത്രിയാണ് താനെന്ന ചിന്ത എന്നെ വിട്ടുപൊയ്ക്കഴിഞ്ഞിരുന്നു. ആ ദിവ്യസുഗന്ധം, ആ കോമളത, ആ പ്രണയം, ആ സുരക്ഷിതത്വം അതിന്റെ നിർവൃതി എന്തെന്ന് വിവരിക്കുവാൻ കഴിയുന്നില്ല. ഞാൻ എന്നെ അവനിൽ അലിഞ്ഞില്ലാതായി.

"ഋഷിപുത്രീ," അവനെന്നെ പരിഹാസഭാവത്തിൽ വിളിച്ചു. "നീ ഇപ്പോൾ ഒരു ഗോപികയാണ്. വരൂ, നമുക്ക് ഇവിടെയിരുന്ന് സംസാരിക്കാം. എനിക്കു നിന്നോടു ചിലതു പറയാനുണ്ട്. മയക്കംവിട്ട് ഉണരൂ."

ഉയരമുള്ള മരങ്ങൾക്കു കീഴിൽ ഒരു പാറക്കെട്ടിന്റെ അടുത്തേക്ക് അവനെന്നെ ആനയിച്ചു. "ഇരിക്കൂ," എന്നോടു ഇങ്ങനെ പറഞ്ഞിട്ട് എന്റെ സമീപത്തുവന്നിരുന്നു.

"ഒരുപാടു ജന്മങ്ങളിലെ കഠിനനിഷ്ഠയുടെ പരമോന്നതിയിൽ, ഒടുവിൽ നീ എന്റെ അരികിൽ എത്തപ്പെട്ടിരിക്കുന്നു. നീയെന്റെ ഗാഢാലിംഗനത്തിന്റെ സ്വാസ്ഥ്യം അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും ഒരുപാടുണ്ട് നിറവേറ്റപ്പെടുവാൻ. പൂർത്തീകരിക്കപ്പെടാത്ത ഒരുപാടാഗ്രഹങ്ങൾ നിന്റെയുള്ളിൽ ശേഷിക്കുന്നുണ്ട്."

"മഥുരയിലേക്കു പോകൂ. ഋഷി ധ്യാനശീലന്റെ ആശ്രമത്തിൽ ചെല്ലൂ. അദ്ദേഹം നിന്നെ അവിടെ പാർക്കാൻ അനുവദിക്കും. അവിടെ ഏതാനും വർഷങ്ങൾകൂടി കഠിനവ്രതത്തിൽ കഴിയൂ—മഹാ കുരുക്ഷേത്രയുദ്ധം

തുടങ്ങുമ്പോൾ ഒരു പടയാളിയായി പാണ്ഡവ പക്ഷത്തുനിന്ന് യുദ്ധം ചെയ്യൂ. ധനുർവിദ്യയിലും കുതിരസവാരിയിലുമുള്ള നൈപുണ്യങ്ങൾ നിന്നെ വളരെയധികം സഹായിക്കും. യുദ്ധത്തിൽ നീ മരിക്കും. നിന്റെ ആത്മാവ് നിന്നെ വിട്ടകലുമ്പോൾ ഞാൻ വീണ്ടും നിനക്കു മുന്നിൽ പ്രത്യക്ഷനാകും."

"സുദീർഘമായ ഒരിടവേളയ്ക്കുശേഷം മരുഭൂപ്രദേശത്തെ രാജ്യത്ത് എന്റെ പിൻമുറക്കാരുടെ വംശത്തിൽ രണവീരനായ ഒരു രാജാവായി നീ പിറക്കും. എന്റെതന്നെ പ്രതിരൂപമായ ഒരു മഹാസിദ്ധനെ ഞാൻ നിന്റെ അരികിലേക്കയയ്ക്കും. അദ്ദേഹം നിന്റെ ഗുരുവാകും. അദ്ദേഹം നിന്നെ ആദ്ധ്യാത്മികോന്നതിയിലെത്തിക്കും. എന്റെ പ്രിയപ്പെട്ടവളേ നീ പോകൂ. നിന്നെ ഞാൻ ഗാഢാശ്ലേഷം ചെയ്തു ഹൃദയത്തോടു ചേർത്തുപിടിച്ചിരിക്കുകയാണ്. അതു നീ മറക്കരുത്." ഇത്രയും പറഞ്ഞ് അദ്ദേഹം അപ്രത്യക്ഷനായി.

തൊട്ടടുത്ത ദിവസം ഗുണയ്ക്കും ചന്ദ്രികയ്ക്കും യാത്രാവന്ദനം ചൊല്ലി ഞാൻ മഥുരയ്ക്കുപോയി. ഋഷി ധ്യാനശീലൻ എന്നെ അദ്ദേഹത്തിന്റെ ആശ്രമത്തിലേക്കു സ്വാഗതം ചെയ്തു. അവിടെ ഞാൻ, ശക്തിചാലന ക്രിയയുടെ ശാസ്ത്രവും പ്രാണശക്തിയുടെ ഉത്തേജനവും പഠിച്ചു. കുരുക്ഷേത്രയുദ്ധം തുടങ്ങിയപ്പോൾ പുരുഷനായി വേഷംമാറി പാണ്ഡവരുടെ സൈന്യത്തിനൊപ്പം ചേർന്നു. എന്റെ അച്ഛൻ പരിശീലിപ്പിച്ചിരുന്ന ധനുർവിദ്യയാൽ ഞാൻ ശക്തരായ ധാരാളം കൗരവയോദ്ധാക്കളെ അമ്പെയ്തു വീഴ്ത്തി.

ഒടുവിൽ അശ്വത്ഥാമാവിന്റെ അസ്ത്രം എന്നെ വീഴ്ത്തി. മുറിവേറ്റു ഞാൻ വീണുകിടക്കവേ, കൃഷ്ണൻ എനിക്കരികിലെത്തി. തന്റെ ഇടംകൈ കൊണ്ട് എന്റെ വലതുകരം ഗ്രഹിച്ച അദ്ദേഹം വലതുകൈ എന്റെ നെറ്റിയിൽ വെച്ചു. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ കണ്ണുകളിലേക്കു നോക്കിക്കൊണ്ട് ഞാൻ എന്റെ പ്രാണൻ വെടിഞ്ഞു.

ഭൂമുഖത്തെ ആയിരക്കണക്കിന് വർഷത്തെ ജീവിതത്തിനിടയിൽ വിവിധ മണ്ഡലങ്ങളിലായി ഞാൻ നേടിയ സൽക്കർമ്മങ്ങളുടെ ഗുണഫലങ്ങളെല്ലാം കൊയ്തെടുത്ത്, സ്ഥാനം മാറുന്ന മണൽക്കുന്നുകളും ഭയങ്കരങ്ങളായ കൊടുങ്കാറ്റുകളുമുള്ള രാജസ്ഥാൻ മരുഭൂമിയിലെ യാദവമുഖ്യനായി ഞാൻ പുനർജനിച്ചു. ആ പ്രദേശത്തിന് അന്നു പേരുണ്ടായിരുന്നില്ല. ഇപ്പോളവിടം ജയ്സാൽമീർ ആണ്. ശ്രീ ഗുരു ബാബാജിയുമായുള്ള ആദ്യ സമാഗമത്തിന്റെ സുപ്രധാനമായ കഥ നടന്നത് അവിടെയാണ്. ശ്രീകൃഷ്ണ ഭഗവാൻ സൂചിപ്പിച്ച മഹാസിദ്ധൻ അദ്ദേഹമാണ്.

# സ്വാമി സച്ചിദാനന്ദ: എളിമയുടെയും പരിത്യാഗത്തിന്റെയും ഉത്കൃഷ്ട മാതൃക

ഞാൻ ധാരാളം യോഗികളെയും വിശുദ്ധപുരുഷന്മാരെയും സന്ന്യാസിമാരെയും കണ്ടിട്ടുണ്ട്. പക്ഷേ, കാഞ്ഞങ്ങാട് ആനന്ദാശ്രമത്തിലെ സ്വാമി സച്ചിദാനന്ദയെപ്പോലെ ലളിതവും വിനീതവുമായ ജീവിതം നയിക്കുന്ന, ഞാനെന്ന ഭാവം ഒട്ടും ഇല്ലാത്ത മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല. എനിക്ക് ഏറ്റവും പ്രിയപ്പെട്ട ഓർമ്മകൾ, അതേപ്പറ്റി പറയുന്നതിനു മുമ്പ് ആനന്ദാശ്രമത്തെപ്പറ്റിയും അതിന്റെ സ്ഥാപകനായ പാപ്പാ രാമദാസിനെപ്പറ്റിയും അദ്ദേഹത്തിന്റെ പ്രിയശിഷ്യ മാതാ കൃഷ്ണാഭായിയെപ്പറ്റിയും ഏതാനും വാക്കുകൾ പറയുന്നത് ഉചിതമായിരിക്കും.

1884-ൽ കേരളത്തിൽ ജനിച്ച സ്വാമി രാമദാസിന്റെ പൂർവ്വാശ്രമനാമം വിഠൽറാവു എന്നായിരുന്നു. ദക്ഷിണ കർണ്ണാടകത്തിലെ സാരസ്വത ബ്രാഹ്മണ കുടുംബത്തിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. അദ്ദേഹത്തിന്റെ അച്ഛൻ 'ഓം ശ്രീറാം, ജയ്റാം ജയ് ജയ് റാം' എന്ന മന്ത്രം ദീക്ഷയായി നൽകിയിരുന്നു. 1920- ഓടുകൂടി തന്റെ ലൗകിക ബന്ധങ്ങളെല്ലാം ഉപേക്ഷിച്ച് ഇന്ത്യയുടെ വിസ്തൃതവിശാലതകളിലെല്ലാം സഞ്ചരിച്ച് ശ്രീ രമണമഹർഷിയെയും ശ്രീ അരവിന്ദനെയുംപോലെയുള്ള മഹാന്മാരായ ആത്മീയ ആചാര്യന്മാരുമായി ബന്ധം പുലർത്തി. ഗഹനവും മോഹിപ്പിക്കുന്നതുമായ ആ യാത്രയ്ക്കൊടുവിൽ യഥാർത്ഥത്തിലുള്ള ആത്മീയസത്തയെ അദ്ദേഹം കണ്ടെടുക്കുകയും ആത്മസാക്ഷാത്കാരത്തിന്റെ സ്വർഗ്ഗീയാനുഭൂതിയിൽ മുഴുകിക്കഴിയുകയും ചെയ്തു.

1931-ൽ അദ്ദേഹത്തിന്റെ ഭക്തന്മാർ ഉത്തരകേരളത്തിലെ കാഞ്ഞങ്ങാട്ട് ആനന്ദാശ്രമം (ശാന്തിയുടെ സങ്കേതം) സ്ഥാപിച്ചു. അവിടെയാണ് അദ്ദേഹത്തിന്റെ തന്നെ കൃപയിലൂടെ ആത്മസാക്ഷാത്കാരം നേടിയ മാതാ കൃഷ്ണാഭായിയുമൊത്ത് ജീവിച്ചതും. അവരൊരുമിച്ച് സാമാന്യജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനായി അക്ഷീണം പ്രയത്നിച്ചതും വിദ്യാലയവും സൗജന്യ മെഡിക്കൽ ക്ലിനിക്കും സ്ഥാപിച്ചതും നെയ്ത്തുകാർക്കായി സഹകരണസംഘം രൂപീകരിച്ചതും അവിടെയാണ്. സാർവ്വലൗകിക സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം പകരുവാനായി അവർ ധാരാളം യാത്രകൾ ചെയ്തു. സർവ്വോപരി സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും ആൾരൂപങ്ങളായിരുന്നു ഇരുവരും. ശാന്തി പ്രസരിപ്പിച്ച് ആദ്ധ്യാത്മികശക്തി ചൊരിഞ്ഞുകൊണ്ട് 'ഓം ശ്രീറാം, ജയ് റാം, ജയ് ജയ് റാം' എന്ന മന്ത്രം ഇരുപത്തിനാലു

മണിക്കൂറും ആനന്ദാശ്രമത്തിൽ മുഴങ്ങുന്നു. 1963-ൽ പാപ്പാ രാമദാസ് ഇഹലോകവാസം വെടിഞ്ഞതോടെ മാതാ കൃഷ്ണാഭായി ആശ്രമത്തിന്റെ ചുമതല ഏറ്റെടുത്തു. 1989-ൽ മാതായും സമാധിയായി.

സന്ന്യാസജീവിതം സ്വീകരിക്കുന്നതിനു മുമ്പ് അനന്തശിവൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന സ്വാമി സച്ചിദാനന്ദ തന്റെ മുപ്പതാം വയസ്സിലാണ് പാപ്പാരാമദാസിന്റെ അരികിലെത്തിയത്. 1949-ൽ സ്വന്തം കുടുംബത്തെ ഉപേക്ഷിച്ച് ലോകനന്മ ലക്ഷ്യംവച്ച് അദ്ദേഹം ആശ്രമത്തിൽ എത്തുകയായിരുന്നു. സന്ന്യാസദീക്ഷ ലഭിച്ചശേഷം പാപ്പാ രാമദാസിന്റെയും മാതാ കൃഷ്ണാഭായിയുടെയും പ്രവർത്തനങ്ങളിൽ ഭാഗഭാക്കായി ജീവിതം മുന്നോട്ടു കൊണ്ടുപോയി. മാതായുടെ സമാധിക്കുശേഷം ആശ്രമത്തിന്റെ ചുമതല ഏറ്റെടുത്ത് ആശ്രമാധിപതിയാവുകയായിരുന്നു. 2008 ഒക്ടോബർ 12-ാം തീയതി അദ്ദേഹം സമാധിയടഞ്ഞു. അവസാന ദിവസംവരെ വിനയവും സ്നേഹഭാവവും അദ്ദേഹം കൈവെടിഞ്ഞിട്ടേയില്ല.

സ്വാമി രാമദാസിന്റെയും മാതാ കൃഷ്ണാഭായിയുടെയും ആശയങ്ങളെ പഠിച്ചിട്ടുണ്ടെങ്കിലും തികഞ്ഞ പശ്ചാത്താപത്തോടെ പറയട്ടെ, പാപ്പായെയും മാതായെയും കാണുവാനുള്ള ഭാഗ്യം എനിക്കു ലഭിച്ചില്ല. അവരുള്ള കാലം ആ ആശ്രമം സന്ദർശിക്കാനുമായിട്ടില്ല. ഏറെ കാലത്തിനുശേഷം എന്റെ സുഹൃത്തും പാപ്പാരാമദാസിന്റെ അനന്തിരവനുമായ പദുക്കോൺ രാമചന്ദ്രറാവു എന്നെ ആദ്യമായി ആശ്രമത്തിൽ കൊണ്ടുപോയി. ഞങ്ങൾ ബാംഗ്ലൂരിൽനിന്നും അവിടെയെത്തുകയായിരുന്നു.

വൈകുന്നേരമാണ് ഞങ്ങൾ ആശ്രമത്തിലെത്തിയത്. അവിടെയെത്തിയപ്പോൾ എനിക്കുണ്ടായ ആദ്യത്തെ വികാരം, ശാന്തിയും നിർവൃതിയും കലർന്നതായിരുന്നു. ഞായറാഴ്ച ആയിരുന്നതിനാൽ അന്നവിടെ ധാരാളം ജനങ്ങളുണ്ടായിരുന്നു. പച്ചപ്പുനിറഞ്ഞ ഒരു കുന്നിന്റെ മുകളിലെ പ്രശാന്തസുന്ദരവും ആഡംബരത്തിന്റെ കാപട്യങ്ങളില്ലാത്തതുമായ ഒരു ഇടമായിരുന്നു അത്. ആരും അവിടത്തെ സ്വസ്ഥാന്തരീക്ഷത്തിന് ഹാനി വരുത്തിയിരുന്നില്ല. ആദ്യം ഞങ്ങൾ സന്ദർശിച്ചത് പാപ്പാരാമദാസിന്റെയും മാതാകൃഷ്ണാഭായിയുടെയും സമാധികുടീരമായിരുന്നു. അവിടെ കുറച്ചുപേർ ധ്യാനനിരതരായി ഇരിപ്പുണ്ടായിരുന്നു. അവിടെ നമസ്കരിച്ചിട്ട് ശ്രീ രാമചന്ദ്രറാവു എന്നെയുംകൂട്ടി ആശ്രമം അഡ്മിനിസ്ട്രേറ്ററുടെ അടുത്തേക്കാണ് പോയത്. പിന്നീട് സ്വാമി മുക്താനന്ദ എന്ന പേരു സ്വീകരിച്ച് സന്ന്യാസദീക്ഷയെടുത്ത അന്നത്തെ ആ അഡ്മിനിസ്ട്രേറ്ററാണ് സ്വാമി സച്ചിദാനന്ദയുടെ കാലശേഷം ആശ്രമത്തിന്റെ ചുമതലയേറ്റെടുത്തത്. വെളുത്ത വസ്ത്രമായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. ഒറ്റ നോട്ടത്തിൽതന്നെ നിർമ്മലഹൃദയനായ ഒരു വ്യക്തിത്വമാണ് അദ്ദേഹമെന്ന തോന്നലാണ് എനിക്കുണ്ടായത്.

അധികം വൈകാതെ ഞങ്ങൾ സ്വാമി സച്ചിദാനന്ദയുടെ അടുത്തെത്തി. ഞങ്ങൾ സാഷ്ടാംഗപ്രണാമം അർപ്പിച്ചു. സ്വാമിക്ക് നന്നേ പ്രായമായി.

ശാരീരികാസ്വാസ്ഥ്യങ്ങൾ ഉണ്ടെന്നും ഞാൻ കേട്ടിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മുഖതേജസ്സിൽ അസ്വസ്ഥതകളുടെ ഒരു ചെറുസൂചനപോലും കലർന്നിരുന്നില്ല. ഉയരമുള്ള ശരീരം. സന്ന്യാസിമാർ ധരിക്കാറുള്ള കാവി വർണ്ണമുള്ള വസ്ത്രം. ദീപ്തമായ പുഞ്ചിരിതൂകി മൃദുസ്വരത്തിലുള്ള സംസാരം. ഞങ്ങളുടെ ക്ഷേമമന്വേഷിച്ചു നടത്തിയ സംസാരത്തിനിടയിൽ ഞാനവിടെ എത്ര ദിവസങ്ങൾ തങ്ങുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും അദ്ദേഹം ചോദിച്ചു.

"ഇവിടത്തെ അന്തരീക്ഷം നന്നായി പ്രയോജനപ്പെടുത്തൂ" എന്ന ഉപദേശം അദ്ദേഹം മലയാളത്തിലാണു നൽകിയത്.

"പി.ആർ. റാവു പറഞ്ഞാണ് നിങ്ങളെപ്പറ്റി ഞാൻ കേട്ടത്. പാപ്പ ഇവിടെ പ്രസരിപ്പിക്കുന്ന ശാന്തിയുടെ അനുഭൂതി നിങ്ങൾ നന്നായി ആസ്വദിക്കുമെന്ന് എനിക്കു തീർച്ചയാണ്."

ധാരാളം പേർ അദ്ദേഹത്തെ കാണുവാനായി കാത്തുനില്പുണ്ടായിരുന്നു. അതിനാൽ ഞങ്ങളുടെ ഭക്ത്യാദരവുകൾ അദ്ദേഹത്തിന്റെ കാൽക്കൽ അർപ്പിച്ച് ഞങ്ങൾ വേഗം പുറത്തിറങ്ങി.

"നാളെ വീണ്ടും വരൂ. ആശ്രമത്തിലെ സന്ധ്യാപ്രാർത്ഥനയിൽ വന്നു പങ്കുകൊള്ളുക." ഇറങ്ങുമ്പോൾ ഞങ്ങളോട് അദ്ദേഹം പറഞ്ഞു.

ഞങ്ങൾക്കു താമസിക്കാൻ തന്നത് ആർഭാടരഹിതമായ മുറികളായിരുന്നു. ഞാൻ ആശ്രമപരിസരമെല്ലാം ചുറ്റിനടന്നു കണ്ടു. എല്ലാത്തിനുമൊരു ലാളിത്യമുണ്ടായിരുന്നു. ഗോശാലയിൽ അനവധി പശുക്കളുണ്ടായിരുന്നു. അനവരതം തുടരുന്ന 'ഓം ശ്രീറാം, ജയ് റാം, ജയ് ജയ് റാം' മന്ത്രജപഘോഷത്തിൽ ഓരോരുത്തരായി ഊഴമനുസരിച്ച് ജപിച്ചു. സന്ധ്യയായപ്പോൾ ഞങ്ങൾ ആശ്രമത്തിലെത്തി. മനോഹരമായ ഭജനകൾ അവിടെ ഉയർന്നുകേട്ടു. ആരതി നടന്നു. ചെറിയൊരു ധ്യാനത്തിനുശേഷം, പാപ്പായുടെയും മാതായുടെയും ചിത്രങ്ങൾക്കു മുമ്പിലും തൊട്ടടുത്തിരിക്കുന്ന സ്വാമി സച്ചിദാനന്ദയുടെ മുമ്പിലും പ്രണാമം അർപ്പിക്കുവാനായി നിൽക്കുന്ന ഭക്തരുടെ നീണ്ട നിരയിൽ ഞാനും സ്ഥാനം പിടിച്ചു. പാപ്പായെയും മാതായെയും പ്രണമിച്ച ശേഷം ഒടുവിൽ സ്വാമി സച്ചിദാനന്ദയുടെ സമീപമെത്തുന്ന എല്ലാവർക്കും അദ്ദേഹം ഓരോ പൂവു വീതം നൽകുന്നുണ്ടായിരുന്നു.

എന്റെ ഊഴമെത്തിയപ്പോൾ അദ്ദേഹം എനിക്കൊരു ചുവന്ന റോസാപ്പൂ നൽകിയിട്ട്, ചെവിയിൽ, "കുഴപ്പമൊന്നുമില്ലല്ലോ" എന്നു പതുക്കെ ചോദിച്ചു.

"ഇല്ല സ്വാമിജീ." ഞാൻ പറഞ്ഞു.

ഊണുമേശയിൽ വിളമ്പിയ ആഹാരത്തിനും ലാളിത്യമുണ്ടായിരുന്നു. എങ്കിലും രുചികരമായ ഭക്ഷണമായിരുന്നു അത്. അന്നു വൈകുന്നേരം ധ്യാനവേളയിൽ സമാധി അവസ്ഥയിൽ എത്തപ്പെടുന്നത് ഞാൻ നന്നായി ആസ്വദിച്ചു. രാത്രിയുടെ മിക്കവാറും യാമങ്ങളിൽ ഞാൻ ഒരു തപോനിദ്രയിലായിരുന്നു. അവിടുണ്ടായിരുന്നവരെല്ലാം കളങ്കമില്ലാത്ത ആത്മാക്കളാ

യിരുന്നു. ഞാൻ അലഞ്ഞുനടന്ന കാലത്ത് ബാബാജി എന്നെ ഇവിടെ കൊണ്ടുവന്നിരുന്നെങ്കിൽ എന്നു ഞാൻ അപ്പോൾ ആശിച്ചുപോയി.

രണ്ടു ദിവസങ്ങൾക്കുശേഷം, ഞങ്ങൾ സ്വാമിജിയോട് യാത്ര പറഞ്ഞ് ആശ്രമത്തിൽനിന്നുപോയി. അതുകഴിഞ്ഞ് ഞാൻ ഒരുപാടു തവണ ആശ്രമത്തിൽ പോയിട്ടുണ്ട്. സ്വാമിജിക്ക് എന്നെ ഇഷ്ടമായിരുന്നതു പോലെ എനിക്കദ്ദേഹത്തെയും വലിയ ഇഷ്ടമായിരുന്നു. അത്തരമൊരു സന്ദർശനത്തിനിടയിൽ, വ്യക്തിപരമായ ഒരു സംഭാഷണത്തിനിടെ, ഞാൻ അദ്ദേഹത്തോട് എന്നെ, 'ഓം ശ്രീറാം, ജയ് റാം, ജയ് ജയ് റാം' മന്ത്രോപദേശമായി പഠിപ്പിച്ചുതരണമെന്ന് അപേക്ഷിച്ചു. ഞാൻ അതിനു മുമ്പേതന്നെ അതു സ്വയം ജപിക്കുന്നത് ആസ്വദിച്ചുതുടങ്ങിയിരിക്കുന്നു. എന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട്, മൃദുസ്വരത്തിൽ അദ്ദേഹം ചോദിച്ചു:

"ഒടുവിൽ നീയത് സ്വായത്തമാക്കുവാൻ തീരുമാനിച്ചു, അല്ലേ?"

"അതെ." ഞാൻ മറുപടി പറഞ്ഞു.

"നിനക്കു നിന്റെ ബാബാജിയുടെ അനുവാദം ലഭിച്ചോ?"

"ലഭിച്ചു." ഞാൻ പറഞ്ഞു.

"ശരി, നീ നാളെ രാവിലെ വരൂ. നിനക്കു മന്ത്രം ലഭിക്കും."

അളവറ്റ ആനന്ദമാണ് എനിക്കുണ്ടായത്. അടുത്ത ദിവസം ഞാൻ സ്വാമി മുക്താനന്ദയുടെ അടുത്തെത്തി. സ്വാമിജി എന്നെ അകത്തേക്കു വിളിച്ചതായി അദ്ദേഹം എന്നോടു പറഞ്ഞു. ഞാൻ അദ്ദേഹത്തെ അനുഗമിച്ചു. സ്വാമിജി എന്നോടു പറഞ്ഞു:

"നിനക്ക് മന്ത്രം സ്വായത്തമാകും. പക്ഷേ, പാപ്പയാണ് ഇതെല്ലാം ചെയ്യുന്നതെന്ന് നീ ഓർക്കണം. നിനക്കിത് പറഞ്ഞുതരാൻ ഞാൻ ആരുമല്ല. പാപ്പ രാമദാസാണ് ഗുരു. അദ്ദേഹമാണ് നിനക്കു മന്ത്രോപദേശം നൽകുക."

ശ്വാസംപോലും അടക്കിപ്പിടിച്ചാണ് ഞാൻ കാത്തിരുന്നത്. തീർച്ചയായും, സ്വാമി രാമദാസിന്റെ ആത്മാവാണ് എന്റെ ചെവിയിൽ മന്ത്രിക്കുവാൻ പോകുന്നത്! സംഭവിച്ച കാര്യങ്ങൾമൂലം എന്റെ കണ്ണുകൾ നിറഞ്ഞു. സമ്പൂർണ്ണമായ അച്ചടക്കത്തിന്റെയും കീഴടങ്ങലിന്റെയും സർവ്വപ്രധാനമായ പാഠമായിരുന്നു അന്ന് അദ്ദേഹം എന്നെ പഠിപ്പിച്ചത്.

സ്വാമിജി ഒരു ടേപ്പ് റിക്കാർഡർ എടുത്ത് ഓൺചെയ്തു.

"ശ്രദ്ധയോടെ കേൾക്കൂ. ഇത് പാപ്പാ രാമദാസിന്റെ ശബ്ദമാണ്. അദ്ദേഹമാണ് നിനക്ക് മന്ത്രം പകർന്നുതരുന്നത്. അദ്ദേഹമാണ് നിന്റെ ഗുരു. ഞാൻ വെറുമൊരു ദാസൻ."

പാപ്പാരാമദാസിന്റെ ശബ്ദം മൃദുലമായി പാടി:

'ഓം ശ്രീറാം, ജയ് റാം, ജയ് ജയ് റാം'

എന്റെ ശരീരത്തെയും മനസ്സിനെയും ആ ശബ്ദം പുളകം കൊള്ളിച്ചു. 'ശുദ്ധ ബ്രഹ്മ പരാത്പര റാം' എന്ന ലഹരിയിൽ ഞാൻ നീന്തിക്കുളിച്ചു. ആഹാ, പാപ്പ രാമദാസിന്റെ ശബ്ദത്തിലൂടെ ആ മന്ത്രം സ്വായത്തമാ

ക്കുവാൻ കഴിഞ്ഞ ഞാനെത്ര ഭാഗ്യവാനാണ്. മഹത്ത്വപൂർണ്ണവും നിർമ്മലവുമായ ആ ആത്മാവിന്റെ പാദാരവിന്ദങ്ങളിൽ ഇരിക്കുവാനും അദ്ദേഹത്തിന്റെ ആശിസ്സുകൾ സ്വീകരിക്കുവാനും കഴിഞ്ഞ ഞാൻ എത്ര അനുഗൃഹീതനാണ്. മഹത്തായ ആ മന്ത്രത്തിന്റെ ആനന്ദാനുഭൂതി യിൽ മുങ്ങിനീരാടിത്തന്നെ എന്റെ മുറിയിൽ എത്തണമെന്നുള്ളതിനാൽ ഞാൻ ദണ്ഡനമസ്കാരം ചെയ്ത് അധികം സംസാരിക്കാതെ അവിടെ നിന്നും ഇറങ്ങി. രണ്ടു മണിക്കൂർ നേരത്തേക്ക് ഞാനാ മഹാമന്ത്രത്തിന്റെ നിർവൃതിയിലായിരുന്നു. എന്നെന്നേക്കുമായി ആ ഈശ്വരകൃപയെ എന്റെ ഹൃദയത്തിന്റെ രഹസ്യ അറയിൽ ഒളിപ്പിച്ചുവെച്ച് അടുത്ത ദിവസംതന്നെ ഞാൻ ബാംഗ്ലൂരിലേക്കു മടങ്ങി.

ഞാൻ പിന്നീട് അനവധി തവണ ആശ്രമം സന്ദർശിച്ചിട്ടുണ്ട്. അവിടെ വെച്ച് ഞാൻ ധാരാളം മഹാത്മാക്കളെയും സാധകരെയും കണ്ടിട്ടുമുണ്ട്. അതിലൊരാൾ, ഞാൻ ആനന്ദാശ്രമത്തിൽവച്ച് ആദ്യമായി കണ്ട തൊണ്ണൂറ്റിയൊൻപതുകാരനായ സ്വാമി വിശ്വാനന്ദയായിരുന്നു. രമണ മഹർഷി യോടും പാപ്പാ രാമദാസിനോടുമൊപ്പം കഴിയുവാനും ഇരുപത്തിയഞ്ചു വർഷക്കാലം വിശുദ്ധയായ ആനന്ദമയി മാതായെ സേവിക്കാനുള്ള മഹാഭാഗ്യവും സിദ്ധിച്ച ഒരാളായിരുന്നു അദ്ദേഹം. പിന്നെ കണ്ടത് എന്റെ പ്രിയസുഹൃത്തും ആത്മാർത്ഥ സാധകനുമായ ശ്രീ അജയ്കുമാർ സിങ്ങായിരുന്നു.

എന്റെ മറ്റൊരു സന്ദർശനത്തിൽ, ആത്മീയമായി വളരെയധികം അഭിവൃദ്ധി പ്രാപിച്ച മൂന്ന് അജ്ഞാതരായ സന്ന്യാസിമാരെ ഞാൻ അവിടെ കണ്ടിരുന്നു.

ഉറ്റ സുഹൃത്തും ആത്മാർത്ഥതയും അറിവുമുള്ള ആത്മാന്വേഷിയും ഞാനെന്റെ മുതിർന്ന ജ്യേഷ്ഠനായി കരുതുകയും ചെയ്യുന്ന ശ്രീകാന്ത് എന്നൊരാളുണ്ട്. ആദ്ധ്യാത്മിക വിഷയങ്ങളിൽ മനോഹരമായ പുസ്തക ങ്ങൾ പ്രസിദ്ധീകരിക്കുന്ന അദ്ദേഹം ആശ്രമത്തിന്റെ തൊട്ടടുത്താണ് താമസം. അദ്ദേഹത്തെ കണ്ട് സ്നേഹാദരങ്ങൾ പങ്കുവയ്ക്കാനുള്ള അവസരവും ഞാനൊരിക്കലും പാഴാക്കിയിട്ടില്ല.

സ്വാമിജിക്ക് സുഖമില്ലാതെ ഹൈദരാബാദിലെ ആശുപത്രിയിൽ പ്രവേശിച്ചിരുന്ന കാലത്താണ് ഞാൻ അവസാനമായി ആശ്രമം സന്ദർ ശിച്ചത്. ഗുരുപൂർണിമാ കാലത്ത് ആശ്രമത്തിൽ, രാമകൃഷ്ണ മിഷനിലെ സ്വാമി ശങ്കരാനന്ദയോടൊപ്പം ഒരു സത്സംഗം നടത്തുവാനായി എന്നെയും ക്ഷണിക്കണമെന്നൊരു വാക്ക് അദ്ദേഹം സ്വാമി മുക്താനന്ദവഴി അറി യിച്ചിരുന്നു. അതനുസരിച്ചാണ് ഞാൻ അവിടെ എത്തിയത്.

സുഖമില്ലാത്തതിനാൽ സ്വാമിജി അതിൽ പങ്കെടുക്കുകയില്ലയെന്നാണ് എല്ലാവരും കരുതിയിരുന്നത്. എന്നാൽ, എല്ലാവരെയും അതിശയി പ്പിച്ചുകൊണ്ട്, തീരെ അവശനായിരുന്നിട്ടും അദ്ദേഹം രാവിലെ എത്തി ച്ചേർന്നു. അടുത്ത ദിവസം മടങ്ങുന്നതിനു മുമ്പേ, ഞാൻ അദ്ദേഹത്തോട് യാത്ര പറഞ്ഞു. സാഷ്ടാംഗം നമസ്കരിച്ചിട്ട് എഴുന്നേറ്റപ്പോൾ, ഞാൻ

അവസാനമായി അദ്ദേഹത്തെ കാണുകയാണെന്നു തോന്നി. അദ്ദേഹത്തിന്റെ കരുണാർദ്രമായ കണ്ണുകൾ എന്നോട് ഇങ്ങനെ പറയുന്നതായും എനിക്കു തോന്നി: "ഈ ദേഹത്താൽ ഞാൻ തളർന്നുപോയിരിക്കുന്നു. ഇതെനിക്ക് ഉപേക്ഷിക്കണം. സമ്പൂർണ്ണ മുക്തിപദത്തിൽ നമുക്കു വീണ്ടും കാണാം."

# വായുവിലൂടെയുള്ള സഞ്ചാരം

ഹിമാലയൻ താഴ്‌വരയിൽ, എന്റെ മുറിയുടെ മട്ടുപ്പാവിലിരുന്ന് ഗംഗാ നദി ഒഴുകുന്നതു കണ്ടുകൊണ്ടിരിക്കുമ്പോൾ പഴയ ചില ഓർമ്മകൾ എന്നിലേക്ക് മെല്ലെമെല്ലെ തിരികെ വരികയായിരുന്നു. നൂറ്റാണ്ടുകളായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന മഹാനദിയിലേക്ക് ഉറ്റുനോക്കിക്കൊണ്ട്, അരുന്ധതി ഗുഹയ്ക്കുള്ളിൽ ബാബാജിക്കരികിലിരിക്കുന്ന യുവാവായ ശിഷ്യൻ.

ഞാൻ ബാബാജിയോടു പറഞ്ഞു: "ബാല്യത്തിൽ വായുവിലൂടെ പറന്നുനീങ്ങുന്നതായി ധാരാളം സ്വപ്നങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. ആ സഞ്ചാരത്തിനിടയിൽ പലപ്പോഴും ഞാൻ വൈദ്യുതികമ്പികളിലും വൃക്ഷച്ചില്ലകളിലും തട്ടാതിരിക്കുവാൻ കുനിഞ്ഞുനീങ്ങുമായിരുന്നു. അതിനു മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത പല വിചിത്രമായ സ്ഥലങ്ങളും ആ യാത്രയ്ക്കിടയിൽ ഞാൻ കാണുമായിരുന്നു. അത്തരം സ്വപ്നങ്ങളിൽ ഞാൻ ഈ ഹിമാലയൻനിരകളെയും പലതവണ കണ്ടിട്ടുള്ളതായി തോന്നുന്നു. ഉണരുമ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ട കാര്യങ്ങളൊക്കെ മറന്നുപോയിരുന്നു. എന്റെ ഉപബോധമനസ്സിൽ ഞാൻ കൊണ്ടുനടന്നിരുന്ന നിഗൂഢാശകളിൽനിന്നും ഉയിർകൊണ്ട സ്വപ്നങ്ങൾ എന്നതിനെക്കാൾ വലിയ അർത്ഥം അതിനുണ്ടാകുമോ?"

"മകനേ, നാം കാണുന്ന സ്വപ്നങ്ങൾ പലതും നമ്മുടെ ഉപബോധമനസ്സിലെ ചിന്തകളുടെയും സൂക്ഷ്മശരീരം അഥവാ ലിംഗശരീരത്തിന്റെ നേരനുഭവങ്ങളുടെയും കുഴഞ്ഞുമറിഞ്ഞ ഒരു മിശ്രിതമായിരിക്കും. ഗാഢനിദ്രയിലായിരിക്കുമ്പോഴാണ് എല്ലാ ജീവജാലങ്ങളും സൂക്ഷ്മശരീരമായി ഭൗതികശരീരം അഥവാ സ്ഥൂലശരീരം വിട്ടു സഞ്ചരിക്കുന്നത്. ഈ രാത്രിയാത്രയുടെ വിശദാംശങ്ങളെല്ലാം തുടച്ചുകളയുവാനുള്ള കഴിവ് സ്വതവേതന്നെ നമ്മുടെ തലച്ചോറിനുണ്ട്. ആ സവിശേഷതകൊണ്ട് നാം ഉണരുമ്പോൾ, സൂക്ഷ്മശരീരത്താലും ഉപബോധമനസ്സിന്റെ 'ഉള്ളടക്ക'ങ്ങൾ കൊണ്ടും നടത്തുന്ന യാത്രകളുടെ 'ആശയക്കുഴപ്പം' നിറഞ്ഞ അരണ്ട ഓർമ്മകൾ മാത്രമേ നമുക്കുണ്ടാകൂ. മുജ്ജന്മങ്ങളിൽ യോഗികളായിത്തീർന്നവർ, 'യോഗഭ്രഷ്ടർ'—പൂർത്തിയാക്കപ്പെടാതെ പോയ യാത്ര പൂർത്തിയാക്കുവാനായി വീണ്ടും ജനിച്ചവർ—അവരുടെ കാര്യത്തിൽ മാത്രം വ്യത്യാസങ്ങളുണ്ടാവാറുണ്ട്. ബാബാജി പറഞ്ഞു:

**"ഭൗതിക ശരീരത്തെവിട്ട് സൂക്ഷ്മശരീരമായി ബോധപൂർവ്വം സഞ്ചാരം നടത്തുവാനും അതിലെ വിവരങ്ങൾ ഓർത്തുവയ്ക്കുവാനും കഴിയുന്ന ചില സങ്കേതങ്ങളുണ്ട്." അതു പറയുമ്പോൾ ബാബാജിയുടെ കണ്ണുകളിൽ നക്ഷത്രത്തിളക്കമുണ്ടായിരുന്നത് ഞാനോർക്കുന്നു.**

എനിക്കതു പഠിക്കാൻ ആഗ്രഹവുമുണ്ട്. കാരണം, സ്വപ്നാവസ്ഥയിൽ അന്തരീക്ഷത്തിലൂടെ സ്വച്ഛം വിഹരിക്കുന്ന ഒരു പക്ഷിയെപ്പോലെ ഞാൻ കുതിച്ചുയർന്നത് എനിക്കിപ്പോഴും ഓർമ്മയുണ്ട്. പക്ഷേ, എല്ലാം അങ്ങയുടെ കൈകളിലാണ്. എനിക്ക് അർഹതയുണ്ടെന്നും അത് എന്റെ ആത്യന്തികലക്ഷ്യം നേടുന്നതിൽനിന്നും എന്നെ തടയില്ല എന്നും അങ്ങേയ്ക്കു തോന്നുന്നുണ്ടെങ്കിൽ മാത്രമേ ഞാനതിനു മുതിരൂ. ഞാൻ പറഞ്ഞു.

"ഒരുപക്ഷേ, നീയത് പരിശീലിക്കണം. അതിന്റെ പരിശീലനത്താൽ, മോക്ഷമെന്നോ കൈവല്യമെന്നോ നിർവാണമെന്നോ വിളിക്കാവുന്ന ആത്യന്തികമായ ലക്ഷ്യത്തിൽനിന്നും നീ വ്യതിചലിക്കപ്പെടാതിരിക്കുവാനും നിന്റെ സുരക്ഷയ്ക്കായും വേണ്ട എല്ലാ മുൻകരുതലുകളും ഞാനെടുക്കുന്നതാണ്. ആ സങ്കേതമറിയുകവഴി, ഭൗതികമായി ഞാൻ അകലെയായിരിക്കുമ്പോൾ പ്രത്യേകിച്ചും സാധാരണ മാർഗങ്ങളിലൂടെ എത്തിപ്പെടുവാൻ കഴിയാത്തയിടങ്ങളിലായിരിക്കുമ്പോൾ, എന്റെ അടുത്തുവരാനും എന്നോട് സമ്പർക്കം പുലർത്തുവാനും നിനക്കു കഴിയും." ബാബാജി പറഞ്ഞു.

തുടർന്ന് ബാബാജി സൂക്ഷ്മ ശരീരത്തിന്റെ സവിശേഷതകളെപ്പറ്റിയും സൂക്ഷ്മശരീരത്തെ ഭൗതിക (സ്ഥൂല ശരീരത്തിൽനിന്നും വേർപെടുത്തുന്നതിനുള്ള ചില സങ്കേതങ്ങൾ പഠിപ്പിക്കുകയും ചെയ്തു.

ലിംഗശരീരം അഥവാ സൂക്ഷ്മശരീരം, സാധാരണ കണ്ണുകൾകൊണ്ട് കാണാൻ കഴിയാത്ത അഗോചരവസ്തുക്കളാൽ നിർമ്മിതമാണ്. അതുതന്നെയാണ് ഭൗതികശരീരമായി രൂപംകൊള്ളുന്നതും ഭൗതിക ശരീരത്തിനുള്ളിലേക്ക് കൃത്യമായി ഉൾക്കൊള്ളുന്നതും. അന്തരാത്മാവ് അതിന്റെ സഹജമായ ആനന്ദം പ്രകടിപ്പിക്കുന്നത് സൂക്ഷ്മശരീരത്തിലൂടെയാണ്. അതിനാൽ അതിനു കാമരൂപമെന്ന പേരുകൂടിയുണ്ട്. അതേസമയം, പഞ്ചേന്ദ്രിയങ്ങളിലൂടെയാണ് ഭൗതികശരീരം അതിന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുന്നത്.

ഭൗതികശരീരത്തിന്റെ പകർപ്പാണ് സൂക്ഷ്മശരീരമെന്നു പറയാം. ഭൗതികശരീരത്തിൽനിന്നു വേറിട്ടുനിൽക്കുമ്പോൾ അതീന്ദ്രിയജ്ഞാനിയുടെ കണ്ണുകൾക്ക് അതു കൂടുതൽ ചെറുപ്പമായും സുന്ദരമായും അനുഭവപ്പെടും. സാധാരണ നേത്രങ്ങളാൽ കാണാൻ കഴിയുന്നതല്ല

അത്, ഒരു കുഞ്ഞിന് എട്ടുവയസ്സ് ആകുമ്പോൾ മാത്രമേ പൂർണ്ണവികാസം പ്രാപിക്കുകയുള്ളൂ.

"അതീന്ദ്രിയജ്ഞാനം, സാധാരണമായി കാണുന്ന ഒരു പ്രതിഭാസമല്ല. ആദ്യ വികാസംനേടിയ യോഗികളിൽ മാത്രമേ ആ ശക്തി കാണാറുള്ളൂ." ബാബാജി അത്രയും പറഞ്ഞിട്ട് അതീന്ദ്രിയശക്തിയുണ്ടെന്ന് അഭിനയിക്കുവന്നവരെപ്പറ്റി എനിക്കു മുന്നറിയിപ്പു നൽകി. ഉയർന്ന സങ്കല്പശക്തി മാത്രമാണ് അങ്ങനെ അഭിനയിക്കുന്നവർക്കുള്ളത്. ദുർബലരും കണ്ണിൽ കാണുന്ന എന്തിനെയും കണ്ണടച്ചു വിശ്വസിക്കുന്നവരുമായവരെ കാര്യലാഭത്തിനായി ഉപയോഗിക്കുന്ന വെറും ചപലന്മാരായിരിക്കും അവർ.

സ്വന്തം ആശകളെ കീഴടക്കിയ യോഗിയെ സംബന്ധിച്ച്, ഭൗതിക ശരീരം ജീർണ്ണിച്ചു പോകുന്നതോടൊപ്പം സൂക്ഷ്മശരീരവും നശിക്കും. അങ്ങനെ ആത്മാവ് പരിശുദ്ധമായ മറ്റൊരു യാനപാത്രത്തിലേക്ക്, കാരണശരീരത്തിലേക്ക് ചേക്കേറുന്നു. മറ്റുള്ളവരിൽ, സൂക്ഷ്മശരീരമെന്ന ലിംഗശരീരത്തിൽ ഉൾക്കൊള്ളുന്നത് ഭഗവദ്ഗീതയിൽ കൃഷ്ണൻ പറയുന്നതുപോലെ, "എല്ലാ ആഗ്രഹങ്ങളും വാസനകളും അതിന്റെ ബീജാവസ്ഥയിൽ കാറ്റു വഹിച്ചുകൊണ്ടുപോകുന്ന പൂക്കളുടെ സുഗന്ധംപോലെയാണ്." ഗുപ്തമായ ആഗ്രഹങ്ങൾ ആസ്വദിക്കുവാനായി മറ്റൊരു പുതുശരീരത്തിലേക്ക് കുടിയേറുന്നതുവരെ അങ്ങനെതന്നെ തുടരുകയും ചെയ്യും.

ഭൗതികശരീരത്തിന്റെ അതേ ആകൃതിയിലായിരിക്കുമെന്നതു കൂടാതെ, അതീന്ദ്രിയ തലത്തിൽ മാത്രം തിരിച്ചറിയാൻ കഴിയുന്ന, ദൃഷ്ടിഗോചരമല്ലാത്ത ആ സൂക്ഷ്മശരീരത്തിന് കാണാനും കേൾക്കാനും വാസനകളറിയുവാനുമുള്ള കഴിവുണ്ടാകും. പക്ഷേ, അവയ്ക്ക് സ്പർശനശേഷി ഉണ്ടാവുകയില്ല. സൂക്ഷ്മശരീരിയായ ഒരുവൻ ഭൗതിക ലോകത്തിലെ ഒരു വസ്തുവിനെ കൈപ്പിടിയിലൊതുക്കുവാൻ ശ്രമിച്ചാൽ വിരലുകൾ വസ്തുവിന്മേൽ കടന്നുകയറുകയല്ലാതെ ദൃഷ്ടിഗോചരമായ ആ വസ്തുവിനെ വഹിക്കുവാൻ കഴിയുകയില്ല. സൂക്ഷ്മവസ്തുക്കളാൽ നിർമ്മിതമാകയാൽ, സൂക്ഷ്മശരീരത്തിന് ചുമരുകൾക്കുള്ളിലൂടെ കടന്നുപോകുവാനും ഭൗതികമായ എല്ലാ വസ്തുക്കളെയും തുളച്ചു കടക്കുവാനും കഴിയും.

തുടക്കത്തിൽ, സൂക്ഷ്മശരീരത്തിന് സ്ഥൂലശരീരത്തിൽനിന്നും വളരെ അകലത്തിലേക്കു പോകുവാൻ കഴിയുകയില്ല. എന്നാൽ പോകപ്പോകെ, സൂക്ഷ്മശരീരി വിദൂരങ്ങളിലേക്ക് സഞ്ചരിക്കുവാനുള്ള ശേഷി നേടിയെടുക്കുകയും അതിന്റെ ഇച്ഛയനുസരിച്ച് മടങ്ങിവരികയും ചെയ്യും. മിക്കവാറും ആളുകളിൽ സൂക്ഷ്മശരീരവും സ്ഥൂലശരീരവും തമ്മിലുള്ള ബന്ധം നാഭീകേന്ദ്രത്തിലാണു സ്ഥിതിചെയ്യുന്നത്. എന്നാൽ യോഗികളാകട്ടെ പുരികക്കൊടികൾക്കിടയിലുള്ള മദ്ധ്യകേന്ദ്രത്തിലൂടെ—ആജ്ഞാചക്രത്തിലൂടെ—സൂക്ഷ്മശരീരത്തെ അവധാനപൂർവ്വം പുറംതള്ളുന്നു.

അതിലൂടെ, ഒരുപാടു വർഷകാലത്തെ പ്രയത്നപരിശീലനങ്ങളിലൂടെ, ഭൗതികലോകത്തു മാത്രമല്ല, ഭൗമാതീതലോകങ്ങളിലേക്ക് സഞ്ചരിക്കുവാൻ യോഗികൾക്കു കഴിയുന്നു. ഭൂമിക്കു പുറത്ത് ശൂന്യാകാശത്ത് ഭൗമാതിരുകൾക്കപ്പുറത്ത് ആകാശനക്ഷത്ര വീഥി അഥവാ വിൺഗംഗ ഉണ്ട്. ആത്മീയോന്നതി നേടിയ യോഗികൾക്കു മാത്രമേ ആ വിതാനങ്ങളിലൂടെ സഞ്ചരിക്കുവാൻ കഴിയുകയുള്ളൂ.

അത്തരം ഒരു സംഭാഷണത്തിനിടെ ഞാൻ ബാബാജിയുടെ ഭാഷണത്തെ തടസ്സപ്പെടുത്തിക്കൊണ്ട് ചോദിച്ചു:

"ലിംഗശരീരികൾ അഥവാ സൂക്ഷ്മശരീരികൾ ആയിത്തീർന്ന് ഇതുപോലെ സഞ്ചരിക്കുന്ന യോഗികളെയോ ഭൗതികശരീരം ജഡമായവരുടെ സൂക്ഷ്മശരീരങ്ങളെയോ കണ്ടിട്ടാണോ ആളുകൾ പ്രേതങ്ങളെ കണ്ടതായും അനുഭവപ്പെട്ടതായും പറയുന്നത്?"

ബാബാജിയുടെ മറുപടി ഇങ്ങനെയായിരുന്നു:

"വളരെ അപൂർവ്വവും സവിശേഷവുമായ സാഹചര്യങ്ങളിലേ ഇങ്ങനെ സാദ്ധ്യമാകാറുള്ളൂ. കാരണമെന്തെന്നാൽ, ഭൗതികശരീരം നഷ്ടപ്പെടുന്നവരുടെ സൂക്ഷ്മശരീരങ്ങൾക്ക് അധികനേരം ഈ ലോകത്തു നിലനില്ക്കുവാൻ കഴിയുകയില്ല. ഉത്കൃഷ്ടമായ കർമ്മങ്ങൾ പൂർത്തീകരിക്കേണ്ട മഹായോഗികൾക്ക് ശരീരം നഷ്ടപ്പെട്ടതിനുശേഷവും തങ്ങളുടെ കാരണശരീരം നിലനിർത്തുവാൻ കഴിയും. സവിശേഷമായ കാഴ്ചശക്തി വികസിച്ചവർക്കു മാത്രമേ ആ കാരണശരീരങ്ങളെ കാണാൻ കഴിയൂ. എന്നാൽ അത്തരം സൂക്ഷ്മാവബോധം വികസിക്കാത്തവർക്ക് ഭയം, മതാധിഷ്ഠിതമായ ലഹരി, വിഷമം അല്ലെങ്കിൽ ചിന്തകളെ സ്വാധീനിക്കുന്ന മരുന്നുകൾ എന്നിവയാൽ തലച്ചോറിലെ ലിംബിക് കേന്ദ്രം ഉദ്ദീപിക്കപ്പെടുമ്പോൾ ചില ഭൗതികേതര സത്തകളെ കാണാൻ കഴിഞ്ഞേക്കാം.

പ്രേതങ്ങളെന്നു പറയപ്പെടുന്ന കാഴ്ചകൾ മിക്കവാറും ഭൗതിക ശരീരത്തിന്റെ അദൃശ്യപരിവേഷം ആണ്. ആരോഗ്യമുള്ള ഒരു മനുഷ്യന് പെട്ടെന്ന് അയാളുടെ ജീവൻ അപകടത്തിലോ ആത്മഹത്യയിലോ നഷ്ടപ്പെടുന്നുവെന്നു കരുതുക. എല്ലാ മനുഷ്യശരീരങ്ങളുടെയും കോശങ്ങളിൽ രാസപദാർത്ഥങ്ങളുണ്ട്. ആ രാസപദാർത്ഥങ്ങൾ കോശങ്ങളിൽ നടത്തുന്ന പ്രതിപ്രവർത്തനങ്ങൾമൂലമുണ്ടാകുന്ന വൈദ്യുതോത്തേജനങ്ങളാണ് ഒരു ശരീരത്തിന്റെ ആകൃതി നിർണ്ണയിക്കുന്നത്. പെട്ടെന്നുണ്ടാകുന്ന മരണങ്ങളിൽ, ശരീരം സംസ്കരിക്കപ്പെടുകയോ കത്തിച്ചുകളയുകയോ നശിപ്പിച്ചുകളയുകയോ ചെയ്തുകഴിഞ്ഞാലും, ശരീരാകൃതി നിർണ്ണയിച്ചിരുന്ന വൈദ്യുതോത്തേജനങ്ങൾ പുറത്തുവന്നു കുറച്ചുസമയം

നിലനിൽക്കുന്നു. സ്വതന്ത്രമായി നിലനില്പുള്ള ആ വൈദ്യുതശക്തി, അതിന്റെ ഊർജ്ജം ക്ഷയിക്കുന്നതുവരെ നിലനിൽക്കുകയും അതിനു ശേഷം അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

ശൂന്യതയിലെ അപരനെന്നു പറയുന്ന ആ 'പ്രതിരൂപ'ത്തിന് അതിന്റെ നിദാനമായ ശരീരത്തോടും അതു ജീവിച്ച സ്ഥലത്തോടും ജീവിത പരിസരത്ത് ഉണ്ടായിരുന്ന വസ്തുക്കളോടും ഒരുതരം അനുതാപം ഉണ്ടാകുന്നതു സ്വാഭാവികമാണ്. അതിന്റെ ഊർജ്ജം ക്ഷയിച്ചുതീരുന്നതുവരെ 'ശൂന്യതയിലെ അപരൻ' അതിന്റെ ഭൗതിക ലോകവാസകാലത്ത് പരിചിതമായിരുന്ന പ്രദേശങ്ങളോടും വസ്തുക്കളോടും കാന്തികശക്തിയിലെന്നപോലെ ആകർഷിക്കപ്പെടും."

ബാബാജി തുടർന്നു:

"സൂക്ഷ്മശരീരം മുകളിലേക്കുയർന്ന് ആകാശമണ്ഡലത്തിലെത്തി വിശ്രമിക്കും. മാർഗ്ഗദർശികളുടെ സഹായത്തോടെ പരിണാമവിധി പ്രകാരമുള്ള പുനർജന്മത്തിന്റെ ഭാവിചക്രത്തിലേക്ക് കടക്കണോ എന്നു തീരുമാനിക്കും.

പ്രേതമെന്നു തെറ്റിദ്ധരിക്കപ്പെടുന്ന ശൂന്യതയിലെ അപരൻ മൂടൽ മഞ്ഞുകൊണ്ടു മങ്ങിയ രാത്രികാല സാഹചര്യങ്ങളുൾപ്പെടെയുള്ള പ്രത്യേക സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. എന്നാൽ അതിന്, സ്വന്തമായ ആഗ്രഹങ്ങളോ ബുദ്ധിചാതുര്യമോ ഇല്ല. മറ്റുള്ളവർക്ക് ഒരു തരത്തിലുള്ള ഉപദ്രവവും ഏല്പിക്കുവാൻ കഴിയാത്ത നേരിയ ഒരു വൈദ്യുതോർജ്ജത്തിന്റെ ചൈതന്യം മാത്രമാണ് അവയ്ക്കുള്ളത്. അവയെ കാണുന്നതുമൂലം ദുർബലമായ ഹൃദയം ഒരുമാത്ര സ്തംഭിക്കുന്നത്, അതിന്റെ ശേഷികൊണ്ടല്ല. മറിച്ച്, ദുർബലഹൃദയത്തിന്റെ ശേഷിയില്ലായ്മകൊണ്ടാണ്."

"ഈശ്വരീയമായ മാർഗ്ഗത്തിൽനിന്നും വഴിമാറി സഞ്ചരിക്കുന്ന യോഗികൾ ശൂന്യതയിലെ അപരനെ തങ്ങളുടെ ഇച്ഛാശക്തി ഉപയോഗിച്ച് ചില സ്ഥലത്തു പ്രത്യക്ഷപ്പെടുത്തുകയും ഉപദ്രവിക്കണമെന്നുള്ളവരുടെ ഹൃദയങ്ങളിൽ ഭയത്തിന്റെ വിത്തുകൾ പാകുവാൻ കഴിയുന്ന വിധത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു. ദുർമന്ത്രവാദം ചെയ്യുന്ന അവിവേകികൾ മാത്രമേ അങ്ങനെ ചെയ്യാറുള്ളൂ. ദുർമന്ത്രവാദമെന്നു ഭാഗികമായി പറയുന്ന ഇതിന്, ശൂന്യതയിലെ അപരനെ ജീർണ്ണിക്കാതെ നിലനിർത്തുവാനുള്ള വഴികളുമറിയാം. പ്രകൃത്യാലുള്ള പരിവർത്തനങ്ങളെ തടസ്സപ്പെടുത്തിയാണ് ശിഥിലീകരണപ്രക്രിയയ്ക്ക് ഭംഗം വരുത്തുന്നത്.

ആത്മീയോർജ്ജം നിറയുന്ന 'ഓം നമഃ ശിവായ', 'ഓം നമോ നാരായണായ', സമാനലക്ഷ്യങ്ങളോടെയുള്ള ഖുറാൻ വചനങ്ങൾ എന്നിവയൊക്കെ ജപിക്കുന്നവർക്ക് ശൂന്യതയിലെ അപരന്മാരുടെ ഊർജ്ജത്തെ ഫലശൂന്യമാക്കുവാനും അവയെ ശിഥിലമാക്കുവാനും കഴിയും."

"ആത്മീയഉന്നതിയിലെത്തിയ, യോഗികൾക്ക് ശൂന്യതയിലെ അപരന്മാരുടെ ഒരു ശേഷിയെയും ഭയക്കേണ്ടതായില്ല. അവരുടെ ആദ്ധ്യാത്മിക

മാർഗം പിന്തുടർന്ന്, അവരുടെ സംരക്ഷണത്തിലായിരിക്കുന്നവർക്കും അപരന്മാരുടെ 'അപാര'ശേഷികളെ ഭയപ്പെടേണ്ടി വരാറില്ല. പരംപൊരുളിനോട് ആത്മസമർപ്പണം ചെയ്ത ഭക്തന്മാർക്ക് ദുർമന്ത്രവാദം നടത്തുന്ന ദുഷ്കർമ്മികളുടെ പ്രവൃത്തിദോഷങ്ങളിൽ നിന്നും സംരക്ഷണം ലഭിക്കുമെന്നത് തീർച്ചയാണ്."

"ഇതൊക്കെയാണെങ്കിലും ദുർമന്ത്രവാദികളെന്നു പറഞ്ഞു നടക്കുന്നവർ മിക്കവാറുംപേർ തട്ടിപ്പുകാരായിരിക്കും. സാമാന്യജനങ്ങളുടെ ഭയത്തെയും ആരെയും കണ്ണടച്ചുവിശ്വസിക്കുന്ന പ്രകൃതത്തെയുമാണ് അവർ ചൂഷണം ചെയ്യുന്നത്. യഥാർത്ഥത്തിൽ ദുർമന്ത്രവാദികളായ അപൂർവം ചിലരെങ്കിലും അവരുടെതന്നെ ദുഷ്ചിന്തകളുടെ ഇരകളായി, അതിദാരുണമായ മരണത്തിനു കീഴടങ്ങുകയാണ് പതിവ്."

ബാബാജി പഠിപ്പിച്ചുതന്ന പാഠങ്ങൾ പരിശീലിച്ച്, ഇന്ദ്രിയജ്ഞാനത്തിനപ്പുറത്ത് ചിലതു കാണുവാനുള്ള ശേഷി എനിക്ക് ഒരല്പം വികസിച്ചു തുടങ്ങിയ കാലത്ത്, ഒരു തെളിഞ്ഞ രാത്രിയിൽ, എന്റെ കുടീരത്തിനു പുറത്തു നിൽക്കുകയായിരുന്നു. അർദ്ധരാത്രിയോടടുത്ത സമയം. ചുറ്റുമുള്ള അനേകം കുടീരങ്ങളുടെ മേൽക്കൂരകളിൽനിന്നുമുയർന്ന, വെള്ളികലർന്ന നീലനിറത്തിൽ സൂക്ഷ്മമായ ഇഴകൾ എനിക്കു കാണാൻ കഴിഞ്ഞു. അവിടത്തെ അന്തേവാസികളായ സന്ന്യാസിമാരുടെ സൂക്ഷ്മശരീരങ്ങളിലെ പൊക്കിൾക്കൊടിയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഇഴകളാണെന്നും ഞാൻ തിരിച്ചറിഞ്ഞു. ഭൗതികശരീരം ഗാഢനിദ്രയിലായിരിക്കുമ്പോൾ, സൂക്ഷ്മശരീരമായി ശരീരം വിട്ടുപോകുന്ന മനുഷ്യരെപ്പറ്റി ബാബാജി പറഞ്ഞത് ഞാനോർത്തു.

ഭൗതികശരീരത്തിൽനിന്നും ബോധപൂർവ്വം സൂക്ഷ്മശരീരത്തെ ഉയർത്തുവാനുള്ള ചില സങ്കേതങ്ങൾ ബാബാജി പഠിപ്പിച്ചിട്ടുണ്ട്. അതേപ്പറ്റിയുള്ള ഏതാനും വിവരങ്ങൾ, ഞാൻ അടുത്ത അദ്ധ്യായത്തിലൂടെ നിങ്ങളുമായി പങ്കുവെയ്ക്കാം.

"ഭൗതികശരീരത്തിൽനിന്നും പുറത്തുവരിക അസാദ്ധ്യമാണെന്ന ചിന്തയാണ് നമ്മെ അതിൽനിന്നും തടയുന്ന പ്രധാന സംഗതി. സാമാന്യജനങ്ങളിൽ രൂഢമൂലമായിട്ടുള്ള ഒരു ചിന്തയാണത്. ആ ചിന്തകൊണ്ട് അവർ, തന്റെ സൂക്ഷ്മശരീരത്തെ കുടഞ്ഞെറിഞ്ഞു കളയുവാനുള്ള ശേഷിയില്ലാതെ, പക്ഷികളെപ്പോലെ സ്വതന്ത്ര വിഹാരം നടത്താൻ കഴിയാതെ, ജീവിതം തുടരുന്നു.

# ശരീരം വിട്ടുള്ള സഞ്ചാരത്തിന്റെ ചില ലഘുവിദ്യകൾ

കഴിഞ്ഞ അദ്ധ്യായത്തിൽ ഞാൻ വാക്കുനൽകിയതുപോലെ, സ്ഥൂല ശരീരം വിട്ട് സൂക്ഷ്മദേഹത്തിലെത്താൻ ചില യഥാർത്ഥ സമ്പ്രദായങ്ങൾ ഞാനിനി നിങ്ങളുമായി ചർച്ച ചെയ്യാം.

ഒരുപാട് വഴികൾ ബാബാജി എന്നെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ, അതിൽ രണ്ടെണ്ണംമാത്രം വെളിപ്പെടുത്തുവാനുള്ള അനുവാദമേ എനിക്കുള്ളൂ. സൂക്ഷ്മദേഹത്തെ ഉയർത്തുവാനുള്ള പ്രക്രിയ എളുപ്പത്തിലാക്കുവാൻ സഹായിക്കുന്ന ഒരു പ്രത്യേക ശ്വസനസമ്പ്രദായമുണ്ട്. അത് പരസ്യപ്പെടുത്തുവാനും എനിക്കനുവാദമില്ല. ആ വിലക്കുകളൊന്നും നിരുത്സാഹപ്പെടുത്തുന്നില്ല. ലഘുവായ രണ്ടു സമ്പ്രദായങ്ങളിൽ ഒന്ന് ഉപയോഗിച്ച്, സ്ഥൂലശരീരം വിട്ടുയരുവാൻ നമുക്കു കഴിയും. സൂക്ഷ്മശരീരസഞ്ചാരത്തിന് ഏറ്റവും വലിയ തടസ്സമാകുന്നത്, സൂക്ഷ്മശരീരസഞ്ചാരം എന്നൊന്നില്ല എന്ന ചിന്തയാണ്. സൂക്ഷ്മശരീരസഞ്ചാരം എളുപ്പത്തിൽ നടക്കുന്നതും ഋജുവുമായ ഒരു സങ്കേതമാണെന്നും, മിക്കവാറും മനുഷ്യർക്ക് അത് സാധിക്കുന്നതാണെന്നും വിശ്വസിക്കുന്ന നിമിഷംമുതൽ, ഭൗതികശരീരംവിട്ട് യഥാർത്ഥത്തിൽ സഞ്ചരിക്കുവാനും ഒഴുകിനടക്കുവാനുമുള്ള സാദ്ധ്യതയുടെ വാതായനങ്ങൾ നിങ്ങൾക്കു മുന്നിൽ തുറക്കപ്പെടും.

ഇതാണ് ഒന്നാമത്തെ സമ്പ്രദായം.

ഏറ്റവും ലഘുവായ ഒരു മാർഗ്ഗമാണിത്. വിജയിക്കുവാൻ അല്പം സമയം എടുക്കുമെങ്കിലും ഏറ്റവും സുരക്ഷിതമായ സമ്പ്രദായമാണിത്.

രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ, ദീപങ്ങളെല്ലാം അണയ്ക്കുക (വെളിച്ചം ഏകാഗ്രത കെടുത്തും). ഉറക്കം വരുന്നുണ്ടെങ്കിൽ, തലയിണ മാറ്റൂ. അല്ലെങ്കിൽ സൂക്ഷ്മശരീരസഞ്ചാരത്തിനു പകരം നിങ്ങളുടെ പദ്ധതി ഉറക്കത്തിൽ അവസാനിച്ചേക്കും. അയഞ്ഞതും സുഖകരവുമായ വസ്ത്രങ്ങൾ ധരിക്കേണ്ടത് അനിവാര്യമാണ്. കാലുകൾ രണ്ടും ചേർത്തുവച്ചിട്ട് ശവാസനത്തിലെത്തുക.

അഗാധമായും സ്വച്ഛമായും ശ്വസിക്കുക. പോകാൻ അതിയായി ആഗ്രഹിക്കുന്ന ഒരു സ്ഥലമോ, പ്രിയപ്പെട്ട സുഹൃത്തിനെയോ കാണാൻ താത്പര്യമുള്ള ആളിനെയോ മനസ്സിൽ വിചാരിക്കുക. കണ്ണുകൾ അടച്ചുപിടിച്ച്, കിടപ്പുമുറിയുടെ കതകുകടന്ന്, വീടിന്റെ പടിവാതിലും കടന്ന് പുറത്തേക്കുപോകുന്നതായി കരുതുക. സുഹൃത്തിന്റെ വീട്ടിലേക്കുള്ള

വഴിയിലൂടെ നടക്കുന്നതായോ സൈക്കിളിൽ സഞ്ചരിക്കുന്നതായോ സങ്കല്പിക്കുക. പ്രാരംഭമെന്ന നിലയിൽ, നടന്നെത്താവുന്ന തൊട്ടടുത്തുള്ള പ്രദേശങ്ങൾ, നിങ്ങളുടെ പ്രിയപ്പെട്ട പാർക്കുപോലുള്ളവ മനസ്സിൽ കാണുക.

നിങ്ങളുടെ സങ്കല്പത്തിലുള്ള സ്ഥലത്തെത്തി, അവിടെയുള്ള ബഞ്ചിലിരിക്കുന്നതായോ പുൽത്തകിടിയിൽ കിടക്കുന്നതായോ ചിന്തിച്ച് അവിടത്തെ കാഴ്ചകളെല്ലാം വിശദമായി കാണുക. നിങ്ങളുടെ അടുത്തേക്ക് ഒരു വലിയ പട്ടിവന്നാൽ, നിങ്ങൾ ഭയപ്പെടേണ്ട. കാരണം, ആ പട്ടിക്ക് നിങ്ങളെ കാണുവാൻ കഴിയുകയില്ലല്ലോ. ഒരു ദിവസം നിങ്ങളുടെ സൂക്ഷ്മശരീരവുമായി അവിടെയെത്തുവാനും എല്ലാം കാണാനും കേൾക്കുവാനും കഴിയുകയും ചെയ്യും. നിങ്ങളുടെ ഭൗതിക ശരീരത്തിലേക്കു മടങ്ങിയെത്തുവാൻ, തിരിച്ചെത്തുന്നതിനെപ്പറ്റിയോ പുൽത്തകിടിയിൽ നീണ്ടുനിവർന്നു കിടക്കുന്നതായോ ചിന്തിച്ച് ഉറങ്ങുക. ഉണരുമ്പോൾ നിങ്ങൾ നിങ്ങളുടെ ഭൗതിക ശരീരത്തിൽ തിരിച്ചെത്തിക്കഴിഞ്ഞിരിക്കും. തിരിച്ചെത്താൻ കഴിഞ്ഞില്ല എന്നുകരുതി ഭയപ്പെടേണ്ടതില്ല, കാരണം അധികസമയം നിങ്ങൾക്ക് ഭൗതികശരീരം വിട്ട് അകന്നു നില്ക്കാൻ കഴിയുകയില്ല. ഒരു ചെറിയ ശരീരചലനത്തോടെ നിങ്ങൾ തിരിച്ചെത്തുകയോ വല്ലാത്ത തലവേദനയോടെ ഉണരുകയോ ചെയ്യാൻ സാദ്ധ്യതയുണ്ട്.

സൂക്ഷ്മശരീരത്തിൽ നിങ്ങൾക്ക് കാണാനും കേൾക്കാനും മണമറിയാനുമുള്ള ശേഷിയുണ്ടാകും. എന്നാൽ, ഒന്നിനെയും കൈകൾ കൊണ്ട് സ്പർശിക്കുവാനോ ഒന്നിന്റെയും രുചി തിരിച്ചറിയുവാനോ ഉള്ള കഴിവ് ഉണ്ടാവുകയില്ല. നിങ്ങളുടെ കൈകൾ വസ്തുക്കളിലൂടെ കടന്നുപോകും. മഹായോഗികളെയും അതീന്ദ്രിയശേഷിയുള്ളവരെയും പോലെ സവിശേഷമായ കാഴ്ചയുള്ളവർക്കു മാത്രമേ നിങ്ങളെ കാണാൻ കഴിയുകയുള്ളൂ. സൂക്ഷ്മശരീരമായി ചുമരുകളിലൂടെ കടന്നുപോകുവാനും ഏതു സ്ഥലത്തേക്കും പ്രവേശിക്കുവാനും നിങ്ങൾക്കു സാധിക്കും.

ശരീരം വിട്ടു സഞ്ചരിക്കുമ്പോഴുള്ള ആദ്യത്തെ അനുഭവം സുന്ദരമായിരിക്കും. ആ സഞ്ചാരത്തിൽ മേഘങ്ങളെപ്പോലെ ഒഴുകിനടക്കുന്ന നിങ്ങൾക്ക് ശരീരത്തിലേക്ക് തിരികെയെത്തുന്നത് വളരെ ഭീതിജനകമായ ഒരനുഭവമായി തോന്നിയേക്കാം. ഭാരമുള്ള ഒരു പുറംതോടും വഹിച്ച് നടക്കുന്നപോലെയുള്ള അനുഭവമാകുമത്. രണ്ടനുഭവങ്ങളുമായി പൊരുത്തപ്പെടുവാൻ കുറച്ചു സമയമെടുത്തേക്കാം.

സൂക്ഷ്മദേഹിയായിരുന്നപ്പോഴുണ്ടായ അനുഭവങ്ങൾ കുറിച്ചെടുക്കുക എന്നതാണ്, നിങ്ങൾ സ്ഥൂലശരീരത്തിൽ തിരികെയെത്തുമ്പോൾ ആദ്യം ചെയ്യേണ്ടത്. ഓർമ്മകൾ പുതുമയോടെ ഇരിക്കുമ്പോൾതന്നെ അതുചെയ്യണം. കാരണം, അത്തരം അനുഭവങ്ങൾ അതിവേഗം മറന്നുകളയുന്ന സ്വഭാവം തലച്ചോറിനുണ്ട്. സഞ്ചാരത്തിന്റെ പ്രാരംഭദിശ

യിൽ നിങ്ങൾ ഉറങ്ങിപ്പോയാൽ, ഉണരുമ്പോൾ അവ്യക്തമായേ നിങ്ങൾ ഓർക്കുകയുള്ളൂ. ഒരു മണിക്കൂറിനകം, അതായത് വളരെപ്പെട്ടെന്ന് എല്ലാം എഴുതിവയ്ക്കുക. അല്ലെങ്കിൽ ചിലപ്പോൾ ആ സ്മരണകൾ നിങ്ങൾക്ക് എന്നെന്നേക്കുമായി നഷ്ടപ്പെട്ടേക്കാം.

ശുഭയാത്ര, പ്രിയ സുഹൃത്തേ!

ഇനി രണ്ടാമത്തെ സമ്പ്രദായം വിവരിക്കാം:

അല്പംകൂടി സങ്കീർണ്ണവും എന്നാൽ ലക്ഷ്യത്തിൽ ഉറപ്പായും എത്തുന്നതുമായ സങ്കേതമാണത്. യോഗികൾ സാധാരണ ഈ മാർഗ്ഗമോ അല്ലെങ്കിൽ സമാനമായതും ഇതിനെക്കാൾ വികസിതമായതുമായ മാർഗ്ഗമോ ആകാം ഉപയോഗിക്കാറുള്ളത്. ഇതാണത്:

അയഞ്ഞതും സുഖപ്രദവുമായ വസ്ത്രങ്ങൾവേണം ഇതിനായി തയ്യാറെടുക്കുമ്പോൾ ധരിക്കേണ്ടത്. ജാലക തിരശ്ശീലകളെല്ലാം നീക്കിയിടുക. അല്പം വെളിച്ചംപോലും നിങ്ങളുടെ ശ്രദ്ധയെ വെല്ലുവിളിച്ചേക്കാം. തിരശ്ശീലയിലൂടെ അരിച്ചെത്തുന്ന അരണ്ടവെളിച്ചം നിങ്ങൾക്ക് വലിയ കുഴപ്പമുണ്ടാക്കുകയില്ല.

രാത്രിയിലാണ് നിങ്ങൾ ഈ സങ്കേതം പരീക്ഷിക്കുന്നത് എങ്കിൽ, എല്ലാ വിളക്കുകളും അണയ്ക്കുക. വയറുനിറയെ ആഹാരം കഴിച്ച ഉടനെ ഒരിക്കലും നിങ്ങളീ മാർഗ്ഗം പരിശീലിക്കരുത്. കാരണം ഉറങ്ങിപ്പോകുവാനുള്ള സാദ്ധ്യത പതിന്മടങ്ങാണ്. വയർ നിറഞ്ഞിരിക്കുകയാണെങ്കിൽ രണ്ടു മണിക്കൂറിനുശേഷം മാത്രമേ ഇതു പരീക്ഷിക്കാവൂ.

സുഖകരമായ ഒരു മെത്തയിൽ കാലുകൾ രണ്ടും ചേർത്തുപിടിച്ച് ശവാസനനിലയിൽ കിടക്കുക. തലയിണ ഉപയോഗിക്കരുത്. ഒരു നേർത്ത ടൗവലോ മറ്റോ നിങ്ങളുടെ തലയ്ക്ക് താങ്ങായിവച്ച്, മേൽക്കൂരയിലേക്ക് നോക്കി സ്വസ്ഥമായി കിടക്കുക. മൃദുവും മന്ദഗതിയിലുള്ളതുമായ സംഗീതം അനുവദനീയമാണ്. പക്ഷേ, അതില്ലാതെ നിങ്ങൾക്ക് സാദ്ധ്യമാണെങ്കിൽ അതാണ് നല്ലത്.

മേൽക്കൂരയുടെ അരണ്ട രേഖാരൂപത്തിലേക്ക് കണ്ണുകൾ തുറന്ന് ഉറ്റുനോക്കുക. ഇനി കണ്ണുകളടച്ച്, ഉയരത്തിൽ മേൽക്കൂരയ്ക്ക് തൊട്ടുതാഴെയായി നിങ്ങൾ ഒഴുകിനടക്കുകയാണെന്നു കരുതുക. ശരീരത്തിന്റെ എല്ലാ ഭാഗങ്ങളെയും മനസ്സിൽ ആവിഷ്കരിച്ച്, വിശദമായിത്തന്നെ ഭാവനയിൽ ചിത്രീകരിക്കണം. ഒപ്പം നട്ടെല്ലിന്റെ ഏറ്റവും താഴത്തെ ചക്രംമുതൽ ശിരസ്സിൽ ഉച്ചിയിലുള്ള ചക്രംവരെ ഊർജ്ജത്തിന്റെ സപ്തചക്രങ്ങളും ഭാവനയിൽ കൊണ്ടുവരണം. ആ ചക്രങ്ങളെ ഭ്രമണം ചെയ്യുന്ന വെളിച്ചങ്ങളായിവേണം കാണാൻ. അവയെല്ലാം കൂടിച്ചേർന്ന് നീലവെളിച്ചത്തിന്റെ ചുരുളുകൾ രൂപപ്പെടുന്നതായി സങ്കല്പിക്കുക.

പിരിമുറുക്കമില്ലാതെ ശാന്തമായിരിക്കുക. ഏറ്റവും പ്രശാന്തമായ മനസ്സോടെ ഒരു ചിത്രം വരയ്ക്കുന്നുവെന്ന തോന്നലുമായിവേണം സങ്കല്പ ദർശനം നടത്തുവാൻ. സ്ഥൂലശരീരംവിട്ട് പുറത്തുവരാൻ ശ്രമംനടത്തുകയാണെന്നു ചിന്തിക്കാതെ, സ്ഥൂലശരീരത്തിൽനിന്നും പുറത്തു വന്നുകഴിഞ്ഞതായി ചിന്തിക്കുക. മൃദുലമായി ഭ്രമണം ചെയ്യുന്ന ചക്രങ്ങളുമായി മച്ചിന്റെയരികിൽ നിങ്ങൾ ചിറകടിച്ചു പറക്കുകയാണെന്നുവേണം ഭാവനചെയ്യുവാൻ. അതേ നിലയിൽ തുടരുക. ഈ സങ്കേതം പരീക്ഷിക്കൂ, ആദ്യത്തെ ദിവസംതന്നെയോ പിന്നീടുള്ള ഏതെങ്കിലും ദിവസമോ, ഈ നിലയിൽ തുടർന്ന്, അല്പനേരത്തിനുശേഷം ഒഴുകി നടക്കുകയോ ഉയർന്നുപൊങ്ങുകയോ പോലെയുള്ള—ലിഫ്റ്റിൽ ഉയർത്തപ്പെടുന്നതുപോലെ—അനുഭവം നിങ്ങൾക്കുണ്ടാകും. തിരിഞ്ഞു നോക്കുമ്പോൾ, താഴെ മെത്തയിൽ നിങ്ങളുടെ ഭൗതികശരീരം സുഖമായി ഉറങ്ങുന്നതു കാണാം.

അതു നിങ്ങളുടെ ശരീരംതന്നെയാണെന്നു തിരിച്ചറിയുവാൻ ഏതാനും നിമിഷങ്ങളെടുത്തേക്കാം. കാരണം, കണ്ണാടിയിൽ പ്രതിരൂപം കാണുന്നതിൽനിന്നും വ്യത്യസ്തമാണ് തന്നെത്തന്നെ കാണുന്ന ആ അനുഭവം.

ഇപ്പോൾ നിങ്ങൾ സൂക്ഷ്മശരീരംകൊണ്ടുള്ള സഞ്ചാരത്തിന് തയ്യാറായിക്കഴിഞ്ഞു. തുടക്കത്തിൽ, തൊട്ടടുത്ത സ്ഥലങ്ങളിലേ പോകാവൂ. അനുഭവജ്ഞാനം ലഭിച്ചുവെന്ന് ഉറപ്പായിക്കഴിഞ്ഞാൽ, കൂടുതൽ അകലേക്കുപോകാം. പോകുവാൻ ആഗ്രഹമുള്ള സ്ഥലമോ കാണാൻ ആഗ്രഹമുള്ള ആളിനെയോ വ്യക്തമായി ഭാവനയിൽ കണ്ടാൽ, ചിന്തിക്കുന്ന സമയംകൊണ്ട് അവിടെ എത്തിച്ചേരാൻ നിങ്ങൾക്കു കഴിയും.

പുതുതായി ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യമാസ്വദിച്ച് പാറിപ്പറന്നു നടക്കുക. തിരിച്ചുവരാൻ കഴിയുകയില്ലെന്നു ഭയപ്പെടാനേ പാടില്ല. നിങ്ങൾ എത്ര പ്രയത്നിച്ചാലും ഒരു പ്രത്യേക സമയപരിധിക്കപ്പുറത്ത് നിങ്ങൾക്ക് ബാഹ്യസഞ്ചാരപഥത്തിൽ തുടരാൻ കഴിയുകയില്ല. മടങ്ങിയെത്തണം എന്നത് പ്രകൃതിയുടെ നിയമമാണ്. മരണസമയത്തു മാത്രമാണ് ആ മടങ്ങിവരവ് അസാധ്യമാവുകയുള്ളൂ. അപ്പോൾ മാത്രമാണ് ആ കനത്ത ഭൗതികപഞ്ജരത്തിൽനിന്നും എന്നന്നേക്കുമായി നിങ്ങൾക്കു മോചനം ലഭിക്കുന്നത്.

# സ്വതന്ത്രസഞ്ചാരം: എന്റെ ദേഹരഹിത യാത്രാനുഭവങ്ങൾ

അമേരിക്കൻ ഐക്യനാടുകളിലെ ഓറിഗോൺ സ്റ്റേറ്റിൽ ബ്രിറ്റൻബുഷ് ഹോട്ട്സ്പ്രിങ്ങിലുള്ള എന്റെ ചെറുക്യാബിനിൽ ഇരുന്നാണ് ഞാൻ ഇതെഴുതുന്നത്. തദ്ദേശീയരുടെ പുരാതനകാലത്തെ പുണ്യസ്ഥലമായിരുന്ന പ്രദേശത്ത് പണികഴിപ്പിച്ചിരിക്കുന്ന അതിമനോഹരമായ ഒരു ഉല്ലാസകേന്ദ്രമാണ് ബ്രിറ്റൻബുഷ്. എന്റെ ജാലകത്തിന്നപ്പുറത്ത്, ഉയരമുള്ള പ്രൗഢഗംഭീരമായ വൃക്ഷങ്ങളൊരുക്കുന്ന രാജകീയദൃശ്യം കാണാം. അധികം ദൂരെയല്ലാതെ ഒഴുകുന്ന നദിയുടെ ശബ്ദവും എനിക്കു കേൾക്കാം. ബ്രിറ്റൻബുഷിലേക്കുള്ള എന്റെ എട്ടാമത്തെ സന്ദർശനമാണിത്. ചെറുസംഘങ്ങളെ ധ്യാനം പരിശീലിപ്പിക്കുന്നതിനായി എല്ലാ വർഷവും ഞാനവിടെ പോകാറുണ്ട്.

രാത്രിയിൽ എന്റെ സൂക്ഷ്മശരീരവുമായി അവിടെയെങ്ങും ഒഴുകി നടക്കുവാൻ എനിക്കിഷ്ടമാണ്. കേൾക്കാൻ കാതുകളുണ്ടെങ്കിൽ അവിടെനിന്ന് ഉയരുന്ന തദ്ദേശ ഇന്ത്യക്കാരുടെ മന്ത്രോച്ചാരണം ഇപ്പോഴും നമുക്കു കേൾക്കാനാകും. അതേപ്പറ്റി ഞാൻ പിന്നീട് വിവരിക്കാം. ഇപ്പോൾ ഞാനെന്റെ ശരീരംവിട്ടുള്ള ആദ്യത്തെ അനുഭവത്തെപ്പറ്റി പറയാം. നിങ്ങൾ റിച്ചാർഡ് ഡോക്കിൻസിന്റെയോ മാർട്ടിൻ ഗാർഡ്നറുടെയോ ജയിംസ് റാൻഡിയുടെയോ ആരാധകനാണെങ്കിൽ അല്പനേരത്തേക്ക് നിങ്ങളുടെ ന്യായവാദങ്ങൾ ഒന്നു മാറ്റിവയ്ക്കുക. അവിശ്വാസികളെ സ്നേഹത്തോടെ സദാ മുറുകെപ്പിടിക്കുന്ന, വ്യവസ്ഥാപിത മനസ്സിന്റെ പരമ്പരാഗത ചട്ടക്കൂടിനപ്പുറത്തുള്ള, അധികമാരും ചെന്നെത്താത്ത മണ്ഡലങ്ങളിലേക്കാണ് നാം കടക്കാൻ പോകുന്നത്.

ലക്ഷ്മൺ ഝൂലയ്ക്ക് അല്പം അകലെ, ഗംഗാനദീതീരത്തുള്ള ചെറിയ കുടീരത്തിൽ ജീവിക്കുന്ന കാലത്താണ് ശരീരംവിട്ടുള്ള സഞ്ചാരത്തിന്റെ ആദ്യാനുഭവം എനിക്കുണ്ടായത്. അക്കാലത്ത് ഒരിക്കൽ ബാബാജി ഏതാനും മാസത്തേക്ക് അൽമോറാ ജില്ലയിലുള്ള മുക്തേശ്വറിലേക്ക് പോകുകയാണെന്ന് അറിയിച്ചു. തന്റെ യാത്രയ്ക്ക് പ്രത്യേകിച്ച് കാരണങ്ങളൊന്നും അദ്ദേഹം പറഞ്ഞതുമില്ല. ആ സമയത്ത് ആറുമാസക്കാലമായി ബാബാജി പഠിപ്പിച്ച ഒരു പ്രത്യേകരീതിയുപയോഗിച്ച് സൂക്ഷ്മശരീരമായി

ഉയരുവാനുള്ള പരിശീലനം നടത്തുകയായിരുന്നു ഞാൻ, എന്നാൽ അതിൽ എടുത്തുപറയത്തക്ക വിജയങ്ങളൊന്നും നേടിയിരുന്നുമില്ല. ആ രാത്രി ഉറങ്ങാനായി മെത്തയിൽ കിടന്നപ്പോൾ ബാബാജി പഠിപ്പിച്ച സങ്കേതം ഉപയോഗിക്കാതെ സ്വാഭാവികമായിത്തന്നെ അതു സംഭവിക്കുകയായിരുന്നു. ഉറക്കം എന്നെ മുഴുവനായി കീഴ്പ്പെടുത്തുന്നതിന് തൊട്ടുമുമ്പത്തെ എന്റെ ചിന്ത ഇതായിരുന്നു: "ബാബാജി ഇപ്പോൾ എവിടെ ആയിരിക്കും?"

ഊഞ്ഞാലാടുന്നതുപോലെ ചെറിയൊരു ചലനം. എങ്ങോട്ടോ വലിച്ചുകൊണ്ടുപോകുന്ന പ്രതീതി. ഭാരരഹിതനായി സ്വതന്ത്രമായി ഒഴുകിനടക്കുന്ന ഞാൻ താഴേക്കു നോക്കിയപ്പോൾ 'എം' എന്നു പേരുള്ള എന്റെ ശരീരം കണ്ടു. അതെന്റെ ശരീരംതന്നെ ആയിരുന്നുവെന്ന തിരിച്ചറിവിൽ എത്തുവാൻ ഏതാനും നിമിഷങ്ങളെടുത്തു. കാരണം 'പുറത്തുനിന്ന്' ഞാൻ എന്റെ ശരീരത്തെ ആദ്യമായി നോക്കി കാണുകയായിരുന്നു. കണ്ണാടിയിൽ ഞാൻ കണ്ടുശീലിച്ച എന്റെ പ്രതിരൂപത്തിൽനിന്നും കുറച്ചു വ്യത്യസ്തമാണ് ഞാൻ ഇപ്പോൾ കാണുന്ന ഈ രൂപം.

ഞാനെന്റെ സൂക്ഷ്മരൂപത്തിൽ എത്തിയെന്ന് തിരിച്ചറിഞ്ഞപ്പോൾ, ആ സാഹചര്യത്തിൽ ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം ബാബാജിയെ കണ്ടെത്തുവാനുള്ള ശ്രമം നടത്തുകയെന്നതാണെന്ന് എനിക്കു തോന്നി. അദ്ദേഹം അരുന്ധതിഗുഹയ്ക്കുള്ളിലാണോ? അതോ മൗനിബാബയുടെ ഗുഹയിലാണോ? അതോ ഗോമുഖിലേക്കുള്ള മാർഗ്ഗത്തിലെ ഛീഡ്ബാസയിലെ, അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട ഒളിസങ്കേതത്തിലാണോ?

ബാബാജിയെ കാണുവാനുള്ള എന്റെ ആഗ്രഹം തീവ്രമായിക്കൊണ്ടിരിക്കുന്നതനുസരിച്ച്, അജ്ഞാതമായ ഏതോ ലക്ഷ്യത്തിലേക്ക് അതിവേഗം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കി. എന്റെ ഭൗതികശരീരം വിട്ടുള്ള സഞ്ചാരത്തിലാണെന്നത് ഓർക്കാതെ വൈദ്യുതകമ്പികളുടെ കീഴിലെത്തിയപ്പോഴൊക്കെ ഞാൻ കുനിഞ്ഞുമാറി. കുറച്ചുദൂരം ചെന്നപ്പോൾ മഞ്ഞുമൂടിയ ഗിരിനിരകൾ പ്രത്യക്ഷപ്പെട്ടു. ഹിമാലയത്തിനു മുകളിലൂടെയാണ് ഞാൻ പറന്നുപൊയ്ക്കൊണ്ടിരിക്കുന്നതെങ്കിലും ആ ഭൂപ്രദേശം എനിക്ക് അപരിചിതമായി തോന്നി. ഞാൻ ഉത്തരാഖണ്ഡിലായിരുന്നില്ല എന്നത് ഉറപ്പാണ്. മണൽക്കൂനകളും വലിയൊരു തടാകവും എന്റെ കാഴ്ചയിലെത്തിയപ്പോൾ, അത് ടിബറ്റിലെ മാനസസരോവറാണെന്ന് എനിക്ക് ഏതാണ്ടുറപ്പായി. കൈലാസപർവ്വതം കാഴ്ചയിൽപ്പെട്ടപ്പോൾ ഞാനത് ഉറപ്പിച്ചു. മുമ്പ് ചിത്രങ്ങളിലും മറ്റും പലപ്പോഴും കണ്ടിട്ടുള്ളതുപോലെതന്നെയായിരുന്നു ആ മഹാപർവ്വതം.

കൈലാസപർവ്വതത്തിന്റെ പാർശ്വത്തിൽ, ആഴത്തിലുള്ള ഒരു മലയിടുക്കിലേക്കാണ് ഞാൻ സൂക്ഷ്മാകാരമായി ഇറങ്ങിയത്. വാർഷിക തീർത്ഥാടനകാലമായിരുന്നതിനാൽ ധാരാളം തീർത്ഥാടകർ വലംവയ്ക്കു

ന്നുണ്ടായിരുന്നു—ചിലർ നടന്നും മറ്റുചിലർ കുതിരപ്പുറത്തും. അവർക്കൊപ്പം വലിയ ചുമടുകളുമായി ചമരിക്കാളകളും ഉണ്ടായിരുന്നു. ഞാൻ അദൃശ്യനാണെന്ന് എനിക്കറിയാമായിരുന്നു.

ഞാൻ ചെന്നിറങ്ങിയ മലയിടുക്കിൽ ആരുംതന്നെയുണ്ടായിരുന്നില്ല. ബാബാജി എവിടെയാണെന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. എന്റെ ഇടതുവശത്തുള്ള പാറയിൽ ഒരു വലിയ ദ്വാരം ഞാൻ കണ്ടു. ആ ദ്വാരത്തിലേക്കു കുനിഞ്ഞുനോക്കുവാൻ ശ്രമിക്കുന്നതിനിടെ അതിലേക്കു വഴുതിവീണ ഞാൻ ഒരു ഗുഹാമുഖത്ത് എത്തിച്ചേരുകയും ചെയ്തു. കീഴ്ക്കാംതൂക്കായ ആ ഗുഹയ്ക്കുള്ളിൽ അജ്ഞാതമായ ഉറവിടത്തിൽനിന്നും വയലറ്റ്നിറമുള്ള വെളിച്ചം പടർന്നിരുന്നു. ഗുഹചെന്ന് അവസാനിച്ചത് വൃത്താകൃതിയിലുള്ള ഒരു പ്രദേശത്താണ്. അവിടെ എത്തുംവരെ എന്റെ പ്രയാണം നീണ്ടു. എന്റെ സൂക്ഷ്മഹൃദയത്തിന്റെ മിടിപ്പിൽ ഒരു മാത്രയുടെ വ്യത്യാസം അനുഭവപ്പെട്ടു. നിലത്തെരിയുന്ന പരമപരിശുദ്ധമായ 'ധുനിക്കു' മുന്നിൽ ബാബാജി ഇരിക്കുന്നു. അദ്ദേഹത്തിന് എതിരായി, അഗ്നി എരിയുന്നതിന്റെ മറുവശത്ത് പിംഗലവർണ്ണം കലർന്ന മഞ്ഞമേലങ്കിധരിച്ച ഒരു ടിബറ്റൻ സന്ന്യാസിയും ഇരിപ്പുണ്ട്.

ഞാൻ ബാബാജിയെ ഉറ്റുനോക്കി, അദ്ദേഹത്തിനു മുന്നിൽ നിലത്ത് ഞാൻ സാഷ്ടാംഗം നമസ്കരിച്ചു. അടക്കിപ്പിടിച്ച ശബ്ദത്തിൽ അദ്ദേഹം എന്നോടായി പറഞ്ഞു:

"എനിക്കു നിന്നെ കാണാം. പക്ഷേ, മറ്റാർക്കും നിന്നെ കാണാൻ കഴിയില്ല. ഇപ്പോൾ നീ നിന്റെ ഭൗതികശരീരത്തിലല്ല."

"ശരിയാണ്. ഞാനതു മറന്നു ബാബാജി. വന്ദ്യവയോധികനായ സന്ന്യാസിവര്യനെ എനിക്കു പ്രണമിക്കാൻ കഴിയുമോ? അദ്ദേഹത്തിന് എന്നെ കാണാൻ കഴിയുമോ?"

"ഇല്ല, അദ്ദേഹത്തിന് കാണാൻ കഴിയില്ല. പക്ഷേ, നീ അദ്ദേഹത്തെ നമിക്കണം."

ഞാൻ ആ യോഗിയെ നോക്കി. അടുത്ത നിമിഷം അദ്ദേഹത്തിന്റെ മുഖത്ത് സംശയംകൊണ്ടു കുഴഞ്ഞിയ ഒരു ഭാവം ഞാൻ കണ്ടു. ബാബാജി അദൃശ്യമായ എന്തോ ഒന്നിനോട് സംസാരിക്കുന്നതുപോലെ. എന്റെ ശബ്ദം കേൾക്കാൻ കഴിയാത്തതിനാൽ, എന്താണ് സംഭവിക്കുന്നത് എന്ന് അറിയാതെ അത്ഭുതപ്പെട്ട് ഇരിക്കുന്നു അദ്ദേഹം. ബാബാജി അദ്ദേഹത്തോട് കാര്യങ്ങൾ വിശദീകരിക്കുകയും അദ്ദേഹം തലയാട്ടുകയും ചെയ്തു. മഹത്ത്വവും ജ്ഞാനവും തികഞ്ഞ ഒരു മനുഷ്യനാണെങ്കിലും അദ്ദേഹം അതീന്ദ്രിയത്വമുള്ള ഒരാളായിരിക്കില്ല എന്നു ഞാൻ ഊഹിച്ചു.

"ഇരിക്കൂ." ബാബാജി എന്നോടായി പറഞ്ഞു.

"ഭൗതികശരീരംവിട്ടുള്ള നിന്റെ ആദ്യത്തെ യാത്രയാണിത്—നിന്റെ മാത്രം ശ്രമഫലമായി നീ വിജയിപ്പിച്ചെടുത്തതാണ്. നന്നായി, എങ്കിലും

നീ ഇവിടെവന്ന് എന്നെ കാണണമെന്ന് ഞാൻ നിശ്ചയിച്ചില്ലായിരുന്നെങ്കിൽ ഒരിക്കലും അത് നടക്കുമായിരുന്നില്ല. നീ ഇവിടെ വരണമെന്ന് ഞാൻ കരുതിയത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടെയാണ്. അതിനാലാണ് സാധാരണ സൂക്ഷ്മശരീരികളായി സഞ്ചരിക്കുന്നവരിൽനിന്നും അകന്നു നിൽക്കുവാനായി ഞാൻ ഉപയോഗിക്കാറുള്ള ഒരു തിരശ്ശീല ഇന്ന് അനാവരണം ചെയ്തിട്ടതും."

"ഇനി കാര്യത്തിലേക്കു വരാം. ഇവിടെനിന്നും അധികം അകലത്തിലല്ലാതെ സ്ഥിതിചെയ്യുന്ന ഏതാനും ഗിരികന്ദരങ്ങളുടെ സംരക്ഷകനാണ് ഈ ലാമ. സഹസ്രാബ്ദങ്ങൾക്കുമുമ്പേ ഭൂമിയിലെത്തിയ അന്യ-ഗ്രഹ സഞ്ചാരികളുടെ തിരുശേഷിപ്പുകൾ ഉള്ള ഗുഹകളെയാണ് അദ്ദേഹം സംരക്ഷിച്ചുപോരുന്നത്. അനേകം പ്രകാശവർഷങ്ങൾക്കപ്പുറമുള്ള നക്ഷത്ര സമൂഹത്തിലെ അജ്ഞാത ഗ്രഹത്തിൽനിന്നു വന്നവരാണവർ."

"ഭാഷാസരണികളുടെ പ്രാഥമിക തത്ത്വങ്ങൾ ഉൾപ്പെടുന്ന ശാസ്ത്ര രഹസ്യങ്ങളിലും യോഗനിലകളിലും ഔന്നത്യത്തിലെത്തിയ അന്യഗ്രഹ വാസികൾ ആ സങ്കേതങ്ങൾ ഭൂലോകവാസികളെ പഠിപ്പിക്കുവാനായി, നിയോഗിച്ചതാണ് അവരെ. കൈലാസപർവ്വതത്തിന്റെ നെറുകയിലാണ് അവർ വന്നിറങ്ങിയത്. അവിടെനിന്നും അവർ ഞാൻ മുമ്പു പറഞ്ഞ ഗിരികന്ദരങ്ങളിലേക്കാണു നീങ്ങിയത്. അവിടേക്കാണ് നീ ഇനി പോകുന്നത്. ടിബറ്റിൽ ബുദ്ധമതം പ്രചരിക്കുന്നതിനുമുമ്പുള്ള ബോൺമതക്കാർക്കിടയിൽ, തങ്ങളുടെ പ്രതിഷ്ഠാപകന്മാർ സ്വർഗ്ഗത്തിൽനിന്നും നേരിട്ട് കൈലാസപർവ്വതത്തിലേക്കാണ് അവതരിച്ച് ഇറങ്ങിയതെന്ന് ഒരു വിശ്വാസം നിലനിൽക്കുന്നുണ്ട്. ഭൂമിയുടെ അതിരുകൾക്ക് അപ്പുറത്തുനിന്നും ഇവിടെവന്ന അന്യഗ്രഹവാസികളുടെ പുരാവൃത്തത്തിന്റെ അടിസ്ഥാനം ഈ വിശ്വാസമാണ്."

"അവരിൽ ഏഴുപേർ—സപ്തർഷികൾ— ഇവിടെയാണ് അവതരിച്ചിരുന്നത്. കുറച്ചുപേർക്ക് ജ്ഞാനം പകർന്നതിനുശേഷം തിരികെ പോകുവാൻ തയ്യാറെടുക്കവേ അവരുടെ വാഹനത്തിന് അപ്രതീക്ഷിതമായി എന്തോ ഒരു തകരാറുണ്ടായി. ബഹിരാകാശമണ്ഡലങ്ങളിൽനിന്നും സഹായം എത്തുന്നതുവരെ അവർക്ക് കാത്തിരിക്കേണ്ടിവന്നു."

"പുതിയ പരിസരവുമായി പൊരുത്തപ്പെടുവാൻ കഴിയാതെ അവരിൽ രണ്ടുപേർ മരണപ്പെട്ടു. പേടകത്തിന്റെ തകരാർ പരിഹരിക്കുവാനായി എത്തിയവർ മരണപ്പെട്ടവരെ അവിടെ ഉപേക്ഷിച്ചിട്ടുപോയി. മൺമറഞ്ഞ സപ്തർഷികളുടെ ജഡങ്ങൾ പിൻതലമുറയിലെ സവിശേഷവ്യക്തികൾക്ക് കാണുവാനായി സുഗന്ധലേപം ചെയ്ത് അവിടെ സൂക്ഷിച്ചിട്ടുണ്ട്."

"ഞാൻ നിന്നെ അവിടെ കൊണ്ടുപോകുമ്പോൾ നിനക്ക് അവരെ കാണാം. വന്ദ്യവയോധികനായ ഈ ലാമയിൽനിന്നും ഞാൻ അനുവാദം വാങ്ങിക്കഴിഞ്ഞു. അദ്ദേഹത്തെ പ്രണമിക്കൂ, നമുക്ക് യാത്രയാകാം."

മടക്കിവച്ചിരുന്ന കമ്പളത്തിലേക്ക് ബാബാജി കിടന്നതും അടുത്ത നിമിഷം എന്റെ തൊട്ടടുത്ത് അദ്ദേഹത്തിന്റെ സൂക്ഷ്മശരീരമെത്തി. ലാമയുടെ സംരക്ഷണത്തിലേക്ക് തന്റെ ശരീരം അദ്ദേഹം വിട്ടുകൊടുത്തു.

തകർന്നടിഞ്ഞ ഏതോ നഗരസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾക്കിടയിലൂടെ, നാശാവശിഷ്ടങ്ങൾക്കും മലഞ്ചെരിവുകൾക്കും മദ്ധ്യത്തിൽ ഒളിഞ്ഞുകിടക്കുന്ന ഗുഹാശ്രേണികളിൽ ഞങ്ങളെത്തിച്ചേർന്നു. രണ്ടാം ലോകമഹായുദ്ധക്കാലത്ത് ജപ്പാൻ സൈന്യം ആൻഡമാൻ ദ്വീപിൽ നിർമ്മിച്ച ബോംബ് ഷെൽട്ടറുകൾപോലെ തോന്നിച്ച വലിയൊരു തുരങ്കത്തിനുള്ളിലേക്കു ഞങ്ങൾ കടന്നു.

ചെറുഗുഹകളിലേക്കു നീളുന്ന, ചെറിയ ഇടനാഴികളുള്ള വലിയ, വൃത്താകൃതിയായ ഒരു ഗുഹയിൽ ഞങ്ങൾ അധികം വൈകാതെ എത്തിച്ചേർന്നു. അവിടെ പ്രശാന്തമായ ഒരു വയലറ്റ് വെളിച്ചം പടർന്നിരുന്നു—മേൽക്കൂരയിലുള്ള വിടവിലൂടെ അരിച്ചിറങ്ങുന്നതാണ് ആ പ്രകാശം. ഗഹ്വരത്തിന്റെ ചുമരുകളിൽ വച്ചിരുന്ന പളുങ്കുപാത്രങ്ങളിൽ എണ്ണമറ്റ വിചിത്രമായ ഉപകരണങ്ങൾ കാണാമായിരുന്നു.

“ദിവ്യമായ ആ വയലറ്റ് നിറം,” ബാബാജി പറഞ്ഞുതുടങ്ങി: “ശൂന്യകാശത്തുനിന്നും ഇവിടെയെത്തിയ സന്ദർശകർ ഇവിടെ ഉപേക്ഷിച്ചുപോയ പരമാണു ഊർജ്ജത്താൽ പ്രസരിപ്പിക്കപ്പെടുന്നതാണ്. അതിന്റെ സാങ്കേതികത എന്തെന്ന് ഇന്നും ഒരു ശാസ്ത്രജ്ഞരും കണ്ടുപിടിച്ചിട്ടില്ല. വരാനിരിക്കുന്ന ഒരു നൂറ്റാണ്ടുകാലംകൂടി അത് പ്രകാശിക്കാം. അതിനുശേഷം അതിന്റെ തീവ്രത കുറഞ്ഞുപോയേക്കാം.”

പളുങ്കുകൂടുകൾക്കുള്ളിൽ ഇരിക്കുന്ന, സൂക്ഷ്മദർശിനിപോലെയും ദൂരദർശിനിപോലെയുമുള്ള ഉപകരണങ്ങൾ കാണിച്ചിട്ട് ബാബാജി അതേപ്പറ്റി വിവരിച്ചു. വ്യത്യസ്ത ആവശ്യങ്ങൾക്കായി, അന്യഗ്രഹവാസികൾ കൊണ്ടുവന്ന തികവുള്ള ഉപകരണങ്ങളാണവ. വായുവിമുക്തമാക്കിയ ചെറിയ പാത്രങ്ങൾക്കുള്ളിൽ വെളുത്ത ചെറുക്യൂബുകളുണ്ടായിരുന്നു.

അതു ചൂണ്ടിക്കാണിച്ച് ബാബാജി പറഞ്ഞു: “ഉയർന്ന പോഷകമൂല്യമുള്ള വസ്തുക്കളാൽ നിർമ്മിച്ച ഭക്ഷ്യക്കട്ടകളാണവ. ആ മഹാമൂർത്തികൾ കൊണ്ടുവന്ന അമൂല്യമായ ആഹാരം. അതിന്റെ ചെറിയൊരു ഭാഗം വെള്ളത്തിൽ അലിയിച്ചു കുടിക്കുന്നതുപോലും നൂറിലധികം വർഷങ്ങൾ ജീവൻ നിലനിർത്തുവാൻ പര്യാപ്തമായിരുന്നു. നിർഭാഗ്യവശാൽ അത്തരം പോഷക സമ്പൂർണ്ണതകളെ ദഹിപ്പിക്കുവാനും ആഗിരണം ചെയ്യുവാനും മനുഷ്യശരീരത്തിലെ കോശങ്ങൾക്കു കഴിയില്ല. അബദ്ധവശാൽ അതെങ്ങാനും ഉള്ളിൽച്ചെന്നാൽ, കാൻസർ കോശങ്ങൾ അതിവേഗത്തിൽ വളരുകയും അത് വലിയ ദുരന്തത്തിന് കാരണമാവുകയും ചെയ്യും.”

തിളക്കമുള്ള വെൺവസ്തുവാൽ നിർമ്മിതമായ പരന്ന ഡിസ്കുകൾ അവിടെ ഇരിക്കുന്ന സാമാന്യം വലിപ്പമുള്ള ഒരു പാത്രത്തിൽ കാണാനായി. ഈജിപ്ഷ്യൻ ചിത്രലിപി സമ്പ്രദായത്തിന് സമാനമായി എന്തൊക്കെയോ എഴുത്തും രേഖകളും അതിൽ ആലേഖനം ചെയ്തിട്ടുണ്ട്. മനുഷ്യർക്ക് അത്ര കൃത്യമായൊന്നും മനസ്സിലാക്കിയെടുക്കുവാൻ കഴിയാത്തതും, ചില പ്രത്യേക സമ്പ്രദായങ്ങളിലൂടെ വിവർത്തനം ചെയ്ത് വളരെ ചെറിയ തോതിൽമാത്രം നമുക്കു വ്യാഖ്യാനിക്കാൻ സാധിച്ചിട്ടുള്ളതുമായ ഒരു ഗുപ്തഭാഷയാണ് അത്. ശൂന്യാകാശ മണ്ഡലങ്ങളെ പ്പറ്റിയുള്ള വിവരങ്ങളും അവിടത്തെ സംസ്കാരപെരുമകളും അന്യഗ്രഹ ദേശികളുടെ കഴിഞ്ഞകാല സന്ദർശനങ്ങളുടെ കഥകളുമടങ്ങിയ മഹത്തായ വൃത്താന്തങ്ങൾ അതിലൂടെ ചുരുൾ നിവർത്തിയേക്കാം. സവിശേഷതകളുള്ള ചില മനുഷ്യരെ വിദൂരശൂന്യാകാശ മണ്ഡലങ്ങളിലേക്കു കൊണ്ടുപോയതും അവരെ സാധാരണ മനുഷ്യരിൽനിന്നും പല വിധത്തിൽ വ്യത്യസ്തരാക്കിക്കൊണ്ട്, അവരുടെ തലച്ചോറിലെ ചില പ്രത്യേകകേന്ദ്രങ്ങളെ ഉത്തേജിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയതുമായ അപൂർവ്വ സംഭവങ്ങളും ഗുപ്തഭാഷയിൽ മുദ്രണം ചെയ്തിട്ടുണ്ട്.

മറ്റൊരു വട്ടപ്പാത്രത്തിനുള്ളിൽ, വലിപ്പമുള്ള രണ്ടു പരന്ന ഡിസ്കുകൾ കണ്ടു. വിദൂരശൂന്യതയിൽ അധിവസിക്കുന്നവരുടെ ബഹിരാകാശയാനത്തിന്റെ അത്യന്തശേഷിയുള്ള രണ്ടു കാന്തങ്ങളാണ് അവയെന്ന് ബാബാജി സൂചിപ്പിച്ചു. ഈ ഡിസ്കുകൾക്ക് കേടുപാടുകൾ പറ്റിയതിനാലാണ് സ്വന്തം ഗ്രഹത്തിൽനിന്നും പകരം ഡിസ്കുകൾ എത്തിച്ചേരുന്നതുവരെ അവർക്ക് ഇവിടെ കഴിയേണ്ടിവന്നത്. എന്നാൽ, അവയ്ക്കിപ്പോഴും വളരെ വലിയ ശക്തിയുണ്ടെന്നും അതിനാൽത്തന്നെ പ്രത്യേക ആവരണങ്ങളുള്ള പാത്രത്തിനുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ബാബാജി പറഞ്ഞുതന്നു.

വലിയ പ്രദേശത്തേക്കു നയിക്കുന്ന ഇടനാഴികളിൽ ഒന്നിലേക്കാണ് ഒടുവിൽ ബാബാജി എന്നെ കൊണ്ടുപോയത്. ഭൂമിയുടെ മാറിയ പരിതഃസ്ഥിതിയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ മൺമറഞ്ഞുപോയ രണ്ടു മഹാമൂർത്തികളുടെ സംരക്ഷിത മൃതശരീരങ്ങളടങ്ങിയ സ്ഫടിക ശവപ്പെട്ടികൾ അവിടെയുണ്ടായിരുന്നു. പത്തടിയോളം ഉയരമുള്ള അതിസുന്ദരവും പാലിനൊത്ത നിറവുമുള്ള അവയ്ക്ക് ആകർഷകമായ സവിശേഷതകളുണ്ടായിരുന്നു. പുരുഷനാണോ സ്ത്രീയാണോ എന്ന് 'രൂപ'ത്തിലൂടെ നമുക്കു വേർതിരിച്ചറിയുവാൻ കഴിയുന്നുണ്ടായിരുന്നില്ല. രോമരഹിതമായ അവരുടെ ശരീരത്തിന് അശേഷം ചുളിവുകളില്ല. തോളൊപ്പം വളർന്നുകിടന്ന, ഇടതൂർന്ന, ചെമ്പിച്ച മുടിയുള്ള അവർ ധരിച്ചിരുന്നത് സ്വർണ്ണമോ വജ്രവൈഡൂര്യങ്ങളോ എന്നൊക്കെ തോന്നിക്കുന്ന മനോഹര ആഭരണങ്ങളായിരുന്നു.

"ഈ മൂർത്തികൾ ദ്വിലിംഗ സ്വഭാവികളാണ്. ഒരു പകുതി പുരുഷനും മറുപകുതി സ്ത്രീയുമായ അർദ്ധനാരീശ്വര ശിവസങ്കല്പത്തിനു നിദാനമായത് ഈ സ്വരൂപങ്ങളാണ്. ഒരു ശരീരത്തിൽതന്നെ സ്ത്രീ–പുരുഷന്മാരുടെ പ്രജനനാവയവങ്ങൾ ഇവർക്കുണ്ട്." ബാബാജി പറഞ്ഞു.

"ഇപ്പോൾ നിന്നോട് വെളിപ്പെടുത്തുവാൻ കഴിയുന്നത് ഇത്രയുമാണ്. ഇതിൽപ്പരം ഇപ്പോളൊന്നുമില്ല. നിനക്കു പോകാൻ സമയമായിരിക്കുന്നു. കുടീരത്തിലേക്കു മടങ്ങാം. ഒരു മാസത്തിനുശേഷമേ ഞാനിനി നിന്നെക്കാണൂ." ബാബാജി ഇതു പറഞ്ഞ് അവസാനിപ്പിച്ചപ്പോൾ ഞാനദ്ദേഹത്തിന് ദണ്ഡനമസ്കാരം ചെയ്തു. ലക്ഷ്മൺ ഝൂലയിലേക്കുള്ള വഴിയിലൂടെ ഞാൻ മടങ്ങി.

ആദ്യത്തെ അനുഭവത്തിനുശേഷമുള്ള ഇത്രയും വർഷങ്ങൾകൊണ്ട് ഞാൻ ഭൂമിക്കകത്തും പുറത്തുമുള്ള അനേകം സ്ഥലങ്ങളിലേക്ക് യാത്ര ചെയ്തിട്ടുണ്ട്. പറഞ്ഞാൽ വിശ്വസിക്കാൻ കഴിയാത്ത പല അത്ഭുതങ്ങളും കണ്ടിട്ടുണ്ട്. സ്വർഗ്ഗവാസികൾ ജീവിക്കുന്ന അത്യുന്നത ലോകങ്ങളെ കൂടാതെ, ഫണസർപ്പങ്ങളും മറ്റ് വിചിത്രജീവികളും നിറഞ്ഞ ജനസാന്ദ്രമായ (അതോ സർപ്പസാന്ദ്രമായതോ)ലോകങ്ങളുൾപ്പെടെ ഞാൻ ദർശിച്ചിട്ടുണ്ട്.

നാസ്തികവാദവും ദോഷാനുദർശനവും മാനവചിന്തയെ പരിപൂർണ്ണമായിത്തന്നെ, മൂടിനിൽക്കുന്ന, ഇപ്പോഴത്തെ അന്തരീക്ഷത്തിൽ ഇതേപ്പറ്റിയൊക്കെ എത്ര കുറച്ചു പറയുന്നുവോ അത്രയും നല്ലതായിരിക്കും. ഇനി നമുക്കു മറ്റു വിഷയങ്ങളിലേക്കു കടക്കാം.

# ശ്രീഗുരുബാബാജിയുമായുള്ള എന്റെ കൂടിക്കാഴ്ച: ജയ്സാൽമീർ ബന്ധം

ജയ്സാൽമീറിനോട് അടുത്ത പ്രദേശത്ത്, രാജസ്ഥാൻ മരുഭൂമിയിൽ ഞാൻ ജനിച്ച കഥയാണിത്. ജയ്സാൽമേർ കോട്ട പണിയുന്നതിനും ജയ്സാൽമീറിന് അതിന്റെ പേരു ലഭിക്കുന്നതിനും മുമ്പുള്ള കാലമായിരുന്നു അത്. ഭഗവാൻ ശ്രീകൃഷ്ണൻ വൃന്ദാവനത്തിൽ വച്ചു പ്രവചിച്ചതുപോലെ യദുകുലത്തിന്റെ പിന്മുറയിൽപ്പെട്ട ചാരുകുലത്തിൽ ഭട്ടി രജപുത്രവംശത്തിലാണ് ഞാൻ ജനിച്ചത്. ശ്രീകൃഷ്ണന്റെ യദുകുലത്തിന്റെ പിൻതലമുറയിൽപ്പെട്ട ഈ വംശക്കാർ ചാന്ദ്രരാജ പരമ്പരയിലേതായിരുന്നു. ഭഗവാൻ ശ്രീകൃഷ്ണൻ എനിക്കു വാക്കുനൽകിയിരുന്നതുപോലെ മഹാനായ സിദ്ധൻ ശ്രീ ഗുരു ബാബാജി എന്റെ ജീവിതത്തിലേക്കു കടന്നുവന്നത് ജീവിതത്തിന്റെ സുപ്രധാന വഴിത്തിരിവായിരുന്നു. ശ്രീഗുരുവുമായുള്ള എന്റെ ആദ്യ സമ്പർക്കമായിരുന്നു അത്.

ഞാൻ തുടക്കംമുതൽക്കുള്ള കാര്യങ്ങൾ വിവരിക്കാം. ശ്രീകൃഷ്ണന്റെ പിൻതലമുറക്കാരെന്ന് അവകാശപ്പെടുന്ന ഭട്ടി രജപുത്രന്മാർ, താർ മരുഭൂമിയിലെ മരുഭൂരാജ്യത്തിന്റെ മുൻകാല രാജാക്കന്മാരായിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ, ഭട്ടിവംശത്തിലെ വൈഭവംതികഞ്ഞ ഒരു യോദ്ധാവായി റാവൽ ദിയോരാജ് എന്ന പേരിലാണ് ഞാൻ ജനിച്ചത്. വില്ലാളിവീരനും അശ്വാഭ്യാസിയും നിർഭയനുമായ യുദ്ധശൂരനായിരുന്നതിനാൽ അയൽരാജ്യങ്ങളുമായി യുദ്ധം ചെയ്ത് ഞാനെന്റെ രാജ്യത്തിന്റെ അതിർത്തികളെ സദാ വികസിപ്പിച്ചുകൊണ്ടിരുന്നു. കാലം നന്മകളുമായി മുന്നോട്ടുനീങ്ങിവരികയായിരുന്നു. മരൂഭൂമിയിലെ മഹാനായ യോദ്ധാവായി ഞാൻ വിഖ്യാതനായിക്കഴിഞ്ഞിരുന്നു. അതിർത്തിപ്രദേശങ്ങളിലെ പത്താൻ മുഖ്യന്മാർക്കുപോലും ദിയോരാജിനെ ഭയമായിരുന്നു.

അക്കാലത്താണ് ഞാൻ തൊട്ടടുത്തുള്ള സാമന്തരാജാവായിരുന്ന കരണിന്റെ അതിസുന്ദരിയായ മകളുമായി പ്രണയത്തിലായത്. അവളുടെ നാമം കർണി എന്നായിരുന്നു. ശത്രുക്കളിൽ പ്രബലനായ ഒരുവനെതിരേ യുദ്ധസഖ്യം രൂപീകരിക്കാനായി ഒരിക്കൽ അവളുടെ അച്ഛൻ എന്നെ ശിബിരത്തിലേക്കു ക്ഷണിച്ചു. ഭക്ഷണം വിളമ്പാനെത്തിയപ്പോഴാണ്

ഞാനവളെ ആദ്യമായി കണ്ടത്. ഞാൻ അവളുമായി പ്രണയത്തിലായി. ഏതാനും ദിവസങ്ങൾക്കുശേഷം ഒരു അർദ്ധരാത്രിയിൽ അവളുടെ അച്ഛന്റെ അധികാരപരിധിയിലേക്ക് സവാരിചെയ്തു ചെല്ലുവാനുള്ള ധൈര്യം ഞാൻ കാണിച്ചു. ശബ്ദമില്ലാതെ അകത്തുകടന്ന് അവളെ വിളിച്ചുണർത്തി. നിലാവുള്ള ഒരു രാത്രിയായിരുന്നു അത്. ഭയലേശമില്ലാതെ അവൾ എന്റെയൊപ്പം വന്നു. ഞങ്ങൾ പരസ്പരം നോക്കിനിന്നു. സമയം അധികം വൈകിക്കാതെ ഞാൻ അവളോട് എന്റെ മനസ്സു തുറന്നു. നാണം കുണുങ്ങിച്ചിരിച്ചുകൊണ്ട് ശിബിരത്തിലേക്കു മടങ്ങും മുമ്പേ അവൾ, "അച്ഛനുമായി സംസാരിക്കൂ. ആദ്യം കണ്ടപ്പോൾത്തന്നെ ഞാനും അങ്ങയിൽ അനുരക്തയായി. അച്ഛന്റെ അംഗരക്ഷകർ കാണും മുമ്പേ അങ്ങ് പൊയ്ക്കൊള്ളുക" എന്നുപറഞ്ഞു.

സാമന്തരാജാവ് കരണുമായി പിന്നീടുണ്ടായ കൂടിക്കാഴ്ചയിൽ, മകളോടുള്ള എന്റെ സ്നേഹം ഞാൻ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹത്തിന് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. എന്റെ കുടുംബക്കാർ ചെന്ന് ആലോചിക്കണമെന്ന വ്യവസ്ഥ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്റെ കുടുംബത്തിനും എതിർപ്പൊന്നും ഇല്ലാതിരുന്നതിനാൽ, ഇരുകൂട്ടരും കൂടിയാലോചിച്ച് വിവാഹം ഉറപ്പിച്ചു. എന്നാൽ ഞങ്ങൾ ഗുരുതരമായി കണക്കാക്കാതിരുന്ന ഒരു പ്രശ്നം അവിടെ നിലനിന്നിരുന്നു. അയൽ പ്രദേശത്തുള്ള മറ്റൊരു സാമന്തരാജാവിന് തന്റെ മകളെ വിവാഹം ചെയ്തു കൊടുക്കാമെന്ന് കരൺ നേരത്തേ വാക്കു നൽകിയിരുന്നു. പക്ഷേ, അയാളെ വിവാഹം ചെയ്യുവാൻ കർണ്ണിക്ക് സമ്മതമായിരുന്നില്ല. അവളുടെ പിതാവ് ആ വിവരം മറ്റെയാളെ അറിയിച്ചിരുന്നു. കാര്യങ്ങൾ അങ്ങനെ നിൽക്കവേയാണ് ഞങ്ങളുടെ വിവാഹ ആലോചന നടന്നതും ഉറപ്പിച്ചതും.

കല്യാണദിവസം മരുഭൂമിയിൽ മാത്രം കണ്ടുവരുന്ന അപൂർവ്വയിനം പുഷ്പങ്ങളാൽ കൊരുത്ത പൂമാലകൾ ഞങ്ങൾ പരസ്പരം കഴുത്തിൽ ചാർത്തുന്ന നേരത്ത് പതുങ്ങിയിരുന്ന ഒരുസംഘം ആളുകൾ വിവാഹസംഘത്തെ കടന്നാക്രമിച്ചു. വിവാഹത്തിൽ പങ്കെടുക്കുവാനെത്തിയ തൊള്ളായിരത്തോളം വരുന്ന, മിക്കവാറും നിരായുധരായിരുന്ന, ആളുകൾ കൂട്ടക്കൊലചെയ്യപ്പെട്ടു. എന്റെ അച്ഛൻ, എന്റെ വധു കർണി, സാമന്തൻ കരൺ, ഇരുസംഘത്തിലെയും ധാരാളം ബന്ധുക്കൾ എന്നിവർ മരിച്ചുവീണു. ഞാൻ രക്ഷപ്പെട്ടു. ശിബിരത്തിൽനിന്നും മരുഭൂമിയിലേക്കിറങ്ങിയ എന്നെ പിന്തുടർന്ന് ശത്രുവായ സാമന്തന്റെ പടയാളികൾ വരുന്നുണ്ടായിരുന്നു. ക്ഷീണിച്ചു തളർന്ന ഞാൻ ഒടുവിൽ ചെറുമരുപ്പച്ചയായ ജോഗിസാറിൽ എത്തിച്ചേർന്നു. മഹാനായ ഒരു യോഗി താമസിച്ചിരുന്ന സ്ഥലമെന്നു പുകഴ്പെറ്റ പ്രദേശമായിരുന്നു ജോഗിസാർ.

ഓലമേഞ്ഞ കുടിലിൽനിന്ന് ഒരു യോഗി പ്രത്യക്ഷനായി. ബ്രാഹ്മണനായ ഒരു ദിവ്യന്റെ എല്ലാ ലക്ഷണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു.

നെറ്റിയിലും ശരീരത്തിലും ചന്ദനക്കുറിയും പിത്തളകൊണ്ടുള്ള കർണ്ണാഭരണങ്ങളും കഴുത്തിലെ തുളസി ജപമാലയും തലയിലെ കുടുമയും എല്ലാറ്റിലുമുപരി പരമപവിത്രമായ പൂണൂൽച്ചരടും. അദ്ദേഹം ഉപചാരം ചൊല്ലി, ഞാൻ അദ്ദേഹത്തിന്റെ കാലിൽതൊട്ട് അനുഗ്രഹം വാങ്ങി.

"വേഗം അകത്തേക്കു വരൂ. നിന്നെ പിന്തുടരുന്നവർ ഇപ്പോഴിങ്ങെത്തും. കുടീരത്തിൽചെന്ന് തലമുടിയും താടിയും മീശയും ക്ഷൗരം ചെയ്തുകളയുക. ശിരസ്സിൽ ഒരു കുടുമ്മ മാത്രം നിലനിർത്തുക. ക്ഷൗരം ചെയ്യാനുള്ള കത്തിയും വെള്ളവും വെടിപ്പുള്ള ഒരു കണ്ണാടിയും തുണിയും ഞാൻ അവിടെ വച്ചിട്ടുണ്ട്. ജാതിചിഹ്നങ്ങളായ പൂണൂലും ജപമാലയും കൗപീനവും എടുത്തുധരിക്കുക. ശേഷം എന്നോടൊപ്പം മുറ്റത്തുവന്നിരിക്കൂ. നമുക്ക് ഒരേ പിച്ചളപാത്രത്തിൽനിന്ന് ഉച്ചയൂണു കഴിക്കാം."

ഞാൻ തിടുക്കത്തിൽ അകത്തേക്കു പോയി. വേഗത്തിൽ തയ്യാറായി തിരികെ എത്തി ഞാൻ അദ്ദേഹത്തോടൊപ്പം പുറത്തെ തൊടിയിലിരുന്ന് ഒരേ പാത്രത്തിൽനിന്ന് ആഹാരം കഴിച്ചു. കൊല്ലപ്പെട്ട സാമന്തൻ അഖായിയുടെ അനുചരന്മാർ അധികം വൈകാതെ അവിടെയെത്തി. അവർ കുതിരപ്പുറത്തുനിന്നും ഇറങ്ങിവന്ന് ആ ദിവ്യനായ മനുഷ്യനെ വണങ്ങിയിട്ട് ഇങ്ങനെ പറഞ്ഞു:

"ഭക്ഷണം കഴിക്കുമ്പോൾ തടസ്സപ്പെടുത്തുന്നതിൽ ക്ഷമിക്കണം. റാവൽ എന്നു സ്വയം പ്രഖ്യാപിച്ചുനടക്കുന്ന ആ പേടിത്തൊണ്ടൻ ദിയോരാജാവിനെ നോക്കിവന്നതാണ് ഞങ്ങൾ. ഇതുവഴി യോദ്ധാവിന്റെ രൂപമുള്ള ഒരാൾ പോകുന്നതു കണ്ടോ? വെള്ളമോ ഭക്ഷണമോ ചോദിച്ച് ആരെങ്കിലും ഇവിടെ വന്നിരുന്നോ?"

"എന്റെ അറിവ് ശരിയാണെങ്കിൽ, കഴിഞ്ഞ രണ്ടു ദിവസങ്ങളായി ഇതുവഴി ആരും പോകുന്നതായി ഞാനോ എന്റെ ശിഷ്യനോ കണ്ടിട്ടില്ല. നിങ്ങൾക്കു ദാഹമുണ്ടെങ്കിൽ പുറത്തിരിക്കുന്ന കുടത്തിൽനിന്നും വെള്ളം കുടിച്ചാലും. ദയവായി ഞങ്ങളെ വെറുതേവിട്ടാലും. വാളിന്റെ ശബ്ദവും കുതിരക്കുളമ്പടിയും ഞങ്ങളുടെ ആദ്ധ്യാത്മിക ആചാരങ്ങൾക്ക് ഭംഗം വരുത്തും. ആരെയെങ്കിലും കണ്ടാൽ നിങ്ങളുടെ മുഖ്യനെ ഞങ്ങൾ വിവരമറിയിക്കാം. അദ്ദേഹത്തിനെപ്പോഴും ഞങ്ങളുടെ അനുഗ്രഹങ്ങളുണ്ടാകുമെന്ന് അറിയിച്ചാലും നമോ നാരായണ."

വെള്ളം കുടിച്ചശേഷം തിരികെവന്ന്, ആ ദിവ്യപുരുഷനെ നമസ്കരിച്ച് നന്ദിയുമറിയിച്ച് അവർ കുതിരപ്പുറത്തുകയറിപ്പോയി.

അവർ പോയിക്കഴിഞ്ഞ്, അദ്ദേഹം എന്നോടായി പറഞ്ഞു: "ആഹാരം കഴിച്ച് കുറച്ചുനേരം വിശ്രമിക്കുക. ഒരേ പാത്രത്തിൽനിന്ന് നാമിരുവരും ഭക്ഷണം കഴിക്കുന്നതുകണ്ട് നീ എന്റെ ബ്രാഹ്മണശിഷ്യനാണെന്നാണ് അവർ കരുതിയിരിക്കുന്നത്. കൂടാതെ, ഞാൻ കുറച്ച് ഇന്ദ്രജാലവും കാട്ടിയിട്ടുണ്ട്. ബ്രാഹ്മണഋഷിയുടെ മകളായി നീ പിറന്ന ജന്മത്തിൽ, സാക്ഷാൽ ശ്രീകൃഷ്ണൻ വാക്കുതന്നിരുന്നില്ലേ നിന്റെയടുത്തേക്ക് ഒരു

സിദ്ധനെ അയയ്ക്കാമെന്ന്—ആ സിദ്ധൻ ഞാനാണ്. നിനക്ക് ഓർമ്മയുണ്ടാകില്ല. ശ്രീഗുരു എന്നറിയപ്പെടുന്ന ആൾ ഞാനാണ്. ആത്മാന്വേഷികൾ എന്നെ ബാബാജി എന്നു വിളിക്കും. ആത്മാന്വേഷികൾക്കു വഴി കാണിക്കുവാനും അവരുടെ പരിണാമപ്രക്രിയ ത്വരിതപ്പെടുത്തുവാനുമായി ഒരു യുഗം മുഴുവൻ ഞാൻ ജീവിക്കും. പിന്നീട് കൂടുതൽ കാര്യങ്ങൾ ഞാൻ വ്യക്തമാക്കാം, ഇപ്പോൾ നീ വിശ്രമിക്കുക."

ക്ഷീണിച്ചു തളർന്നിരുന്നതിനാൽ ഞാൻ കുടിലിലെത്തിയതും ഉറക്കം പിടിച്ചു. ഞാൻ ഉണർന്നപ്പോൾ വൈകുന്നേരം ആയിക്കഴിഞ്ഞിരുന്നു. സൂര്യൻ അസ്തമിക്കാറായി. പുറത്തെത്തിയപ്പോൾ മഹാനായ ശ്രീഗുരു അസ്തമയസൂര്യനെ നോക്കിയിരുന്ന് എന്തോ മന്ത്രം ഉരുവിടുന്ന കാഴ്ചയാണു ഞാൻ കണ്ടത്. ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തി നിശ്ശബ്ദനായി ഇരുന്നു.

ഒരാഴ്ചക്കാലം ഞാൻ അദ്ദേഹത്തോടൊപ്പം തങ്ങി. ആ കാലം യോഗവിദ്യകളുടെ പ്രാരംഭപാഠങ്ങൾ ഞാൻ പഠിച്ചു. ഋഷി വിഷ്ണുപാദന്റെ മകളായ ഇന്ദുമതിയായിരുന്ന എന്റെ മുജ്ജന്മത്തിലെ സ്മൃതിയുടെ ഒരു ഭാഗം ബാബാജി എന്നെ ഓർമ്മിപ്പിച്ചു. നേതൃത്വപരമായ കഴിവുകൾക്കുണ്ടാകേണ്ട അടിസ്ഥാനങ്ങളെപ്പറ്റി പഠിപ്പിച്ചു.

ബാബാജിയുടെ അടുത്തുനിന്നു വിടവാങ്ങുന്നതിനുമുമ്പ്, അദ്ദേഹം എന്നെ അനുഗ്രഹിച്ചിട്ട് ചില പ്രവചനങ്ങൾ നടത്തി. രണ്ടു നൂറ്റാണ്ടുകൾക്കുശേഷം, അന്ന് ലോദാർവ ഭരിക്കുന്ന മഹാറാവലിന്റെ ദിയോരാജ് എന്ന മൂത്തമകൻ ജയ്സാലിനെപ്പറ്റിയായിരുന്നു അത്. അച്ഛന്റെ മരണശേഷം ജയ്സാലിന്റെ അവകാശത്തെ അവഗണിച്ച് അർദ്ധസഹോദരന്മാരിൽ ഇളയവൻ രാജാധികാരം കൈക്കലാക്കുമെന്ന് അദ്ദേഹം പറഞ്ഞു. ജയ്സാൽ അഫ്ഗാനിയായ മുസ്‌ലിം പടയാളി ഘോർ ശിഹാബുദീന്റെ സഹായത്തോടെ നഗരം തുടർച്ചയായി ആക്രമിച്ചും കൊള്ളയടിച്ചും ഒടുവിൽ ലോദാർവ തിരിച്ചുപിടിക്കും. സിംഹാസനാധികാരം തിരികെ ഏറ്റെടുക്കുമ്പോഴേക്കും, ലോദാർവ തകർന്നടിഞ്ഞ ഒരു നഗരമായിക്കഴിയും.

മഹാറാവൽ ജയ്സാൽ പുതിയൊരു തലസ്ഥാനനഗരിക്കായുള്ള സ്ഥലം നോക്കിനടക്കുമ്പോൾ പരന്നുകിടക്കുന്ന മരുഭൂവിനു നടുവിലായി ഒരു വലിയ പാറക്കെട്ട് കണ്ടെത്തും. അവിടെവച്ച് അദ്ദേഹം ഈശ്വൽനാഥ് എന്ന പേരിൽ ജീവിതം നയിക്കുന്ന, ബാബാജിയുടെ ഏറ്റവും അടുത്ത ശിഷ്യനായ മഹേശ്വർനാഥിനെ കണ്ടുമുട്ടും.

യുഗാന്തരങ്ങൾക്കുമുമ്പ്, ശ്രീകൃഷ്ണനും ഭീമനും ഈ പർവ്വതശിഖരത്തിൽ എത്തിയെന്നും ഭീമനു ദാഹജലം നൽകാനായി മരുഭൂമി മദ്ധ്യത്തിലായിക്കാണുന്ന ജലസ്രോതസ്സ് ഭഗവാൻ നിർമ്മിച്ചതാണെന്നും ഈശ്വൽനാഥ് പറയും. യാദവകുലത്തിന്റെ പിന്മുറക്കാരനായ ജയ്സാൽ തന്റെ രാജതലസ്ഥാനം ഇവിടെ കെട്ടിപ്പടുക്കുമെന്ന് കൃഷ്ണൻ പറഞ്ഞതാ

യുള്ള ഈശ്വൽനാഥിന്റെ കഥ കേട്ട് ഉത്സാഹഭരിതനായി ജയ്സാൽ തന്റെ പുതിയ രാജ്യതലസ്ഥാനം അവിടെ സ്ഥാപിക്കും. ഒരു മണൽകോട്ട നിർമ്മിച്ച് സ്വന്തം പേരിൽ അതിന് ജയ്സാൽമീർ എന്നു പേരിടും.

ആത്മീയപരിണാമത്തിന്റെ മാർഗ്ഗത്തിൽ ഞാൻ ഒരുപാടു ദൂരം സഞ്ചരിക്കുവാനുണ്ടെന്ന് ബാബാജി എന്നോടു പറഞ്ഞിരുന്നു. ഒരുപാടു വർഷങ്ങൾക്കുശേഷം, ദക്ഷിണഭാരതത്തിലെ ഒരു മുസ്ലിം രാജ്ഞിയായി ജനിക്കുന്ന ജന്മത്തിൽ, നേരൂരിലെ സദാശിവ ബ്രഹ്മേന്ദ്ര എന്ന മഹാത്മാവിനെ കാണുകയും അദ്ദേഹത്തിൽനിന്ന് ദീക്ഷ സ്വീകരിക്കുകയും ചെയ്യും. അതിനുശേഷമുള്ള ജന്മത്തിൽ ശ്രീഗുരുവിന്റെ പ്രിയശിഷ്യനാകുവാൻ പാകത്തിൽ ഞാൻ സംസ്കരിക്കപ്പെടും. ബനാറസിൽനിന്നും ഹിമാലയസമീപമുള്ള ബദരീനാഥിലേക്ക് ദേശാന്തരം ചെയ്ത ഒരു യാഥാസ്ഥിതികബ്രാഹ്മണകുടുംബത്തിലാകും അന്നു ഞാൻ ജനിക്കുക.

എന്റെ പ്രബുദ്ധതാസീമകളെ വിസ്തൃതമാക്കുവാനും പുതിയ പാഠങ്ങൾ പഠിക്കുവാനും സഹായിച്ച ഒരുപാടു സംഭവങ്ങൾ എന്റെ ജീവിതത്തിലുണ്ടായി. പിന്നീട് ഞാൻ ബംഗാളിലാണു ജനിച്ചത്. തുടർന്ന് ദക്ഷിണദേശത്ത് ഒരു മുസ്ലിം കുടുംബത്തിൽ പുരുഷജന്മമായ് ഞാൻ പിറക്കും. നന്നേ ചെറിയ പ്രായത്തിലുള്ള എന്റെയടുത്തേക്ക് തന്റെ ശിഷ്യനായ മഹേശ്വർനാഥിനെ അദ്ദേഹം നിയോഗിക്കും. 'എം' എന്ന് എല്ലാവരാലും വിളിക്കപ്പെടുന്ന ഈ ജന്മത്തിലാകും മുഴുവൻ ബന്ധങ്ങളെക്കുറിച്ചും സമ്പർക്കങ്ങളെക്കുറിച്ചും വെളിപ്പെടുത്തുന്നത്.

ശിക്ഷണത്തിനൊടുവിൽ, ബാബാജിയെ പ്രണമിച്ച് ഞാൻ യാത്രയായി. നാഥ് സമ്പ്രദായത്തിൽപ്പെട്ട, പരിത്യജിക്കപ്പെട്ട ഒരു വിഹാരത്തെ എന്റെ ഒളിസങ്കേതമാക്കിക്കൊണ്ട് പ്രവർത്തിക്കുകയും ജനങ്ങളെ ഒരുമിപ്പിച്ച് പ്രബലമായൊരു സൈന്യത്തെ രൂപീകരിക്കുകയും ചെയ്തു. വംശങ്ങളെ ഓരോന്നായി പരാജയപ്പെടുത്തുകയും അവരുടെയൊക്കെ ദേശങ്ങളെ ഞാൻ എന്റെ രാജ്യത്തോടു ചേർക്കുകയും ചെയ്തു. കുറച്ചുകാലം ദേരാവറായിരുന്നു എന്റെ തലസ്ഥാനം. ശക്തനായ ഒരു രജപുത്രനിൽനിന്നും ലോദാർവ പിടിച്ചടക്കി ഞാൻ അവിടം എന്റെ തലസ്ഥാനമാക്കി. കുറെക്കാലം റാവലുകളുടെ തലസ്ഥാന നഗരിയായി ലോദാർവ തുടർന്നു.

വളരെ പ്രായമായശേഷമാണ് മരണം എന്നെ വരിച്ചത്. അന്നും ഞാൻ അരോഗദൃഢഗാത്രനായിരുന്നു. ഞാൻ പഠിച്ച യോഗചര്യകൾ എന്റെ ആരോഗ്യത്തിന് തുണയായിനിന്നു. ഒരു ദിവസം കുതിരപ്പുറത്തുനിന്നും താഴെവീണ് എന്റെ കഴുത്തിന് പരിക്കേറ്റു. ആ പരിക്കിനു കീഴ്പ്പെട്ട ഞാൻ മരണത്തോടെ ശ്രീഗുരുബാബാജിയിൽ വിലയം പ്രാപിക്കുകയും ചെയ്തു.

# ഒരു അജ്ഞാത യോഗി

ഒരു വൈകുന്നേരം ബനാറസിലെ മുൻഷിഘാട്ടിന്റെ പടവുകളിലിരുന്ന് ഗംഗാനദിയിലൂടെ വള്ളങ്ങൾ നീങ്ങുന്നതു കണ്ടിരിക്കവേ, ആ പുരാതന നഗരത്തിലേക്ക് മുമ്പു നടത്തിയ ഒരു യാത്രയെക്കുറിച്ച് ഞാൻ ഓർത്തു. നാനാജി ദേശ്മുഖ് പത്രാധിപരായിരുന്ന 'മന്ഥൻ' എന്ന പ്രസിദ്ധീകരണത്തിന്റെ സഹപത്രാധിപരായി ഡൽഹിയിലായിരുന്നു ഞാൻ അക്കാലം. അവിടെനിന്നും രാജിവച്ച്, മുൻപ് ഇടതുപക്ഷപത്രമായിരുന്ന 'പാട്രിയോട്ടിൽ' പത്രപ്രവർത്തകനായിരുന്ന ഗണേശ് ശുക്ലയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കുന്ന 'ന്യൂ വേവ്' എന്ന ടാബ്ലോയിഡിൽ ജോലിയിൽ പ്രവേശിക്കാൻ തയ്യാറായിരിക്കുകയായിരുന്നു ഞാൻ. ആ സമയത്ത് 'മന്ഥൻ' ലെ ജോലി ഉപേക്ഷിക്കുന്നതിനു തൊട്ടുമുമ്പാണ് ഒരാഴ്ചക്കാലം അവധിയെടുത്ത് ഞാൻ ബനാറസ്സിലേക്കു പോയത്.

സ്വതന്ത്രമായി ജീവിക്കാനും സ്വന്തംകാലിൽ നിൽക്കാനും പഠിക്കണമെന്നു പറഞ്ഞ് മഹേശ്വർനാഥ് ബാബാജി രണ്ടു വർഷത്തേക്ക് എന്നെ അദ്ദേഹത്തിന്റെ സമീപത്തുനിന്നും അകറ്റിനിർത്തിയിരുന്ന കാലംകൂടി ആയിരുന്നു അത്. കാശി വിശ്വനാഥന്റെ അടുത്തേക്കു നീളുന്ന ഇടുങ്ങിയ തെരുവുകളിലോ ഘാട്ടുകളിലോ ബാബാജിയെ കണ്ടുമുട്ടിയേക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നുണ്ടായിരുന്നു. നിർഭാഗ്യവശാൽ എനിക്ക് അതിനു കഴിഞ്ഞില്ല.

ഒരു വൈകുന്നേരം, മണികർണികാഘാട്ടിനു മുകളിലൊരു തകർന്ന മണ്ഡപത്തിൽ, താഴെ കത്തിയെരിയുന്ന മൃതശരീരങ്ങളിലേക്കു നോക്കി ഇരിക്കുകയായിരുന്നു ഞാൻ. വലതുവശത്തേക്കു നോക്കിയപ്പോൾ തലമുണ്ഡനം ചെയ്ത്, കൈയിൽ തടികൊണ്ടുള്ള ദണ്ഡും പിടിച്ച് ദശനാമി സന്ന്യാസി പാരമ്പര്യത്തിൽപ്പെട്ടത് എന്നു തോന്നിക്കുന്ന ഒരു സന്ന്യാസി ധ്യാനിക്കുന്നതു കണ്ടു. ആദിശങ്കരാചാര്യർ സ്ഥാപിച്ച സന്ന്യാസ പരമ്പരയിൽപ്പെട്ട അക്കൂട്ടർ, ശരീരം വെണ്ണീറാകുന്ന ഘാട്ടുകളുടെ പരിസരങ്ങളിലേക്ക് അധികവും വരാറില്ല എന്നതിനാൽ, അവിടെ അദ്ദേഹത്തെ കണ്ടത് എന്നിൽ അത്ഭുതം സൃഷ്ടിച്ചു.

അരമണിക്കൂറിനുശേഷം, അദ്ദേഹം കണ്ണുകൾ തുറക്കുകയും എന്നെ നോക്കുകയും ചെയ്തു. ധൈര്യം സംഭരിച്ച് ഞാൻ അദ്ദേഹത്തിന്റെ അടുത്തെത്തി, ഉപചാരപൂർവ്വം നമിച്ചു. 'നമോനാരായണ'—ദശനാമി പരമ്പരയുടെ ആചാരപ്രകാരം അദ്ദേഹം എന്നെ പ്രത്യഭിവാദ്യം ചെയ്തു.

"ഞാൻ ഇവിടെ ഇരിക്കട്ടേ?" ഞാൻ ചോദിച്ചു.

"ഇരിക്കൂ." അദ്ദേഹം പറഞ്ഞു.

എന്നിട്ട്, ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നുവെന്നും അവിടെ എന്തു ചെയ്യുകയാണെന്നും അദ്ദേഹം എന്നോട് അന്വേഷിച്ചു. ഞാൻ ചില വിവരങ്ങൾ പങ്കുവച്ചശേഷം നാഥ് സമ്പ്രദായത്തിലെ മഹേശ്വർനാഥ് ബാബാജി എന്ന മഹായോഗിയാണ് എന്റെ ഗുരുവെന്നും ഏതാനും വർഷം അദ്ദേഹത്തോടൊപ്പം ഞാൻ ഹിമാലയത്തിലായിരുന്നുവെന്നും തുടങ്ങി എന്നെപ്പറ്റിയുള്ള ചില വിവരങ്ങൾ ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

"ആ... കൊള്ളാം... അപ്പോൾ നീ നാഥ് പരമ്പരയിൽപ്പെട്ടവനാണ് പക്ഷേ, കാതു തുളച്ച 'കാൻഫദ' അല്ലല്ലോ നീ." (നാഥ് പരമ്പരയിൽപ്പെട്ട യോഗികളുടെ കാതിന്റെ തരുണാസ്ഥി തുളച്ച് കർണ്ണാഭരണങ്ങൾ ഇടുന്ന പതിവുണ്ട്.)

"ആ ആചാരത്തിൽനിന്നും ബാബാജി എന്നെ ഒഴിവാക്കിയതാണ്." ഞാൻ പറഞ്ഞു.

"ഞങ്ങൾ ദശനാമികൾക്ക് നാഥ് പരമ്പരയോട് വലിയ പ്രതിപത്തി യൊന്നും ഇല്ല. നിനക്കറിയാമല്ലോ. പക്ഷേ, വ്യക്തിപരമായി എനിക്കു തോന്നുന്നത്, ആദ്ധ്യാത്മിക പരിശീലനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വിലയേറിയ ഉപദേശങ്ങൾ പകരാൻ നാഥ് അനുശാസനങ്ങൾക്ക് കഴിയു മെന്നാണ്."

"ഈ പ്രദേശത്തുള്ള ഏതെങ്കിലും മഹായോഗിയെ പരിചയമുണ്ടോ?" ഞാൻ അദ്ദേഹത്തോടു ചോദിച്ചു.

"അജ്ഞാതരായ ഏതാനും യോഗികളുണ്ട്, അതെനിക്കുറപ്പാണ്. ബനാറസ്സിൽ വേദാന്തി കർപ്പാത്രിജിയുണ്ട്. നീ അദ്ദേഹത്തെ ഒന്നു പോയി സന്ദർശിക്കണമെന്ന് ഞാൻ പറഞ്ഞേനെ. നിർഭാഗ്യവശാൽ അദ്ദേഹം ഇപ്പോൾ ബദരീനാഥിലാണ്."

ഒരു നിമിഷം നിർത്തിയിട്ട് അദ്ദേഹം തുടർന്നു:

"അസ്സീഘാട്ടിന് അരികിലായി ചെറിയൊരു കുടീരത്തിൽ ജീവിക്കുന്ന ഒരു യോഗിയുണ്ട്. ഒരിക്കൽ അദ്ദേഹം ദശനാമി പരമ്പരയിൽപ്പെട്ട ദണ്ഡിസ്വാമിയായിരുന്നു. പിന്നീട് ദണ്ഡി ഗംഗയിൽ ഒഴുക്കിയശേഷം അദ്ദേഹം ഒരു പരമ്പരയുടെയും പിന്തുടർച്ചക്കാരനല്ല. ഒരു മഹായോഗിയെ കാണണമെന്ന് നിനക്ക് ഉത്കടമായ ആഗ്രഹമുള്ളതിനാലും ആദ്ധ്യാത്മിക യാത്രയിലെ നിഷ്ഠാനുക്രമങ്ങളിൽ ആത്മാർത്ഥതയുള്ളതിനാലും, അദ്ദേഹത്തെ കാണുക എന്നത്, നിന്നെ സംബന്ധിച്ച് ഒരു നല്ല ആശയമാ യിരിക്കും. അദ്ദേഹം അത്യപൂർവ്വമായേ സംസാരിക്കാറുള്ളൂവെന്നാണു ഞാൻ കേട്ടിട്ടുള്ളത്. ചിലപ്പോൾ നിനക്കു ഭാഗ്യമുണ്ടാകും." ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എഴുന്നേറ്റു. 'നമോ നാരായണ' എന്നു പറഞ്ഞ് നടന്നകലുകയും ചെയ്തു.

അപ്പോഴേക്കും നേരം വളരെ വൈകിപ്പോയിരുന്നു. അസ്സീഘാട്ടിൽ പോകാൻ കഴിയാതെ ഞാൻ കുറച്ചുസമയംകൂടി മണികർണ്ണികയിൽ ഇരുന്നിട്ട്, പെഷ്വാഘാട്ടിലെ തീരെ അലങ്കോലപ്പെട്ട എന്റെ ചെറുമുറിയിലേക്കു മടങ്ങി. ആർക്കും വേണ്ടാതെ ഉപേക്ഷിക്കപ്പെട്ട ആ പഴയ കെട്ടിടത്തിന്റെ സംരക്ഷകൻ, ഒരു രാത്രിക്ക് 50 രൂപ വാടകയ്ക്കാണ് എനിക്കു മുറി നൽകിയത്. അദ്ദേഹം നൽകിയ ചൂടുപാൽ കുടിച്ചശേഷം, കീശയിൽക്കിടന്ന പണമെടുത്ത് തോൾസഞ്ചിയിലിട്ടു. ചാർപ്പായിൽ കിടന്നു ഞാൻ ഉറങ്ങാൻ കിടന്നു. ഗാഢനിദ്രയിലാണ്.

പിറ്റേന്ന്, ഞാൻ അതിരാവിലെ ഉണർന്നു. പ്രഭാത ആരതിക്ക് അകമ്പടിയാകാറുള്ള ചേങ്ങില മണിനാദങ്ങൾ എനിക്കു കേൾക്കാമായിരുന്നു. ഘാട്ടിന്റെ പടവുകളിറങ്ങിച്ചെന്ന് ഞാൻ ഗംഗയിൽ മുങ്ങി തിരികെ മുറിയിലെത്തി. തോൾസഞ്ചിയെടുത്ത് അസ്സീഘാട്ടിനെ ലക്ഷ്യമാക്കി നടന്നു. ഉദിച്ചുയരാനൊരുങ്ങുന്ന സൂര്യൻ തന്റെ അരുണപ്രഭ, ബനാറസ്സിന്റെ പ്രത്യേകതയായ ശാന്തിയും നിശ്ശബ്ദതയും നിറഞ്ഞ അന്തരീക്ഷത്തിനുമീതെ ചൊരിയുന്നു. ഏതാനും വള്ളങ്ങൾ ഗതാഗതം ആരംഭിച്ചുകഴിഞ്ഞു. ഞാൻ അസ്സീഘാട്ടിലെത്തിയപ്പോൾ, സൂര്യൻ പകുതി ഉദിച്ചുകഴിഞ്ഞിരുന്നു. പാതിയുദിച്ച സൂര്യൻ ചക്രവാളത്തിൽ പ്രകാശിക്കുന്ന സുവർണ്ണോജ്ജ്വലചക്രംപോലെ തോന്നിച്ചു. ആ കാഴ്ച, എന്റെ മനസ്സിലേക്ക് ഈശാവാസ്യോപനിഷത്തിലെ വരികൾ കൊണ്ടുവന്നു.

ഹിരൺമയേന പാത്രേണ
സത്യസ്യാപിഹിതം മുഖം
തത്ത്വം പൂഷന്നപാവൃണു
സത്യധർമ്മായ ദൃഷ്ടയേ

സാരസാക്ഷിയായ അല്ലയോ സൂര്യാ, ജഗന്നിയന്താവേ! സത്യത്തിന്റെ മുഖം മറയ്ക്കുന്ന തിളക്കമുള്ള ആ സ്വർണ്ണമൂടിയെ മാറ്റിയാലും. സത്യത്തിന്റെ പാത തിരഞ്ഞെത്തുന്ന ധാർമ്മികനായ അന്വേഷി അങ്ങയെ മുഖാമുഖം ദർശിക്കട്ടെ.

അസ്സീഘാട്ടിലെത്തിയ ഞാൻ അന്വേഷണങ്ങൾക്ക് ഒടുവിൽ യോഗിയെ കണ്ടെത്തി. ഘാട്ടുകൾക്കു തൊട്ടടുത്ത്, മുൻവശത്ത് വരാന്തയുള്ള ഒരു കുടീരത്തിലാണ് അദ്ദേഹം പാർത്തിരുന്നത്. ഞാൻ കുടീരം ലക്ഷ്യമാക്കി നീങ്ങി. അദ്ദേഹം വരാന്തയിലിരിപ്പുണ്ടായിരുന്നു. മെലിഞ്ഞ് പൊക്കം കുറഞ്ഞ ശരീരമുള്ള അദ്ദേഹത്തിന്റെ മുഖം വെയിലേറ്റു നിറം മങ്ങിയതായിരുന്നു. കാറ്റിനൊപ്പം ഇളകുന്ന നീണ്ട നരച്ച താടിയും ശിരോമദ്ധ്യത്തിലേക്ക് വൃത്തിയായി കെട്ടിയൊതുക്കിവച്ച ഇടതൂർന്ന തലമുടിയുമായിരുന്നു അദ്ദേഹത്തിന്റേത്.

കൗപീനധാരിയായിരുന്ന അദ്ദേഹം പത്മാസനത്തിലിരുന്ന് ഗംഗയുടെ ജലപ്രവാഹത്തിലേക്ക് ശാന്തതയോടെ നോക്കുകയായിരുന്നു. വലിപ്പ

മുള്ള പ്രശാന്തമായ അദ്ദേഹത്തിന്റെ കണ്ണുകളാണ് ഏറ്റവും വലിയ സവിശേഷതയായി എനിക്കു തോന്നിയത്. രുദ്രാക്ഷം കൊരുത്ത ഒരു മാല അദ്ദേഹത്തിന്റെ കഴുത്തിലുണ്ടായിരുന്നു. നാഥ് പരമ്പരയിൽ പ്പെട്ടവർ സാധാരണയായി ധരിക്കാറുള്ള ആടയാഭരണങ്ങളൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല എന്നതും അവിടെ 'ധൂനി' ഉണ്ടായിരുന്നില്ല എന്നതും ഞാൻ ശ്രദ്ധിച്ചു. സാഷ്ടാംഗ നമസ്കാരത്തിനുശേഷം എഴുന്നേറ്റ് ഞാൻ അദ്ദേഹത്തോടായി പറഞ്ഞു: "അങ്ങ് മൗനത്തിലാണെന്ന് പറഞ്ഞുകേട്ടിരുന്നു. ഞാൻ അങ്ങയെ ബുദ്ധിമുട്ടിക്കില്ല. അങ്ങയുടെ സാന്നിദ്ധ്യത്തിൽ അല്പനേരം ധ്യാനിച്ചാൽ മാത്രംമതി എനിക്ക്."

സാനുകമ്പം പുഞ്ചിരിച്ചിട്ട്, എന്നെ അതിശയിപ്പിച്ചുകൊണ്ട് അദ്ദേഹം മൗനം വെടിഞ്ഞു. "ശരി. നിയമങ്ങളെ ഭ്രാന്തമായി മുറുകെപ്പിടിക്കുന്നയാളല്ല ഞാൻ. നിന്റെ സത്യസന്ധത ഞാൻ മനസ്സിലാക്കുന്നു. വരൂ. ഇവിടെ വരാന്തയിലിരിക്കൂ."

വരാന്തയിലേക്കു കയറിയ ഞാൻ, അദ്ദേഹത്തിന്റെ തൊട്ടടുത്ത് കാലേകൂട്ടി മടക്കിവച്ചത് എന്നു തോന്നിച്ച കമ്പിളിയിൽ ഇരുന്നു. "ഇന്ന് ആരെങ്കിലും വരുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു" എന്നു പറഞ്ഞിട്ട് അദ്ദേഹം എന്നെപ്പറ്റിയുള്ള വിവരങ്ങളന്വേഷിച്ചു. മഹേശ്വർനാഥ് ബാബാജിയെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു തെളിഞ്ഞ പ്രൗഢഭാവം ഞാൻ കണ്ടു. "അതു ശരി, നീ മഹേശ്വർനാഥ് ബാബാജിയുടെ ശിഷ്യനാണല്ലേ. അദ്ദേഹം വളരെ അപൂർവ്വമായി മാത്രമേ ശിഷ്യന്മാരെ സ്വീകരിക്കാറുള്ളൂവെന്ന് ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾ ഇതുവരെ പരസ്പരം കണ്ടിട്ടില്ല. പക്ഷേ, നിന്നെ തീർച്ചയായും സന്തോഷിപ്പിക്കുന്ന ഒരു കാര്യം പറയട്ടേ–അദ്ദേഹം എന്റെ ഗുരുഭായിയാണ്."

ആവേശഭരിതനായി ഞാൻ വീർപ്പുമുട്ടിക്കൊണ്ട് ചോദിച്ചു: "അങ്ങ് ശ്രീഗുരു ബാബാജിയുടെ ശിഷ്യനാണെന്നോ?"

"അതാണെന്റെ സൗഭാഗ്യം," അദ്ദേഹം ശാന്തനായി തുടർന്നു. "ഇനി, നീ പോവുക. നാളെ ഇതേസമയത്ത് തിരിച്ചുവരണം. അന്നേരം ഞാൻ, ശ്രീ ഗുരുബാബാജിയുമായി ഉണ്ടായ കൂടിക്കാഴ്ചയെക്കുറിച്ച് നിന്നോട് പറയാം. എങ്ങനെയാണ് എന്നെ അനുഗ്രഹിച്ചതെന്നും അദ്ദേഹത്തിന്റെ ശിഷ്യനായി സ്വീകരിച്ചതെന്നും ഞാൻ നിന്നോടു പറയാം."

പിറ്റേന്ന് പ്രഭാതത്തിൽ, അദ്ദേഹത്തിന് പറയാനുള്ളത്—പ്രത്യേകിച്ചും ശ്രീ ഗുരു ബാബാജിയെക്കുറിച്ചുള്ളത്—കേൾക്കുവാനുള്ള ആകാംക്ഷയുമായി ഞാൻ കുടീരത്തിലേക്കു നടന്നു. പരിചാരകരിൽ ഒരാൾ കൊണ്ടുവന്ന കളിമണ്ണുകൊണ്ടുണ്ടാക്കിയ കപ്പിലെ ചൂടുചായ അദ്ദേഹം എനിക്കു നൽകി.

"ഈ പ്രഭാതകാലത്ത് ഗംഗാനദി എത്ര സുന്ദരമായ കാഴ്ചയാണ് ഒരുക്കുന്നത്?" അദ്ദേഹം പറഞ്ഞു. പറഞ്ഞതിനോട് യോജിച്ചശേഷം ഞാൻ പറഞ്ഞു: "ബാബാ, ദയവായി ശ്രീഗുരുബാബാജിയുമായി ഉണ്ടായ കൂടിക്കാഴ്ചയെക്കുറിച്ച് എന്നോട് പറഞ്ഞാലും."

ഒഴുകുന്ന നദിയിലേക്ക് അദ്ദേഹം നോക്കി. ഭൂതകാലത്തെ ഭാവനയിലൂടെ വീണ്ടും അനുഭവിക്കുന്ന ഭാവം അദ്ദേഹത്തിന്റെ നോട്ടത്തിലുണ്ടായിരുന്നു. "അന്നു ഞാൻ, ദശനാമിനിഷ്ഠകളിലൂടെ ജീവിതം നയിക്കുന്ന യാഥാസ്ഥിതികനായ ഒരു സന്ന്യാസിയായിരുന്നു. ഞാനീ കുടീരം നിർമ്മിക്കുന്നതിനും ഒരുപാട് മുമ്പായിരുന്നു അത്. ഒഴുകുന്ന നദിയിലേക്കുറ്റുനോക്കി, വിശാലമായി വ്യാപിച്ചുകിടക്കുന്ന ബ്രഹ്മത്തെ ധ്യാനിക്കുകയായിരുന്നു ഞാൻ. ഒട്ടേറെ ദിവസങ്ങളായി ഞാൻ അനുശീലിച്ചുവരുന്ന പ്രക്രിയയായിരുന്നു അത്. ആശ്രമംവിട്ട് സന്ധ്യാനേരം മുഴുവൻ ഞാൻ ധ്യാനത്തിൽ മുഴുകിക്കഴിയുമായിരുന്നു."

"ഞാൻ അനുവർത്തിച്ചിരുന്ന സമ്പ്രദായത്തിന്റെ അധികാരമുദ്രകളടക്കം സർവ്വതിനെയും ഉപേക്ഷിക്കുവാനുള്ള തീവ്രമായ ആഗ്രഹം എന്നെ കീഴടക്കിയപ്പോൾ, ഘാട്ടിന്റെ പടവുകൾ ഇറങ്ങിച്ചെന്ന് എന്റെ ദണ്ഡി ഞാൻ നദിയിലേക്കെറിഞ്ഞു. അതു വിദൂരതയിലേക്ക് ഒഴുകി നീങ്ങുന്നത് ഞാൻ നോക്കിനിന്നു. എന്റെ ഹൃദയത്തിൽ, ആശ്വാസത്തിന്റെയും നിർവൃതിയുടെയും വികാരം ഉയിർക്കൊണ്ടു. ഈ പ്രപഞ്ചത്തോട് എനിക്കുള്ള ബാന്ധവത്തിന്റെ അവസാനശേഷിപ്പിനെയും കുടഞ്ഞെറിഞ്ഞ് ഞാനെന്റെ സ്വത്വത്തെ ഭാരരഹിതമാക്കിയിരിക്കുന്നു. പടിക്കെട്ടിലൂടെ തിരികെക്കയറി സുഖാസനത്തിലിരുന്ന്, അഗാധധ്യാനത്തിന്റെ നിശ്ശബ്ദതയിലേക്കു ഞാൻ പ്രവേശിച്ചു.

"കണ്ണുകൾ തുറന്നപ്പോൾ, രാത്രി ഒരുപാടു വൈകിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ തിരിച്ചറിഞ്ഞു. എനിക്കു ചുറ്റുമുള്ളവയെല്ലാം മൗനത്തിലായിരുന്നു. വള്ളക്കാർപോലും വീടണഞ്ഞു. അർദ്ധചന്ദ്രന്റെ വെളിച്ചം നദിയെ പ്രഭാമയമാക്കിയിരുന്നു. എഴുന്നേറ്റപ്പോൾ, ഭവനരഹിതനാണെന്ന ചിന്ത ആദ്യമായി എന്നിലേക്കെത്തി. എന്റെ ദണ്ഡില്ലാതെ ആശ്രമത്തിലേക്ക് എനിക്കു മടങ്ങുവാൻ കഴിയുകയില്ല.

"ഞാൻ ദശാശ്വമേധഘാട്ടിന്റെ ഭാഗത്തേക്ക് അലക്ഷ്യമായി നടന്നു. മണികർണ്ണികാഘാട്ട് കൂടാതെ മൃതശരീരങ്ങൾ ദഹിപ്പിക്കുന്ന മറ്റൊരിടമായ ഹരിശ്ചന്ദ്രഘാട്ട് കടന്ന് ഞാൻ മുന്നോട്ടുനീങ്ങി. അവിടം കടന്നപ്പോൾ, എരിഞ്ഞുകൊണ്ടിരുന്ന ചിതയിലേക്ക് എന്റെ ശ്രദ്ധ നീണ്ടു. അവിടെ കറുത്തിരുണ്ട് ദേഹമാസകലം അഴുക്കുപുരണ്ട ഒരു മനുഷ്യനെ —അവിടത്തെ ഒട്ടേറെ ശ്മശാനസേവകരിൽ ഒരാളെ—ഞാൻ കണ്ടു. യാഥാസ്ഥിതികർ ഭ്രഷ്ടരാക്കപ്പെട്ടവരായി കണക്കാക്കുന്ന ഇക്കൂട്ടരാണ് മൃതദേഹങ്ങൾ പൂർണ്ണമായി എരിഞ്ഞുതീരുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നീണ്ടവടിയുമായി ചിത ഇളക്കിക്കൊണ്ട് ചിതാപരിസരത്ത് കാണപ്പെടുന്നത്.

"ആ മനുഷ്യൻ മദ്യപാനി ആയിരിക്കുമെന്നും എത്ര ദുരിതപൂർണ്ണമായ ജീവിതമാണ് അയാളുടേതെന്നും എത്ര വൃത്തിഹീനനാണ് അയാളെന്നും ഒക്കെയുള്ള ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. പെട്ടെന്ന്, വിരൂപനായ ആ 'ചിതാസേവകൻ' എന്നെ നോക്കി ലക്കുകെട്ടപോലുള്ള ശബ്ദത്തിൽ വിളിച്ചു പറഞ്ഞു:

'ഓ, മഹാരാജ്, ഓടിപ്പൊയ്ക്കൊള്ളുക അല്ലെങ്കിൽ നിങ്ങളെ ഞാൻ അശുദ്ധമാക്കും.' എന്നിട്ട് അയാൾ കൈയിൽ പിടിച്ചിരുന്ന വടിയുമായി നൃത്തം ചെയ്യുന്നതുപോലുള്ള അതിദ്രുത ചുവടുകളുമായി എന്റെ അടുത്തെത്തി."

"അയാൾ അട്ടഹസിക്കുന്നുണ്ടായിരുന്നു. അയാൾ അടുത്തുവന്നപ്പോൾ മദ്യത്തിന്റെ ദുർഗന്ധം അനുഭവപ്പെട്ടു. ഓടിരക്ഷപ്പെടുക എന്നതു മാത്രമേ എനിക്ക് ചെയ്യുവാനുണ്ടായിരുന്നുള്ളൂ. കൺവെട്ടത്തെങ്ങും മറ്റാരുമുണ്ടായിരുന്നില്ല. അയാൾ പരാജയം സമ്മതിക്കാൻ ഒരുക്കമായിരുന്നില്ല. വലതുകൈയിലിരുന്ന വടി കറക്കിക്കൊണ്ട് അയാൾ എനിക്കു പിന്നാലെ ഓടുകയായിരുന്നു. ശ്വാസമെടുക്കാൻ കഴിയാതെ, വെറിപിടിച്ച് എന്തോ നടക്കാൻപോകുന്നു എന്നു ചിന്തിച്ചുകൊണ്ട്, എന്റെ പിന്നാലെ വന്ന വികൃതരൂപത്തെ ഭയന്ന് ഞാൻ പരമാവധി വേഗത്തിലോടി. എങ്ങനെയെങ്കിലും ദശാശ്വമേധഘാട്ടിലെത്തുക എന്നതായിരുന്നു എന്റെ അപ്പോഴത്തെ ചിന്ത. ഈ സാഹചര്യത്തിൽനിന്നും എന്നെ രക്ഷിക്കുവാനായി അവിടെ ആരെയെങ്കിലും കണ്ടെത്താൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

"അന്നേരം കുരച്ചുകൊണ്ടും എന്റെ കാലിൽ കടിക്കുവാനായി ശ്രമിച്ചുകൊണ്ടും രണ്ടു മൂന്നു തെരുവുനായ്ക്കൾ എന്നെ പിൻതുടർന്നു. ആ നായ്ക്കളെല്ലാം അയാളുടെ സംഘത്തിലുള്ളതാണെന്ന് എനിക്കു തോന്നി. ദശാശ്വമേധഘാട്ട് കാഴ്ചവട്ടത്തിൽ എത്തിയപ്പോൾ അതിലൊരു പട്ടി, വലിയ ഭീകരരൂപവും ഭാവവുമുള്ള കറുത്ത ഒരെണ്ണം, എന്റെ വഴിക്കു കുറുകേ ചാടി. ഞാൻ കാലിടറി മുഖമടിച്ചുവീണു. വലതു പുരികത്തിനു മുകളിലായി കടുത്ത വേദന എനിക്ക് അനുഭവപ്പെട്ടു, മുറിവുണ്ടായതായി ഞാൻ മനസ്സിലാക്കി.

പിന്നീട് പട്ടികളുടെ കുരയോ മുരളലോ ഞാൻ കേട്ടില്ലായെന്നതും പരിസരം പൂർണ്ണനിശ്ശബ്ദമായി എന്നതും എന്നെ വല്ലാതെ അതിശയിപ്പിച്ചു. പക്ഷേ, എന്നെ പിന്തുടർന്നുവന്ന ആ മനുഷ്യൻ വീണ്ടും ആക്രമിക്കുവാനായി വരുമെന്ന തോന്നൽ ഉണ്ടായപ്പോൾ ദേഹം വല്ലാതെ വിറയ്ക്കാൻ തുടങ്ങി. തിരിഞ്ഞുനോക്കുവാനും എഴുന്നേല്ക്കുവാനും എനിക്കു ഭയംതോന്നി. അപ്പോൾ വ്യക്തവും മധുരോദാരവുമായ ആ ശബ്ദം ഞാൻ കേട്ടു:

"നമോ നാരായണ, എഴുന്നേറ്റാലും സ്വാമി. അങ്ങ് സുരക്ഷിതമായ കൈകളിൽ എത്തിക്കഴിഞ്ഞിരിക്കുന്നു."

ആശങ്കയോടെ തിരിഞ്ഞുനോക്കിയ ഞാൻ മെല്ലെ എഴുന്നേറ്റിരുന്നു. എന്റെ മുമ്പിൽ, മേൽക്കുപ്പായം ഇടാത്ത, തോളിനു താഴേക്ക് ഒഴുകി യിളകുന്ന ചെമ്പിച്ച മുടിയുള്ള അതിസുന്ദരനായ ഒരു യോഗി. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:

"നീ നിന്റെ ദണ്ഡ് ഉപേക്ഷിച്ചു. എന്നാൽ ജാതി, മതം, ഉച്ചനീചത്വങ്ങൾ, വൃത്തി, വൃത്തികെട്ടത് തുടങ്ങിയവയെ ചുറ്റിപ്പറ്റിയുള്ളതൊന്നും നിന്റെ മനസ്സിൽനിന്ന് പോയിട്ടില്ല. സന്ന്യാസകുലത്തിന്റെ പ്രഥമാചാര്യനായ ആദിശങ്കരൻ, അഘോരി തന്റെ നായ്ക്കളുമായി വരുന്നതു കണ്ടപ്പോൾ വെറുപ്പുകാണിച്ചതുപോലെയാണ് നീയും പെരുമാറിയത്. ഹരിശ്ചന്ദ്ര ഘാട്ടിലെ പരിചാരകൻ നിന്റെ അടുത്തെത്തി നിന്നെയും മലിനമാ ക്കുമെന്ന് നീ ഭയപ്പെട്ടു."

"തൊട്ടുകൂടാത്തവനെന്നോ നായ്ക്കളെന്നോ ഭേദമില്ല. എല്ലാ ജീവ ജാലങ്ങളും എന്നിൽനിന്ന് വരുന്നു. എന്റെ നാമത്തിലുള്ളവയാണ്. എന്റെ വാസസ്ഥലം കൈലാസമാണ്. ചിലർ എന്നെ ശ്രീഗുരുബാബാജി എന്ന പേരിൽ സംബോധന ചെയ്യും. നിന്റെ ഇത്രയും ജന്മങ്ങൾക്കിടയിൽ ഇതാദ്യമായാണ് നിനക്കെന്നോട് ബന്ധമുണ്ടാകുന്നത്. ഞാൻ നിന്റെ അന്തർലീനശക്തിയെ കാണുന്നു. ഈ രാത്രിയിൽ ഞാൻ നിന്നെ എന്റെ ശിഷ്യനായി സ്വീകരിക്കുന്നു. ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറഞ്ഞി രിക്കുന്ന പൗരാണികമായ ക്രിയാശാസ്ത്രം ഞാൻ നിനക്കു പഠിപ്പിച്ചു തരാം. ഗംഗാജലം എടുത്ത് നിന്റെ നെറ്റിയിലെ മുറിവ് കഴുകിയിട്ട് നീ എനിക്കൊപ്പം വരിക."

"അന്നേരത്തെ എന്റെ അവസ്ഥയെന്താണെന്ന് വിവരിക്കുവാൻ എനിക്കു വാക്കുകളില്ല. ഞെട്ടിപ്പോയി എന്നതുമാത്രം അറിയാം. ഞങ്ങൾ അസ്സീഘാട്ടിലേക്കു തിരികെ നടന്നു. പടിക്കെട്ടിൽനിന്നു ബാബാജി മൂന്നു പ്രാവശ്യം ഉറക്കെ വിളിച്ചു: "ആഹോ!" കണ്ണുകളൊഴികെയുള്ള മുഖഭാഗങ്ങളെല്ലാം വെളുത്ത തുണികൊണ്ടുമൂടിയ വള്ളക്കാരൻ ഒരു ചെറിയ വള്ളവുമായി പ്രത്യക്ഷപ്പെട്ടു.

"വരൂ" എന്നു പറഞ്ഞ ബാബാജിയെ പിന്തുടർന്നു ഞാൻ വള്ളത്തിൽ കയറി. കുറച്ചു സമയംകൊണ്ട് ഞങ്ങൾ ഗംഗാനദി കടന്ന് അങ്ങേക്ക രയിലെ മണൽത്തീരത്തെത്തി. അവിടെ പൂർണ്ണ ഏകാന്തതയിൽ ആമഗ്ന നായിരുന്ന് ബാബാജി എന്നെ ക്രിയയുടെ പരിശീലന പാഠങ്ങളിലേക്ക് ചുവടുവയ്പിച്ചു. മഹാമുദ്രയും നാഭിക്രിയയും ഹം സോ സങ്കേതവും ഉൾപ്പെടുന്നവ എനിക്കു പരിചയപ്പെടുത്തിത്തന്നു. ആ ദിവസത്തിൽ സമ്പൂർണ്ണ ധ്യാനത്തിൽ എനിക്കു മുഴുകുവാൻ കഴിഞ്ഞു. തുടർന്ന് പ്രഭാതമെത്തുകയും സൂര്യൻ ആകാശത്തെ സുവർണ്ണനിറമാക്കുകയും ചെയ്തപ്പോൾ നമുക്ക് തിരിച്ചുപോകാമെന്ന് ബാബാജി എന്നോട് ആംഗ്യം കാണിച്ചു.

ഞങ്ങളെ കാത്തിരുന്ന വള്ളത്തിൽക്കയറി ഏതാനും നിമിഷങ്ങൾ ക്കകം ഞങ്ങൾ അസ്സീഘാട്ടിലെത്തി. പിരിയുമ്പോൾ ബാബാജി എനിക്കു

നൽകിയ ഉപദേശം ഇതായിരുന്നു: "നീ കാവിവസ്ത്രധാരിയായി തുടരുക. നീ ബദരീനാഥിലേക്കു പോവുക. അടുത്ത ഒന്നരവർഷം അളകനന്ദാതീരത്തുള്ള കുടീരത്തിൽ പാർത്ത് എല്ലാ ദിവസവും ഒരു മണിക്കൂർ 'ക്രിയ' പരിശീലിക്കുക. ആഴ്ചയിൽ ഓരോ മണിക്കൂർ കൂട്ടി അവസാനം ദിവസേന എട്ടു മണിക്കൂർ തുടർച്ചയായി ചെയ്യുവാൻ കഴിയുന്ന വിധം പരിശീലനം പുരോഗമിപ്പിക്കുക. നിന്റെ ഏകാന്തവാസത്തിന്റെ ആ ഒന്നര വർഷം ഞാൻ നിന്നെ കാണുകയില്ല. പിന്നെ നീ ബനാറസ്സിൽ തിരിച്ചെത്തുക. മണികർണ്ണികാ ഘാട്ടിൽവച്ച് ഒരു പാതിരാനേരത്ത് നിന്റെ പരിശീലനത്തെ ഞാൻ വിലയിരുത്തുന്നതായിരിക്കും. ഇതോടൊപ്പം നീ മൗനവ്രതമെടുക്കണം. ബദരീനാഥിലെ അന്നഛത്രങ്ങളിൽ ഭിക്ഷയാചിച്ച് നീ നിന്റെ ശരീരത്തെ നിലനിർത്തുക. സുഹൃത്തുക്കളെ ഉണ്ടാക്കരുത്. നിനക്ക് ഒരു കുടീരം ഞാൻ ഉറപ്പാക്കാം. ഒന്നുകൊണ്ടും ഭയപ്പെടേണ്ട. നിന്റെ എല്ലാ ആവശ്യങ്ങളും ഏതുവിധേനയും നിറവേറ്റപ്പെടും."

ആ മഹായോഗി എന്നെ നോക്കിപ്പറഞ്ഞു: "ഇതാണ് ശ്രീഗുരു ബാബാജിയുമായുള്ള എന്റെ കൂടിക്കാഴ്ചയുടെ കഥ. പിന്നീട് ഞാൻ അദ്ദേഹത്തെ കാണുന്നത്, അദ്ദേഹം വാക്കു പറഞ്ഞതുപോലെ ബദരിയിലെ എന്റെ സാധനകൾക്കുശേഷം ഞാൻ തിരികെ മണികർണികാ ഘാട്ടിലെത്തിയ ആ പാതിരാത്രിയിലാണ്. ഇപ്പോൾ തുടർച്ചയായി രണ്ടു മാസത്തിലധികം ഞാൻ ഒരിടത്തും തങ്ങാറില്ല. എന്റെ അല്പമാത്രമായ എല്ലാ ആവശ്യങ്ങളും എങ്ങനെയൊക്കെയോ നടക്കുന്നു. ഞാൻ ക്രിയാ യോഗം ശീലമാക്കാൻ തുടങ്ങിയിട്ട് ആറുവർഷക്കാലമായി. എന്റെ അന്തരംഗത്തിൽ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും എനിക്കു താണ്ടാൻ നീണ്ട പാതയാണ് ഇപ്പോഴും മുന്നിലുള്ളത്."

"മഹേശ്വർനാഥ് ബാബാജി നൽകിയിരിക്കുന്ന ഉപദേശങ്ങൾ പ്രകാരമുള്ള പരിശീലനങ്ങൾ നീ പൂർണ്ണശുഷ്കാന്തിയോടെ ചെയ്യണമെന്നാണ് എനിക്കു നൽകുവാനുള്ള ഉപദേശം. ശ്രീഗുരുവിന്റെ അനുഗ്രഹങ്ങൾ എപ്പോഴും നിനക്കൊപ്പം ഉണ്ടായിരിക്കട്ടെ." അദ്ദേഹം പറഞ്ഞുനിർത്തി. പിന്നെ എന്റെ തലയിൽ കൈവച്ച് അനുഗ്രഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഇനി നിനക്കു പോകാം. നാളെ ഞാൻ ഇവിടെനിന്നു യാത്രയാകുന്നതിനാൽ, നീ എന്നെ ഇനി കാണുകയില്ല. നിന്നെ എന്റെ അരികിലേക്ക് അയയ്ക്കാൻ ശ്രീഗുരുവിന് എന്തെങ്കിലും കാരണമുണ്ടാകാം. ശ്രീ ഗോരഖ്നാഥിന്റെ *സിദ്ധ സിദ്ധാന്ത പദ്ധതി* നീ ശ്രദ്ധാപൂർവ്വം വായിക്കണം. "ഹരി ഓം."

സാഷ്ടാംഗം നമിച്ച് അവിടെനിന്നും പോവുകയല്ലാതെ ഒരു വഴിയും എനിക്കുണ്ടായിരുന്നില്ല. അടുത്ത ദിവസം ഞാൻ ഡൽഹിയിലേക്കു മടങ്ങി.

# തന്ത്രയുടെ വിവിധവശങ്ങൾ

മഹേശ്വർനാഥ് ബാബാജിയുമായി ഞാൻ നടത്തിയ ഒരു സംഭാഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ അദ്ധ്യായം. അനവധിപേരെ ഭ്രമിപ്പിക്കുന്നതും അസംഖ്യം വ്യാഖ്യാനങ്ങളുള്ളതുമായ ഒരു പദമാണ് തന്ത്രം. ബാബാജി പറഞ്ഞതിൽനിന്നും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതാണ് ഞാനിവിടെ വിശദീകരിക്കാൻ പോകുന്നത്.

സത്യത്തിലേക്കുള്ള ഒരു പ്രത്യേക സമീപനത്തെ ദ്യോതിപ്പിക്കുന്ന പദമാണ് തന്ത്രം. ഉദ്ദിഷ്ടഫലം നേടിയെടുക്കുവാനുള്ള യഥാർത്ഥ ക്രിയാക്രമങ്ങളുടെ രൂപരേഖകളായ യന്ത്രങ്ങളെ ഉപയോഗപ്പെടുത്തുകയാണ് തന്ത്രയിൽ ചെയ്യുന്നത്. 'ഭോഗോ യോഗായതേ' എന്ന തത്ത്വത്തിലാണ് തന്ത്രം വിശ്വാസമർപ്പിച്ചിരിക്കുന്നത്. ഭോഗത്തിലൂടെയോ അഥവാ രസാനുഭൂതിയിലൂടെയോ ആണ് ദിവ്യത(പരമാത്മാവ്)യുമായുള്ള യോഗം എന്നാണ് അത് അർത്ഥമാക്കുന്നത്. അതിനാലാണ് തന്ത്രയെന്നാൽ അർദ്ധരാത്രിയിലെ മദ്യപൻമാരുടെ മദിരോത്സവങ്ങളും തുറന്നലൈംഗികതയുമാണെന്ന് പലരും കരുതിയിരിക്കുന്നത്. വാസ്തവത്തിൽനിന്നും ഒരുപാട് അകലെയാണ് ഈ വിലയിരുത്തൽ. പക്ഷേ, ഹീനവിഭാഗത്തിൽപ്പെട്ടവർ അത്തരം പ്രവൃത്തികളിൽ മുഴുകാറുണ്ടെന്നതും തന്ത്രത്തിന്റെ അർത്ഥവും അവസാനവും അതാണെന്നു വിശ്വസിക്കുന്നുണ്ടെന്നതും എനിക്കു നിഷേധിക്കുവാൻ കഴിയുകയില്ല.

'അപരിമേയ'മെന്നും 'അഗ്രാഹ്യ'മെന്നും ഉപനിഷത്തുകൾ വാഴ്ത്തുന്ന ബ്രഹ്മത്തിൽ എത്തിച്ചേരുവാനുള്ള തികച്ചും പ്രായോഗികരീതിയാണ് തന്ത്രം എന്നതാണ് സത്യം. സമ്പൂർണ്ണ പരിത്യാഗവും തീവ്രവിരക്തിയും നിഷ്ഠയുമാണ് മോക്ഷമാർഗ്ഗത്തിൽ ചരിക്കുന്നവർ അനുഷ്ഠിക്കേണ്ടത് എന്നിരിക്കെ, പരിത്യാഗത്തിന്റെ മാർഗം അനുശീലിക്കുവാൻ വളരെ അപൂർവ്വം ആത്മാക്കൾക്കേ കഴിയാറുള്ളൂ. സന്ന്യാസികളോ പരിത്യാഗികളോ അല്ലാത്തവരും അസ്തിത്വത്തിന്റെ പരമസ്ഥാനങ്ങൾ കാംക്ഷിക്കുന്നവരുമായ ലൗകികർക്കായി മറ്റൊരു രീതിയും മാർഗ്ഗവുമുണ്ടെന്ന് തന്ത്രം പഠിപ്പിക്കുന്നു.

നിരാകാരനും അനശ്വരനും നിരാമയനുമായ ബ്രഹ്മത്തെപ്പറ്റി വേദാന്തം പറയുമ്പോൾ മൂർത്തമായതും ഇന്ദ്രിയങ്ങളാൽ അനുഭവിക്കാവുന്നതും സുവ്യക്തവുമായ ഒരു സങ്കല്പത്തെയാണ് തന്ത്രം സ്പഷ്ടമാക്കുന്നത്. സ്ഥൂലത്തിൽനിന്നും സൂക്ഷ്മവും അതേസമയം പ്രകടവുമായ തലത്തി

ലേക്ക് മോക്ഷാർത്ഥിയെ എത്തിക്കുന്ന, പ്രജ്ഞയുടെ ഏറ്റവും മിഴിവാർന്ന അവസ്ഥകളിലൂടെ കടന്നുപോയി ഒടുവിൽ, മനസ്സ് അതിന്റെ അതിസൂക്ഷ്മമായതും ചിത്തവൃത്തികൾ നിലച്ചതുമായ അവസ്ഥയിൽ അജ്ഞേയമായതിനെ അറിയുവാൻ പ്രാപ്തി കൈവരിക്കുന്നു.

നേടുക, വർദ്ധിപ്പിക്കുക, ആസ്വദിക്കുക, ആർജ്ജിക്കുക തുടങ്ങിയ എല്ലാത്തരം ആഗ്രഹങ്ങളും ബ്രഹ്മമെന്നോ ശിവമെന്നോ പറയാവുന്ന പരംപൊരുളിന്റെ അനന്തനിർവൃതിയിലേക്കും സമ്പൂർണ്ണ സാഫല്യത്തിലേക്കും എത്തുവാനുള്ള ആന്തരികത്വരയുടെ സാക്ഷാത്കാരമാണെന്ന് ഒരു യഥാർത്ഥ തന്ത്രയോഗി വിശ്വസിക്കുന്നു. തലച്ചോറിന്റെ പ്രവർത്തന വേഗത്തെ താത്കാലികമായി കുറയ്ക്കുവാനും അതുവഴി ലഭിക്കുന്ന ആസ്വാദ്യമായ ഒരു വിശാലതയെ ആസ്വദിക്കാനുമാണ് ചിലർ മദ്യപിക്കുന്നത്. വിലക്കുകളെ താത്കാലികമായി ഉല്ലംഘിക്കുന്നതിനാൽ വ്യക്തിയുടെ അന്തർബോധത്തിൽ ഉറങ്ങിക്കിടക്കുന്ന നൈസർഗ്ഗിക സ്വഭാവങ്ങൾ പ്രകടമാകും.

ഒരിക്കൽ ശ്രീരാമകൃഷ്ണപരമഹംസർ കൽക്കത്താ തെരുവിലൂടെ ഒരു ചെറുവണ്ടിയിൽ സഞ്ചരിക്കുകയായിരുന്നു. അപ്പോൾ നടപ്പാതയിൽ കിടന്നുരുളുകയും പൊട്ടിച്ചിരിക്കുകയും ചെയ്യുന്ന ഒരു മദ്യപാനിയെ അദ്ദേഹം കണ്ടു. വണ്ടി നിർത്തിച്ച് താഴെയിറങ്ങിയ അദ്ദേഹം, തന്റെ സോദര മദ്യപാനിയാണെന്നു പറഞ്ഞ് അയാളെ ആശ്ലേഷിച്ചു. രണ്ടുപേരും മദ്യപിച്ചിട്ടുണ്ടെന്ന് പറഞ്ഞ അദ്ദേഹം താനും മദ്യപാനിയും ഈ ലോകത്തെ വിസ്മരിച്ചവരും ആനന്ദനിർവൃതിയിൽ വിരാജിക്കുന്നവരുമാണെന്നു പറഞ്ഞു. 'ഞാനുമൊരു കുടിയനാണ്. പക്ഷേ, കുടിച്ചത് മറ്റൊരുതരം മദ്യമാണെന്നേയുള്ളൂ'വെന്നും അദ്ദേഹം പറയുകയുണ്ടായി.

കാളിമാതാവിന്റെ ക്ഷേത്രത്തിലെ സന്ധ്യാരാധന സമയത്ത്, ക്ഷേത്രമണികൾ മുഴങ്ങുമ്പോൾ ശ്രീരാമകൃഷ്ണന്റെ കണ്ണുകൾ രക്തശോഭയിൽ തിളങ്ങിയിരുന്നുവെന്നും അദ്ദേഹം മദ്യം സേവിച്ചവനെപ്പോലെ നിലത്തു കിടന്ന് ഉരുളുമായിരുന്നുവെന്നും രേഖകൾ സൂചിപ്പിക്കുന്നു.

തന്ത്രത്തെ ചില ഗ്രന്ഥകാരന്മാർ രണ്ടായി വിഭജിച്ചിട്ടുണ്ട്—വാമാചാരമെന്നും സമയാചാരമെന്നും. പക്ഷേ, ബാബാജി എന്നെ പഠിപ്പിച്ചിരിക്കുന്നത് ആ തരംതിരിവ് അന്യായമാണെന്നാണ്. മനസ്സ് വേണ്ടത്ര പരിശുദ്ധമാക്കപ്പെടുമ്പോൾ, സമയമെന്നോ വലതുമാർഗ്ഗമെന്നോ പറയുന്ന പാത്രവാമാചാരം അല്ലെങ്കിൽ കൗളാചാരത്തിന്റെ പരമോന്നതിയാണ്. അതിനാൽ മദ്യവും മൈഥുനവും ഉൾക്കൊള്ളുന്ന പഞ്ചമകാരങ്ങളാണ് കൗളമാർഗ്ഗികൾക്കായി നിർദ്ദേശിച്ചിട്ടുള്ള അഞ്ചു ക്രിയാക്രമങ്ങൾ. 'പശു' എന്ന മൃഗസമാനരും 'വീര' എന്ന ഭൂരിപക്ഷത്തിൽ നയിക്കപ്പെടുന്നവരുമായ സാധകർക്ക് ആദ്യപടിയായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണിത്. കേവലം 'മധു' എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ ശ്രീരാമകൃഷ്ണൻ 'സമാധി'യിൽ ലയിക്കുമായിരുന്നു. അതേക്കുറിച്ച്

മുന്നറിവില്ലാത്ത സാമാന്യജനങ്ങൾ അദ്ദേഹം മദ്യത്തിന് അടിമയാണെന്ന തോന്നലിലെത്തും. എന്നാൽ, ഒരു യോഗിക്കു മാത്രം ആസ്വാദ്യമായ ആന്തരഅമൃത പാനത്താൽ ഉന്മത്തനായിരുന്നു അദ്ദേഹമെന്നതാണ് വാസ്തവം.

വാമാചാരികൾക്ക് ചീത്തപ്പേരുണ്ടാക്കുന്ന മറ്റൊരു കർമ്മാനുഷ്ഠാനമായി മൈഥുനത്തെ വിശകലനം ചെയ്യാം. നീചമായ കുറ്റകൃത്യങ്ങൾ പോലും ചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന 'ലൈംഗികാനന്ദ'ത്തെ എന്തുകൊണ്ടാണ് മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും പരമമായ അനുഭൂതിയായി കണക്കാക്കപ്പെടുന്നത്? കാരണമെന്തെന്നാൽ വിചാരങ്ങളുടെ അഭാവമായ, 'സമാധി'യുടെ തൊട്ടരികിലെത്തുന്ന അവസ്ഥയിലേക്ക് സാധാരണ മനുഷ്യൻ എത്തിച്ചേരുന്നത് ആ പ്രവൃത്തിക്കിടയിൽ മാത്രമാണ്. ഒരുവന് അവന്റെ അഹംഭാവവും പുറംലോകത്തെപ്പറ്റിയുള്ള ബോധവും നിമിഷനേരത്തേക്കെങ്കിലും അപ്രത്യക്ഷമാകുന്നത് നിർവൃതിയുടെ ആ വേളയിൽ മാത്രമാണ്. തൊട്ടടുത്ത നിമിഷത്തിൽ അവയെല്ലാം അതിന്റെ എല്ലാവിധ പരിമിതികളോടെയും, തീർച്ചയായും തിരിച്ച് അവനിലേക്കെത്തുകതന്നെ ചെയ്യും.

നിയന്ത്രിതമായ സാഹചര്യത്തിൽ, തന്ത്രമറിയാവുന്ന നല്ലൊരു ഗുരുവിന്റെ ശിക്ഷണനിർദ്ദേശങ്ങൾക്കനുസൃതമായി ആ ഭൗതികപ്രവൃത്തി അനുഷ്ഠിച്ചാൽ 'വജ്രോളി' പരിശീലനത്തിലൂടെ അന്തർബോധത്തിന്റെ ഔന്നത്യത്തിലെത്തുവാനും, ശരീരത്തിന്റെ ഉയർന്ന തലത്തിലുള്ള ചക്രങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാനും കഴിയും. ഒരിക്കൽ ഊർദ്ധ്വകേന്ദ്രങ്ങളിൽനിന്നുള്ള ആനന്ദാനുഭവമുണ്ടായാൽ ശാരീരിക സംയോഗത്തിന് ഒരിക്കലും മുൻഗണനയുണ്ടാകില്ല. ഒരു സ്ഥാനവുമുണ്ടാകില്ല. അസ്തിത്വത്തിന്റെ പരമകാഷ്ഠയിലെത്തിച്ചേരുവാനുള്ള ആദ്യപടി മാത്രമാകും മൈഥുനം.

തന്ത്രവിധി പ്രകാരം ലൈംഗികതൃഷ്ണ, ശക്തി അഥവാ കുലകുണ്ഡലിനി ഊർജ്ജവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എല്ലാ മനുഷ്യരുടെയും നട്ടെല്ലിന്റെ ഏറ്റവും താഴെ 'മൂലാധാരചക്രം' എന്നു പറയുന്ന കേന്ദ്രത്തിൽ വിശ്രമാവസ്ഥയിലിരിക്കുന്ന സർപ്പത്തെപ്പോലെ ചുരുണ്ട്, പ്രബലശക്തിയായി അത് കുടികൊള്ളുന്നു. തന്ത്ര-യോഗപാഠങ്ങളുടെ കേന്ദ്രബിന്ദു ആണ് കുലകുണ്ഡലിനി അഥവാ കുണ്ഡലിനി. യോഗിയും താന്ത്രികനും വിവിധ മാർഗ്ഗങ്ങളിലൂടെ ഈ ശക്തിയെ ഉണർത്തുവാൻ പരിശ്രമിക്കുന്നു. നട്ടെല്ലിന്റെ ഉള്ളിലൂടെ കടന്നുപോകുന്ന സുഷുമ്നാ നാഡിയിലൂടെ കുണ്ഡലിനിശക്തിയെ ഉയർത്തി ശിരോമദ്ധ്യത്തിൽ കുടികൊള്ളുന്ന അത്യുന്നത കേന്ദ്രമായ സഹസ്രാരപദ്മത്തിൽ അഥവാ സഹസ്രാരചക്രത്തിൽ എത്തിക്കുന്നു.

അവിടെവച്ചാണ് കുണ്ഡലിനിശക്തിയും ബോധത്തിന്റെ സത്തയെന്നു പറയാവുന്ന സദാശിവനും തമ്മിൽ ലയിക്കുന്നത്. സമാധി എന്ന അവസ്ഥ

യിലെത്തുന്ന യോഗികൾ അനുഭവിക്കുന്ന ദിവ്യമായ അതീന്ദ്രിയാനുഭൂതി ഉണ്ടാകുന്നത് ഈ ലയനംമൂലമാണ്. മഹാഗുരു ആദിശങ്കരാചാര്യർ 'സൗന്ദര്യലഹരി' എന്ന തന്റെ ഗ്രന്ഥത്തിൽ ആ ഉത്സവമേളത്തെ ആത്യന്തിക സൗന്ദര്യത്തിന്റെ അവാച്യാനുഭൂതി എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

ശിരോകേന്ദ്രത്തിൽ എത്തുന്നതിനുമുമ്പ് സുഷുമ്നയിലുള്ള അഞ്ചു ചക്രങ്ങളിലൂടെ കുണ്ഡലിനി സഞ്ചരിക്കും. ആ സഞ്ചാരത്തിൽ നവചക്രവാളങ്ങളുടെയും അജ്ഞാതവ്യാപ്തികളുടെയും സീമാകവാടങ്ങൾ യോഗിക്കുമുന്നിൽ തുറക്കപ്പെടും. മനസ്സിന്റെ സൂക്ഷ്മമർമ്മങ്ങൾ വികസിച്ച് സാധാരണമനുഷ്യൻ അസാധാരണമെന്നു കരുതുന്ന ശക്തിയുടെയും ശേഷികളുടെയും അധികാരിയായി മാറും.

സ്ത്രൈണതത്ത്വമായ കുണ്ഡലിനിയും പുരുഷതത്ത്വമായ ശിവനും തമ്മിൽ ചേരുമ്പോൾ, യോഗികൾ ദിവ്യമെന്നു കരുതുന്ന മനുഷ്യാവസ്ഥയുടെ പരിണാമത്തിന്റെ അടുത്ത പടിയിലേക്ക് അവൻ കടക്കുന്നു. പരിണാമത്തിന്റെ അളവുകോലിൽ, അന്തർബോധോന്നതിയിലെത്തിയ സമ്പൂർണ്ണനായ ഒരു യോഗിയെയും ഒരു സാമാന്യമനുഷ്യനെയും താരതമ്യപ്പെടുത്തിയാൽ, അത് മനുഷ്യക്കുരങ്ങും മനുഷ്യരും തമ്മിലുള്ള വ്യത്യാസത്തിനു സമാനമായിരിക്കും.

കുണ്ഡലിനിയെ ഉണർത്തുവാനുള്ള യോഗവിദ്യയെ അപേക്ഷിച്ച് താന്ത്രിക രീതിയിൽ പതിനഞ്ചും പതിനാറും ബീജാക്ഷരങ്ങളോടുകൂടിയ രണ്ടു ശ്രീവിദ്യാമന്ത്രങ്ങളാണ് ഉപയോഗപ്പെടുത്തുന്നത്. പഞ്ചദശാക്ഷരിയെന്നും ഷോഡശാക്ഷരിയെന്നും അവ യഥാക്രമം അറിയപ്പെടുന്നു. കൂടാതെ ശ്രീചക്രം എന്ന യന്ത്രത്തിന്റെ ബാഹ്യാരാധന പിന്നീട് ഹൃദ്ചക്രത്തിലും അവസാനം സഹസ്രചക്രത്തിലുമുള്ള ആന്തരികാരാധനയായി പരിണമിക്കും.

ബാബാജി എന്നോടുള്ള അതിരറ്റ കാരുണ്യംകൊണ്ട് തന്ത്രവും യോഗവും സംയോജിപ്പിച്ച് ഒരു സന്തുലിത സങ്കേതമാണ് എന്നെ പഠിപ്പിച്ചത്. അതിന്റെ സഫലത എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും.

മനുഷ്യശരീരത്തിലെ വിവിധ ചക്രങ്ങൾ ഇപ്രകാരമാണ്:

നട്ടെല്ലിന്റെ അറ്റത്തുള്ള മൂലാധാരം

ജനനേന്ദ്രിയങ്ങൾക്കു തൊട്ടുമുകളിലുള്ള സ്വാധിഷ്ഠാനം

നാഭിയിലുള്ള മണിപൂരകം

നെഞ്ചിന്റെ മദ്ധ്യഭാഗത്തുള്ള അനാഹതം

തൊണ്ടയിലുള്ള വിശുദ്ധി

ശിരോശീർഷത്തിലുള്ള സഹസ്രാരം.

മഹാനായ ഗോരക്ഷനാഥ് രണ്ടു കേന്ദ്രങ്ങൾകൂടി ഇതിനോടു ചേർക്കുന്നു. ഒന്ന്, ചെറുനാക്കിന്റെ സമീപസ്ഥമാണ്. മറ്റൊന്ന് ഭ്രൂമദ്ധ്യത്തിലും സ്ഥിതിചെയ്യുന്നു.

ഇനി പറയുന്നത്, ചക്രങ്ങളെക്കുറിച്ച് മുന്നറിവില്ലാത്തവർക്കുവേണ്ടിയുള്ള ഒരു വിവരണമാണ്. ഏറ്റവും താഴെയുള്ള ചക്രത്തിൽ തുടങ്ങി മുകളറ്റംവരെയുള്ള ചക്രങ്ങളുടെ നിറങ്ങൾ യഥാക്രമം സ്വർണ്ണം, വെള്ളി, അഗ്നിശോണം, ആകാശനീല, കരിനീല, തൂവെള്ള എന്നിങ്ങനെയാണ് ദർശിക്കേണ്ടത്.

ശീർഷം താഴേക്കുള്ള ത്രികോണം, വെള്ളിനിറമുള്ള അർദ്ധചന്ദ്രൻ, ശീർഷം മുകളിലേക്കുള്ള ത്രികോണം, 'ഡേവിഡിന്റെ നക്ഷത്രത്തി'ലേതുപോലെ സമഭുജത്രികോണങ്ങളാൽ നിർമ്മിതമായ നക്ഷത്രം, ചുവന്ന ദീർഘവൃത്തം, രണ്ടിതളുകളുള്ള താമര, നാനാവർണ്ണമായ താമര എന്നിവയാണ് അവയുടെ ചിഹ്നങ്ങൾ.

താഴെനിന്നും മുകളിലേക്കുള്ള ചക്രങ്ങളെ ക്രിയാത്മകമാക്കുന്ന ക്രമപ്രകാരമുള്ള ബീജാക്ഷരങ്ങൾ ലം, വം, രം, യം, ഹം, ഓം എന്നിങ്ങനെയാണ്.

ഇതിനുപുറമേയുള്ളവ നാം ഒരു ഗുരുവിൽനിന്നുതന്നെ നേരിട്ട് അഭ്യസിക്കേണ്ടതാണ്. ഇതുമായി ക്രിയായോഗത്തിനുള്ള ബന്ധം 'ക്രിയായോഗം' എന്ന അദ്ധ്യായത്തിൽ ഞാൻ വിവരിക്കുന്നതാണ്.

# ബാബാജിയുമായുള്ള സംഭാഷണങ്ങൾ–1

ഹിമാലയത്തിലെ തണുത്തുറഞ്ഞ ഒരു രാത്രിയായിരുന്നു അത്. മൗനി ബാബയുടെ ഗുഹയ്ക്കു മുന്നിലെ വലിയ ഉരുളൻപാറയുടെ പരന്ന പ്രതലത്തിൽ ഞങ്ങളിരുവരും മുഖത്തോടുമുഖം നോക്കി ഇരിക്കുക യായിരുന്നു. സ്വർഗീയപ്രകാശത്തിന്റെ കിരണങ്ങളേറ്റ് മഞ്ഞുമേലാപ്പ് ധരിച്ച മലനിരകൾ വെള്ളിനിറംപൂണ്ട് ഞങ്ങൾക്കു ചുറ്റും തലയുയർത്തി നില്പുണ്ട്. കുറച്ചു സമയംമുമ്പ് ഞങ്ങൾക്കു മുന്നിൽ ശബ്ദമുയർത്തി എരിഞ്ഞിരുന്ന തീയെയും എന്നെ പൊതിഞ്ഞുനിന്നിരുന്ന കനത്ത കമ്പിളിപ്പുതപ്പുകളെയും അവഗണിച്ചുകൊണ്ട്, തണുത്തു വിറങ്ങലിച്ച കാറ്റ് കടന്നുപോയപ്പോൾ, എന്റെ ശരീരം വല്ലാതെ വിറയ്ക്കുന്നുണ്ടാ യിരുന്നു. പുതച്ചുമൂടിയ, കമ്പിളിപ്പുതപ്പിനുള്ളിലേക്ക് പരമാവധി ഉൾ വലിഞ്ഞുനിന്ന എന്റെ രൂപത്തിന് നേർവിപരീതമായി മുട്ടോളം മാത്ര മെത്തുന്ന പരുത്തിത്തുണി അരയിൽ ചുറ്റിക്കൊണ്ടാണ് ബാബാജി അവിടെ ഇരുന്നിരുന്നത്. ശരീരതാപനില ക്രമീകരിക്കുവാൻ കഴിയുന്ന യോഗവിദ്യയിൽ അതിനിപുണനാണ് അദ്ദേഹം. മടക്കിവച്ചിരിക്കുന്ന കമ്പിളിയിൽ പത്മാസനത്തിലിരുന്ന് ബാബാജി എന്നെ നോക്കി ദയാ പൂർവ്വം പുഞ്ചിരിച്ചു.

"ശാന്തനായിരിക്കൂ, ആശ്വസിക്കൂ." അദ്ദേഹത്തിന്റെ വാക്കുകളിലെ ജാലവിദ്യയിൽ എന്റെ ശരീരം അതിശയകരമായ രീതിയിൽ ഉത്തേജി തമായി. സുഖകരമായ ഒരു മന്ദോഷ്ണപ്രവാഹം അദ്ദേഹത്തിൽനിന്നും എന്നിലേക്കു വരികയയുായി. എന്റെ ശരീരമാസകലം ഊഷ്മാവു പടർന്നു. എനിക്ക് അതുവരെ അജ്ഞാതമായിരുന്ന അവബോധത്തിന്റെ ഊർജ്ജ സ്വലതയിൽ എന്റെ ശരീരം ജാഗരൂകമായി.

എം: കുറച്ചുകാലമായി വേദാന്തവിഷയങ്ങൾ ഞാൻ വായിക്കുന്നുണ്ട്. ആദ്യമൊക്കെ എനിക്കെല്ലാം ഗ്രഹിക്കാൻ കഴിയുന്നുണ്ടെന്നാണ് ഞാൻ കരുതിയത്. പക്ഷേ, വർഷങ്ങൾ കടന്നുപോയി ഞാൻ വിഷയത്തിന്റെ ആഴങ്ങളിലേക്ക് എത്തിപ്പെട്ടപ്പോഴാണ് എന്റെ അറിവ് തുലോം തുച്ഛമാണെന്ന തിരിച്ചറിവ് എനിക്കുണ്ടായത്. ഇപ്പോഴും എനിക്ക് അവ്യക്തമായിത്തുടരുന്ന ഒരുപാട് ചോദ്യ ങ്ങളുണ്ട്. ഈശാവാസ്യോപനിഷത്തിലെ ഈ വാക്യത്തിന്റെ നിഗൂഢാർത്ഥം അങ്ങെനിക്ക് ദയവായി വെളിവാക്കിത്തന്നാലും:

*അന്ധം തമഃ പ്രവിശന്തി യേ അവിദ്യാമുപാസതേ, തതോ ഭൂയ ഇവ തേ തമോ യ ഉ വിദ്യായാം രതഃ*—അവിദ്യയെ സേവിക്കുന്നവൻ കൂരിരുട്ടിനെ പ്രാപിക്കുന്നു. വിദ്യയെ ഉപാസിക്കുന്നവൻ അതിലും വലിയ അന്ധകാരത്തെ പ്രാപിക്കുന്നു.

ആദ്യഭാഗം വ്യക്തമാണ്. ജ്ഞാനസമ്പാദനത്തിലൂടെ അജ്ഞത യാകുന്ന അന്ധകാരത്തെ അകറ്റാൻ കഴിയുമെന്ന് കുട്ടിക്കാലം മുതൽ നാം പഠിക്കുന്നതാണ്. അത്തരുണത്തിൽ, ജ്ഞാനോപാസ കൻ കൂടുതൽ അന്ധകാരത്തിലേക്കാണ് എത്തുന്നത് എന്നു കേൾക്കുമ്പോൾ, അതൊരു ഋഷിവാണികൂടിയാകുമ്പോൾ ഞാൻ വല്ലാതെ അമ്പരന്നുപോകുന്നു. അതെങ്ങനെ സംഭവിക്കും? അജ്ഞതയും വിദ്യയും അന്ധകാരത്തിലേക്കുതന്നെയാണ് നമ്മെ എത്തിക്കുന്നതെങ്കിൽ, അജ്ഞതയ്ക്കും വിദ്യയ്ക്കും അപ്പുറത്ത്, മറ്റെന്തെങ്കിലും ഉണ്ടോ? അവ രണ്ടും നമ്മെ ഇരുട്ടിലേക്കാണ് കൊണ്ടുപോകുന്നതെങ്കിൽ, അജ്ഞതയ്ക്കും വിദ്യയ്ക്കും അപ്പുറം മറ്റെന്തോ ഉണ്ടെന്ന് എനിക്കു തോന്നുകയാണ്.

**ബാബാജി:** ജാഗരൂകനായി ഇരിക്കൂ മകനേ, ജാഗ്രതയോടെ ഇരിക്കു കയെന്നാൽ, ആയാസപ്പെടുക എന്നല്ല മറിച്ച് ശാന്തനായി ഇരി ക്കുക എന്നതാണ്. നിനക്കു ലഭിക്കുന്ന ഉപദേശങ്ങളുടെ ആഴങ്ങ ളിലേക്ക് നീ പോവുക, സംശയങ്ങൾക്ക് ഇടനൽകാത്തവിധം ശ്രദ്ധയോടെ ഇരിക്കുക. അതിനുശേഷം എന്തെങ്കിലും ചോദ്യങ്ങളു ണ്ടെങ്കിൽ ചോദിക്കുക. രണ്ടു സുഹൃത്തുക്കൾ തങ്ങളുടെ വ്യക്തിപരമായ വിഷയങ്ങൾ ചർച്ചചെയ്യുന്നതുപോലെ നമുക്കു കാര്യങ്ങൾ സംസാരിക്കാം. നമുക്കിടയിൽ സമ്പൂർണ്ണമായ സ്നേ ഹവും തുറന്ന മനസ്സും ഉണ്ടാകട്ടെ. നീ പറഞ്ഞത് ശരിയാണ്, ഉപനിഷത്തിലെ പരസ്പരവിരുദ്ധമായ വാക്യങ്ങളാൽ പലരും കുഴങ്ങിപ്പോകാറുണ്ട്. പക്ഷേ, വളരെ ശ്രദ്ധയോടെ നിരീക്ഷിച്ചാൽ, അതിൽ പരസ്പരവിരുദ്ധമായി ഒന്നുംതന്നെയില്ലായെന്ന് മനസ്സിലാ ക്കാൻ കഴിയും.

അജ്ഞതയെ ആരാധിക്കുന്നവൻ ഇരുട്ടിലേക്കേ എത്തിപ്പെടുക യുള്ളൂ, ശരിയല്ലേ? അജ്ഞത അഥവാ അവിദ്യയെന്നാൽ ജ്ഞാന ത്തിന്റെ അഭാവമാണ്. ജ്ഞാനസമ്പാദനത്തിലൂടെയാണ് അജ്ഞാനം നശിപ്പിക്കപ്പെടുന്നത്. ജ്ഞാനം നേടേണ്ടതില്ല എന്ന് ഉപനിഷത്തിൽ ഒരിടത്തും പറയുന്നില്ല. കാരണം, അജ്ഞാനത്തെ ദൂരീകരിക്കു വാൻ കഴിയുന്ന ഒരേയൊരു ഉപാധി ജ്ഞാനമാണ്. നീ എന്നിലൂടെ കേട്ടുകൊണ്ടിരിക്കുന്നതുൾപ്പെടെ, പഠിക്കുന്നതെന്തായാലും അത് ജ്ഞാനമാണ്. പിന്നെ, ആ ജ്ഞാനത്തിനെങ്ങനെ നമ്മെ ഇരുട്ടി

ലേക്കു നയിക്കാൻ കഴിയും. നന്നായി ശ്രദ്ധിക്കൂ. ജ്ഞാനം അന്ധകാരത്തിലേക്കു നയിക്കുമെന്ന് ഉപനിഷത്ത് പറയില്ല. പകരം, ജ്ഞാനത്തെ ആരാധിക്കുന്നവൻ കൂടുതൽ അന്ധകാരത്തിലേക്ക് എത്തപ്പെടുമെന്നാണ് അതു പറയുന്നത്. കൂടുതൽ അവധാനതയോടെ നിരീക്ഷിക്കേണ്ട ഒരു സംഗതിയാണത്.

മുൾച്ചെടികൾ നിറഞ്ഞ ഒരു പ്രദേശത്തുകൂടി പോയപ്പോൾ നിന്റെ കാലിൽ ഒരു മുള്ളുതറച്ചുവെന്ന് കരുതുക. നിന്റെ കൈകൊണ്ട് മുള്ളെടുത്തുകളയുവാൻ നീ പരിശ്രമിക്കുകയും ഫലം കാണാതെ പോവുകയും ചെയ്യുന്നു. അപ്പോൾ നീ കാലിൽ തറച്ചതിനെക്കാൾ മൂർച്ചയും നീളവും ഉറപ്പുമുള്ള മറ്റൊരു മുള്ള് കണ്ടെത്തി, തറച്ചിരിക്കുന്ന മുള്ളെടുത്തു കളയാൻ നോക്കും. ഇതുപോലെ, അജ്ഞതയും വേദനയും നിറഞ്ഞ മുള്ളെടുത്തുകളയുവാൻ ജ്ഞാനമാകുന്ന മുള്ളിനെ ഉപയോഗിക്കുന്നു. ഇനി പറയൂ, നീ വേദന തന്ന മുള്ളെടുത്തുകളഞ്ഞിട്ട്, ആ വലിയ മുള്ളിനെ നീ നിന്റെ കാലിൽ തറയ്ക്കുമോ? ഇല്ല. നിനക്കതിന് കഴിയില്ല. നീയത് എറിഞ്ഞുകളയും. അജ്ഞതയുടെ മുള്ളിനെ എടുത്തുകളയാൻ ഉപയോഗിച്ച ജ്ഞാനത്തിന്റെ മുള്ളാണത്. മോക്ഷം ലക്ഷ്യമാക്കി നീങ്ങുന്ന, അന്വേഷകനായ യോഗി അവ രണ്ടിനെയും ഉപേക്ഷിക്കും.

കൂടുതൽ കാര്യങ്ങളിലേക്കു കടക്കുന്നതിനുമുമ്പ്, ജ്ഞാനമെന്നാൽ എന്താണെന്നു നോക്കാം. ഒരു സംഭവത്തെയോ ഒരു വിഷയത്തെയോ കുറിച്ച് എന്തെങ്കിലും മനസ്സിലാക്കിവച്ചിട്ട്, അതിനെക്കുറിച്ചുള്ള ജ്ഞാനം നേടിയതായി നീ പറയും. അതിന്റെ അർത്ഥം, പ്രസ്തുത സംഭവത്തെയോ നിന്റെ ഓർമ്മയിലുള്ളതായ വിഷയത്തെയോ കുറിച്ചുള്ളതും നിന്നാൽ കഴിയുന്നതുമായ എല്ലാ വിവരങ്ങളും നീ ശേഖരിച്ചുവച്ചു എന്നാണ്. ഭാവിയിൽ, അതിനെ പരാമർശിക്കുവാനും തിരിച്ചറിയുവാനും അതിനനുസൃതമായി പെരുമാറുവാനും നിനക്കു കഴിയും. ഇതുപോലെയാണ് ജ്ഞാനവും—ഒരുവന്റെ സ്മൃതിയിൽ ശേഖരിച്ചുവയ്ക്കപ്പെടുന്നതാണത്.

ഞാൻ പറയുന്ന വാക്കുകൾ നീ ശ്രദ്ധിക്കുന്ന ആ നിമിഷത്തിൽതന്നെ, അത് വർത്തമാനത്തിൽനിന്നും അപ്രത്യക്ഷമാവുകയും ഭൂതകാലത്തിലെ ഒരു സംഗതിയായി മാറുകയും ചെയ്യും. ജ്ഞാനമെന്നാൽ, നമുക്കറിയാവുന്നതുപോലെ, കഴിഞ്ഞുപോയൊരു കാലത്തുനിന്ന്, അത് ഒരുനിമിഷം മുമ്പുള്ളതോ വർഷങ്ങൾക്കു മുമ്പുള്ളതോ ആകാം, നീ ഓർത്തുവയ്ക്കുന്നതാണ്. എല്ലാ ജ്ഞാനവും

ഭൂതകാലത്ത് നടന്ന എന്തോ ചില സംഗതികളെക്കുറിച്ചുള്ള സ്മരണകളാണ്.

ബ്രഹ്മമെന്ന പരമമായ സത്യം ഓർമ്മയോ ഭൂതകാലത്തിലെ ഒരു സംഗതിയോ അല്ല. സനാതനമായ, നാം ജീവിക്കുന്ന വർത്തമാന മാണത്. ഭൂതകാല പരാമർശിയായ ജ്ഞാനമായി അതിനെ വ്യാഖ്യാനിക്കുവാൻ കഴിയില്ല.

എം: ജ്ഞാനമെന്നാൽ സ്മരണയാണെങ്കിൽ, ബ്രഹ്മത്തെ അറിയുന്നത് ഏതിനാലാണ്?

ബാബാജി: ഇപ്പറഞ്ഞ സംഗതിയെ നന്നായി മനസ്സിലാക്കുമ്പോൾ, മാനസികമായ എല്ലാ പ്രയത്നങ്ങളെയും ഉപേക്ഷിച്ച് അന്തഃക രണം ശാന്തമാവുകയും അചഞ്ചലമായ നില കൈക്കൊള്ളുകയും ബ്രഹ്മം മാത്രം ശേഷിക്കുകയും ചെയ്യും.

എം: അപ്പോൾ ഞാൻ മനസ്സിലാക്കേണ്ടത് ജ്ഞാനം, ആ വാക്കിന്റെ സാധാരണമായ അർത്ഥത്തിൽ, വ്യർത്ഥമാണെന്നാണോ?

ബാബാജി: അല്ല, ഒരിക്കലുമല്ല. ജ്ഞാനത്തിന്റെ ഉൾക്കൊള്ളൽ, അതി ന്റെ പൂർണ്ണത ഏതുതലത്തിലായാലും മനുഷ്യന്റെ ഏറ്റവും വലിയ സിദ്ധിയാണത്. ജ്ഞാനത്തിന്റെ ശ്രേണിയിലെ ഓരോ തലത്തിനും അതിന്റേതായ സ്ഥാനമുണ്ട്. ഇന്ദ്രിയങ്ങളുടെ അനുഭവങ്ങൾ പകർന്നുകിട്ടിയില്ലെങ്കിൽ നാം ജീവിക്കുന്ന ലോകത്തെ നമുക്കു മനസ്സിലാക്കാൻ കഴിയുകയില്ല; പകർന്നുകിട്ടുന്ന അനുഭവങ്ങൾ എത്ര അവിശ്വസനീയമാണെങ്കിലും സ്ഥിതി അങ്ങനെതന്നെയാണ്. എന്നാൽ നമ്മുടെ യുക്തി പറയും അതിന്റെ കാരണം വിശ്വാസ യോഗ്യമല്ലാത്തതാണെന്ന്. എന്നിരുന്നാലും ആ യുക്തിചിന്തയ്ക്കു തന്നെ യുക്തി മിക്കപ്പോഴും ആശ്രയിക്കത്തതല്ലെന്ന് ബോധ്യ പ്പെടുത്തുവാൻ കഴിയും. ധാരണയിൽ വിഷയത്തിനുമേൽ വ്യക്തിപരമായ മുൻവിധികളുടെ നിറംകൂടി കലർന്നിട്ടുണ്ടാകും.

വിചാരങ്ങളുടെ ശേഖരമല്ലാതെ മറ്റൊന്നുമല്ലാത്ത നമ്മുടെ മന സ്സിനുപരി ഉയരുമ്പോൾ ഭൂതകാല സ്മൃതി സംഗതിയായ ജ്ഞാന ത്തിന് അതിരുകളുണ്ടെന്നും ബുദ്ധിവൈഭവം ഉത്ഭവിക്കുന്ന അപരിമേയത്തിൽ എത്താൻ ജ്ഞാനത്തിനു കഴിയാത്തത് എന്തുകൊണ്ടാണെന്നും പൂർണ്ണമായി മനസ്സിലാകുകയും ചെയ്യുന്നു. യുക്തിചിന്തകളെയും തർക്കങ്ങളെയും സംശയങ്ങളെയും വെടിഞ്ഞ് മനസ്സ്, ചിന്തകളുടെ ശൃംഖലയെ ഉപേക്ഷിച്ച് അചഞ്ചലമാവുകയും ഒരു ചിറ്റോളംപോലും ഇല്ലാത്ത തെളിഞ്ഞ ജലാശയത്തിന്റെ അനന്തമായ പരപ്പുപോലെ കലക്കമില്ലാതാവുകയും ചെയ്യുന്നു.

കണ്ണാടിപോലെ പ്രശാന്തമായ ആ മനസ്സിലാണ് അപരിമിതമായ, പരമാനന്ദസ്വരൂപമായ, ബ്രഹ്മം പ്രതിബിംബിക്കുന്നത്.

ഇതാണ് *കേനോപനിഷത്തിൽ* പറയുന്നത്:

"ഏതൊന്നാണോ ചിന്തകൾകൊണ്ട് അറിയാൻ കഴിയാത്തത്, ഏതൊന്നാണോ മനസ്സിന് ചിന്തിക്കാൻ ശക്തി പകരുന്നത് അല്ലയോ ആത്മാന്വേഷകാ, യഥാർത്ഥ ബ്രഹ്മം അതാണ്, മറ്റൊന്നു മല്ലത്."

**എം:** ചിന്തിക്കുവാനും കാരണം കണ്ടുപിടിക്കുവാനും ശ്രമിക്കാതെ, ഒരു വിഡ്ഢിയുടേതുപോലെ നിശ്ചേതനമായി പോവുകയല്ലേ മനസ്സ്?

**ബാബാജി:** വിചാരത്തിന്റെ സ്രോതസ്സും ബീജവുമായ മനസ്സ് എങ്ങനെ യാണ് നിശ്ചേതനമാവുക? അങ്ങനെയുള്ള മനസ്സ് സദാ പ്രവർ ത്തനനിരതമായിരിക്കും. സ്വന്തം കർത്തവ്യമായി നിയുക്തമായിരി ക്കുന്നതിൽ വ്യാപൃതമായിരിക്കും അതെപ്പോഴും. അത്തരം മനസ്സ്, ഊർജ്ജത്തിന്റെ മഹാസ്രോതസ്സിനാൽ അനുഗൃഹീതമായിരിക്കും. തടസ്സങ്ങളും തോൽവികളുമേശാത്ത പ്രപഞ്ചത്തിനുതന്നെ ആധാ രമായ അതിബൃഹത്തായ ഊർജ്ജത്തിന്റെ ഉറവയുടെ ഉത്ഭവ സ്ഥാനവുമായാണ് അത് ബന്ധപ്പെട്ടിരിക്കുന്നത്.

അതൊരിക്കലും തോൽവിയിൽ വിമനസ്കനാവുകയോ വിജയ ത്തിൽ മതിമറന്ന് സന്തോഷിക്കുകയോ ചെയ്യില്ല. സാധാരണ മനുഷ്യരിൽനിന്നും വ്യത്യസ്തമായി, പതർച്ചകളില്ലാതെ, ഭ്രമിക്കാതെ, സ്ഥിരോത്സാഹത്തോടെ പ്രവർത്തിക്കുന്ന മനസ്സാകുമത്. വിശ്വ ജനീനമായ ആ ഊർജ്ജോത്പാദക യന്ത്രത്തിൽനിന്നും ഉത്തേ ജനങ്ങളേറ്റുവാങ്ങി പ്രവർത്തിക്കുന്ന അത്തരം മനസ്സുമാത്രമേ യഥാർത്ഥത്തിൽ പ്രവർത്തിക്കുന്നതായി പറയാൻ കഴിയുക യുള്ളൂ. ബാക്കിയുള്ളവ നിശ്ചേതനമാണ്. കാരണം, അവയൊന്നും പ്രവർത്തനനിരതയുടെ രഹസ്യത്തെ കണ്ടെത്തിയിട്ടില്ല.

വെറും ചിന്തകന്മാർ മാത്രമല്ലാത്തവരും പ്രവർത്തകൻമാർ കൂടി യുമായ ചില മഹാത്മാക്കളുടെ മനസ്സുകളെ നമുക്കൊന്ന് അവ ലോകനം ചെയ്യാം. അദ്വൈതവേദാന്തം—അതേക്കുറിച്ച് ഞാൻ പിന്നീട് പറയാം—അതിന്റെ ആദ്യത്തെ വ്യാഖ്യാതാവായ ആദി ശങ്കരൻ അതിവിശിഷ്ടനായൊരു സന്ന്യാസിയായിരുന്നു. സാധാ രണ മനുഷ്യർക്ക് നൂറോ അതിലധികമോ വർഷംകൊണ്ടുമാത്രം ചിലപ്പോൾ നേടിയെടുക്കാൻ സാധിക്കുന്ന, മിക്കവാറും പേർക്കും പല ജന്മങ്ങൾകൊണ്ടുപോലും പൂർത്തീകരിക്കാൻ കഴിയാത്ത

അത്രയും കാര്യങ്ങൾ അദ്ദേഹം മുപ്പത്തിരണ്ടു വർഷമെന്ന തീരെ ചെറിയ കാലയളവിൽ ചെയ്തുതീർത്തു. ഈ വിശാലരാഷ്ട്രത്തിന്റെ ദീർഘവിസ്തൃതികളിലൂടെ നഗ്നപാദനായാണ് അദ്ദേഹം സഞ്ചരിച്ചത്. ബൃഹത്തായ അനേകം ഭാഷ്യങ്ങളെഴുതിയ അദ്ദേഹം അസംഖ്യം പണ്ഡിതന്മാരുമായി സംവാദം നടത്തി. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ക്ഷേത്രങ്ങൾ പുതുക്കിപ്പണിതു. ഏർപ്പെട്ട എല്ലാ മേഖലയിലും വിജയം കൈവരിച്ചു. അദ്ദേഹത്തിന് അതു സാധിച്ചത് പ്രവർത്തനനിരതമാകുന്നതിന്റെ, കർമ്മത്തിന്റെ രഹസ്യം മനസ്സിലാക്കാനായതുകൊണ്ടാണ്.

ഈയടുത്ത കാലത്തെ മറ്റൊരു മാതൃകാപുരുഷന്റെ കാര്യമെടുക്കാം—മഹാനായ വേദാന്തി സ്വാമി വിവേകാനന്ദൻ. എത്ര വിഖ്യാതമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മാനവരാശിക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച കർമ്മനിരതനായിരുന്നു അദ്ദേഹം. ഇത്തരം ധാരാളം ഉദാഹരണങ്ങൾ സ്വയം ചിന്തിച്ചെടുക്കാവുന്നതേയുള്ളൂ.

എം: ബാബാജി, പരംപൊരുളിനെ സാക്ഷാത്കരിച്ച്, നിശ്ശബ്ദരായി തുടരുന്നവരുണ്ടല്ലോ, അവരോ?

ബാബാജി: പരിപൂർണ്ണനായ ഒരു മഹർഷി നിശ്ശബ്ദനായി തുടരുവാനാണ് തീരുമാനിക്കുന്നതെങ്കിൽ, ആ നിശ്ശബ്ദത സംസാരത്തെക്കാൾ ഫലപ്രദമാണ്. പ്രവൃത്തിയെക്കാൾ സ്പഷ്ടവുമാണ്. നിശ്ശബ്ദതയുടെ 'ശബ്ദ'ത്തിലേക്ക് കാതോർത്തിരിക്കുന്ന മനസ്സുകളിലാണ് യോഗി തന്റെ നിശ്ശബ്ദതയാൽ പണിയെടുക്കുന്നത്. അത്തരം യോഗികൾ സങ്കല്പമൂലത്തിലെത്തിയവരും ഒരൊറ്റ സങ്കല്പംകൊണ്ട് ലോകത്തെയാകെ മാറ്റുവാൻ ശേഷിയുള്ളവരുമായിരിക്കും. മണിക്കൂറുകൾ നീണ്ട പ്രഭാഷണങ്ങളെക്കാൾ പ്രബലമാണ് അത്തരം നിശ്ശബ്ദത. പരബ്രഹ്മംപോലെ ഗുപ്തമായി നിലകൊള്ളുന്ന ഇക്കൂട്ടർ നിശ്ശബ്ദമായി അത്ഭുതങ്ങൾ പ്രവർത്തിക്കും. യോഗികളുടെ തീരെ ലഘുവായ ചിന്തകൾകൊണ്ട് അത്യന്തം ദുഷ്കരമായ കർമ്മങ്ങൾപോലും എളുപ്പത്തിൽ നടപ്പിലാക്കപ്പെടും.

ഇനി ഞാൻ 'ജ്ഞാനത്തെ ആരാധിക്കുന്നവൻ അന്ധകാരത്തിൽ എത്തിപ്പെടും' എന്ന വാക്യത്തെ വിശദീകരിക്കാം. പുരാണേതിഹാസങ്ങളും അനവധി ഭാഷ്യങ്ങളും ജ്യോതിഷവും ഗണിതവും മന്ത്രങ്ങളുമടക്കം വേദവിജ്ഞാനത്തിന്റെ വിവിധ ശാഖകളെ പഠിച്ച ചില ആളുകൾ, ഗർവ്വ്മൂത്ത് മദിക്കുകയും ജ്ഞാനികളായി നടിക്കുകയും ചെയ്യും.

അവരുടെ അഹംഭാവം പരിധിയില്ലാതെ അഹങ്കരിക്കുകയും ചെയ്യുന്നതെല്ലാം ശരിയാണെന്നു ചിന്തിക്കുകയും മറ്റു വീക്ഷണങ്ങളെ കണക്കിലെടുക്കാൻ മടികാണിക്കുകയും അവഗണിക്കുകയും ചെയ്യുന്നു. ഒരു വിഷയത്തെ കാണാൻ പല വീക്ഷണങ്ങളുണ്ടെന്നും തങ്ങൾക്ക് കാണാൻ കഴിയാത്ത വ്യത്യസ്തമായ കാഴ്ചപ്പാടുകളുണ്ടെന്നുമുള്ള ചിന്തയെ അവർ അംഗീകരിക്കില്ല. അപരിമിതമായ അഹംഭാവം അവരുടെ അധോഗതിക്ക് കാരണമാവുകയും ദുരവസ്ഥ അതിന്റെ ഫലമായി ലഭിക്കുകയും ചെയ്യും.

മനസ്സിന്റെ സംവേദനക്ഷമതയും ജാഗ്രതയും നഷ്ടപ്പെടുകയും വിജ്ഞാനമെന്നവർ തെറ്റിദ്ധരിക്കുന്ന കന്മഷത്താൽ മനസ്സ് മലിനപ്പെടുകയും ചെയ്യും. ദീർഘകാലംകൊണ്ട് അവർ പണിപ്പെട്ട് നേടിയെടുത്തതാകും ആ ജ്ഞാനം. ജ്ഞാനത്തെ ആരാധിക്കുന്ന അത്തരം ആളുകളാണ് കുറ്റാക്കുറ്റിരുട്ടിൽ എത്തിപ്പെടുക.

ഞാൻ ഈ പറഞ്ഞതിനെ ഒരു കഥയിലൂടെ ചിത്രീകരിക്കാം. ഈശ്വരസാക്ഷാത്കാരം ലഭിച്ച ഒരു യോഗിയുണ്ടായിരുന്നു. അദ്ദേഹത്തെ കാണാൻ ആളുകൾ കൂട്ടംകൂട്ടമായി ഒഴുകിയെത്തും. ഒരിക്കൽ, ഒരു പണ്ഡിതൻ അദ്ദേഹത്തിന്റെയടുത്ത് ഉപദേശം ചോദിച്ചെത്തി. കുറച്ചുനേരം യോഗിയെ ശ്രദ്ധിച്ചിട്ട് പണ്ഡിതൻ ചോദിച്ചു: "ആചാര്യാ, എത്ര കാലംകൊണ്ട് ഞാൻ മോക്ഷപദത്തിലെത്തും."

"ഒരുപാടു കാലം കഴിഞ്ഞ്." ആചാര്യൻ മറുപടി പറഞ്ഞു.

യോഗി പറയുന്നതിൽ മുഴുകി അവിടെയിരിക്കുകയായിരുന്ന നിരക്ഷരനായ ഒരു സാധു ഉദ്യാനപാലകൻ എഴുന്നേറ്റ് യോഗിയെ വണങ്ങിയിട്ട് ഇങ്ങനെ പറഞ്ഞു:

"ആചാര്യാ, അങ്ങ് പഠിപ്പിച്ചുതന്ന പാഠങ്ങൾക്ക് എങ്ങനെയാണ് നന്ദി പറയേണ്ടതെന്ന് എനിക്കറിയില്ല. ഞാൻ അറിവില്ലാത്തവനാണ്. ഞാൻ എന്നെങ്കിലും പരമപദത്തിലെത്തുമോ?"

"ഏതാനും നിമിഷങ്ങൾക്കകം." ഇതായിരുന്നു ആചാര്യന്റെ മറുപടി.

ആ മറുപടി പണ്ഡിതനെ ചൊടിപ്പിച്ചു.

"അതെങ്ങനെ സംഭവിക്കും. പാമരനായ ഇയാൾ ഏതാനും നിമിഷങ്ങൾക്കകം പരമപദത്തിലെത്തും. അതേസമയം, മഹാപണ്ഡിതനായ ഞാൻ മോക്ഷനില കൈവരിക്കാൻ ഒരുപാടു കാലം കാത്തിരിക്കണം."

ആചാര്യന്റെ മറുപടി വളരെ പെട്ടെന്നായിരുന്നു:

"പലതരത്തിൽ നീ ശേഖരിച്ചുവച്ചിരിക്കുന്ന അനേകം സംഗതികളാൽ നിന്റെ മനസ്സ് അലങ്കോലമാണ്. നീ രൂപപ്പെടുത്തിവച്ചിരിക്കുന്ന തെറ്റിദ്ധാരണകളെ മനസ്സിൽനിന്നും ഇറക്കിവിടണമെങ്കിൽ ഒരുപാട് കാലമെടുക്കും. നിന്റെ അഹം വല്ലാതെ വലുതായി, സത്യം പ്രവേശിക്കുന്ന വിവേകത്തിന്റെ ആ ലളിതമായ പ്രവേശന കവാടം അടഞ്ഞുപോയിരിക്കുന്നു. ജീർണ്ണതകളിൽനിന്നും എന്നു നിന്റെ മനസ്സ് മുക്തമാകുന്നോ, അന്നേ നീ മോക്ഷനില കൈ ക്കൊള്ളുകയുള്ളൂ. ആ മാലിന്യങ്ങൾ ഒഴിവാക്കാനാണ്, ഞാൻ നിനക്ക് ഇത്രയും സമയം നൽകിയിരിക്കുന്നത്."

എം: അതിന്റെ അർത്ഥം പണ്ഡിതന്മാരെക്കാൾ പരംപൊരുളിനെ അറിയാൻ പാമരന്മാർക്കാണ് കൂടുതൽ സാദ്ധ്യതയെന്നാണോ?

ബാബാജി: ഒരിക്കലുമല്ല. ധാരാളം ഗ്രന്ഥങ്ങളും ധർമ്മശാസ്ത്രാദികളും മനഃപാഠമാക്കിയെന്നു കരുതി ഒരുവൻ പണ്ഡിതനാവുകയില്ലെന്ന് സൂചിപ്പിക്കുവാൻ ഞാനൊരു ഉദാഹരണം നിന്നോടു പറഞ്ഞതാണ്. ശരിയായ പണ്ഡിതന് കാര്യങ്ങൾ ഗ്രഹിക്കുവാനും വിവേചിച്ചറിയുവാനുമുള്ള ശേഷിയുണ്ടാകും. കേവലം മനഃപ്പാഠമാക്കിവയ്ക്കലല്ലഅദ്ദേഹംചെയ്യുന്നപ്രവൃത്തി,മിഥ്യാബോധങ്ങളൊഴിഞ്ഞ, ധിഷണാവിലാസത്തിന്റെ കൂർമ്മതയുള്ള ഒരു മനസ്സാകുമത്. ആ മനസ്സിന്, ധിഷണകൊണ്ട് ഏതുയരത്തിൽ എത്താൻ കഴിയുമെന്നും എന്തൊക്കെ പരിമിതികളുണ്ടെന്നും എത്താൻ കഴിയാത്ത അതീതവ്യാപ്തിയുടെ ആ മാനമേതാണെന്നും നന്നായറിയാം.

എം: 'അതീത വ്യാപ്തി' എന്ന് അങ്ങ് ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ബാബാജി: അധികമാർക്കും അതറിയില്ല. ദൈർഘ്യത്തിന്റെയും വിസ്തൃതിയുടെയും ഘനത്തിന്റെയുമായ ത്രിമാനലോകവുമായി പരിചയിച്ച ഒരാൾക്ക് അതു മനസ്സിലാക്കാൻ അല്പം ക്ലേശിക്കേണ്ടി വരും. പരിധികളുള്ള പരിമാണങ്ങളാൽ നിർമ്മിക്കപ്പെട്ട ചിന്തകൾക്ക്, നമ്മുടെ മനസ്സിന് അതീതമായ നാലാമതൊരു മാനത്തിന്റെ സങ്കല്പംകൂടിയുണ്ടെന്ന് അംഗീകരിക്കാൻ കഴിയില്ല. അതു ഗ്രഹിക്കണമെങ്കിൽ, ചിന്തകളുടെ ചങ്ങല സ്വച്ഛവും ശാന്തവുമായിരിക്കണം. അതിൽ ജീവിച്ചാൽ മാത്രമേ, അതിനെ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. പക്ഷേ, സിദ്ധാന്തപരമായി കഴിയുംവിധത്തിൽ ഞാനതിനെ വിശദീകരിക്കാം. ഏറ്റവും കുറഞ്ഞത്, ധൈഷണികതലത്തിൽ അതിനെ ഗ്രഹിക്കുവാനും അതിന്മേൽ മനനംചെയ്ത് സംഭവ്യമായി കരുതി അനുഭവതലത്തിൽ അറിയുവാനും നിനക്കു കഴിയും.

ശ്വേതവർണ്ണത്തിലുള്ളതും നേർത്ത, ചക്രാകൃതിയിലുള്ളതുമായ രണ്ട് ചെറിയ പ്രാണികൾ, മേൽക്കൂരയില്ലാത്ത ഒരു വലിയ പെട്ടിയിൽ ജീവിക്കുന്നതായി സങ്കല്പിക്കുക. പെട്ടിയുടെ തറനിരപ്പിലൂടെ എല്ലാ ദിശകളിലേക്കും അവ നീങ്ങും. പക്ഷേ, പെട്ടിയുടെ ഭിത്തികൾ കാരണം പുറത്തിറങ്ങാൻ അവയ്ക്കു കഴിയില്ല. പെട്ടിയുടെ ദൈർഘ്യവും വിസ്തൃതിയും സഞ്ചരിച്ചു കീഴടക്കുന്ന അവയ്ക്ക് പക്ഷേ, പെട്ടിയുടെ ഭിത്തികളിലൂടെ മേലോട്ടും കീഴോട്ടും നീങ്ങാൻ കഴിയുകയില്ല. സഞ്ചാരപരിധിയുടെ പരിമിതിയിൽപ്പെട്ടു കിടക്കുന്ന രണ്ടു പ്രാണികളെ സംബന്ധിച്ച്, അതിരുകളുള്ള മാനങ്ങൾ മാത്രമേ അവയ്ക്ക് പരിചയമുള്ളൂ. അവയുടെ വിവേചനതലത്തിൽ ഉയരവും ഘനവും നിലനില്ക്കുന്നില്ല. ആ ചതുരപ്പെട്ടിക്കു പുറത്തുള്ള ലോകത്തേക്ക് അവ സാഹസികയാത്രയ്ക്ക് മുതിർന്നിട്ടില്ല.

ഇനി, മുകളിൽനിന്നും ഒരാൾ പെട്ടിക്കകത്തേക്ക് കൈനീട്ടി അതിലൊരു പ്രാണിയെ, ചതുരാകൃതിയിലുള്ള ഹരിതവർണ്ണാംഗികളായ പ്രാണികൾ ജീവിക്കുന്ന മറ്റൊരു സമചതുരപ്പെട്ടിയിലേക്കു മാറ്റി പാർപ്പിച്ചെന്നു കരുതുക. അതേപ്രകാരം, പച്ചനിറമുള്ള ഒരു പ്രാണിയെ ചുവന്നവയുടെ പെട്ടിയിലാക്കി എന്നും കരുതുക. തങ്ങളെ മാറ്റിപ്പാർപ്പിച്ച മാർഗ്ഗത്തെക്കുറിച്ച് രണ്ടു പ്രാണികളും അജ്ഞരായിരിക്കും. മേലോട്ടും താഴോട്ടുമുള്ള സഞ്ചാരദിശയെ അവർക്ക് ഗ്രഹിക്കാൻ കഴിയുകയില്ല. കാരണം, അതുവരെ പാർശ്വഗതിയെ മാത്രമേ അവ പരിചയപ്പെട്ടിട്ടുള്ളൂ. അവയെ സംബന്ധിച്ച് ഇരു വശങ്ങളിലേയ്ക്കല്ലാത്ത ഗതിയെന്നത് ഒരത്ഭുതമാണ്. രണ്ടു മാനങ്ങളെ മാത്രം ഗ്രഹിച്ചുകൊണ്ട് പുതിയ ജീവിത പരിസരത്തിലും മുൻപത്തെപ്പോലെ അവർ ജീവിക്കുന്നു.

മേല്പറഞ്ഞ സങ്കല്പത്തിലെ ജീവികളെപ്പോലെയാണ് നമ്മിൽ മിക്കവരുംപേർ. കാഴ്ച, കേൾവി, സ്പർശനം, വാസന, രുചി തുടങ്ങിയ പഞ്ചേന്ദ്രിയങ്ങളിലൂടെ നാം മനസ്സിലാക്കുന്നതോ അതിലും ഉയർന്നതോ ആയ നിലയിൽ ഒരു ലോകമുണ്ടെന്നത് നമുക്ക് വിഭാവനം ചെയ്യാൻ കഴിയില്ല. ഇന്ദ്രിയാധിഷ്ഠിതമായ അനുഭവങ്ങളുടെ ലോകം വ്യവസ്ഥപ്പെടുത്തുന്നതാണ് നമ്മുടെ ധിഷണാലോകം. ജാഗ്രത്തായ ധിഷണ, അജ്ഞാതമായ മറ്റൊരു തലംകൂടിയുണ്ടെന്ന് തിരിച്ചറിയുന്നിടത്താണ് നമ്മുടെ ആത്മീയ സഞ്ചാരം ആരംഭിക്കുന്നത്. ഇന്ദ്രിയജ്ഞാനത്താലോ കേവല ചിന്തകൾകൊണ്ടോ എത്തിപ്പെടാൻ കഴിയാത്ത ആ തലത്തിൽ എത്തുവാനായി വ്യത്യസ്ത മാർഗങ്ങൾ ആരായുവാനുള്ള പ്രയത്നങ്ങൾ നാം നടത്തും. അങ്ങനെയൊരു തലത്തെ ആരെങ്കിലും സ്പർശിച്ചിട്ടുണ്ടാകുമെന്ന് വിശ്വസിക്കുവാനും പ്രയാസ

മാണ്, പ്രത്യേകിച്ചും ആ തലം ഭാവന ചെയ്യുവാൻ കഴിയാത്തതു കൂടിയാകുമ്പോൾ. മഹാനായ ഗ്രീക്ക് തത്ത്വചിന്തകൻ പ്ലേറ്റോയുടെ 'ഗുഹയുടെ ദൃഷ്ടാന്തം' എന്ന കഥയിൽ സൂചിപ്പിച്ചിരിക്കുന്നത് ഇതേ വിഷയമാണ്. നീളമുള്ളതും ഒരാൾക്ക് കഷ്ടിച്ച് നിൽക്കുവാൻ മാത്രം വലിപ്പമുള്ളതുമായ ഭൂഗർഭത്തുരങ്കത്തിലൂടെ, പരസ്പരം ചങ്ങലകളാൽ ബന്ധിതരായ അടിമകളുടെ ഒരു നീണ്ട നിര നീങ്ങുന്നു. അവരുടെ ശിരസ്സുകളും കാലുകളും കൈകളും കനത്ത ചങ്ങലകളാൽ വിലങ്ങുവയ്ക്കപ്പെട്ട നിലയിലാണ്. ചങ്ങലകളുടെ ഭാരത്താൽ അവരുടെ ശിരസ്സുകൾ കുനിഞ്ഞ അവസ്ഥയിലാണ്. ഓർമ്മവച്ച കാലംമുതൽ അവരിതേ അവസ്ഥയിലാണ്. ഒരേ ദിശയിൽ മാത്രം സഞ്ചരിക്കുന്നവർക്ക് ഒരു വശത്തേക്കു മാത്രമേ നോക്കാൻ കഴിയുകയുള്ളൂ. വർഷങ്ങളായി തുരങ്കത്തിനുള്ളിലൂടെ തുടർച്ചയായി നീങ്ങുന്ന ബന്ധനത്തിന്റെ പാതയിലൂടെയാണ് അവർ യാത്രചെയ്യുന്നത്.

അതിലൊരുവൻ അവിചാരിതമായി ആ യാത്രയിൽനിന്നും മോചിപ്പിക്കപ്പെടുന്നു. പക്ഷേ, അതു മനസ്സിലാക്കാൻ കഴിയാതെ, യാന്ത്രികമായ, അവിരാമസഞ്ചാരത്തിന്റെ പാതയിലൂടെത്തന്നെ മുന്നേറുന്നു. കഴുത്തിലുണ്ടാകുന്ന കൊടിയ വേദനയാൽ തിരിഞ്ഞുനോക്കുവാനും തലപൊക്കുവാനും അയാൾ പ്രേരിപ്പിക്കപ്പെടുന്ന ദിവസംവരെ അയാളതു തുടരുന്നു. അങ്ങകലെയുള്ള മങ്ങിയ പ്രകാശത്തിലേക്ക് അയാളുടെ കണ്ണെത്തുന്നു. ആ വെളിച്ചം കണ്ണഞ്ചിപ്പിക്കുമ്പോഴും അതു ലക്ഷ്യമാക്കി അയാൾ മുന്നേറി. യാഥാർത്ഥ്യത്തെ നേരിൽ കണ്ടപ്പോഴാണ് താൻ ഇത്ര നാളും ഗുഹയിൽ കണ്ടത് നിഴലുകൾ തീർത്ത ഒരു ലോകം മാത്രമായിരുന്നുവെന്ന് അയാൾ മനസ്സിലാക്കിയത്.

ഗുഹയ്ക്കുള്ളിലെ പരിമിതമായ കാഴ്ചകൾ മാത്രം കാണുന്ന മനുഷ്യർക്കതീതനായി, മറ്റൊരു തലത്തെ ആദ്യമായി അനുഭവിച്ചറിഞ്ഞത് ആ മനുഷ്യനായിരുന്നു. അയാൾ ഗുഹയിൽ തിരിച്ചെത്തി, വെളിച്ചത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും തീർത്തും വ്യത്യസ്തമായ ആ ലോകത്തെപ്പറ്റി മറ്റുള്ള തുരങ്കവാസികളോട് പറഞ്ഞിരുന്നെങ്കിൽ, അവരുടെ പ്രതികരണം എന്തായിരിക്കും? സത്യം പറയുന്ന ആ മനുഷ്യന്റെ വാക്കിന്റെ പൊരുൾ അവർക്ക് തിരിച്ചറിയാൻ കഴിയില്ല. സന്ദേഹത്തോടെ അവർ അയാളെ ഭ്രാന്തനെന്നോ കള്ളനെന്നോ വിളിച്ചേനെ. അയാൾ അനുഭവിച്ച, ലോകത്തെ നേരിട്ടനുഭവിക്കാനുള്ള സ്വാതന്ത്ര്യം അവർക്കു ലഭിക്കുംവരെ അതു തുടരും. സ്വതന്ത്രനായ ആ മനുഷ്യൻ ജ്ഞാനിയായ യോഗിക്കു സമനാണ്.

## ബാബാജിയുമായുള്ള സംഭാഷണങ്ങൾ –2

**എം:** അതേ ഉപനിഷത്തിലെ ശാന്തിമന്ത്രത്തിന്റെ സത്തകൂടി എനിക്കു മനസ്സിലാക്കണമെന്നുണ്ട്.

*പൂർണ്ണമദഃ പൂർണമിദം*
*പൂർണാത് പൂർണ്ണമുദച്യതേ*
*പൂർണസ്യ പൂർണ്ണമാദായ*
*പൂർണ്ണമേവാവശിഷ്യതേ*

*അതും പൂർണ്ണമാണ്, ഇതും പൂർണ്ണമാണ്. ആ പൂർണ്ണതയിൽ നിന്നാണ് ഈ പൂർണ്ണത പിറവിയെടുക്കുന്നത്. പൂർണ്ണതയിൽനിന്നും പൂർണ്ണതയെ എടുത്തുമാറ്റുമ്പോൾ പൂർണ്ണതമാത്രം ശേഷിക്കുന്നു.* ഇത് മിക്കവാറും ചിന്താക്കുഴപ്പമുണ്ടാക്കാറുണ്ട്. ഇത് വാക്കുകൾ കൊണ്ടുള്ള ഒരു കളിയാണോയെന്നുപോലും ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ട്.

**ബാബാജി:** വേദത്തിലെ ഒരു സൂക്തവും വാക്കുകൾകൊണ്ടുള്ള വെറും കളികളല്ല. നീ ഉദ്ധരിച്ച ശാന്തിമന്ത്രം 'ഊർജ്ജസംരക്ഷണ നിയമം' എന്ന് ഇന്നറിയപ്പെടുന്നതുതന്നെയാണ്. നമുക്കെല്ലാവർക്കും അറിവുള്ളതുപോലെ, ഊർജ്ജമോ അതിനു തത്തുല്യമായ പിണ്ഡമോ സൃഷ്ടിക്കുവാനോ നശിപ്പിക്കുവാനോ കഴിയില്ല, മറിച്ച് രൂപഭേദം വരുത്തുവാൻ മാത്രമേ കഴിയുകയുള്ളൂ. അതിന്റെ അർത്ഥം എന്തെന്നാൽ, അതിനോട് എന്തെങ്കിലും സംയോജിപ്പിക്കുവാനോ അതിൽനിന്നും എന്തെങ്കിലും കുറയ്ക്കുവാനോ കഴിയില്ല. അങ്ങനെയുള്ള സമ്പൂർണ്ണതയാണ് ബ്രഹ്മം.

ഊർജ്ജത്തെ ഒരു രൂപത്തിൽനിന്നും മറ്റൊരു രൂപത്തിലാക്കാൻ മാത്രമേ കഴിയുകയുള്ളൂ, അല്ലാതെ ഊർജ്ജത്തെ സൃഷ്ടിക്കുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല എന്നു പറയുന്നതു പോലെതന്നെ. ബ്രഹ്മം പലരൂപത്തിൽ പ്രത്യക്ഷമാകും. അതിനോടു കൂടി എന്തെങ്കിലും സംയോജിപ്പിക്കുവാനോ അതിനെ നാശത്തിനു വിധേയമാക്കുവാനോ കഴിയുകയില്ല.

**എം:** ലോകം യഥാർത്ഥാസ്തിത്വം ഇല്ലാത്തതാണെന്ന വ്യാഖ്യാനത്തെ ഒന്നു വിവരിക്കാമോ. നമുക്ക് അനുഭവവേദ്യമായ, നമുക്ക് എല്ലായ്പോഴും കാഴ്ചയിലൂടെയും സ്പർശനത്തിലൂടെയും അറിയാൻ കഴിയുന്ന ലോകം എങ്ങനെയാണ് അസ്തിത്വമില്ലാത്തതാകുന്നത്?

ബാബാജി: അത് ഒരു സുപ്രധാന ചോദ്യമാണ്. ആ ചോദ്യത്തിനെ വ്യത്യസ്ത ദൃഷ്ടികോണുകളിൽനിന്നും നമുക്കു നോക്കിക്കാണാം. ആദ്യമായി കാഴ്ചയെ സംബന്ധിച്ച ചോദ്യത്തെ കണക്കിലെടുക്കാം. ദിവസവും സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും കണ്ണുകൾ കൊണ്ട് നമ്മൾ കാണുന്നു. യഥാർത്ഥത്തിൽ സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നുണ്ടോ? ശാസ്ത്രം പറയുന്നത് ഇങ്ങനെയാണ്. സൂര്യൻ അചഞ്ചലമായി,ഒരിടത്തുതന്നെ നിൽക്കുകയാണ്. ഭൂമിയാണ് സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നത്. സത്യം ഇതായിരിക്കേ, നമ്മുടെ കണ്ണുകൾ നമ്മോടു പറയുന്നത് മറ്റൊന്നാണ്. അപ്പോൾ, സൂര്യൻ ഉദിക്കുന്നുണ്ടെന്ന് നമ്മെ ധരിപ്പിക്കുന്ന കണ്ണുകളെ നാം വിശ്വസിക്കുമോ, അതോ ശാസ്ത്രീയമായ വസ്തുതയെ നമ്മൾ വിശ്വസിക്കുമോ? അങ്ങനെയെങ്കിൽ നമ്മുടെ ഇന്ദ്രിയങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ തെറ്റാണെന്നാണോ?

എം: ശരിയാണ്. കാണുന്നതെല്ലാം നാം വിശ്വസിക്കരുത്. കാഴ്ചയിലൂടെ പകർന്നുനൽകപ്പെടുന്ന ആശയങ്ങൾ ചിലപ്പോൾ അബദ്ധധാരണകളാകാം.

ബാബാജി: ലോകത്തിന് യഥാർത്ഥാസ്തിത്വം ഇല്ലായെന്ന് വേദാന്തം പ്രഖ്യാപിക്കുന്നത് എന്തുകൊണ്ടാണെന്ന് നമുക്കു വിശകലനം ചെയ്യാം. ലോകത്ത് നിലനിൽക്കുന്ന എല്ലാ വസ്തുക്കളും സദാ ചലിച്ചുകൊണ്ടിരിക്കുകയാണ്. രാത്രി പകലിന് വരാനുള്ള മാർഗമാണ്; ജീവിതം മരണത്തിലേക്കുള്ളതും. മരണത്തിന്റെ മാർഗത്തിലൂടെത്തന്നെയാണ് പുതുജീവിതം വരുന്നത്. ശരീരത്തിലെ കോടിക്കണക്കായ കോശങ്ങൾ നിമിഷംപ്രതി നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ സ്ഥാനത്ത് ഓരോ നിമിഷവും പുതിയ കോശങ്ങൾ ജനിച്ചുകൊണ്ടിരിക്കുന്നു. ഇന്നിവിടെയുള്ളത്, നാളെ ഇവിടെ ഉണ്ടാകണമെന്നില്ല. സമയം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുമ്പോൾ ആർക്കെങ്കിലും വർത്തമാനകാലത്തെ മുറുകെപ്പിടിക്കുവാൻ കഴിയുമോ? ഈ നിമിഷത്തിൽ ഉണ്ടാകുന്ന ഒരു വിചാരം, അടുത്ത നിമിഷം ഭൂതകാലത്തിലേക്ക് അപ്രത്യക്ഷമാകും. സകലവും ഉണ്ടായത് എപ്പോഴെന്നോ, എപ്പോൾ അവസാനിക്കുമെന്നോ, എല്ലാം അവസാനിക്കുമോ എന്നൊന്നും ഒരു സാമാന്യമനുഷ്യന് അറിയില്ല. നീർക്കുമിളപോലെ പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്ന ചിലതുണ്ടാകും. സ്ഥിരമല്ലാത്ത അവയും കേവലാസ്തിത്വം ഉള്ളവയല്ലേ?

അസ്തിത്വം അഥവാ ഉൺമ എന്നത് സ്ഥിരവും നിതാന്തവുമാണ്. മാറ്റമുണ്ടായിക്കൊണ്ടിരിക്കുന്നതും അസ്ഥിരമായതും അസ്തിത്വ

മുള്ളവയായിരിക്കില്ല. അചഞ്ചലവും അക്ഷയവുമായത് ഒന്നു മാത്രമേയുള്ളൂ. സാക്ഷാൽ ബ്രഹ്മമാണത്. ഇന്ദ്രിയങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന അസ്തിത്വത്തെപ്പറ്റിയുള്ള ചോദ്യത്തെ കുറച്ചുകൂടി ആഴത്തിൽ വിശകലനം ചെയ്യാം. പച്ചച്ചായമടിച്ച ഒരു ചെറിയ തടി കൊണ്ടുള്ള ക്യൂബിന്റെ കാര്യം കണക്കിലെടുക്കാം. മറ്റുള്ള വസ്തുക്കളിൽനിന്നും വേർതിരിച്ചു നിർത്തുന്ന ഒരു പ്രധാന സവിശേഷത അതിന്റെ നിറമാണ്. സൂര്യൻ പ്രസരിപ്പിക്കുന്ന രശ്മികളിൽ, പ്രകാശത്തിന്റെ വർണ്ണച്ഛായയിൽ, വയലറ്റ്, ഇൻഡിഗോ, നീല, പച്ച, മഞ്ഞ, ഓറഞ്ച്, ചുവപ്പ് എന്നീ ഏഴു നിറങ്ങളുണ്ട്. നമ്മുടെ സ്കൂൾ പഠനകാലത്ത്, ഈ നിറങ്ങളടങ്ങിയ 'ന്യൂട്ടൺസ് ഡിസ്ക്' കണ്ടിട്ടില്ലേ. ആ ഡിസ്ക് അതിവേഗം കറക്കുമ്പോൾ വെള്ളനിറം മാത്രമേ കാണാൻ കഴിയുകയുള്ളൂ. അതിന്റെയർത്ഥം, ഈ ഏഴു നിറങ്ങൾ ഒരുമിച്ചുചേരുമ്പോൾ വെള്ള വെളിച്ചമുണ്ടാകുന്നുവെന്നല്ല. നേരേമറിച്ച്, വെളുത്ത പ്രകാശത്തിന്റെ കിരണം ഒരു ഗ്ലാസ് പ്രിസത്തിലൂടെ കടത്തിവിടുമ്പോൾ, അത് ഏഴു നിറമായി വേർതിരിയുന്നതും നമുക്കു കാണാൻ കഴിയും എന്നതാണ്.

നിറമെന്നത് പ്രകാശത്തിന്റെ ഒരു ധർമ്മമാണെന്നു പറയാം. ഒരു വസ്തു പച്ചനിറമാണെന്നു പറഞ്ഞാൽ അത് പൂർണ്ണമായും ശരിയല്ല. വർണ്ണരാജിയിലെ, പച്ചനിറമൊഴികെയുള്ള ശേഷിക്കുന്ന നിറങ്ങളെല്ലാം ആ ഘടകപദാർത്ഥം ആഗിരണം ചെയ്യുന്നതുകൊണ്ടാണ് പച്ചനിറമായി കാണപ്പെടുന്നത്. എല്ലാ നിറങ്ങളെയും ആഗിരണം ചെയ്യുന്ന വസ്തു കറുത്തതായും നിറങ്ങളെല്ലാം പ്രതിഫലിപ്പിക്കുന്നവ വെളുത്തതായും കാണപ്പെടുന്നു. ചില പ്രത്യേക നിറങ്ങളെ ആഗിരണം ചെയ്യുകയും മറ്റു ചിലവയെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്ന തന്മാത്രാഘടനയും രാസഘടനയുമാണ് ഓരോ വസ്തുവിന്റെയും സവിശേഷമായ ഗുണം.

നമുക്കു മുന്നിലുള്ള തടിക്യൂബിന്റെ പച്ചനിറം, അതിന്റെ സ്വഭാവമോ അതോ പ്രകൃതമോ എന്നതാണ് നമ്മെ ബാധിക്കുന്നത്.

**എം:** ഞാൻ സമ്മതിക്കുന്നു, പച്ചനിറം അതിന്റെ നൈസർഗ്ഗികമായ സ്വഭാവമോ പ്രകൃതമോ അല്ല.

**ബാബാജി:** അതുകൊണ്ട് ആത്യന്തികമായ അതിന്റെ പ്രകൃതം അഥവാ വസ്തുവിന്റെ നിറമെന്നു പറയുന്നത് യഥാർത്ഥത്തിൽ അതിന്റെ പ്രകൃതമല്ല. നിറമെന്നത് ഒരു വസ്തുവിന്റെ പ്രകൃതമല്ല മറിച്ച് അതിന്മേൽ വീഴുന്ന വെളിച്ചത്തിന്റെ കൃത്യമാണ്. നമുക്ക് വർണ്ണാന്ധത ഉണ്ടെങ്കിൽ, നിറമറിയുവാനുള്ള നമ്മുടെ ശേഷി പരിമിതമായിരിക്കും. അങ്ങനെയെങ്കിൽ, നിറമെന്നത് വെറും മിഥ്യാബോധമല്ലേ?

ഇനി അടുത്തതായി ഒരു വസ്തുവിന്റെ ആകൃതി കണക്കിലെടുക്കുക—ഉദാഹരണത്തിന് ഒരു ക്യൂബ്. ആറ് സമചതുരങ്ങൾ അടങ്ങിയ ഒരു വസ്തുവാണത്. ക്യൂബിൽ നോക്കുമ്പോൾ, ഒരേസമയത്ത് അതിന്റെ എല്ലാ വശങ്ങളും നമ്മുടെ കാഴ്ചയുടെ പരിധിയിൽ എത്തുകയില്ല. അതിന്റെ മൂന്ന് വശങ്ങളെ ഒരു സമയത്ത് കണ്ടുകൊണ്ടാണ് അതൊരു ക്യൂബാണെന്ന് നാം നിശ്ചയിക്കുന്നത്. ആ വസ്തുവിന്മേൽ പതിക്കുന്ന പ്രകാശകിരണങ്ങൾ നമ്മുടെ കണ്ണിന്റെ ലെൻസിലൂടെ കടന്ന് ലെൻസിനു പിന്നിലുള്ള റെറ്റിനയിൽ, വസ്തുവിന്റെ ഒരു പ്രതിബിംബം ഉണ്ടാക്കുന്നു. പ്രതിബിംബം എന്നു പറഞ്ഞാൽ അത് പൂർണ്ണമാണെന്ന് പറയാൻ കഴിയുകയില്ല. മറിച്ച് ദൃഷ്ടികോണിനെയും വസ്തുവിന്റെ വലിപ്പത്തെയും ആശ്രയിച്ച് അതിന്റെ രണ്ടോ മൂന്നോ വശങ്ങളുടെ മാത്രം കാഴ്ചയാകും മിക്കപ്പോഴും നമുക്കു ലഭിക്കുക. ഭാഗികമായി ലഭിക്കുന്ന ഈ വിവരങ്ങൾവച്ച് കാഴ്ചയ്ക്കപ്പുറത്തുള്ള വശത്തെക്കൂടി അവബോധ തലത്തിൽ കണ്ട് നമ്മുടെ തലച്ചോർ അതൊരു ക്യൂബാണെന്ന് തീർപ്പുകല്പിക്കുകയാണു ചെയ്യുന്നത്. ഒരു മാത്രയുടെ നൂറിലൊരു ഭാഗം സമയത്താണ് ഇത്രയും സംഭവവികാസങ്ങൾ നടക്കുന്നത്. അതിനെ നാം കാഴ്ചയെന്നു വ്യാഖ്യാനിക്കുകയും ചെയ്യുന്നു.

ഇതിനു നേരേ വിപരീതമായ ഒരു പ്രതിഭാസവും നിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാകാം. വെള്ളം വീണുകൊണ്ടിരിക്കുന്ന കാറിന്റെ ജാലകച്ചില്ലിലൂടെ നോക്കുമ്പോൾ വൈദ്യുതപോസ്റ്റുകളും മരങ്ങളും വളഞ്ഞുനിൽക്കുന്നതായും വസ്തുക്കളുടെ ആകൃതിയിൽ വ്യത്യാസമുള്ളതായും നമുക്കു തോന്നും. നിരപ്പല്ലാത്ത പ്രതലമുള്ള ഒരു സ്ഫടികപ്പാത്രത്തിലൂടെ നോക്കിയാൽ നമ്മുടെ മുഖം കാരിക്കേച്ചർപോലെയാകും ദൃശ്യമാവുക.

മനുഷ്യന്റേതിൽനിന്നും വ്യത്യസ്തമായ ഘടനയുള്ള കണ്ണുകളുമായി ജനിച്ച ഒരു ജീവിയെപ്പറ്റി സങ്കല്പിച്ചുനോക്കൂ. വസ്തുക്കളെ നാം കാണുന്നപോലെയല്ല കാണുന്നതെന്നും വക്രരേഖയെ നേർരേഖയായും ആകൃതികളെയൊക്കെ മറ്റൊരു വീക്ഷണത്തോടെയുമാണ് ആ ജീവി കാണുന്നതെന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ.

എം: ഈ അനിശ്ചിതത്വങ്ങൾ കാഴ്ചയുമായി മാത്രം ബന്ധപ്പെട്ടതാണ്. സ്പർശനശേഷിയെപ്പറ്റി ചിന്തിച്ചാലോ—ഒരു ക്യൂബിന്റെ ആകൃതി എന്തെന്ന് എനിക്കു സ്പർശനത്തിലൂടെ അറിയാൻ കഴിയും. അതേപ്പറ്റി അങ്ങെന്താണ് പറയുന്നത്?

**ബാബാജി**: പൂർണ്ണ പരിമാണത്തിലുള്ള ഒരു ക്യൂബിന്റെ എല്ലാ വശങ്ങളെയും ഒരു സ്പർശനത്തിലൂടെ ഒരുമിച്ചറിയുവാൻ നമുക്കു കഴിയില്ല. അത്തരം സാഹചര്യത്തിൽ, കാഴ്ചയിലധിഷ്ഠിതമായ ഗ്രഹണശക്തികൊണ്ടും ഭാഗികമായ സ്പർശനബോധത്താലും അതൊരു ക്യൂബാണെന്ന് നാം തീർപ്പുകല്പിക്കുന്നു. 'ആനയുടെയും ആറ് അന്ധന്മാരുടെയും' പ്രശസ്തമായ കഥ നീ കേട്ടിട്ടുണ്ടാകുമല്ലോ. ആ കഥയിൽ ആനയുടെ ആകൃതിയെപ്പറ്റി ഓരോരുത്തരും പറയുന്ന അഭിപ്രായങ്ങൾ ഓർത്താൽമതി.

സ്പർശനാവബോധത്തെപ്പറ്റി പ്രായോഗികമായ ഒരു പരീക്ഷണം നീ സ്വയം നടത്തിനോക്കൂ. രണ്ടു ഗ്ലാസ്സുകളെടുത്ത്, ഒന്നിൽ ചെറിയ ചൂടുള്ള വെള്ളവും മറ്റേതിൽ തണുത്തവെള്ളവും എടുക്കുക. ഒരു കൈയിലെ ചൂണ്ടുവിരൽ തണുത്ത വെള്ളത്തിലും മറ്റെ കൈയിലെ ചൂണ്ടുവിരൽ ചൂടുവെള്ളത്തിലും മുക്കുക. വിരലുകൾ തിരിച്ചുയർത്തി, ആദ്യം ചെയ്തതിന് വിപരീതമായി അതായത് ചൂടുവെള്ളത്തിൽ മുക്കിയ വിരൽ തണുത്ത വെള്ളത്തിലും തണുത്ത വെള്ളത്തിൽ മുക്കിയ വിരൽ ചൂടുവെള്ളത്തിലും മുക്കുക. തണുത്തവെള്ളത്തിൽ മുക്കിയ വിരൽ ചൂടുവെള്ളത്തിൽ മുക്കിയപ്പോൾ, ആദ്യം തോന്നിയതിനെക്കാൾ ചൂട് അനുഭവപ്പെട്ടതായി നിങ്ങൾക്കു തോന്നും.

ക്യൂബിനെ സംബന്ധിച്ച്, അതിന്റെ സഹജലക്ഷണങ്ങളായി നാം കരുതുന്ന രണ്ട് ഗുണങ്ങൾ യഥാർത്ഥത്തിൽ അതിന്റെ സവിശേഷതകളല്ലെന്നു നാം ഇപ്പോൾ കണ്ടു. ക്യൂബിന്റെ നിറത്തെയും ആകൃതിയെയുംപറ്റി നാം സംസാരിച്ചു. മൂന്നാമത്തെ സവിശേഷത അതിന്റെ വലിപ്പമാണ്. വലിപ്പം എന്നു പറയുന്നത് തീർത്തും ആപേക്ഷികമായ ഒരു സങ്കല്പമാണ്. നമ്മുടെ ഈ ക്യൂബ് നാലിഞ്ച് വീതിയും നാലിഞ്ച് നീളവും നാലിഞ്ച് ഉയരവുമുള്ള ഒരു വസ്തുവാണെന്നു കരുതുക.

നഗ്നനേത്രങ്ങൾകൊണ്ട് കാണുന്ന വലിപ്പം തികച്ചും ആപേക്ഷികമാണ്. ദൂരക്കാഴ്ചയിൽ ചെറുതായി തോന്നുന്ന വസ്തു അടുത്തെത്തുമ്പോൾ വലിപ്പമുള്ളതാകും. ഉറുമ്പുപോലെ ഒരു ചെറുജീവി ക്യൂബിനെ കാണുന്നുവെന്ന് സങ്കല്പിക്കുക. അത് കാണുന്നത്, ദുർഘടമായ അനുപാതങ്ങളുടെ ഒരു വലിയ കട്ടയാകും. നമ്മെ സംബന്ധിച്ച് ഒരു പഞ്ചസാരത്തരി നിസ്സാരമായിരിക്കാം. എന്നാൽ വഹിക്കുന്ന ഉറുമ്പിന് അതൊരു വലിയ ഭാരമാകും. അച്ഛന്റെ ആകാരം വളരെ വലുതാണെന്നു തോന്നുന്ന കുഞ്ഞിന്റെ ചിന്ത അവൻ വലുതാകുന്നതോടുകൂടി മാറും. വലിപ്പമെന്നത് തികച്ചും

ആപേക്ഷികമാണ്. അത് നിരീക്ഷകന്റെ കാഴ്ചയെ ആശ്രയിച്ചിരിക്കാം.

പൊതുവേ അംഗീകരിക്കപ്പെട്ട, ക്യൂബിന്റെ വിശേഷഗുണങ്ങളെവിടെ? അതിന്റെ യഥാർത്ഥ വലിപ്പം എന്താണ്? അത് വലുതോ ചെറുതോ ആണോ? അതോ സൂക്ഷ്മത്തിലും സൂക്ഷ്മമാണോ? ഇതിനൊന്നും നിയതമായ ഉത്തരങ്ങളില്ല.

എം: അങ്ങനെയാണെങ്കിൽ സാന്ദ്രതയോ? അത് ഖരമാണോ, എനിക്കത് അറിയാൻ കഴിയുന്നുണ്ടല്ലോ?

ബാബാജി: നിന്റെ ശരീരത്തിനുള്ളിൽ പ്രവേശിച്ച ഒരു സൂക്ഷ്മാണുവിനെപ്പറ്റി ചിന്തിച്ചുനോക്കൂ. അവ സൂക്ഷ്മശരീരികളാണ് അതിനാൽ, നമ്മുടെ തൊലിപ്പുറത്തുള്ള ചെറുകൂപങ്ങൾ അവയ്ക്ക് വിശാല കവാടങ്ങളാകും. അവയിലൂടെ സുഗമമായി അകത്തു കടക്കാനും കഴിയും. സൂക്ഷ്മാണുക്കളെ സംബന്ധിച്ച്, നമ്മുടെ രക്തപ്രവാഹം അവയ്ക്ക് ഒഴുകുന്ന നദികളും ധമനികളും സിരകളും ഭീകരമായ തുരങ്കങ്ങളുമാകും. ഒരു ചെറിയ കോശത്തെക്കാൾ വലിപ്പം കുറഞ്ഞ ജീവജാലത്തിന് നിന്റെ ഖരശരീരം ഖരമാണെന്നു തോന്നുകയില്ല.

ഈ ഖരാവസ്ഥയെ മറ്റൊരു വീക്ഷണകോണിൽനിന്നും നോക്കാം. ആറ്റങ്ങളും ശൂന്യസ്ഥലങ്ങളും ചേർന്നുണ്ടാകുന്നതാണ് ഒരു ഖരവസ്തുവെന്ന് നിനക്കറിയാമല്ലോ. പൊള്ളയായ സ്ഥലം നമുക്ക് വെറും കണ്ണുകൾകൊണ്ട് കാണാൻ കഴിയില്ല. സൂക്ഷ്മദർശിനിയിലൂടെ വലിപ്പത്തിൽ കാണുന്ന അതിന്റെ പ്രതിരൂപത്തിലൂടെയാണ് ഖരവസ്തു എങ്ങനെയുള്ളതാണെന്നു നാം അറിയുന്നത്.

കുറച്ചുകൂടി ആഴത്തിലേക്കു നമുക്കുചെല്ലാം. എന്താണ് ആറ്റം? സൗരയൂഥത്തിൽ ഗ്രഹങ്ങൾ എപ്രകാരം സൂര്യനുചുറ്റും ഭ്രമണം ചെയ്യുന്നുവോ, അതേ പ്രകാരം ന്യൂക്ലിയസ്സിനു ചുറ്റും ഇലക്ട്രോണുകൾ ഭ്രമണം ചെയ്യുന്ന ഒന്നാണ് ആറ്റം. ന്യൂക്ലിയസ്സിൽ അടങ്ങിയിരിക്കുന്ന പ്രോട്ടോണുകളെയും ന്യൂട്രോണുകളെയും വീണ്ടും മിസോണുകളും അതിസൂക്ഷ്മമായ ചെറുകണികകളായും വീണ്ടും വിഭജിക്കുവാൻ കഴിയും.

അങ്ങനെയെങ്കിൽ ഖരമെന്ന് നീ പേരുവിളിച്ച ആ വസ്തുവെവിടെ? തങ്ങൾക്കുള്ള സവിശേഷ സിദ്ധികളാൽ ഇങ്ങനെയുള്ള വിഷയങ്ങളിലേക്കാഴ്ന്നിറങ്ങിയിട്ടുണ്ട് നമ്മുടെ ഋഷിവര്യന്മാർ. അവർ ആ വസ്തുവിനെ ആത്യന്തികമായി വ്യത്യസ്തതരം ഊർജ്ജങ്ങൾ പരസ്പരം പ്രവർത്തന-പ്രതിപ്രവർത്തനങ്ങൾ നടത്തുന്ന ഒരു മേഖലയാണെന്ന് തിരിച്ചറിഞ്ഞിട്ടുള്ളവരാണ്.

ഒരു ഉദാഹരണംകൂടി വ്യക്തമാക്കി ഖരാവസ്ഥയെന്ന സങ്കല്പ ത്തെത്തന്നെ നമുക്ക് തള്ളിക്കളയാം. ഒരു തുണിക്കഷണത്തി ലൂടെ നമ്മുടെ കൈവിരൽ കടത്തുക എന്നത് അസാധ്യമാണ്, അല്ലെങ്കിൽ അത് പഴകിയതോ കീറിയതോ ആയിരിക്കണം. എന്നാൽ അതേ തുണിക്കഷണത്തെ ഭൂതക്കണ്ണാടിയിലൂടെ വീക്ഷിച്ചാൽ, അതിന്റെ ഊടിനും പാവിനും ഇടയിൽ ധാരാളം ശൂന്യസ്ഥലങ്ങളുണ്ടെന്ന് നമുക്കു കാണാൻ കഴിയും. ഒരു സൂക്ഷ്മാണുവിന് അനായാസം അതിലൂടെ പ്രവേശിക്കാം. ആ സൂക്ഷ്മജീവിയെ സംബന്ധിച്ച് അത് ഖരാവസ്ഥയിലുള്ളതോ തുളച്ചുകടക്കാനാകാത്തതോ ആയ ഒരു വസ്തുവല്ല, മറിച്ച് ഒരു തരത്തിലുള്ള തടസ്സങ്ങളുമില്ലാത്ത വിശാലവിസ്തൃതിയാണ്. അങ്ങനെയെങ്കിൽ സാന്ദ്രത ആപേക്ഷികമല്ലേ?

ഏറ്റവും ഒടുവിലായി, ക്യൂബിന്റെ ഘനത്തെപ്പറ്റി ആലോചിച്ചു നോക്കൂ. ഘനമെന്ന സങ്കല്പത്തെ വളരെ എളുപ്പത്തിൽ നമുക്ക് പൊളിക്കാവുന്നതേയുള്ളൂ. ഘനമെന്നത്, ഭൂമിയുടെ ഗുരുത്വാ കർഷണബലത്തിന്റെ ഫലമാണ്. ഗുരുത്വാകർഷണത്തിൽനിന്ന് അകലുമ്പോൾ വസ്തുക്കൾ പൊങ്ങിയൊഴുകുന്നത് എന്തു കൊണ്ടാണെന്നും അതു വിശദീകരിക്കുന്നു. അപ്പോൾ ഭാരമെ ന്നതും ആപേക്ഷികമാകുന്നു.

ചർച്ച ചെയ്യാൻ കഴിയുന്ന നിരവധി ഉദാഹരണങ്ങളുണ്ട്. വസ്തു ക്കളുടെ യാഥാർത്ഥ്യവും നമ്മുടെ ഇന്ദ്രിയാധിഷ്ഠിതമായ അവ ബോധങ്ങളും വെറും മിഥ്യാവിചാര വികാരങ്ങളാൽ നമ്മുടെ മനസ്സ് നിർമ്മിച്ചെടുക്കുന്ന തെറ്റിദ്ധാരണകളാണെന്ന് മനസ്സിലാ ക്കാൻ ഇത്രയും പറഞ്ഞാൽപ്പോരേ?

വസ്തുക്കളുടെ അസ്തിത്വത്തെയോ അവയെ തിരിച്ചറിയുവാനുള്ള നമ്മുടെ ശേഷിയെയോ നിഷേധിക്കുവാനല്ല ഇതൊന്നും വ്യക്ത മാക്കുന്നത്. പ്രപഞ്ചം ഉൺമയാകുന്നത് തീർത്തും ആപേക്ഷികമായ ഒരു രീതിയിൽ മാത്രമാണെന്നും പരിപൂർണ്ണാർത്ഥത്തിൽ അതിന് അസ്തിത്വമില്ലായെന്നും മനസ്സിലാക്കുവാനാണ് ഇതു പറഞ്ഞത്. നമ്മുടെ ഇഹലോകകാലത്തു മാത്രം പ്രസക്തമാകുന്നതാണ് ആപേക്ഷികമായ ഈ അസ്തിത്വം, അതിൽപ്പരമോ അതിൽനിന്നും കുറവോ അല്ല. നിർഭാഗ്യവശാൽ ആപേക്ഷികമായ അസ്തിത്വത്തെ, സമ്പൂർണ്ണാസ്തിത്വമായി തെറ്റിദ്ധരിക്കുന്നു. ആ തെറ്റിലേക്കു വഴുതിവീഴുന്നയിടത്ത് നമ്മുടെ ദുരവസ്ഥ ആരംഭിക്കുന്നു.

നിന്റെ മനസ്സ് ശാസ്ത്രാഭിമുഖ്യമുള്ളതായതുകൊണ്ട്, ചിലപ്പോൾ ഭൗതികലോകത്തെ പ്രതിഭാസങ്ങൾ വിശദീകരിക്കാനും മറ്റു ചില

ഷോൾ ആറ്റോമികതലത്തിലെ പ്രതിഭാസങ്ങൾ വിശദീകരിക്കാനും ന്യൂട്ടോണിയൻ നിയമങ്ങൾ ഉപയോഗിക്കുന്നതുമായി ആപേക്ഷികമായ അസ്തിത്വം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെ താരതമ്യം ചെയ്യാവുന്നതാണ്. എന്നാലും പരമാണുനിലയിലും താഴെ അതിസൂക്ഷ്മതലത്തിലേക്ക് ഒരേ നിയമങ്ങൾ കണക്കിലെടുക്കുമ്പോൾ ചില സിദ്ധാന്തങ്ങൾ അപര്യാപ്തമാണെന്നു നമുക്കു മനസ്സിലാക്കാൻ കഴിയും.

പ്രപഞ്ചത്തിന്റെ നിസ്സാരതയെക്കുറിച്ച് പ്രാചീന ഋഷിവര്യന്മാരും സിദ്ധന്മാരും പറഞ്ഞുവച്ചതിനെയൊക്കെ തള്ളിക്കളയുവാൻ ആധുനിക മനസ്സ് തത്പരമാണ്. പക്ഷേ, ഇന്നിന്റെ ശാസ്ത്രം അവയൊക്കെ അംഗീകരിച്ചുതുടങ്ങിയതായാണു കാണുന്നത്. അല്ലെങ്കിൽപ്പിന്നെ ആർതർ സ്റ്റാൻലി എഡിങ്ടണെപ്പോലുള്ള പ്രഗല്ഭ ഭൗതിക ശാസ്ത്രജ്ഞന്മാർ എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്?—“നാം അഭിമുഖീകരിക്കാത്ത കാലത്തോളം മാത്രമേ, പദാർത്ഥത്തെപ്പറ്റിയുള്ള നമ്മുടെ സങ്കല്പം പ്രബലമായി നിലകൊള്ളുകയുള്ളൂ.” നാമതിനെ വിശകലനം ചെയ്യുവാൻ തുടങ്ങുമ്പോൾ അവ മങ്ങിത്തുടങ്ങും. അതിന്റെ ഗുണഗണങ്ങളായി കണക്കാക്കിയിരുന്ന പലതും നമ്മുടെ ഇന്ദ്രിയാനുഭവങ്ങളെ ബാഹ്യലോകത്തേക്ക് സന്നിവേശിപ്പിക്കുന്നതുമാത്രമാണെന്നു തിരിച്ചറിഞ്ഞ് നാം തള്ളിക്കളഞ്ഞേക്കാം.

ഉജ്ജ്വലമായ നിറമെന്നു നമ്മുടെ മനസ്സിൽ പതിയുന്നത്, വസ്തുവിന്റെ മൂർത്തിമദ്ഭാവത്തെക്കുറിച്ചുള്ള യുക്തിപരമായ സങ്കല്പമായിരിക്കില്ല. പക്ഷേ, ഒരു സാഹചര്യത്തിലും നിറമെന്നത് വസ്തുവിന്റെ വളരെ നിർണ്ണായകഘടകങ്ങളിൽ ഒന്നല്ല. ഭൗതികമെന്നോ മൂർത്തമെന്നോ നാം നാമകരണം ചെയ്യുന്നതും സ്പർശനശേഷിയുടെ ബാഹ്യലോകമുദ്രയെന്നു പറയുന്നതും അതിന്റെ സങ്കല്പ പ്രകൃതിയെയാണ്.

ഭൗതികലോകത്തിന്റെ യഥാർത്ഥ പ്രകൃതിയെ സംബന്ധിച്ച അസ്ഥിരതയെയാണ് മിഥ്യ എന്നു പറയുന്നത്. അതിന്റെ കേവലാസ്തിത്വത്തെ മാത്രമേ അംഗീകരിക്കാൻ കഴിയുകയുള്ളൂ. അതിന് അസ്തിത്വമുള്ളതായി കാണപ്പെടുന്ന ആകാരത്തെ അംഗീകരിക്കാൻ കഴിയില്ല. അത്തരം മിഥ്യകൾക്കു പിന്നിലെ യാഥാർത്ഥ്യം അമൂർത്തമായി തോന്നാം. എന്നാൽ അമൂർത്തമെന്നു വിളിക്കുന്നത് ദൈനംദിന ജീവിതാവശ്യങ്ങൾക്ക് അനുരൂപമായി രൂപപ്പെടുത്തിയ, പ്രായോഗികമെങ്കിലും മായാത്മകമായ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അതീതമായതിനാലാണ്.

ഋഷിവര്യന്മാരുടെ പാഠങ്ങൾക്കനുസരിച്ച് ആ അമൂർത്തതയെയാണ്, പരംപൊരുളെന്നും പരമാർത്ഥബ്രഹ്മമെന്നുമൊക്കെ പറയുന്നത്. നമ്മുടെ ബുദ്ധിശക്തിക്ക് ഇന്ദ്രിയങ്ങളെക്കാൾ ഒരുപടി മുന്നോട്ടുപോകാൻ സാധിക്കുമെങ്കിലും ബൗദ്ധികമായി ഗ്രഹിക്കാൻ സാധിക്കാത്ത ഒന്നാണ് ബ്രഹ്മം എന്നംഗീകരിക്കാനേ സാധിക്കുകയുള്ളൂ. അവാസ്തവികമായ ലോകത്തിന്റെയും നിരന്തരം മാറുന്ന രൂപങ്ങളുടെയും പിന്നിലെ നിർവ്യാജമായ ആ അസ്തിത്വത്തെ ധിഷണയ്ക്കും മനസ്സിനുമൊക്കെ അപ്പുറത്ത്, ചിന്തകൾക്കെല്ലാം വിരാമമിട്ട അഗാധധ്യാനത്തിലൂടെ മാത്രമേ തിരിച്ചറിയുവാൻ കഴിയുകയുള്ളൂ.

# മഹാനായ അവധൂതൻ സദാശിവ ബ്രഹ്മേന്ദ്ര

പതിനെട്ടാം നൂറ്റാണ്ടിൽ, തെക്കേ ഇന്ത്യയിലെ ആർക്കോട്ട് പ്രവിശ്യയിലെ മുസ്ലിം ഭരണാധികാരിയായ നവാബിന്റെ അന്തഃപുരത്തിലെ ബീഗങ്ങളിൽ ഒരുവളായിരുന്നു ഞാൻ. അന്നാണ് ഞാൻ വളരെ വിചിത്രമായ രീതിയിൽ മഹാനായ യോഗിയും അവധൂതനുമായ സദാശിവ ബ്രഹ്മേന്ദ്രയുമായി പരിചയപ്പെടുന്നത്. അദ്ദേഹത്തിന്റെ പാദധൂളി എന്നും എന്റെ ശിരസ്സിൽ ഉണ്ടായിരിക്കട്ടെ.

കഥയാരംഭിക്കുന്നതിനുമുമ്പ് ഞാൻ, ഉത്കൃഷ്ടമായ ഒരു സംഗതിയിലേക്ക് നിങ്ങളുടെ ശ്രദ്ധയെ കൊണ്ടുപോകാം. ഏതാണ്ട് 300 വർഷങ്ങൾക്കുമുമ്പ് ആന്ധ്രാക്കാരനായ സോമസുന്ദര അവധാനി എന്ന ബ്രാഹ്മണൻ ഭാര്യയായ പാർവതിയുമൊത്ത് മധുരയിൽ ജീവിച്ചിരുന്നു. സോമസുന്ദര അവധാനി മഹാപണ്ഡിതനും കുണ്ഡലിനി യോഗവിദ്യയിൽ പ്രവീണനുമായിരുന്നു. സമകാലികർക്കിടയിൽ അദ്ദേഹം ഒരു യോഗിയെന്നു പുകഴ്പെറ്റു. അദ്ദേഹത്തിന്റെ പത്നിയായ പാർവതി മഹാത്മാവായ ഒരു സത്പുത്രനെ തനിക്കുവേണമെന്ന് ആഗ്രഹിച്ചു.

ഭർത്താവിന്റെ ഉപദേശപ്രകാരം കോടാനുകോടി രാമനാമം ജപിക്കുവാൻ അവൾ തീരുമാനിച്ചു. ഒടുവിൽ ഉറക്കത്തിൽപ്പോലും അവളുടെ ചിന്ത രാമനാമജപത്തിൽ വിലയംപൂണ്ടു. രാമേശ്വരത്തേക്ക് തീർത്ഥാടനത്തിനു പോയപ്പോൾ അവരിരുവരും രാമേശ്വരനാഥനായ ഭഗവാൻ ശ്രീപരമേശ്വരനെ സ്വപ്നം കാണുകയും സത്പുത്രനായ ഒരു പുരുഷസന്തതി അവർക്കു പിറക്കുമെന്ന് അദ്ദേഹം അനുഗ്രഹിക്കുകയും ചെയ്തു. തിരിച്ചു മധുരയിലെത്തിയശേഷം അവർക്ക് അതിസുന്ദരനായ ഒരു ആൺകുട്ടി ജനിച്ചു. അവന് അവർ ശിവരാമകൃഷ്ണൻ എന്നു നാമകരണം ചെയ്തു.

അത്ഭുതശിശുവും ബുദ്ധിമാനുമായിരുന്ന ശിവരാമകൃഷ്ണൻ വൈകാതെ ശാസ്ത്രാദി വിഷയങ്ങളിൽ നിപുണനായി. പോയ ജന്മത്തിൽ താൻ ആർജ്ജിച്ച ജ്ഞാനം പുനഃപരിശോധിക്കുകയാണ് അവൻ ചെയ്യുന്നതെന്ന് അവന്റെ ഗുരുക്കന്മാർ കരുതി. അവർ അവനെ, തിരുവിശനല്ലൂരിലെ അയ്യാവാളെന്നു പ്രഖ്യാതനായ മഹാഗുരു ശ്രീധര വെങ്കിടേശ അയ്യാവാളിന്റെ അടുത്തെത്തിച്ചു.

ഇതേസമയം, ശിവരാമകൃഷ്ണന്റെ അമ്മ അവനൊരു കന്യകയെ കണ്ടെത്തി വിവാഹമുറപ്പിച്ചു. പിതാവ് അപ്പോഴേക്കും താപസജീവിതത്തിനായി ഹിമാലയത്തിലേക്കു പോവുകയും ചെയ്തു. അമ്മയുടെ ആഗ്രഹ

ത്തിന് എതിരു നിൽക്കേണ്ടതില്ലയെന്ന സദുദ്ദേശ്യത്തിൽ, വിവാഹത്തിന് ശിവരാമകൃഷ്ണൻ സമ്മതംമൂളി. അന്നത്തെക്കാലത്തെ ആചാരപ്രകാരം പന്ത്രണ്ടു വയസ്സുള്ള അവൻ അഞ്ചു വയസ്സുള്ള ഒരു പെൺകുട്ടിയെയാണ് വിവാഹം കഴിച്ചത്. വധു മാതാപിതാക്കളോടൊപ്പം സ്വഗൃഹത്തിലേക്കു മടങ്ങി. ഭർതൃഗൃഹത്തിലേക്ക് മടങ്ങിവരുമ്പോൾ അവൾ മുതിർന്ന് ഒരു സ്ത്രീയായി മാറിയിട്ടുണ്ടാകും. വിവാഹത്തിനുശേഷവും പ്രത്യേകിച്ച് ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ പഠനങ്ങളിലും ആത്മീയ അനുഷ്ഠാനങ്ങളിലും ആമഗ്നനായി ശിവരാമകൃഷ്ണൻ ജീവിതം മുന്നോട്ടു കൊണ്ടുപോയി.

കൂടക്കൂടെ ആത്മീയമായ സമാധി അവസ്ഥയിലേക്ക് എത്തുന്ന അവനെ ഗുരുവായ അയ്യാവാൾ മഹാപണ്ഡിതനും സന്ന്യാസിയും യോഗിയുമായ ശ്രീ പരമശിവേന്ദ്രയുടെ സംരക്ഷണത്തിലാക്കി. പരമശിവേന്ദ്രയുടെ ഉപദേശപ്രകാരം ശിവരാമകൃഷ്ണൻ മൈസൂർ മഹാരാജാവിന്റെ ആസ്ഥാന വിദ്വാനായി. എന്നാൽ മൈസൂർ ജീവിതത്തോട് ഭ്രമം തോന്നാതിരുന്ന അവൻ ഗുരുവിന്റെ ആജ്ഞയനുസരിച്ച് തിരിച്ചുചെന്നു. ഗുരുവിനെ സാഷ്ടാംഗം പ്രണമിച്ച അവൻ നിശ്ശബ്ദനായിരുന്നു. മൈസൂർ കൊട്ടാരത്തിൽവച്ചു നടന്ന വൈദികസംവാദത്തിൽ ധാരാളം വൈദിക വിദ്വാന്മാരെ പരാജയപ്പെടുത്തിയതു സൂചിപ്പിച്ചുകൊണ്ട് ശ്രീ പരമശിവേന്ദ്ര അവനോട് ഇങ്ങനെ പറഞ്ഞു:

"മറ്റുള്ളവരുടെ നാവിനെ ബന്ധിക്കാൻ നീ പഠിച്ചു. എന്നാൽ, നിന്റെ നാവിനെ ബന്ധിക്കാൻ നീ ഇതുവരെ പഠിച്ചിട്ടില്ല."

അതൊരു ആദ്ധ്യാത്മിക ഉപദേശമായി കണക്കിലെടുത്ത് ശിവരാമകൃഷ്ണൻ സംസാരം അവസാനിപ്പിച്ച് മൗനിയായി മാറി. ശ്രീ പരമശിവേന്ദ്ര അവന് സന്ന്യാസദീക്ഷ നൽകി. പരിത്യാഗം ചെയ്യുവാനുള്ള മനോബലം പകർന്ന അദ്ദേഹം സദാശിവ എന്ന പേര് അവനു നൽകി. ഇഷ്ടമുള്ളയിടത്തു പോയി തപസ്സ് അനുഷ്ഠിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. കാവേരീതീരത്ത്, പർവ്വതങ്ങളാൽ വലയംചെയ്യപ്പെട്ട, എവിടെയും പച്ചപ്പുനിറഞ്ഞ ഏകാന്തവും സുന്ദരവുമായ നേരൂർ എന്ന പ്രദേശത്ത് സദാശിവ എത്തി. പരംപൊരുളായ സാക്ഷാൽ പരബ്രഹ്മത്തിന്റെ ആനന്ദനിർവൃതിയിൽ സ്വയം മറന്ന് അവനവിടെ കഴിഞ്ഞു.

ചിലപ്പോൾ പല സ്ഥലങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടന്നതിനുശേഷം തിരിച്ചെത്തുമായിരുന്ന സദാശിവ, സർവ്വസ്വതന്ത്രനായ ഒരാത്മാവായി—അവധൂതനായി—മാറി. ബ്രഹ്മാനന്ദത്തിൽ ആറാടിയ സദാശിവ കൗപീനം പോലും ഉപേക്ഷിച്ച് ഇഷ്ടമുള്ളിടത്തെല്ലാം സ്വൈരവിഹാരം നടത്തി. അദ്ദേഹത്തിന്റെ മഹദ്ജീവിതത്തെപ്പറ്റി ധാരാളം അത്ഭുതകഥകളുണ്ട്.

കാവേരീനദിയിൽ ഉയർന്നുനിൽക്കുന്ന ദ്വീപുപോലെ തോന്നിച്ച, കോടാമുണ്ഡിക്കടുത്തുള്ള ഭീമാകാര ശിലയാണ് അഗസ്ത്യപാറ. ഏകാകിയായിരിക്കാനായി സദാശിവ ബ്രഹ്മം എന്നു വിളിക്കപ്പെട്ടിരുന്ന അദ്ദേഹം

ആ ശിലാപ്രതലത്തിലിരുന്ന് പത്തും പതിനഞ്ചും ദിവസങ്ങൾ തുടർച്ച യായി ധ്യാനിക്കുമായിരുന്നു. ഒരിക്കൽ നദിയിൽ വെള്ളപ്പൊക്കമുണ്ടാ കുകയും ഒഴുക്കിൽപ്പെട്ട സദാശിവ നീർച്ചുഴികളാൽ വഹിക്കപ്പെട്ട് നദീപുളിനത്തിൽ വന്നടിയുകയും ചെയ്തു. സദാശിവ ബ്രഹ്മേന്ദ്ര അഗാ ധമായ തപോനിദ്രയിലായിരുന്നു. മാസങ്ങൾക്കുശേഷം ഒരു ദിവസം മണൽ വാരാൻ വന്ന തൊഴിലാളികൾക്ക് തങ്ങളുടെ മൺവെട്ടി മൃദുവായ എന്തോ വസ്തുവിൽ തട്ടുന്നതായി തോന്നി. അവിടെനിന്നും രക്തം ഒഴുകിവന്നതു കണ്ട് അവർ ഭയന്നുപോയി.

വിവരമറിഞ്ഞ ഗ്രാമത്തലവൻ അവിടെയെത്തി. ആ ഭാഗത്തെ മണൽ സൂക്ഷ്മതയോടെ മാറ്റിയ അവർ സമാധി അവസ്ഥയിൽ തുടരുന്ന സദാശിവബ്രഹ്മന്റെ ശരീരം കണ്ടെത്തി. ശരീരം ചൂടാക്കുവാനായി തിരുമ്മുകയും ചൂടുപാനീയം നൽകുകയും ചെയ്തപ്പോൾ ധ്യാനംവിട്ട് സദാശിവ എഴുന്നേറ്റു, ശാന്തനായി നടന്നകന്നു.

ഒരിക്കൽ പുതുക്കോട്ട സാമ്രാജ്യത്തിനകത്തെ തിരുവാങ്കുളം വന ത്തിനുള്ളിൽനിന്ന് വൈക്കോൽ പന്തലിന് അടിയിൽക്കിടന്ന നിലയിൽ അദ്ദേഹത്തെ കണ്ടെത്തിയിരുന്നു. ധ്യാനത്തിനിടയിൽ വീണുപോയ താകാം. എരുമകൾക്ക് തീറ്റകൊടുക്കുവാനായി കച്ചിത്തുറുവിന്റെ മുകളിലത്തെ കച്ചി എടുക്കുന്നതിനിടയിൽ കർഷകരാണ് സദാശിവയുടെ ശരീരം അടിയിൽ കിടക്കുന്നത് കണ്ടത്. ഉണർന്നെണീറ്റ സദാശിവ അപ്പോൾത്തന്നെ അവിടെനിന്നും നടന്നകന്നു. അദ്ദേഹം ഒരുവർഷ ത്തോളം വൈക്കോലിനടിയിൽ കിടന്നുകാണും. മന്ത്രിയിൽനിന്നും ഈ വിവരമറിഞ്ഞ, പുതുക്കോട്ട രാജാവായ വിജയ രഘുനാഥ തോണ്ടൈ മാൻ അദ്ദേഹത്തെ കണ്ടെത്തുവാനായി ശ്രമമാരംഭിച്ചു. യോഗിവര്യന്മാ രെയും സന്ന്യാസി ശ്രേഷ്ഠന്മാരെയും വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഒരു പണ്ഡിതനുമായിരുന്നു. ശ്രമങ്ങൾക്കൊടുവിൽ, ഒരു വിജന പ്രദേശത്ത് സദാശിവയെ കണ്ടെത്തി. പ്രണാമങ്ങൾ അർപ്പിച്ചശേഷം കൊട്ടാരത്തിൽവന്ന് അനുഗ്രഹിക്കണമെന്ന് അപേക്ഷിച്ചു. പക്ഷേ, മറുപടി ഒന്നും പറയാതെ സദാശിവ ധ്യാനം തുടർന്നു.

മഹാരാജാവ്, സദാശിവ ഇരുന്നതിന് തൊട്ടടുത്തായി ഒരു കുടിലു ണ്ടാക്കി മഹായോഗിയുടെ പാദസേവയിൽ മുഴുകി. ഇടയ്ക്കിടെ രാജ കൊട്ടാരത്തിലേക്കു പോകുമായിരുന്നെങ്കിലും സ്വന്തം കർത്തവ്യങ്ങൾ അതിവേഗം നിറവേറ്റി അദ്ദേഹം തിരിച്ചെത്തുമായിരുന്നു. ഏഴു വർഷ ങ്ങൾ അങ്ങനെ കടന്നുപോയി. ഒരു നാൾ തോണ്ടൈമാൻ സദാശിവയോട് തനിക്കൊരു മന്ത്രം ഉപദേശിച്ചുതരണമെന്ന് അപേക്ഷിച്ചു. സദാശിവ ഒരു മന്ത്രം മണലിലെഴുതി. ദക്ഷിണാമൂർത്തിമന്ത്രമെഴുതിയ മണൽ തന്റെ അംഗവസ്ത്രത്തിൽ പൊതിഞ്ഞെടുത്ത് കൊട്ടാരത്തിലേക്കു

കൊണ്ടുപോയി എന്നും കൊട്ടാരത്തിലെത്തി ഒരു സ്വർണപ്പെട്ടിയിൽവച്ച് ദിവസവും പൂജ നടത്തിയിരുന്നതായും പറയപ്പെടുന്നു.

കരൂരിലെ, പൂന്തോട്ടത്തിലൂടെ സദാശിവബ്രഹ്മം നടന്നുപോകുമ്പോൾ, ധാരാളം ചെറിയ കുട്ടികൾ അദ്ദേഹത്തിനു ചുറ്റും കൂടുമായിരുന്നു വത്രേ. കുട്ടികൾ അദ്ദേഹത്തെ അവരിലൊരാളായാണ് കരുതിയിരുന്നത്. ഇനി പറയുന്ന സംഭവത്തിനു ധാരാളം പേർ സാക്ഷ്യം വഹിച്ചിട്ടുള്ളതായി പറയുന്നു. ഒരിക്കൽ അദ്ദേഹത്തിനുചുറ്റും കൂടിയ കുട്ടികൾ മധുരക്ഷേത്രത്തിലെ ഉത്സവം കാണുവാൻ അദ്ദേഹത്തോട് അതിയായ ആഗ്രഹം പ്രകടിപ്പിച്ചു.

തന്റെ തോളിൽ കയറി കണ്ണുകൾ അടച്ചിരിക്കുവാൻ സദാശിവ കുട്ടികളോടു പറഞ്ഞു. ആശ്ചര്യം! തൊട്ടടുത്ത നിമിഷത്തിൽ കുട്ടികൾ ഉത്സവം ആസ്വദിക്കുകയായി. ശിവരൂപമായ ഭഗവാൻ സുന്ദരേശ്വനെ ഘോഷയാത്രയായി എഴുന്നള്ളിക്കുന്നതു കണ്ട് കുട്ടികളുടെ കണ്ണുകൾ ആനന്ദിച്ചു. പിന്നെ മധുരമിഠായികൾ വാങ്ങിച്ചുകൊടുത്ത് അതേപടി അദ്ദേഹം അവരെ തിരിച്ചെത്തിച്ചു. കാണാതായ കുട്ടികൾ തിരികെ എത്തിയതുകണ്ട് മാതാപിതാക്കൾ ആശ്വസിച്ചു. സംഭവിച്ചത് എന്താണെന്ന് അറിഞ്ഞപ്പോൾ അവർ അത്ഭുതപ്പെട്ടു. തങ്ങളുടെ കൈയിൽ അവശേഷിച്ച മധുരയിൽ മാത്രം കിട്ടുന്ന, പ്രത്യേകതരം മിഠായികൾ കുട്ടികൾ അവർക്കു നൽകുകയും ചെയ്തു. മക്കൾക്കു ലഭിച്ച വിശിഷ്ട സൗഭാഗ്യം തങ്ങൾക്ക് ലഭിക്കാഞ്ഞതിൽ അവരിൽ ചിലർ നിരാശപ്പെട്ടു.

മറ്റൊരു സംഭവം ഇതാണ്: ധനികനായ ഒരു ജമീന്ദാറിന്റെ നെൽപ്പാടങ്ങളുടെ കാവൽക്കാരിലൊരാൾ ഒരിക്കൽ കള്ളനെന്നു തെറ്റിദ്ധരിച്ച് സദാശിവയെ അടിക്കാൻ ശ്രമിക്കുകയും കൈകൾ മുകളിലേക്കുയർത്തിയ നിലയിലുള്ള ഒരു പ്രതിമയായിത്തീരുകയും ചെയ്തു. സദാശിവ നടന്നകന്ന് കുറച്ചു ദൂരമെത്തിയശേഷമാണ് അയാൾക്ക് ചലനശേഷി തിരികെ കിട്ടിയത്.

ശ്രീ സദാശിവബ്രഹ്മത്തെക്കുറിച്ചും അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളെക്കുറിച്ചും ഒട്ടനവധി കഥകളുണ്ട്. എന്നാലും എന്റെ വ്യക്തിപരമായ അനുഭവകഥയിലേക്ക് ഞാൻ തിരിച്ചെത്തട്ടെ. ഈ അദ്ധ്യായാരംഭത്തിൽ പറഞ്ഞതുപോലെ, ഏതാണ്ട് മുന്നൂറു വർഷങ്ങൾക്കു മുമ്പേ ആർക്കോട്ട് നവാബിന്റെ പ്രിയപ്പെട്ട ബീഗമായി, ആർക്കോട്ട് പ്രവിശ്യയുടെ ദക്ഷിണ പ്രദേശത്തായിരുന്നു എന്റെ ജീവിതം. അദ്ദേഹത്തിന്റെ അന്തഃപുരത്തിൽ ഇരുപതിലധികം ബീഗങ്ങൾ ഉണ്ടായിരുന്നുവെങ്കിലും എന്നെയായിരുന്നു അദ്ദേഹത്തിന് ഏറ്റവും പ്രിയം. അഫ്ഗാൻകാരനായ ഒരു പ്രഭുവിന്റെ മകളായി ജനിച്ച എന്റെ നാമം മോത്തി (മുത്ത്) എന്നായിരുന്നു.

അന്തപ്പുരത്തിനുള്ളിലെ ഒരു സ്വകാര്യശിബിരത്തിനുള്ളിൽ എന്നെ കൊണ്ടുപോയി നഗ്നയാക്കി, എന്റെ നഗ്നത ആസ്വദിക്കുകയും രത്നാഭരണങ്ങളും നൂപുരങ്ങളുംകൊണ്ട് അലങ്കരിക്കുകയും അത്തറിന്റെ സുഗന്ധം അണിയിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന്റെ പതിവു വിനോദമായിരുന്നു. ഒരു ദിവസം നവാബ് തന്റെ പതിവുവിനോദത്തിൽ ഏർപ്പെട്ടിരിക്കെ, കുടീരത്തിന്റെ വാതിൽമൂടി തനിയെ തുറക്കുകയും അതിലൂടെ ഉയരമുള്ള ഒരു സുന്ദരപുരുഷൻ അകത്തേക്കു വരികയും ചെയ്തു. അപരിചിതനായിരുന്ന അദ്ദേഹത്തിന്റെ മീശയുള്ള മുഖത്ത് ദിവ്യചൈതന്യം മുറ്റിനിന്നു. സാധാരണ മനുഷ്യർക്ക് കാണാൻ കഴിയാത്ത, നിഗൂഢമായ എന്തോ ആസ്വദിക്കുന്ന ഭാവം നടമാടുന്ന കണ്ണുകളായിരുന്നു അദ്ദേഹത്തിന്റേത്. പരിപൂർണ്ണ നഗ്നനായിരുന്നു അദ്ദേഹം.

അദ്ദേഹം നവാബിനെയും പിന്നീട് എന്നെയും നോക്കി. ഞങ്ങളുടെ കണ്ണുകൾ സംഗമിച്ചു. ശീതളമായ തെന്നൽപോലെ എന്തോ ഒന്ന് എന്റെ കണ്ണുകളെ തഴുകി, ഹൃദയത്തിലേക്ക് പ്രവേശിച്ചു. മനസ്സ് നിർവൃതികൊണ്ടു നിറഞ്ഞു. സ്വന്തം കുഞ്ഞിനെ ആശ്ലേഷിക്കുവാൻ വെമ്പൽപൂണ്ടു നിൽക്കുന്ന മാതൃഹൃദയമായി എന്റേത്. സ്നേഹാതിരേകത്താൽ ഞാൻ സ്തബ്ധയായി. ആദ്യമുണ്ടായ ഞെട്ടലിനെ അതിജീവിച്ച നവാബ് പെട്ടന്ന് സുബോധത്തിലെത്തി. അദ്ദേഹത്തിന്റെ വിളി കേട്ട് കാവൽക്കാർ ഓടിയെത്തി. പക്ഷേ, അതിശയമെന്നു പറയട്ടെ അവർക്കാർക്കും തന്നെ അദ്ദേഹത്തെ കാണാൻ കഴിയുന്നുണ്ടായിരുന്നില്ല. ഞങ്ങൾക്ക് രണ്ടാൾക്കും മാത്രമേ അദ്ദേഹം ദൃശ്യമായിരുന്നുള്ളൂ.

ഉടവാൾ വലിച്ചൂരി നവാബ് കോപിഷ്ഠനായി സദാശിവയുടെ വലതു കരം തോൾഭാഗത്തുവച്ചു വെട്ടിയിട്ടു. ഛേദിക്കപ്പെട്ട കൈ താഴെ വീണു. അംഗച്ഛേദം സംഭവിച്ചിടത്തുനിന്നും രക്തം വാർന്നൊഴുകി. അപരിചിതൻ ആനന്ദനിർവൃതിയിലുള്ള തന്റെ ചിരി തുടർന്നുകൊണ്ട് തിരിഞ്ഞു നടന്ന്, ശിബിരത്തിനു പുറത്തേക്കു പോയി.

"അങ്ങ് എന്താണ് ചെയ്തത്?" ഞാൻ നവാബിനോട് കരഞ്ഞുകൊണ്ട് ചോദിച്ചു.

"കുറച്ചു കാലങ്ങളായി നമ്മൾ മഹാനായ ഒരു ഹിന്ദു യോഗിയെക്കുറിച്ച് കേൾക്കുന്നില്ലേ? അത് ആ മഹാനാണ്. സ്വന്തം ശരീരത്തെക്കുറിച്ച് അദ്ദേഹം ബോധവാനല്ല. വസ്ത്രം ധരിക്കുന്നതും ധരിക്കാത്തതും അദ്ദേഹത്തിനു വിഷയമല്ല. എന്റെ പ്രിയപ്പെട്ട രാജൻ, ഓടിച്ചെല്ലൂ... ഓടിച്ചെന്ന് അദ്ദേഹത്തെ കണ്ട് ചെയ്തുപോയ നിഷ്ഠുര കൃത്യത്തിന് മാപ്പപേക്ഷിക്കൂ. കരുണാവാരിധിയായ അദ്ദേഹം അങ്ങയോട് ക്ഷമിച്ചേക്കും. അല്ലാഹു, കാരുണ്യവാനും ദയാലുവുമാണ്. പോകൂ..."

എന്റെ ഭർത്താവ് പേടികൊണ്ടും പശ്ചാത്താപംകൊണ്ടും വിറയ്ക്കുന്നുണ്ടായിരുന്നു. ഛേദിക്കപ്പെട്ട കൈ എടുത്തുകൊണ്ട് അദ്ദേഹം പുറത്തേക്കോടി. ഞാൻ ബോധമറ്റു വീണു. ബോധം തിരിച്ചുകിട്ടിയപ്പോൾ

എന്റെ തൊട്ടടുത്ത് നവാബ് ഇരിപ്പുണ്ടായിരുന്നു. ശാന്തഭാവത്തിലിരിക്കുകയായിരുന്ന അദ്ദേഹത്തിന്റെ പെരുമാറ്റം തീർത്തും സൗമ്യമായിരുന്നു. എന്താണ് സംഭവിച്ചതെന്ന് അദ്ദേഹം എന്നോട് വിവരിച്ചു.

വെട്ടിയിട്ട കരവുമായി താൻ യോഗിക്കുപിന്നാലെ ഒരുപാടു ദൂരം ഓടി, ഒടുവിൽ ഒരു വനത്തിനുള്ളിലെത്തി. അവിടെ പാറപ്പുറത്ത് ഇരിക്കുകയായിരുന്ന യോഗിക്കു മുന്നിൽ ദണ്ഡനമസ്കാരം ചെയ്തു. തന്റെ അപരാധം പൊറുക്കണമെന്ന് കരഞ്ഞപേക്ഷിച്ചു. നവാബ് ഒരു തെറ്റും ചെയ്തിട്ടില്ലായെന്ന് യോഗി അരുളിച്ചെയ്തു. ഛേദിക്കപ്പെട്ട കൈ യോഗിയെ കാണിച്ചപ്പോൾ, അദ്ദേഹമത് തോളിൽ തിരികെ ഉറപ്പിക്കുകയും മുറിവ് ഉടൻതന്നെ കൂടിയുണങ്ങുകയും ചെയ്തു.

"എല്ലാം നന്നായില്ലേ ഇപ്പോൾ?" അദ്ദേഹം എന്റെ ഭർത്താവിനോട് ചോദിച്ചു. "ഇനി നീ രാജ്യാധികാരം അനന്തരാവകാശികൾക്ക് കൈമാറിയിട്ട് കറാച്ചിയിലേക്കു പോകണം. നിന്റെയുള്ളിൽ ആത്മീയ അഭിനിവേശത്തിന്റെ ദീപനാളം ഞാൻ കാണുന്നു. കറാച്ചിയിൽ മഹാനായ ഒരു സൂഫി വേഷപ്രച്ഛന്നനായി കഴിയുന്നു. നിനക്ക് അദ്ദേഹത്തെ തിരിച്ചറിയുവാൻ കഴിയും. അദ്ദേഹത്തിന്റെ ശിഷ്യനായി ശിഷ്ടകാലം അവിടെ കഴിയുക. ഞാൻ എന്റെ ശരീരം വിട്ട് സ്വതന്ത്രമാകുമ്പോൾ അവന്റെ പ്രാർത്ഥന നടത്തിക്കൊടുക്കുവാനായി കറാച്ചിയിൽ എത്തുമെന്നും അറിയിക്കുക. എന്നെ അടക്കം ചെയ്യുവാനുള്ളതെല്ലാം തയ്യാറാക്കി വയ്ക്കാൻ പറയൂ. ഇനി നിന്റെ മോത്തിയെക്കുറിച്ചു പറഞ്ഞാൽ, അവൾ ഞങ്ങളിൽ ഒരുവളാണ്. അണഞ്ഞുപോകാറായ അവളുടെ ആത്മീയോത്കർഷേച്ഛയെ പുനരുജ്ജീവിപ്പിക്കാനാണ് ഞാൻ വന്നത്."

"അന്തരാത്മാവിന്റെ സ്വർഗീയാനുഭൂതിയിൽ അവൾ കൂടുതൽ കൂടുതൽ മുഴുകും. നേരൂരിൽ ഞാനെന്റെ ദേഹം വെടിയുന്ന അതേ ദിവസം അവളും പ്രാണനെ വെടിയും. എന്റെ ഭൗതികശരീരത്തെ ഞാൻ പരിത്യജിക്കുന്ന ദിവസം, എന്നെ പ്രണമിക്കുവാനെത്തുന്ന അവളുടെ ആത്മാവിനെ ഞാൻ അനുഗ്രഹിക്കുന്നതാണെന്ന് അവളെ അറിയിക്കുക. അതിനുശേഷം, ബനാറസ്സിൽനിന്നും ബദരീനാഥിന് അടുത്തൊരു ഗ്രാമത്തിലേക്ക് കുടിയേറിയ പണ്ഡിതബ്രാഹ്മണ കുടുംബത്തിലെ പുത്രജന്മമായ് അവൾ പിറക്കും."

"ആ ജന്മം അവൾ, തന്റെ അച്ഛനെപ്പോലെതന്നെ ഹിമാലയവാസനായ ആദിനാഥിന്റെ പ്രത്യക്ഷാകാരമായ മഹാനായ ശ്രീഗുരുവിന്റെ ശിഷ്യത്വം സ്വീകരിക്കും. കർമ്മപൂർത്തീകരണാർത്ഥം അവൾ വീണ്ടും പിറക്കും—ശങ്കരന്റെ ഭൂമിയിൽ, ദക്ഷിണദേശത്തെ മുസ്‌ലിം കുടുംബത്തിൽ പുരുഷനായി. അവളന്ന് ശ്രീഗുരുവിന്റെ പ്രഥമഗണനീയനായ ഒരു ശിഷ്യനുമായി സമ്പർക്കപ്പെടും. ആത്മാവിന്റെ വാസനകളെയെല്ലാം എരിച്ചുകളഞ്ഞ് ആ ജന്മത്തിലാണ് ഒടുവിൽ മോക്ഷപദം നേടുക. ഇപ്പോൾ യാത്രയാകൂ, അതിവേഗം."

ഒരാഴ്ചക്കാലത്തിനുള്ളിൽ, നവാബ് തന്റെ അധികാരം പുത്രന്മാരിൽ ഒരാൾക്കു കൈമാറി, ഒരു ഫക്കീറിന്റെ അങ്കികളുമായി ഒരു രാത്രി ആരോരുമറിയാതെ രാജ്യംവിട്ടു. പുതിയ സാഹചര്യങ്ങളിൽ ഞാൻ ഒരുപാട് കഷ്ടതകൾ അനുഭവിച്ചു. വർഷങ്ങൾ കഴിഞ്ഞു. ഗുരുതരമായ അസുഖംബാധിച്ച് മരണക്കിടക്കയിലായിരിക്കേ, എനിക്ക് എന്റെ ആത്മാവിന്റെ അധിപതിയായ ശ്രീ സദാശിവ ബ്രഹ്മന്റെ ദർശനം ലഭിച്ചു. അദ്ദേഹം എന്നോട് ഇങ്ങനെ പറഞ്ഞു:

"നിന്റെ ശരീരം ഉപേക്ഷിച്ച് നീ നേരൂരിലേക്കു വരിക. ഞാനെന്റെ ഭൗതിക ദേഹം ഉപേക്ഷിക്കുകയാണ്. കറാച്ചിയിൽവച്ചു നിന്റെ പതിയും എന്നെ കാണും."

ശരീരം മരണത്തെ വരിച്ചു. അരുവിയും മരങ്ങളും തിങ്ങിനിറഞ്ഞ ഒരു വനപ്രദേശത്തേക്ക്, അന്തരീക്ഷത്തിലൂടെ ഞാൻ സഞ്ചരിക്കുന്നത് എനിക്കു കാണാൻ കഴിഞ്ഞു. അത് നേരൂരാണെന്ന് ഞാൻ ഊഹിച്ചു. അവിടെ, മുൻകൂട്ടി തയ്യാറാക്കിവച്ചിരുന്ന ശവസംസ്കാര ഗർത്തത്തിലേക്ക് എന്റെ ഭഗവാൻ ഇറങ്ങിച്ചെല്ലുന്നതു ഞാൻ കണ്ടു. ചുറ്റിനും നൂറിലധികം സാമാന്യജനങ്ങളും രാജാക്കന്മാരും. ആൾക്കൂട്ടത്തിനു നടുവിലും അദ്ദേഹത്തിന്റെ അനുതാപാർദ്രമായ കണ്ണുകൾ തൊട്ടടുത്തു നിൽക്കുകയായിരുന്ന നിസ്സാരമായ ഈ ആത്മാവിന്മേൽ പതിഞ്ഞു; മറ്റുള്ളവർക്ക് അദൃശ്യമാണ് ആ കാഴ്ച. വലതുകൈ ഉയർത്തി എന്നെ അദ്ദേഹം അനുഗ്രഹിച്ചു. ഞാൻ വെളിച്ചം നിറഞ്ഞ ഒരു തുരങ്കത്തിലേക്ക് ആവാഹിക്കപ്പെട്ടു. എന്റെ ഓർമ്മകൾ താത്കാലികമായി മറഞ്ഞു—അഗാധനിദ്രയിലേക്കു വഴുതിവീണ അവസ്ഥയ്ക്കു സമാനമായിരുന്നു അത്.

ശ്രീ സദാശിവ ബ്രഹ്മേന്ദ്ര മഹാസമാധിയായ നേരൂർ എന്ന സ്ഥലം തമിഴ്നാട്ടിലെ കരൂരിൽനിന്നും അധികം ദൂരത്തല്ല. സമാധിയുടെ ഒൻപതാം ദിവസം—അദ്ദേഹം കാലേകൂട്ടി പ്രവചിച്ചിരുന്നതുപോലെ—മുളപൊട്ടിയ വില്വവൃക്ഷം ഇപ്പോഴും അവിടെയുണ്ട്. അതിൽനിന്നും പന്ത്രണ്ട് അടി അകലത്തിൽ, മഹാസമാധിയുടെ പന്ത്രണ്ടാം ദിവസം കാശിയിൽനിന്നെത്തിയ ഒരു ബ്രഹ്മചാരി പ്രതിഷ്ഠിച്ച ശിവലിംഗവും കാണാം. ഇതും ശ്രീ സദാശിവ സമാധിക്കുമുമ്പ് പ്രവചിച്ചിരുന്നു.

നേരൂരിലെ സമാധിക്കരികിൽ ഇരിക്കുമ്പോഴൊക്കെ എന്റെ ആത്മാവ് ആനന്ദനിർവൃതിയിൽ ആറാടാറുണ്ട്. അവിടെ അദ്ദേഹത്തിന്റെ സാമീപ്യം സദാ പ്രതിഫലിക്കുന്നുണ്ട്. പരംപൊരുളായ ബ്രഹ്മത്തിൽ ആമഗ്നനായിത്തീർന്ന പ്രേമാർദ്രനും കരുണാമയനും ദയാലുവുമായ സദാശിവയുമായുള്ള എളിയവനായ എന്റെ ഭൂതകാലബന്ധം ആദ്യമായി തുറന്നു പറയുന്നത് ഇപ്പോഴാണ്.

# രുദ്രപ്രയാഗിലെ കുടീരം

2012 മെയ് മാസത്തിൽ 160 പേരോളം അടങ്ങുന്ന ഒരു സുഹൃദ്സംഘത്തെ നയിച്ചുകൊണ്ട് മഞ്ഞുമൂടിയ ഹിമാലയൻ പുണ്യസങ്കേതങ്ങളായ കേദാർനാഥിലേക്കും ബദരീനാഥിലേക്കും ഞാൻ യാത്രപോയിരുന്നു. പുതിയതും പഴയതുമായ വ്യത്യസ്തരായ ഒരു കൂട്ടം സുഹൃത്തുക്കളുടെ വലിയൊരു സംഘമായിരുന്നു അത്. ഹിമാവൃതമായ പൗരാണിക പർവ്വതപ്രദേശത്തേക്ക് തീർത്ഥാടനത്തിനു പോകുന്നതിന്റെ ഉത്സാഹമാണ് അവരെയത്രയും ഒരുമിച്ചു ചേർത്തത്. മഹാമണ്ഡലേശ്വർ എന്നു ഞാൻ കളിയായി വിളിക്കാറുള്ള ഡോൽപൂർ രാജ്ഞി ഭവാനീദേവി ഹേമന്ദ്സിങ്ങും, രാജ്ഞിയെ സമ്പൂർണ്ണമായി പിന്തുണച്ച സ്കൈലാർക്ക് ട്രാവൽസിലെ കൺവാൾജിത്ത് സിങ്ങുംകൂടി വളരെ ആയാസപ്പെട്ടാണ് വ്യത്യസ്തരായ ആളുകളടങ്ങിയ ആ സംഘത്തെ ഒരുമിച്ചു നിർത്തിയതും അതിലൂടെ യാത്ര പരിപൂർണ വിജയത്തിലെത്തിച്ചതും. ഡൽഹിയിൽനിന്നും ഞങ്ങൾ യാത്ര ആരംഭിച്ചപ്പോൾ സത്സംഗ് ഫൗണ്ടേഷന്റെ ബാനറുകളുള്ള, ഒന്നു മുതൽ മുപ്പത്തിയെട്ടുവരെ നമ്പറിട്ട, മുപ്പത്തിയെട്ട് ടൊയോട്ട ഇന്നോവ കളാണ് ഉണ്ടായിരുന്നത്. മടക്കയാത്രയിലും ഞങ്ങൾ അതേ ക്രമത്തി ലായിരുന്നു സഞ്ചരിച്ചത്. വാഹനങ്ങളുടെ നിര തെറ്റിച്ചുകൊണ്ട് ഒരു പഞ്ചർപോലും മാർഗമധ്യേ ഉണ്ടായില്ല.

കേദാർനാഥിൽനിന്നും തിരിച്ചുവരുന്ന വഴിയിൽ, ബദരീനാഥിലേക്കുള്ള യാത്രയുടെ തലേ രാത്രി ഞങ്ങൾ രുദ്രപ്രയാഗയിലാണു തങ്ങിയത്. ഞങ്ങളിൽ ചിലർ മൊണാൽ റിസോർട്ട് ഹോട്ടലിൽ താമസിച്ചു.

കൈകാലുകൾ കഴുകി ശരീരശുദ്ധി വരുത്തിയശേഷം എന്റെ മുറി യുടെ പിൻവശത്തെ കതകു തുറന്ന്, മട്ടുപ്പാവിൽനിന്നുകൊണ്ട് ചുറ്റു മുള്ള കാഴ്ചകളിൽ ഞാൻ സൂക്ഷ്മനിരീക്ഷണം നടത്തി. അങ്ങു താഴെ, അളകനന്ദയും മന്ദാകിനിയും സംഗമിച്ചുകൊണ്ട് പരിപാവനമായ ഗംഗാ നദി ഒഴുകുന്നു. അവളുടെ ശബ്ദം സ്ത്രൈണമെങ്കിലും വളരെ നേർത്ത ഗർജ്ജനത്തിനു സമാനമായിരുന്നു; സുദൃഢവും ഊർജ്ജസ്വലവുമായ ശബ്ദം. സ്നാനഘട്ടവും അതിന് അല്പം മുകളിലായി, പരമോന്നത മായ ഊർജ്ജത്തിന്റെ ഉഗ്രകോപത്തെ പ്രതിനിധീകരിക്കുന്ന ഭദ്രകാളീദേവി യുടെ പുരാതനവും ചെറുതുമായ മഹാക്ഷേത്രത്തിന്റെ മേൽക്കൂരയും എനിക്കു കാണാം. മനസ്സു നിറഞ്ഞ സന്തോഷത്തോടെ ഞാൻ എന്റെ മുറി പൂട്ടിയിട്ട് ഉദ്യാനത്തിലൂടെയുള്ള ഇറക്കമിറങ്ങി, റിസോർട്ടിന്റെ

പിന്നിലേക്കു നടന്നു. റിസോർട്ടിന്റെ മതിലിനു പുറത്തിറങ്ങാനായി ഒരു ചെറുവാതിലുണ്ടായിരുന്നു. അതിലൂടെ പുറത്തിറങ്ങി, കുന്നിറങ്ങി ക്ഷേത്രത്തിനടുത്ത് എത്തുന്നതുവരെ നടന്നു.

ഒരുപാട് വർഷങ്ങൾക്കുമുമ്പ് അവിടെ ഒരു കുടീരം ഉണ്ടായിരുന്നു, റിസോർട്ടോ ഹോട്ടലോ ഒന്നും അവിടെ ഇല്ലാതിരുന്ന അക്കാലം നേരേ താഴേക്കു നടന്നാൽ ക്ഷേത്രത്തിനു സമീപമുണ്ടായിരുന്ന കുടീരത്തിലെത്തുവാൻ കഴിയുമായിരുന്നു. ശരിയാണ്, കുടീരം അവിടെയുണ്ടായിരുന്നു. ഇഷ്ടികകളും കുമ്മായവും വച്ചുണ്ടാക്കിയ സുസ്ഥിരമായൊരു കെട്ടിടം. ബാബാജിയോടൊപ്പം ഞാൻ അലഞ്ഞുനടന്ന ആ 'പരമാനന്ദ' കാലത്ത് കണ്ടുമുട്ടിയ യോഗി സ്വർഗസ്ഥനായിയെന്ന് എനിക്കറിയാമായിരുന്നു. നാഥ് സമ്പ്രദായത്തിന്റെ പിൻഗാമി ആയിരുന്ന ആ യോഗിയുടെ പേര് ബദ്രനാഥ് എന്നായിരുന്നു.

ബാബാജി സമാധിയായി അഞ്ചു വർഷങ്ങൾക്കുശേഷം 1990-ൽ ഹിമാലയത്തിലേക്കുള്ള എന്റെ വാർഷികയാത്രയ്ക്കിടയിൽ ഒരു സന്ന്യാസിയോടൊപ്പം ഞാൻ ആ കുടീരത്തിൽ കുറച്ചുസമയം ചെലവഴിച്ചിട്ടുണ്ട്. ആ സന്ന്യാസിയുടെ പേര് ആനന്ദ എന്നായിരുന്നു. 1996-ൽ ഹിമാലയത്തിന്റെ ഉന്നതപ്രദേശത്തേക്ക് താൻ പോവുകയാണെന്ന വിവരവുമായി അദ്ദേഹത്തിന്റെ ഒരു കത്ത് എനിക്കു ലഭിച്ചു. ഇനി തിരിച്ചുവരാൻ സാദ്ധ്യതയില്ലെന്നും ആ കത്തിൽ അദ്ദേഹം സൂചിപ്പിച്ചിരുന്നു. ഞാൻ ജിജ്ഞാസുവായി. കുടീരത്തിൽ മറ്റൊരു യോഗിയോ സന്ന്യാസിയോ ഉണ്ടാകുമോ?

എനിക്ക് അധികനേരം കാത്തിരിക്കേണ്ടിവന്നില്ല. വലിയ ബോധിവൃക്ഷത്തിന്റെ ചുവടെയുള്ള തറയിൽ ജടകെട്ടിയ മുടിയുമായി ഒരു സന്ന്യാസി ഇരിക്കുന്നു. "ഹര ഹര മഹാദേവ" എന്നു പറഞ്ഞ് ആദ്ദേഹം അഭിവാദ്യം ചെയ്തു. "ശംഭോ മഹാദേവാ" എന്നു ഞാൻ പ്രത്യഭിവാദ്യവും ചെയ്തു. അദ്ദേഹം ധ്യാനത്തിലോ മനനത്തിലോ ജപത്തിലോ ആയിരുന്നില്ല. ചരസ്സുപൊടിച്ച് വലിക്കുവാനുള്ള ഹുക്ക തയ്യാറാക്കുന്നതിന്റെ തിരക്കിലായിരുന്നു.

"എന്നോടൊപ്പം കൂടിക്കോ എന്റെ ചില സുഹൃത്തുക്കൾ ഇപ്പോൾ വരും." എന്നു പറഞ്ഞ് അദ്ദേഹം, "നേപ്പാളിൽനിന്നും വന്ന ഉഗ്രൻ സാധനമാണ്" എന്ന പ്രഖ്യാപനവും നടത്തി.

"ഞാനില്ല, അങ്ങ് എത്ര കാലമായി ഇവിടെയുണ്ട്?" ഞാൻ ആരാഞ്ഞു.

"ഒരു വർഷത്തിലധികമായി. താങ്കളെപ്പോലുള്ളവർ തരുന്ന പണം കൊണ്ടാണ് ഞാൻ ആഹാരമുണ്ടാക്കുവാനുള്ള സാധനങ്ങൾ വാങ്ങുന്നത്. ഗ്രാമീണർ സന്ന്യാസിമാർക്ക് ഭക്ഷണം നൽകില്ല. ഞാൻ പട്ടണത്തിൽ പ്പോയി സാധനങ്ങൾ വാങ്ങുകയാണ് പതിവ്."

നദിയിലേക്കുള്ള യാത്ര തുടരുവാനായി തിരിഞ്ഞപ്പോൾ, മയക്കു മരുന്നിന് അടിമപ്പെട്ടവർ സ്വയം യോഗികളായും പുണ്യപുരുഷന്മാരായും ജീവിക്കുന്നതും വളരെ അപൂർവ്വമായി മാത്രം യഥാർത്ഥ സന്ന്യാസി കളെ കാണുന്നതുമായ പരിശുദ്ധ ഹിമാലയത്തിന്റെ സാഹചര്യം കണ്ട് വിലപിച്ച എന്നെ അയാൾ പിന്നിൽനിന്നും വിളിച്ചു:

"കുറച്ചു പണം തന്നിട്ടു പോകൂ സർക്കാർ."

ഏതു ഭിക്ഷക്കാരൻ ചോദിച്ചാലും കൊടുക്കാറുണ്ടായിരുന്നതുപോലെ ഒരു നൂറു രൂപ ഞാൻ അയാൾക്കും നൽകി, എന്നിട്ട് വേഗത്തിൽ നദിയെ ലക്ഷ്യമാക്കി ഇറക്കമിറങ്ങി. ഇരുട്ടുവീഴാറായി. നദീതീരത്തു നിൽക്കുന്ന എന്റെ സംഘത്തിൽപ്പെട്ട രണ്ടുപേരെ—സി.വി. രാമനാഥനെയും ശാന്തനെ യും—എനിക്കു കാണാൻ കഴിയുന്നുണ്ടായിരുന്നു. നദിയെ നോക്കി ക്കൊണ്ടും ഒഴുകുന്ന വെള്ളത്തിന്റെ ശബ്ദത്തിന് കാതോർത്തുകൊണ്ടും ഞാൻ അവിടെ ഒരു പാറമേലിരുന്നു.

എന്റെ ചിന്തകൾ, കുടീരത്തിൽ ബാബാജിക്കും യോഗി ബദ്രനാഥ്ജി ക്കുമൊപ്പം ചെലവഴിച്ച ആ രാത്രിയിലേക്കു മടങ്ങി. പിറ്റേന്നു നേരം വെളുത്തപ്പോൾ, കാട്ടുപന്നിയുടെ ചീറ്റലിനു സമാനമായ ശബ്ദത്തി ലായിരുന്നു എന്റെ കൂർക്കംവലി എന്നു പറഞ്ഞ് ബാബാജിയും ബദ്ര നാഥ്ജിയും പൊട്ടിച്ചിരിച്ചതൊഴിച്ചാൽ, അത്ര സംഭവബഹുലമായിരുന്നില്ല കുടീരത്തിലെ ആ രാത്രികാലവാസം. അടുത്ത ദിവസം രാവിലെ ഞങ്ങൾ ഗുപ്തകാശിയിലേക്കു പോവുകയും ചെയ്തു.

1990-ൽ നേരത്തേ സൂചിപ്പിച്ചതുപോലെ ഞാൻ ആനന്ദ എന്നു പേരായ സന്ന്യാസിയെ കണ്ടു. സന്ന്യാസി ആനന്ദയുമായുള്ള കൂടിക്കാ ഴ്ചയും അദ്ദേഹത്തിനൊപ്പം ചെലവഴിച്ച പത്തുദിവസവുമാണ് ഇനി ഞാൻ വിവരിക്കാൻ പോകുന്നത്.

---

പ്രാരംഭകാലത്തെ പരിവ്രാജക സന്ന്യാസിയായിരുന്നില്ല ഞാൻ അക്കാ ലത്ത്. നാഗരിക സമ്പ്രദായമനുസരിച്ച് ജീൻസും ടി ഷർട്ടും ധരിക്കുന്ന, വെട്ടിയൊതുക്കിയ മുടിയുള്ള ഒരുവനാണ് ഞാനന്ന്. തോൾസഞ്ചിയും വഹിച്ച്, കിട്ടുന്ന ഏതു വാഹനത്തിലും—അതിനി ബസ് ആയാലും ജീപ്പായാലും കാറായാലും—യാത്ര ചെയ്യുമായിരുന്നു. ചെരിപ്പില്ലാതെ നടക്കുന്ന ശീലമുപേക്ഷിച്ച് ഞാൻ കാൻവാസ് ഷൂസ് ധരിച്ചിരുന്നു.

ഒരു ദിവസം വൈകുന്നേരം, രുദ്രപ്രയാഗിൽ ബസ്സിറങ്ങി ഞാൻ നദിയോരത്തുള്ള കുടീരത്തിലേക്കു നടന്നു. മോണാൽ റിസോർട്ട് അന്നവിടെയില്ല. അവിടെ ഞാൻ എത്തുമ്പോഴേക്കും ഇരുട്ടുപരന്നു തുടങ്ങിയിരുന്നു. എന്റെ കൈയിലുണ്ടായിരുന്ന ഫ്ലാഷ്ലൈറ്റ് മിന്നിച്ച് താഴേക്കുള്ള വഴിയിലൂടെ നടന്ന് ഞാൻ കുടീരത്തിലെത്തി. ഞാൻ

വാതിലിന്റെ അടുത്തേക്കു കയറിച്ചെന്നു. മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചം മാത്രമേ കുടീരത്തിലുണ്ടായിരുന്നുള്ളൂ. പുറത്തെ ധൂനി അപ്പോഴും നീറിയെരിയുന്നുണ്ടായിരുന്നു. ആരോ ഒരാൾ പുറത്തുവന്നു. പക്ഷേ, ബദ്രനാഥ്ജിയായിരുന്നില്ല അത്. വെള്ള കുർത്തയും ധോത്തിയും ധരിച്ച മധ്യവയസ്കനായ ഒരാൾ.

"നമസ്തേ." ഞാൻ പറഞ്ഞു.

"നമസ്തേ, കം ഇൻ." ഇഗ്ലിഷിൽ അദ്ദേഹം എന്നോടു പറഞ്ഞു.

കുടീരത്തിനുള്ളിലേക്കു പ്രവേശിച്ച ഉടനെ തോൾസഞ്ചി താഴെ വയ്ക്കുവാൻ അദ്ദേഹം എന്നോട് ഉപചാരപൂർവ്വം പറഞ്ഞു. ഭാരം താഴെ വച്ച് ഞാൻ സ്വസ്ഥനായിരുന്നു. താടിവടിച്ച, നീണ്ട മുടിയും ഉയരവുമുള്ള, കുടീരത്തിലെ താമസക്കാരൻ താൻ സന്ന്യാസി ആനന്ദയാണെന്ന് സ്വയം പരിചയപ്പെടുത്തി. തമിഴ്നാട് സ്വദേശിയായ അദ്ദേഹം, രണ്ടു വർഷക്കാലം ബദ്രനാഥ്ജിയോടൊപ്പം കഴിഞ്ഞ ആളാണ്. നാഥ് പരമ്പരയിലെ സന്ന്യാസി യായിരുന്ന അദ്ദേഹത്തിന്റെ കാലശേഷം കുടീരത്തിന്റെ അധികാരി യാവുകയായിരുന്നു. തീർത്ഥാടനത്തിനായി ബനാറസിലേക്കു പോയ ബദ്രനാഥ്ജി അവിടെവെച്ച് ഗംഗാനദിയിലേക്ക് സ്വയം നടന്നിറങ്ങി ശരീരപരിത്യാഗം ചെയ്തു.

ഞാൻ സ്വയം പരിചയപ്പെടുത്തിയപ്പോൾ, മഹേശ്വർനാഥ് ബാബാജി യെയും എന്നെയുംപറ്റി കേട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എത്രകാലം വേണമെങ്കിലും അവിടെ താമസിക്കാം എന്നുപറഞ്ഞ് അദ്ദേഹം എന്നെ സ്വാഗതം ചെയ്തു. ഭക്ഷണം ഒരു വിഷയമല്ല—കാരണം, തനിക്ക് സ്വതന്ത്ര മായ സാമ്പത്തികസ്രോതസ്സുകളുണ്ടെന്നും പട്ടണത്തിൽനിന്നും വേണ്ടത്ര സാധനങ്ങൾ വാങ്ങിവെച്ചിട്ടുണ്ടെന്നും അദ്ദേഹം പറയുകയുണ്ടായി. മണ്ണെണ്ണ സ്റ്റൗ ഉപയോഗിച്ചുള്ള പാചകത്തിൽ എന്തെങ്കിലും സഹായിച്ചാൽ അതു തന്നെ തീർച്ചയായും സന്തോഷിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച് ഞാൻ പത്തു ദിവസം അവിടെ തങ്ങി.

നീണ്ട നടത്തങ്ങളും ഗംഗാസ്നാനവും ധ്യാനവും ചർച്ചകളുമായി കഴിഞ്ഞ ഞങ്ങൾ മതങ്ങളെപ്പറ്റിയും തത്ത്വചിന്തകളെപ്പറ്റിയുമൊക്കെ ഗൗരവമായും ഗഹനമായും സംസാരിച്ചു. അദ്ദേഹം ധാരാളം യാത്രകൾ ചെയ്യുകയും പുസ്തകങ്ങൾ വായിക്കുകയും വിദ്യാഭ്യാസം നേടുകയും ചെയ്ത ആളാണ്. ജീവിതത്തിൽ പല വഴികളും നടത്തി തുലനംചെയ്തു നോക്കിയശേഷം ഒടുവിൽ സന്ന്യാസജീവിതം സ്വീകരിച്ചതാണ് അദ്ദേഹം. ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നും ബിരുദം നേടിയശേഷം ഏഴു വർഷം പ്രശസ്തമായ ഒരു അമേരിക്കൻ സർവ്വ കലാശാലയിൽ ഊർജ്ജതന്ത്ര വിഭാഗം അദ്ധ്യാപകനായിരുന്നു. ഒറ്റപ്പെട്ട ജീവിതം നയിച്ചിരുന്ന അദ്ദേഹത്തിന് കുടുംബവുമായി വലിയ ബന്ധ മൊന്നും ഉണ്ടായിരുന്നില്ല. മൃദുഭാഷിയും സത്പ്രകൃതിയും അതിബുദ്ധി

മാനുമായ ഒരു മനുഷ്യൻ. പത്തു ദിവസം അദ്ദേഹത്തോടൊപ്പം കഴി ഞ്ഞത് ഞാൻ വളരെയധികം ആസ്വദിച്ചു. അതിലുപരി അദ്ദേഹവു മായുണ്ടായ സമ്പർക്കം എനിക്ക് ഒരുപാട് ഗുണം ചെയ്യുകയുണ്ടായി. ബാബാജിക്കുശേഷം, എന്റെ അനുഭവങ്ങൾ എഴുതണമെന്ന് എന്നെ പ്രേരിപ്പിച്ചത് ആനന്ദയായിരുന്നു.

തനിക്കുണ്ടായതെന്ന് അദ്ദേഹം എന്നോട് വിവരിച്ച തികച്ചും അസാധാ രണമായ ഒരു അനുഭവത്തെപ്പറ്റി ഞാൻ ഇപ്പോൾ പറയാം.

"ഒരു വൈകുന്നേരം," അദ്ദേഹം പറഞ്ഞുതുടങ്ങി: "ഞാൻ വിഷണ്ണ നായി കുടീരത്തിനടുത്തുതന്നെ ഗംഗാനദീതീരത്ത് ഇരിക്കുകയായിരുന്നു. ഞാൻ ധാരാളം സന്ന്യാസിമാരെ പരിചയപ്പെട്ടു. ഹിന്ദുക്കളുടെ മാത്രമല്ല മറ്റു പല മതങ്ങളുടെയും മതാധിഷ്ഠിതവും യോഗാത്മ ദർശനങ്ങൾ അടങ്ങിയതുമായ വിവിധതരം ധ്യാനങ്ങൾ അനുശീലിച്ചുപോരുകയും ചെയ്തു."

"അതിൽപ്പെട്ട ഒരു സന്ന്യാസിപോലും എന്റെ പ്രതീക്ഷയ്ക്കൊപ്പം എത്താഞ്ഞതിനാൽ അവരെയൊന്നും എന്റെ ഗുരുക്കന്മാരാക്കുവാൻ ഞാൻ തയ്യാറായതുമില്ല. ജെ. കൃഷ്ണമൂർത്തിയെ സമഗ്രമായി വായിച്ചതി നാൽ, മുൻപോട്ടുപോകണമെങ്കിൽ ഒരു ഗുരു വേണമെന്നില്ല, ഗുരു ഉള്ളത് ചിലപ്പോൾ തടസ്സമാകും എന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രാ യത്തെ പ്രമാണമാക്കുവാൻ ഞാൻ തീരുമാനമെടുത്തു. തുടക്കത്തിൽ എന്നെ വളരെയധികം പ്രചോദിപ്പിച്ചിരുന്നുവെങ്കിലും എന്റെ ധ്യാനം ഇപ്പോൾ തീർത്തും യാന്ത്രികവും വിരസവുമായി മാറിയിരിക്കുന്നു. ഒരു തരത്തിലുള്ള ആനന്ദവും എനിക്കതിലൂടെ ലഭിക്കുന്നില്ല.

"എന്റെ മനസ്സിൽ നിറയെ സംശയങ്ങൾ മാത്രമായി. ആദ്ധ്യാത്മികാ ന്വേഷണം എന്ന സംഗതിതന്നെ സമയവും ഊർജ്ജവും വെറുതേ പാഴാക്കിക്കളയുന്ന ഒരു ഏർപ്പാടാണോയെന്നും മടിയൻമാരും കഞ്ചാവ ടിമകളും ചേർന്ന് യുവാക്കളെയും ലോലഹൃദയരെയും വഴിതെറ്റി ക്കുവാനായി കണ്ടുപിടിച്ച മാർഗമാണോയെന്നുമൊക്കെ ആലോചിച്ച് ഞാൻ അത്ഭുതപ്പെട്ടുതുടങ്ങിയിരുന്നു. വ്യർത്ഥമായ ഈ ജീവിതരീതിയെ ഉപേക്ഷിച്ച് സമതലങ്ങളിലേക്കു മടങ്ങുവാനുള്ള സമയമായോയെന്നും ഞാൻ സ്വയം ചോദിക്കുവാൻതുടങ്ങി. എന്റെ യോഗ്യതകൾവച്ച് ഏതെ ങ്കിലുമൊരു സർവകലാശാലയിൽ അദ്ധ്യാപകനായി ജോലി ലഭിക്കു മെന്നും കർക്കശമായി ഞാൻ അടിച്ചേല്പിച്ചിരിക്കുന്ന ബ്രഹ്മചര്യനിഷ്ഠയെ തൃണവൽഗണിച്ചുകൊണ്ട് എതിർലിംഗത്തോടുള്ള എന്റെ അഭിനിവേശം ശക്തമായി തുടരുന്നതിനാൽ വിവാഹം ചെയ്ത് ഒരു സാധാരണ ജീവിതം നയിക്കുവാനും കഴിയുമെന്ന് ഞാനുറപ്പിച്ചിരുന്നു.

"പക്ഷേ, ഒഴുകുന്ന നദിയിൽനിന്നും മലനിരകളുടെ ഗാംഭീര്യത്തിൽ നിന്നും എന്റെ മനസ്സിനെ പിൻവലിക്കാനും സന്ന്യാസജീവിതത്തിന്റെ ലാളിത്യത്തെ കൈവെടിയുവാനും എനിക്കു കഴിയുമായിരുന്നില്ല.

പരസ്പരവിരുദ്ധമായ വിചാരങ്ങളാൽ പീഡിതനായും ആശങ്കപ്പെട്ടും ഞാൻ തലയിൽ കൈവെച്ച് കണ്ണുകളിറുക്കിയടച്ച് ഉറക്കെ വിളിച്ചു ചോദിച്ചു:

"ഹിമാലയത്തിൽ അധിവസിക്കുന്നുവെന്ന് പറയപ്പെടുന്ന ആ മഹാ ഗുരുക്കൻമാരെവിടെ? എന്നെപ്പോലെ ആത്മാർത്ഥയുള്ള ഒരു പീഡിതാത്മാവിനെ സഹായിക്കുവാനായി എന്തുകൊണ്ടാണവർ വരാത്തത്? നിർദ്ദോഷികളെ കബളിപ്പിക്കുവാനുള്ള വെറും കാല്പനിക കഥകളാണോ ഇതൊക്കെ?

"എന്റെ മനസ്സ് ഞാൻ കരച്ചിലിലൂടെ വെളിവാക്കി, അപ്പോൾ ആരോ എന്റെ ചുമലിൽ മൃദുവായി സ്പർശിച്ചതുപോലെ എനിക്കു തോന്നി. ഞാൻ കണ്ണുകൾ തുറന്നു. പീതവർണ്ണമുള്ള കൗപീനം മാത്രം ധരിച്ച, ചുളിവുകൾ വീണ ശരീരമുള്ള, വൃദ്ധനായ ഒരാൾ എന്റെ അടുത്തു നിൽക്കുന്നു. നീണ്ടൊട്ടിയ മുഖം. അങ്ങിങ്ങ് ശ്മശ്രുക്കൾ. കൺകുഴികളിലേക്ക് ആഴ്ന്നിറങ്ങിയ മിഴികൾ. വൈഷ്ണവ വൈരാഗികളുടേതു പോലെ നെറ്റിത്തടത്തിൽ ദീർഘചന്ദ്രാകൃതിയിലുള്ള ഒരു കുറിയുണ്ട്. കൈയിലും കഴുത്തിലും തുളസീമാലയും. നെറ്റിയിലേതിനു സമാനമായി നെഞ്ചിലും കൈകളുടെ തോളോടടുത്ത ഭാഗങ്ങളിലും ചന്ദനംകൊണ്ടുള്ള ചിഹ്നങ്ങളുമുണ്ട്. തവിട്ടു കലർന്ന ഇരുണ്ട നിറമുള്ള ജടപിടിച്ച മുടി വലിയൊരു കെട്ടാക്കി വച്ചിരിക്കുന്നു. നഗ്നപാദനായ അദ്ദേഹത്തിന്റെ കൈയിൽ പിച്ചളകൊണ്ടുള്ള ഒരു ജലകുംഭം ഉണ്ടായിരുന്നു.

"ആചാരവിധിപ്രകാരം ഞാൻ കുനിഞ്ഞുനിന്ന് അദ്ദേഹത്തിന്റെ കാൽതൊട്ട് വന്ദിച്ചശേഷം 'ഹരി ഓം' എന്നു പറഞ്ഞു.

"സ്ത്രൈണത കലർന്ന, ആശ്വാസം പകരുന്ന സുദൃഢശബ്ദത്തിൽ അദ്ദേഹം പറഞ്ഞു: 'ഇത്ര വേഗം പരാജയപ്പെടരുത് മകനേ. ഈ മാർഗ്ഗത്തിലെത്തുവാൻ അനവധി ജന്മങ്ങൾ വേണ്ടിവരും. കോളജിൽ അദ്ധ്യാപകനായി ജോലി ലഭിക്കുവാൻ അധികം ആയാസപ്പെടേണ്ടിവരില്ല. പക്ഷേ, ഒരു ആദ്ധ്യാത്മിക അന്വേഷിയുടെ ജീവിതം അമൂല്യമാണ്. എല്ലാവർക്കും എളുപ്പം ലഭിക്കുന്നതല്ല അത്.'

"അദ്ദേഹം എന്റെ മനസ്സു വായിച്ചതിലല്ല ഞാൻ അതിശയിച്ചത്, ധാരാളം സന്ന്യാസികൾ അത്തരം അത്ഭുതകർമ്മങ്ങൾ ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, അദ്ദേഹം വന്നുചേർന്ന ആ നിശ്ചിത സമയം എന്നെ ആശ്ചര്യപ്പെടുത്തി. "സ്വാമി, അങ്ങ് ഹിമാലയൻ ഗുരുക്കന്മാരിൽ ഒരാളാണോ? എന്റെ ആശങ്കയകറ്റുവാൻ അങ്ങെന്നെ സഹായിക്കാമോ? കുറച്ചു ദിവസം എന്നോടൊപ്പം താമസിക്കൂ. അല്ലയോ മഹാനുഭാവാ, ഞാനങ്ങയെ വഴിയാംവണ്ണം സേവിച്ചുകൊള്ളാം."

"ദിവസങ്ങളില്ല. ഞാൻ നിന്നോടൊപ്പം ഒരു രാത്രി തങ്ങാം." പുഞ്ചിരിച്ചു കൊണ്ട് അദ്ദേഹം മറുപടി പറഞ്ഞു.

"ഞാൻ അദ്ദേഹത്തെയും കൂട്ടി കുടീരത്തിൽ എത്തുമ്പോഴേക്കും ഇരുൾ വീണിരുന്നു. അദ്ദേഹത്തിനുവേണ്ടി ഞാൻ ഉയരമുള്ള ഒരു

കട്ടിൽ സജ്ജീകരിച്ചു. കമ്പിളി നിലത്തുവിരിച്ചിട്ട് അദ്ദേഹത്തിന്റെ കാൽക്കൽതന്നെ എനിക്കിരിക്കാനുള്ള സൗകര്യവും ഞാൻ തയ്യാറാക്കി. എന്താണ് അദ്ദേഹം കഴിക്കുന്നത് എന്നു ചോദിച്ചപ്പോൾ, 'ഒരു പഴവും അല്പം ഗംഗാജലവും ഉണ്ടെങ്കിൽ താൻ സന്തുഷ്ടനാണെന്ന്' അദ്ദേഹം പറഞ്ഞു.

"ഞാൻ വല്ലപ്പോഴുമേ ഭക്ഷണം കഴിക്കാറുള്ളു. ഈ ശരീരത്തിന് തീരെ കുറച്ചു മതി." അദ്ദേഹം പറഞ്ഞു. തനിക്ക് കുറച്ചുനേരം ഉറങ്ങണമെന്നും തന്റേതായ രീതിയിൽ എന്റെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുമെന്നും അദ്ദേഹം എന്നോടു പറഞ്ഞു. 'നീയും ഉറങ്ങിക്കൊള്ളൂ, നല്ല ക്ഷീണമുണ്ടെന്നു തോന്നുന്നല്ലോ.' അദ്ദേഹം കൂട്ടിച്ചേർത്തു.

"അദ്ദേഹത്തിന്റെ കാൽക്കൽ നീണ്ടുനിവർന്നുകിടന്ന്, അദ്ദേഹം ആരാണെന്ന് അത്ഭുതപ്പെടുന്നതിനിടയിൽ പെട്ടെന്ന് ഞാൻ ഉറങ്ങിപ്പോയി. പാതിരാവിലെപ്പോഴോ, ഒരു ഗുഹയിൽനിന്നും നിർഗ്ഗമിക്കുന്ന കടുത്ത നീലനിറമുള്ള പ്രകാശം ഞാൻ സ്വപ്നം കണ്ടു. നൂപുരങ്ങളുടെ കിലുക്കം എവിടെനിന്നോ കേൾക്കുന്നുണ്ടായിരുന്നു. അന്തരീക്ഷത്തിൽ ഹൃദയഹാരിയായ പരിമളം പരന്നു. പെട്ടെന്ന് ആരോ മന്ത്രിച്ചു. 'ഉണരൂ.' ഞാൻ ഉണർന്നു. നൂപുരധ്വനി അനവരതം തുടർന്നു; സുഗന്ധദ്രവ്യത്തിന്റെ വാസനയും. അത് എന്റെ കുടീരത്തിൽനിന്നുതന്നെയായിരുന്നു."

"ഞാൻ എഴുന്നേറ്റിരുന്നു. കിടക്കയിലേക്കു നോക്കി. വയോവൃദ്ധനെ കാണാൻ കഴിഞ്ഞില്ല. പകരം, സുവർണ്ണശോഭയാർന്ന ബുദ്ധനെപ്പോലെ ഒരു രൂപം മിഴികളടച്ച് മുഖത്ത് അതിസുന്ദരമായ മന്ദഹാസവുമായി ഇരിക്കുന്നു. അദ്ദേഹത്തിന്റെ പിന്നിൽനിന്നും കതിർചിന്തിയ തേജോമയമായ നീലവെളിച്ചം മേൽക്കൂരയോളമെത്തി. സ്വപ്നം കാണുകയല്ലെന്ന് സ്വയം ഉറപ്പുവരുത്തിയശേഷം ഞാൻ പത്മാസനസ്ഥനായിരുന്ന അദ്ദേഹത്തിനു മുന്നിൽ സാഷ്ടാംഗപ്രണാമം അർപ്പിച്ചു.

"ആ രൂപം എന്റെ അടുക്കലേക്കു നടന്നെത്തി. എന്റെ തലയിലും നെറ്റിയിലും നെഞ്ചത്തും സ്പർശിച്ചു. എന്റെ നട്ടെല്ലിന്റെ അഗ്രത്തിൽനിന്നും ഒരു നനുത്ത ഇളംകാറ്റ് എന്റെ ശിരസ്സിലേക്കൊഴുകി. ശീർഷത്തിൽനിന്നും തണുപ്പു പടർന്ന് എന്റെ ഹൃദയത്തിലാകെ പരന്നു. എന്റെ പുരികക്കൊടികൾക്കിടയിലെ കേന്ദ്രത്തിൽനിന്നും ആവിർഭവിച്ച നീലപ്രകാശംകൊണ്ട് ഞാനാകെ നിറഞ്ഞു. നിർവൃതിയുടെ ഒരു തരംഗം എന്റെ അസ്തിത്വത്തിലൂടെ പ്രവഹിച്ചു. അതോടെ ഭാരമുള്ള ഒരു ശാരീരികാവസ്ഥയ്ക്കു പകരം ലഘുകണികകളാൽ തീർത്ത ഒരു സ്വതന്ത്രസ്വത്വമായി ഞാൻ മാറിയിരിക്കുന്നുവെന്ന് ഒരു മാത്രയിൽ തിരിച്ചറിഞ്ഞു. ഹൃദയകേന്ദ്രത്തിൽനിന്നും അകത്തേക്കും പുറത്തേക്കും ചാക്രികസഞ്ചാരം നടത്തുന്ന ആ ലഘുകണികകൾ അനന്തവും സർവ്വവ്യാപിയുമായ പ്രകാശത്തിൽനിന്നും രൂപംകൊള്ളുകയും അതിൽത്തന്നെ ലയിക്കുകയും ചെയ്യുന്നവയുമായിരുന്നു.

"ദേഹാതീതമായ ആ നിദ്രയിൽനിന്നും ഞാൻ തിരിച്ചെത്തിയപ്പോഴേക്കും നേരം നന്നായി പുലർന്നിരുന്നു. കണ്ണുകൾ തുറന്നപ്പോൾ ആരെയും കാണാൻ കഴിഞ്ഞില്ല. ദൈവികരൂപമില്ല, വൈഷ്ണവ സന്ന്യാസിവര്യനില്ല. ആകെയുള്ളത്, തലേ രാത്രിയിൽ ഞാനറിഞ്ഞ വാസനയുടെ തീരെച്ചെറിയ ഒരു ഇന്ദ്രിയാനുഭൂതി മാത്രം. അന്നു മുതൽ, ഞാൻ എന്റെ വഴിയിൽ തടസ്സങ്ങളില്ലാതെ മുമ്പോട്ടുപോയി. മാർഗം എനിക്കു വ്യക്തമായിരുന്നു."

അദ്ദേഹത്തിന്റെ അനുഭവം പങ്കുവെച്ചതിന് ഞാൻ നന്ദി പറഞ്ഞു. എന്റെ അനുഭവങ്ങൾ ഞാൻ അദ്ദേഹത്തോടും വിവരിച്ചു. പത്തു ദിവസങ്ങൾക്കുശേഷം ഞാൻ ചെന്നൈയിലേക്കു മടങ്ങി. അദ്ദേഹം പിന്നീടൊരിക്കലും ബന്ധം പുലർത്തിയിട്ടില്ല. എന്നാൽ 1996-ൽ സന്ന്യാസി ആനന്ദയിൽനിന്നും ഒരു കത്തു കിട്ടി. 'താൻ ഗുപ്തകാശിക്കരികിലെ ഹിമാലയത്തിന്റെ മുകൾപ്രദേശത്തേക്ക് പോവുകയാണെന്നും, ഈ ജന്മം ഇനി നാം തമ്മിൽ കാണുകയില്ല. താങ്കൾ ബാബാജിയുടെ ഉദ്യമങ്ങൾ നിറവേറ്റുന്നുണ്ടെന്ന് എനിക്ക് ഉറപ്പാണ്. ഞാനൊരു നിതാന്തയാത്രികനാണ്. ഹരി ഓം.' എന്നും അദ്ദേഹം എഴുതിയിരുന്നു.

ഞാൻ പിന്നീടൊരിക്കലും അദ്ദേഹത്തെ കണ്ടിട്ടില്ല. പക്ഷേ, വ്യക്തിപരമായ ബന്ധനങ്ങളെല്ലാം വിട്ടൊഴിഞ്ഞ്, പൂർണ്ണസ്വതന്ത്രനായി ഹിമാലയത്തിലെവിടെയോ അദ്ദേഹം വിഹരിക്കുന്നുണ്ടെന്ന് എനിക്കറിയാം.

അതിനാൽ പ്രിയസുഹൃത്തുക്കളേ, നിങ്ങൾ ഒരു വൃദ്ധസന്ന്യാസിയെ കണ്ടാൽ മുടന്തിവലിഞ്ഞ് ഏകനായി അദ്ദേഹം ഭക്ഷണത്തിനായി യാചിച്ചാൽ, ഒഴിവാക്കുകയോ അവഗണിക്കുകയോ ചെയ്യരുത്. മറിച്ച്, അദ്ദേഹത്തിനു മുന്നിൽ ശിരസ്സും നമിച്ച് ആദരവുകൾ പ്രകടിപ്പിച്ച് ഭക്ഷണം നൽകുക. ആർക്കറിയാം ഏതു മഹായോഗിയാണ്, ഏതു മഹാഗുരുവാണ്, വേഷപ്രച്ഛന്നനായി നിങ്ങളെ പരീക്ഷിക്കുവാനും അനുഗ്രഹിക്കുവാനും വഴികാണിക്കുവാനുമായി വന്നിരിക്കുന്നതെന്ന്.

# ദത്താത്രേയൻ: അവധൂതന്മാരുടെ ദേവൻ

എന്റെ ആത്മകഥയിൽ, ഷിർദിസായി ബാബയുടെ നിർദ്ദേശാനുസരണം ദത്താത്രേയനുമായി ബന്ധപ്പെട്ട് ഒരുപാട് സ്ഥലങ്ങളിലേക്ക് ഞാൻ നടത്തിയ സഞ്ചാരങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. ദത്താത്രേയന്റെ രണ്ടാം അവതാരമാണെന്നു പറയപ്പെടുന്ന ശ്രീപാദവല്ലഭന്റെ ജന്മദേശമായ ആന്ധ്രയിലെ പീതപുരത്തുനിന്നും തുടങ്ങി കോലാപ്പൂരിനടുത്തുള്ള നർസോബാവാഡിയിലേക്കാണ് ഞാൻ യാത്ര ചെയ്തത്. കൃഷ്ണാനദിയും പഞ്ചഗംഗാനദിയും സംഗമിക്കുന്ന ഇടത്തുള്ള അതിമനോഹരമായ ചെറുപട്ടണമാണ് നർസോബാവാഡി. ദത്താത്രേയന്റെ മൂന്നാം അവതാരമെന്ന് അറിയപ്പെടുന്ന, ദശനാമി പരമ്പരയിൽപ്പെട്ട സന്ന്യാസിയായ സ്വാമി നരസിംഹ സരസ്വതിയുടെ പേരിൽനിന്നാണ് ആ പട്ടണനാമം ആവിർഭവിച്ചത്.

കൂടുതൽ കാര്യങ്ങളിലേക്കു കടക്കുംമുമ്പേ ദത്താത്രേയനെപ്പറ്റി ചില കാര്യങ്ങൾ പറയുന്നതാകും ശരി. പൗരാണിക മഹർഷി അത്രിയും ഭാര്യ അനസൂയയും സിംഗപർവ്വതത്തിൽ ധ്യാനാനുഷ്ഠാനങ്ങളുമായി ഒരുപാടു കാലം പാർത്തിരുന്നു. അത്രിമഹർഷി സന്താനോത്പാദനത്തിന് തത്പരനല്ലാത്തതിനാൽ അവർക്ക് മക്കളുണ്ടായിരുന്നില്ല. മഹായോഗിയും ഋഷിയുമായിരുന്ന അത്രിയെപ്പോലെതന്നെ അദ്ദേഹത്തിന്റെ ഭാര്യയായ അനസൂയയും ശക്തിമതിയായ ഒരു യോഗിനിയായിരുന്നു. ആ മഹായോഗിനിയുടെ ആശീർവാദങ്ങൾക്കായി ജനങ്ങൾ കൂട്ടംകൂട്ടമായി എത്താറുണ്ടായിരുന്നു. പുരാണകഥകളനുസരിച്ച് ത്രിമൂർത്തികളായ ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ, മൂന്നു ബാലകന്മാരുടെ രൂപത്തിൽ വേഷപ്രച്ഛന്നരായി അനസൂയയെ അനുഗ്രഹിക്കുവാനായി എത്തി. ദൈവികത തുളുമ്പുന്ന ബാലകന്മാരെ കണ്ട് സന്തുഷ്ടയായ അനസൂയ കുറച്ചുനാൾ അവിടെ കഴിയണമെന്ന് അവരോട് അപേക്ഷിക്കുകയും അവർ സമ്മതിക്കുകയും ചെയ്തു.

ആ ബാലകന്മാരുടെ യഥാർത്ഥ മാതാവാകുവാനും അവരെ തന്റെ ഉദരത്തിൽ വഹിക്കുവാനും അനസൂയയുടെ മനസ്സിൽ ആഗ്രഹം തോന്നി. അവർ മൂവരും അനസൂയയുടെ സമർപ്പണത്തിൽ സംപ്രീതരാവുകയും ഒന്നായി ലയിച്ച് അവളുടെ ഉദരത്തിൽ കടക്കുകയും ചെയ്തു. അങ്ങനെ ത്രിമൂർത്തിസംഗമത്താൽ അനസൂയയ്ക്കു ജനിച്ച പുത്രനാണ് ദത്താത്രേയൻ. സാമൂഹിക വ്യവസ്ഥിതികൾക്കു പ്രാധാന്യം കല്പിക്കാത്തവരും

പരംപൊരുളിൽ ആമഗ്നരായവരുമായ മഹായോഗികളും മഹാസന്ന്യാസികളുമായ അവധൂതന്മാരുടെ പാലകനായ ഈശ്വരനാണ് ദത്താത്രേയൻ എന്നതാണ് പരമപ്രധാനമായ സംഗതി. സാമൂഹികമാനദണ്ഡങ്ങളെ അനുസരിക്കാതെ നഗ്നരായി അലഞ്ഞുതിരിഞ്ഞു നടക്കുന്നവരാണ് അവരിൽ മിക്കവരും.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ദത്താത്രേയനാമം ഏറ്റവുമധികം ഭക്തരെ സൃഷ്ടിച്ചിട്ടുള്ളതും പരക്കെ ആരാധിക്കപ്പെടുന്നതും മഹാരാഷ്ട്രയിലാണ്. അലഞ്ഞുതിരിയുന്ന വൈരാഗിയായും ബ്രഹ്മാ വിഷ്ണു മഹേശ്വരൻമാരുടെ പ്രതിരൂപങ്ങളായ മൂന്നു തലയോടുകൂടിയും വെളുത്ത പശുവിനാലും തെരുവുനായ്ക്കളാലും അനുഗമിക്കപ്പെട്ട രീതിയിലുമാണ് ദത്താത്രേയനെ അവിടങ്ങളിൽ സൂചിപ്പിക്കാറുള്ളത്.

മൗലിക തത്ത്വചിന്താഗ്രന്ഥമായ 'അവധൂതഗീത' അദ്ദേഹത്തിന്റെതാണെന്ന് വിശ്വസിക്കപ്പെടുന്നു. അദ്വൈതസിദ്ധാന്തം വെളിപ്പെടുത്തിയ ആദ്യകാല കൃതിയായി ആ ഗ്രന്ഥത്തെ കരുതുന്നു. അഥർവവേദത്തിൽ ദത്താത്രേയനെപ്പറ്റി സൂചനയുണ്ട്. അതിനാൽത്തന്നെ ചിലർ വിശ്വസിക്കുന്നതുപോലെ ആധുനികകാലത്ത് കണ്ടെടുക്കപ്പെട്ട ഒരു നവപുരുഷനല്ല ദത്താത്രേയൻ. പക്ഷേ, ശ്രീപാദവല്ലഭനാൽ സമാരംഭിച്ച ദത്താത്രേയ പ്രസ്ഥാനം അടുത്തകാലത്തേതാണെന്നു (1320—1350) പറയാം. ദത്താത്രേയപ്രസ്ഥാനത്തിന്റെ പ്രതിഷ്ഠാപനത്തോടുകൂടിയാണ് മഹാരാഷ്ട്രയിലെ ഏറ്റവും പ്രചാരമുള്ള മൂർത്തിയായി ദത്താത്രേയൻ മാറിയതെന്നും ഭക്ത്യാനന്ദസക്തിയാൽ ആളുകൾ ഇപ്പോഴും അദ്ദേഹത്തെ ആരാധിക്കുന്നതെന്നു പറയാം.

ശ്രീപാദവല്ലഭനുശേഷം ദത്താത്രേയന്റെ അടുത്ത അവതാരമായി കരുതുന്ന സ്വാമി നരസിംഹസരസ്വതി 1380 മുതൽ 1459 വരെയുള്ള കാലയളവിലാണു ജീവിച്ചിരുന്നത്. ശ്രീ നരസിംഹ സരസ്വതിയുടെ ആത്മകഥ ഇങ്ങനെ ചുരുക്കിപ്പറയാം:

മഹാരാഷ്ട്രയിലെ വരാഡ് പ്രദേശത്തുള്ള കരാഞ്ജനഗറിൽ, ഈശ്വരവിശ്വാസനിരതരായി ജീവിച്ചുപോന്ന ബ്രാഹ്മണദമ്പതികളായ അംബയുടെയും മാധവന്റെയും മകനായാണ് അദ്ദേഹം ജനിച്ചത്. ബാലകനായിരുന്നപ്പോൾ അദ്ദേഹം കരഞ്ഞിരുന്നത് 'ഓം' എന്ന മഹാശബ്ദത്തിനു സമാനമായിരുന്നു എന്നു പറയപ്പെടുന്നു. ഈശ്വരൻ സ്വയം അവതാരം കൈക്കൊണ്ടതാണ് തങ്ങളുടെ പുത്രനെന്നു വിശ്വസിച്ച ആ മാതാപിതാക്കൾ അവന് 'നരഹരി' എന്നു നാമകരണം ചെയ്തു. മാനവകുലത്തിന്റെ പാപങ്ങളെ അകറ്റുന്നവനെന്ന് അർത്ഥം. ആറു വയസ്സുവരെ സംസാരിക്കാതിരുന്ന അവൻ ബധിരനാണെന്നാണ് ഗ്രാമീണർ കരുതിയിരുന്നത്. ആകെ അവൻ ഉച്ചരിച്ചിരുന്ന വാക്ക് 'ഓം' എന്നു മാത്രമായിരുന്നു.

ഏഴു വയസ്സായപ്പോൾ ഉപനയനത്തിനും ഗായത്രി മന്ത്രം പഠിപ്പിക്കുവാനുമുള്ള കാലമായി. ബധിരനായ ഒരു കുട്ടി എങ്ങനെ ഗായത്രി ജപിക്കുമെന്നോർത്ത് ഗ്രാമത്തിലുള്ളവർ അത്ഭുതപ്പെട്ടു. ഉപനയന

ആചാരം നടത്തുവാൻ അവന്റെ മാതാപിതാക്കൾ നിശ്ചയിച്ചു. ഗായത്രീ മന്ത്രം ഉപദേശിച്ചുകൊടുത്ത്, പവിത്രമായ പൂണൂൽ ധരിപ്പിച്ചയുടൻതന്നെ, വേദങ്ങൾ മന്ത്രിച്ചുകൊണ്ട് അവൻ എല്ലാവരെയും അതിശയിപ്പിച്ചു.

അതിനുശേഷം അവൻ ഒരു തീർത്ഥാടനത്തിനായി പുറപ്പെട്ടു. പക്ഷേ, മറ്റൊരു കുട്ടികൂടി ജനിക്കുന്നതുവരെ തന്നോടൊപ്പം തങ്ങണമെന്ന അമ്മയുടെ അപേക്ഷ അവൻ സ്വീകരിച്ചു. ഒരു വർഷത്തിനുശേഷം അവന്റെ അമ്മയ്ക്ക് ഇരട്ടകളായ ആൺകുട്ടികൾ ജനിച്ചതോടെ അവൻ വാരണാസിയിലേക്കു പോകുവാനുള്ള അനുവാദം അഭ്യർത്ഥിച്ചു. അവിടെവെച്ച് അവൻ വയോവൃദ്ധനായ സന്ന്യാസി കൃഷ്ണസരസ്വതിയെ കണ്ടുമുട്ടി. അദ്ദേഹം അവനെ, പരിത്യാഗികളുടെ പുരാതനകുലമായ ദശനാമി സമ്പ്രദായത്തിൽ അണിചേർക്കുകയും ശ്രീ നരസിംഹ സരസ്വതി എന്ന പേരു നൽകുകയും ചെയ്തു. കാവിവസ്ത്രം ധരിച്ച്, ദശനാമി ചിഹ്നമായ ദണ്ഡിയും കൈയിലേന്തി അവൻ സഞ്ചാരം തുടർന്നു.

പ്രയാഗിലേക്കു യാത്രതിരിച്ച അവൻ, ശേഷം ജന്മസ്ഥലത്തേക്കു തന്നെ മടങ്ങി. അവിടെയെത്തിയ അവൻ പരംപൊരുളിന്റെ നിഗൂഢതകൾ അമ്മയെ പഠിപ്പിക്കുകയുംഅമ്മയെ നിവേശിപ്പിക്കുകയും തന്റെ യാത്ര തുടരുകയും ചെയ്തു. ഗോദാവരീതീരത്തുകൂടിയും കൃഷ്ണാനദിയുടെ സൈകതഭൂമിയിലൂടെയും സഞ്ചരിച്ച് ഒടുവിൽ അവൻ കൃഷ്ണ-പഞ്ചഗംഗ സംഗമത്തിലെത്തിച്ചേർന്നു. നാനാതരം വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ ഒരു കൊടുംവനം അവിടെയുണ്ടായിരുന്നു. അവിടെ, ധാരാളം അത്തിമരങ്ങളുണ്ടായിരുന്നു. ആ വനത്തിനു നടുവിൽ കഠിന നിഷ്ഠകളുമായി കഴിയുന്ന രാമചന്ദ്ര എന്നു പേരായ ഒരു മഹായോഗിയുണ്ടായിരുന്നു. തനിക്കുണ്ടായ ചില ദർശനങ്ങളുടെ ഉറപ്പിന്മേൽ, അദ്ദേഹം ശ്രീ നരസിംഹ സരസ്വതിയുടെ വരവിനായി കാത്തിരിക്കുകയായിരുന്നു.

ശ്രീ നരസിംഹ സരസ്വതി കാടിനുള്ളിലേക്കു നടന്നുകയറി രാമചന്ദ്രയോഗിയുടെ മുമ്പിൽചെന്നുനിന്നു. രാമചന്ദ്രയോഗി അദ്ദേഹത്തെ കണ്ട് തിരിച്ചറിഞ്ഞ് തന്റെ ഇരിപ്പിടം നൽകുകയും ചെയ്തു. ദീർഘദർശിയായ ആ മഹാത്മാവ് ആ ഇരിപ്പടം സ്വീകരിക്കുകയും അത്തിമരത്തിനു കീഴിൽ ആസനസ്ഥനാവുകയും ചെയ്തു. അധികം വൈകാതെ, ശ്രീ നരസിംഹ സരസ്വതിയുടെ സാന്നിദ്ധ്യത്തിൽ, ശാരീരിക പ്രവർത്തനങ്ങളുടെ എല്ലാ അവസ്ഥകളെയും സ്വേച്ഛയാലും ബോധപൂർവ്വമായും അവസാനിപ്പിച്ച് ഒരിക്കലും ജീവിതത്തിലേക്കു തിരിച്ചുവരാത്തതുമായ, യോഗവികാസത്തിന്റെ ഏറ്റവും ഒടുവിലത്തേതെന്നു പറയാവുന്ന മഹാസമാധിയിലേക്കു രാമചന്ദ്രയോഗി പ്രവേശിക്കുകയും ചെയ്തു. ജീവസമാധിയെന്നും അതിനെ വിശേഷിപ്പിക്കാറുണ്ട്. ജീവ സമാധികളെന്നു പറയുന്ന ശവകുടീരങ്ങൾ ഇന്ത്യയുടെ പല ഭാഗത്തും ആരാധിക്കപ്പെടുന്നുണ്ട്. അത്തിമരത്തിൽനിന്നും അധികം അകലെയല്ലാത്ത ഇടത്താണ് രാമചന്ദ്രയോഗിയുടെ ജീവസമാധി.

ശ്രീ ഗുരു എന്നുകൂടി അറിയപ്പെടുന്ന ശ്രീ നരസിംഹ സരസ്വതി ഏതാണ്ട് 1427-ാം ആണ്ടോടുകൂടിയാണ്, നർസോബാവാഡി എന്ന് പിന്നീടറിയപ്പെട്ട ആ പ്രദേശത്ത് വന്നുചേർന്നത്. പന്ത്രണ്ടു വർഷക്കാലം അദ്ദേഹം അവിടെ ജീവിച്ചു. അവിടെനിന്നും കർണ്ണാടകയിലെ ഗംഗാപൂരിലെത്തിയ അദ്ദേഹം അടുത്ത ഇരുപതു വർഷക്കാലം അവിടെയാണു വസിച്ചത്. പിന്നീട് ആന്ധ്രാപ്രദേശിലെ ശ്രീശൈലത്തിലെത്തിയ അദ്ദേഹം അവിടെവച്ചാണ് മർത്ത്യദൃഷ്ടിയിൽനിന്നും അപ്രത്യക്ഷനായതെന്ന് പറയപ്പെടുന്നു.

ദിനംപ്രതി ആയിരക്കണക്കിന് ഭക്തന്മാരാൽ ആരാധിക്കപ്പെടുന്ന പാദുകങ്ങളുടെ കഥയാണ് ഇനി പറയാൻ പോകുന്നത്. ഇപ്പോഴത്തെ നർസോബാവാഡിയിൽനിന്നും ഏതാണ്ട് ആറു കിലോമീറ്ററപ്പുറത്ത് അലസ്സിൽ ഉള്ള, ബഹിറാം ഭട്ട് ജേരെ എന്നു പേരായ ഒരു തദ്ദേശീയ ബ്രാഹ്മണൻ ജീവിച്ചിരുന്നു. അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും അനപത്യദുഃഖം അനുഭവിക്കുന്നവരായിരുന്നു. ദരിദ്രരായ അവർ ധർമ്മനിഷ്ഠയോടുകൂടി ലളിതമായ ജീവിതം നയിച്ചുപോന്നു. ബഹിറാം ഭട്ട് തൊട്ടടുത്ത ഗ്രാമങ്ങളിൽപ്പോയി ഗ്രാമക്ഷേത്രങ്ങളിലെ ആചാരവിധിപ്രകാരമുള്ള പൂജാദികർമ്മങ്ങൾ ചെയ്യുമായിരുന്നു. ഒരു ദിവസം കൃഷ്ണാനദിയുടെ കിഴക്കൻ തീരത്ത് ഇപ്പോൾ പാദുകങ്ങൾ (ശ്രീ നരസിംഹസരസ്വതിയുടെ കാലടികൾ കൃഷ്ണശിലയിൽ പതിഞ്ഞത്) കാണുന്നയിടത്ത്, അത്തിമരച്ചുവട്ടിലായി ദൈവികഭാവം തുളുമ്പുന്ന ഒരു സന്ന്യാസിയെ കണ്ടു.

നദികടന്ന് അദ്ദേഹത്തിന് അരികിലെത്തി ഭട്ട് സാഷ്ടാംഗം നമസ്കാരം ചെയ്തു. സ്വാമി അനുഗ്രഹിച്ചുകൊണ്ട് 'നാരായണ നാരായണ' എന്നു ചൊല്ലി. ഷിറോലി ഗ്രാമത്തിലേക്ക് യാത്ര ചെയ്ത ബഹിറാം മടക്കയാത്രയിലും അദ്ദേഹത്തെ വണങ്ങി. കുറെ ദിവസങ്ങൾ ഈ പതിവു തുടർന്നു. ഒരു ദിവസം ഷിറോലിയിൽനിന്നും ഗൃഹത്തിലേക്കു മടങ്ങുകയായിരുന്ന ഭട്ട് എന്നത്തേയുംപോലെ സ്വാമിയുടെ അടുത്തെത്തി അദ്ദേഹത്തെ നമസ്കരിച്ചു. സ്വാമി അദ്ദേഹത്തോട് ഇരിക്കുവാൻ ആംഗ്യം കാണിച്ചു. കുറച്ചുനേരം കഴിഞ്ഞ് സ്വാമിയെ വീണ്ടും നമിച്ചിട്ട് അദ്ദേഹം എഴുന്നേറ്റു. ഇരുട്ടു വീഴാറായെന്നും സന്ധ്യാവന്ദനാദികൾ അവിടെവച്ച് കഴിച്ചിട്ടു പോകാമെന്നും സ്വാമി ഭട്ടിനോട് പറഞ്ഞു. എല്ലാം മംഗളമാകുമെന്നും ഭാര്യയെക്കുറിച്ചോർത്ത് വേവലാതിപ്പെടേണ്ടതില്ലെന്നും 'രാത്രിയിൽ ഇവിടെ തങ്ങി, നാളെ മടങ്ങിയാൽ മതി'യെന്നും സ്വാമി അദ്ദേഹത്തോടു പറഞ്ഞു.

അടുത്ത പ്രഭാതത്തിൽ, വീട്ടിലേക്കു മടങ്ങിപ്പോകണമെന്നും ഭാര്യയുമായി സംസാരിച്ചിട്ട് ബ്രാഹ്മണൻ തന്റെ വാസസ്ഥലം ആ അത്തിവനത്തിലേക്കു മാറ്റണമെന്നും ആ സ്വാമി അദ്ദേഹത്തെ ഉപദേശിച്ചു. വർഷങ്ങളോളം ഇരുന്നു ധ്യാനിച്ചിരുന്ന ശിലയിൽ ദത്താത്രേയന്റെ കാലടികൾ താനേ തെളിയുമെന്ന് സ്വാമി അദ്ദേഹത്തോടു പറഞ്ഞു. ബ്രാഹ്മണനും

അദ്ദേഹത്തിന്റെ ഭാര്യയും അവിടെ താമസിച്ച് പാദുകങ്ങളെ ദിവസവും പൂജിക്കണം. ബ്രാഹ്മണന് അറുപതു വയസ്സായെങ്കിലും, അദ്ദേഹത്തിന്റെ ഭാര്യ നാല് ആൺമക്കളെ പ്രസവിക്കുമെന്നും അങ്ങനെ അവരുടെ കുടുംബം പാദുകപൂജ തുടർന്നും നടത്തുമെന്നും സ്വാമി പറഞ്ഞു.

ബഹിറാം ഭട്ടും ഭാര്യയുംകൂടി അത്തിമരക്കാട്ടിലെത്തി, 'പവചിച്ചി രുന്നതുപോലെ പ്രത്യക്ഷപ്പെട്ട പാദുകങ്ങളെ പൂജിക്കുവാനാരംഭിച്ചു. പാദുകാരാധന മുടക്കംകൂടാതെ നടക്കുമെന്ന ഉറപ്പുലഭിച്ചശേഷം ശ്രീ നരസിംഹ സരസ്വതി കർണ്ണാടകയിലെ ഗംഗാപൂരിലേക്ക് പോവുകയും, ആന്ധ്രാപ്രദേശിലെ ശ്രീശൈലത്തിനടുത്തുള്ള കദളീവനത്തിലേക്ക് അന്തർധാനം ചെയ്യുന്നതിനുമുമ്പായി ഇരുപതു വർഷക്കാലം അവിടെ വസിക്കുകയും ചെയ്തു.

ഇപ്പോൾ, പാദുകാരാധന നടത്തുന്ന പുരോഹിതന്മാർ ബഹിറാം ഭട്ടിന്റെ പിൻതലമുറയിൽ പെട്ടവരാണെന്ന് വിശ്വസിക്കപ്പെടുന്നു.

എന്റെ ആത്മകഥയിൽ, ഷിർദിസായിബാബ എന്റെ കൈയിൽ കുറച്ചു പണം നൽകിയിട്ട് ദത്താത്രേയ പാരമ്പര്യം വിളങ്ങുന്ന സ്ഥലങ്ങളെല്ലാം സന്ദർശിക്കുവാൻ നിർദ്ദേശിച്ച സംഭവം ഞാൻ വിവരിച്ചിട്ടുള്ളത് നിങ്ങൾ ക്കോർമ്മയുണ്ടാകും. അന്നു ഞാൻ സന്ദർശിച്ച സ്ഥലങ്ങളിലൊന്ന് നർസോബാവാഡിയായിരുന്നു.

ബസ്സിൽനിന്നും ഇറങ്ങിയ ഞാൻ തങ്ങുവാനായി ഒരു ചെറിയ മുറി കണ്ടുപിടിച്ചു. സന്ധ്യയായിക്കഴിഞ്ഞിരുന്നു. കുളികഴിഞ്ഞ്, പാദുകങ്ങൾ സൂക്ഷിച്ചിരുന്ന ക്ഷേത്രത്തിലേക്ക് ഞാൻ പോയി. അതിലൊരു പുരോ ഹിതൻ—അദ്ദേഹത്തിന്റെ പേരിന്റെ ആദ്യഭാഗം എനിക്കോർമ്മയില്ല, രണ്ടാം ഭാഗം ഭട്ട് എന്നായിരുന്നു—എന്നെയും കൂട്ടി എല്ലാ സ്ഥലവും സന്ദർശിക്കുകയും വിവരങ്ങൾ വിശദീകരിച്ചു തരികയും ചെയ്തു. അദ്ദേഹത്തിനു നന്ദി പറഞ്ഞശേഷം ഞാൻ ഘാട്ടിന്റെ പടവുകളിൽ ഏറെനേരമിരുന്നു. അവിടെനിന്നും ഞാൻ രാമചന്ദ്രയോഗിയുടെ സമാധി യിലെത്തി. അവിടം എനിക്ക് ഒരുപാട് ഇഷ്ടപ്പെട്ടു. അവിടത്തെ ഏകാന്ത തയും, വ്യത്യസ്തവും ആനന്ദാനുഭൂതിനിറഞ്ഞതുമായ ശാന്തതയും എന്റെ മനസ്സു കൈയേറി. അവിടെ ഞാൻ രണ്ടു മണിക്കൂറെങ്കിലും ധ്യാനത്തിലിരുന്നു. കണ്ണുകൾ തുറന്നപ്പോൾ വല്ലാതെ ഇരുട്ടിയിരുന്നു. മുറിയിലേക്കു മടങ്ങാനായി കുർത്തയുടെ കീശയിൽനിന്നും ഫ്ലാഷ് ലൈറ്റ് എടുത്തുകൊണ്ടിരുന്നപ്പോൾ, വല്ലാത്തൊരു സുഗന്ധം അവി ടുത്തെ അന്തരീക്ഷത്തിൽ വ്യാപിച്ചു.

സ്വയം പ്രകാശിതമെന്നു തോന്നിപ്പിച്ച തേജസ്വിയായ കാവിവസ്ത്ര ധാരിയായ ഒരു യുവസന്ന്യാസി വരാന്തയിലേക്ക് ഇറങ്ങിവന്നു. അദ്ദേഹ ത്തിന്റെ മുഖത്തേക്കു നോക്കിയ ഉടനെ, അത് ശ്രീ നരസിംഹ സരസ്വതി യാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. എത്ര ഭാഗ്യവാനാണ് ഞാനെന്ന് ആത്മ ഗതം നടത്തി അദ്ദേഹത്തിന്റെ പാദങ്ങളിൽ സാഷ്ടാംഗം വന്ദനം നടത്തി.

രണ്ടു കൈകളും എന്റെ തലയിൽവച്ച് അനുഗ്രഹിച്ചതിനുശേഷം അദ്ദേഹം സുവ്യക്തമായ ഹിന്ദി ഭാഷയിൽ മധുരോദാരമായി സംസാരിച്ചു:

"സായി നിന്നെ ഇങ്ങോട്ടയച്ചത് എന്നെ കാണാനായിട്ടാണ്. സകല സന്ന്യാസിമാരുടെയും സാരാംശസ്വരൂപമാണ് ദത്താത്രേയൻ. അനവധി ജന്മങ്ങൾക്കുമുമ്പ്, ഞാൻ ഗിർണാറിലായിരുന്നപ്പോൾ നീ എന്നെ കാണാനായി വന്നിരുന്നു. മോക്ഷപദമാർഗ്ഗത്തിൽ ചരിക്കുന്ന ഒരു പരിവ്രാജക സന്ന്യാസി ആയിരുന്നു നീ അക്കാലത്ത്. നിന്റെ സാധനയെയും പൂർവ്വ കാലത്തെയുംപറ്റി നാം മൂന്നു മണിക്കൂർ നേരം ചർച്ചനടത്തി. അന്നു നിന്റെയുള്ളിൽ ഹിമാലയത്തിലേക്കു പോകുവാനും ശ്രീഗുരു ബാബാജി എന്നറിയപ്പെടുന്ന നിത്യനാഥ് എന്ന മഹാത്മാവിനെ കാണാനുമുള്ള അതിതീവ്രമായ ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നതായി നീ അന്ന് സൂചിപ്പിച്ചിരുന്നു.

"ആ ജന്മത്തിൽ നിന്റെ ആഗ്രഹം സഫലമാകില്ലെന്നും അടുത്തവർഷം നർമ്മദയിലെ പ്രളയത്തിൽ നീ മുങ്ങിമരിക്കുമെന്നും അതിനടുത്ത ജന്മം നീ, മൂന്നു തലമുറകളായി ബാബാജിയുടെ ശിഷ്യന്മാരുള്ള ഹിമാലയത്തിലെ ഒരു യാഥാസ്ഥിതിക കുടുംബത്തിൽ ജനിക്കുമെന്നും ഞാൻ അന്ന് നിന്നോടു പറഞ്ഞിരുന്നു. അങ്ങനെ ആ ജന്മത്തിൽ അദ്ദേഹത്തിന്റെ ശിഷ്യനായി നിന്റെ ആഗ്രഹം നിവർത്തിക്കപ്പെടും."

"അന്നു ഞാൻ ദത്താ മന്ത്രം—'ദിഗംബര ദിഗംബര ശ്രീപാദവല്ലഭ ദിഗംബര'എന്നത്— നിനക്ക് ഉപദേശിച്ചു തന്നു. നീ ഓർക്കുന്നുണ്ടോ?"

"ഉവ്വ് സ്വാമി, ഞാനാ മന്ത്രം ഓർക്കുന്നുണ്ട്."

"നന്നായി. പ്രളയംവന്ന് മുങ്ങിമരിച്ച നീ ബദരീനാഥിനടുത്തുള്ള പണ്ഡുകേശ്വറിലെ ഗഢ്‌വാളി ബ്രാഹ്മണകുടുംബത്തിൽ പിറന്നു. ബാബാജി നന്നേ ചെറുപ്പത്തിൽതന്നെ നിന്നെ തിരഞ്ഞെടുക്കുകയും നീ നന്നായി വികാസം പ്രാപിക്കുകയും ചെയ്തു. പക്ഷേ, നീ അദ്ദേഹത്തെ വിട്ടു പോകേണ്ടിവന്നു. എന്തിനാണെന്നും നിനക്കറിയാം?"

"ഒരുപാടു വർഷങ്ങൾക്കുശേഷം നീ വീണ്ടും ശ്രീ പത്മനാഭസ്വാമിയുടെ ഇരിപ്പിടമായ തിരുവനന്തപുരത്ത് ജനിച്ചു. അന്ന് ബാബാജിയുടെ ശിഷ്യനായ മഹേശ്വർനാഥ ബാബാജി നിന്നെ പരമപാദമാർഗ്ഗത്തിൽ ചരിപ്പിക്കുവാനായി എത്തിച്ചേർന്നു. ശേഷിക്കുന്ന കഥ നിനക്കറിയാമല്ലോ. ശ്രീപാദവല്ലഭനായി ഞാൻ അവതാരം കൈക്കൊണ്ട ആന്ധ്രപ്രദേശിലെ പീതപുരത്തേക്കു നീ യാത്ര തിരിക്കുംമുമ്പേ രണ്ടു ദിവസം ഇവിടെ തങ്ങുക. ഇവിടെയുള്ള സമയം, നിന്നെക്കൊണ്ടു കഴിയാവുന്നത്ര മന്ത്രം ജപിക്കുക. ഞാൻ പോകുന്നു."

നിഗൂഢമാർഗ്ഗത്തിലൂടെ പ്രത്യക്ഷനായ അദ്ദേഹം അങ്ങനെതന്നെ അപ്രത്യക്ഷനായി. മുറിയിൽ തിരിച്ചെത്തിയ ഞാൻ നീണ്ട ബസ് യാത്രയുടെ ക്ഷീണംകൊണ്ട് അതിവേഗം ഉറങ്ങിപ്പോയി. രണ്ടു ദിവസം നർസോബാവാഡിയിൽ തങ്ങിയ ഞാൻ അവിടെനിന്ന് പീതപുരത്തേക്കു യാത്രയായി.

# ബുദ്ധനുമായുള്ള സമാഗമം

ഉയർന്ന ജാതിയിൽപ്പെട്ടവർ താണവരിൽ താണവരായി കരുതിയിരുന്ന ഒരു സമുദായത്തിലാണ് ഞാൻ ജനിച്ചത്. ജാതി നോക്കാതെ ശവശരീരങ്ങൾ ഏറ്റെടുക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്നവരിൽ ഒരാളായിരുന്നു ഞാൻ. ഉയർന്ന ജാതിയിൽപെട്ടവരും ഹീനജാതിയിൽ പെട്ടവരും ഒരുപോലെ ആത്യന്തികമായി വെറും ചാരമായിപ്പോകുന്നവരാണ്. അഞ്ചു വയസ്സുവരെ സംസാരിക്കാതിരുന്ന എന്റെ പേര് സംസാരശേഷി ഇല്ലാത്തവൻ എന്നർത്ഥമുള്ള മൂക എന്നായിരുന്നു.

പുരാതനനഗരമായ വാരാണസി അഥവാ ബനാറസ്സിലെ, പുണ്യനദിയായ ഗംഗയുടെ തീരത്തെ പുകൾപെറ്റ മണികർണ്ണികാഘട്ടിൽ ശവദാഹം നടത്തുന്ന ജോലിയായിരുന്നു ഞാൻ ചെയ്തിരുന്നത്. ദിവസവും നൂറുകണക്കിന് ശവശരീരങ്ങളാണ് എന്റെ മാർഗത്തിൽ വന്നത്. ശവം ദഹിപ്പിക്കുന്ന ഞങ്ങളെ എല്ലാവരും അധഃകൃതരും അശുദ്ധരുമായാണ് കരുതിയിരുന്നത്. മിക്കവാറും ആരാധനാസ്ഥലങ്ങളിൽ ചെല്ലുവാനോ പുരാണങ്ങൾ പാരായണം ചെയ്യുവാനോ അനുവാദമില്ലാതിരുന്ന ഞങ്ങൾക്ക് ആകപ്പാടെയുള്ള ആശ്വാസം നാടൻ ചാരായമായിരുന്നു. പകലന്തിയോളം ശവശരീരങ്ങളുമായി സമ്പർക്കപ്പെടുന്നതിന്റെ ഓർമ്മകളെയും ഞങ്ങളുടെ മാനക്കേടുകളെയും താത്കാലികമായെങ്കിലും മറക്കുവാനും മായ്ച്ചുകളയുവാനും ചാരായം ഞങ്ങളെ സഹായിക്കാറുണ്ടായിരുന്നു. നികൃഷ്ടവും ദുരിതപൂർണ്ണമായ ജീവിതമാണ് ഞങ്ങൾ നയിച്ചിരുന്നത്.

മതപ്രഭാഷണങ്ങളും താത്ത്വിക സംവാദങ്ങളും ദൈനംദിനം അരങ്ങേറുന്ന പുരാതന നഗരത്തിൽ ജീവിച്ചിരുന്നതുകൊണ്ട് കുട്ടിക്കാലം മുതൽതന്നെ ഞങ്ങളുടെ കൂട്ടത്തിലുള്ളവരിൽനിന്നും വ്യത്യസ്തമായ ഒരാഗ്രഹം എന്റെ ഉള്ളിലുണ്ടായിരുന്നു. അവിടെ നടക്കുന്ന പ്രഭാഷണ -സംവാദങ്ങൾ ഒളിച്ചിരുന്ന് സാകൂതം കേൾക്കുക എന്നതായിരുന്നു അത്. അതിനാലാകാം മുപ്പതു വയസ്സ് എത്തിയപ്പോഴേക്കും നാം ജീവിക്കുന്ന ഈ ലോകത്തുനിന്നു യാതൊന്നും ലഭിക്കുകയില്ല എന്ന തോന്നൽ എന്റെയുള്ളിൽ സ്വാഭാവികമായി ഉണ്ടായത് ഏത് ഉന്നതനും എത്ര നിസ്സാരമായാണ് മരണത്തിനു മുന്നിൽ കീഴടങ്ങുന്നതെന്നും എരിഞ്ഞു വെറും ചാരമായിത്തീരുന്നതെന്നും ഞാൻ കൺമുന്നിൽ കാണുകയായിരുന്നു. ക്ലേശങ്ങൾക്കിടയിൽ വല്ലപ്പോഴും മാത്രം ലഭിക്കുന്ന സന്തോഷത്തിന്റെ തീരെക്കുറച്ചു നിമിഷങ്ങൾ മാത്രമാണ് നമ്മുടെയൊക്കെ ജീവിതത്തിലുള്ളത്.

ചെറുപ്പത്തിൽതന്നെ ഭാര്യ മരിച്ചു. ഒരു വർഷത്തിനുശേഷം, ഇരുണ്ട ഇളം താമരപ്പൂപോലെയുള്ള എന്റെ മകൾ ഗംഗാനദിയിൽ മുങ്ങിമരിച്ചു. ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഒരു അർത്ഥവുമില്ല എന്ന് എനിക്കു തോന്നി. ആകപ്പാടെ എനിക്ക് ആശ്വാസം പകർന്നത് ഞാൻ കുടിച്ച ചാരായം മാത്രമാണ്. ഈ നിഷ്ഠുരലോകത്തെപ്പറ്റി മറക്കാൻ അതെന്നെ സഹായിച്ചു. ഈ ദൈന്യതയിൽനിന്നു രക്ഷപ്പെടുവാൻ ആത്മഹത്യ ചെയ്താലോ എന്നു ഞാൻ ഒരു വേള ആലോചിച്ചു. പക്ഷേ, ധാരാളം പ്രഭാഷണങ്ങളിൽ, ഒരാൾ മരിച്ചാൽ വീണ്ടും ഈ ഭൂമിയിലേക്കു തന്നെ തിരിച്ചുവരുമെന്ന് ഞാൻ കേട്ടിട്ടുണ്ട്. "ആർക്കറിയാം." ഞാൻ സ്വയം ചോദിച്ചു:

"ഈ ദിവ്യന്മാർ കള്ളം പറയുന്നതായിരിക്കും. അതല്ല, അവർ പറയുന്നത് സത്യമാണെങ്കിൽ... ഈ കഷ്ടപ്പാടിലേക്ക് ഇനി തിരിച്ചുവരാനോ? എല്ലാം അവസാനിപ്പിക്കുവാനുള്ള മറ്റെന്തെങ്കിലും മാർഗം തീർച്ചയായും ഉണ്ടാവും."

വലിയ പണ്ഡിതന്മാരുടെയോ പുരോഹിതൻമാരുടെയോ അടുത്ത് സഹായം ചോദിച്ചു ചെല്ലുവാനുള്ള ധൈര്യം എനിക്കുണ്ടായിരുന്നില്ല. ശവശരീരങ്ങൾ കത്തിക്കുന്ന, മദ്യപാനിയും നികൃഷ്ടജാതിയിൽ പെട്ടവനുമായ എന്നെ അവർ കണ്ടാലുടൻ ആട്ടിയോടിക്കുകയേയുള്ളൂ.

അങ്ങനെയിരിക്കെ ഒരു ദിവസം, നിഗന്തന്മാർ ധരിക്കുന്നതുപോലെയുള്ള വെളുത്ത മേലങ്കിയണിഞ്ഞ വൃദ്ധനായ ഒരു സന്ന്യാസി മണികർണികാഘാട്ടിലെത്തി. അദ്ദേഹത്തെ കണ്ട ഞാൻ, ആദ്ദേഹം ആരാണെന്നോർത്ത് അത്ഭുതപ്പെട്ടു. നടക്കുമ്പോൾ ഞാൻ അദ്ദേഹത്തെ പിന്തുടർന്നു. തിരിഞ്ഞുനോക്കാതെ മുന്നോട്ടുപോയ അദ്ദേഹം അവിടെ ഒരു പഴക്കം ചെന്ന ആൽമരത്തിനു കീഴിൽ ഇരിപ്പുറപ്പിച്ച്ു. വിദൂരതയിൽനിന്നു കൗതുകത്തോടെ നോക്കുകയായിരുന്ന എന്നെ അദ്ദേഹം കണ്ടു.

"ഇവിടെ വരൂ." വലതുകൈകൊണ്ട് ആംഗ്യം കാണിച്ച് അദ്ദേഹം പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നു സുരക്ഷിതമായ അകലം പാലിച്ചുനിന്നു.

"ഇരിക്കൂ." അദ്ദേഹം പറഞ്ഞു.

"ഞാൻ ശവശരീരങ്ങൾ ദഹിപ്പിക്കുന്നവനാണ്..." ഞാൻ പറഞ്ഞു തുടങ്ങി.

"എനിക്കറിയാം. വരൂ, ഇവിടെ വന്നിരിക്കൂ." അദ്ദേഹം പറഞ്ഞു. ഞാൻ ഇരുന്നു.

"ഇനി നിന്നെപ്പറ്റി പറയൂ." അദ്ദേഹം പറഞ്ഞു.

ഞാൻ എന്റെ കഥ അദ്ദേഹത്തോടു പറഞ്ഞു. ചിലപ്പോൾ കണ്ണുകൾ അടച്ചിരുന്നും മറ്റു ചിലപ്പോൾ തുറന്നുവച്ചും അദ്ദേഹം എന്നെ കേട്ടു.

"എന്നോടു തുറന്നു സംസാരിച്ചതിലൂടെ നീ നിന്റെ ഉള്ളിൽ വഹിച്ചിരുന്ന ഭാരമെല്ലാം ഇറക്കിവച്ചിരിക്കുന്നു. ഇപ്പോൾ നിനക്ക് ആശ്വാസം തോന്നുന്നില്ലേ?"

അദ്ദേഹത്തിന്റെ ശബ്ദം അനുതാപാർദ്രമായിരുന്നു.

"അല്ലയോ മഹാത്മാവേ, ഞാൻ ഭാരരഹിതനും സന്തുഷ്ടനുമായിരിക്കുന്നു. ഇതൊന്നും തുറന്നുപറയാൻ എനിക്കാരും ഉണ്ടായിരുന്നില്ല. ശാശ്വതസമാധാനം കൈവരിക്കുവാൻ അങ്ങേക്ക് എന്തെങ്കിലും ഉപദേശം തന്നുകൂടേ? ഞാൻ അങ്ങയെ അനുഗമിക്കട്ടെ, അതോ തൊട്ടുകൂടാത്തവനായതുകൊണ്ട് അങ്ങെനിക്ക് അയോഗ്യത കല്പിക്കുമോ?"

"ഞാൻ നിന്റെ ഗുരുവല്ല," അദ്ദേഹം പറഞ്ഞു: "പക്ഷേ, ഞാൻ നിന്നെ സഹായിക്കാം. എന്റെ ഉപദേശങ്ങളെ നീ പിൻതുടരുമെങ്കിൽ."

"ഞാൻ ഇതാ സത്യം ചെയ്യുന്നു."

"നീ ഇന്നുമുതൽ ശവശരീരം ദഹിപ്പിക്കുന്ന തൊഴിൽ ചെയ്യുന്നതു നിർത്തൂ. ചാരായംകുടി നിർത്തൂ. വരുണാനദി കടക്കുവാനായി ജനങ്ങൾ ഉപയോഗിക്കുന്ന, പൊളിഞ്ഞുവീഴാറായ ആ പാലത്തിൽനിന്നും അധികം അകലെയല്ലാതെ നിൽക്കുന്ന വലിയ ആൽമരത്തിനു കീഴിൽ, ഒരാഴ്ചക്കാലത്തിനുശേഷം നീ ഒരു ചെറിയ കുടിൽ ഉണ്ടാക്കുക. കൗപീനധാരിയായി, ആഹാരത്തിനായി ഒരു മൈൽ അകലെയുള്ള ജൈന അധിവാസ പ്രദേശത്തു ചെന്ന് നീ ഭിക്ഷയാചിക്കുക. ഒരു ദിവസം ഒരു നേരം മാത്രം ഭക്ഷണം കഴിക്കുക. ആഹാരത്തിനായി മൃഗങ്ങളെ വേട്ടയാടരുത്. നദീജലം നിറച്ച ഒരു മൺകുടവും അതിൽനിന്നും വെള്ളം കുടിക്കുവാനായി ഒരു കളിമൺ കോപ്പയും കരുതുക. ദിവസവും രാവിലെ നദിയിൽ കുളിക്കുക. അതിനുശേഷം കണ്ണുകളടച്ച് ഒരു മണിക്കൂറെങ്കിലും പരമപവിത്രമായ 'ഓം'കാരം ജപിക്കുക."

"ഒന്നോ രണ്ടോ മാസം ഇതു തുടരുക. ഒരു ദിവസം, ബോധോദയം സിദ്ധിച്ച മഹാനായ അർഹത് ഗൗതമൻ നിനക്കു മുന്നിൽ പ്രത്യക്ഷനാകും. മാനുകളുടെ പ്രദർശനശാലയ്ക്ക് അടുത്തു സ്ഥിതിചെയ്യുന്ന സാരംഗനാഥ് ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനപാതയിലൂടെ അദ്ദേഹം നടക്കും. പാലത്തെ ലക്ഷ്യമാക്കി മുന്നോട്ടു നടക്കുന്ന അദ്ദേഹം ഒറ്റയ്ക്കായിരിക്കും. മുഖത്തു മുറ്റിനിൽക്കുന്ന പ്രശാന്തഭാവത്താലും നടപ്പിലുള്ള പ്രൗഢഗംഭീര ഭാവത്താലും നീ അദ്ദേഹത്തെ തിരിച്ചറിയും. അദ്ദേഹത്തിന്റെ പാദദ്വയങ്ങളെ നീ കഴുകുക. കുടിക്കാൻ ജലം നൽകിയിട്ട് ആൽമരത്തണലിൽ അദ്ദേഹത്തെ ഇരുത്തിയിട്ട് സാഷ്ടാംഗ നമസ്കാരം ചെയ്യുക." ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എഴുന്നേറ്റ് നടന്നകന്നു.

അടുത്ത ദിവസം ഞാൻ വീടുവിട്ടിറങ്ങി. അദ്ദേഹം പറഞ്ഞത് അക്ഷരം പ്രതി അനുസരിച്ചു. ആൽമരത്തിനു കീഴിൽ ഒരു കുടിൽ മേഞ്ഞു. ഭിക്ഷ യാചിച്ചു കിട്ടുന്നതുമാത്രം ഭക്ഷിച്ചു. ഒരു പഴയ മൺകുടം സംഘടിപ്പിച്ച് നന്നായി വൃത്തിയാക്കി. നദിയിൽനിന്നും അതിൽ പതിവായി ശുദ്ധജലം നിറച്ചു. ഉപയോഗിക്കാത്ത ഒരു പുത്തൻ മൺകോപ്പയും എനിക്കുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വരവിനായി കാത്തിരുന്നു. ഉദിച്ചുയരുന്ന സുവർണ്ണ സൂര്യബിംബത്തെ നോക്കി, ഓംകാരം ജപിച്ചു

കൊണ്ട് ഞാൻ എല്ലാ ദിവസവും ധ്യാനിച്ചു. എനിക്കു വല്ലാത്ത സ്വസ്ഥത അനുഭവിക്കാൻ കഴിയുന്നുണ്ടായിരുന്നു. പ്രക്ഷുബ്ധത കുറഞ്ഞു കുറഞ്ഞു വന്നു.

ഞാൻ കാത്തിരുന്ന ദിവസം ഏതാണ്ട് രണ്ടു മാസങ്ങൾക്കുശേഷമാണ് വന്നെത്തിയത്. ചുട്ടുപൊള്ളുന്ന ഒരു മധ്യാഹ്നത്തിൽ നരച്ച തവിട്ടുനിറമുള്ള വസ്ത്രം പുതച്ചുകൊണ്ട് ഒരു സന്ന്യാസി, വാരാണസിയുടെ ദിക്കിൽനിന്നും ഗംഗാതീരത്തുകൂടി നഗ്നപാദനായി നടന്നുവരുന്നു. പ്രൗഢഗംഭീരവും സാവധാനവുമായ രാജകീയ നടത്തത്താൽ അത് അദ്ദേഹംതന്നെയാണെന്ന് തെറ്റുപറ്റാത്ത വിധം സ്പഷ്ടമായിരുന്നു.

എന്റെ ഹൃദയമിടിപ്പിന്റെ താളംതെറ്റി. കുടിലിൽനിന്നും ഓടി പുറത്തിറങ്ങിയ ഞാൻ ആൽമരത്തിന് അടുത്തേക്കു നടക്കുന്ന അദ്ദേഹത്തെ ഉറ്റുനോക്കിനിന്നു. അതിമനോഹരമായ ലക്ഷണങ്ങളുള്ള, ഒരിക്കൽ സൗന്ദര്യമുണ്ടായിരുന്ന, ഇപ്പോൾ കരുവാളിച്ചുപോയ ആ മുഖം എനിക്കു കാണാമായിരുന്നു. അസാധാരണമായ അഴകുള്ള മുഖലക്ഷണം! ക്ഷത്രിയന്റേതുപോലെ സ്ഥൈര്യവും എന്നാൽ സ്ത്രൈണമായ കോമളഭാവവും. ഇടകലർന്ന ഛായ. ഉച്ചിയിലേക്കു കുടുമ്മയായി ഉയർത്തി കെട്ടിവച്ചിരിക്കുന്ന ചുരുണ്ട മുടിയും മുഖത്തു വളരെ കുറച്ചു ശ്മശ്രുക്കളും. ഞാൻ ഓടിച്ചെന്ന്, നടന്നു ക്ഷീണിച്ചുപോയ ആ കാലടികളിൽ സാഷ്ടാംഗപ്രണാമം നടത്തി.

പതുക്കെ ചുമലിൽ പിടിച്ച് എന്നെ എഴുന്നേല്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "മതി മതി, ഇനി എഴുന്നേൽക്കൂ."

എന്റെ കണ്ണുകളിലേക്കു നോക്കി അദ്ദേഹം മന്ദഹസിച്ചു. ഓ, എത്ര കരുണാർദ്ര മന്ദഹാസമായിരുന്നു അത്. അമ്മയ്ക്ക് സ്വന്തം കുഞ്ഞ് എങ്ങനെയാണോ അതുപോലെയാണ് ഞാൻ അദ്ദേഹത്തിനെന്ന് എനിക്കു തോന്നി. സന്തോഷംകൊണ്ടു മതിമറന്ന ഞാൻ സ്തബ്ധനായി അദ്ദേഹത്തെ നോക്കിനിന്നു. എന്താണു ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനുമുമ്പ് എത്രനേരം ഞാൻ ആ നില തുടർന്നു എന്നെനിക്കറിയില്ല.

"അല്ലയോ വന്ദ്യവയോധിക, എനിക്ക് അങ്ങയുടെ കാലടികൾ കഴുകണം, കുടിക്കാൻ വെള്ളം തരണമെന്നുണ്ട്. എന്നെ അതിന് അനുവദിക്കാനുള്ള കരുണയുണ്ടാവണം."

"അങ്ങനെയാകട്ടെ." ബോധോദയം സിദ്ധിച്ച അദ്ദേഹം പറഞ്ഞു.

ആൽമരത്തിനരികിലുള്ള ശിലയുടെ അടുത്തേക്ക് ഞാനദ്ദേഹത്തെ കൊണ്ടുപോയി. കളിമൺകുടത്തിൽനിന്നും വെള്ളമൊഴിച്ച് പാദങ്ങൾ കഴുകി. ആ വെള്ളം ഞാനെന്റെ ശിരസ്സിനു മീതെ കുടയുകയും കുറച്ചു വെള്ളം കുടിക്കുകയും ചെയ്തു. എന്റെ മേലങ്കിയുടെ അറ്റംകൊണ്ട് അദ്ദേഹത്തിന്റെ കാലടികൾ തുടച്ചു. എന്നിട്ട് അദ്ദേഹത്തെ കുടിലിലേക്ക് ആനയിച്ച്, അവിടെ ഇരിക്കുവാൻ അപേക്ഷിച്ചു. അദ്ദേഹത്തിനായി

കരുതിവച്ചിരുന്ന മൺകോപ്പയിൽ ജലം നിറച്ച് കുടിക്കാൻ കൊടുത്തിട്ട് അദ്ദേഹത്തിന്റെ പ്രശോഭിത സാന്നിദ്ധ്യം കണ്ണുകൾകൊണ്ട് ആസ്വദിച്ച് ഞാൻ ധന്യനായി നിന്നു.

കണ്ണുനീർ നിറഞ്ഞ മിഴികളോടെ, തൊഴുകൈകളുമായി ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "ബോധദീപ്തനും മഹാത്മാവുമായ അല്ലയോ ഭഗവാനേ, ശവശരീരങ്ങളെ ദഹിപ്പിക്കുന്ന എളിയവനായ എന്റെ കുടിലിലേക്കു വരികയും അധഃകൃതനായിപ്പിറന്ന ഞാൻ നൽകിയ വെള്ളം വാങ്ങി കുടിക്കുകയും ചെയ്ത അങ്ങെത്ര കാരുണ്യവാനാണ്. സ്വാർത്ഥതയുടെയും സങ്കടത്തിന്റെയും ഈ ഭീതിദലോകത്തിൽ എനിക്കുള്ള എല്ലാ താത്പര്യങ്ങളും നഷ്ടപ്പെട്ടിരിക്കുന്നു. ഭൗതികാസ്തിത്വത്തിന്റെ ഈ അലകടലിൽനിന്നും ദയവായി എന്നെ രക്ഷിച്ചാലും. വന്ദ്യവയോധികനായ ഒരു നിഗന്തൻ—അദ്ദേഹത്തെ അനുഗ്രഹിച്ചാലും— അദ്ദേഹമാണ് അങ്ങയുടെ കാൽക്കൽ വീണ് അർത്ഥിക്കുവാനും സഹായം യാചിക്കുവാനും എന്നോട് ഉപദേശിച്ചത്. നിസ്സഹായനായ ഈയുള്ളവനെ സഹായിച്ചാലും."

"ധന്യാത്മാവേ," സുശക്തമെങ്കിലും ആശ്വാസകരമായ ശബ്ദത്തിൽ ബുദ്ധൻ പറഞ്ഞുതുടങ്ങി: "നിന്റെ മാർഗ്ഗത്തിൽ നീ മനസ്സുറപ്പിച്ചു കഴിഞ്ഞു. ഈ മാർഗ്ഗത്തിൽ ഉന്നതനെന്നോ നീചനെന്നോ വ്യത്യാസമില്ല. ലക്ഷ്യത്തിലെത്തുവാനുള്ള ഏകാഗ്രത, അതുമാത്രമാണ് ആവശ്യം. വരുണാനദി കടന്ന്, നാളെ സാരാനാഥിലെത്തുക. സാരംഗനാഥ ക്ഷേത്രത്തിൽനിന്നും അധികം അകലെയല്ലാത്ത, മാനുകൾ സ്വൈര്യവിഹാരം നടത്തുന്ന ക്രീഡാവനത്തിൽവെച്ച് ഞാൻ മഹത്തായ സത്യത്തെക്കുറിച്ച് സംസാരിക്കുകയും ധർമ്മചക്രം കറക്കുകയും ചെയ്യാം. ശ്രോതാക്കൾക്കിടയിൽ ഇരുന്ന് ഞാൻ പറയുന്നത് ഹൃദിസ്ഥമാക്കുക."

"ഞാൻ നിന്റെ ഗുരുവല്ല. ഹിമാലയത്തിലെ ദ്രോണഗിരി പർവ്വതത്തിൽ അദ്ദേഹം നിന്റെ വരവും കാത്തിരിപ്പുണ്ട്. ഭൂമിയിലെയും അജ്ഞാത മണ്ഡലങ്ങളിലെയും അനവധി ജന്മങ്ങൾക്കുശേഷം നീ ഹിമാലയ പാർശ്വത്തിലുള്ള ബദരീനാഥിലെ യോഗികളുടെ കുടുംബത്തിൽ ജനിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യനാവുകയും ചെയ്യും. പക്ഷേ, ചില കർമ്മങ്ങളുടെ പൂർത്തീകരണത്തിനായി നീ വീണ്ടും ജനിക്കും."

"ഇപ്പോൾ ഞാൻ സാരാനാഥിലേക്കു പോവുകയാണ്. മാനുകളുടെ ഉദ്യാനത്തിലെ ധർമ്മപ്രഭാഷണം കേട്ടുകഴിയുമ്പോൾ നിന്റെ മനസ്സ് ശാന്തമാകും. അവിടെനിന്ന് ഗംഗയുടെ ഉത്ഭവസ്ഥാനമായ ഗോമുഖിലേക്കു പോവുക. ഗോമുഖിലെ ഭാഗീരഥീനദിയിലെ സ്നാനത്തിനിടെ നീ മുങ്ങിമരിക്കും. എന്റെ കാലുകൾ കഴുകിയതിന്റെയും എന്റെ ദാഹം അകറ്റിയതിന്റെയും ഫലമായി നീ ഒരു സമ്പന്ന കുടുംബത്തിൽ പുനർജനിക്കും."

തലയിൽ കൈകൾ വച്ച് എന്നെ അനുഗ്രഹിച്ചശേഷം അദ്ദേഹം സാരാ നാഥിലേക്കു നീളുന്ന പാതയിലെ പാലത്തിലേക്കു നടന്നുപോയി. വളവു തിരിഞ്ഞ്, കാഴ്ചയിൽനിന്ന് അപ്രത്യക്ഷനാവുന്നതുവരെ ഞാൻ അദ്ദേഹത്തെ നോക്കിനിന്നു.

തൊട്ടടുത്ത ദിവസം സാരാനാഥിലെത്തിയ ഞാൻ, അദ്ദേഹത്തിന്റെ സമീപത്തുനിന്ന സന്ന്യാസിമാരിൽനിന്നും കുറച്ചകലെയായി ഇരുന്നു. നിർവാണത്തിലേക്കുള്ള ധർമ്മപാതയെക്കുറിച്ച് അദ്ദേഹം പറഞ്ഞപ്പോൾ എന്റെ ഹൃദയം സമാധാനത്തിലാറാടി. സർവ്വദൈവങ്ങളും താഴേക്കിറങ്ങി വന്ന് സംഗമിച്ച് ബുദ്ധന്റെ ലാളിത്യസ്വരൂപത്തിലായതുപോലെ അദ്ദേഹം ഉജ്ജ്വലനായിരുന്നു.

സന്ധ്യയായതോടെ, ഞാൻ അദ്ദേഹത്തെ പ്രണമിച്ചിട്ട് വാരാണസി യിലേക്കു മടങ്ങി. ഏതാനും ദിവസങ്ങൾക്കകം പരിവ്രാജക സന്ന്യാസി മാരുടെ ഒരു സംഘത്തോടൊപ്പം ഞാൻ ഗോമുഖിലേക്കു പോയി.

# സന്ന്യാസിയാകുവാനുള്ള എന്റെ പരിശ്രമം

ഇതു നടക്കുമ്പോൾ എനിക്ക് ഇരുപത് വയസ്സായിരുന്നു പ്രായം. സന്ന്യാസിയാകുന്നതിൽനിന്ന് ബാബാജി എന്നെ വിലക്കിയിരുന്നു. എന്റെ വിപ്ലവാത്മകമായ സ്വഭാവരീതികൊണ്ടാണോ അതോ അദ്ദേഹ മെന്നെ പരീക്ഷിക്കുകയാണ് എന്ന എന്റെ ചിന്ത കൊണ്ടാണോ എന്നെ നിക്കറിയില്ല, ഞാൻ കരുതിയിരുന്നത്, യാഥാർത്ഥത്തിൽ ഞാൻ സന്ന്യാസിയായാൽ അദ്ദേഹം എന്നെക്കുറിച്ചോർത്ത് അഭിമാനിച്ചേക്കു മെന്നായിരുന്നു.

ഋഷികേശിലുള്ള മൗനിബാബയുടെ ഗുഹയിൽ എന്നെ വിട്ട്, മഹേശ്വർ നാഥ് ബാബാജി ഏതോ അജ്ഞാതകേന്ദ്രത്തിലേക്കുള്ള നിഗൂഢമായ സഞ്ചാരത്തിലായിരുന്നു. ഗംഗാനദിയുടെ അങ്ങേക്കരയിൽ, പുരാതനവും പരമ്പരാഗതഭാവവുമുള്ള ഒരു മഠവും അതിനു മുന്നിലായി അതി മോഹനവും നിശ്ശബ്ദവുമായ ഒരു ഘാട്ടും ഉണ്ടായിരുന്നു. ആദിശങ്കര ഭഗവത്പാദരുടെ അണിയിലുൾപ്പെട്ട പുരാതന ദശനാമി സമ്പ്രദായവു മായി പരോക്ഷമായി ബന്ധമുള്ള ഒരു മഠമായിരുന്നു അത്.

ഗംഗയിൽ മുങ്ങുവാനും ധ്യാനിക്കുവാനുമായി പുലർച്ചെ നാലു മണിക്ക് പതിവായി ഞാൻ വിജനമായ ആ ഘാട്ടിലെത്താറുണ്ടായിരുന്നു. പരമ്പരാഗത ശീലങ്ങൾക്ക് പേരുകേട്ട പുരാതനമായ ആശ്രമത്തിലെ, എനിക്ക് പേരുവെളിപ്പെടുത്തുവാൻ താത്പര്യമില്ലാത്ത ഒരു മുതിർന്ന സന്ന്യാസി സ്നാനം ചെയ്യുവാനും ജപധ്യാനങ്ങൾക്കുമായി ഇടയ്ക്കിടെ അതേ ഘാട്ടിലെത്തും. കണ്ടു പരിചയിച്ച അദ്ദേഹവുമായി, അദ്ദേഹത്തിന്റെ ജപത്തിനുശേഷം വേദാന്തത്തിലെ അഗാധ വിഷയങ്ങളെക്കുറിച്ച് ഞാൻ ദീർഘസംഭാഷണങ്ങൾ നടത്തി. പ്രശാന്തചിന്തകളുള്ള, മനോരമ്യതയുള്ള ഒരു നിർവ്യാജ വ്യക്തിത്വത്തെ ഞാൻ അദ്ദേഹത്തിൽ കണ്ടു.

ഒരിക്കൽ സന്ന്യാസത്തിലേക്ക് എന്നെ അദ്ദേഹം ഉപനയിക്കുമെന്ന ഒരു തോന്നൽ എന്നിലുണ്ടായി. അദ്ദേഹത്തിന്റെ മുന്നിൽ ആ വിഷയം അവതരിപ്പിക്കാമെന്ന് ഞാൻ തീരുമാനമെടുത്തു. അതിനകം ഒരു പതി വായിത്തീർന്ന ചർച്ചകൾക്കായി ഞങ്ങളിരുവരും ഒരുമിച്ചിരിക്കവെ ഒരു പ്രഭാതത്തിൽ, മൗനമായി മഹേശ്വർനാഥ് ബാബാജിയെ പ്രാർത്ഥിച്ച ശേഷം, മുതിർന്ന സന്ന്യാസിയോട് ഞാൻ ഇങ്ങനെ ചോദിച്ചു:

"സന്ന്യാസിയാകുവാൻ ഞാൻ യോഗ്യനാണെന്ന് അങ്ങ് കരുതു ന്നുണ്ടോ; ഉണ്ടെങ്കിൽ സന്ന്യാസപാതയിലേക്ക് അങ്ങെന്നെ ഉപനയി ക്കാമോ?"

വൃദ്ധസന്ന്യാസി കുറച്ചുനേരം എന്റെ കണ്ണുകളിലേക്കു നോക്കി, എന്റെ ഹൃദയവികാരം വായിച്ചെടുക്കുവാൻ ശ്രമിക്കുന്നപോലെ ഇരുന്നു. അതിനുശേഷം ഒരു നിമിഷം കണ്ണടച്ചിരുന്നിട്ട് എന്നോടായി പറഞ്ഞു:

"സന്ന്യാസിയാകുവാൻ നീ യോഗ്യനാണെന്ന് ഞാൻ കരുതുന്നു. പക്ഷേ, ഒരു പ്രശ്നമുണ്ട്. പുരാതനവും പരമ്പരാഗതരീതിയിൽ ചരിക്കുന്നതുമായ ഒരു സന്ന്യാസശ്രേണിയിലാണ് ഞാൻ ഉൾപ്പെട്ടിരിക്കുന്നത്. ഞങ്ങളുടെ നിയമങ്ങളനുസരിച്ച് ആശ്രമാധിപതിക്കുമാത്രമേ സന്ന്യാസദീക്ഷ നൽകാൻ കഴിയുകയുള്ളൂ. മാത്രമല്ല, ആശ്രമവാസികളായ വിദ്യാർത്ഥികളെ മാത്രമേ നിയമപ്രകാരം അദ്ദേഹത്തിന് സന്ന്യാസോപക്രമം നടത്തുവാൻ പറ്റുകയുള്ളൂ. ഇതൊന്നും കൂടാതെ, ചില പ്രത്യേക സമുദായത്തിൽപെട്ടവരെ മാത്രമേ ആശ്രമത്തിലെ അന്തേവാസികളാക്കാറുള്ളൂ. ഇക്കാരണങ്ങൾകൊണ്ട്, ആശ്രമത്തിൽനിന്നും ഔപചാരികമായി സന്ന്യാസദീക്ഷ സ്വീകരിക്കുക എന്നത് അസാദ്ധ്യമാണ്.

"സന്ന്യാസം വരിക്കുവാനുള്ള യോഗ്യത നിനക്കുണ്ടെന്ന് എനിക്കു ബോധ്യമുള്ളതിനാലും സന്ന്യാസത്തിലേക്കു പ്രവേശിക്കാൻ എല്ലാത്തരത്തിലും സജ്ജനാണെന്നുണ്ടെങ്കിൽ സന്ന്യാസിയായ ആർക്കും അവന് സന്ന്യാസദീക്ഷ നൽകാമെന്ന ഒരു പരമ്പരാഗതനിയമം നിലവിലുള്ളതിനാലും പുണ്യഗംഗയെ സാക്ഷിയാക്കി ഞാൻ നിന്നെ സന്ന്യാസത്തിലേക്ക് ഉപനയിക്കുവാൻ തയ്യാറാണ്."

"ആശ്രമത്തിനുപുറത്തുവച്ചാകയാൽ ഞാൻ നിയമവിരുദ്ധമായൊന്നും ചെയ്യുന്നില്ല. ഈ ഘാട്ടിൽവച്ചുതന്നെ ഞാനതു ചെയ്യാം. മറ്റന്നാൾ പൗർണ്ണമിയാണ്. തലേദിവസം തല മുണ്ഡനം ചെയ്യുക. രണ്ടു കഷണം ജെറുവാത്തുണിയും കുറച്ചു പൂക്കളും ഒരു രൂപ നാണയവുമായി രാവിലെ നാലു മണിക്ക് എന്നെ വന്നു കാണൂ."

അദ്ദേഹത്തിന്റെ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചിട്ട് ഞങ്ങൾ പിരിഞ്ഞു. അളവറ്റ ആനന്ദമനുഭവിച്ചു ഞാൻ. എന്റെ മുണ്ഡനം ചെയ്ത തലയും ജെറുവാ വസ്ത്രങ്ങളും കണ്ട് ബാബാജി എന്താകും പറയാൻ പോകുന്നതെന്ന് നിരൂപിച്ചു. എന്നെ കാണുമ്പോൾ അദ്ദേഹം വളരെയധികം സന്തോഷിക്കുമെന്നു ഞാൻ സ്വയം വിശ്വസിപ്പിച്ചു.

അങ്ങനെ പറഞ്ഞുറപ്പിച്ച ദിവസം രാവിലെ, ഞാൻ കുളിച്ചു ശുദ്ധമായി ഘാട്ടിൽ കാത്തിരുന്നു. ഏതാനും നിമിഷങ്ങൾക്കകം മുതിർന്ന സ്വാമി പടവിറങ്ങിവന്നു. ഞങ്ങൾ അഭിമുഖമായി നിന്നു. അദ്ദേഹത്തിന്റെ മുഖത്തേക്കു ഞാൻ സൂക്ഷിച്ചുനോക്കിയപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകുന്നതായി കണ്ടു. ശാന്തവും ആശ്വാസകരവുമായ പതിവു ശബ്ദത്തിൽ നിന്നും വ്യത്യസ്തമായി അദ്ദേഹത്തിന്റെ ശബ്ദം വിറയ്ക്കുന്നുണ്ടായിരുന്നു.

അദ്ദേഹം പറഞ്ഞു: "ഒരിക്കലും ഇത് ആവർത്തിക്കരുത്. നിന്റെ ഗുരുവിന്റെ അനുവാദമില്ലാതെ നീ ഒന്നും ചെയ്യാൻ പാടില്ല. സന്ന്യാസദീക്ഷ സ്വീകരിക്കുന്നതിൽനിന്നും നിന്നെ ഗുരു വിലക്കിയിട്ടുണ്ടെന്ന് എന്തുകൊണ്ട് നീ എന്നോടു പറഞ്ഞില്ല?"

ഞാൻ പറഞ്ഞു: "എന്നോടു ക്ഷമിക്കൂ, മഹാരാജ്, അദ്ദേഹം എന്നെ പരീക്ഷിക്കുകയാണെന്നാണു ഞാൻ കരുതിയത്."

അദ്ദേഹം പറഞ്ഞു: "ഒരിക്കലും സ്വയം തീർപ്പുകൾ കല്പിക്കരുത്. കഴിഞ്ഞ ദിവസം രാത്രിയിൽ, ധ്യാനം പൂർത്തിയാക്കി ഉറങ്ങാൻ തുടങ്ങുമ്പോൾ, ആരോ എന്റെ മുറിയുടെ വാതിലിൽ മുട്ടി. അതിശയിച്ച ഞാൻ പെട്ടെന്നുതന്നെ കതകു തുറന്നു. ഉയരമുള്ള, ജടാധാരിയായ ഒരു യോഗി അകത്തേക്കു വന്നു. അദ്ദേഹം പ്രഖ്യാപനംപോലെ സംസാരിച്ചു;

"ഞാൻ മഹേശ്വർനാഥ്. ആത്മീയയാത്രയിൽ ആ ബാലകൻ എടുക്കേണ്ട ചുവടുകളെക്കുറിച്ച് നിർണ്ണയം നടത്താൻ നീ ആരാണ്? നിനക്കറിയാത്ത ചില കാരണങ്ങളാൽ ഞാൻ അവനെ സന്ന്യാസദീക്ഷ സ്വീകരിക്കുന്നതിൽനിന്നും വിലക്കിയിരിക്കുകയാണ്. നിനക്ക് അവനു മേലുള്ള കരുണാപൂർണ്ണമായ കരുതലിനെ ഞാൻ അഭിനന്ദിക്കുന്നു. അവനെ വെറുതേ വിട്ടേക്കൂ. ഞാൻ ഇവിടെ വന്നതിനാൽ, 'പഞ്ചദശി' ശ്രദ്ധാപൂർവ്വം വായിക്കുവാനായി നിന്നെ ഉപദേശിക്കട്ടെ? ഇത്തരുണത്തിൽ നീ അതു വീണ്ടും വായിക്കണം."

അനുഗ്രഹിക്കപ്പെട്ട ആ കരങ്ങൾ എന്റെ തലയിൽവച്ച് ആശീർവദിച്ചിട്ട്, അദ്ദേഹം മുറിവിട്ടുപോയി. ഉത്തരകാശിയിൽവച്ച്, രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിലായി രണ്ട് മുതിർന്ന സന്ന്യാസിമാരിൽനിന്നും ഞാൻ പറഞ്ഞുകേട്ട് അറിഞ്ഞ മഹാഗുരു മഹേശ്വർനാഥ് ബാബാജിയുടെ സ്പർശനമേറ്റ ഞാൻ ഇപ്പോഴും വിറയ്ക്കുകയാണ്. ആർക്കും പിടികൊടുക്കാത്ത ബാബാജി, ജീവനോടെ എന്റെ മുന്നിൽ പ്രത്യക്ഷനാകുമെന്ന് ഞാൻ സ്വപ്നത്തിൽപ്പോലും കരുതിയില്ല. ഒരു തരത്തിൽ പറഞ്ഞാൽ, എന്റെയീ അനുഭവത്തിന് ഞാൻ നിന്നോട് കടപ്പെട്ടിരിക്കുന്നു. പക്ഷേ, നീ ഇനി ഒരിക്കലും ഗുരുവിനെ ധിക്കരിക്കുക എന്ന തെറ്റ് ആവർത്തിക്കരുത്. അദ്ദേഹത്തെപ്പോലെ ഒരു മഹാസന്ന്യാസി പറഞ്ഞിട്ടുണ്ടെങ്കിൽ, നീ ഒരിക്കലും സന്ന്യസിക്കേണ്ടവനല്ല. ആർക്കും അതു തിരുത്താൻ കഴിയില്ല."

അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിച്ച ഞാൻ ക്ഷമ യാചിച്ചിട്ട് ഇപ്പോഴും എന്നോടു കാണിക്കുന്ന കരുണയ്ക്ക് നന്ദി പറഞ്ഞു. അതിനു ശേഷം ഞാൻ പിന്നീടൊരിക്കലും അദ്ദേഹത്തെ കണ്ടിട്ടില്ല.

തിരിച്ചുവന്ന ബാബാജി എന്റെ മുണ്ഡിത ശിരസ്സിനെ നോക്കിപ്പറഞ്ഞു:

"മുടി കിളിർക്കാൻ കുറച്ചുസമയം എടുക്കും. മുണ്ഡനം ചെയ്ത തല നിനക്കു നന്നായി ചേരുന്നതാണ്. പക്ഷേ, സന്ന്യാസം നിനക്കുള്ളതല്ല. അതിനാൽ അതിസാഹസം ഇനി കാണിക്കരുത്. നാളെ അതിരാവിലെ നമ്മൾ ഉത്തരകാശിക്കുപോകുന്നു.

കാഷായവസ്ത്രധാരിയായ ഔപചാരിക സന്ന്യാസിയാകുവാനുള്ള എന്റെ ആഗ്രഹത്തിന്റെ അവസാനം അങ്ങനെയായിരുന്നു.

# ബാബാജിയുമായുള്ള സംഭാഷണങ്ങൾ–3

**എം:** മാണ്ഡൂക്യോപനിഷത്ത് വായിക്കുവാനുള്ള അവസരം എനിക്കു ലഭിച്ചിരുന്നു. ഗൗഡപാദ കാരിക–ഭാഷ്യം–സമ്പൂർണ്ണമാണെന്ന് എനിക്കറിയാം. പക്ഷേ, പ്രജ്ഞയുടെ വിവിധതലങ്ങളെക്കുറിച്ചു പറയുന്ന പ്രബന്ധങ്ങളെ എനിക്കിതുവരെ പരിപൂർണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ല.

**ബാബാജി:** ഇതിനുള്ള മറുപടിയുടെ ആദ്യപടിയായി ഞാൻ ഒരു കഥ പറയാം. ഒരിക്കൽ, രാജാക്കന്മാരിലെ ഋഷിയായ, രാജർഷിയായ ജനകമഹാരാജാവിന് ഒരു സ്വപ്നദർശനമുണ്ടായി. സ്വപ്നത്തിൽ താനൊരു ഭിക്ഷക്കാരനായി, കൈയിൽ ഭിക്ഷാപാത്രവും കീറിയ വസ്ത്രങ്ങളുമായി വിശന്നുവലഞ്ഞ് പരിക്ഷീണനായി നടക്കുന്ന കാഴ്ച അദ്ദേഹം കണ്ടു. ഉണർന്നപ്പോൾ, കൊട്ടാരത്തിന്റെ സമ്പൽ സമൃദ്ധിയുടെ നടുവിലാണെന്ന് അദ്ദേഹം മനസ്സിലാക്കി.

ഇത് അദ്ദേഹത്തെ വിചാരമഗ്നനാക്കി—താനൊരു ഭിക്ഷക്കാര നാണോ രാജാവാണോ? സ്വപ്നത്തിലായിരുന്നപ്പോൾ താനൊരു ഭിക്ഷക്കാരനാണെന്നുതന്നെ അദ്ദേഹം കരുതി. ഉണർന്നപ്പോൾ കണ്ട സമ്പദ്സമൃദ്ധമായ കൊട്ടാരംപോലെതന്നെ യഥാർത്ഥമായി ത്തോന്നി വിശപ്പിന്റെയും ക്ഷീണത്തിന്റെയും പീഡകൾ. ഈ പ്രഹേളികയ്ക്ക് ഉത്തരം കണ്ടെത്താൻ കഴിയാതെ അദ്ദേഹം മഹാമുനി യാജ്ഞവൽക്യന്റെ ഉപദേശം തേടി. ഈ കാണുന്ന ലോകത്തെ യഥാർത്ഥം അയഥാർത്ഥം, അസ്തിത്വരഹിതം എന്നി ങ്ങനെ വിവിധ നിലകളിൽ ആക്കുന്ന പ്രജ്ഞയുടെ വിവിധതല ങ്ങളെക്കുറിച്ച് മഹാമുനി അദ്ദേഹത്തിനു വിശദീകരിച്ചു കൊടുത്തു. ഇപ്പറഞ്ഞ കഥയ്ക്ക് മാണ്ഡൂക്യോപനിഷത്തുമായി നേരിട്ടു ബന്ധമൊന്നുമില്ലെങ്കിലും രണ്ടിലും വിശദീകരിക്കുന്ന വിഷയം ഒന്നുതന്നെയാണ്.

ഇനി ശ്രദ്ധിക്കൂ. പ്രജ്ഞയുടെ വിവിധതലങ്ങൾ ഇവയൊക്കെ യാണ്—ഉണർന്നിരിക്കുന്ന അവസ്ഥയായ ജാഗ്രദാവസ്ഥ, സ്വപ്നം കാണുന്ന അവസ്ഥയായ സ്വപ്നാവസ്ഥ, സ്വപ്നം കാണാത്ത അഗാധമായ ഉറക്കത്തിന്റെ അവസ്ഥയായ സുപ്താവസ്ഥ അഥവാ സുഷുപ്തി, ഈ മൂന്നു തലങ്ങൾക്കും അതീതമായ അതീന്ദ്രിയാവ സ്ഥയായ തുരീയാവസ്ഥ. ആദ്യ മൂന്നു തലങ്ങളിൽ പ്രജ്ഞ പ്രവർ

ത്തിക്കും. ഒരുവൻ ഉണർന്നിരിക്കുമ്പോൾ, സ്വപ്നം അയഥാർത്ഥമാണെന്നു തോന്നും. എന്നാൽ സ്വപ്നാവസ്ഥയിൽ, സ്വപ്നമല്ലാത്ത മറ്റൊരു യാഥാർത്ഥ്യവും നിലനിൽക്കുന്നില്ല. എല്ലാ ഇന്ദ്രിയങ്ങളും നേരാംവണ്ണം പ്രവർത്തിക്കുന്ന, എല്ലാ വികാരങ്ങളും അനുഭവവേദ്യമാകുന്ന സ്വപ്നം ഒരു യഥാർത്ഥ അവസ്ഥയാണുതാനും.

സ്വപ്നാവസ്ഥയെക്കാൾ ഉണർന്നിരിക്കുന്ന അവസ്ഥ നീണ്ടുനിൽക്കുന്നുവെന്നതിനാൽ, അതുകൂടുതൽ യഥാർത്ഥമായിത്തോന്നും എന്നതാണ് രണ്ടു തലങ്ങൾ തമ്മിലുള്ള വ്യത്യാസം. സ്വപ്നാവസ്ഥയിൽ, രണ്ടു തലങ്ങൾ തമ്മിലുള്ള ഭേദമെന്തെന്ന് നമുക്കറിയില്ല. സ്വപ്നം കാണാത്ത അത്യഗാധ നിദ്രയുടെ അവസ്ഥയിൽ, തലങ്ങളെപ്പറ്റിയുള്ള പ്രജ്ഞ നമുക്കുണ്ടാവില്ല, പ്രജ്ഞപോലും അസ്തിത്വരഹിതമാണെന്നു തോന്നുകയും ചെയ്യും. സ്വപ്നാവസ്ഥയിൽ, സൂക്ഷ്മതലത്തിലെ ഇന്ദ്രിയങ്ങൾ, ഉണർച്ചയിലുള്ള പഞ്ചേന്ദ്രിയങ്ങളുടെ പ്രവൃത്തികളെ പകർത്തുന്നു. അഗാധനിദ്രയിൽ സൂക്ഷ്മവും സ്ഥൂലവുമായ അവയവങ്ങൾ മാത്രമല്ല മനസ്സിന്റെ പ്രവർത്തനം പോലും നിലച്ചുപോകും.

അഹങ്കാരം അഥവാ അഹംബോധം അല്ലെങ്കിൽ വ്യക്തിത്വം അഥവാ 'ഞാൻ' എന്ന ഘടകം അതിന്റെ ബഹിർമുഖപ്രവർത്തനങ്ങൾ അവസാനിപ്പിച്ച്, 'ഞാൻ എന്ന അസ്തിത്വം' ഉണ്ടെന്ന അടിസ്ഥാന ബോധം മനുഷ്യരിൽ ഉണ്ടാക്കുന്ന ബുദ്ധി അഥവാ ധിഷണയുടെ ഏറ്റവും നേർത്ത സ്വരൂപത്തിലേക്ക് അത് മടങ്ങിപ്പോകും. അഗാധനിദ്രയിൽ അഹങ്കാരം പ്രവർത്തിക്കാത്തതിനാൽ, ഞാൻ എന്ന അസ്തിത്വബോധം അനുഭവവേദ്യമാകില്ല.

ഉറക്കത്തിന്റെ അഗാധതലത്തിലായിരിക്കുമ്പോൾ, ഉണർച്ചയുടെയും സ്വപ്നത്തിന്റെയും അനുഭവങ്ങൾ അപ്രത്യക്ഷമാവുകയും ഇന്ദ്രിയങ്ങളിലൂടെ ബാഹ്യലോകത്തിന്റെയും സ്വപ്നങ്ങളിലൂടെ ആന്തരികലോകത്തിന്റെയും സ്വാധീനത്തിൽപ്പെടാതെയും അവ രണ്ടിനാലും ബാധിതമാകാതെയും നമ്മുടെ പ്രജ്ഞ പ്രശാന്തതയും ആനന്ദവും അനുഭവിക്കും. ഈ അനുഭവത്തെ വിശകലനം ചെയ്യുമ്പോൾ ഒരാൾ ബോധതലത്തിലായിരുന്നോ അബോധതലത്തിലായിരുന്നോ എന്നു മനസ്സിലാക്കുവാൻ കഴിയുകയില്ല എന്നതാണ് വിരോധാഭാസം. അസ്തിത്വമില്ലാത്തതെന്നോ ബോധമണ്ഡലത്തിന്റെ വിപരീതതലമെന്നോ സ്വയം അറിയാൻ കഴിയാത്ത ബോധതലമെന്നോ ഒക്കെയാണ് അതിനെപ്പറ്റി പറയുവാൻ കഴിയുക. ഇനി നിങ്ങൾ ചോദിച്ചേക്കാം, പ്രശാന്തിയും ആനന്ദവും ആസ്വദിക്കാൻ കഴിയുന്ന ആഴത്തിലുള്ള ഉറക്കത്തിൽ പ്രജ്ഞയുണ്ടോ എന്ന്. ബോധ

മില്ലെങ്കിൽ, 'എനിക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞു'വെന്ന് ഒരുവന് ഉണരുമ്പോൾ തോന്നുകയോ അവനത് പറയുകയോ ചെയ്യുമോ? അഗാധനിദ്രയിലായിരിക്കുമ്പോഴും ഉണർന്നിരിക്കുന്ന അവസ്ഥയെയും സ്വപ്നാനുഭവങ്ങളെയും വേർതിരിച്ചറിയുവാനും പ്രശാന്താവസ്ഥയെ അനുഭവിക്കാനും കഴിയുന്ന എന്തോ ഒന്നുണ്ടെന്ന് നിസ്സംശയം പറയാം.

മറ്റുള്ള മൂന്ന് അവസ്ഥകളെപ്പോലെയല്ല തുരീയാവസ്ഥ എന്ന നാലാം തലം. അഹങ്കാരം വിട്ടൊഴിയുന്ന പരിശുദ്ധപ്രജ്ഞയിലുൾപ്പെടെ എല്ലാ തലങ്ങളിലും അതുണ്ടാകും. ആ പ്രജ്ഞയെയാണ് ആത്മാവ് എന്നു വിളിക്കുന്നത്. ഉണർന്നിരിക്കുമ്പോഴും സ്വപ്നത്തിലും ഉറക്കത്തിലും ബോധമണ്ഡലത്തിന്റെ വിഭിന്നാവസ്ഥകളായ ധ്യാന, സമാധിതലങ്ങളിലും സാരസാക്ഷിയായി വർത്തിക്കുന്നത് ഈ ആത്മാവാണ്.

തുരീയാവസ്ഥയിൽ, പ്രജ്ഞ അതിന്റെ പ്രാക്തനപരിശുദ്ധി കൈവരിക്കുന്നു. അപ്പോളതിന് ബ്രഹ്മം എന്ന സാർവ്വത്രിക പ്രജ്ഞയിൽ നിന്നും വേറിട്ടൊരു വ്യക്തിത്വമില്ലാതാകുന്നു. അതിനാലാണ് ഋഷി 'അയം ആത്മ ബ്രഹ്മ എന്റെ ആത്മാവ് ബ്രഹ്മമാണ്' എന്ന് പറയുന്നത്. 'അഹം ബ്രഹ്മാസ്മി, ഞാൻ ബ്രഹ്മമാകുന്നു' എന്ന പ്രസ്താവനയിൽപ്പറയുന്ന അതേ പ്രജ്ഞയുടെ പ്രാപ്തിയാണത്. അഹത്തിന്റെ ഒരു കണികയെങ്കിലും ശേഷിപ്പിച്ച് സാധാരണ മനുഷ്യനായി തുടരുന്നയിടത്ത് സാക്ഷാൽ ബ്രഹ്മമുണ്ടായിരിക്കുകയില്ല— അഹം ബ്രഹ്മാസ്മി എന്നു പ്രഖ്യാപിക്കാനും കഴിയില്ല.

ഉണർന്നിരിക്കുന്ന അവസ്ഥയോടും സ്വപ്നത്തിനോടും അഗാധനിദ്രയോടും തുരീയാവസ്ഥയെ ഉപമിക്കാൻ കഴിയുകയില്ലായെന്നതാണ് എടുത്തുപറയേണ്ടത്. ഈ മൂന്നു തലങ്ങളിലും സ്വന്തം വ്യക്തിബോധത്തിന്റെ ഒരു തുടർച്ചയുണ്ടാവും. അല്ലെങ്കിൽ ഞാനും അന്യനും എന്ന ബോധമോ അനുഭവവും അനുഭവിക്കുന്നയാളുമോ ഉണ്ടായിരിക്കും. എന്നാൽ ആ സമയത്ത് ഇതുപോലുള്ള ഭേദങ്ങൾ അറിഞ്ഞെന്നുവരില്ല. എന്നാൽ തുരീയാവസ്ഥയിൽ അനുഭവവും അനുഭവിക്കുന്നയാളും അല്ലെങ്കിൽ ഞാനും അന്യനും എന്നൊക്കെയുള്ള വ്യത്യാസങ്ങളൊന്നുമില്ല. ആ പ്രജ്ഞാതലമാണ് മാറ്റത്തിന് അഥവാ വിക്ഷോഭങ്ങൾക്ക് വിധേയമാകുന്നത്. മറ്റുള്ള മൂന്നു തലങ്ങളിലും അതാതു തലങ്ങൾക്ക് മറ്റുള്ളവയിൽ നിന്നും വേർതിരിക്കുന്ന, നിർദ്ദിഷ്ടമായ ആപേക്ഷികമായ പ്രജ്ഞാമണ്ഡലം ഉണ്ടായിരിക്കും. ഉദാഹരണം പറഞ്ഞാൽ, സ്വപ്നാവസ്ഥയിൽ ഉണർന്നിരിക്കുന്ന ലോകത്തിന്റെ യാഥാർത്ഥ്യ ബോധം

നമ്മിൽ ഉണ്ടായിരിക്കുകയില്ല. ഉണർന്നിരിക്കുമ്പോൾ നേരേ മറിച്ചും—രാജാവ് ഭിക്ഷക്കാരനാവുന്നു, ഭിക്ഷക്കാരൻ രാജാവും.

തുരീയാവസ്ഥ പ്രാപിക്കുമ്പോൾ അതനുഭവിക്കുന്ന സ്വത്വം സാർവ്വലൗകികസ്വത്വം അഥവാ ആത്മാവിൽ അന്തർഭവിക്കും. തുരീയാവസ്ഥയിൽ എത്തിച്ചേർന്നതോ അതിൽ ലയിച്ചതോ ആയ വ്യക്തിക്ക്, ആത്മാവിന്റെ അസ്തിത്വം അനുസ്യൂതം തുടരുന്നതാകയാൽ ആപേക്ഷിക പ്രജ്ഞയിലേക്ക് ഇറങ്ങുമ്പോൾ മൂന്നു തലങ്ങളും കാണാൻ സാധിക്കും. ഒരേ സ്ക്രീനിൽത്തന്നെ വ്യത്യസ്ത ചലച്ചിത്രങ്ങൾ കാണാനാകുന്നതുപോലെ വെറും മായയായിരിക്കും ആ മൂന്നുതലങ്ങളും അപ്പോൾ.

കർമ്മത്തിലും അകർമ്മത്തിലും, എല്ലായ്പ്പോഴും ബ്രഹ്മാനന്ദ നിർവൃതിയിൽ ലയിച്ചിരിക്കുന്ന, മറ്റൊന്നിനാലും സ്പർശിക്കപ്പെടാത്ത ഒരു വ്യക്തിയാണ് യഥാർത്ഥ സന്ന്യാസി അഥവാ പരിത്യാഗി. സമ്പൂർണ്ണസ്വാസ്ഥ്യമനുഭവിക്കുന്ന, പ്രശാന്തത ആസ്വദിക്കുന്ന അവനാകും സകല കർമ്മങ്ങളുടെയും മൂലാധാരമായ ശാന്തതയിൽ വിശ്രമിക്കുകയും അഗാധനിദ്രയ്ക്കപ്പുറം എത്തുകയും ചെയ്യുന്നത്. സൃഷ്ടിയുടെയും സംഹാരത്തിന്റെയും ഉദയാസ്തമനത്തിരകളുടെ അദ്വിതീയ സാക്ഷിയായിരിക്കുമവൻ. തുരീയാവസ്ഥയിൽ എത്തിച്ചേർന്ന അവനെ സംബന്ധിച്ച് അനുഭവങ്ങളുടെ ഈ സമ്പൂർണ്ണ ലോകം, ഇപ്പോൾ താൻ ഉണർന്നെഴുന്നേറ്റ ഒരു സ്വപ്നമായി ഭവിക്കും. അവൻ പരമാർത്ഥ പരമാസ്തിത്വവുമായി അഭിമുഖമായിരിക്കും; എല്ലാ സ്വപ്നങ്ങൾക്കും അപ്പുറം അവൻ തന്നെയായിരിക്കും ആത്യന്തികമായ ഉണ്മ.

## മനസ്സും മറ്റു വിഷയങ്ങളും

മനസ്സിനെക്കുറിച്ചാണ് ബാബാജി സംസാരിച്ചുതുടങ്ങിയത്. വിലക്കുകളുള്ളതും വ്യവസ്ഥ ചെയ്തിട്ടുള്ളതുമായ മനസ്സിനെ, പ്രപഞ്ചത്തിന്റെ ഉറവിടത്തിൽനിന്ന് ഒഴുകിവരുന്ന ഊർജ്ജസമൃദ്ധിയിലേക്കുള്ള മാർഗ്ഗം തുറക്കാനായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാമെന്ന് ബാബാജി പറഞ്ഞു.

ചെറിയ കുട്ടികൾക്കുപോലും ഗ്രഹിക്കാൻ കഴിയുന്ന വിശദമായ ചിത്രീകരണങ്ങളാണ് കഥകളെന്ന് അഭിപ്രായപ്പെടാറുള്ള അദ്ദേഹം ആ സംഭാഷണത്തിനു തുടക്കംകുറിച്ചതും ഒരു കഥ പറഞ്ഞുകൊണ്ടാണ്.

തിരക്കുള്ള ഒരു റോഡിന്റെ ഓരത്തുകൂടി കീറിമുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച, സ്വന്തം ശരീരം വലിച്ചുകൊണ്ടുപോകുന്നുവെന്ന് പറയാവുന്ന രീതിയിൽ ശോഷിച്ച ശരീരമുള്ള ഒരു പടുവൃദ്ധൻ നടന്നുവരികയായിരുന്നു. അയാൾക്ക് ഓരോ ചുവടും കഠിനപരീക്ഷണങ്ങളായിരുന്നു—അത്രമേൽ ക്ഷീണിതനും കൃശഗാത്രനുമായിരുന്നു അയാൾ. പെട്ടെന്ന് ഹോൺ മുഴക്കിക്കൊണ്ട്, നല്ല വേഗത്തിൽ വരികയായിരുന്ന ഒരു കാർ വലിയ ശബ്ദവുമായി അയാൾക്കു തൊട്ടുപിന്നിൽ നിർത്തി. ഏതു നിമിഷവും താഴെ വീണേക്കാമെന്ന രീതിയിൽ നടന്നുവരികയായിരുന്ന വൃദ്ധൻ ഒരു നിമിഷം മുമ്പാണ് തിരിഞ്ഞുനോക്കിയതും കാറിൽനിന്നും സുരക്ഷിത അകലത്തിലേക്ക്—നടപ്പാതയിലേക്ക്—കുതിച്ചുമാറിയതും.

എങ്ങനെയാണ് അയാൾക്കതിനു കഴിഞ്ഞത്? ആസന്നമായിക്കൊണ്ടിരിക്കുന്ന അത്യാഹിതത്തിൽനിന്നും സ്വയം രക്ഷനേടുവാനുള്ള എന്തെങ്കിലുമൊരു സൂചന ഒരു മാത്ര മുമ്പേ അയാൾക്കു ലഭിച്ചിട്ടുണ്ടാകും. അങ്ങനെയെങ്കിൽ, അയാളെ രക്ഷിച്ചതാര്? ഞൊടിയിടയിൽ നടന്ന അബോധപൂർവ്വമായൊരു പ്രവൃത്തിയാകുമത്. "കുതിച്ചുമാറി നിന്റെ ജീവൻ രക്ഷിക്കൂ" എന്നൊരു സന്ദേശം അയാളുടെ കാലുകളിലേക്ക് പ്രേക്ഷണം ചെയ്യുക എന്നതുമാകാം സംഭവിച്ചത്. അഡ്രിനാലിൻ പെട്ടെന്ന് സഞ്ചാരപഥത്തിലെത്തുകയും അയാളുടെ പേശികൾ അതിവേഗം പ്രതികരിക്കുകയും ചെയ്തു.

ബൗദ്ധികമായോ ചിന്താപരമായോ നമ്മുടെ ഇടപെടലുകളൊന്നും ഇവിടെ ഉണ്ടായില്ല എന്നതാണ് ശ്രദ്ധിക്കേണ്ടത്. വിചാരം കൈകടത്തൽ നടത്തിയിരുന്നുവെങ്കിൽ അയാൾ ഇത്രവേഗം പ്രതികരിക്കുമായിരുന്നില്ല പകരം, വയസ്സനും ക്ഷീണിതനുമായ താൻ എങ്ങനെ കാറിന്റെ മുന്നിൽ നിന്നും രക്ഷപ്പെടുമെന്ന് ചിന്തിച്ച് അയാൾ നിന്നേനെ. നടക്കാൻപോലും

ശേഷിയില്ലാത്ത അയാളെ ക്ഷണനേരംകൊണ്ട് കാർ ഇടിക്കുകയും ചെയ്തേനെ.

ഇത്തരം അടിയന്തിര സാഹചര്യത്തിൽ, 'കുതിച്ചുമാറുക' എന്ന സന്ദേശം, വിചാരങ്ങളാൽ സ്വാധീനിക്കപ്പെടുകയോ വ്യവസ്ഥപ്പെടുകയോ ചെയ്യാതെ, നേരിട്ടു വരുന്നതാണ്. അയാൾ സ്വമേധയാ അല്ലെങ്കിൽ പ്പോലും, പ്രാപഞ്ചിക സ്രോതസ്സിൽനിന്നും ഊർജ്ജത്തെ അപ്പോൾ നേരിട്ട് സ്വീകരിക്കുകയായിരുന്നു.

ആ മനുഷ്യൻ മനഃപൂർവ്വമല്ലാതെ നേടിയെടുത്തത് യോഗി സ്വേച്ഛ യാൽ നേടിയെടുക്കും. മനസ്സിന്റെ നിരന്തരമായ സ്പന്ദനങ്ങളെയും അലകളെയും അടക്കുവാനുള്ള മാർഗ്ഗമറിയുന്നവനാണ് യോഗി. അതിലൂടെ തനിക്ക് ആവശ്യമെന്നു തോന്നുമ്പോഴൊക്കെ പ്രാപഞ്ചിക സ്രോതസ്സിൽനിന്നും ആവിർഭവിക്കുന്ന ഊർജ്ജപ്രവാഹത്തെ സ്വീകരി ക്കുവാൻ അദ്ദേഹത്തിനു കഴിയും. യോഗശാസ്ത്രത്തിലെ എക്കാല ത്തെയും മികച്ച ഗ്രന്ഥങ്ങളിലൊന്നായ *പാതഞ്ജലി യോഗസൂത്ര* ത്തിലെ 'യോഗഃ ചിത്തവൃത്തി നിരോധഃ' എന്ന ആദ്യവരിയുടെ രഹസ്യ മിതാണ്. യോഗമെന്നാൽ ചിത്തത്തിലെ, മനസ്സിലെ അസ്വസ്ഥമായ അലകൾ അഥവാ *വൃത്തി*കളെ ഇല്ലാതാക്കുക എന്നതാണ്. ജ്ഞാനോർ ജ്ജങ്ങളുടെ പ്രാപഞ്ചികസ്രോതസ്സിലേക്കു യോഗിക്ക് പ്രവേശിക്കാൻ കഴിയുന്നത് ഇതിലൂടെയാണ്. സന്ദേശങ്ങൾ സ്വീകരിക്കുവാനുള്ള ശേഷി കൈവരിക്കുകമാത്രമല്ല, ഉത്തരങ്ങൾ കണ്ടെത്തുവാനുള്ള, നാലാമത്തെ മാനമെന്ന നിലയിൽ സന്ദേശങ്ങൾ അയയ്ക്കുവാനുള്ള ശേഷിയും അദ്ദേഹത്തിൽ വികസിക്കും.

ഈ ഉദ്ദേശ്യത്തിനായി യോഗി ഉപയോഗിക്കുന്ന പ്രധാനകേന്ദ്രം മന സ്സിന്റെ ഇരിപ്പിടമായ തലച്ചോറാണ്. കുറച്ചുകൂടി വ്യക്തമായിപ്പറഞ്ഞാൽ, യോഗശാസ്ത്രത്തിൽ ആജ്ഞാചക്രം, സഹസ്രാരചക്രം എന്നിങ്ങനെ അറിയപ്പെടുന്ന തലച്ചോറിലെ രണ്ടു പ്രധാന സങ്കേതങ്ങളാണ്. കറങ്ങു ന്നത് എന്നർത്ഥം വരുന്ന ചക്രം എന്ന വാക്കാണ് അവിടെ ഉപയോഗി ച്ചിരിക്കുന്നത് എന്നു ശ്രദ്ധിക്കൂ. യഥാർത്ഥത്തിൽ, ചക്രമെന്നാൽ നീർ ച്ചുഴിപോലൊരു പ്രദേശമാണ്. അതീന്ദ്രിയജ്ഞാനമുള്ള ഒരാൾക്ക് അവിടെ പ്രാപഞ്ചികോർജ്ജം അനുസ്യൂതം ഭ്രമണം ചെയ്തുകൊണ്ടിരി ക്കുന്നതും അസംഖ്യം നിറങ്ങളിൽ വെളിപ്പെടുന്നതും ദർശിക്കുവാൻ കഴിയും.

യോഗശാസ്ത്രം വിശദീകരിക്കുന്ന ശരീരഘടനയിൽ ഈ ചക്രങ്ങ ളോരോന്നിനും സുഷുമ്നാനാഡി അഥവാ സുഷുമ്നാകാണ്ഡത്തിലെ അനുയോജ്യമായ ഓരോ നാഡീജാലവുമായി ബന്ധമുണ്ടെന്നുകാണാം. എന്നാൽ അതിനൊരു അപവാദമാണ് മുകളിൽപ്പറഞ്ഞ രണ്ടു ചക്ര ങ്ങളും. തലച്ചോറിൽ സ്ഥിതിചെയ്യുന്ന ചെറുതും നാളികളില്ലാത്തതുമായ രണ്ടു ഗ്രന്ഥികളുണ്ട്—പീനിയൽ ഗ്രന്ഥിയും പിറ്റ്യൂട്ടറിഗ്രന്ഥിയും—

ഇവയോടു രണ്ടിനോടും ഗാഢമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതാണ് ആജ്ഞാ-സഹസ്രാരചക്രങ്ങൾ. ഏറ്റവും താഴെ, നട്ടെല്ലിന്റെ കീഴറ്റത്തുള്ള മൂലാധാരം, തൊട്ടുമുകളിലായി സ്വാധിഷ്ഠാനം, പൊക്കിൾക്കൊടിയുടെ നിരപ്പിൽ മണിപൂരകം, ഹൃദയസമമായി അനാഹതം, കഴുത്തിന്റെ ഭാഗത്തായി വിശുദ്ധി, നേരത്തേ ഞാൻ വിവരിച്ച സ്ഥാനങ്ങളിലായി ആജ്ഞയും സഹസ്രാരവും.

ഇനി ഞാൻ ലയയോഗം അഥവാ കുണ്ഡലിനി യോഗത്തിന്റെ രഹസ്യം വിശദീകരിക്കാം.

നട്ടെല്ലിന്റെ അധോഭാഗത്തുള്ള മൂലാധാരചക്രത്തിൽ, ചുരുണ്ടിരിക്കുന്ന സർപ്പത്താൽ പ്രതീകവത്കരിക്കപ്പെടാറുള്ള, മൂന്നര ചുറ്റായ് വലയം ചെയ്തിരിക്കുന്ന പ്രാപഞ്ചികോർജ്ജമായ കുണ്ഡലിനിശക്തി എല്ലാ മനുഷ്യരിലും കുടികൊള്ളുന്നു. ഈ ഊർജ്ജത്തെ ഉണർത്തുവാനുള്ള വിദ്യയിൽ സമർത്ഥരായ യോഗികളൊഴികെയുള്ളവരിൽ, അത് ചുരുണ്ടിരിക്കുന്ന സ്പ്രിങ്ങുപോലെ നിഷ്ക്രിയമായിത്തുടരും. മറ്റൊരു മാർഗ്ഗത്തിലൂടെയും സ്വായത്തമാക്കാൻ സാധിക്കാത്ത, ഗുരുവിൽനിന്നും മാത്രം നേരിട്ട് പഠിച്ചെടുക്കുന്നതായ ക്രിയാക്രമത്തിലൂടെ കുണ്ഡലിനിശക്തിയെ ഉണർത്തി, ഉത്ഥാനം ചെയ്യിച്ച് ചക്രങ്ങളൊന്നായി ഭേദിച്ച് ഒടുവിൽ ഏറ്റവും മുകളറ്റത്തെ സഹസ്രാര ചക്രത്തിൽ എത്തിക്കാനാകും.

കുണ്ഡലിനി ഓരോ ചക്രത്തിലൂടെയും തുളഞ്ഞുകയറി, അതിന്റെ മാർഗത്തെ തടസ്സപ്പെടുത്തിയിരുന്ന എല്ലാ മാലിന്യങ്ങളെയും അകറ്റുന്നു. കുണ്ഡലിനിശക്തി മുകളിലേക്കു പ്രയാണം ചെയ്യുന്നതനുസരിച്ച് ഓരോ ചക്രങ്ങളും തുറക്കുമ്പോൾ, ശക്തിയുടെ പുതിയ പുതിയ തലങ്ങൾ യോഗി കീഴടക്കുകയും അദ്ദേഹം പ്രപഞ്ചചൈതന്യത്തിലേക്ക് കൂടുതൽ കൂടുതൽ അടുക്കുകയും ചെയ്യുന്നു. യോഗശാസ്ത്രത്തിൽ ഇങ്ങനെ പ്രകടമാകുന്ന ശക്തിവിശേഷങ്ങൾക്ക് സിദ്ധികൾ എന്നു പേരു പറയും. കുണ്ഡലിനിശക്തിയാൽ സഹസ്രാരചക്രം തുറക്കപ്പെട്ട യോഗിയാണ് പരിപൂർണ്ണനായ സിദ്ധൻ. പ്രപഞ്ചചൈതന്യത്തിന്റെ മൂലസ്രോതസ്സിനാൽ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള ശേഷി അദ്ദേഹത്തിനുണ്ടായിരിക്കും.

ഇനി ഞാൻ ആജ്ഞാചക്രത്തെയും സഹസ്രാരചക്രത്തെയും കുറിച്ച് കൂടുതൽ പറയാം. ഈ രണ്ടു ചക്രങ്ങൾക്കും ജ്ഞാനസമ്പാദനവുമായി നേരിട്ട് ബന്ധമുണ്ട്. പുരികക്കൊടികൾ സംഗമിക്കുന്നതിന്റെ തൊട്ടുപിന്നിലായി നെറ്റിത്തടത്തിലാണ് ആജ്ഞാചക്രം സ്ഥിതിചെയ്യുന്നത്. ത്രികൂടമെന്നും ഭ്രൂമദ്ധ്യമെന്നും പേരുള്ള ഈ ചക്രം, പരിവർത്തനത്തിന്റെയും പുനരുജ്ജീവനത്തിന്റെയും പ്രതീകമായ ഭഗവാൻ ശിവന്റെ മൂന്നാം കണ്ണിനാൽ ദൃഷ്ടാന്തവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഈ കേന്ദ്രം ഉത്തേജിപ്പിക്കുമ്പോഴാണ് പ്രയുക്താവായ ഒരു യോഗി അതീന്ദ്രിയനാകുന്നത്.

ദൃഷ്ടിസീമകൾക്കപ്പുറമുള്ള ലോകത്തിലെ, വിവിധതലങ്ങളിലുള്ള സൂക്ഷ്മ ശക്തികളെ മനസ്സിലാക്കുവാനുള്ള ശേഷി അദ്ദേഹം നേടുകയും ചെയ്യുന്നു.

സൂക്ഷ്മദർശിനിയിലൂടെ ഒരുതുള്ളി ജലത്തെ നോക്കുമ്പോൾ, നർത്തനം ചെയ്യുന്ന അനവധി സൂക്ഷ്മകണങ്ങളുടെ സങ്കീർണ്ണമായ ഒരു സംവിധാനം കാണാൻ കഴിയുന്നതുപോലെ, ആജ്ഞാചക്രത്തിന്റെ സവിശേഷദീർഘദൃഷ്ടിയുള്ള ഒരു യോഗിക്കു മുന്നിൽ പ്രപഞ്ചം അതിന്റെ നിഗൂഢതകളുടെ ചുരുളഴിക്കുന്നു. അതിലൂടെ സാധാരണ മനുഷ്യന് നേടാൻ കഴിയാത്ത ജ്ഞാനം യോഗിക്ക് അധീനമാകും. മറ്റുള്ള മനുഷ്യരിലേക്കും തന്റെ വിചാരങ്ങളെ ചിന്താതരംഗങ്ങളായി അയയ്ക്കുവാൻ യോഗികൾ ഉപയോഗിക്കുന്ന പ്രേക്ഷണകേന്ദ്രമാണ് ആജ്ഞാചക്രം.

പരമോന്നതവും സർവ്വപ്രധാനവുമായ കേന്ദ്രമാണ് സഹസ്രാരചക്രം. കുണ്ഡലിനിശക്തി ഈ കേന്ദ്രത്തിലെത്തി അവിടം ഉത്തേജിപ്പിക്കുമ്പോൾ, യോഗിക്കു പ്രപഞ്ചത്തിന്റെ സ്വത്വവുമായി നേരിട്ട് സംവദിക്കുവാൻ കഴിയുന്നു. ആ തലമാണ് സമാധി. അജ്ഞാനികളായി കണക്കാക്കപ്പെടുന്ന മഹായോഗികൾസമാധിഎന്നഅത്യുന്നതാവസ്ഥയിലെത്തിക്കഴിയുമ്പോൾ അതിവിപുലമായ അറിവ് പ്രകടിപ്പിക്കുന്നതിന് കാരണം ഇതാണ്. ശരിയായ ധർമ്മം എന്താണെന്നു തിരിച്ചറിയാനാകാത്തതിനാൽ നിഷ്ക്രിയമായ അവയവം എന്ന് ഒരുകാലത്ത് കരുതിയിരുന്ന പീനിയൽ ഗ്രന്ഥി ആജ്ഞാ-സഹസ്രാരചക്രങ്ങളെ ഉത്തേജിപ്പിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നുണ്ട്. ഈ ഊർജ്ജങ്ങളെ എങ്ങനെയാണ് നിയന്ത്രണ വിധേയമാക്കേണ്ടതെന്ന് ഞാൻ പിന്നീട് നിന്നെ പഠിപ്പിക്കാം. കുണ്ഡലിനീ യോഗത്തിന്റെ പരിശീലനം നടത്തേണ്ടത്, ലൈംഗികഊർജ്ജങ്ങളെ അടിച്ചമർത്തുകയോ ഒതുക്കിവയ്ക്കുകയോ ബലംപ്രയോഗിച്ച് അടക്കിവയ്ക്കുകയോ ചെയ്യുന്നതിലൂടെയല്ല, മറിച്ച് അവയെ സ്ഫുടം ചെയ്യുക വഴിയാണ് എന്നതാണ് ഇവിടെ ഓർക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം.

(*വായനക്കാർക്കുള്ള കുറിപ്പ്*: പ്രായോഗികമായി പരിശീലിക്കേണ്ട സങ്കേതങ്ങൾ, ഗുരുവിന്റെ നേരിട്ടുള്ള ഇടപെടലുകളിലൂടെയല്ലാതെ അച്ചടിച്ചുവച്ച് പഠിപ്പിക്കാവുന്നതല്ല. പൂർണ്ണ വൈദഗ്ദ്ധ്യമുള്ള ഒരാളിൽനിന്നും വ്യക്തിഗതമായി അത്തരം സങ്കേതങ്ങൾ പഠിക്കേണ്ടതാണ്. പുസ്തകങ്ങളിലൂടെയോ മറ്റേതെങ്കിലും പരോക്ഷമാർഗ്ഗങ്ങളിലൂടെയോ ഇവ വെളിപ്പെടുത്തുന്നത് അനുഭവസമ്പത്തില്ലാത്ത നവവിദ്യാർത്ഥികൾക്ക് അപകടകരമാകുമെന്ന് ബാബാജി എനിക്കു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ: "വൈദ്യുതിയെക്കാളും ആണവോർജ്ജത്തെക്കാളും ശക്തിയുള്ള ഊർജ്ജങ്ങളെയാണ് യോഗികൾ കൈകാര്യം ചെയ്യുന്നത്. ഒന്നു പിഴച്ചാൽ, ശാരീരികമായും മാനസികമായും വിദ്യാർത്ഥി തകർന്നുപോകും.")

എം: കുണ്ഡലിനീയോഗയുമായി ബന്ധപ്പെട്ട് അങ്ങെന്നെ പരിശീലിപ്പിച്ച പാഠങ്ങളിൽ, അനവധി കാര്യങ്ങൾ സങ്കല്പിക്കണമെന്നും ഭാവന ചെയ്യണമെന്നും പറഞ്ഞിട്ടുണ്ട്. എന്നെ അലട്ടുന്ന പ്രശ്നം എന്തെന്നാൽ, ആ വിധത്തിൽ എന്റെ ഭാവനയെ വളരാൻ അനുവദിച്ചാൽ, ഞാനീ വാസ്തവങ്ങളിൽനിന്നെല്ലാം പൂർണ്ണമായും അകറ്റപ്പെട്ട് സ്ഥിരമായി ഒരു സ്വപ്നലോകത്ത് ആയിപ്പോകില്ലേ? സങ്കല്പമെന്നത് എന്തിന്റെ സൂചനയാണ്—മാനസിക വളർച്ചയുടെയോ തളർച്ചയുടെയോ? ദയവായി എന്നെ ഉദ്ബുദ്ധനാക്കിയാലും.

ബാബാജി: സങ്കല്പമാണ് എല്ലാ പ്രവൃത്തിയുടെയും അടിസ്ഥാനം. അതിനാൽതന്നെ, സങ്കല്പവും ഭാവനയുമാണ് എല്ലാ നേട്ടങ്ങളുടെയും കേന്ദ്രബിന്ദു. ഭാവന നടത്തുന്നത് രോഗഗ്രസ്തമായ മനസ്സിന്റെ ലക്ഷണമല്ല മറിച്ച് ആരോഗ്യമുള്ള ശേഷ്ഠമനസ്സിന്റെ സൂചനയാണ്. നിയന്ത്രണാതീതമാകുവാനും ലഹളയുണ്ടാക്കുവാനും അനുവദിക്കുമ്പോൾ മാത്രമേ അത് അപകടകരമാവുകയുള്ളൂ. നിയന്ത്രിക്കപ്പെട്ട അവധാനതകളോടെ ഭാവന നടത്തുന്നത് ഉത്കൃഷ്ടബുദ്ധിയുടെ ലക്ഷണമാണ്. ശ്രേഷ്ഠരായ ശാസ്ത്രജ്ഞന്മാരും കലാകാരന്മാരും മറ്റു മേഖലകളിൽ ഉത്സാഹശീലരായി വർത്തിക്കുന്ന സകലമനുഷ്യരും സമ്പന്നമായ ഭാവനാശേഷി ഉള്ളവരായിരിക്കും. സർഗ്ഗാത്മകമായ ഏതൊരു ഉദ്യമവും സമാരംഭിക്കുന്നത് ഭാവനയിലൂടെയാണ്.

ഉദാഹരണത്തിന്, കാൻവാസിലാക്കുന്നതിനുമുമ്പേ ചിത്രകാരൻ ചിത്രത്തിനെ അതിന്റെ സമഗ്രതയിൽ സങ്കല്പിച്ച് ഭാവന ചെയ്തിരിക്കും. സമ്പദ്സമൃദ്ധിയിൽ ജീവിക്കുന്ന വിജയിയും സമ്പന്നനുമായ ഒരു മനുഷ്യനോട് അയാൾ തന്റെ ദാരിദ്ര്യത്തിന്റെ നാളുകളിൽ, താൻ ജീവിക്കാൻ പോകുന്ന വീടിനെപ്പറ്റിയും വാങ്ങാൻ പോകുന്ന കാറിനെപ്പറ്റിയും ധരിക്കാൻപോകുന്ന വസ്ത്രങ്ങളെക്കുറിച്ചും കൈകാര്യം ചെയ്യാൻ പോകുന്ന സമ്പത്തിനെപ്പറ്റിയും എത്ര വിശദമായാണ് ഭാവനാസങ്കല്പങ്ങൾ നടത്തിയതെന്ന് ചോദിച്ചുനോക്കുക. സങ്കല്പങ്ങളെ നിരന്തരം മനസ്സിലുറപ്പിച്ച് സങ്കല്പരൂപങ്ങൾക്കുവേണ്ടി പരിശ്രമിച്ച് അയാൾ തന്റെ സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റിയതാകുമെന്നത് തീർച്ചയാണ്. ഇത് ഇന്ദ്രിയഗോചരമായ ലോകത്തെ സംബന്ധിച്ചുള്ളതാണ്.

ഇനി സൂക്ഷ്മലോകത്തിന്റെ കാര്യമെടുക്കാം. അവിടെ ഫലങ്ങൾ തത്ക്ഷണംതന്നെ ലഭിക്കും; ഒരുപാടുനേരം കാത്തിരിക്കേണ്ടി വരാറില്ല. നമ്മെ ചുറ്റിനിൽക്കുന്ന, സൂക്ഷ്മകണങ്ങളുടെ ആ അദൃശ്യലോകത്ത്, കടന്നുപോകുന്ന ഒരോ ചിന്തകളും അതിന്റെ

മുദ്രകൾ ശേഷിപ്പിക്കും. പക്ഷേ, ഒരു പ്രത്യേകരൂപത്തെ നിറം, ആകാരം, ഘടന അങ്ങനെ എല്ലാ വിശദാംശങ്ങളോടുംകൂടി സമ്പൂർണ്ണമായി ധ്യാനിച്ചാൽ, അതിന്റെ ശക്തിമത്തായ ഒരു രൂപം സൂക്ഷ്മലോകത്തിലും സൃഷ്ടിക്കപ്പെടും. ഈ പ്രക്രിയയിലൂടെ യാണ് മഹായോഗികൾ അനുകൂലസങ്കല്പങ്ങൾ സൃഷ്ടിച്ച് അവയെ ആവശ്യമുള്ളവർക്കുനേരേ അയയ്ക്കുമ്പോൾ അത് അവരിൽ എത്തിച്ചേരുന്നത്. ശേഷിയുടെ പാരമ്യതയിലെത്തിയ യോഗിക്കുമാത്രമേ, ഒരു വിചാരത്താൽ തന്റെ വീക്ഷണത്തെ ഭൗതികമായ ഉൺമയാക്കി മാറ്റാൻ കഴിയൂ. അത്തരം ആളുകൾ വിരളമാണ്. അവരെ ഒരിക്കലും കരവിരുതുകൾകൊണ്ട് ജാലം കാട്ടുന്ന മാന്ത്രികന്മാരായി തെറ്റിദ്ധരിക്കുവാൻ പാടില്ല. അത്യുത് കൃഷ്ടരായ അത്തരം ദിവ്യവ്യക്തികൾ ചില വിശിഷ്ട സാഹചര്യങ്ങ ളിലൊഴികെ മറ്റൊരിടത്തും തങ്ങളുടെ ശക്തികൾ പ്രദർശിപ്പിക്കു കയില്ല എന്നത് നിയമമായി പാലിക്കും.

അതുകൊണ്ട് നിങ്ങളും സുന്ദരവും നന്മയുള്ളതുമായ വസ്തു ക്കളെ സങ്കല്പിക്കുന്ന ശീലം വളർത്തിയെടുക്കുക. ഉദാഹരണം പറഞ്ഞാൽ സുന്ദരമായ ഒരു റോസാപ്പൂവോ നീലനിറത്തിലോ സ്വർണ്ണനിറത്തിലോ തെളിഞ്ഞു കത്തിനിൽക്കുന്ന ദേവനാഗരിലിപി യിലെ 'ഓം' എന്ന അക്ഷരമോ നിങ്ങളുടെ അകക്കണ്ണിൽ പതി വായി സങ്കല്പിച്ച്, എല്ലാ പ്രഭാതങ്ങളിലും ഉണരുമ്പോൾ സകല ലോകത്തിനും നന്മയും സന്തോഷവും മനസ്സുകൊണ്ട് നേരുക.

നിങ്ങളുടെ ആഗ്രഹങ്ങളെ ഭാവനയിൽ കാണുക, തീർച്ചയായും അതു നിങ്ങൾക്കു നേടിയെടുക്കാൻ കഴിയും. ഒരിക്കലും മറ്റുള്ള വർക്ക് ദോഷം ചെയ്യുന്നതു സങ്കല്പിക്കരുത്. കാരണം അതു നിങ്ങളുടെ ആത്മീയവികാസത്തിന് വിലങ്ങുതടിയാവുകയും അതിലൂടെ നിങ്ങൾ ആത്മീയ പരിണാമത്തിന്റെ ഏണിപ്പടികളിൽ നിന്നും താഴേക്കു വീഴുകയും ചെയ്യും. നിങ്ങൾ സ്വയം സന്തുഷ്ട നായോ അസന്തുഷ്ടനായോ സങ്കല്പിക്കപ്പെടേണ്ടതിനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ട്.

എം: ഇപ്പോൾ സങ്കല്പത്തെപ്പറ്റിയുള്ള എന്റെ സംശയങ്ങൾ മാറി. പക്ഷേ, 'ധ്യാനിക്കുന്നവനും ധ്യാനവസ്തുവും അഗാധധ്യാനത്തിൽ ഒന്നായിത്തീരുമെന്ന' യോഗിവാക്യത്തിന്റെ അർത്ഥം എന്നെ വല്ലാതെ കുഴക്കുന്നു. ഞാൻ ഒരു വൃക്ഷത്തെയാണ് ധ്യാനിക്കുന്നതെങ്കിൽ, ഞാനെങ്ങനെ ആ വൃക്ഷമായിത്തീരും?

ബാബാജി: നിന്നെപ്പോലെ ധാരാളം പേർ ഈ വാക്യത്തിന്റെ അർത്ഥത്തെ തെറ്റായി ധരിച്ചിട്ടുണ്ട്. ധ്യാനത്തിൽ മൂന്ന് അവസ്ഥകളാണുള്ളത്.

ഒരു പ്രത്യേക വസ്തുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ധാരണ എന്ന ഒന്നാമത്തെ തലം. ദീർഘനേരത്തേക്ക് ശ്രദ്ധ അനുസ്യൂതം തുടരുന്ന അവസ്ഥയിൽ ഒരുവൻ ധ്യാനത്തിലായിരിക്കും. സ്വയം മറക്കുകയും ധ്യാനിക്കുന്ന വസ്തുവിനെക്കുറിച്ചുള്ള സങ്കല്പം മാത്രം ശേഷിക്കുകയും ചെയ്യുന്നതാണ് ധ്യാനത്തിന്റെ പരമകാഷ്ഠയായ സമാധി. സങ്കല്പവസ്തു മാത്രം നിലനിൽക്കുന്ന ആ അവസ്ഥയിൽ, സങ്കല്പവസ്തുവിന്റെ ആവരണങ്ങൾ ഓരോന്നായി, അടർന്നുവീഴുകയും യോഗി അതിന്റെ വിവിധ ഭാവങ്ങളിലുള്ള പരിപൂർണ്ണ ജ്ഞാനം നേടിയെടുക്കുകയും ചെയ്യും.

കാര്യകാരണ വിവേചനത്തിന്റെ പാതയിൽ ചരിക്കുന്ന ജ്ഞാനയോഗി ഇതിൽനിന്നും അല്പം വ്യത്യസ്തമായാണ് ഇതിനെ വ്യാഖ്യാനിക്കുക. അവരെ സംബന്ധിച്ച് അനുഭവവും അനുഭവിക്കുന്ന ആളും ഒന്നാണ്. കാര്യങ്ങൾ കുറച്ചുകൂടി വ്യക്തമാക്കുവാനായി, ഞാൻ നിന്നോട് ചില ചോദ്യങ്ങൾ ചോദിക്കാം. നീ ധ്യാനിക്കുമ്പോൾ, ഉദാഹരണത്തിന്, ഓം എന്ന സങ്കല്പത്തിൽ ധ്യാനം ചെയ്യുമ്പോൾ എന്താണ് സംഭവിക്കുന്നത്?

എം: ഞാൻ കണ്ണുകൾ അടച്ച്, സ്വർണ്ണനിറമാർന്ന 'ഓം' എന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നതായി സങ്കല്പിക്കും.

ബാബാജി: ആരാണ് 'ഓം' സങ്കല്പിക്കുന്നത്?

എം: ഞാൻ, എന്റെ മനസ്സ്.

ബാബാജി: 'ഞാൻ' എന്നു പറയുമ്പോൾ നിന്റെ മനസ്സിലെ സമ്പൂർണ്ണ വിചാരങ്ങളും നിന്റെ പൂർവാനുഭവങ്ങളും നിന്റെ വികാരങ്ങളും നിന്റെ പ്രതികരണങ്ങളും അങ്ങനെയെല്ലാം അതിൽ ഉൾപ്പെടില്ലേ?

എം: അതെ, അതു ശരിയാണ്.

ബാബാജി: നീ സങ്കല്പിച്ചിരിക്കുന്ന 'ഓം' എന്നതും നിന്റെ വിചാരത്തിന്റെ മറ്റൊരു രൂപമല്ലേ, അതും നിന്റെ മനസ്സിന്റെ ഘടകമല്ലേ?

എം: അതെ.

ബാബാജി: അങ്ങനെയെങ്കിൽ, നിങ്ങൾ 'ഞാൻ' എന്നുവിളിക്കുന്ന ചിന്തകളും നിങ്ങൾ സങ്കല്പിച്ച 'ഓം' എന്നുവിളിക്കുന്ന ചിന്തകളും തമ്മിൽ വിചാരങ്ങളാൽതന്നെ സൃഷ്ടിക്കപ്പെട്ട, കൃത്രിമമായ വേർതിരിവല്ലേ അവയ്ക്കിടയിൽ ഉള്ളത്. അനുഭവമെന്നും അനുഭവപ്പെട്ടതെന്നുമുള്ള രണ്ടു വിചാരങ്ങളും, മനസ്സുതന്നെയല്ലേ? അപ്പോൾ അവ തമ്മിൽ എന്താണു വ്യത്യാസം? അവയെല്ലാം

ഒരേ വസ്തുതന്നെ, ചിന്തകളുടെ സമാഹരണമായ ആ മനസ്സു തന്നെ.

എം: ബാബാജി, അങ്ങ് പറയുന്നത് എന്താണെന്ന് എനിക്കു മനസ്സിലായി. കൃത്രിമമായ വേർതിരിവ് അപ്രത്യക്ഷമാകുമ്പോൾ, അവശേഷി ക്കുന്നത് ഒരുപാട് വിചാരങ്ങൾ തെളിയുകയും മറയുകയും ചെയ്യുന്ന ഒരു മണ്ഡലം മാത്രം. പ്രത്യക്ഷവും അപ്രത്യക്ഷവുമാ കുന്ന വിചാരങ്ങളെ നിരീക്ഷിച്ചുനിൽക്കുന്ന എനിക്ക്, നിരീക്ഷ കന്, വ്യക്തമാകും ഞാൻ അനവരതം തുടരുന്ന ചിന്താധാരയുടെ ഭാഗമാണെന്ന്. അപ്പോൾ മനസ്സ് ശാന്തമായിത്തുടങ്ങും.

ഈ ഘട്ടത്തിൽ ബോധപൂർവ്വമായ ശ്രമങ്ങളൊന്നുമില്ലാതെ, ഞാൻ ധ്യാനാവസ്ഥയിലേക്കു കടന്നു—അതിന്റെ ദൈർഘ്യം എനിക്ക് ഓർമ്മിക്കാൻ കഴിയുന്നില്ല. ധാരമുറിയാത്ത ആ തരംഗങ്ങൾക്ക് അവയുടെ സ്വത്വം നഷ്ടപ്പെടുകയും പ്രഭവസ്ഥാനത്തേക്ക് അവ ലയിച്ചുചേരുകയും ചെയ്തിരിക്കും. കാരണം, ആ അവസ്ഥയിൽ നിന്നും ഞാൻ മടങ്ങിയെത്തുമ്പോൾ സമാധാനത്തിന്റെയും മൗനത്തിന്റെയും അവാച്യവും അത്യധികവുമായ നിർവൃതി ഞാൻ അറിഞ്ഞു. എന്നെ ശ്രദ്ധിക്കുകയായിരുന്ന ബാബാജി എന്റെ അവസ്ഥ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ അടുത്ത വാക്കു കൾ ഇപ്രകാരമായിരുന്നു: "നീ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. വിചാരങ്ങളുടെ വിശാലപരപ്പായ മനസ്സിന്റെ ഘടകമാണ് നീയെന്നു മനസ്സിലാക്കി എല്ലാ തിരിച്ചറിവുകളോടുംകൂടി സ്വസ്ഥതയുടെ പാരാവാരം തുടർന്നും ആസ്വദിക്കുക, ആ നിലയിൽ സീമകളുള്ള നിന്റെ സ്വത്വത്തെ നിനക്ക് നഷ്ടപ്പെടും. അനന്തമായ, വിചാര ങ്ങളൊഴിഞ്ഞ ശാശ്വതസമാധാനത്തിന്റെ പരംപൊരുൾ മാത്ര മാകും ശേഷിക്കുന്നത്.

എം: ബാബാജീ, ധ്യാനത്തിലെ ഏറ്റവും മഹത്തായ ഉപാധിയായാ ണല്ലോ പ്രാണായാമത്തെ കണക്കാക്കുന്നത്? അതെങ്ങനെയാണു യോഗിക്കു സഹായകമാവുക?

ബാബാജി: വളരെ പ്രധാനപ്പെട്ട ഒരു തെറ്റിദ്ധാരണയുടെ പ്രയാസമു ള്ളൊരു ഭാഗമാണത്. പ്രാണായാമത്തെ ധ്യാനമായും യോഗാ

ചാരങ്ങളുമായി ചേർത്തും പരിഗണിക്കുന്നത് പരക്കെ കാണുന്ന തെറ്റാണ്. പ്രാണായാമം പരമാർത്ഥമായ ഒരു ശാസ്ത്രമാണെന്ന് ഞാൻ സ്പഷ്ടമായി പറയട്ടെ. അതിന്റെ കൃത്യമായ സ്വരൂപത്തിൽ, സകലരുടെയും പ്രയോജനത്തിനായി ആ ശാസ്ത്രത്തെ ഉപയോഗപ്പെടുത്താവുന്നതാണ്. യോഗിയെയെന്നപോലെ അതു എല്ലാവരെയും സഹായിക്കും.

യോഗവിദ്യാർത്ഥികളിൽ അധികം പേരും പരിചയിച്ചിട്ടില്ലാത്ത പ്രായോഗികമായ ചില സൂചനകൾ നൽകുന്നതിനുമുമ്പേ, പ്രാണായാമത്തിന്റെ പല രഹസ്യങ്ങളും ഭൗതികമായ ക്ഷേമത്തിനും പ്രയോജനപ്പെടുത്താമെന്ന കാര്യം ഞാൻ നിന്നോടു പറയട്ടെ. ഭൗതികോന്നതിയിൽ ഉപയോഗിക്കുവാൻ കഴിയുന്ന ഒരു ആചാരം എങ്ങനെയാണ് ആത്മീയവികാസത്തിനായി ഉപയോഗിക്കാൻ കഴിയുക എന്നോർത്ത് നീ ആശ്ചര്യപ്പെടേണ്ടതില്ല. കാരണം, പരക്കെ സങ്കല്പിക്കപ്പെട്ടിരിക്കുന്നതുപോലെ ആത്മീയമായ ഉന്നതിയുമായോ മോക്ഷവുമായോ മാത്രം ബന്ധപ്പെട്ടതല്ല വൈദിക പാഠങ്ങൾ. ധർമ്മാർത്ഥകാമങ്ങളുമായും ബന്ധപ്പെട്ടതാണ്. ഭൗതിക നേട്ടങ്ങളുണ്ടാക്കുന്നതും ഒരുവന്റെ ആഗ്രഹങ്ങളുടെ വിഹിതമായ സംതൃപ്തിക്കു നിദാനവുമാകുന്ന, തൊഴിലും കച്ചവടവും ഉൾപ്പടെയുള്ള ജീവിത വ്യവഹാരങ്ങളിൽ—അതിനി സന്ന്യാസിയായാലും ഗൃഹസ്ഥനായാലും—അയാൾ ചരിക്കുന്ന മാർഗം സ്വാധീനിക്കുന്നത് എങ്ങനെയാണെന്നും എന്തുകൊണ്ടാണെന്നും വൈദികപാഠങ്ങളിൽ സൂചനയുണ്ട്.

അതിനാലാണ്, വൈദിക ആചാരപ്രകാരം ഒരുവന്റെ ജീവിതകാലയളവിനെ നാല് ആശ്രമങ്ങളായി വിഭജിച്ചിരിക്കുന്നത്.

ആദ്യഘട്ടം ബ്രഹ്മചര്യാശ്രമമാണ്. ഇതിൽ ഒരുവൻ ഒന്നോ അതിലധികമോ ഗുരുക്കന്മാർക്ക് കീഴിൽ പഠനാഭ്യാസപ്രക്രിയകളുമായി കഴിയുകയും രണ്ടാം ഘട്ടമായ ഗൃഹസ്ഥാശ്രമത്തിലേക്കു സർവസന്നദ്ധനായി പ്രവേശിക്കുവാൻ പ്രാപ്തി നേടിയെടുക്കുകയും ചെയ്യും. ഗൃഹസ്ഥാശ്രമിയാകുമ്പോൾ അവൻ സമ്പൂർണ്ണമായി, വിവാഹവും കുട്ടികളും ഉപജീവനകാല ക്ഷേമങ്ങളടങ്ങിയ ഭൗതികവിഷയങ്ങളിൽ വ്യാപൃതനായിരിക്കും. ഭൗതികകർമ്മങ്ങളെല്ലാം പൂർത്തീകരിച്ച് കുട്ടികൾ മുതിർന്ന് സ്വയം സമ്പാദിക്കുവാനുള്ള പ്രാപ്തി നേടുമ്പോൾ അയാൾ ഭാര്യാസമേതം വനം പോലെയുള്ള ഏകാന്ത വിഹാരകേന്ദ്രങ്ങളിലേക്കു പോവുകയും കുറച്ചുകൂടി ഉന്നതമായ ആത്മീയപദത്തിന്റെ നിഗൂഢതകളെ ധ്യാനിച്ച് ജീവിക്കുകയും ചെയ്യുന്നു ഇതാണ് വാനപ്രസ്ഥാശ്രമം.

അവസാനഘട്ടമാണ് സന്ന്യാസാശ്രമം. ഈ നിലയിലെത്തുന്നവർ പ്രപഞ്ചത്തെയും അതിന്റെ അതിസൂക്ഷ്മതലങ്ങളെയും ധ്യാനിക്കുകയും, പ്രപഞ്ചത്തിന്റെ അവാസ്തവികതയെ ധിഷണാവിലാസത്തിനപ്പുറമുള്ള തലത്തിൽ ഗ്രഹിക്കുകയും പരംപൊരുളിലേക്ക് നയിക്കുന്ന ജീവിതത്തെയറിഞ്ഞ് പരിവ്രാജകൻ സ്വന്തം ശരീരത്തെ എങ്ങനെ നിലനിർത്തണോ അപ്രകാരം നിലനിർത്തുകയും ചെയ്യുന്നു. സന്ന്യാസം സ്വേച്ഛയാ സ്വീകരിക്കേണ്ടതാണ് എന്ന വിഷയം ശ്രദ്ധിക്കുക. ഈ ആശ്രമത്തിലേക്ക് ഒരുവനെ നിർബന്ധിച്ചോ നിയമപ്രകാരമോ പറഞ്ഞയയ്ക്കാൻ കഴിയുകയില്ല. ഭൗതികജീവിതാന്ത്യംവരെ ഗൃഹസ്ഥാശ്രമികളായി തുടർന്ന മഹാ ത്മാക്കളായ ആത്മീയതേജസ്വികളുണ്ടായിരുന്നുവെന്നതാണ് വാസ്തവം. നിസ്സംഗതയും വൈരാഗ്യവുംകൊണ്ട് ഒരുവൻ സന്ന്യാസിയായാൽ അയാൾക്ക് സമൂഹത്തിൽ സവിശേഷമായ ഒരു സ്ഥാനം ലഭിക്കുകയും അയാളെ ദിവ്യനായി ഏവരും കണക്കാക്കുകയും ചെയ്യും. അടുത്തകാലത്തും അത്തരം മഹാത്മാക്കളുണ്ടായിരുന്നു.

മിക്ക വ്യക്തികളും ഈ ഘട്ടങ്ങളിലൂടെയെല്ലാം കടന്നുപോകുന്നവരാണ്. വളരെ അപൂർവ്വമായി, കർമ്മങ്ങളെല്ലാം പൂർത്തീകരിച്ചവർ ഇടയിലുള്ള രണ്ടു ഘട്ടങ്ങളെ ഉപേക്ഷിച്ച്, ബ്രഹ്മചര്യത്തിൽനിന്നും നേരേ സന്ന്യാസത്തിലേക്കു കടക്കും.

പ്രാണായാമത്തിന്റെ യഥാർത്ഥശാസ്ത്രമനുസരിച്ച്, ശ്വാസത്തെ ബലാത്കാരമായി നിയന്ത്രിച്ചു നിർത്തുകയോ അടക്കിവയ്ക്കുകയോ അല്ല ചെയ്യുന്നത്. മനുഷ്യശരീരത്തിലെ ജീവബലം അഥവാ പ്രാണന്റെ പ്രവർത്തനനിയമങ്ങളും, രീതികളും അവ ശാരീരികമായും മാനസികമായും ആത്മീയവുമായ തലങ്ങളെ എങ്ങ ബാധിക്കുമെന്ന പഠനമാണത്. ഉച്ഛ്വസിക്കുകയും നിശ്വസിക്കുകയും ചെയ്യുന്ന വായുവിനെയല്ല പ്രാണൻ എന്നു പറയുന്നതെന്ന് ഓർക്കുക, മറിച്ച് ശരീരത്തിൽ നിലനിൽക്കുന്ന കാന്തികശക്തിയുള്ള പ്രാപഞ്ചികോർജ്ജമാണത്. ആത്മീയമായും കാലികമായും അതിന്റെ കൃത്യമായ ഉപയോഗപ്പെടുത്തലാണ് പ്രധാനം.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആത്മീയമുക്തിയിൽ തത്പരരായവർക്കു മാത്രമുള്ളതല്ല അത്. ദൈനംദിന ജീവിതവ്യവഹാരങ്ങളിൽപ്പെട്ട് ഉഴലുന്നവർക്കും പ്രാണായാമത്തിന്റെ ഭൗതികഗുണങ്ങൾ സ്വായത്തമാക്കാവുന്നതാണ്. ഒരുപക്ഷേ ഭൗതികോന്നതി കൈവരിച്ചശേഷം വീണ്ടും അതിന്റെ പരിശീലനം തുടർന്നാൽ അവർക്ക് തീർച്ചയായും പ്രാണന്റെ കൃത്യമായ നിയന്ത്രണംകൊണ്ട്

ആത്മീയോദ്യമത്തിന്റെ പരിധിയിലേക്ക് സാവധാനം കടക്കാവുന്നതാണ്.

പ്രാണായാമത്തിന്റെ പ്രവർത്തനസങ്കേതങ്ങളും സിദ്ധാന്തങ്ങളും ഗ്രഹിച്ചവന് പ്രാണനെ നിയന്ത്രിക്കുവാൻ കഴിയും. തെക്കോട്ട് തലവച്ച്, വടക്കോട്ട് കാലുകൾ നീട്ടിക്കിടന്നാൽ പിരിമുറുക്കങ്ങളില്ലാത്ത, സ്വസ്ഥതയുള്ള ഉറക്കം ലഭിക്കും. അപ്രകാരം ഉറങ്ങുമ്പോൾ ഭൂമിയുടെ ദിശയോട് പൊരുത്തപ്പെടുകയും ഭൂമിയുടെ കാന്തികകേന്ദ്രവുമായി പൊരുത്തപ്പെടുന്ന ഒരു തുലനാവസ്ഥ നാം നിലനിർത്തുകയും ചെയ്യുന്നു.

ഇനി, പ്രാണൻ സഞ്ചരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചു ഞാൻ നിന്നോടു പറയാം. യോഗശാസ്ത്രപ്രകാരം, പ്രത്യേകിച്ച് ശിവസംഹിത അനുസരിച്ച്, 72,000 നാഡികളുടെ അതിസൂക്ഷ്മമായി ഇഴപിരിഞ്ഞുകിടക്കുന്ന നാഡീവ്യൂഹസംവിധാനമാണ് നമുക്കുള്ളത്. അതിൽത്തന്നെ, യോഗിയുടെ ക്രിയാത്മകവീക്ഷണത്തിലൂടെ കണക്കാക്കിയാൽ മൂന്നു പ്രധാന ഊർജ്ജപ്രവാഹ മാർഗ്ഗങ്ങൾ—സുഷുമ്ന, ഇഡ, പിംഗള—ആണുള്ളത്. ഊർജ്ജനിർവ്വഹണം നടത്തുന്ന അവയവമാണ് സുഷുമ്ന.

മനുഷ്യശരീരത്തിന്റെ ഐച്ഛികവും അനൈച്ഛികവുമായ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് ഇഡ—പിംഗള നാഡികളാണ്. ആ നിയന്ത്രണ—ഏകോപനങ്ങൾ, നിപുണനായ ഒരുവന് തന്റെ നിയന്ത്രണത്തിൽ ചെയ്യാൻ സാദ്ധ്യമാകുന്നതാണ്. നട്ടെല്ലുമായി ബന്ധപ്പെട്ട സുഷുമ്നയാണ് മുഖ്യമായ ഊർജ്ജപ്രവാഹമാർഗ്ഗം. അതിന് രണ്ടു വശങ്ങളിലായാണ് ഇഡയും പിംഗളയും സ്ഥിതിചെയ്യുന്നത്. സുഷുമ്നയുടെ ഇടതുവശത്ത് സ്ഥിതിചെയ്യുന്ന ഇഡ, ഇടത്തെ നാസാരന്ധ്രത്തിൽ നിന്നും ആരംഭിക്കുമ്പോൾ സുഷുമ്നയുടെ വലതുവശത്തുള്ള പിംഗള, വലത്തെ നാസാരന്ധ്രത്തിൽനിന്നും ആരംഭിക്കുന്നു. അവ രണ്ടും മുതുകെല്ലിന്റെ അടിഭാഗത്ത് അതായത് മൂലാധാരത്തിൽ പര്യവസാനിക്കുന്നു.

ഇവിടെയാണ് ഒരു പ്രധാന കാര്യം ഓർക്കേണ്ടത്—ശ്വാസം രണ്ടു നാസാരന്ധ്രങ്ങളിലൂടെയും ഒരേസമയത്ത് പ്രവഹിക്കുകയില്ല. ഓരോ തൊണ്ണൂറു മിനിറ്റിലും ശ്വാസഗതി ഒരു നാസാരന്ധ്രത്തിൽനിന്നും മറുനാസാരന്ധ്രത്തിലേക്കു മാറുന്നു. മനസ്സിന്റെ വിവിധതലങ്ങളെ സ്വാധീനിക്കുന്ന, ഊഴം മാറുന്ന ചക്രഗതിയുടെ പ്രാധാന്യം തിരിച്ചറിയുന്നവരാണ് യോഗികൾ. തലച്ചോറിന്റെ ഗോളാർദ്ധങ്ങളുടെ ക്രിയകൾ എന്തൊക്കെയാണെന്ന് നിങ്ങൾ

കേട്ടിട്ടുണ്ടാകുമല്ലോ. ശരീരത്തിന്റെ ഇടതുഭാഗത്തെ നിയന്ത്രിക്കുന്ന തലച്ചോറിന്റെ വലതുപാതിയാണ് നമ്മുടെ ദൃശ്യാനുഭവങ്ങളെയും സംഗീതാസ്വാദനത്തെയും അന്തർജ്ഞാനത്തെയും സ്വാധീനിക്കുന്നത്.

ശരീരത്തിന്റെ വലതുഭാഗത്തെ നിയന്ത്രിക്കുന്ന മസ്തിഷ്കത്തിന്റെ ഇടതുപാതിയാണ് ഭാഷയുടെയും യുക്തിയുടെയും വിശ്ലേഷണ ബുദ്ധിയുടെയും താളബോധത്തിന്റെയും കേന്ദ്രം. പ്രാണായാമം നിയതമായി പരിശീലിക്കുന്നതിലൂടെ തലച്ചോറിന്റെ രണ്ടു പാതിയെയും ഉത്തേജിപ്പിക്കുവാനും പ്രയോഗക്ഷമമാക്കുവാനും യോഗിക്കു സാദ്ധ്യമാകുന്നു.

**എം:** മതാനുഷ്ഠാനങ്ങളിൽ വിശ്വാസത്തിന്റെ കൃത്യമായ സ്ഥാനമെന്താണെന്ന് ദയവായി വിശദീകരിക്കാമോ?

**ബാബാജി:** പരിഹസിക്കപ്പെടേണ്ട ഒന്നല്ല വിശ്വാസം. സമസ്തലോകവും—ശാസ്ത്രമുൾപ്പെടെയുള്ളവ—വിശ്വാസത്തെ ആശ്രയിക്കുന്നു. വിദ്യാലയത്തിൽ, ശാസ്ത്രപുസ്തകങ്ങളിൽനിന്നും പ്രപഞ്ചത്തെപ്പറ്റിയുള്ളതെല്ലാം നിങ്ങൾ പഠിക്കുന്നു. പുസ്തകങ്ങളിൽ നിങ്ങൾ പഠിക്കുന്നതൊന്നും നേരിട്ട് അറിയുവാനോ കാണുവാനോ ഉള്ള അവസരം നിങ്ങൾക്കു ലഭിക്കുന്നില്ലയെങ്കിലും, ഉദാഹരണത്തിന് സൗരയൂഥത്തിൽ സൂര്യനു ചുറ്റും ഒൻപതു ഗ്രഹങ്ങൾ ഭ്രമണം ചെയ്യുന്നുവെന്നത് നിങ്ങൾ വിശ്വാസത്തിന്റെ പുറത്താണ് അംഗീകരിക്കുന്നത്. തീർച്ചയായും വളരുമ്പോൾ, നിങ്ങൾ അംഗീകരിച്ച വിശ്വാസം സത്യമാണോ അല്ലയോ എന്നത് സ്വയം കണ്ടെത്തുവാനുള്ള അവസരം നിങ്ങൾക്കു ലഭിക്കുന്നു. അത്രയും കാലം, ആ സിദ്ധാന്തമുണ്ടാക്കിയ ശാസ്ത്രജ്ഞന്റെയും വായിക്കുന്ന പുസ്തകത്തിന്റെയുംമേൽ നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ ഉറപ്പിക്കുന്നു.

നേരിട്ടു കണ്ടിട്ടില്ലായെന്നോ കാണാൻ കഴിയുന്നില്ലായെന്നോ ഉള്ളതുകൊണ്ട് നവഗ്രഹങ്ങളുടെ അസ്തിത്വത്തെ നിരാകരിക്കുന്നത് വിഡ്ഢിത്തമല്ലേ? ബുദ്ധിയുള്ള ഒരു വിദ്യാർത്ഥി അതിനെ പെട്ടെന്ന് അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുകയില്ലായെന്നത് തീർച്ചയാണ്. നേരിട്ട് മനസ്സിലാക്കുവാനുള്ള ഉപാധി കണ്ടെത്തുന്നതുവരെ അവൻ വിശ്വാസത്തെ അംഗീകരിച്ചു മുന്നോട്ടുപോകും.

ഇത്തരം വിശ്വാസമാണ് അചഞ്ചലനായ ധർമ്മാന്വേഷകന് അവശ്യം വേണ്ടത്. സാധാരണ മനുഷ്യന്റെ ശേഷിക്ക് അതീതമായുള്ളതിനെ

പരിചയിച്ചറിയുവാൻ കഴിഞ്ഞാൽ, ഋഷിമാർ പറഞ്ഞിട്ടുള്ള സത്യങ്ങളെ വളരെ അപൂർവ്വമായേ നിരാകരിക്കേണ്ടിവരാറുള്ളൂ. ഇതേ സമയംതന്നെ വ്യവസ്ഥാപിതമായ ചിന്തകൾക്കും അപ്പുറമുള്ള കഴിവുകൾ സ്വയം വികസിപ്പിക്കുവാനുള്ള ശ്രമം അവൻ നടത്തേണ്ടിവരും. ഒരു സത്യത്തെ പ്രസ്താവിക്കുമ്പോൾ യോഗി നിൽക്കുന്ന അതേ അവസ്ഥയിൽ ഒരുവൻ എത്തിച്ചേർന്നുകഴിഞ്ഞാൽ, ആ സത്യത്തെ സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള സ്വാതന്ത്ര്യം അവനു ലഭിക്കും. അന്വേഷണം നടത്താതെ ഒരു പ്രസ്താവനയെ നിരാകരിക്കുന്നവൻ, എല്ലാ ജ്ഞാനത്തെയും തടസ്സപ്പെടുത്തുന്ന മാനസികപ്രതിബന്ധം നിർമ്മിച്ചെടുക്കുകയാണ് ചെയ്യുന്നത്. നേരിട്ടനുഭവിക്കാതെ നിരാകരിച്ചകറ്റുന്ന ഒന്നിനുവേണ്ടി അന്വേഷണം നടത്തുവാൻ അവനെങ്ങനെ കഴിയും?

ആരോഗ്യപരമായ വാദപ്രതിവാദങ്ങളെ വേദാന്തം പ്രോത്സാഹിപ്പിക്കുന്നു. ഉപനിഷത്തുക്കളിൽ മിക്കതും ഋഷിമാർ തമ്മിലുള്ളതോ, ആചാര്യന്മാരും ശിഷ്യന്മാരും തമ്മിലുള്ളതോ ആയ സംവാദങ്ങളുടെ രൂപത്തിലുള്ളതാണ്. ഇത്തരം സംവാദങ്ങൾ വളരെ ഗൗരവമേറിയതാണ്. ഒരു പ്രത്യേക ചിന്താവിഷയത്തിന്റെ ആത്യന്തികമായ വ്യാഖ്യാനം അല്ലെങ്കിൽ ഉത്തരം കണ്ടെത്തുവാനായി നടത്തുന്ന ആത്മാർത്ഥതയുള്ള കൂട്ടായ പരിശ്രമങ്ങളാണവ. അല്ലാതെ, വ്യർത്ഥമായ കുതർക്കങ്ങളോ ഒരുവൻ താൻ നേടിയ അറിവിന്റെ പ്രകടനം നടത്തുന്നതോ അലസമായ മണിക്കൂറിലെ നേരമ്പോക്കോ അല്ല അത്. വേദാന്തപഠനത്തിന്റെ കാതലായ സംവാദങ്ങൾ സൂക്ഷ്മ സ്വഭാവമുള്ള വിഷയങ്ങളെ കൈകാര്യം ചെയ്യാനുള്ള അന്വേഷകന്റെ മേധാശക്തിക്ക് മൂർച്ചകൂട്ടുന്നു.

ശ്രദ്ധ എന്ന സംസ്കൃതവാക്കിനെ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നത് വിശ്വാസം എന്നാണ്. ശ്രദ്ധയുടെ കൃത്യമായ പരിഭാഷയല്ല വിശ്വാസം. ഒരു സ്ഥാനത്തേക്ക് സൂക്ഷ്മനിരീക്ഷണം നടത്തുന്നതാണ് ശ്രദ്ധ, ഒരുവന്റെ യത്നത്തിനു നൽകുന്ന പരിപാവനമായ കരുതലാണത്. ആത്മീയമോ ലൗകികമോ ആയ ലക്ഷ്യം നേടുവാനുള്ള സ്വന്തം ശേഷിയിലുള്ള സന്ദേഹരഹിതമായ വിശ്വാസം ഒരുവനുണ്ടെങ്കിൽ, ആത്മധൈര്യത്തെ ദുർബലപ്പെടുത്തുന്നതോ ഇച്ഛാശക്തിയെ നിരുത്സാഹപ്പെടുത്തുന്നതോ ആയ നിഷേധചിന്തകൾ അവനെ അലട്ടുകയില്ല. ധർമ്മചിന്തകളാൽ അസ്വസ്ഥമാകാതെ, താൻ ദൃഢനിശ്ചയം ചെയ്തിരിക്കുന്നത് നേടിയെടുക്കുന്നതുവരെ, അവന്റെ പരിശ്രമങ്ങളിൽ അവൻ വിശ്വാസമുറപ്പിക്കും.

അക്കാരണംകൊണ്ടാണ് വിശ്വാസത്തിന് പർവ്വതങ്ങളെപ്പോലും ഇളക്കാൻ കഴിയുമെന്നു പറയുന്നത്. അചഞ്ചലമായ അത്തരം വിശ്വാസം വിവേകത്തെ നിഷേധിക്കാതെ അവയ്ക്ക് പരിപൂരകമായി നിൽക്കും. സാരവത്തായ ഈശ്വരനിൽ വിശ്വാസം അർപ്പിക്കുക നിനക്ക് അസാധ്യം എന്നു തോന്നുന്നതു നേടാനാകും. നേരിട്ടു മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത് വിശ്വാസത്തെ പരീക്ഷിക്കുക. സന്ദേഹങ്ങളുടെയും നാസ്തികത്വത്തിന്റെയും വിചാരങ്ങൾ പോകപ്പോകെ ഇല്ലാതാകും. തുരീയാവസ്ഥയിൽ എത്തിച്ചേരുമ്പോഴാണ് ഒരു വ്യക്തി സംശയമില്ലാത്തവനാകുന്നത്.

ഒരു സമയത്ത് പഠിപ്പിക്കാവുന്ന പാഠങ്ങളുടെ അളവിലുൾപ്പെടെ എല്ലാ കാര്യത്തിനും പരിധിയുണ്ട്. പരിധിക്കപ്പുറമുള്ളത് വ്യർത്ഥമായിത്തീരും. ഗ്രഹിക്കുവാൻ നിങ്ങളുടെ മനസ്സിന് കഴിയാതെയുമാകും. വളരെ കുറഞ്ഞുപോയാലോ, ജ്ഞാനമെന്നാൽ അത്രയും മാത്രമേ ഉള്ളൂ; അതിനാൽ എല്ലാം അറിയുന്നവനാണ് നിങ്ങൾ എന്ന തോന്നലും ഉണ്ടാകും. ജ്ഞാനസമ്പാദനത്തിനുള്ള ഔത്സുക്യം നിങ്ങൾ കാണിച്ചാൽ, അതിനർത്ഥം നിങ്ങൾ നിങ്ങളുടെ വൈകല്യങ്ങളെ സ്വയം തിരിച്ചറിയുന്നുവെന്നാണ്. അതൊരു നല്ല ലക്ഷണമാണ്—ഒരു നല്ല വിദ്യാർത്ഥിയുടെ ലക്ഷണം.

ഈ ഭാഗം അവസാനിപ്പിക്കുന്നതിനുമുമ്പ്, ആത്മാന്വേഷികൾക്ക് ഒരുപാട് ഉപകാരപ്പെട്ടേക്കാവുന്ന ബുദ്ധന്റെ മഹാനായ ശിഷ്യൻ ആനന്ദന്റെ കഥ ഞാൻ നിങ്ങളോടു പറയാം. ഗുരുവിനോട് ആത്മാർത്ഥമായ സമർപ്പണ മനോഭാവം ഉണ്ടായിരുന്നിട്ടും ഒരിക്കൽ അദ്ദേഹത്തിന്റെ മനസ്സ് വല്ലാതെ പ്രക്ഷുബ്ധമായി. പരിഹരിക്കാനാവാത്തതെന്ന് ആനന്ദനു തോന്നിയ പ്രശ്നത്താൽ അദ്ദേഹം ചഞ്ചലചിത്തനായി. സന്ദേഹങ്ങൾ അദ്ദേഹത്തെ വല്ലാതെ ഗ്രസിച്ചു. ബുദ്ധന്റെ സിദ്ധാന്തങ്ങളെ ചോദ്യംചെയ്യുന്ന ഘട്ടംവരെ അദ്ദേഹം എത്തിച്ചേരുകയും ചെയ്തു. വിരുദ്ധവികാരങ്ങൾ അദ്ദേഹത്തെ പരവശനാക്കുകയും തന്റെ മനഃപീഡകളിൽനിന്നും അസ്വസ്ഥതകളിൽനിന്നും രക്ഷനേടുവാനെന്നോണം, പരുക്കൻ തറയിലൂടെ അദ്ദേഹം ബലം പ്രയോഗിച്ച് നടത്തയാരംഭിച്ചു. കാൽ പൊട്ടി ചോര ഒഴുകാൻതുടങ്ങി. പക്ഷേ, പ്രശ്നപരിഹാരമൊന്നും ഉണ്ടായില്ല.

ബുദ്ധൻ കുറെനേരമായി ഇതെല്ലാം നിരീക്ഷിക്കുന്നുണ്ടായിരുന്നു. തന്റെ പ്രിയശിഷ്യന്റെ സംഘർഷം കണ്ട് മനസ്സലിഞ്ഞ ബുദ്ധൻ തന്റെ അരികിലേക്കു വരാൻ ആംഗ്യം കാണിച്ചു. എന്നിട്ട് പറഞ്ഞു:

"ആനന്ദാ," അനുതാപാർദ്രമായി ശിഷ്യനെ നോക്കി അദ്ദേഹം തുടർന്നു: "നിന്റെ വീണ എടുത്തുകൊണ്ടുവരൂ, ഒരു മനോഹര രാഗം വായിക്കൂ. സ്വസ്ഥമായിരിക്കൂ. നിന്റെ പ്രശ്നം നമുക്ക് പിന്നീട് പരിഹരിക്കാം."

അതിപ്രഗല്ഭനായ ഒരു സംഗീതജ്ഞനായിരുന്നു ആനന്ദൻ. വീണയെടുത്തുകൊണ്ടുവന്ന് വാദനം ചെയ്യാൻ ഒരുങ്ങിയപ്പോൾ ഗുരു പറഞ്ഞു: "തന്ത്രികൾ അയച്ചിടുക."

വിചിത്രമായ ആ ആജ്ഞയിൽ ചിന്താക്കുഴപ്പം തോന്നിയെങ്കിലും ശിഷ്യനത് അനുസരിച്ചു. "ഇനി വായിക്കൂ." ബുദ്ധൻ പറഞ്ഞു.

"തന്ത്രികൾ അയഞ്ഞുകിടക്കുമ്പോൾ ഞാനെങ്ങനെയാണ് വായിക്കുന്നത്?"

"ശരി, തന്ത്രികൾ മുറുക്കിയിടുക." ബുദ്ധൻ പറഞ്ഞു. വായിക്കാൻ പാകത്തിൽ തന്ത്രികൾ മുറുക്കിയപ്പോൾ ബുദ്ധൻ വീണ്ടും പറഞ്ഞു: "കുറച്ചുകൂടി മുറുക്കൂ."

"ഇനിയും മുറുക്കിയാൽ തന്ത്രികൾ പൊട്ടും, ഗുരോ." ആനന്ദൻ പറഞ്ഞു.

മഹാഗുരു പുഞ്ചിരിച്ചു: "ആനന്ദാ എനിക്കിപ്പോൾ സംഗീതം കേൾക്കണ്ട. എനിക്ക് സംഗീതം കേൾക്കണമെന്നുള്ളപ്പോൾ പരലോകങ്ങളുടെ സംഗീതത്തിനായി കാതോർത്തുകൊള്ളാം. ഇപ്പറഞ്ഞ നിർദ്ദേശങ്ങളൊക്കെ ഞാൻ നിനക്കു നൽകിയത് ഒരു പ്രത്യേക വിഷയം സൂചിപ്പിക്കാനാണ്. ഇമ്പമുള്ള സംഗീതത്തിനായി വീണയുടെ തന്ത്രികൾ ഒരു നിശ്ചിത നില വരെയേ വലിച്ചു മുറുക്കാനാകൂ. അതുപോലെതന്നെ, മനസ്സിനെയും അതിന്റെ യുക്തമായ പരിധിവരേക്കു മാത്രമേ വിശാലമാക്കാനാകൂ. എങ്കിൽ മാത്രമേ അതു കാര്യക്ഷമമാകൂ. ആ പരിധിയിൽ കൂടാനും പാടില്ല, കുറയാനും പാടില്ല.

മുഷിപ്പിക്കുന്ന സ്വരങ്ങൾ സൃഷ്ടിക്കുന്ന അയഞ്ഞുകിടക്കുന്ന തന്ത്രികളെപ്പോലുള്ള അലസമായ മനസ്സിൽനിന്നും അവ്യക്തവും ജഡിലവുമായ ചിന്തകളേ പ്രസരിക്കുകയുള്ളൂ. അതുപോലെ തന്നെ തന്റെ ശേഷിക്കപ്പുറത്തേക്ക് വലിച്ചുനീട്ടുന്ന മനസ്സിനും സുവ്യക്തമായ ചിന്താശേഷിയുണ്ടായിരിക്കില്ല. അപ്രകാരമുള്ള മനസ്സിലേക്ക് ചിന്തകൾ ത്വരിതവേഗത്തിൽ തള്ളിക്കയറുന്നതിനാൽ അവ തമ്മിൽ പൊരുത്തമില്ലാതെ പോവുകയും ചെയ്യുന്നു. പൊരുത്തമില്ലാതെ പോകുന്നതു മാത്രമല്ല, അത്തരമൊരു മനസ്സ് ആയാസത്തിനടിപ്പെട്ട് തകർന്നു എന്നുംവരാം. അല്ലെങ്കിൽ അത്

ഉന്മാദത്തിൽ എത്തിപ്പെടാം. സുവ്യക്തമായ ചിന്താശേഷിയും പ്രശ്നപരിഹാരശേഷിയും ജാഗ്രത്തായ, സ്വസ്ഥമായ മനസ്സിൽ മാത്രമേ ഉണ്ടാവുകയുള്ളൂ. ശ്രദ്ധയെന്നാൽ സമ്മർദ്ദപ്പെടലല്ല മറിച്ച്, മനസ്സ് ശാന്തമായി, ഉപചാരശീലത്തോടെ വർത്തിക്കുമ്പോഴാണ് ശ്രദ്ധയുണ്ടാവുന്നത്.

എം: ആനന്ദനെപ്പോലുള്ള മഹാത്മാക്കൾക്ക്, അത്തരം മാനസികാവസ്ഥ വളരെ അപൂർവ്വമായേ ഉണ്ടാവുകയുള്ളൂ. പക്ഷേ, നിരന്തരം സംശയങ്ങളുണ്ടാകുന്ന എന്നെപ്പോലെയുള്ള സാധാരണക്കാരോ— സംശയങ്ങൾ വല്ലാതെ ആക്രമിക്കുമ്പോൾ ഞാനെന്തു ചെയ്യണം?

**ബാബാജി:** ഇതു നിന്റെമാത്രം പ്രത്യേകതയല്ല. ആത്മസാഫല്യത്തിനായി ആത്മാർത്ഥയാത്ര നടത്തുന്ന എല്ലാവരും അത്തരം ഇരുണ്ട മാനസികാവസ്ഥകളിലൂടെ കടന്നുപോകും. ആത്മാന്വേഷിയെ പരീക്ഷിക്കുവാൻ പ്രകൃതി പ്രയോഗിക്കുന്ന പ്രതികൂല ഉപകരണങ്ങളാണവ. മഹായോഗികൾക്കും അത്തരം മാനസികാവസ്ഥകൾ ഉണ്ടാകാം. ഭയപ്പെടേണ്ടതില്ല. ഈ മാനസികാവസ്ഥകൾ കടന്നുപോകും. ആത്മീയസംജ്ഞകൾപ്രകാരം, ഈ അവസ്ഥയെ 'ആത്മാവിന്റെ ഇരുണ്ട രാത്രി' എന്നു വിശേഷിപ്പിക്കാം.

അങ്ങനെയുള്ള മനോനില വരുമ്പോൾ, ശാന്തമായി ധ്യാനിക്കുക, ഓംകാരം ജപിക്കുക അല്ലെങ്കിൽ ശ്രവണസുന്ദരമായ സംഗീതത്തിന് കാതോർത്ത് സ്വസ്ഥമായിരിക്കുക. പ്രധാനപ്പെട്ട ഒരു തീരുമാനവും ആ മനോനിലയിൽ എടുക്കരുത്. സമ്മർദ്ദത്തിൽ നിന്നും സ്വതന്ത്രമാകുന്നതുവരെ കാത്തിരിക്കുക. പ്രാണായാമത്തിന്റെ രഹസ്യമറിയാവുന്ന വ്യക്തി ആ അവസ്ഥയെ ലഘുവായി തരണം ചെയ്യും.

'ആത്മാവിന്റെ ഇരുണ്ട രാത്രി'ക്കുശേഷം, പുത്തൻ പ്രഭാതം വിരിയുകയും നിങ്ങളുടെ മനസ്സ് വ്യക്തമായി ചിന്തിക്കുവാനുള്ള ശേഷിയിലേക്ക് എത്തിച്ചേരുകയും ചെയ്യും. ആത്മീയാനുഭൂതി വ്യക്തിപരമായി ആർജ്ജിക്കുവാനുള്ള ശേഷിയിലേക്ക് നിന്റെ മനസ്സ് എത്തിക്കഴിഞ്ഞാൽ, നീ മറ്റുള്ളവർ പഠിപ്പിച്ച കാര്യങ്ങളെയും വായിച്ചറിഞ്ഞ കാര്യങ്ങളെയും ആശ്രയിക്കുന്നതു കുറയും. സൈദ്ധാന്തികപാഠങ്ങൾക്ക് അനുഭവപാഠങ്ങൾ പകരം വയ്ക്കപ്പെടും. അപ്പോൾ എല്ലാ സംശയങ്ങളും അകന്ന് ആത്മീയ പാതയിലെ വികാസം ദ്രുതഗതിയിലാകും.

*ഓം തത് സത്*

# ശ്രീരാമകൃഷ്ണന്റെ കാരുണ്യം

കേരളത്തിലെ മുസ്ലിം കുടുംബത്തിൽ ജനിക്കുന്നതിനു തൊട്ടുമുമ്പ്, കൽക്കട്ടയിലെ 'ചുവന്ന പ്രവിശ്യയായ' സോനാഗച്ചിലുള്ള ഒരു വേശ്യയുടെ മകളായാണ് ഞാൻ പിറന്നത്. ഉയർന്ന പദവിയുള്ള വേശ്യയിരുന്നു എന്റെ അമ്മ—പ്രമാണിമാരെ മാത്രമേ സത്കരിക്കാറുള്ളൂ. സ്വാഭാവികമായി ഞാനും അതേ തൊഴിലിൽത്തന്നെ പരിശീലനം നേടി. നൃത്തത്തിലും സംഗീതത്തിലും പ്രാവീണ്യമുണ്ടായിരുന്ന ഞാൻ കാമകലയിലും നിപുണയായിരുന്നു. അതിനാൽതന്നെ ഞാൻ ധാരാളം പേർക്ക് പ്രിയപ്പെട്ട ഒരു യുവതിയായിരുന്നു. എന്റെ പേര് ശശികല എന്നായിരുന്നു.

വ്യക്തമായ ചില കാരണങ്ങൾ ഉള്ളതിനാൽ പേരു വെളിപ്പെടുത്താൻ കഴിയാത്ത, മാന്യകുടുംബാംഗമായിരുന്ന എന്റെ ഇടപാടുകാരിൽ ഒരാൾ, ഒരു ദിവസം മദ്യപിച്ചിരുന്ന സമയത്ത് എന്നോടിങ്ങനെ പറഞ്ഞു:

"ശോഷി, നിന്നെപ്പോലുള്ളവരും നിന്റെ കൂട്ടും ഇല്ലായിരുന്നുവെങ്കിൽ ഞാൻ എത്രയോമുമ്പ് ആത്മഹത്യചെയ്തേനെ. ഇപ്പോളിതാ, സമൂഹം അപരാധികളെന്നു കരുതുന്ന നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. റാണി രാസ്മണിയുടെ കാളീബാരിയിൽ ഒരു ദിവ്യനുണ്ട്. അദ്ദേഹം നിന്നെയും എന്നെയുംപോലെയുള്ളവരെപ്പോലും അനുഗ്രഹിക്കുന്ന ആർദ്രചിത്തനാണ്.

"മദ്യപനും പരസ്ത്രീഗമനം ചെയ്യുന്നവനും 'പാപികളുടെ രാജാവ്' എന്നു സ്വയം വിളിക്കുകയും ചെയ്യുന്ന, പരിചയപ്പെടുത്തലുകളൊന്നും ആവശ്യമില്ലാത്ത സ്റ്റാർ തിയേറ്ററിലെ പ്രശസ്ത നാടകകാരൻ ഗിരീഷ് ഘോഷ്, ഒരു ദിവസം കണ്ണുനിറഞ്ഞ് എന്നോടു പറഞ്ഞു: 'അല്ലയോ യുവാവേ, എന്നെപ്പോലെയുള്ളവനുപോലും ഒരു രക്ഷകനെ ലഭിച്ചിരിക്കുന്നു. നമ്മെ പാപവിമുക്തനാക്കുവാനാണ് ഥാക്കൂർ അവതരിച്ചിരിക്കുന്നത്. ഞാനൊരു രാത്രി മദ്യപിച്ച് മദോന്മത്തനായി അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് അസഭ്യം പറഞ്ഞു. അദ്ദേഹം എന്നെ സ്വന്തം മടിയിലിരുത്തി സ്നേഹാധിക്യത്തോടെ 'സന്ദേശ്' കഴിപ്പിച്ചു.'

"ഗിരീഷ് ദാദായുടെ നാടകമായ ചൈതന്യലീല കാണുവാനായി അദ്ദേഹം നാളെ സ്റ്റാർ തിയേറ്ററിൽ എത്തുന്നുണ്ടെന്ന് ഞാൻ കേട്ടു. നിനക്ക് അദ്ദേഹത്തെ കാണണമെന്നുണ്ടോ? ഞാൻ പോകാൻ തയ്യാറെടുക്കുകയാണ്. നീ വരുന്നുണ്ടെങ്കിൽ, അവിടെവച്ച് എന്നെ കണ്ടാൽ പരിചയഭാവം കാണിക്കരുത്."

**അദ്ദേഹത്തെ കാണാൻ പോകുന്നതിൽ എനിക്കു തീരെ താത്പര്യമില്ലെന്നും ദിവ്യന്മാരിലും മറ്റുള്ളവരെക്കാൾ ദിവ്യത്വമുണ്ടെന്ന അവരുടെ മനോഭാവത്തിലും വിശ്വസിക്കുന്നില്ലായെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അതോടുകൂടി ആ സംഭാഷണം അവസാനിച്ചു.**

**അടുത്തദിവസം വൈകുന്നേരം, ഏതോ ഒരു അജ്ഞാതശക്തി തിയേറ്ററിലേക്കു പോകുവാൻ എന്നെ പ്രേരിപ്പിച്ചു. അവിടെയെത്തിയപ്പോഴേക്കും ഒരുപാട് വൈകിപ്പോയതിനാൽ നാടകം അവസാനിച്ചിരുന്നു. ആ ദിവ്യൻ യാത്ര പുറപ്പെടാൻ തുടങ്ങുകയായിരുന്നു. ഗിരീഷ്ചന്ദ്രഘോഷ്, അദ്ദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം അർപ്പിച്ചു. അതിപ്രശസ്തനായ നാടകകൃത്തെന്നതുപോലെതന്നെ മദ്യപനും സ്ത്രീലമ്പടനുമായ അദ്ദേഹം അങ്ങനെ ചെയ്തത് എന്നെ അത്ഭുതപ്പെടുത്തി. ദിവ്യത്വമുള്ള ആ മനുഷ്യന്റെ കണ്ണുകളിൽനിന്നും പ്രസരിച്ച സരളവും വാത്സല്യപൂർണ്ണവുമായ സ്നേഹഭാവമാണ് എന്നെ ആകർഷിച്ചത്. അദ്ദേഹത്തിന്റെ മുഖം ആത്മീയമായ ആന്തരികാനുഭൂതിയുടെ വെളിച്ചത്തിൽ പ്രകാശിക്കുന്നുണ്ടായിരുന്നു. ആ അനുഭൂതി ഇടതടവില്ലാതെ അദ്ദേഹം ആസ്വദിക്കുന്നതായും എനിക്കു തോന്നി.**

**ചുവന്ന കരയുള്ള വെളുത്ത ധോത്തിയും അതേ നിറത്തിലുള്ള വെള്ളകുർത്തയും അതിനുമീതെ ഒരു കറുത്ത മേൽക്കുപ്പായവുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. തവിട്ടുനിറമുള്ള ഷൂസായിരുന്നു അദ്ദേഹത്തിന്റെ കാലുകളിൽ. പാൻകറപുരണ്ട ചുവന്നനിറമുള്ള അദ്ദേഹത്തിന്റെ ചുണ്ടുകൾ, ആ സുന്ദരവദനത്തിൽ വേറിട്ടുനിന്നു. ദിവ്യത്വത്തിന്റെ പ്രത്യക്ഷസൂചനകളായ രുദ്രാക്ഷവും കാവിവസ്ത്രവും നീണ്ട താടിയുമില്ല. അന്തരീക്ഷത്തിൽ അദ്ദേഹത്തെ സ്തുതിക്കുന്ന കീർത്തനങ്ങൾ മുഴങ്ങിയിരുന്നുമില്ല. പ്രശസ്തരായ നടന്മാരും സമ്പന്നരും അദ്ദേഹത്തിനു ചുറ്റിനും തിങ്ങിനില്പുണ്ടായിരുന്നു. അദ്ദേഹത്തിന് അടുത്തു നിന്നിരുന്ന അനിതരസാധാരണ സൗന്ദര്യമുള്ള ആ യുവാവ്—അത് നരേന്ദ്രനാഥ് ദത്തയാണെന്നു ഞാൻ പിന്നീട് അറിഞ്ഞു—ദിവ്യസന്ന്യാസിയുടെ ഏറ്റവും പ്രിയങ്കരനായ ശിഷ്യനായിരുന്നു. കണ്ട മാത്രയിൽതന്നെ അവരിരുവരുമായി ഞാൻ കടുത്ത സ്നേഹത്തിലായിക്കഴിഞ്ഞിരുന്നു.**

**ഠാക്കൂർ എന്ന് എല്ലാവരും വിളിച്ചിരുന്ന അദ്ദേഹം ചുറ്റും നോക്കവേ അല്പം ദൂരത്തിൽ നിൽക്കുകയായിരുന്ന എന്നെ കണ്ടു. അടുത്തേക്കു ചെല്ലുവാനായി അദ്ദേഹമെന്നോട് ആംഗ്യം കാണിച്ചു. മനസ്സില്ലാമനസ്സോടെ ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നു. ജനക്കൂട്ടം വഴിമാറിത്തന്നു. ഞാൻ അറിയുന്നതിനുമുമ്പേ എന്റെ ശിരസ്സ് അദ്ദേഹത്തിന്റെ ചരണങ്ങളിൽ തൊട്ടു.**

**"അരുത്, അരുത്! എഴുന്നേൽക്കൂ അമ്മേ,"**

**ഞാൻ എഴുന്നേറ്റു. എന്റെ കണ്ണുകൾ അദ്ദേഹത്തിന്റെ കണ്ണുകളുമായി കൂട്ടിമുട്ടി. എന്റെ തലയിൽ കൈവെച്ച്, "നിന്റെ ഹൃദയത്തിൽ**

അധിവസിക്കുന്ന മാതാവ് ഉണരട്ടെ" എന്നുപറഞ്ഞ് അനുഗ്രഹിച്ചു.

അപരിചിതവും ഹർഷോന്മാദഭരിതവുമായ ഒരു ഊർജ്ജം എന്റെ അന്തരംഗത്തിൽ നിറഞ്ഞു. മിഴികളിൽനിന്നും കണ്ണുനീരൊഴുകി, ഞാൻ ഹൃദയം പൊട്ടിക്കരഞ്ഞു. വലതുവശത്തു നിൽക്കുകയായിരുന്ന നരേന്ദ്രദത്ത എന്നോട് മന്ത്രിച്ചു;

"സ്വയം നിയന്ത്രിക്കൂ, നീ ഭാഗ്യവതിയാണ്." തിരിഞ്ഞുനോക്കിയ ഞാൻ ആ യുവശിഷ്യന്റെ കണ്ണുകളിലെ പ്രശാന്തത കണ്ടു. അദ്ദേഹത്തെ വാരിപ്പുണരണമെന്ന് എനിക്കുതോന്നി. പക്ഷേ, എന്റെ ലൗകികവിചാരങ്ങളെയോർത്ത് ഞാൻ സ്വയം ലജ്ജിച്ചു.

വാഹനത്തിലേക്കു കയറുന്നതിനിടയിൽ ഠാക്കൂർ എന്നെനോക്കി പറഞ്ഞു: "അമ്മേ, ദക്ഷിണേശ്വറിലേക്ക് വരൂ."

വേഗത്തിലായ വാഹനം കണ്ണിൽനിന്നും മറയുന്നതുവരെ ഞാൻ അവിടെത്തന്നെ നിന്നു. നരേന്ദ്രനാഥദത്തയും അദ്ദേഹത്തിന്റെ ആചാര്യനോടൊപ്പം മടങ്ങിക്കഴിഞ്ഞിരുന്നു.

രണ്ടാഴ്ചക്കാലത്തെ ആശങ്കകൾക്കൊടുവിൽ ഒരു വെള്ളിയാഴ്ച പുലർച്ചെ ഞാൻ ദക്ഷിണേശ്വറിലേക്കു പോകുവാൻ തീരുമാനിച്ചു. കൊൽക്കത്തയിൽനിന്നും കുതിരവണ്ടിയിൽ കയറി, വള്ളത്തിൽ ഹൂഗ്ലി നദി കടന്ന്, കടവിലിറങ്ങിയ ഞാൻ ദക്ഷിണേശ്വറിൽ പ്രവേശിച്ചു.

"നേരേ കാളിമായുടെ ക്ഷേത്രത്തിലേക്കു പോകൂ." മുസ്ലിമായ വള്ളക്കാരൻ പറഞ്ഞു.

"അതാ, ആ കാണുന്നതാണ്." അയാൾ ചൂണ്ടിക്കാണിച്ചു.

ദൂരെ നിന്നേ, ക്ഷേത്രഗോപുരം എനിക്കു കാണാമായിരുന്നു. അതു ലക്ഷ്യമാക്കി ഞാൻ ക്ഷേത്രമുറ്റത്തേക്കു കടന്നു. ദേവിക്കു വെള്ളിയാഴ്ച വിശിഷ്ടദിവസമായിരുന്നതിനാൽ, അന്നവിടെ നല്ല തിരക്കുണ്ടായിരുന്നു. ആദ്യമായാണ് ഞാൻ അവിടെയെത്തിയത്. സ്ഥിരമായി ക്ഷേത്രത്തിൽ പോകുന്ന ആളല്ലാഞ്ഞിട്ടും നിർവചിക്കാൻ കഴിയാത്ത ഏതോ കാരണത്താൽ ഞാൻ സന്തുഷ്ടയായിരുന്നുവെന്നത് എന്നെ വല്ലാതെ അതിശയിപ്പിക്കുന്നുണ്ടായിരുന്നു.

അതൊരുപക്ഷേ, ഞാൻ സ്നേഹിക്കുന്നതായി കരുതുന്ന ഠാക്കൂറിനെ, പരമഹംസനെ, കാണാൻ പോകുന്നു എന്ന തോന്നലായിരുന്നിരിക്കാം. ശ്രീകോവിലിന് അടുത്തെത്താൻ എനിക്കു പിന്നെയും അരമണിക്കൂറോളം എടുത്തു. ഏറ്റവും ഭയാനകമായ രൂപത്തിലായിരുന്നിട്ടുകൂടി കാളീമാതാവ് അതിമനോഹരിയായിരുന്നു. ആ മുഖത്തേക്ക് ഉറ്റുനോക്കിനിന്നപ്പോൾ ഞാനീ ലോകംതന്നെ മറന്നുപോയി. ആരോ പറഞ്ഞു:

"മാറുക, മറ്റുള്ളവർക്കുംകൂടി വഴി നൽകുക മാറിനിൽക്കുക."

വിഗ്രഹം തൊഴുത് ഞാൻ പുറത്തെത്തി. ക്ഷേത്രമുറ്റത്ത്, പ്രവേശന കവാടത്തിന്നരികിൽവച്ച് ഞാൻ ഒരാളോടു ചോദിച്ചു;

"പരമഹംസൻ എവിടെയാണു താമസിക്കുന്നത് എന്ന് അറിയാമോ?"

"പരമഹംസനോ, ഓ, ആ ഭ്രാന്തൻ പുരോഹിതനല്ലേ?'' അങ്ങനെ പറഞ്ഞിട്ട് അയാൾ എന്റെ തൊട്ടടുത്തെത്തി തുടർന്നു: ''എനിക്കു മനസ്സിലായി നിന്നെ. പ്രവേശനകവാടത്തിനു പുറത്തെത്തി ഇടത്തോട്ടു തിരിയുക. ശിഷ്യന്മാർ അടുത്തില്ലാത്തപ്പോൾ അയാൾ വേശ്യകളുമായി ഇടപാടുകൾ നടത്താറുണ്ടെന്ന് ആളുകൾ പറയുന്നതു കേട്ടിട്ടുണ്ട്. വേഗം ചെല്ല്, നിനക്കു പറ്റിയ ആൾതന്നെ."

''പോയി തുലയടാ!'' ഞാൻ അവനോടു പറഞ്ഞു. കാളീമാതാവ് അവന്റെ തലയറുത്തിടണേയെന്ന് ആഗ്രഹിച്ചുകൊണ്ട് ഞാൻ അവിടെ നിന്നും നടന്നകന്നു. അയാൾ പറഞ്ഞുതന്നവഴി കൃത്യമായിരുന്നു. ഒരു ഡസനിലധികം ആളുകൾ നിൽക്കുന്ന, ചെറിയ മുറിയുടെ വരാന്തയിൽ ഞാൻ എത്തപ്പെട്ടു. വാതില്ക്കൽ നിന്ന് അകത്തേക്കു നോക്കിയപ്പോൾ ഒരു കാൽ മടക്കിവച്ച്, മറ്റേകാൽ തറയിലുറപ്പിച്ച് കട്ടിലിൽ ഇരിക്കുകയായിരുന്ന നിലയിൽ ധ്യാനലീലനായ ഠാക്കൂറിനെ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ തൊട്ടടുത്തായി തറയിൽ ഏതാനും ചെറുപ്പക്കാരുടെ നടുവിലായി, മുമ്പിൽ തബലയുമായി തിളങ്ങുന്ന സുന്ദരമായ കണ്ണുകളുമായി നരേന്ദ്ര ദത്ത ഇരിപ്പുണ്ടായിരുന്നു. ആചാര്യൻ എന്റെ നേർക്കു നോക്കി.

"തിയേറ്ററിൽവച്ച് അങ്ങനുഗ്രഹിച്ച യുവതി വന്നിട്ടുണ്ട്." നരേന്ദ്രൻ പറഞ്ഞു.

"അറിയാം. കാരണം കറുപ്പാണ്. ഒരിക്കൽ ഉപയോഗിച്ചാൽ എക്കാലത്തേക്കും നിങ്ങൾ അടിമയായിത്തീരും. ഈശ്വരനെക്കുറിച്ചുള്ള അന്തർബോധത്തിനു തുല്യമായ മറ്റൊരു ലഹരിപദാർത്ഥവുമില്ലതന്നെ."

ചുറ്റും നിന്നവരെല്ലാം പൊട്ടിച്ചിരിച്ചു. ഒരു സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടപോലെ ഞാൻ വിസ്മയത്തോടെ നിന്നു. ഞാനും ഉറക്കെ ചിരിച്ചു. ആരോ എന്റെ അടുത്തെത്തി പരുഷമായി പറഞ്ഞു:

"വഴിമാറി നിൽക്കൂ. അകത്തുപോകരുത്. ഇതൊരു പരിശുദ്ധമായ സ്ഥലമാണ്. നിനക്ക് ഇവിടെ ഇരിക്കണമെന്നുണ്ടെങ്കിൽ ആ വരാന്തയിലെങ്ങാനും പോയി ഇരിക്കൂ."

ഞാൻ അവിടെനിന്നും മാറി പടിക്കെട്ടിനടുത്തായി ഇരുന്നു. അകത്തെ കാഴ്ചകൾ കാണാൻ കഴിയുന്നില്ലായെങ്കിലും അവിടെനിന്നുള്ള ശബ്ദം എനിക്കു കേൾക്കാമായിരുന്നു.

വളരെ അപൂർവ്വമായി എന്റെ അടുത്തുവരാറുള്ള ഇടപാടുകാരിൽ ഒരാളായ ധനികനായ ഒരു 'ബാബു' വരാന്തയുടെ അങ്ങേയറ്റത്ത് ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം എന്നെ കണ്ട് കണ്ണുകൾ മാറ്റി. കുറച്ചു

നേരം എന്നെ മനസ്സിലാകാത്തതുപോലെ ഇരുന്ന അദ്ദേഹം പിന്നെ ഒഴിഞ്ഞുമാറുന്ന ഭാവത്തോടെ എഴുന്നേറ്റ് നടന്നകന്നു.

തബലനാദത്തിന്റെ അകമ്പടിയോടെ ശ്യാമമാതാവിനെക്കുറിച്ചുള്ള ഹൃദ്യമായ ഒരു ഗാനം മധുരോദാരമായ ശബ്ദത്തിൽ ആലപിച്ചത്–മുറിക്കുള്ളിൽനിന്നും ഒഴുകിവരുന്നുണ്ടായിരുന്നു. ഗാനശകലം ഇങ്ങനെ പറഞ്ഞു:

"ശ്യാമമാതാവെന്റെയുള്ളിൽ കടന്നെത്തിയതങ്ങനെ...

പരമാനന്ദോന്മാദം നുകർന്ന ഞാനോ... ഇല്ലാതെയായ്...

ഉപവിഷ്ടയായ് ഇവിടെ വസിപ്പതു ശ്യാമ മാത്രം...

എന്റെയടുത്തിരുന്ന സന്ദർശകൻ ഇങ്ങനെ പറഞ്ഞു: "ഗുരുവിനു വേണ്ടി ഗാനമാലപിക്കുന്നത് നരേനാണ്." ഗാനത്തിന് വിരാമമായി. ദൈവികമായ ഒരു നിശ്ശബ്ദത എന്റെ ഹൃദയത്തിലുണ്ടായി.

അല്പസമയത്തിനകം തെറ്റിദ്ധരിക്കപ്പെടാൻ സാദ്ധ്യതയില്ലാത്ത, കുട്ടികളുടേതുപോലെ മൃദുവായതും കുറച്ചിടറിയതുമായ ശബ്ദത്തിൽ ഥാക്കൂർ പറയുന്നതു ഞാൻ കേട്ടു; "ഇവിടെ ശ്രദ്ധിക്കൂ. എല്ലാം ശരിയായിരിക്കാം. പക്ഷേ, എനിക്ക് എന്നെപ്പറ്റി വ്യതിരിക്തമായി ചിന്തിക്കുവാനാണിഷ്ടം. അവൾ മധുരവും ഞാൻ അതു നുകരുവാനിഷ്ടപ്പെടുന്ന ഉറുമ്പുമാണ്."

നരേന്ദ്രന്റെ ശബ്ദം കേട്ടു: "എന്നെ സംബന്ധിച്ച് എല്ലാം ഒന്നാണ്, പരബ്രഹ്മമായത്. ദ്വിതീയമായിയൊന്നുമില്ലാത്ത പരമാനന്ദസ്വരൂപമായത്."

"അമ്മേ പോകൂ," അടഞ്ഞ ശബ്ദത്തിൽ ഥാക്കൂർ പറഞ്ഞു, അടുത്തതായി ഞാൻ കണ്ട കാഴ്ച, മദ്യപനെപ്പോലെ ഇടറിയ കാൽവയ്പുകളുമായി, നരേന്ദ്രനാൽ താങ്ങപ്പെട്ട് അദ്ദേഹം മുറിക്കു പുറത്തേക്ക് ഇറങ്ങിവരുന്ന കാഴ്ചയാണ്. പടിക്കെട്ടിലിരുന്നു മുകളിലേക്കു നോക്കിയ ഞാൻ വിചിത്രമായ ഒരു രംഗത്തിന് സാക്ഷ്യംവഹിച്ചു. ഥാക്കൂറിന്റെ രൂപത്തിനു പകരം, കറുത്തിരുണ്ട് മനോഹരിയായ, ചുവന്ന ചുണ്ടുകളും പളുങ്കുപോലത്തെ ദന്തനിരകളുമുള്ള ശ്യാമമാതാവ് എന്റെയടുത്തേക്കു നടന്നു വരുന്നു.

എന്റെ താടിക്കുപിടിച്ച് ഉയർത്തിക്കൊണ്ട് ശ്യാമ ഇങ്ങനെ പറഞ്ഞു: "മകളേ, ഞാൻ നിന്റെയുള്ളിലുമുണ്ട്."

അഗാധമായ നിർവൃതിയെ അറിഞ്ഞ ഞാൻ നിയന്ത്രണം നഷ്ടപ്പെട്ട് വിതുമ്പി. കരച്ചിലിൽ എന്റെ ശരീരം ആടിയുലഞ്ഞു. അദ്ദേഹത്തിന്റെ പാദങ്ങളിൽവീണ ഞാൻ എന്റെ ജീവിതം അദ്ദേഹത്തിനു സമർപ്പിക്കുകയായിരുന്നു. എത്ര നേരം ഞാൻ ആ നിലയിൽ തുടർന്നുവെന്ന് എനിക്കോർമ്മയില്ല. ഉണർന്നപ്പോൾ ഞാൻ കോവണിപ്പടികളുടെ അടിയിലുള്ള തീർത്തും അപരിചിതമായ ചെറിയ മുറിയിൽ കിടക്കുകയായിരുന്നു. എന്റെ തല ഒരു സ്ത്രീ മടിയിൽ വച്ചിരിക്കുകയാണ്. അവർ എന്റെ തലമുടിയിലൂടെ വിരലോടിക്കുന്നുണ്ടായിരുന്നു.

"ഇപ്പോൾ എങ്ങനെയുണ്ട് കുട്ടീ?" അന്നോളം ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും കരുണയുള്ള മുഖത്തുനിന്നും പുറപ്പെട്ട കരുണാർദ്രമായ ശബ്ദമായിരുന്നു അത്. ആ സ്ത്രീ ഥാക്കൂറിന്റെ ഭാര്യയായ ശാരദാദേവി യായിരുന്നുവെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. അവരുടെ കൈയിൽ മുറകെപ്പിടിച്ചുകൊണ്ട് ഞാൻ പിന്നെയും തേങ്ങിക്കരഞ്ഞു.

"എല്ലാം ശരിയാകും മകളേ," അവർ എന്നെ ആശ്വസിപ്പിച്ചു. "ഇന്ന് ഥാക്കൂർ നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. നീ ഭാഗ്യവതിയാണ്. പോയി മുഖം കഴുകൂ, കുട്ടീ."

മുഖം കഴുകി ഞാൻ തിരിച്ചെത്തിയപ്പോൾ, അവർ മുടി ചീകിയൊ തുക്കി ഒരു ചെമ്പരത്തിപ്പൂവ് തലയിലണിയിച്ചുതന്നു. "അമ്മയ്ക്കു നടത്തിയ അർച്ചനയിലെ പൂക്കളാണ്. നരേനും മറ്റു ശിഷ്യന്മാർക്കുമൊപ്പം ഥാക്കൂർ കൽക്കട്ടയ്ക്ക് പോയിരിക്കുകയാണ്. നീ തിരികെ പോകുംമുമ്പേ എനിക്ക് നിന്നോട് വളരെ രഹസ്യമായി ഒരു കാര്യം പറയാനുണ്ട്. അദ്ദേഹം നരേനോട് പറഞ്ഞ ആ രഹസ്യം അവൻ എന്നോടു പറഞ്ഞതാണ്. ശ്രദ്ധിച്ചു കേൾക്കുക. നീ ഇനി ഇവിടേക്കു തിരിച്ചുവരരുത്. ഇങ്ങോട്ടുള്ള നിന്റെ ആദ്യത്തെയും അവസാനത്തെയും വരവാണിത്. ഭൂമിയിലെ നിന്റെയീ ജന്മം ഉടനെ അവസാനിക്കും.

"ഒരുപാടു ജന്മങ്ങൾ, മഹാനായ ചിരഞ്ജീവിയായ ഹിമാലയൻ യോഗി ബാബാജിയുടെ ശിഷ്യനായിരുന്നു നീയെന്ന് ഥാക്കൂർ പറഞ്ഞു. അതു നിന്നോടു പറയണമെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഭൂതകാലത്തെ ചില കർമ്മഫലമായി ചില പാഠങ്ങൾ പഠിക്കുന്നതിനു നീയീ രൂപത്തിൽ വന്നു പിറന്നതാണ്. നിന്റെ അടുത്ത ജന്മത്തിൽ ഹിമാലയൻ ബാബാജി നിന്നോടുള്ള സമ്പർക്കം പുനഃസ്ഥാപിക്കും."

"നിന്റെ ഈ ശരീരം വെടിയുന്ന നിമിഷം ഥാക്കൂർ നിന്നെ അനുഗ്രഹി ക്കാനെത്തും. ഇപ്പോൾ നീ വീട്ടിലേക്കുപോകൂ. നിന്റെകൂടെ ആരെയെ ങ്കിലും പറഞ്ഞയയ്ക്കണോ?"

"വേണ്ട അമ്മേ." അങ്ങനെ പറഞ്ഞ് ഞാൻ അമ്മയുടെ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം നടത്തി. യാത്ര തിരിച്ചപ്പോഴേക്കും ദുഃഖമകന്ന് എന്റെ ഹൃദയം സ്വസ്ഥമായിക്കഴിഞ്ഞിരുന്നു.

ഞാൻ തിരികെ വീട്ടിലെത്തിയപ്പോൾ എന്റെ അമ്മ എന്നോട് ഇങ്ങനെ പറഞ്ഞു:

"നിന്റെ മുഖം പ്രസന്നവും ശാന്തവുമായിരിക്കുന്നുവല്ലോ. നീ ഥാക്കൂറിനെ കണ്ടോ? നിനക്ക് കാളിമായുടെ ദർശനം സിദ്ധിച്ചോ?"

ഞാൻ അമ്മയോട് ഇത്രമാത്രം പറഞ്ഞു: "അതേ അമ്മേ ഞാൻ പോയിരുന്നു. അവിടമെത്ര സമാധാനപൂർണ്ണമാണ്."

ഇടപാടുകാരെ കാണാതായതോടുകൂടി എനിക്ക് വരുമാനമില്ലാതെയായി. അമ്മ പ്രതിഷേധിച്ചെങ്കിലും ഞാൻ എന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു.

"മറ്റെന്തെങ്കിലും ജോലി ഞാൻ കണ്ടെത്തും, ഗിരീഷ് ബാബു അദ്ദേഹത്തിന്റെ അടുത്ത നാടകത്തിൽ എനിക്കെന്തെങ്കിലുമൊരു വേഷം തരാതിരിക്കില്ല."

ദക്ഷിണേശ്വറിലേക്കുപോയി മൂന്നാഴ്ചകൾക്കുശേഷം ഒരു വെള്ളിയാഴ്ച വൈകുന്നേരം എന്റെ ചെറിയ വീടിന്റെ വരാന്തയിൽ ഞാനും എന്റെ അമ്മയും ഇരിക്കുകയായിരുന്നു. അമ്മ എന്റെ മുടിയിൽ എണ്ണ തേച്ച് ചീകിമിനുക്കിക്കൊണ്ടിരിക്കേ പെട്ടെന്ന് എന്റെ നെഞ്ചിനുള്ളിൽ തുളഞ്ഞുകയറുന്ന ഒരു വേദന അനുഭവപ്പെട്ടു. തല ചായ്ച്ച് ഞാൻ അമ്മയുടെ മടിയിൽ കിടന്നു.

"ശോഷീ, ശോഷീ," എന്റെ അമ്മ എന്നെ വിളിച്ചുകൊണ്ടിരുന്നു. "എന്തുപറ്റി? വൈദ്യനെ വിളിച്ചുകൊണ്ടുവരാൻ ആളയയ്ക്കട്ടേ, ശോഷീ..."

വേദന തുടങ്ങിയതുപോലെ അതിവേഗം അവസാനിക്കുകയും ചെയ്തു. പകരം നിർവൃതിയുടെ ഒരഗാധ വികാരം എന്നിൽ നിറഞ്ഞു. എനിക്കു ചുറ്റുമുണ്ടായിരുന്ന ലോകം മങ്ങിപ്പോയി. അമ്മയുടെ ശബ്ദം പിന്നീട് എനിക്കു കേൾക്കാൻ കഴിഞ്ഞില്ല. മുല്ലപ്പൂവിന്റെ സുഗന്ധം കാറ്റിൽ പരന്നു.

കാളീമാതാവ് തന്റെ സ്വരൂപത്തിൽ ചുരുളിൽനിന്നെന്നപോലെ എന്റെ മുന്നിൽ പ്രത്യക്ഷയായി. കുനിഞ്ഞ് എന്റെ നെറ്റിയിൽ ചുംബിച്ചു. കാളീമാതാവ് നിവർന്നപ്പോൾ തൽസ്ഥാനത്ത് എന്റെ പ്രിയപ്പെട്ട ഥാക്കൂർ പ്രത്യക്ഷനായി.

"ഞാൻ നിന്നെ കൊണ്ടുപോകാനാണു വന്നത്. വരൂ കുട്ടീ. നിന്റെ ഇടതുഭാഗത്തേക്കു നോക്കൂ. അവിടെ നിന്റെ മുജ്ജന്മങ്ങളിലെ ഗുരുവായ ഹിമാലയൻ യോഗി ബാബാജി നില്പുണ്ട്."

അദ്ദേഹത്തിന്റെ വലതുവശത്തായി, അതിസുന്ദരനും നീണ്ട തവിട്ടുനിറമുള്ള തലമുടിയുള്ളവനും ചെറിയ ഒരു ശുഭ്രനിറ കൗപീനം ധരിച്ചവനുമായ ഒരാൾ നിൽക്കുന്നു. അതിവേഗം അദ്ദേഹത്തെ ഞാൻ തിരിച്ചറിഞ്ഞു, സന്തോഷംകൊണ്ട് ഉറക്കെ വിളിച്ചുപോയി: "ബാബാജീ."

"നിനക്ക് എന്റെ അരികിലെത്തുവാൻ ഒരു ജന്മംകൂടി കാത്തിരിക്കണം. എന്റെ പ്രിയ ശിഷ്യനായ മഹേശ്വറിനെ നിന്റെയടുത്തേക്ക് ഞാൻ അയയ്ക്കാം. ഒരു മുസ്ലിം കുടുംബത്തിൽ പുരുഷനായി നീ പിറക്കും."

"ഈ ജന്മത്തെയും അടുത്ത ജന്മത്തെയും വേർതിരിക്കുന്ന സീമയിലൂടെ നാം ഇപ്പോൾ സഞ്ചരിക്കുകയാണ്. നിന്റെ ആത്മാവ് നിർവൃതിയിൽ വിശ്രമിക്കും. അതിനുശേഷം അടുത്ത ജന്മമെടുക്കുവാനുള്ള തയ്യാറെടുപ്പുകൾ നടക്കും. ഓം ശാന്തി!"

അതിനുശേഷം ഞാനെന്റെ ശരീരത്തിൽനിന്നും വേർപെട്ടുപോയതായി ഞാൻ കണ്ടു. അമ്മ എന്റെ ശരീരവുമായിരുന്ന് വിലപിക്കുന്നുണ്ടായിരുന്നു. ഠാക്കൂർജിയും ബാബാജിയും എന്റെ കൈകൾ പിടിച്ചു. ഒരു നിമിഷം ഞങ്ങൾ പൊങ്ങിയൊഴുകി, അതിനുശേഷം അഗാധവും ആനന്ദദായകവുമായ മഹാനിദ്രയിലേക്കു വഴുതിവീണതായി എനിക്കുതോന്നി. സകലവും ആകാശത്തിൽ ലയിച്ച് അപ്രത്യക്ഷമായി.

ആകാശം: പുരാതനമായ സാംഖ്യദർശനമനുസരിച്ച് ആകാശമാണ് പ്രകൃതിയുടെ അവിഭാജ്യമായ മൂലസ്വരൂപം. അതിൽനിന്നാണ് മറ്റുള്ളവയൊക്കെ ഉണ്ടാകുന്നത്. അവസാനം അവയൊക്കെ തിരിച്ച് ആകാശത്തിൽ ലയിക്കുന്നു. സൂക്ഷ്മമായ ആകാശത്തിൽനിന്ന് വായു, അഗ്നി, ജലം, ഭൂമി എന്നിവ ഉണ്ടായി. ഭൂമിയാണ് ഏറ്റവും സ്ഥൂലമായത്. പ്രളയകാലത്ത് ഇവയൊക്കെ തിരിച്ച് ആകാശത്തിൽ ലയിക്കുന്നു.

അതിനാൽ യോഗി തന്റെ മനസ്സിനെ സ്ഥൂലമായ ഭൂമിയിൽനിന്നുയർത്തി വെള്ളം, അഗ്നി, വായു എന്നിവയിലൂടെ കൊണ്ടുപോയി മനസ്സിന്റെ ഉറവിടമായ സച്ചിദാനന്ദസ്വരൂപത്തിൽ എത്തിക്കണം. ഈ സച്ചിദാനന്ദസ്വരൂപത്തെയാണ് സാംഖ്യദർശനത്തിലും യോഗദർശനത്തിലും പുരുഷൻ എന്നു വിളിക്കുന്നത്. അങ്ങനെ മനസ്സ് പുരുഷനിൽ, അതായത് പരബ്രഹ്മത്തിൽ ലയിച്ചിരിക്കുന്ന അവസ്ഥയാണ് കൈവല്യം.

# യോഗ: ദർശനവും പരിശീലനവും

ഗംഗയുടെ തീരത്ത്, അരുന്ധതി ഗുഹയിൽവച്ച് ഞാൻ ബാബാജിയുമായി നടത്തിയ ഒരു സംഭാഷണമാണിത്.

**എം:** ബാബാജീ, യോഗശാസ്ത്രത്തിന് എത്ര പഴക്കമുണ്ട്?

**ബാബാജി:** തുടക്കം കണ്ടെത്താനാകാത്ത അത്രയും പൗരാണികമാണ് യോഗയുടെ പാഠങ്ങൾ. വളരെ പുരാതനമായ ഉപനിഷത്തുകളിൽ യോഗശാസ്ത്രവുമായി ബന്ധപ്പെട്ട ഭാഗങ്ങൾ നമുക്കു കാണാനാകും. ഇന്നു നാമാവശേഷമായിത്തീർന്ന, ചരിത്രാതീതമായ, മഹത്തരമായൊരു സംസ്കാരത്തിൽനിന്നും നമ്മിലേക്കു പകർന്നുകിട്ടിയ വിജ്ഞാനത്തിന്റെ ഭാഗമാണിത്. അതിബൃഹത്തായൊരു പ്രകൃതിക്ഷോഭത്തിന്റെ ഫലമായി ആ സംസ്കാരം നശിക്കപ്പെടുന്നതിനു മുമ്പായി അന്നത്തെ ജ്ഞാനികളായ മനുഷ്യർ യോഗശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ ഒരിക്കലും നശിക്കാത്ത ചില പ്രദേശങ്ങളിൽ സംരക്ഷിച്ചുവച്ചു. അവിടെനിന്നും അത് സ്വീകർത്താക്കളുടെ ശേഷിക്കനുസരിച്ച് അല്പാല്പമായി, പ്രചരിച്ചു.

ഈ ശാസ്ത്രത്തിന്റെ ആദ്യ സമാഹർത്താക്കളിലൊരാൾ *യോഗസൂത്ര*ത്തിന്റെ രചയിതാവായ പതഞ്ജലി ആണ്. യോഗശാസ്ത്രസിദ്ധാന്തങ്ങളെ സൂക്തങ്ങളായി അവതരിപ്പിക്കുന്ന ഗ്രന്ഥമാണ് *യോഗസൂത്രം*. നാഗലോകത്തിലെ മഹാഗുരുവായ പതഞ്ജലിയെ അർദ്ധമനുഷ്യനും അർദ്ധസർപ്പവുമായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഉപനിഷത്കാലത്തിലെ മഹാദാർശനികനായ യാജ്ഞവല്ക്യന്റെ *യാജ്ഞവല്ക്യസംഹിത*യും ഒരു പ്രധാന ഗ്രന്ഥമാണ്.

കാലാകാലങ്ങളിൽ ചില പ്രത്യേകവിഭാഗങ്ങളുടെ പാഠങ്ങൾക്ക് പ്രചാരമേറി, എന്നുമാത്രമല്ല, ആത്യന്തികമായി ഒരാൾ ശുദ്ധബോധമായിരിക്കുമെന്ന തെറ്റിദ്ധാരണയും അതു നേടാൻ ബൗദ്ധിക വിചാരവും വെറും അഹം ബ്രഹ്മാസ്മി–ഞാൻ ബ്രഹ്മമാകുന്നു–ജപവും മതിയാകും എന്ന പ്രചരണവും പരന്നു. ബ്രഹ്മത്തെ അറിയാൻ സാധിക്കുന്നതായ മാനസികാവസ്ഥയിലേക്ക് പടിപടിയായി എത്തിച്ചേരാൻ സഹായിക്കുംവിധം നമ്മുടെ വിചാരപ്രക്രിയകളെ പരിവർത്തിപ്പിക്കുന്ന യോഗയുടെ യഥാർത്ഥ ആചരണം അതോടെ നഷ്ടപ്രായമായി. ശ്രീമദ് ഭഗവദ്ഗീതയും

പിന്നീട് നാഥ് സമ്പ്രദായവും ഇല്ലായിരുന്നെങ്കിൽ അതു നഷ്ട പ്പെടുമായിരുന്നു എന്നുതന്നെ പറയാം.

നാഥ്യോഗികൾ, പ്രത്യേകിച്ചും നാഥ്യോഗികളിൽ ഏറ്റവും പ്രമുഖനായ ഗോരഖ് നാഥ്, ആണ് പൗരാണിക യോഗപാഠങ്ങളെ പുനരുജ്ജീവിപ്പിച്ചത്. യോഗയുടെ ദാർശനികവും പ്രായോഗിക വുമായ വശങ്ങളെ വ്യക്തമായി അവതരിപ്പിക്കുന്ന സിദ്ധസിദ്ധാന്ത കൗമുദി, ഗോരക്ഷാ ശതകം, ഘേരണ്ഡ സംഹിത, ശിവസംഹിത, ഹഠയോഗപ്രദീപിക തുടങ്ങിയ പ്രാമാണിക ഗ്രന്ഥങ്ങളെല്ലാം നാഥ യോഗികളുടെ രചനകളാണ്.

എം: ബാബാജീ, യോഗസാംഖ്യത്തിൽനിന്നു രൂപപ്പെട്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. താങ്കൾ അതൊന്നു വിശദമാക്കാമോ?

ബാബാജി: ഭാരതീയതത്ത്വചിന്തയിലെ ഏറ്റവും പഴക്കമുള്ള ദർശന മാണ് സാംഖ്യം. പുരാണകാലത്തിനുംമുമ്പ് ജീവിച്ചിരിക്കുകയും ഭഗവദ്ഗീതയിൽ പരാമർശിക്കപ്പെടുകയും ചെയ്ത മഹർഷി കപിലനെയാണ് ഇതിന്റെ പ്രയോക്താവായി കണക്കാക്കുന്നത്. ഇന്നിപ്പോൾ സാംഖ്യന്മാരും ജൈനന്മാരെപ്പോലെ സ്രഷ്ടാവാ യൊരു ദൈവത്തിൽ വിശ്വസിക്കാത്ത നിരീശ്വരവാദികളാണ്. ശുദ്ധബോധമായ പുരുഷനെയും ഭൗതികവസ്തുക്കളായ പ്രകൃ തിയെയും വ്യത്യസ്തമായി കണക്കാക്കുന്ന ദ്വൈതചിന്തയാണ് ഇത്. പ്രകൃതിക്ക് അതിന്റേതായ ഗുണങ്ങളും ധർമ്മങ്ങളും ഉണ്ട്. അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളിലൂടെ അത് രൂപപ്പെട്ടു വരുന്നു. തന്റെ പണിശാലയിലിരുന്ന് പ്രകൃതിക്കുവേണ്ടി കാര്യ ങ്ങളെ രൂപപ്പെടുത്തുന്ന മഹാദൈവങ്ങളൊന്നുമില്ല. കാര്യകാരണ ബദ്ധമായി പ്രകൃതി പ്രവർത്തിക്കുന്നു. പുരുഷനെപ്പോലെതന്നെ പ്രകൃതിയും അനശ്വരമാണ്. അതിന്റെ അവസ്ഥകൾ ഒന്നൊന്നായി മാറുന്നു എന്നുമാത്രം.

ശുദ്ധബോധമായ പുരുഷൻ പ്രകൃതിയുമായി ഇഴചേർന്നാണു നിലനിൽക്കുന്നത്. ആത്മീയപരിണാമത്തിന്റെ പ്രക്രിയ എന്നത് പ്രകൃതിയുമായുള്ള ബന്ധത്തെ ഉപേക്ഷിച്ച്, ശുദ്ധാവബോധത്തിന്റെ മൂലസ്ഥിതിയിലേക്കുള്ള മടക്കയാത്രയാണ്. യോഗയും സാംഖ്യവും അനുസരിച്ച്, മനസ്സും ചിന്തകളുംപോലും അതിന്റെ സൂക്ഷ്മാ വസ്ഥകളിൽ ദ്രവ്യമാണ്. അതിനാലാണ് യോഗയുടെ ലക്ഷ്യം ചിത്തവൃത്തി നിരോധം എന്നാകുന്നത്. പലതരം രൂപങ്ങളുമായി നിരന്തരം ബന്ധപ്പെട്ടുകിടക്കുന്ന മാനസികവൃത്തികളിൽനിന്നും ആദ്യം വിട്ടുനിൽക്കുക, പിന്നെ അവയെ പരിത്യജിക്കുക എന്ന താണ് ചിത്തവൃത്തി നിരോധംകൊണ്ട് അർത്ഥമാക്കുന്നത്.

യാതൊരു പതർച്ചയും ഇല്ലാത്ത, ഒരുമാലിന്യവും പുരളാത്ത ഒരു മാനസികാവസ്ഥയ്ക്ക് ആത്മജ്ഞാനത്തിലൂടെത്തന്നെ പുരുഷനെ അതിന്റെ പ്രാക്തനമായ വിശുദ്ധിയിൽ, എങ്ങും വ്യാപിച്ചിരിക്കുന്ന ശോഭയിൽ അറിയാനാകും.

ജൈനാചാരത്തിലും സമാനമായൊരു പശ്ചാത്തലമുണ്ട്. എന്നാൽ അവർ എല്ലാ കാമനകൾക്കും ഇഷ്ടങ്ങൾക്കുമുപരിയായി ഉയർന്ന് സ്വന്തം ഉള്ളിൽ സ്ഥിതിചെയ്യുന്ന ആനന്ദാനുഭൂതിയെ സാക്ഷാത്കരിക്കുന്ന, എല്ലാ ഭൗതികാവസ്ഥകളിൽനിന്നും മുക്തമായ നിർവ്വാണത്തിലെത്താൻ ശരീരത്തിന്റെയും മനസ്സിന്റെയും കടുത്ത അച്ചടക്കത്തിൽ വിശ്വസിക്കുകയും അതിനായി ശാരീരികമായ പീഡകളിൽക്കൂടി കടന്നുപോകുകയും ചെയ്യുന്നു.

എന്നാൽ, പരിണാമം വരുത്തുവാൻ അത്തരം തീവ്രമായ മാർഗങ്ങൾ സ്വീകരിക്കുന്നതിനോട് യോഗയ്ക്ക് അനുകൂല നിലപാടില്ല. മറിച്ച് ഭക്ഷണം, ഉറക്കം എന്തിനേറെപ്പറയുന്നു ധ്യാനത്തിൽപ്പോലും മിതത്വം പാലിക്കുന്നതിനാണ് യോഗ ഊന്നൽ നൽകുന്നത്. ദാർശനികമായ കാഴ്ചപ്പാടിൽ സാംഖ്യവും യോഗവും തമ്മിൽ വലിയ അന്തരമില്ല. പതഞ്ജലി ഈശ്വരനെന്ന സരൂപമായൊരു ദൈവത്തെ –സൃഷ്ടികർത്താവായൊരു ദൈവമാകണമെന്നില്ല–ആദ്യ ഗുരുനാഥനായി അംഗീകരിക്കുന്നു. സാംഖ്യമാകട്ടെ, ഏറക്കുറെ സംപൂർണ്ണനായ, നിശ്ചിതമായ സൃഷ്ടിചക്രത്തിൽ ആദ്ധ്യാത്മിക പരിണാമത്തിന്റെ താത്കാലികമായ ചുമതല വഹിക്കുന്ന ഒരു ദൈവത്തെ മാത്രമേ അംഗീകരിക്കുന്നുള്ളൂ.

മനസ്സ് അതിന്റെ സൂക്ഷ്മഭാവത്തിൽ, പുരുഷന്റെ ആത്മാവിനൊപ്പം എല്ലായിടത്തേക്കും തുല്യമായി വ്യാപിച്ചിരിക്കുന്നതായാണ് യോഗികൾ സങ്കല്പിക്കുന്നത്. എന്നാൽ സാംഖ്യന്മാർ ഇതിനോട് യോജിക്കുന്നില്ല. എങ്കിലും ശുദ്ധബോധവും ബ്രഹ്മാനന്ദവും സർവ്വതന്ത്രസ്വതന്ത്രമായ പുരുഷന് സാക്ഷാത്കരിക്കണമെങ്കിൽ മനസ്സ് എല്ലാത്തരം പതർച്ചകളിൽനിന്നും സ്വതന്ത്രമായിരിക്കണമെന്നും രാഗവിരാഗങ്ങളിൽനിന്നും മുക്തമായിരിക്കണമെന്നും ഹിംസാത്മകമായ ചിന്തകളിൽനിന്നും വാസനകളിൽനിന്നും മോചിപ്പിക്കപ്പെട്ടിരിക്കണമെന്നുമുള്ള കാര്യത്തിൽ ഇരുകൂട്ടരും യോജിക്കുന്നു.

യോഗ വിയോജിക്കുന്ന അതിതീവ്രവും പീഡനാത്മകവുമായ മാർഗങ്ങളൊഴിവാക്കിയാൽ ജൈനതീർത്ഥങ്കരന്മാരും ഇതേ പാഠങ്ങൾതന്നെയാണു പഠിപ്പിച്ചിട്ടുള്ളത്. ആദ്ധ്യാത്മികയാത്രയിൽ ആദ്യം പിന്തുടരേണ്ടതു നിയമമായി ജൈനമതവും പതഞ്ജലി

യുടെ യോഗസൂത്രങ്ങളും മുന്നോട്ടുവയ്ക്കുന്നത് സമ്പൂർണ്ണമായ അഹിംസയാണ്. വാക്കിലും ചിന്തയിലും പ്രവൃത്തിയിലുമുള്ള അഹിംസ, ജീവനുള്ള യാതൊന്നിനെയും ഉപദ്രവിക്കാതിരിക്കുക— പരിശീലിക്കുക എന്നതാണ്.

എം: ബാബാജി ആരെയാണ് ഏറ്റവും മഹാനായ യോഗി എന്നു വിളിക്കാനാകുക?

ബാബാജി: മഹാനായ കൃഷ്ണൻ ഗീതയുടെ പതിനഞ്ചാം അദ്ധ്യായത്തിൽ സ്വയം 'പുരുഷോത്തമനെ'ന്നു വിളിക്കുന്നു. അതേ ഭഗവദ്ഗീതയുടെ ഒരു അദ്ധ്യായം പൂർണ്ണമായും സാംഖ്യയോഗം പഠിപ്പിക്കാനായി മാറ്റിവച്ചിട്ടുമുണ്ട്. മാത്രമല്ല, താൻ 'യോഗികളിൽ എറ്റവും മഹാൻ' എന്നു വിളിക്കുന്നതിനെപ്പറ്റി ഒരു സംക്ഷിപ്ത വിവരണവും നൽകുന്നു. പന്ത്രണ്ടാം അദ്ധ്യായത്തിൽ ഭക്തനും ശിഷ്യനുമായ അർജ്ജുനന്റെ ചോദ്യത്തിനുത്തരമായി മഹായോഗികളുടെ ഗുണങ്ങൾ ഇങ്ങനെ നിർവ്വചിക്കുന്നു:

തന്റെ ഇന്ദ്രിയങ്ങളിലും വികാരങ്ങളിലും നിയന്ത്രണമുള്ളവൻ; പ്രശംസയുടെയും പഴിയുടെയും ആഹ്ലാദത്തിന്റെയും ദുഃഖത്തിന്റെയും അവസ്ഥകളിൽ ശാന്തനായും സ്ഥിതനായും നിൽക്കുന്നവൻ; ദയയും സഹാനുഭൂതിയുമുള്ളവനും സർവ്വചരാചരങ്ങളുടെയും ക്ഷേമൈശ്വര്യങ്ങളെപ്പറ്റി സദാചിന്തിക്കുന്നവനും.

എം: ബാബാജി, താങ്കൾ അർത്ഥമാക്കുന്നത് ഒരു നിരീശ്വരവാദിക്കോ അജ്ഞേയവാദിക്കോ യോഗ പരിശീലിച്ചാൽ ലക്ഷ്യം നേടാനാകുമെന്നാണോ?

നിരീശ്വരവാദിയും അജ്ഞേയവാദിയുമൊക്കെ യോഗയുടെ ചിട്ടകളും നിയമങ്ങളും പാലിക്കാൻ ആവശ്യമായത്ര വിശ്വാസം വന്നവരായിരിക്കണം എന്നൊരു മുന്നുപാധിമാത്രമേ യോഗ പരിശീലനത്തിനുള്ളൂ.പരിശീലനത്തിലൂടെമുന്നോട്ടുപോയതിനുശേഷം, മനസ്സിൽ പ്രശാന്തി കൈവരിച്ചശേഷം, അവർക്ക് അവരുടെ അനുഭവങ്ങളെ മുൻനിർത്തി ഈശ്വരനുണ്ടോ ഇല്ലയോ എന്നതുപോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാം. അങ്ങു മുകളിൽ സ്വർഗത്തിൽ കഴിയുന്ന ഈശ്വരനുണ്ട് എന്ന് ശക്തമായി വിശ്വസിക്കുന്ന ഒരാൾ അന്യജീവികൾക്കു ദുരിതവും ദുഃഖവുമുണ്ടാക്കുന്ന വിനാശകരമായ ജീവിതം നയിക്കുകയാണെന്നു വിചാരിക്കുക. ഞാൻ വ്യക്തിപരമായി അയാളെ ആസ്തികനായ മനുഷ്യനെന്നോ യോഗിയെന്നോ പറയില്ല.

ശാന്തനും ദയാലുവുമായ ഒരു നിരീശ്വരവാദിയാണ് അക്രമാസക്തനും ക്രൂരനുമായ ഒരു ഈശ്വരവിശ്വാസിയെക്കാൾ നല്ലയാൾ.

**എം:** യോഗയെ കൂടുതൽ അറിയാനും മനസ്സിലാക്കാനും പഠിതാക്ക ൾക്കും തത്പരരായവർക്കും വായിക്കാവുന്ന ചില പുസ്തകങ്ങ ളെപ്പറ്റിക്കൂടി പറയാമോ ബാബാജി?

**ബാബാജി:** തീർച്ചയായും. പതഞ്ജലിയുടെ *യോഗസൂത്രം* വായിക്കൂ. സ്വാമി വിവേകാനന്ദൻ *രാജയോഗ* എന്ന പേരിൽ യോഗസൂത്ര ങ്ങൾക്കെഴുതിയ വ്യാഖ്യാനം നിർബന്ധമായും വായിച്ചിരിക്കണം. *സിദ്ധസിദ്ധാന്ത പദ്ധതി*യും സ്വാത്മാരാമന്റെ *ഹഠയോഗ പ്രദീ പിക*യും വായിക്കേണ്ട പുസ്തകങ്ങളാണ്. *ഘേരസംഹിത*യും വായിക്കാവുന്നതാണ്. പാതഞ്ജലയോഗസൂത്രത്തിന്റെ ഗംഭീര മായൊരു ഭാഷ്യമാണ് മഹാനായ സദാശിവ ബ്രഹ്മേന്ദ്ര രചിച്ച *യോഗസുധാകര* എന്ന കൃതി.

എങ്കിലും ഞാനൊന്നു പറയട്ടെ, പുസ്തകങ്ങളെല്ലാം നീ വായിച്ചു കൊള്ളൂ, വ്യക്തിപരമായി നേരിട്ടൊരു നിർദ്ദേശകന്റെ മേൽ നോട്ടത്തിലല്ലാതെ അവയൊന്നും പരിശീലിക്കരുത്. കാരണം, തെറ്റായ ഫലങ്ങൾ നൽകിയേക്കാവുന്ന തെറ്റായ രീതികൾ നാം ഒരിക്കലും അഭ്യസിച്ചുകൂടാ.

മകനേ, ഇനി പോയി ധ്യാനിക്കൂ. നിന്റെ ക്രിയകളും നാഭിപ്രദേ ശത്ത് ചക്രധാരണവും ചെയ്യൂ. അവിടെ അല്പംകൂടി സന്തുലി താവസ്ഥ കൈവരിക്കണം. *അലേക് നിരഞ്ജൻ.*

## ഉപസംഹാരം

എന്റെ ആത്മകഥ, *ഗുരുസമക്ഷം: ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥയുടെ* പ്രഥമാദ്ധ്യായത്തിന്റെ അന്തിമഭാഗത്ത് ഞാൻ പറഞ്ഞിരുന്നു "... എന്റെ ഗുരുവായ മഹേശ്വർനാഥ് എന്നോടു പറഞ്ഞകഥ..." ഞാൻ ആ കഥയെ പൂർണ്ണമായും നിങ്ങളുടെ മനസ്സിലേക്ക് ഒരിക്കൽക്കൂടി കൊണ്ടുവരട്ടെ. ഇപ്പോൾ നിങ്ങളെന്റെ ഓർമ്മക്കുറിപ്പുകളുടെ ബാക്കികൂടി വായിച്ചുകഴിഞ്ഞപ്പോൾ നിങ്ങൾക്ക് ആ കഥയുടെ പ്രാധാന്യം ഏറെക്കുറെ മനസ്സിലായിക്കാണും. അങ്ങനെ ആ യാത്ര തുടരുന്നു.

സമുദ്രനിരപ്പിൽനിന്നും 13000 അടി മുകളിൽ സ്ഥിതി ചെയ്യുന്ന പ്രസിദ്ധമായ ഹിമാലയൻ ക്ഷേത്രം ബദരിനാഥിനു പിൻവശത്ത്, വളരെ ഉയരത്തിൽ, എത്തിച്ചേരാൻ ഏറെ ദുർഗമമായ മലയിടുക്കുകളിൽ വലുതും ചെറുതുമായ ചില ഗുഹകളുണ്ട്. വേനൽക്കാലത്തുമാത്രമാണ് ക്ഷേത്രം തീർത്ഥാടകർക്കായി തുറക്കുന്നത്. വർഷംതോറും ബാക്കി സമയം മുഴുവൻ ഇവിടം മഞ്ഞുമൂടിക്കിടക്കുന്നു. ശങ്കരാചാര്യരുടെ കാലം മുതൽ ഇവിടത്തെ മുഖ്യ പുരോഹിതനായി പ്രവർത്തിക്കുന്ന, കേരളത്തിൽനിന്നുള്ള നമ്പൂതിരി പൂജാരിമാർപോലും താഴ്‌വര ഗ്രാമമായ ജോഷിമഠിലേക്ക് ഇക്കാലത്ത് മടങ്ങുകയും അടുത്ത തീർത്ഥാടനക്കാലംവരെ അവിടെ വസിക്കുകയും ചെയ്യും. അസാധാരണരായ ഏതാനം ചിലർ മാത്രം ഇവിടെ ശൈത്യകാലത്തും വസിക്കുകയും ഗുഹകളിൽ ധ്യാനനിരതരായി കഴിയുകയും ചെയ്യും.

ഒരു നൂറ്റാണ്ടുമുമ്പ്, ഇത്തരത്തിൽ അസാധാരണനായൊരു യോഗി അവിടെയൊരു ഗുഹയിൽ കഴിഞ്ഞിരുന്നു. കൗപീനമൊഴിച്ചാൽ പൂർണ്ണമായും നഗ്നശരീരനായി അഗാധമായ ധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അതീവസുമുഖനായിരുന്ന അദ്ദേഹത്തിന് നീണ്ടുകിടക്കുന്ന കറുത്ത തലമുടിയും കറുത്ത താടിയും ഉണ്ടായിരുന്നു. അടഞ്ഞ മിഴികളോടെ, ആത്മസംയോഗത്തിന്റെ ആന്തരികാഹ്ലാദം ആസ്വദിച്ചിരുന്ന അദ്ദേഹത്തിന്റെ ചുണ്ടിൽ ശാന്തമായൊരു പുഞ്ചിരി കളിയാടിയിരുന്നു. വെറും പത്തൊമ്പത് വയസ്സുകാരനായ ഈ യുവയോഗി പുണ്യനഗരമായ വാരാണസിയിലെ വൈദികപണ്ഡിതന്മാരുടെ പ്രശസ്തമായൊരു കുടുംബത്തിൽനിന്നും എത്തിയതായിരുന്നു.

അദ്ദേഹത്തിന്റെ പൂർവ്വികർ, നൂറ്റാണ്ടുകളായി തന്റെ ഭൗതിക ശരീരത്തെ യൗവനാവസ്ഥയിൽ കാത്തുസൂക്ഷിക്കുന്നുവെന്ന് വിശ്വ

സിക്കുന്ന, ശ്രീ ഗുരു ബാബാജി എന്നു പുകൾപെറ്റ യോഗിവര്യന്റെ ശിഷ്യന്മാരായിരുന്നു.

ബാബാജിയുടെ ശിഷ്യൻതന്നെയായിരുന്ന ഈ യുവാവിന്റെ അച്ഛൻ അവനെ നന്നേ ചെറുപ്പത്തിൽ, ഒമ്പതാം വയസ്സിൽ, അവനെ ബാബാജിയുടെ കൈയിൽ ഏല്പിക്കുകയായിരുന്നു. അന്നുമുതൽ അവൻ തന്റെ ഗുരുനാഥനൊപ്പം ഹിമാലയത്തിലങ്ങളോമിങ്ങോളം സഞ്ചരിക്കുകയായിരുന്നു. ഒരുവർഷം മുമ്പ്, തന്റെ പതിനെട്ടാം വയസ്സിൽ, അവനൊരു സ്വതന്ത്രയോഗിയായിത്തീരുംവിധം പഠനം പൂർത്തിയാക്കി. അന്നുമുതൽ അവനൊറ്റയ്ക്ക് പരിവ്രാജകജീവിതം ആരംഭിക്കുകയും കേദാറിലെയും ബദരിയിലെയും ഹിമാവൃതമായ പർവ്വതങ്ങളിൽ സഞ്ചരിക്കുകയും ചെയ്തുപോരുന്നു.

നമ്മുടെ ചെറുപ്പക്കാരനായ യോഗി കണ്ണുകൾപൂട്ടി, പരിപൂർണ്ണമായും സമാധിയിൽ സ്ഥിതി ചെയ്യവേ, അദ്ദേഹത്തിന്റെ മുന്നിൽ ഒരു വ്യത്യസ്തമായ നാടകം അരങ്ങേറുകയായിരുന്നു. അന്നാട്ടിൽ സാധാരണ കാണാറില്ലാത്ത രൂപത്തിൽ, വൃദ്ധനായൊരു മനുഷ്യൻ ചെങ്കുത്തായ പാറകളിൽ അള്ളിപ്പിടിച്ച് ആ ഗുഹയ്ക്കുമുന്നിലുള്ള സമനിരപ്പാർന്ന ശിലാപ്രതലത്തിൽ എത്തി. അദ്ദേഹത്തിന്റെ അഴുക്കുപുരണ്ട പച്ചനിറത്തിലുള്ള തലേക്കെട്ടും മണ്ണും ചെളിയും പുരണ്ട കുപ്പായവും ആകെ കീറിമുറിഞ്ഞ് കഷണങ്ങളായിരുന്നു. അദ്ദേഹത്തിന്റെ കഴുത്തിലണിഞ്ഞിരിക്കുന്ന ജപമാലയും ചെമ്പിച്ച നിറമുള്ള താടിയും അതൊരു മുസ്ലിം ഫക്കീർ ആണെന്നു വ്യക്തമായ സൂചന നൽകി.

അദ്ദേഹത്തിന്റെ കൈകളിലും കാലുകളിലും നഗ്നമായ ഭാഗങ്ങളിലൊക്കെ മുറിവുകളും ചതവുകളും കാണപ്പെട്ടിരുന്നു, പോറലുകളിൽ നിന്നും രക്തം വാർന്നിരുന്നു. തണുത്തു വിറങ്ങലിച്ചും വിശന്നുതളർന്നും കുഴഞ്ഞുവീഴാറായ അദ്ദേഹം പക്ഷേ, ഗുഹയിലിരിക്കുന്ന യോഗിയെ കണ്ടതോടെ മുഖത്തെ വേദനാനിർഭരമായിരുന്ന ഭാവം മാറ്റി നറുപുഞ്ചിരി പൊഴിച്ചു. അത് പിന്നെ ഭ്രാന്തമായൊരു പൊട്ടിച്ചിരി യിലേക്കു വഴിമാറി. 'അള്ളാഹുവിന് സ്തുതി', ഒരു ദീർഘശ്വാസത്തോടെ അദ്ദേഹം തന്റെ വേദനകളും യാതനകളും മറന്നു. ധ്യാനലീലനായിരിക്കുന്ന യോഗിയുടെ അടുത്തേക്ക് അദ്ദേഹം നീങ്ങി. ആ യോഗിയുടെ മുന്നിൽ നമസ്കരിച്ചു. പിന്നെ കൂടുതലൊന്നും ആലോചിക്കാതെ, ഒരു ഹിന്ദുവും സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത വിധത്തിൽ ആ യോഗിയെ ആലിംഗനം ചെയ്തു.

ധ്യാനത്തിൽനിന്നും ഞെട്ടിയുണർന്ന യോഗി കണ്ണുതുറന്നു. ദേഹത്തു പറ്റിപ്പിടിച്ചിരിക്കുന്ന ആ വൃദ്ധനെ കുടഞ്ഞെറിഞ്ഞു. യാത്രചെയ്തു മുഷിഞ്ഞു നാറിയതും ചോരയൊലിക്കുന്നതുമായ ആ ശരീരത്തിന്റെ നാറ്റമകറ്റാൻ മൂക്കു ചീറ്റിക്കൊണ്ട് ആ യോഗി വൃദ്ധനോട് കുപിതനായി, "നീയെങ്ങനെ ഇതിനു ധൈര്യപ്പെട്ടു? എന്റടുത്തുനിന്നും മാറിനിൽക്കൂ."

ഋഷിമാർക്കുപോലും ചിലപ്പോൾ നിയന്ത്രിക്കാനാകാത്ത ആ ശക്തമായ വിഷം, കോപം, ആ യുവയോഗിയുടെ ഹൃദയത്തിലും കടന്നിരുന്നു.

"ക്ഷമിക്കൂ മഹാനുഭാവ," ഫക്കീർ യാചിച്ചു: "എന്റെ കഥ താങ്കളുടെ മുന്നിലുണർത്തിക്കാനുള്ള ഒരു അവസരം തരൂ."

"മാറിപ്പോകൂ," യോഗി പറഞ്ഞു: "എനിക്ക് അളകനന്ദയിൽ പോയി മുങ്ങിക്കുളിച്ചിട്ട് എന്റെ ധ്യാനം തുടരണം. മാംസം കഴിക്കുന്ന നിന്നെ പ്പോലെ പ്രാകൃതനായൊരാൾക്ക് ഇവിടെയൊരു സ്ഥാനവും ഇല്ല. പോ, എവിടെയെങ്കിലും പോയി തുലയ്ക്ക്."

ഫക്കീർ വിട്ടുപോയില്ല. "ഓ യോഗി, ദയവായി ഞാൻ പറയുന്നതൊന്നു കേൾക്കൂ. ഞാനൊരു സൂഫിയാണ്. നക്ഷബന്ദിയ വിഭാഗത്തിലെ മഹാനായ ഗുരുവിന്റെ ശിഷ്യനുമാണ്. ആറുമാസംമുമ്പ് എന്റെ ഗുരുനാഥൻ മരണത്തിനുമുമ്പായി എന്നോട് ഇങ്ങനെ പറഞ്ഞു: 'സുഹൃത്തേ, എന്നെക്കൊണ്ട് പകർന്നുതരാനാകുന്ന ആത്മീയോന്നതിയിൽ ഞാൻ നിന്നെ എത്തിച്ചുകഴിഞ്ഞു. ഞാൻ ഇനി എന്റെ ശരീരം ഉപേക്ഷിക്കുകയാണ്. നിന്നെ ഇനി അടുത്തൊരു തലത്തിലേക്ക് നയിക്കാനാഗ്രഹിക്കുന്ന സൂഫി ഗുരുനാഥന്മാരാരുംതന്നെയില്ല. എന്നാൽ വിഷമിക്കേണ്ട. ഹിമാലയത്തിൽ ബദരിനാഥിനടുത്ത് ഒരു യുവയോഗിയുണ്ട്. അദ്ദേഹത്തെ കണ്ടെത്തി സഹായമഭ്യർത്ഥിക്കൂ.' നിങ്ങളാണ് അദ്ദേഹം സൂചിപ്പിച്ച ആൾ. താങ്കൾക്കു മാത്രമേ ഇനി എന്നെ രക്ഷിക്കാനാകൂ.

"താങ്കളെ കണ്ടെത്തുന്നതിനു മുമ്പായി, കഴിഞ്ഞ രണ്ടുമാസക്കാലമായി കണക്കില്ലാത്ത ക്ലേശങ്ങളും നിർഭാഗ്യങ്ങളും അനുഭവിക്കുകയാണ് ഞാൻ. തളർച്ചകൊണ്ട് ഞാൻ ഇപ്പോൾത്തന്നെ മരിച്ചുവീണെന്നിരിക്കും. എങ്കിലും എന്നെ ശിഷ്യനായി സ്വീകരിക്കൂ, എന്റെ ആത്മാവെങ്കിലും ശാന്തിയോടെ വേർപെടട്ടെ. ഞാൻ യാചിക്കുകയാണ്."

"നിങ്ങളുടെ ഗുരുനാഥനെക്കുറിച്ചോ സൂഫി വിഭാഗത്തെക്കുറിച്ചോ ഒന്നുംതന്നെ എനിക്കറിയില്ല. മാത്രമല്ല എനിക്കത്തരത്തിലുള്ള നിർദേശങ്ങളൊന്നും ലഭിച്ചിട്ടുമില്ല. തന്നെയുമല്ല, ഞാൻ ശിഷ്യന്മാരെയൊന്നും സ്വീകരിക്കാറുമില്ല." അപ്പോഴും കുപിതനായി നിൽക്കുന്ന യോഗി പറഞ്ഞു. "ഇനിയെന്റെ വഴിയിൽനിന്നും മാറിനിൽക്കു. അളകനന്ദയിൽപ്പോയി കുളിക്കുന്നതും നിങ്ങൾ തടസ്സപ്പെടുത്തിയ ധ്യാനം തുടരുന്നതും വൈകാതിരിക്കട്ടെ. കടന്നുപോകൂ. "

"ഓ മഹായോഗീ, അങ്ങനെയാകട്ടെ," ഫക്കീർ പറഞ്ഞു: "താങ്കളുടെ അന്തിമതീരുമാനം അതാണെങ്കിൽ ഞാനിനി ജീവനോടെയിരിക്കുന്നതിൽ അർത്ഥമില്ല." എന്റെ ജീവിതത്തിലെ ഒരേയൊരു സ്വപ്നം ഇതാ തകർന്നിരിക്കുന്നു. നദിയിൽചാടി ഞാൻ ആത്മഹത്യ ചെയ്യാം. പരമോന്നതനായ ദൈവം എന്നെ കാത്തുകൊള്ളട്ടെ.

"നിനക്കിഷ്ടമുള്ളതുപോലെ ചെയ്യ്," യോഗിയുടെ ദൃഢമായ മറുപടി കേട്ടു. "എനിക്കു നിനക്കായി ചെയ്യാനൊന്നുമില്ല. എന്റെ കോപ

ത്താൽ ഞാൻ നിന്നെ ശപിച്ചില്ല എന്നതു നിന്റെ ഭാഗ്യം. നീ നിന്റെ വഴിക്കു പൊയ്ക്കൊ, ഞാനെന്റെ വഴിക്കും പോകട്ടെ."

ആ ഫക്കീർ യോഗിയുടെ മുന്നിൽ പാദനമസ്കാരം ചെയ്ത് വിട വാങ്ങി. കണ്ണീരിറ്റുന്ന മുഖത്തോടെ അയാൾ വളരെ താഴ്ചയിലൊഴുകുന്ന നദിക്കരയിലേക്കു നടന്നു. പ്രാർത്ഥന മുഴങ്ങുന്ന ചുണ്ടുകളോടെ, പരമാത്മാവിന്റെ മാർഗ്ഗനിർദ്ദേശം തേടിക്കൊണ്ട് അയാൾ കുത്തിയൊഴുകുന്ന നദിയിലേക്കെടുത്തുചാടി, തന്റെ ജീവിതം അവസാനിപ്പിച്ചു.

താൻ ചെയ്തത് ശരിയായ കാര്യമാണെന്ന ആത്മവിശ്വാസത്തിൽ, യാതൊരു പശ്ചാത്താപവുമില്ലാതെ നദീതീരത്തെ മനോഹരമായൊരു കടവിലേക്ക് ഇറങ്ങി. ശുദ്ധീകരണമന്ത്രങ്ങൾ ചൊല്ലിക്കൊണ്ട് വിശുദ്ധ നദിയുടെ അത്യന്തം തണുത്ത ജലത്തിൽ ഒന്നുമുങ്ങിക്കരേറി. തന്റെ കൈയിലുള്ള ഒരൊറ്റ വസ്ത്രംകൊണ്ട് ശരീരം തുടച്ചു. അരികത്തൊരു പാറപ്പുറത്തിരുന്ന് തന്റെ മനസ്സും ശരീരവും ശുദ്ധീകരിച്ചതിന് പുണ്യനദിയോട് നന്ദി പറഞ്ഞു, പിന്നെ മുകളിലേക്ക് കയറാൻ ഭാവിച്ചു. പെട്ടെന്ന് തനിക്കേറെ പരിചിതമായ സ്വരത്തിൽ തന്റെ ഗുരുനാഥന്റെ വിളി ആ യുവാവ് കേട്ടു, "മധൂ!"

പാറക്കെട്ടുകളുടെ ഒരു നിരയ്ക്കുപിന്നിൽനിന്ന് അദ്ദേഹത്തിന്റെ മഹാഗുരു, ബാബാജി പ്രത്യക്ഷപ്പെട്ടു. ആസന്നമായ സന്ധ്യയുടെ ഇരുട്ട് ബാബാജിയുടെ ദീപ്തമായ സാന്നിദ്ധ്യത്തിൽ പ്രഭാപൂരിതമായതുപോലെ തോന്നി. നീണ്ട് ഉയരമുള്ള സുമുഖനായും ഏതാണ്ടൊരു പാശ്ചാത്യന്റേതുപോലുള്ള ശരീരവർണ്ണത്തോടെയും മനോഹരമായ, നീണ്ട കേശഭാരത്തോടെയും ശ്മശ്രുരഹിതമായ മുഖത്തോടെയുമാണ് ബാബാജിയെ കാണപ്പെട്ടത്. അദ്ദേഹത്തിന് ഏതാണ്ടൊരു പതിനാറുകാരന്റെ ലക്ഷണമായിരുന്നു. ദൃഢമായ ശരീരം അലങ്കാരഭൂഷണങ്ങളൊന്നുമില്ലാതെ ഒരു ശുഭ്രകൗപീനമൊഴികെ, ഏറക്കുറെ നഗ്നമായിരുന്നു. നഗ്നപാദനായി കുലീനതയോടെയും ആഢ്യത്വത്തോടെയുമായിരുന്നു അദ്ദേഹത്തിന്റെ നടത്തം.

അദ്ദേഹത്തിന്റെ വിശാലവും ധ്യാനാത്മകവുമായ കണ്ണുകൾ തന്റെ ചെറുപ്പക്കാരനായ ശിഷ്യൻ മധുവിന്റെ ശരീരത്തു പതിഞ്ഞു. "എന്റെ കുഞ്ഞേ, നീ എന്ത് അവിവേകമാണ് കാട്ടിയത്?" അദ്ദേഹം മൃദുവായ ശബ്ദത്തിൽ ആരാഞ്ഞു.

എതാനും നിമിഷങ്ങൾക്കുമുമ്പ് താൻ ചെയ്ത പ്രവൃത്തിയുടെ കാഠിന്യം ഒരു മിന്നൽപ്പിണർപോലെ അപ്പോൾത്തന്നെ ആ യുവാവിന്റെയുള്ളിൽ തട്ടുകയും ചെയ്തു. തന്റെ തെറ്റു തിരിച്ചറിഞ്ഞ അവൻ പൊട്ടിക്കരഞ്ഞുകൊണ്ടു ഗുരുനാഥന്റെ കാൽക്കലേക്കു വീഴുന്നതിനുമുന്നേ, "ബാബാജീ" എന്നൊന്നു മന്ത്രിക്കാനേ സാധിച്ചുള്ളൂ.

"കുഞ്ഞേ, സ്വയം നിയന്ത്രിക്കൂ. വരൂ. നമുക്കു നിന്റെ ഗുഹയിലേക്ക് നടക്കാം." അവർ പെട്ടെന്ന് മുകളിലേക്ക് കയറി ഗുഹയിലേക്ക് ചെന്നു.

അവിടെ മുഖാമുഖം ഇരുന്നു. "നീ എന്തെങ്കിലും പറയുന്നതിനു മുമ്പായി എന്താണു പറയാൻ പോകുന്നതെന്നും ആരോടാണു പറയാൻ പോകുന്നതെന്നും ഏതുസാഹചര്യത്തിലാണ് പറയുന്നതെന്നും നന്നായി ആലോചിക്കണമെന്ന് ഞാനെപ്പോഴും പറയാറില്ലേ? നിനക്ക് അല്പം കൂടി ക്ഷമ കാണിക്കാമായിരുന്നു. ആ വൃദ്ധന് എന്താണ് പറയാനുള്ളതെന്ന് ശ്രദ്ധാപൂർവ്വം കേൾക്കാമായിരുന്നു. ഒരു പുണ്യപുരുഷനെ അവന്റെ ബാഹ്യപ്രകൃതി കണ്ടാണോ വിലയിരുത്തേണ്ടത്? എന്റെ ശിഷ്യന്മാരിൽ ഉത്തമനായ കബീർ പറയാറുള്ളതുപോലെ വാളുറയ്ക്കാണോ വാളിനെക്കാൾ പ്രാധാന്യം നൽകുന്നത്? ഭഗവാന്റെ വലിയൊരു ഭക്തനെയാണ് നീ വേദനിപ്പിക്കുകയും മുറിവേല്പിക്കുകയും ചെയ്തിരിക്കുന്നത്. ഒട്ടേറെ വർഷങ്ങളിലെ നിന്റെ സദ്പ്രവൃത്തികളുടെ ഫലമാണ് നീ ഒരൊറ്റ നിമിഷംകൊണ്ട് നശിപ്പിച്ചത്. ഇതിനു നീ പരിഹാരം ചെയ്യേണ്ടിവരും."

അപ്പോഴേക്കും സ്വയം നിയന്ത്രിച്ച ചെറുപ്പക്കാരനായ ശിഷ്യൻ ശാന്തനായിരുന്നു. "ഗുരുനാഥ, താങ്കളെന്തു പറഞ്ഞാലും അതു ചെയ്യാൻ ഞാൻ തയ്യാറെടുത്തു കഴിഞ്ഞിരിക്കുന്നു." അവൻ അറിയിച്ചു. "ആ ഫക്കീറിനെ സംബന്ധിച്ച്," ബാബാജി പറഞ്ഞു: "അദ്ദേഹത്തിന്റെ ആദ്ധ്യാത്മികാവശ്യങ്ങൾ ഞാൻ ശ്രദ്ധിച്ചുകൊള്ളാം. എന്നാൽ നീ നിന്റെ ആത്മീയപുരോഗതിയെ ആ ക്രൂരമായ പെരുമാറ്റത്തിൽക്കൂടി തടഞ്ഞിരിക്കുന്നു. ആ നിലയ്ക്ക് വീണ്ടും സാധനാപഥത്തിലെത്താൻ ആ ഫക്കീർ കടന്നുപോയ അതേ വേദനയുടെ തലത്തിൽക്കൂടി നീയും കടന്നുപോയേ മതിയാവൂ. ഖേചരി മുദ്രയിലെ അവസാനത്തെ ക്രിയ അനുഷ്ഠിക്കാൻ തയ്യാറാവൂ, നിന്റെ പ്രാണൻ ആജ്ഞാചക്രത്തിൽക്കൂടി പുറത്തുപോകട്ടെ. ആ സാധു മനുഷ്യനനുഭവിച്ച ക്ലേശങ്ങൾക്കു സമാനമായവ അനുഭവിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു അന്തരീക്ഷത്തിൽ ജന്മമെടുക്കുവാൻ വേണ്ട രീതിയിൽ നിന്റെ ആത്മാവിനെ നയിച്ചുകൊള്ളാം. ഇപ്പോൾത്തന്നെ അതു ചെയ്യൂ."

"താങ്കളുടെ ആഗ്രഹങ്ങൾ എപ്പോഴും എനിക്കൊരാജ്ഞയാണ് ബാബാജീ, ഞാൻ ഇപ്പോൾത്തന്നെ ആ ക്രിയ അനുഷ്ഠിക്കാം. എങ്കിലും എനിക്കൊരു അന്തിമാഭിലാഷമുണ്ട്."

"പറയൂ കുഞ്ഞേ," ബാബാജി ആരാഞ്ഞു.

അങ്ങേയറ്റം വികാരപരവശനായി തൊണ്ടയിടറിയും പ്രാർത്ഥനാഭരിതമായി കൈകൾ കൂപ്പിയും ആ യുവശിഷ്യൻ അറിയിച്ചു: "ഗുരുനാഥാ, ഞാനങ്ങയെ എന്റെ പ്രാണനുസമാനം സ്നേഹിക്കുന്നു. താങ്കളെന്നെ വിട്ടുപോവുകയില്ലെന്നു വാക്കു നൽകൂ. താങ്കളെപ്പോഴും എന്റെ മേലൊരു ശ്രദ്ധവയ്ക്കുമെന്നും ലൗകികചിന്തകളുടെ നീർച്ചുഴികളിൽ ഞാൻ പെട്ടുപോകാതിരിക്കാനുള്ള കരുതൽ പുലർത്തുമെന്നും വാക്കു നൽകൂ. എപ്പോഴും എന്നെ ശ്രദ്ധിക്കുമെന്നും ആ അനുഗൃഹി

തമായ പാദത്തിങ്കലേക്ക് എന്നെ തിരികെ എത്തിക്കുമെന്നും എനിക്ക് ഉറപ്പു നൽകൂ.''

"അതു ഞാൻ ഉറപ്പുതരാം.'' തിളങ്ങുന്ന കണ്ണുകളിൽക്കൂടി കാരുണ്യം വഴിഞ്ഞൊഴുകവേ ഗുരു പറഞ്ഞു: "എന്റെ പ്രഥമശിഷ്യൻ, നീയിതു വരെ കണ്ടിട്ടില്ലാത്ത മഹേശ്വർനാഥ് നിന്റെ അടുത്ത ജീവിതത്തിൽ നന്നേ ചെറുപ്പത്തിൽത്തന്നെ നിന്നരികിലെത്തും. അദ്ദേഹമായിരിക്കും പിന്നെ നിന്നെ നയിക്കുക. ഭാവിജീവിതത്തിൽ ഒരു ഘട്ടത്തിൽ നീ എന്നെയും കണ്ടുമുട്ടും. ഇപ്പോൾ ചെയ്യുന്നതുപോലെ നമ്മൾ സംസാരിക്കുകയും ചെയ്യും. പക്ഷേ, ഇപ്പോൾ നീ ക്രിയ അനുഷ്ഠിക്കുന്നത് വേഗത്തിലാകട്ടെ, കാരണം, ഇതൊരു ശുഭസമയമാണ്.''

അപ്പോഴേക്കും സൂര്യാസ്തമയം കഴിഞ്ഞ്, ഭൂമിയിലരങ്ങേറുന്ന ദൈവികമായ നാടകം കാണാനെന്നപോലെ വെള്ളിത്തിളക്കവുമായി ചന്ദ്രക്കല മേഘങ്ങൾക്കിടയിൽനിന്നും പുറത്തുവന്നുകഴിഞ്ഞിരുന്നു. കണ്ണിൽ തുളുമ്പുന്ന കണ്ണീർക്കണങ്ങളുമായി ആ യുവശിഷ്യൻ ഗുരുവിനെ ഒരിക്കൽക്കൂടി സാഷ്ടാംഗം നമസ്കരിച്ചു. ബാബാജി കുനിഞ്ഞ് തന്റെ വലതുകൈ അവന്റെ തലയിൽവച്ച് അനുഗ്രഹിച്ചശേഷം അപ്പോൾത്തന്നെ രാത്രിയുടെ കൂരിരുട്ടിലേക്ക് മറഞ്ഞു. ഏകനായിത്തീർന്ന മധു പത്മാസനത്തിലിരുന്ന് ഏതാനം തവണ ദീർഘശ്വാസമെടുത്തശേഷം ശ്വാസോച്ഛ്വാസത്തെ ബലമായി പിടിച്ചുനിർത്തുന്ന ഖേചരിമുദ്ര അനുഷ്ഠിച്ചു. ഒപ്പം പുരികങ്ങൾക്കിടയിലുള്ള ചക്രത്തിലേക്ക് മനസ്സിനെ ഏകാഗ്രമാക്കി ശരീരം ഉപേക്ഷിച്ചു.

എന്റെ ഗുരുനാഥൻ മഹേശ്വർനാഥ് ഉപദേശിച്ച കഥ ഇവിടെ പൂർത്തിയാകുകയാണ്.

അനുബന്ധം

## പ്രത്യാശയുടെ പദയാത്ര

*മാനവനായി പിറന്നു... മാനവനായി ജീവിച്ചു... ഓരോ ചുവടും മാനവികതയ്ക്കായി...*

2015 ജനുവരി മാസം 12-ാം തീയതി ശ്രീ എം. മൂന്ന് സമുദ്രങ്ങളുടെ സംഗമമായ കന്യാകുമാരിയിൽനിന്നും കാൽനടയായി തിരിച്ചു. ഒട്ടനവധി പേരാൽ അനുഗമിക്കപ്പെട്ട, പ്രത്യാശയുടെ പദയാത്രയെന്ന് ശ്രീ എം. നാമകരണംചെയ്ത ആ യാത്ര ഭാരതത്തിന്റെ ഹൃദയഭൂമികകളിലൂടെ ഏകദേശം 500 ദിവസങ്ങൾകൊണ്ട് 7500 കിലോമീറ്റർ താണ്ടി. 2016 ഏപ്രിൽമാസം പദയാത്ര കാശ്മീരിലെ ശ്രീനഗറിൽ സമാപിച്ചു.

മനുഷ്യരിൽ ജാതിമതലിംഗഭേദമില്ലാതെ കൂട്ടായ്മയുടെയും സാഹോദര്യത്തിന്റെയും വിത്തുകൾ പാകുകയായിരുന്നു പദയാത്രയുടെ ലക്ഷ്യമെന്ന് ശ്രീ എം. പ്രഖ്യാപിച്ചു.

ശ്രീ എം. ഇന്ത്യൻ പാർലമെന്റിൽ എം.പി. മാരെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗം ചുവടെ ചേർക്കുന്നു. ഇതിൽ പ്രസ്തുത യാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുന്നു.

### ശ്രീ എം. 2016 ഫെബ്രുവരി 29 ന് ഇന്ത്യൻ പാർലമെന്റിൽ എം.പി. മാരെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗം

ആദ്യമായി എല്ലാവർക്കും എന്റെ നമസ്കാരം.

സലാം അലൈയ്ക്കും, സത്ശ്രീ അകാൽ, ശുഭസായാഹ്നം.

ബഹുമാനപ്പെട്ട രാജ്യസഭാ ഉപാദ്ധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ, ആദരണീയനായ കേന്ദ്രമന്ത്രി ശ്രീ രവിശങ്കർ പ്രസാദ്, ആദരണീയനായ കേന്ദ്രമന്ത്രി ശ്രീ എം. വെങ്കയ്യ നായിഡു, ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി ശ്രീ മുക്താർ അബ്ബാസ് നഖ്‌വി, ആദരണീയനായ കേന്ദ്രസഹമന്ത്രി ശ്രീ സുരേഷ് പ്രഭു, ബഹുമാനപ്പെട്ട മന്ത്രി ശ്രീ ബണ്ഡാരു ദത്താത്രേയ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ മനോജ് സിൻഹ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ പൊൻ രാധാകൃഷ്ണൻ, ബഹുമാനപ്പെട്ട കേന്ദ്ര സഹമന്ത്രി ശ്രീ ധരം വിജയ്, എന്റെ ഭാര്യയുടെ ജന്മസ്ഥലമായ ഉഡുപ്പിയിൽനിന്നുംവരുന്ന ശ്രീ ഓസ്കാർ ഫെർണാണ്ടസ് ബഹുമാനപ്പെട്ട പാർലമെന്റ് മെമ്പർമാരേ, പദയാത്രികളെ, മാധ്യമപ്രവർത്തകരേ,

മൂവായിരം വർഷം പഴക്കമുള്ള ഒരു സംസ്കൃതശ്ലോകത്തോടെ ഞാൻ എന്റെ പ്രസംഗം തുടങ്ങാം.

ഞാൻ തെക്കുനിന്നാകയാൽ എന്റെ ഹിന്ദിഭാഷാ പരിമിതികൾ സദയം ക്ഷമിക്കുക.

സർവ്വേ ഭവന്തു സുഖിനഃ
സർവ്വേ സന്തു നിരാമയഃ
സർവ്വേ ഭദ്രാണി പശ്യന്തു
മാ കശ്ചിത് ദുഃഖഭാഗ് ഭവേത്
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു

ഈ ശ്ലോകം സംസ്കൃതത്തിലാണെന്നതുകൊണ്ട് ദയവായി അത് ഒരു പ്രത്യേക ജാതിയുടെയോ മതവിഭാഗത്തിന്റെയോ ആണെന്ന് കരുതരുത്. അത് സമസ്തലോകത്തിന്റേതുമാണ്. ഇക്കാലത്ത് സംസ്കൃതത്തിൽ എന്തെങ്കിലും പറഞ്ഞാൽ അത് ഒരു പ്രത്യേകവിഭാഗത്തിന്റേതാണെന്ന് പറയും; അറബിയിലാണ് പറയുന്നതെങ്കിൽ അത് മറ്റൊരു വിഭാഗത്തിന്റേതാണെന്നും. ശ്ലോകത്തിന്റെ അർത്ഥം ഇതാണ്.

സകലതും സന്തോഷം ആയിരിക്കട്ടെ
സകലരും ശോകവിമുക്തരായിരിക്കട്ടെ
സകലർക്കും ശുഭസൂചകമായ കാഴ്ചയുണ്ടാകട്ടെ
ആരും ദുഃഖിക്കാതിരിക്കട്ടെ
സർവ്വലോകർക്കും സന്തോഷം നിലനില്ക്കട്ടെ.

ഈ യാത്ര കന്യാകുമാരിയിൽ 2015 ജനുവരി 12 നാണ് തുടങ്ങിയത്. എന്തുകൊണ്ട് കന്യാകുമാരി? കന്യാകുമാരി മൂന്ന് സമുദ്രങ്ങളുടെ സംഗമസ്ഥാനമാണ്. മനുഷ്യരെ ഒരുമയിലേക്ക് നയിക്കാൻ ഉദ്ദേശിക്കുന്ന പദയാത്ര ആകയാൽ ഒരു സംഗമസ്ഥാനമാണ് യാത്രയുടെ തുടക്കത്തിന് ഉതകുക എന്നു കരുതി. മറ്റൊരു കാരണം, ജനുവരി 12 സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണെന്നതാണ്. മാനവ ഐക്യത്തിനുവേണ്ടി 100 വർഷങ്ങൾക്കുമുമ്പ് അദ്ദേഹം ചെയ്ത ആദ്ധ്യാത്മികപ്രവർത്തനങ്ങൾ ഒരായിരം പേർക്ക് 100 വർഷത്തിൽ ചെയ്തുതീർക്കാനാവില്ല. അദ്ദേഹം ഒരു പരിവ്രാജകനായി ഇന്ത്യ മുഴുവൻ ചുറ്റിത്തിരിഞ്ഞു. രാജ്യം മുഴുവൻ ചുറ്റിയ അദ്ദേഹം ഒടുവിൽ കന്യാകുമാരിയിലെത്തി. അവിടെ കടലിനുള്ളിൽ ഒരു പാറയിൽ നീന്തിക്കയറിയ അദ്ദേഹം മൂന്നുദിവസം ധ്യാനത്തിലാണ്ടു. അതിന്റെ ഫലമായി പിൽക്കാലത്ത് താൻ ചെയ്യേണ്ടതെന്തെന്ന് അദ്ദേഹത്തിന് വ്യക്തമായി. അതിനാൽ ഈ പദയാത്ര തുടങ്ങുന്നതിന് കന്യാകുമാരി ഏറെ അനുയോജ്യമാകുമെന്ന് കരുതി.

ഇതുവരെ 5800 കിലോമീറ്റർ ദൂരം നമ്മൾ പിന്നിട്ടിരിക്കുന്നു. ഇതിൽ ഞാൻ ഒറ്റയ്ക്കല്ല. എന്നോടൊപ്പം സ്ഥിരമായി 60–70 പേരുണ്ട്. അവർ

കന്യാകുമാരിമുതൽ ഈ യാത്രയിലുണ്ട്. വ്യത്യസ്ത സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവരുമാണവർ. നമ്മൾ ഒരുമിച്ച് നടക്കുകയാണ്. ഇത്രയും നടന്നുകഴിഞ്ഞാൽ എനിക്ക് സന്തോഷത്തോടെ പറയാനാകും ഭാരതത്തിൽ മാനവ ഏകത സുര ക്ഷിതമാണെന്ന്. പിന്നെന്തിന് നടക്കണമെന്നാകും ചോദ്യം. എല്ലാം നേരേയാണെങ്കിൽ പിന്നെന്തിന് ഇത് ചെയ്യുന്നു. കന്യാകുമാരിയിൽ യാത്ര തുടങ്ങിയപ്പോൾ നല്ല പ്രതികരണമാണ് ലഭിച്ചത്. യാത്ര കേരള ത്തിൽ എത്തിയപ്പോൾ പ്രതികരണത്തിന് ശക്തികൂടി. അത് ജന്മ നാടായതുകൊണ്ട് ആകുമെന്നു കരുതി. പക്ഷേ, അടുത്ത സംസ്ഥാ നത്തിലെ പ്രതികരണം അതിലും മെച്ചപ്പെട്ടതായിരുന്നു. കൂടുതൽ ആളുകൾ വന്നുതുടങ്ങി. കാൺപൂരിൽ ഈ വർഷം ജനുവരി 12-ന് നമ്മൾ യാത്രയുടെ ഒരു വർഷം പൂർത്തിയാക്കി. അവിടെയും വൻ തോതിലുള്ള പ്രതികരണമാണ് ലഭിച്ചത്. ഇപ്പോൾ നമ്മൾ ദില്ലിയിലാ ണുള്ളത്. ഈ യാത്രയ്ക്ക് എന്തൊക്കെയോ ചെയ്യാൻ കഴിയുമെന്ന് തോന്നുന്നു. അല്ലെങ്കിൽ ഈ പാർലമെന്റിൽ എം.പി.മാരെ അഭിസം ബോധന ചെയ്യാൻ എന്നെ ക്ഷണിക്കുമെന്ന് കരുതുക വയ്യ. ഇനിയും 2000 ത്തോളം കിലോമീറ്റർ ദൂരം നടക്കാനുണ്ട്. ശ്രീനഗറിൽ മെയ് മാസം 1-ാം തീയതി എത്തുമെന്നാണ് കരുതുന്നത്. ഞാൻ പറഞ്ഞതു പോലെ മാനവ ഏകത നിലനിൽക്കുമെങ്കിൽ പിന്നെ എന്തിന് ഇത് ചെയ്യുന്നു. ഒരുമ നിലനില്ക്കുന്നുണ്ടെന്നത് സത്യമാണ്. പക്ഷേ, ഇടയ് ക്കിടെ അതിന് ഭംഗം വരുന്നു. അത് തുടർന്നാൽ ഒക്കെ കൈവിട്ടു പോയേക്കാം. ലോകത്തിൽ മറ്റൊരിടത്തും ഇതുപോലൊരു രാജ്യം കാണില്ല. 22-23 ഭാഷകളും വ്യത്യസ്ത മതങ്ങളും വിഭാഗങ്ങളും ഇടതും വലതും നടുവിലുമായി ഒരുപാട് പ്രത്യയശാസ്ത്രങ്ങളും ഇതെല്ലാം ആണെങ്കിലും ഒരു സാധാരണപൗരൻ അവന് സ്വയം ഹിന്ദുസ്ഥാനി യെന്നോ ഭാരതീയനെന്നോ കാണുന്നു. ആരും മറിച്ച് പറയാറില്ല. പക്ഷേ, പലപ്പോഴും ഈ ഏകതയ്ക്ക് ഭംഗം വരുന്നുണ്ട്. അത് സംഭവിക്കുമ്പോൾ ആളിക്കത്തുന്ന വികാരത്തെ ശമിപ്പിക്കുന്നത് ശ്രമകരമാണ്. ഈ വർ ഗ്ഗീയലഹളകൾ ചില സ്ഥാപിത താത്പര്യക്കാരുടെ ലക്ഷ്യമാണെന്നാണ് തോന്നുന്നത്.

നമ്മൾ ചെറുഗ്രാമങ്ങളിലും ഉൾപ്രദേശങ്ങളിലും കണ്ടത് ഏകദേശം 1000 പേരടങ്ങുന്ന ഭൂരിപക്ഷസമുദായക്കാർക്കിടെ മൂന്ന് ഇസ്‌ലാം കുടുംബങ്ങളോ രണ്ട് ക്രിസ്തീയ കുടുംബങ്ങളോ മാത്രം. അവർ പ്രശ്ന ങ്ങൾ ഒന്നുമില്ലാതെ ജീവിക്കുന്നു. നമ്മൾ സന്ദർശിച്ച അത്തരം പ്രദേശ വാസികൾ പറയുന്നത് വിഘടനത്തിന്റേതായ ചില പ്രശ്നങ്ങൾ ഉണ്ടാ കാറുണ്ട് എന്നതാണ്. കാരണം അന്വേഷിച്ചപ്പോൾ നമ്മളോട് ശ്രദ്ധിച്ച് നിരീക്ഷിക്കാനും അത് ചിലരുടെ സ്ഥാപിതതാത്പര്യം കാരണമാണെന്നും സ്വയം ബോധ്യപ്പെടണമെന്നുമായിരുന്നു.

ഈ ഏകത നിലനിർത്തണമെന്നും അതിന് ഭംഗം വരരുതെന്നും നമ്മൾ കരുതി. ഇന്ത്യയിൽ ഒരുമിച്ച് ജീവിക്കുക പതിവുള്ളതാണ്. അത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. അതിൽ പുതുതായി ഒന്നുമില്ല. ഋഗ്വേദത്തിൽ പറയുംപോലെ

സംഗച്ഛധ്വം (നമുക്ക് ഒന്നിച്ചു നടക്കാം)

സംവദധ്വം (നമുക്ക് ഒന്നിച്ചു സംസാരിക്കാം)

സംവോ മനാംസിജാനതാം (പരസ്പരം മനസ്സിലാക്കുന്നതിനായി നമ്മുടെ മനസ്സുകളെ ഒരുമിച്ചു കൊണ്ടുവരാം)

പ്രഫ. കുര്യൻ പറഞ്ഞതുപോലെ ഏകം ഏകം സത് വിപ്രാ ബഹുധാ വദന്തി,

ഇപ്പറഞ്ഞതിന്റെ അർത്ഥം എല്ലാവർക്കും അറിയാം. ഒരിക്കൽ അമേരിക്കയിലെ ഒരു സർവ്വകലാശാലയിൽ ഞാൻ പോയപ്പോൾ ഈ ശ്ലോകം ചൊല്ലിയാണ് അവിടത്തെ ഒരു പ്രൊഫസർ തന്റെ പ്രഭാഷണം തുടങ്ങിയത്. നമ്മൾ ഈ യാത്രയിൽ കാണുന്നവരോടൊക്കെ പറയുന്നത് ഇതാണ്. ഈ രാജ്യം ഒരു ജനാധിപത്യരാജ്യമായതിനാൽ അഭിപ്രായ വ്യത്യാസങ്ങളും പ്രത്യയശാസ്ത്രവ്യത്യാസങ്ങളും ഉണ്ടാകും. അല്ലെങ്കിൽ എങ്ങനെ ജനാധിപത്യ രാജ്യമാകും. പക്ഷേ, വ്യത്യാസങ്ങൾക്കതീതമായി, ആത്യന്തികമായി നമ്മൾ മനുഷ്യരാണ്. എല്ലാവരും അമ്മയുടെ ഗർഭത്തിൽനിന്നുമാണ് വരുന്നത്. ആരും ആകാശത്തിൽനിന്നും പൊട്ടിവീണവരല്ല. സമയമാകുമ്പോൾ എല്ലാവരും ഭൂമിയിലേക്കാണ് മടങ്ങുന്നത്. അതൊരു ഖബറിസ്താനായാലും ശ്മശാനമായാലും. ജനനത്തിനും മരണത്തിനുമിടയിലുള്ള ഈ ചെറിയ നാടകം നമുക്ക് ഒരുമയിലും സമാധാനത്തിലും നടിക്കാനാകില്ലേ. അതിനു കഴിയുമെന്ന് എനിക്കു തോന്നി. അതാണ് ആദ്യം പകർന്നുകൊടുക്കേണ്ടതെന്നും. രണ്ടാമതായി നമ്മുടെ വിശ്വാസവും പ്രത്യയശാസ്ത്രവും എന്തുതന്നെയായാലും അടിസ്ഥാനപരമായി നാം ഭാരതീയരാണ്. ഒരുപാട് ഋഷിവര്യന്മാരെ കണ്ട ഈ പുരാതനരാജ്യം ധാരാളം മതങ്ങളെ സ്വാഗതം ചെയ്തിട്ടുണ്ട്. വന്നവരാരെയും നിരാകരിച്ചിട്ടില്ല. ഈ നാട് നമ്മുടേതാണെന്നും നമ്മൾ ഈ നാട്ടിലെ പൗരന്മാരാണെന്നും എക്കാലവും ഓർക്കണം. ഈ രണ്ട് കാര്യങ്ങളാണ് നമ്മൾ ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുന്നത്. ജനം അത് കേൾക്കുവാനും മനസ്സിലാക്കുവാനും തയ്യാറാണെന്ന കാര്യം ഞാൻ സന്തോഷത്തോടെ പറയട്ടെ. ഇനിമേൽ അനാവശ്യ സംഭവങ്ങൾ ഉണ്ടാകാൻ അനുവദിക്കില്ലെന്ന് അവർ പറയുന്നു. ഇതൊരു ഭേദമാക്കൽ പ്രക്രിയ അല്ല. മറിച്ച് നിരോധന പ്രവൃത്തിയാണ്. ഒരാൾ ആശുപത്രിയിൽ അസുഖം ബാധിച്ച് മരുന്നിനായി ചെല്ലുമ്പോൾ അയാൾ രക്ഷപ്പെടുകയോ അസുഖത്തിന് കീഴ്പ്പെടുകയോ ചെയ്തേക്കാം. പക്ഷേ, മുൻപേതന്നെ രോഗപ്രതിരോധമരുന്ന് നല്കിയിട്ടുണ്ടെങ്കിൽ അയാൾ രോഗത്തിന് അടിമപ്പെടില്ല. അതാണ് ശരിയായ

നടപടി. നമ്മൾ ജനങ്ങളോട് പ്രതിരോധത്തെപ്പറ്റി സംസാരിക്കുകയും ഇമ്മാതിരി സംഭവങ്ങൾക്ക് വഴിവെക്കാതിരിക്കുകയും ഒരുമിച്ച് നില്ക്കാനുള്ള ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. പക്ഷേ, അതിനുള്ള സാധ്യതകൾ കണ്ടുതുടങ്ങുകയാണെങ്കിൽ തദ്സമയം അതിന് വളംവയ്ക്കുന്ന സ്വാർത്ഥതാത്പര്യക്കാരോടായി ഇങ്ങനെ പറയുന്നതാവും ഉചിതം. "നമ്മൾ നിങ്ങളെ കേട്ടു. പക്ഷേ, പിന്തുണയ്ക്കാനാവില്ല. അതുകൊണ്ട് ദയവായി ഇത് ഇവിടെ അവസാനിപ്പിക്കുക. അക്രമം നടക്കാൻ നമ്മൾ അനുവദിക്കില്ല, നമ്മൾതമ്മിൽ ഇടയുകയും ഇല്ല.

എന്റെ അനുഭവത്തിൽ എല്ലാ ഹൃദയങ്ങളിലും ദൈവികതയുടെ ചെറിയൊരംശം നിലകൊള്ളുന്നുണ്ട്. സൂഫിസത്തിൽ അതിന് "ഖുദാ കാ നൂർ" എന്നാണ് പറയുക. ഈ ആത്മാംശം എല്ലാവരിലും ഉണ്ട്. നമ്മളോരോരുത്തരും ചലിക്കുന്ന അമ്പലമോ പള്ളിയോ ആണ്. ഈ ചലിക്കുന്ന അമ്പലങ്ങളെ ആരാധിക്കേണ്ടത് ആരതി വഴിയല്ല. മറിച്ച്, സഹജീവികളെ സ്നേഹിക്കുന്നതിൽക്കൂടിയാണ്. സ്വാമി വിവേകാനന്ദൻ പറയുമായിരുന്നു "ആത്മനോ മോക്ഷാർത്ഥ ജഗത് ഹിതായ ച" അതിനർത്ഥം സ്വന്തം മോക്ഷത്തിനും ലോകക്ഷേമത്തിനുംവേണ്ടിയുള്ളതാണ് ഓരോരുത്തരുടെയും ജീവിതം.

എന്നാൽ ലോകക്ഷേമം ഓരോരുത്തരുടെയും കടമയാണ്. അതെന്റെ അനുഭവമായതുകൊണ്ട് എനിക്കത് തള്ളിക്കളയാനാകില്ല. നിങ്ങൾ അമർ–അക്ബർ–ആന്റണി, ആരുമാകട്ടെ, നിങ്ങൾ സ്വീകരിക്കുന്ന വിശ്വാസം ഏതുമാകട്ടെ, നാമെല്ലാവരും ഒന്നുതന്നെയാണ്. എന്റെ നാടായ കേരളത്തിൽ ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കാത്ത ആദർശങ്ങൾ പോലുമുണ്ട്. അവർ മാനവികതയിൽ വിശ്വസിക്കുകയും മറ്റാരെയും വേദനിപ്പിക്കാതെ സൗഹാർദ്ദപൂർവ്വം ജീവിക്കുകയും ചെയ്യുന്നിടത്തോളം കാലം അതും നല്ലതുതന്നെ.

ഞാൻ സ്കൂളുകളിലും കോളജുകളിലും പോയി വിദ്യാർത്ഥികളോട് ഇതു സംബന്ധിച്ച് ശിക്ഷണം കൊടുക്കാറുണ്ട്. നമ്മുടെ തലമുറ ചില അബദ്ധങ്ങൾ കാട്ടിയിട്ടുണ്ട്–ഭാവിയിൽ ഒഴിവാക്കാവുന്ന അബദ്ധങ്ങൾ. ഞങ്ങൾ ആയിരക്കണക്കിനു വിദ്യാർത്ഥികളുമായി സംവദിച്ചു, അവരുടെയൊക്കെ ഹൃദയത്തിൽ മാനവികതയുടെ വിത്തു പാകി. നാം ഈ രാജ്യത്തിലെ പൗരന്മാരാണെന്നും ഭിന്നിച്ചു ഛിന്നഭിന്നമാകാതെതന്നെ അകത്തേക്കും പുറത്തേക്കുമുള്ള ഏതൊരു അശുഭസ്വാധീനത്തെയും ചെറുക്കണമെന്നും ഞങ്ങൾ അവരെ പഠിപ്പിച്ചു. അപ്പോഴൊക്കെ ഞങ്ങൾ അവരെ അറിയിച്ചത് ഇതുതന്നെയാണ്. നാം വിത്തു നടുമ്പോൾ അത് തൊട്ടടുത്ത ദിവസത്തേക്കു മുളയ്ക്കില്ല. അതിനു സമയമെടുക്കും. ഈ വിത്തുകൾ സംരക്ഷിക്കേണ്ടത് അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും നിങ്ങളുടെയും (രാഷ്ട്രീയപ്രവർത്തകർ) ചുമതലയാണ്. രാഷ്ട്രീയപ്രവർത്തകർ അല്പംകൂടി ഗാഢമായി ഇതിനെപ്പറ്റി ചിന്തി

ക്കേണ്ടതുണ്ട്, മാത്രമല്ല നാമെല്ലാം ഒന്നായതിനാൽ രാജ്യത്തെ ഒരുമിച്ചു കൂട്ടിയിണക്കി കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്യണം. അധികാരത്തിലുള്ളവർക്ക് ഇത് ഞങ്ങളെക്കാൾ, പൊതുസമൂഹത്തെക്കാൾ, ഭംഗിയായി നിർവ്വഹിക്കാൻ സാധിക്കും. എന്നെ ഇവിടേക്കു ക്ഷണിച്ചതിലും ഈ വിഷയത്തിൽ നിങ്ങളോടു സംസാരിക്കാൻ ഒരു അവസരമുണ്ടായതിലും എനിക്കു സന്തോഷമുണ്ട്.

നമ്മളിന്നു വിതയ്ക്കുന്ന വിത്തുകൾ വൻ വൃക്ഷങ്ങളായി വളരുമെന്നതിൽ എനിക്കു പൂർണ്ണവിശ്വാസമുണ്ട്. അവയുടെ തണലിൽ നമുക്ക് സമാധാനത്തോടെയും സഹവർത്തിത്വത്തോടെയും കഴിയാനാകും. അതാണെന്റെ ആഗ്രഹം, പ്രാർത്ഥന. ഒരു രാജ്യം സാമ്പത്തികമായി സുസ്ഥിരമാണെങ്കിൽപ്പോലും സമാധാനമില്ലെങ്കിൽ ഒന്നിനും അർത്ഥമില്ലാതാകും. സമാധാനത്തിനും സഹവർത്തിത്വത്തിനും മാനവിക ഏകതയ്ക്കുമാകണം പരമപ്രാധാന്യം. ഒന്നിച്ചുനിന്നാൽ നമുക്കു സ്ഥിരതയുണ്ടാകും, ഭിന്നിച്ചാൽ നാം തകരും.

പ്രതാപം നിറഞ്ഞ ഈ സഭയിൽ, നിങ്ങൾക്കുമുന്നിൽ സംസാരിക്കാനായത്, എന്റെ ചിന്തകൾ പങ്കുവയ്ക്കാനായത് ഒരു വിശേഷാനുഭവമായി ഞാൻ കണക്കാക്കുന്നു. കേന്ദ്രസഹമന്ത്രി ശ്രീ പൊൻ രാധാകൃഷ്ണനോടുള്ള കൃതജ്ഞതയും ഇവിടെ പ്രകാശിപ്പിക്കട്ടെ. കന്യാകുമാരിയിൽനിന്ന് ഈ യാത്ര തുടങ്ങുന്നതിനെപ്പറ്റി അദ്ദേഹത്തോടു സംസാരിച്ച നിമിഷംതന്നെ അതു സീറോ പോയിന്റിൽനിന്നും ആരംഭിക്കണമെന്ന് ആവശ്യപ്പെടുകയും അവിടെ സ്ഥലം അനുവദിച്ചു തരികയും ചെയ്തു.

പല ഭാഗങ്ങളിൽനിന്നും ഞങ്ങൾക്കു ധാരാളം സഹായങ്ങൾ ലഭ്യമായിട്ടുണ്ട്. ഞങ്ങൾ രാഷ്ട്രീയഭേദമെന്യേ മുഖ്യമന്ത്രിമാരോടും മറ്റും ഇടപഴകിയതൊക്കെ ചിത്രീകരിച്ച ഫിലിം നിങ്ങൾ കണ്ടിരിക്കും. രാഷ്ട്രീയത്തിനു പ്രാധാന്യമുണ്ടായിരിക്കത്തന്നെ നമ്മളൊരു ജനാധിപത്യ സമൂഹമാണെന്ന് നിങ്ങൾക്കറിയുമല്ലോ. അഭിപ്രായവ്യത്യാസങ്ങളൊക്കെ അതിനകത്തുണ്ടായിരിക്കും. എന്നാൽ—ഹൃദയങ്ങൾക്കുള്ളിലെ ഹൃദയത്തിൽ—നാമെല്ലാവരും മനുഷ്യരാണെന്നും നമുക്കൊരുമിച്ച് ജീവിക്കണമെന്നും ഈ രാജ്യത്തിന്റെ അഭിമാനമുയർത്തണമെന്നും നമുക്കെല്ലാം അറിയാം. നമ്മുടെ രാജ്യം ഇപ്പോൾത്തന്നെ മഹത്തായൊരു രാഷ്ട്രമാണ്, എന്നാൽ അതിന്റെ മഹത്ത്വം പണ്ട് ഉണ്ടായിരുന്നതിനെക്കാൾ അല്ലങ്കിൽ ഇപ്പോഴുള്ളതിനെക്കാൾ ഉയരുമെന്ന് നമുക്ക് ഒന്നുചേർന്ന് ഉറപ്പുവരുത്താം. എന്റെ എളിയ പ്രാർത്ഥന, അഭ്യർത്ഥന അതാണ്.


നിങ്ങൾക്കെല്ലാവർക്കും ഞങ്ങൾക്കൊപ്പം നടക്കാനാകില്ല എന്നെനിക്കറിയാം, പക്ഷേ, നിങ്ങളുടെയെല്ലാം മാനസികമായ പിന്തുണയുണ്ടെങ്കിൽ ഞങ്ങളുടെ പദയാത്ര കാശ്മീരിലെ ശ്രീനഗറിലെത്തും മുമ്പു

തന്നെ അതിന്റെ ലക്ഷ്യം നേടാൻ സാധിക്കുമെന്ന് എനിക്കുറപ്പാണ്. നിങ്ങളെല്ലാവരുംതന്നെ ഞങ്ങൾക്കൊപ്പമുണ്ടാകണമെന്ന പ്രാർത്ഥനയോടെ ഒരിക്കൽക്കൂടി നന്ദി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കട്ടെ.

നന്ദി, നമസ്കാരം.




കന്യാകുമാരിയിൽനിന്ന് പദയാത്ര തുടങ്ങുന്നു



പ്രത്യാശയുടെ പദയാത്ര ബാംഗ്ലൂർ സിറ്റിയിൽ





ഐക്യത്തിനും ശാന്തിക്കും വേണ്ടി വാരണാസിയിൽ നടന്ന
അന്താരാഷ്ട്ര ഉച്ചകോടിയിൽനിന്നും




ശ്രീ വിശ്വംഭർനാഥ് മിശ്ര, മഹന്ത്, സങ്കട് മോചൻ ഫൗണ്ടേഷൻ, യു.എൻ.അംഗം
അഡമദിംഗ് എന്നിവർ ശ്രീ എം. നോടൊപ്പം വാരാണസിയിലെ തുളസീദാസ് ഘട്ടിൽ



ഡൽഹിയിലെ സിരിഫോർട്ട് ഓഡിറ്റോറിയ വേദിയിലെ ആത്മീയജ്യോതിസ്സുകൾ



ന്യൂഡൽഹി നെഹ്റു പാർക്കിൽ നടന്ന ഇൻഡ്യൻ ഓഷ്യൻ ബാൻഡിനോടൊപ്പമുള്ള പ്രത്യാശയുടെ ഉത്സവം



ഡൽഹിയിൽ യുവജനങ്ങളെ അഭിസംബോധന ചെയ്യുന്നു



വിദ്യാർത്ഥികളോടൊപ്പം ഒരു സെൽഫി




പ്രത്യാശയുടെ പദയാത്രയിൽ കർണ്ണാടക മുഖ്യമന്ത്രി ശ്രീ സിദ്ധരാമയ്യ





അലഹബാദിലെ ഗംഗാതീരത്ത് പ്രത്യാശയുടെ പദയാത്ര



കർണ്ണാടകയിൽ ഭാഗമണ്ഡലയിലുള്ള കാവേരി നദിക്ക് ആരതി സമർപ്പിക്കുന്നു





പദയാത്രയുടെ ഭാഗമായി കർണ്ണാടകയിൽ നടന്ന പ്രത്യാശയുടെ സംഭാഷണം



മദ്ധ്യപ്രദേശിലെ ധർ ജില്ല യിലെ ഖട്ടാബിച്ചോഡിലെ സ്വീകരണം



യു.പി.യിലെ കാന്ധിയ ഗ്രാമത്തിൽ അംഗനവാടി ജീവനക്കാർ നൽകിയ സ്വീകരണം




പ്രത്യാശയുടെ പദയാത്ര കാശ്മീരിലെ ശ്രീനഗറിൽ എത്തിയപ്പോൾ



ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോഡിയോടൊപ്പം




ഇന്ത്യൻ പ്രസിഡന്റ് ശ്രീ പ്രണബ് മുഖർജിയോടൊപ്പം




ദിവംഗതനായ മുൻ ഇന്ത്യൻ പ്രസിഡന്റ്, ഡോ. എ.പി.ജെ. അബ്ദുൾ കലാമിനൊപ്പം



ശ്രീമതി സോണിയ ഗാന്ധി, ശ്രീ രാഹുൽ ഗാന്ധി എന്നിവരോടൊപ്പം



പരിശുദ്ധ ദലൈലാമയോടൊപ്പം



പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം വത്തിക്കാനിൽ



കർണ്ണാടകയിലെ സിരിഗെരെ തലബലു ജഗദ്ഗുരു ബ്രിഹൻമഠത്തിലെ ഋഷിവര്യൻ
ഡോ. ശിവമൂർത്തി ശിവാചാര്യ മഹാസ്വാമിജിയോടൊപ്പം



ശ്രീ അണ്ണാഹസാരയ്ക്കൊപ്പം




നടൻ ശ്രീ രജനീകാന്തിനൊപ്പം




ആർച്ച് ബിഷപ്പ് കർദ്ദിനാൾ
മാർ ജോർജ്ജ് ആലഞ്ചേരിക്കൊപ്പം



അമൃത്സറിലെ ശ്രീ ഹർമന്ദിർ സാഹിബ് "സുവർണ്ണക്ഷേത്രത്തിൽ"



പ്രത്യാശയുടെ പദയാത്ര ആരംഭിക്കുന്നതിനു മുൻപ് കന്യാകുമാരി ത്രിവേണി സംഗമത്തിൽ



കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ശ്രീ ഉമ്മൻചാണ്ടി എന്നിവർക്കൊപ്പം



ആർ.എസ്.എസ്. സർസംഘചാലക് ശ്രീ മോഹൻ ഭഗവത്ജിക്കൊപ്പം



ആർ.എസ്.എസ്. സർകാര്യവാഹ് ശ്രീ സുരേഷ് ഭയ്യാജി, ശ്രീ ജോഷിക്കൊപ്പം




കേന്ദ്രമന്ത്രിയായ ശ്രീ രവിശങ്കർ പ്രസാദ്, ഡോ. നജ്മ എ. ഹെപ്തുള്ള, രാജ്യ സഭ ഡെപ്യൂട്ടി സ്പീക്കറായ പ്രൊഫ. പി.ജെ. കുര്യൻ എന്നിവർക്കൊപ്പം



അജ്മീറിലെ ദർഗ്ഗ ഷരീഫ് ഔലിയ മസ്ജിദിൽ സർദാർ അൻവർ ഹുസൈൻ, കസ്മി ചിഷ്തിയെ ശ്രീ. എം. സ്വീകരിക്കുന്നു.




മുൻ ഇന്ത്യൻ ചീഫ് ജസ്റ്റിസ് ശ്രീ എം.എൻ. വെങ്കിടചലയ്യ, പാർലമെന്റ് അംഗം
ഡോ. കരൺസിങ് എന്നിവർക്കൊപ്പം




പ്രത്യാശയുടെ പദയാത്രയ്ക്കിടയിൽ ഡൽഹിയിൽ വച്ച് എം.പി.മാരെ
അഭിസംബോധന ചെയ്യുന്നു




പ്രത്യാശയുടെ പദയാത്രയ്ക്കിടയിൽ ഡൽഹി ജന്ദർമന്ദിറിൽ നിരാഹാര സത്യാഗ്രഹ മനുഷ്ഠിക്കുന്ന പ്രൊഫ. പി.ജെ.കുര്യൻ, ശ്രീ ശശിതരൂർ എന്നിവരോടൊപ്പം.



കർണ്ണാടകയിലെ കർഷക നേതാവായ കെ.എസ്. പുട്ടനയ്യായോടൊപ്പം

# ജന്മാന്തരയാത്രകൾ

## ശ്രീ എം

ശ്രീ എം യാത്ര തുടരുകയാണ്. നമുക്ക് അപരിചിതവും വിസ്മയകരവും അവിശ്വസനീയവുമായ മറ്റൊരു ലോകത്തേക്കുള്ള യാത്ര. സത്യം ചിലപ്പോൾ കെട്ടുകഥയെക്കാൾ അപരിചിതവും അവിശ്വസനീയവുമായിരിക്കാം. സങ്കല്പമെന്നോ അസംബന്ധമെന്നോ തോന്നിപ്പിക്കുന്ന ഒരു പുതിയ അവബോധത്തിലേക്ക് എം ന്റെ അനുഭവങ്ങൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. മസ്തിഷ്കയുക്തിക്കപ്പുറത്തേക്ക് നമ്മുടെ ബോധത്തെ വികസിപ്പിക്കുന്ന ഈ പുസ്തകം എം ജീവിച്ച വിവിധ ജന്മങ്ങളുടെ ആവിഷ്കാരമാണ്.

**വിവർത്തനം: മേഘ സുധീർ**



കവർ ഡിസൈൻ : **ബോണി ബാസ്റ്റ്യൻ**

ഡിസി ബുക്സ്

www.dcbooks.com

ISBN 978-93-5282-576-9

00004

9 789352 825769

സെൽഫ് ഹെൽപ്പ്

E-book available